അളമാഞ്ചിക്കപ്പിത്താൻ TR. (see അലെമാനി) The German chief (M. Brown Esq.)

അളറുക ? aḷaruγa (a C. fear, alarm) അളറിക്കാളുന്നതിന്ന് എഴുതി കെട്ടുക mantr.

അളക്ക (= അലറുക?) to lament, cry പൊയ്യത്തം പലതും അളക്കയും PT. (beggars).

VN. അളച്ച bellowing, അളപ്പു V1 shriek.

അളവൻ aḷavaǹ (see അളവു above) 1. Measurer V1. 2. boaster, exaggerator (comp. അലവൻ).

I. **അളി aḷi** S. (stinged) Bee അളിവൃന്ദം Nal.

II. **അളി** Secretion of eyelids, കണ്ണളി, പീള.

അളിയുക T. M. (= അടിയു, അഴി, അലി) to be overripe, decay കണ്ണളിഞ്ഞു പോക.

a. v. അളിക്ക (= അവിക്ക).

VN. അളിച്ചൽ mellowness, decay. [പുറന്തിണ.

അളിന്ദം aḷindam S. Terrace before palace

അളിയൻ aḷiyaǹ M. C. (Te. അല്ലുഡു) S. സ്യാലൻ 1. Brother in law. നേരെ അളിയൻ TP. real br. in law, not husband of a cousin. മുത്തിനു മുങ്ങുന്നേരം അ. പിടിക്കേണം കയർ prov. 2. hon. address f. i. of Pulcyas amongst each other. 3. a showy but inferior ricegrain.

അളിയുക loc. = അഴിയുക, അഴുകുക, ചീയുക.

അളീകം aḷīγam S. (opposite) Falsehood; forehead.

അളു, അളുക്ക aḷu, — kku (√ അൾ) Small box of horn. പുഴുക അളുക്കിൽ ആക്കി MC.

അളുക്കുക, ക്കി aḷukkuγa (T. C. Te. quake = അൽ) To start, shrink, cramp of limbs = തിറമ്പിപോക. —

VN. അളുക്കം V1. awe, fear.

അളുമ്പുക aḷumbuγa So M. C. To bruise, squeeze; (loc.) to swallow bad food അളുമ്പിക്കളക.

അൾ aḷ a T. Narrowness, whence അള, അളവു, 2. a T. sharpness = വാൾ. 3. T. M. C. Tu. termination of fem. (shortened from ആൾ).

അൾമാരി P. almeira, Wardrobe.

I. **അള്ള** Ar. allah, God അള്ളാണ, നെവിയാണ Mpl. by God! അള്ളന്റെ TR.

II. **അള്ളയായിപോക** (അൾ 2.) Become very thin & sharp (= അലക).

അള്ളാൻ loc. = ഇത്തിൾമുള്ളൻ.

അള്ളുക aḷḷuγa T. To take up with the hollow hand M. = അളുമ്പുക, So M. to claw, scratch.

അള്ളുവൻ the armadillo, Myrmecophaga.

അള്ളെടം വാഴ്ച, അള്ളെടത്തു സ്വരൂപം N. pr. The Rājah of Nīlēshvaram TR. hence: അള്ളടത്തു നാടു, അള്ളെടൻ വാഴുന്ന നാടു KU.

അഴകു aḻaγu T. M. Beauty (a C. അ comp. അഴൽ) അഴകുള്ള ചക്കയിൽ prov. മെയ്യഴകുള്ള കമാരന്മാർ Mud. ന യവിപുലഗുണമഴകുടയ രാക്ഷസൻ; ടു Bhg. അഴകാൽ nicely, fairly.

അഴകൻ m. — കി f. 1. handsome. 2. Īḻavars.

അഴകം a mark put by females on the

def. V. കാണ്മാനഴകതില്ല RC 27.

adj. അഴകിയ fair പ്രകൃതിയും അഴകി ഷനം (stuti) അഴകിയ വിധി Vy കിയ അട്ടിപ്പെറോല (doc.)

അഴയുക aḻayuγa = അയയുക No. അ യിർ Diluted curds, അ. മനസ്സ് relaxe

അഴെക്ക To loosen, slacken, dissol കൊഴക്ക, മുഴക്ക.)

അഴൽ aḻal T. M. Te. (Tu. അല് = Heat, fire, heat of pepper. 2. bri വെണ്ണിലാവഴലെഴുംവണ്ണം വിളങ്ങി moon shone most brightly. 3. inflan pimples caused by heat കണ്ണഴൽ, അഴൽ 4. grief അഴൽ പിടിച്ചു പറയും, ഉള്ള

അഴലുക, ന്നു 1. to burn as a wound, from pepper, be chafed; വയറഴലു (in രക്തപിത്തം). 2. to burn from കതാർ അഴന്നു Bhr. ചിരതം അ. fr പാരമഴന്നുള്ളൊരുള്ളവുമായി CG. f മനസ്സഴന്ന നാരികൾ Bhg.

VN. അഴല്ച്ച excessive heat, inflammat ത്തൽ, എരിപൊരിസഞ്ചാരം).

CV. അഴററുക, ററി to burn, as with to afflict V1.

അഴി aḻi T. M. C. 1. = അഴിവു Expens ററമായും അഴിച്ചുതക്കിയും KR. അകത്ത 2. (T. കഴി) bar, rivermouth. 3. bamboos, lattice, railing, trellis അ തട്ടുക TP.

Cpds. അഴികണ്ണ് (1) putrid inflammati eye അ. ഇരട്ടകം a med.

അഴിനില (1) despair അ. പൂണ്ടു തൊ Bhr. quite undone. അ. തട്ടി the tr broken, defeated.

ര (3) barred place, prison.
ി (1) waste, lewdness, അ. കാണിക്ക
to behave lewdly അ'കാരൻ prodigal,
ligate B. also ill breeding (loc.)
ലം (2) a seaport, river-harbour, (18 in
ുഴ KU.) അ'ത്തു ചേരുക to come to the
our.
ം (V1. അഴിയം) site of a habitation,
in; a garden.
പാടം lowland capable of irrigation W.
ിൽ aḻiññil T. M. Alangium de-
um അങ്കോലം.
ക aḻiyuγa T. M. C. 1. To become loose,
d as വേണി, നീവി CG. കന്തളം അഴി
l. കടുമയും വസ്ത്രവും Mud. (in a scuffle)
ൽനിന്ന് അഴിഞ്ഞു വീണു (a ring) Mud.
ഴിഞ്ഞു പോയി the connexion is severed.
, മോഹം അ. pollutio nocturna V1. —
d to become tender മാനസം, ചിത്തമ
ിഞ്ഞു, മൈക്കണ്ണിമാരിൽ അ. Bhr. അവ
ോവര മനമഴികമൂലമായി Vet C. as he
love with her. കരുത്തഴിഞ്ഞു സംഭ
G. ഗീതം കേട്ട് അകതാരഴിഞ്ഞു UR.
d by music. അഴിഞ്ഞു പറഞ്ഞു Bhr. spoke
d; begged pardon V1. 2. to go off,
, spent, destroyed പണമഴിഞ്ഞു; കോട്ട
ു കിടക്കുന്നു Bhr. lies in ruins. ശവം
ിഞ്ഞു അസ്ഥി the bones to which the
is reduced. വെന്തഴിഞ്ഞു (a palace).
സ്വപ്നത്തിൽ അഴിയും Tatw. the waking
asses into the sleeping state. 3. to be
: കീഴ് നാളിൽ അഴിഞ്ഞപ്രകാരമല്ലാതെ
precedented. നാട്ടിൽ അഴിയുന്ന മര്യാദ
urrent customs. അവന്റെ വാക്ക് അഴി
V1. deserves credit, passes for good.
അഴിച്ചൽ expense, waste, custom, de-
d for. വില്ക്ക് ഏതും അഴിച്ചൽ ഇല്ല,
ക്കിന്ന് അ. ഇല്ല dull, heavy market.
വു 1. expense (esp. customary) ശാ
ക്ക് അഴിവും ചെലവും നടത്തി KU. ക
ഴിവു KU. (for an ordeal) അഴിവിടുക
V1. to spend. 2. customary detraction, f. i. in paying for improvements under കഴിക്കാണം, when the Jenmi has not to pay for the 10th plant. 3. tenderness അഴിവോടു കരഞ്ഞു PT. bitterly. നിന്നിൽ മഴിഞ്ഞാരില്ലം എനിക്ക് മെഴിവില്ല RC 129. love. മനസ്സിന്റെ അഴിവു (=പശ്ചാത്താപം) V1. repentance. അവനോട് അ. കാട്ടി showed contrition, begged pardon.

a. v. **അഴിക്ക** 1. To loose, കെട്ടഴിക്ക to untie. കോട്ടയഴിക്ക Bhr. to breach a fort. താലി അഴിച്ചു വെക്ക to put off the marriage string. വ്രതം അ. KR 4. to undo, solve a vow. പന്നി വെട്ടി അഴിപ്പാൻ MR. to cut up the hog. 2. to waste. ചെലവഴിക്ക to spend. സൃഷ്ടിച്ചു ഭരിച്ചു കാത്തഴിച്ചു Bhr. to destroy (as T.)

CV. അഴിപ്പിക്ക get to untie or dissolve. വ്രതം അ'ച്ചു ഒരു കന്യകയെ കൊടുത്തു KU. dispensed a Brahmāchāri from his vow.

അഴു, അഴുക്കു aḻu, aḻuγγu (see അഴുവ) 1. High wall of irregular stones around an orchard കല്ലുകൊണ്ട് അഴു കെട്ടിച്ചു MR. also കല്ലുഴുക MR. (doc.) 2. (loc.) = കിള mud wall.

അഴുക, ഉ aḻuγa T. Tu. C. a M. To weep, cry അഴുതിരന്താർ RC.

അഴുകുക, കി aḻuγuγa T. M. C. 1. To rot, decay (= അഴി) കൈക്കാൽ അഴുകി പോയി (of a leper). 2. fire to grow low. തീ അഴുകുന്ന അടുപ്പത്തു വെക്ക prov. cooking over a dying fire.

a. v. അഴുക്കുക, ക്കി to putrify V1.

അഴുക്ക 1. dirt, filth അ'ത്തുണി = ഇഴുക്ക. അഴുക്കറുക്ക to snuff a candle. 2. തീയുടെ അഴുക്ക embers, slight remains.

അഴുക്കു, അഴുക്കൽ (loc.) filth.

അഴുത്തു aḻuttu T. M. (അഴു depression, whence ആഴം) Full of dregs, strong texture, pregnant speech V1.

അഴുത്തുക = അമിഴ്ത്തുക.

അഴുവ aḻuva (prh. = അഴു) A swelling at the mouth of the stomach V1.

I. **ആ** ā 5. 1. = അ That, ആ രാജാവ് that king, ആയാൾ that person. — bef. Verbs ആ കിടന്നതിന്റെ പിറകെ TR. after lying thus. 2. interj. ah! ആ എന്നു പറഞ്ഞു MR. — അവനാ പായുന്നു (vu.) there he runs (= അതാ) 3. T. a M. interrogative ഇളമയും മൂപ്പും ഉണ്ടാ are their Highnesses here?

II. **ആ** ā T. a M. (C. Te. ആവു) Cow, in ആനായർ cowherd, also ആയർ q. v.

III. **ആ** ā S. Hither, towards, till; in Cpds. as ആകണ്ഠം ഭുജിക്ക KR. up to the neck or throat (to eat one's fill) — ആകണ്ഠമഗ്നൻ UR.

ആക āγa Inf. & VN. of ആകുക (q. v.) Altogether, sum total, ആകക്കൂടി & കൂടിയാക = ഇക. f. i. ആകക്കറുത്ത മേനി Anj. black all over.

ആകപ്പാട് = ആകത്തുക sum total, f. i. എഴുത്തിൽ ആ കണക്ക് ആകപ്പാട് വെച്ചു TR. the whole account. ആകപ്പാടു തെങ്ങു നോക്കി TR. the whole of the trees. ആകപ്പാട്ടു പണം TR. the whole sum. ആകപ്പാടേ altogether.

ആകമാനമായിട്ടു generally V2.

ആകം āγam a M. (T. body, or = ആഭം?) ആകം കിളർന്ന പവിഴങ്ങൾ RC117. Splendid corals.

ആകരം āγaram S. (ആ III. കർ) Accumulation = നികരം, mine സ്വർണ്ണാകരം; മുത്താകരം pearl-ground. കനകാദ്യാകരസ്ഥലങ്ങളിൽ നിന്ന് അരിപ്പിക്ക KR 2.

ആകർണ്ണനം āγarṇanam S. (കർണ്ണം) Attending to, hearing (po.) ആകർണ്ണ്യ po. = കേട്ടിട്ടു.

ആകർഷണം āγaršaṇam S. (കൃഷ്) Attraction, the art of summoning by enchantment.

denV. ആകർഷിക്ക to attract, f. i. a God from afar by mantrams.

ആകല്പം āγalpam S. (കല്പം) 1. To the end of a Calpa. 2. attiring, ornament (po.)

ആകസ്മികം āγasmiγam S. (അകസ്മാൽ) Unforeseen. വന്നു മഹാപാപം ആകസ്മികം തമാ KR3.

ആകാ āγā Neg. V. (ആകുക esp. III)
that. അതു പഴുതാകാ is not in vain.
not to be thus; ആകാത, ആകാത്ത
bad, താൻ ആകാഞ്ഞാൽ prov. ആ
not good?

V N. ആകായ്മ wickedness, ആകാ
ഉണ്ടു CrArj. I also shall be fo
with. ആകായ്മ നീക്കി നന്മ വരു
3. is not serviceable. ഒന്നിനും ആ
for nothing. 4. cannot ഈ നാ
യിരിപ്പാൻ ആകാ prov.

ആകാംക്ഷ āγāmkša S. (കാംക്ഷ
desire. ആ.യോടു ശുശ്രൂഷിച്ചാൽ Anj.

ആകാരം āγāram S. (ആ, കൃ) 1. T
ആ, ആകാരാദി with initial ആ
2. shape, figure; (in comp.) = മയം, c
f. i. മംഗലാകാരൻ the blessed, or
form.

ആകാശം āγāšam S. (കാശ, light)
ആകാശം പൊളിഞ്ഞു തലയിൽ വീഴും
ആകാശഗംഗ milky way Bhg 5.

ആകാശമാർഗ്ഗേ, ആകാശത്തൂടേ going
the air KU.

ആകാശംതാണ്ടി a bird (plover?).

ആകാശവള്ളി a parasite, Cassytha or Menyanthes cristata.

ആകുക, യി āγuγa T. M. C. Tu. (T
also അക, from pron. √ ആ).

I. The *Copula*: to be that. എവിടെ ആക
ന്നു where does he live? = where is
lives? to become that. Auxiliary Verb
distinguish the latter signification, f.
സങ്കടമായി പോകും TR. it will becom
grievance. കള്ളനെ പോലെ ആയ്
became like a thief. എന്താകുന്നു (vu. എ
what is it? കുട്ടിക്ക് എന്തായേ MR.
happened to the child? കമ്പഞ്ഞിക്ക ര
യതിന്റെ ശേഷം TR. devolved u
C. — രണ്ടു വഴിക്കേ ആയി got separ

Fut. ആകും, ആം, ആവു it will be thus, just so (= അതെ). വന്നാൽ മതി എങ്കിൽ അപ്രകാരവും ആം TR. Often with conditional എഴുതി അയക്കകിലും ആം TR. I may write (or come in person).

ആമോ I cannot tell, indeed? very possible ആമോ താനുമക്ക തിരിയാ HNK. —

Inf. & VN. ആക 1. so as to be (= T.) ഒററിയാക എഴുതി കൊടുത്തു TR. = ആയി; മുമ്പാക, മുമ്പാകേ so as to be before, രണ്ടാക വകെന്താൻ RC. cut in two. N. സാക്ഷിയാകേ (doc.) in presence of witness N. 2. being. ആകകൊണ്ടു, ആകയാൽ since it is so, therefore. 3. altogether (also ആകെ TR.), അതു നീ ആയി (= S. തത്വമസി) ആക പദാൎത്ഥം മൂന്നു Tatw. these three meanings or words, viz. it, thou, art. (see ആക).

Opt. ആകട്ടേ, (vu. ആട്ടേ) 1. be it thus, well, probably, രാവിലെ ആകട്ടേ TR. be it in the morning. ആങ്ങനെ ആകിൽ അങ്ങനെ ആകട്ടേ CG. if thus, be it so! 2. as for that (= S. ഹി, തു, വൈ) ആ പെരുമാൾ ആകട്ടേ KU. now as for that emperor, he — ഇന്ദ്രനും സുഖമായിട്ടിരിയാ പിന്നെ ആകട്ടേ നിന്നെ പോലെ ഉള്ളാഭാസന്മാർ KR 5. (= പിന്നെയോ how much less). 3. either, or സൂൎയ്യനാകട്ടേ ചന്ദ്രനാകട്ടേ (= എങ്കിലും).

Cond. ആയാൽ, ആകിൽ if it be. ആയിൽ അവ്വണ്ണം എന്നു മൊഴിന്താൻ RC. "if so, be it so." അതിൽ ഒന്നു രണ്ടാകിലാം VCh. there may be one or two (generally ആകിലും ആം).

Concessive ആയാലും ആകിലും though it be. ഒന്നാകിലും one at least. ഏവരാകിലും whosoever. സത്താകിലും അസത്താകിലും whether good or bad.

ആൻ Cond. & Conc. (from T. ആയിൻ if it be) മററാൎക്കാൻ AR. to any one else. എന്തുവാൻ whatever it be. എന്നു ചൊല്ലീടാമോവാൻ CG. can one ever say?

ആനും (= ആകിലും) f. i. കോട്ടയിൽ എങ്ങാനും Bhr. somewhere about the fort. മണിക്കൂടാതെ പോയാകിൽ വന്നാനും എന്നൊരു നിൎണ്ണയം ഉണ്ടെനിക്ക CG. (= വരികയായിരുന്നു). An incorrect adj. part. is formed from ആൻ f. i. എന്താണ്ടൊരുത്തൻ what sort of man?

adj. part. ആകുന്ന, ആയ (po. ആകിയ), ആം, ആവ് 1. he who is ചേരമാൻപെരുമാളാകുന്ന രാജാവ് KU. the king ChP. Thus many appositions അധിപനാകിയ ദേവൻ, വൃദ്ധനായിട്ടുള്ള വൎത്തകൻ, മുഖരാംവൊരസുരർ, ശുഭമാംവണ്ണം, ഒന്നാം the first, etc. 2. ആയവൻ he, that one, ആയതു രണ്ടും those two. ആയവററിന്മദ്ധ്യേ Bhr. between them. ആയതു കൊണ്ടു therefore. 3. after nouns they serve as a kind of definite article കലിമൂൎഖനാമവൻ Bhr. the rogue Cali. ദുഷ്ടനായവൻ the wicked; esp. the neuter നമ്മുടെ പ്രാണങ്ങളായതോ പോയല്ലോ CG. as for our life, *that* is already gone. പിതാവും ജനനിയായതും രഘുവരൻ KR. Rāma is to me f. & m. രാജാവായതു തനിക്കീശ്വരൻ VC. the king is our Lord. 4. ആവതു, ആവിതു (before a sentence) is as follows f. i. കണ്ണൻ കണ്ടു കാൎയ്യമാവതു (heading of letters) Caṇṇan is herewith addressed to the following purpose.

adv. part. ആയി 1. forms adverbs, as നന്നായി well. 2. as, രാമനായ്ത്തോന്നുന്നു കാണുന്നത് ഒക്കയും KR 3. all I see seems to me Rāma, I see him everywhere. അവരെ ദുഃഖിതന്മാരായി കണ്ടു Bhr. saw them grieved (= എന്നു) വേദജ്ഞന്മാരെ സഭാവാസികളായി കല്പിക്കേണം VyM. (= എന്നു, ആക്കി, so as to be). വേദങ്ങളെ നാലായി പകുത്തു Bhr. അരചനായി വാഴിച്ചു CG. ചെയ്യുതായി സമ്മതിച്ചു MR. (= എന്നു). 3. during പത്തു മാസമായി ജീവിച്ചു KR. അധികം കൊല്ലങ്ങളായി നടത്തുന്നു MR. 4. with (= ഉമായി f. i. അവളെ കുട്ടിയുമായി കണ്ടു) സായ്പു നാമായി കണ്ടപ്പോൾ TR. when we met. 5. because ഒരു കാൎയ്യമായിട്ടു വേണാട്ടുകരെക്ക

പോയി TR. 6. often mere expletive നീളെ നടപ്പാനായി ആകുന്നതില്ല, ആണുങ്ങളായാവു നാം CG. (oh that we were men!) താതനോടായിട്ടും മാതാവോടും CG.

With auxiliaries 1. ആയിട്ടു=ആയി (but രാത്രിയായിട്ടു കണ്ടില്ല KR. in a causal sense) ചെയ്യാനായിട്ടു=ചെയ്യാൻ. 2. ആയ്ക്കൊണ്ടു chiefly after Datives അവനായ്ക്കൊണ്ടു for him.

II. The future has by itself the meaning of *possibility*, which is then transferred to the whole verb. ചെയ്യാം I will do, may do. ആം എങ്കിൽ if possible. ആമല്ല cannot. ആൎക്കും പൊറുക്കാവല്ല GP.; ആകുംവണ്ണം, ആകുമ്പോലെ TR. ആകുന്നേടത്തോളം, ആവിടത്തോളം as far as possible. — in the past: കടക്കമതിനായതില്ല RC. could not pass. ഒരുവണ്ണം ആയതു ചെയ്തു ഞാൻ Bhr. did somehow whatever was possible. പേ പറഞ്ഞീടിനാൽ ആയവണ്ണം CG. — pres. ആകുന്നതാകിൽ CG. if possible. — chiefly with Dat. & 2nd adv. part. നമുക്കെടുക്കാം, we can take up, അവൎക്കെടുക്കാവോളം, വാഴ്ത്തുവാൻ ആവോർ ഇല്ല, CG. none able to praise, ശേഷം ചൊല്വാൻ പിന്നെ ആം Bhr. പറവതിനാൎക്കുമാമല്ല Bhr. (but also Nom. വെല്ലാം അവൎക്കും Bhr.)

ആവു, ആവതു are esp. used with the signification of power. പെണ്ണുങ്ങളോടേ നിനക്കിന്നാവൂ CG. you can but conquer women. എന്നാൽ ആവതു ചെയ്തു I tried my best. ആവതെന്തിപ്പോൾ po. what more can be done, how can it be helped? ആവതില്ലാഞ്ഞു ശേഷം having been foiled. ആവതില്ല എന്നു വെക്ക അല്ലോ ഉള്ളു TR. no remedy for it. ആവതില്ലാത്ത നില എന്നു നിശ്ചയിച്ചു നില്ക്കാം TR. I shall resist it as an intolerable state of things. അതിന്നു ഞങ്ങൾക്ക് ആവതില്ലല്ലോ TR. we can't do anything to it.

ആവോന്ന്=ആവതു f.i. ആൎക്കുമറിയാവോന്നല്ല CG. not to be known by any one.

III. to be the very thing (hence neg. ആകാ). ചോറായി the rice is what it ought to be, done, cooked (but ചോറായി പോയി the ric
sumed).

2nd fut. ആവു it will be right, ough
(=മതിയാവു) ഇറയേ വലിക്കാവു p
merely the eaves! എന്നത്തേ പറയ
എന്നേ പറയാവു it must be said,
but be confessed. — chiefly with the
part. of Verbs വന്നേ ആവു he mu
വന്നാവു may he come, oh that h
കണ്ടേതാവു Anj. വന്നാവൂതെന്നു
CG. wished that he might come;
Inf. നല്ല മനസ്സിന്നെ കൈക്കൊള്ള
യാനിധേ PP. may you!

IV. It serves to form Compound Verbs:

1.) with Nouns യാത്രയാക to set out,
to be healed etc. similar to the S. co
with ഭവിക്ക (ചെയ്ക is similarly used
ponding with S. കരിക്ക).

2.) with Verbs,

a.) rarely in the form of the Ver
ending in അൽ (rather T.) കഥ ചെ.
RC. അറിഞ്ഞീടലാം PT. ഇരിക്കല
(only with ആം).

b.) in the form of the old Inf. ഭുജിക്ക
came to eat, കാണാക be able to
come visible കാണാവുന്നു, ഇക്കാ
ഒക്കവേ Bhr. (chiefly in a passiv
compare മാനവന്മാരാൽ കാണാ
കേൾക്കായതും സ്മരിക്കപ്പെടുന്നതും A
is heard, can be heard) with Da
വൎക്കും കേൾക്കായി Bhr. Often in
ഞാൻ സന്തതം നാമകീൎത്തനം ചെ
ണം, നമസ്കരിക്കാവുന്നീടേണം AB
be enabled to praise, worship. — in
ജയിക്കാവുരിക നീ Bhr. നിങ്ങൾ
രോടു ജയിക്കാവുതും KU. കൊല്ലാവു
(=കൊല്ലുവാൻ സംഗതി വരും). Wi
tial meaning. എങ്കിൽ വരുത്തായിര
in that case it might have been
നിങ്കനിവുണ്ടാകിൽ വങ്കൊതി തീ
ണ്ടായിരുന്നു CG. I might see this
complished if —

c.) in the form of the modern Inf., esp. at the close of the sentence (mostly with ഉം, അത്രെ etc.) ഞങ്ങൾ തന്നെ കട്ടത് എന്നു പറക ആയ്തു TR. they confessed they were the thieves (= ചെയ്തു) പിരിഞ്ഞു പോകയും ചെയ്തു, സങ്കടപ്പെടുകയത്രെ ആയ്തു, തരികയുമാം.

d.) after the different tenses it stands with variously modified meanings. തരുന്നാകിലും തരുന്നില്ല എന്നാകിലും; പള്ളിയിൽ ഇരിക്കുന്നായിരുന്നു were sitting. — തന്നാകിൽ നന്നായി CG. കൊടുത്താകിൽ KR. (if you shall have given = if you give). എങ്ങാനും പോയായിരിക്കാം he will have strayed somewhere. അവർ വെണ്ണുവെന്താശ്ശൂടി CG. എട്ടുദിക്കു നടുങ്ങുമാം അട്ടഹാസം CG. a laughter that might shake the globe. ചാകുമായിരിക്ക be in a dying state. തരുമാകിൽ etc. ഒന്നും കളവായിട്ടു ബോധിപ്പിച്ചിട്ടില്ലായിരുന്നു I have told no untruth. തുടങ്ങിയിരുന്നു എങ്കിൽ ഇത്ര നഷ്ടം വരികയില്ലായിരുന്നു the loss would not have been so great.

With Neg. adv. പണം പിരിയാതെ ആയ്വന്നു TR. it has become impossible to collect the revenue. [in stead of തരുന്നാകിൽ, തന്നാകിൽ etc. also the form of the part. Noun occurs in poetry ചൊല്ലീലും തരുന്നതാകിലും KR. (= തരികിലും), രത്നവും കണ്ടതായി [illegible] കേട്ടതായി അത്തലും പോയിതായി എങ്ങൾക്കെല്ലാം CG. ഇരുന്നതാകിൽ Ch].

ആക്കുക, ക്കി V. act. of prec. 1. To make to be that, അവനെ രാജാവാക്കി made him king. (in So. also നിന്നെ രാജാവായാക്കി പോയി KR4.) ദാസിയാക്കി കൊണ്ടാൻ & ദാസിയായി കൊണ്ടാൻ made her his servant. സേനാപതിയാക്കി വെച്ചു & അധിപതിയായിട്ടു വെച്ചാൻ Bhr. രണ്ടാക്കി പകുത്തു (generally രണ്ടായി പകുത്തു), ചെയ്യാറാക്കുക get one to do; with Neg. വില്ക്കാതെ ആക്കി വെപ്പാൻ TR. prevent the sale. ഉപദ്രവം കൂടാതെ കണ്ടാക്കികൊടുക്ക, contracted രാജ്യത്ത് ഇരിക്കാണ്ടാക്കേണം TR. അവനെ ദാസ്യം ഇല്ലാതെ ആക്കേണം Bhr. also ഇല്ലാക്കുന്ന വീരൻ RC. destroying. 2. to place, put, employ. ആക്കികല്പിച്ചു appointed. (& ആക്കല്പിച്ചു) അവനെ പണിക്കാക്കി, കാട്ടിലാക്കി Nal. banished. നഖത്തിൽ ആക്കി ഞെക്കി PT1. നടുവിലാക്കി, ഭഗവാനെ ചിത്തത്തിലാക്കി Bhg. let God dwell in his mind. വെള്ളം കുടത്തിലാക്കി poured. 3. to do നീ എന്ത് ആക്കും TR. what can you do? 4. Compounds with Nouns, corresponding with those of ആകുക f. i. ഉടനെ ചൊന്നു യാത്രയാക്കീടിനാൻ CG. made to get out. ഭേദമാക്കു, നന്നാക്കു to heal, mend.

CV. ആക്കിക്ക cause to make V1. f. i. തടവിൽ ആ'ച്ചു.

ആകുഞ്ചിതം āγuñjiδam S. Bent, curled (as കുരുൾ CC.)

ആകുതം āγuδam Tdbh. (S. ആകൂതം) Intention. ആ. വരുത്തുക to gratify. നിന്നാകൂതഭംഗം വരുത്തുവാൻ AR. to disappoint thee.

ആകുലം āγulam S. (full) Confusion, perplexity, trouble. ചിന്താകുലാ മുഴുത്തു RC. ആകുലപ്പെട്ടിതു പുത്രൻ Bhr. was frightened. ദേഹത്തിന്ന് ആകുലീഭാവം വരുന്നു Nal. ആകുലമില്ല AR. no doubt.

ആകൂതം see **ആകുതം**.

ആകൃതി āγŗδi S. = ആകാരം Form, likeness.

ആകൃഷ്ടം āγŗšṭam S. part. of ആകൎഷിക്ക Attracted; — a conjecture V1.

ആകോലി see ആവോലി, Pomphlet.

ആക്കം ākkam T. M. (√ ആകുക III) 1. What one puts (ആക്കുക 2.), layer രണ്ടാക്കം (= പടി 3, local: resting steps in wells). മുന്നാക്കം forwards V1. 2. (T. prosperity) contentment, rest. ആക്കമേ വാണരുളുക rule happily. ആക്കം പൊട്ടിയവൻ discontented. അവരെ പക്കൽ പണ്ടത്തെ ആക്കപ്പെടുത്തു കൊടുക്കയും ചെയ്തു TR. made over her jewels to the chiefs, thus settling the case. 3. strength, persistency, continuance; also relief, as through medicine. ആക്കം കുറഞ്ഞു വീണു Bhr. lost his balance & fell. ആക്കം തക ചിറ കെട്ടി RC. strong dam. ആക്കം കൂടാതെ നീ ചോറു തന്നാൽ Sil. negligently. ആക്കം കലന്നു ശസ്ത്രം എടുത്തു Mud. determinately. ഉള്ളാക്കമില്ല no fixed purpose.

4. perhaps (= ആക) all, altogether. അടിപ്പുവം തുടക്കവും ആക്കം നോക്കി RC. viewed her from the sole all over.

ആക്കക see under **ആകുക.**

ആക്രന്ദം ākrandam S. (ആ III.) Weeping. ആ. തുടങ്ങി Nal 3.

ആക്രമം ākramam S. Assault, invasion ആ. സഗരന്മാർ ചെയ്യുന്നു KR.

denV. ആക്രമിക്ക to attack, encroach, usurp ഇനി ഒരിക്കൽ ഭൂമിയെ നീ ആക്രമിക്കായ്ക KU. രാഹുകേതുക്കൾ വന്നാക്രമിച്ചീടും Nal 4. സ്ത്രീയെ, ബ്രഹ്മസ്വത്തെ etc. to seize on, force. ഒക്കയും ദൈവം തന്നേ ആക്രമിക്കുന്നീലോകം KR. fate subdues the world.

ആക്രാന്തം seized. ബഹുവ്യസനാക്രാന്തനായി Arb. (= വശൻ).

ആക്രോശം ākrōšam S. Crying against. ആക്രോശിച്ചാൾ Si P 4. she lamented.

ആക്ഷാരണ ākšāraṇa S. Imputation of fornication.

?**ആക്ഷി ākši** Continuance of an evil ഇത് എനിക്ക് ആക്ഷിയായിരിക്കട്ടേ V1. let it remain as it is!

ആക്ഷേപം ākšēbam S. Blame, reproach, objection അവരുടെ മേൽ കണ്ട തെറ്റുകൾക്ക ചെയ്യു ആക്ഷേപം MR.

denV. ആക്ഷേപിക്ക (part. ആക്ഷിപ്തം) to reprove, confute, impugn, criticise അതിന്റെ ദുൎബ്ബലത്തെ കുറിച്ച് അധികമായി ആക്ഷേപിക്ക MR. expose farther its invalidity.

ആഖണ്ഡലൻ ākhaṇḍalaǹ S. (breaker) Indra CG.

ആഖു ākhu S. (digger, √ ഖൻ) Mouse, rat PT.

ആഖേടം ākhēḍam S. Hunting (po.)

ആഖ്യ ākhya S. (ആ III. √ ഖ്യാ) Name; in comp. ആഖ്യൻ named.

ആഖ്യാനം 1. = ആഖ്യ. 2. story.

denV. ആഖ്യാനിക്ക to relate.

ആഖ്യാതം the finite verb (gram.)

ആഗതം āġaδam S. (√ ഗമ) Arrived ആ. ചെയ്യു Sk. come; ആഗതനാകാം Sk. = വരുത്താം.

ആഗന്തുകം adventitious, not origi eases) ആഗന്തുകജ്വരം Nid. (c സാമാന്യം).

ആഗന്തുകൻ one passing by, Kei

ആഗമനം arrival, approaching.

denV. നീ ആഗമിപ്പോളവും പാല് till you returned.

CV. അവനെ ആഗമിപ്പിക്കെന്നയ വരുത്തുക.

ആഗമം (S. arrival, news, doctrin Shāstras. ആഗമക്കാതലായ നാ Vishṇu, the marrow of all kno is also called ആഗമം തന്നടെ പൊരുളറഞ്ഞു നില്പോൻ CG. ആഗ ശങ്കരാചാൎയ്യൻ Viv R 1. ആഗമ Bhr. most learned Brahman.

ആഗാമി, ആഗാമികം future. ഭൂത കം AR 2. past & future.

ആഗസ്സ് offence, sin. മാതൃരാഗസ്സ്

ആഗളം āġaḷam S. (= ആകണ്ഠം s ആഗളപൂരിതൻ മാനം കൊണ്ടു CG. with honour.

ആഗ്നേയം āġnēyam S. (അഗ്നി) to fire, the Agnipurāṇam.

ആഗ്രയണം āġrayaṇam S. (അ fruit offering; = പുത്തരി.

ആഗ്രഹം āġraham S. (seizing) ness, wish. അറികയിൽ ആഗ്രഹം Bhr.

ആഗ്രഹി desirous.

denV. ആഗ്രഹിക്ക to wish, desire.

CV. ആഗ്രഹിപ്പിക്ക.

ആഘാതം āghāδam S. (√ ഹൻ)

ആഘോഷം āghōšam S. (√ ഘു of a crowd, din of feast ആഘോഷാ പ്രവേശോത്സവം Nal 2. festival ent എന്നേ പറവാനുള്ളൂ Onap.

denV. ആഘോഷിക്ക to feast, para

ആഘ്രാണം āghrāṇam S. Smell.

denV. ആഘ്രാണിക്ക to smell.

ആങ്കാരം T. M. = അഹങ്കാരം.

ആങ്കോലം see അങ്കോലം.

ആംഗികം āṅġiγam S. (അംഗം) ആംഗ്യം, ആങ്ങ്യം, Movement of the body, gesture, attitude—beck; ogling, coquetting. ആ. കാട്ടുക to beckon.

ആങ്ങൾ āṅṅaḷ & **ആങ്ങള** (hon. plur. of ആൺ) Brother, the term used by sisters (compare പെങ്ങൾ) ആങ്ങളെ തന്നെ വിളിച്ചു CG. she called her br. എൻ്റാങ്ങളമാരേ TP. O my brothers! (hon. plur.)

ആചന്ദ്രകാലം ājandraγālam S. (ആ III). As long as the moon exists, also ആചന്ദ്രാൎക്കം, ആചന്ദ്രതാരകം വാഴ്ക നീ AR. rule as long as the world lasts.

ആചമനം ājamanam S. (√ ചമ) Rinsing the mouth after meals ആ. ചെയ്യാഞ്ഞു Bhr. ആചമനാദ്യനുഷ്ഠാനങ്ങൾ Bhr.

den V. ആചമിക്ക KR. ബ്രാഹ്മണർ കാൽ കഴുകി ആചമിച്ചു ശുദ്ധി വരുമെങ്കിൽ വരും KU.

ആചരണം, ആചരിക്ക ājaraṇam S. To engage in a line of conduct, practise, perform, observe ആജ്ഞയെ ആചരിയാതവർ Mud. disobedient. ക്ഷത്രിയവീരരും ആചരിച്ചീടിനാർ AR 6. presented arms (= ആചാരം 2). യുദ്ധങ്ങൾ ചെയ്കയും ബദ്ധനായ്പോകയും ആചരിച്ചാൻ CG. used to war & get himself caught. അവനെ ഇല്ലായ്മ ആചരിപ്പാൻ CG. to annihilate (= ചെയ്യു).

ആചാരം S. (= walk) 1. Usage, established custom, chiefly of 5 kinds (ദേശാ—, ഗ്രാമാ—, ക്ഷേത്രാ—, സഭാ—, സാമ്യാചാരം) കുലാചാരം caste laws. — Brahminical ആ. ൬൪ (as ആഷ്പുലക etc.) KM. — Royal ordinances, as the 18 ആചാരം of Pōlanāḍu, observed at Cōḻicōḍu (നിലമെചെടി, മുന്തളി etc.) KU. — ശാസ്ത്രാചാരം written laws, opp. to ലോകാചാരം practices now prevailing. — ആചാരമല്ല CG. that will not do, fie! shame! ആചാരക്കേടു ചെയ്യുകിൽ ആപത്തു ഭവിച്ചീടും KR 5. — ആചാരം തിരിയാത്തവൻ rude V1. 2. civility, reverence. ആ. ചെയ്ക to bow. എഴുനീറ്റ് ആ. ചെയ്തു TP. ആ. പറഞ്ഞു TP. saluted. ആചാരം മറന്നു നില്ലു, മൂപ്പൻ വഴിനില്ലു KU. Nāyer fashions of saluting. അവനെ കുമ്പിട്ടു ആ. ചെയ്തു വാങ്ങിനിന്നു Mud. (in an audience). 3. customary gift പെങ്ങളെ ആശാരം കൊടുപ്പാൻ TR. to restore sister's dowry (Mpl.) എന്റെ കൈയിന്നു നികിതി ആ. വാങ്ങുവാൻ TR. the taxes. — honorary acknowledgement such as is given by the temples to those who pay a പ്രായശ്ചിത്തം TR.

ആചാരവാതിൽ temple door, principal entrance V1.

den V. ആചാരിക്ക to observe good manners V1.

ആചാൎയ്യൻ (adeundus, or the man of observances, the one who is to be imitated). 1. teacher, esp. of Vēdas, Guru. 2. fencing-master, as ദ്രോണാചാൎയ്യർ. 3. schoolmaster, (T. M. Tdbh. ആചാൻ, ആശാൻ hence ആചാൎയ്യസ്ഥാനം office of schoolmaster). 4. carpenter, vu. ആചാരി, ആശാരി.

ആചിതം ājiδam S. (√ ചി) Heaped up — a cartload (po.)

ആച്ചി āčči T. M. (ആയൻ) Cowherd-woman. ആച്ചിമാർ CG. CC.

ആച്ചിയാർ = വൈശ്യത്തി V1.

ആച്ചു āččŭ (T. ആസ്സു? ആഞ്ചുക) Fitting time, favorable direction or circumstances,—favorable tide (= തഞ്ചം) NoM.

ആച്ചുക, ച്ചി to lift, stretch. (= ഓങ്ങുക, പൊക്കുക) V1.

prov. ആച്ചൽ നോക്കിയേ കൂട്ടു (al. കൂച്ചി) കെട്ടാവു

VN. ആച്ചി a throw, hurl V1.

ആഛാദിക്ക, ആഛാദനം āčhādanam S. (ഛദ) Covering, concealment. കാൎയ്യാഛാദനം disguising a matter.

ആഛന്നം covered (part.)

ആജം ājam S. (അജം) What comes from goats, milk, etc.

ആജകം flock of goats (po.)

ആജാനുബാഹു S. (ആ III) Arms reaching the knee, a രാജലക്ഷണം.

ആജി āji I. S. (√ അജ, G. agōn) War.

II. Ar. hājji, A pilgrim to Mecca TR. ഹാജിയാർ, ഷേഖാഴിയാർ KU. ചേരമാൻ ആജിയാരായി Mpl.

ആജീവം ājīvam S. Livelihood V1.

ആജീവനാന്തം (ആ III.) to the end of life. ആ. ഇമ്പംവരാ RC.

ആജ്ഞ ājña S. (ജ്ഞാ) Order, command (Tdbh. ആണ). — ന്യായമതിൽ കമ്പഞ്ഞി ആജ്ഞ വന്നു TR. government. ആ'ക്കൾപ്പെട്ടു being under orders, obeying.

ആജ്ഞാകരൻ servant രാജാജ്ഞാകരനായ്വാണു Mud. first minister. ശങ്കരാജ്ഞാകരനായി UR. താവകാജ്ഞാകാരികൾ AR 4. thy obedient servants.

ആജ്ഞാപനം ആജ്ഞാപിക്ക to order, command; with Soc. അവനോടു, also ആജ്ഞയിച്ചീടേണം നല്ല വഴിക്ക് എന്നെ Anj. (den V.) lead me aright.

part. ആജ്ഞാതം, ആജ്ഞാപിതം (neg. അനാജ്ഞാപ്യം AR.) ordered.

ആജ്ഞാഭംഗം disobedience Mud.

ആജ്ഞാവഹൻ, — വശൻ (Bhr.) servant.

ആജ്യം ājyam S. (ആ + അഞ്ജ) Ghee (for sacrifice). [CC.

ആജ്യാതി = പയസ്യം. — പാലാജ്യഭോജ്യാദികം

ആഞ്ചു Port. Anjo, angel ആ'കൾ Genov.

ആഞ്ചുക āńjuγa T. M. (C. Te. ആന = ഊന്നു, T. ഏന്തു comp. ആച്ചുക) To bend for exertion, spring forward, lift for throwing, try by shaking. വേൽ എടുത്ത് ആഞ്ചി (al. ആച്ചി) വേഗേന ചാടി Bhr 7. മരത്തെ ആഞ്ചി വലിക്ക — ആഞ്ചിനോക്കി searching look.

ആഞ്ഞലി āńńali & **ആഞ്ഞിലി** SoM. = ആയിനി.

ആഞ്ഞലിക്കാതൽ prov. = പിലാവിൻ കാതൽ.

ആട āḍa T. M. (ആടുക what moves) Flowing garment, chiefly of women, children, idols ആട കവന്നു CC. ചിററാട children's holiday garments. ചെറുവാട വഴിപാടു കൊണ്ടുവന്നു TP. (for idols); see പാവാട, വേഷ്ടിയാട etc.

ആടകം āḍaγam Tdbh. 1. = ആഢകം. An oil measure, also ആടം T. SoM. 2. = ഹാടകം gold ആടകം കൊടണിഞ്ഞമ്പു RC. gilt arrow.

ആടലോടകം āḍalōḍaγam (T. ആടാതോട) Justicia adhatoda or bivalvis, ആ'ം വേർ, ആ'ത്തിൻ വേർ MM. med. in bilious fevers. ആ. കാസനാശനം GP. removing cough.

ആടൽ āḍal VN. (ആടുക) T. M. C. 1. Shaking, trembling ആ. അരയാലിലകൾ പോലെ Bhg 7. ആടൽപെടും trembles Bhg. 2. agitation, grief ആ. പൂണ്ടു, കലന്നു (po.) കേണോടിനാർ ആടലോടെ CC. ആടലോടു മുഖം കോട്ടുന്ന ചിലർ VCh. അവക്ക് ആടൽ ഉണ്ടായതു പോക്കി Mud. 3. SoM. dancing ആടലും പാടലും V2.

ആടി āḍi T. M. (S. ആഷാഢം) The month കർക്കടം; height of rainy season ആടിക്കൊട്ടുമേകം മുഴങ്ങുന്നേർ അലറുന്നു RC. roars like the clouds in āḍi.

I. **ആടു āḍu** T. C. M. (Tu. ഏഡ്യ) 1. Goat, sheep (lit. frisky, from ആടുക). 2. dewlap (from its perpetual motion). ആടു കരയുന്നു to bleat. പെണ്ണാട്ടിനെ മേടിച്ചു PT.

Kinds കാട്ടാട് M. മലയാട് So. വരയാട് Palg. Ibex. കോലാട് & വെള്ളാട് goat. പള്ളാട് (Ex. 12,5) & ചെമ്മറിയാട് (ചെം) sheep.

ആടുമാടു cattle. [bracteata.

ആടുതിന്നാപാല, ആടുതൊടാപ്പാല Aristolochia

ആട്ടിങ്കുട്ടി, കുഞ്ഞാടു kid, lamb.

ആട്ടിങ്കല്ല് bezoar V2.

ആട്ടിൻപിഴുക്ക goats' dung V1.

ആട്ടിറച്ചി mutton.

ആട്ടുകാരൻ shepherd.

ആട്ടുകൊററൻ ram.

ആട്ടുകൊട്ടമ്പാല a plant "ram's horn."

II. **ആടു** = നാടു T. M. (perhaps from ആള്‍ക, or അടുക) in വേണാടു Travancore, ഏറാടു or ഏറനാടു, പുറയാട്ടരനാടു TR.

III. **ആട്ടുകാൽ** see ആടുക 2.

ആടുക, ടി āḍuγa T. M. C. Te. Tu. 1. To wave, swing, rock. ആടിത്തുടങ്ങിനാൻ ഉറുമ്മേലേ CG. (Chrshna with the ഉറി) — of ringing sound പൊട്ടിച്ചാടുന്ന വൃക്ഷധ്വനി CC. 2. to shake, totter, sink as hand from a blow ഒന്നു പൊറാൽ പെണ്ണാടി, മട്ടൽ ഒടിഞ്ഞാൽ തെങ്ങാടി prov. വേപഥുശരീരനായി ആട്ടുകാൽ! ഉടന്നു Bhg 1. 3. to dance ആനന്ദിച്ചാടിപ്പാടി വാണു Bhr 1. hence തിറയാട്ടുക (= കെട്ടിയാട്ടം) etc. act a play ആടാചാക്യാർ, prov. 4. different playful or regular movements, f.i. നീരാടുക bathe (often merely ആടുക MC.) തീർത്ഥമാടുക visit holy baths (ഗംഗയാടുക Bhr.), നായാടുക hunt, ആടിവിളിക്ക beckon, ദേവന്റെ ശിരസ്സിൽ ആടുക pour milk, oil, cow's urine, cocoanut milk on an idol.

CV. ആടിക്ക f.i. പാമ്പിനെ ആടിച്ചു Mud. a juggler made the snake to dance, ദേവനെ ആടിക്ക = ജലാഭിഷേകം (see ആടുക 4.) ധൎമ്മദൈവത്തെ ആടിച്ചു കൊള്ളാം SG. (a vow) theatrical play. വില്ലു മുറിച്ചു കല്യാണമാടിച്ചാൻ AR. celebrated marriage.

Der. ആട്ടം, ആട്ടു, ആട്ടുക etc.

ആടോപം āḍōbam S. 1. Being inflated, flatulency GP 69. 2. ostentation, pride നരപതികളുടെ കലബലാദിഭേദം ഒക്കവേ ആടോപമോടെ പറഞ്ഞു കേൾപ്പിക്കെടോ Nal 2. 3. pomp ഘുഷ്ടഘുഷ്ടരവാടോപം Nal. adv. ഉദ്ധതാടോപം ഗമിച്ചു PT.

I. **ആട്ട āṭṭa** T. obl. case of ആണ്ടു; ആട്ടക്കന്നി A cow that calves every year. ആട്ടപ്പിറന്നാൾ yearly birthday. ആട്ടവിശേഷം annual feast SoM. B.

II. **ആട്ട** A bitter gourd ആട്ടങ്ങ med. (=ആ[ങ്ങങ്ങ q. v.)

III. **ആട്ട** C. Mahr. No. see സാട്ട.

ആട്ടം āṭṭam 5. VN. of ആടുക. Moving play, dance, comedy. പാട്ടും ആട്ടവും തുടങ്ങി, ഒരാട്ടവും അനക്കവും ഇല്ല perfect silence. ആട്ടം മുട്ടിയാൽ കൊട്ടത്തടത്തിൽ prov.

Cpds. ചക്കാട്ടം oil making.

നീരാട്ടം bathing, boating.

ആട്ടക്കാരൻ dancer, actor — N.pr. of a caste that play in temples. (17 in Taliparambu).

ആട്ടു āṭṭu VN. of ആടുക 1. Swinging ആട്ടുകട്ടിൽ ആടുക. 2. = ആട്ടം dance, play ആട്ടാല CC. 3. hooting രണ്ടാട്ടു കേൾക്കാം prov. അവനെ ആട്ടും പാട്ടും കൊടുത്തു പായിച്ചുകളഞ്ഞു drove him off by a sharp word. 4. hunting ആട്ടുനായ് dog for chase. ആട്ടുകേട്ട പന്നി prov.

act. V. **ആട്ടുക** (ആടുക) 1. To press oil ആട്ടുന്നവനെ നെയ്യാൻ ആക്കി prov. ആട്ടുകല്ല് a mill B. 2. to hunt ഒരു മൃഗത്തെ ആട്ടി VilvP. ആട്ടിക്കടിയൻ hunting name of jackal. 3. to hoot ആട്ടിക്കൊടുക്ക drive off with abuse or ഹുങ്കാരം, എന്നെ ആട്ടി പുറത്താക്കി TR. 4. to drive away പശുക്കളെ ആട്ടിത്തെളിക്ക, പോത്തും മൂരിയും ആട്ടിക്കൊണ്ടു പോയി TR. took our cattle.

ആഡംബരം āḍambaram S. (drum from ആടുക) 1. Pride, pomp, show. ദിഗംബരാഡംബരവേഷം Bhr. യൌവനാഡംബരം കൊണ്ടു ദൈവത്തെ ധിക്കരിച്ചു PT. 2. celebration, ഉണ്ടായ്തും സ്വയംവരാഡംബരം, സ്വയംവരാഡംബരസ്ഥാനത്തു Nal. — parade; retinue V1.

ആഢകം āḍhaγam S. A measure = 4 ഇടങ്ങാഴി, a Marakāl CS.

ആഢകി S. Cajanus indicus (= തുവര).

ആഢ്യൻ āḍhyaǹ S. (√ അർഹ്?) Opulent, rich, ബലാഢ്യൻ powerful.

ആഢ്യന്മാർ 1. the chiefs, f.i. in war.

2. title of a class of Brahmans, chiefly the അഷ്ടഗൃഹക്കാർ, leaders in the old aristocracy of Malabar. ആഢ്യൻ നമ്പൂതിരിക്ക മേൽശാന്തി.

ആണ āṇa 5. (Tdbh. ആജ്ഞ) 1. Command. നമ്മുടെ ആണയും ആജ്ഞയും ലംഘിച്ചു, കമ്പഞ്ഞി ആണ തിക്കരിച്ചു TR. 2. oath, adjuration. വിശ്വാസം വരുവാൻ ആണ സത്യവും ചെയ്തു തരാം TR. പൊളിയാണ perjury.

ആണയിടുക 1. to swear പള്ളിയെ പിടിച്ച്, അപ്പനെ പിടിച്ച് ആണയിടുക V1. also with Acc. ഗുരുവിനെ ആണയിട്ടാൻ swore by.

CV. ആണയിടുവിക്ക to put on oath.

2. to adjure, also cite, arrest. കമ്പഞ്ഞിക്ക് ആണയിട്ടു തടുത്തത് അവർ കൂട്ടാക്കാതെ TR. അവന്റെ മേൽ തിരുവാണയിട്ടു (formula: വീരകേരളൻ പുറത്താണ, പൊന്തമ്പുരാനാണ etc.) 3. by, f.i. കണ്ണാണ, ഗുരുവാണ, എന്നാണ നിന്നാണ നേരാങ്ങളേ TP. തന്നാണ ഞാൻ എന്റെ കണ്ണു രണ്ടാണ നൃപശന്മാക്കറിയിക്കയില്ല CC. നിങ്ങളാണ, ശിവൻ തൻ പാദത്താണ CG. രാമപാദാബ്ജങ്ങളാണ AR 2. — often shortened നിന്നാണെനിക്കില്ല (po.) I swear by thee, I have it not.

ആണം āṇam T. M. 1. Broth, soup. കോഴിയാണം; a dish of Maplas ആ. വെക്ക. — 2. (C. ആണി burst) ആ. കീറുക a field to burst by the heat of the sun = ചെടി എട്ടുത്തുപോക.

ആണത്വം āṇatwam (ആൺ q. v.) Manliness, also ആണത്തരം Mpl.

ആണി āṇi T. M. C. Te. (also S. from ആൺ) Peg, nail. ആ. മേടുക to strike it, തറെക്ക to drive in. തമരാണി, തിരിപ്പാണി, പിരിയാണി screw. വണ്ടിയാണി axlepin, കടയാണി nail with a head (opp. പാവാണി); also = എഴുത്താണി style.

2. what is like a nail or pin. പൊന്നാണി a sample to mark the മാററു Can S. ആണിച്ചാൽ irrigation channel V1. (ആണി also bed for 4 plantain trees) — കരുവിന്റെ ആണി (= കള്ളൻ) the last bit of matter in a boil, considered as its seed. — ആണി മെലൊക്ക comedones. — ആണിക്കണ്ണൻ a fish V2. — എല്ലിൻ ആണി head of bone.

3. the peg on which all depends, prime mover, ഇവൻ ഒർ ആണി എന്നറിക നൃററുവൎക്കു Bhr 8. (said of Karṇa)

ആണിപ്പൊന്ന് എല്ലാമെ നാണിച്ചുപോം തൻ കാന്തി കണ്ടാൽ CG. finest gold.

ആണിക്കരം the choicest of any thing V1.

ആണിവേർ taproot.

ആൺ āṇ 5. (ആണി, അണ്ണൻ?) Male. — old pl. ആങ്ങൾ (q. v.) brother. — mod. pl. ആണുങ്ങൾ f. i. ആണുങ്ങൾ ആകിൽ പുറപ്പെടുക AR 6. (calling out the foe) നീ ആണും പെണ്ണും അല്ലാതെ പോകം a nondescript (abuse).

Comp. ആണാടു ram.

ആണില്ലം house of bridegroom (of castes below Nāyers).

ആണില്ലക്കാർ bridegroom's relations.

ആങ്കിടാവ് boy, manly fellow.

ആങ്കുട്ടി, ആങ്കുട്ടി, ആൺപൈതൽ (song) male [child.

ആൺകുതിര horse, stallion.

ആണ്ണാടു 1. man's work. 2. male member V1.

ആൺപിറന്നവൻ = ആൺ man.

ആൺമത്തി etc.

ആണ്മരം male tree (so ആൺതെങ്ങ്, ന, ആൺപപ്പായം etc.)

ആണ്മുറി the lower half of a cocoanut

abstr. N. 1. ആണത്വം, manliness. അ ലിയ ആണത്തം ആക്കി TR. they much amiss. ആണത്തക്കാരൻ a her 2. ആണ്മ bravery. ആണ്മതിരണ്ട ന്മുഖൻ CG.

I. **ആണ്ട** āṇḍa So. ആണ്ടാൽ (prh. അ തെ) Young bamboo shoot കായലാണ പൊട്ടുക = മുള വരിക of any strong sh

II. **ആണ്ട** adj. part. of ആളുക.

ആണ്ടങ്ങ (fr. ആണ്ടു?) & **ആട്ടങ്ങ** (II Wild cucumber V2.

ആണ്ടി āṇḍi T. M. C. Religious men worshipper of Subramanya, a Paṇḍāra called പഴനിയാണ്ടി (a caste of Yōgis ആണ്ടിയാട്ടം a certain dance V1. — he ലമ്പാണ്ടികൾ. ആണ്ടിയൂട്ട് feasting Paṇḍ

ആണ്ടു āṇḍu T. M. (T. യാണ്ടു Te. ഏഡു) 1 prh. from ആഴുക comp. ആഴ്ച; ആ ജാനാം = 365¼ days. Can S. ആണ്ടുവ ണ്ടൊന്നിനാൽ (doc.) yearly. ആണ്ടുതിക ത്ത പുത്രൻ 1 year old, SiPu 2. ആണ്ടറുതി at the close of a year. Der. ആടു I. — 2. periods, a Jupiter cycle of 12 or 60 years ആണ്ടെക്കതിർ നന്ത്യാം ആണ്ടു (Jew.

ആതങ്കം āδangam S. (ആ III തങ്ക്) 1 grief; God is നിരാതങ്കൻ Bhr. അമ്പെ ആ. പൂണ്ടസിംഹം CG. 2. offence, hi കോഴികൾ ആ. പെയ്തു തുടങ്ങി CG. by c unexpectedly. ചാണക്യൻ ആ. ആയ് proved a curse to the innocent.

ആതഞ്ചനം S. What causes to coa whey (po.)

ആതതായി āδaδāyi S. (ആതതം draw Threatening one's life, felon (= വധാ ത്താവൻ).

ആതപം āδabam S. (√ തപ്) Sunshi ടിക്കൂട്ടം ആ. മൂടി പരന്ന നിരക്കവെ S

ത്രം Umbrella ഏകാതപത്രയാക്കുന്ന
bject to one's protection (=ഏക
[ണിക്കൂലി.
am S. (തര) Fare, freight=തോ
Duck (S. ആതി Turdus). 2. Tdbh.

ithyam S. (അതിഥി) Hospitality
ാലെ ഇവക്കു ചെയ്യണം KR. പ
ആ. ചെയ്യു ARs. ആതിത്ഥ്യ
ചരിച്ചു CG. — met. നല്ലവൻ നല്ല
KRs.

T. M. & തിരുവാതിര (S. ആ
Asterism, star in Gemini.

m S. (തുർ) 1. Diseased. 2. agitated
- സന്താപങ്ങളാൽ ആതുരപ്പെട്ടു കി
ളിക്ക SiPu 4. കണ്ടാതുരയായി CC.

ḷi (T. ആതാളി) Noise, buzz V1.

1. prob. Port. Anona squamosa
from America, in Hayti language
ച്ചക്ക, ആത്തക്ക Custardapple.

a S. (ആ + ദത്തം) Taken, obtained;
lv. ആത്തമോദം Mud. cheerfully
മണ്ടിനാർ CG. with all haste;
deprived of pride.

(=ആതുരം? T. ആത്തിരം Te.
ssity of engaging in a work V1.
V1. = ആസ്ഥാനം.

prh. അകത്തി or മലയാത്തി.

uya (=ആഴ്ത്തുക) പുഴയിൽ ഓമേ
TP. (=വിട്ടു)

āttōḷ (T. ആത്ത, ആത്താൾ mo-
ത്താൾ, — ലമ്മ, — ലന്മാർ Nambū-
xplained = അകത്തമ്മ, അകത്തെ
ദപിത്രാദന്മാർ MR. (in Chāva-

tmāvu S. (√ അൻ, G. ȧtmos,
erman) 1. Breath, life; soul,
ാത്മാവ് the universal, ജീവാത്മാ
dual spirit. ആത്മനികണ്ടു കണ്ടാ
മനാ AR 6. discover in the soul
soul the one Soul of the world.
ാവിനെ അറിയും prov. 2. heart,
breast ആത്മാവുകൊണ്ടു വരിച്ചു ഞാൻ Nal. ആത്മാവിൽകരം വെച്ചു, ആത്മാവിനെ തൊട്ടു സത്യം ചെയ്തു KU. 3. self, chiefly in comp.

hence: ആത്മകം (3) consisting in (=മയം) അന്നരസാദ്യങ്ങളാത്മകമാം ദേഹം KeiN 2. ആദിത്യരഥത്തിന്നു ചക്രമാകുന്നതു ഓരോ സംവത്സരാത്മകമായിരിപ്പതു. Bhg.

ആത്മജൻ (3) son, ആത്മജ daughter.

ആത്മജ്ഞാനം, — ബോധം (1) metaphysical intuition.

ആത്മപ്രശംസ (3) boasting ആ. മരണാൽ പരം Bhr 1. worse than death.

ആത്മരക്ഷ (3) preserving oneself, ആ. ചെയ്തു കൊണ്ടമർ ചെയ്കിൻ KR 5.

ആത്മവിത്ത്, ആത്മജ്ഞൻ (1) knowing the universal soul.

ആത്മഹത്യ (3) suicide, vu. ആ'ഹത്തി.

ആത്മാൎത്ഥം (3) for one's own sake.

?ആത്മികയായീടുന്ന പത്നി VCh. my own wife.

ആത്മീയം own (po.)

ആത്മ്യം personal ആത്മ്യശുദ്ധ്യാ Si Pu 3.

ആത്മോപദേശം metaphysics, explanation of ആത്മാ, അനാത്മാ & പരാത്മാ, the 3 constituents of existence (phil.)

ആദരം ādaram S. & **ആദരവ്** T. C. Te. 1. Respect, regard for. മല്ലാരിക്കാദരമില്ല SG. no favor. ആദരവോടെ CC. honorably. ആദരവിൽ പൃച്ഛകൾക്ക നല്കി CG. kindly. ആദരവാൽ Anj. duly. 2. support, comfort എനിക്ക് ഒർ ആദരവില്ല=no protection. ആതരവതികം വന്നില്ല RC. no consolation, (confounded with ആധാരം).

denV. ആദരിക്ക 1. to regard, ചൊന്നത് ആദരിയാതെ AR. not minding (=അനാദൃത്യ); ദുന്നിമിത്തങ്ങളെ ആദരിയാതെ UR. ആദരിച്ചിരുത്തി honorably. 2. to support, console. എളിയവരെ ആ. Arb. ആദരിച്ചീടിനവാത്തൊതി രോദനം പോക്കിനാൾ CG. comforted the child.

Part. ആദൃതം honored ആദൃതരായുള്ളോരാരണർ CG.

ആദൎശം ādarśam S. Looking-glass.

ആദാനം ādānam S. (√ദാ) Taking to oneself. ആ. ചെയ്ക to receive. രാമനാൽ ജലധിയോട് ആ. ചെയ്യപ്പെട്ട ഭൂമി BrhmP. received from the sea.

ആദായം S. gain. ആദായപ്പെടുക to be advanced. അതുകൊണ്ട് ഒർ ആദായവും നഷ്ടവും ഇല്ല MR.

ആദായ നികിതി income tax.

ആദി S. 1. beginning, first — നമ്മുടെ കാരണോന്മാർ നാൾ ആദിയായിട്ടു കൊള്ളക്കൊടുക്കകൾ TR. the transactions of this dynasty since the days of my ancestors. ആദിയായിട്ടു മാററി TR. changed again. ആദികെട്ടുവിൽ from beginning to end. 2. in comp. et cetera f.i. ഇത്യാദി, മലമൂത്രാദികൾ (=മുതലായ, തുടങ്ങിയുള്ള).

hence: ആദികാരണം original cause.

ആദികാവ്യം first poem in schools (Rāmāyaṇam).

ആദിദേവൻ original God.

ആദിഭൂതൻ the first ശില്പാദികൾക്കാദി ഭൂതൻ അപ്പുരം തീൎത്താൻ KR 5.

ആദിരാജാവ് 1. first king. 2. the Māpiḷḷa ruler of Caṇṇanūr കണ്ണൂരിൽ രാജാ ബീബീ TR.

ആദിയേ again (=ആദിയായിട്ടു) ആ. രണ്ടാമതു കോല്ക്കാരനെ അയച്ചു, ആ. പൈമാശി നോക്കിച്ചു TR.

ആദിവാചകം introduction (of a book) V1.

ആദിശേഷൻ the serpent Ananta.

ആദ്യന്തം 1. beginning & end. Vishṇu ആദ്യന്തവസ്തുവാസ്ത്രിമങ്ങി KR. God is ആദ്യന്തരഹിതൻ, the Vēdas are called ആദ്യന്തശൂന്യങ്ങൾ CG. 2. from first to last കാരണം ചൊല്ലിനാൻ ആ. KR. മണക്കുമ്പോൾ അംഗം കളിക്കും ആ. KR. from head to foot.

ആദ്യം first. — adv. at first, at once; as at first, again (=ആദിയേ) ആദ്യമേ കല്പിച്ചു MR.

ആദ്യവസാനം = ആദ്യന്തം f.i. വിസ്താരത്തിൽ ആദ്ദക്കി ആ. നടന്നിട്ടില്ല MR.

ആദിത്യൻ ādityan S. (അദിതി) 1. Son of Aditi (7 or 12). 2. Sun. ആ. ഉദിച്ചുയരുന്നതുപോലെ AR 1. ആദിച്ചതേവൻ RC. The
ence of the sun is computed at
Yōǰana, Bhg. ആദിത്യഹൃദയം a man
ആദിത്യങ്കണ്ണിൽ നീർമഴക്കി TP. (a
in drawing water).

ആദേശം ādēšam S. (√ദിശ്) 1. C
mand. — 2. substitute (gram.)
denV. ആദേശിക്ക V1. to comman

ആദ്യം ādyam S. see ആദി.

ആദ്രവിക്ക ādravikka S. (ദ്രു) Haste
assault = ആപാതം V1.

ആധാനം ādhānam S. (ധാ) Placin
ആ. ധരിച്ചിരിക്ക V1.

ആധാരം ādhāram S. (ധർ) 1. Sup
base ആ. പിടിക്ക V1. to take refuge.
ആ. ഇല്ല TR. the country is too
ബോധിപ്പിപ്പാൻ ആധാരം ഇല്ല TR
not the means to pay. 2. the 6 o
regions of the human body, "locati
വായു (=നില) ആ. ആറിന്റെയുടെ
ജീവൻ Anj. 3. M. document, b
(also ആധാരിക, പ്രമാണം, കണ
ന്റെ തെളിവ് ആധാരരൂപേണ ആ
I prove my case altogether by d
കീഴാധാരം, അടിയാധാരം document
transfer of property.

ആധി ādhi S. (ധ്യാ) 1. Care, anxiet
നാട്ടാധിയായി homesick. ആധിയും
mental & bodily sufferings. 2. p
ആധിതൻ suffering mentally.

ആധിക്യം ādhikyam S. (അധികം)
dance; pre-eminence, authority, po
യിൽ അ'വും അടക്കവും നിങ്ങൾക
ട്ടേ, കൎമ്മങ്ങൾക്ക് ആ. ശേഷിച്ചവൎക്ക
have the right to rule, they to sac

ആധിപത്യം ādhibatyam S. (അ
Sovereignty, supreme authority
ത്യം കൊടുക്കുന്നു Nal. (to heroes).

ആധീനം ādhīnam = അധീനം f.i.
ല്ലാന്റെ ആധീനമായ്പോയി, നമ്മു
ധീനത്തിൽനിന്നിട്ടു നാം TR. I as su

ādhmānam S. (ധ്മാ) Flatulence.
āna C. Tu. M. (T. യാന, Te. ഏനു
ഗു = ഏന്തു to support) Elephant ആ
ൽ കരേറി, — കഴുത്തേറി AR. ആന
, നമസ്കരിപ്പിക്ക (in temples). നാ
elephant (opp. കാട്ടാന) തോക്ക വലി
ആന TR. Often in prov. ആനെക്ക
ട്ടേണ്ട etc.
ടി, — ഗുണ്ടി C. M. Ānagundi, residence
na Rāyer KU.
children's play (ഏന്മുളേകറി നി
കളിപ്പതിന്നു CG.)
ച്ചൂവ medic. plant, so also
ഒരുത്തുവട്ടി a Hedysarum etc.
ൻ elephant-keeper ആനയുടെ പു
ആ. ഇരിക്കേമ്പോൾ prov. ആനക്കാർ

ൾ an instrument in making roads.
ഗം elephantiasis.
pit to catch elephants.
ട്ടിൽ elephant's house.
മ്പു tusk, ivory.
പ്പു elephant's trappings.
ൽ a measure of 4 kōl = 1 ദണ്ഡു.
ം വെച്ച നടക്ക stately walk.
ടിയൻ diseased with a scab (ആന
, ഗജചർമ്മം).
ലയോളം വെണ്ണ തരാം (song) as much
elephant's head.
മവും കതിരപ്പാച്ചലും ശരി prov.
, — പ്പടക്കൂടം elephant's pen, also ആ
ടി, — ശാല.
training an elephant — ആനപ്പാ
= ആനക്കാരൻ.
ണ്ടി elephant's dung.
N. pr. of the jungle behind Pālakāḍu.
ം വെക്ക TP. one of the 18 ആയുധാ
ം.
ൾ മണ്ണുനീർ the privilege of employing
phant to convey earth, water (Syr.

വൾ, So. ആനച്ചുവടി (S. ഹസ്തിപാ
lephantopus scaber (med.)

ആനയടിവെച്ചതു the 5th stage of growth in a cocoanut palm, the stump 4 inches overground of the size of an elephant's foot ആനയടി വിരിഞ്ഞു, ആനടിത്തൈകൾ MR.

ആനയിത്തത്തി, — വിഴു, — മുൾ (Rh.) different plants.

ആനറായപ്പക്ഷി (= റാഞ്ചൻ) fabulous bird, an elephant-lifter. [Rh.

ആനവണങ്ങി or — വണക്കി Casearia ovata

II. **ആന** aM. T. = ആയിന, ആയ f. i. അവസ്ഥ യാനതു തിരുവുള്ളത്തേറി KU.

ആനകം **ānaγam** S. Drum. ആനകദുന്ദുഭി സുത CG. Cṛshṇa, son of Vasudēva.

ആനനം **ānanam** S. (√ അൻ) Mouth. ആനനശ്രൂരത martial mien.

ആനന്ദം **ānandam** S. (√ നന്ദ) Joy, delight. There are 8 joys വിഷയാ —, ബ്രഹ്മാ —, വാസനാ —, ആത്മാ —, മുഖ്യാ —, നിജാ —, അദ്വൈതാ —, ജ്ഞാനാനന്ദം Kei N 2. (phil.)

ആനന്ദബല്ഗലം VCh. = ഉപസ്ഥം.

ആനന്ദബാഷ്പം tears of joy.

ആനന്ദനം friendly reception V1.

den V. ആനന്ദിക്ക to rejoice. വെള്ളം (തൊട്ട്) ആ. a Nāyer custom, sprinkling every morning 7 times the water of their tank into the face. [bow.

ആനമനം **ānamanam** S. (നമ) Reverence,

ആനയനം **ānayanam** S. (നീ) Bringing. ആസനം ആ. ചെയ്തു Sk. brought, took.

den V. ആനയിക്ക 1. = വരുത്തുക (part. ആനീതം) f. i. വസ്ത്രം ആനയിച്ചീടുക Nal 2. to solve, find. ത്രൈരാശികാനീതം Gan. found by the rule of three.

ആനായം S. Net വാപിയിൽ ആ. എല്ലാം നിരത്തിനാർ PT.

ആനായൻ **ānāyaǹ** (ആ II. ആൻ I.) Cowherd ആനായമാതർ, — പ്പിള്ളർ, — ച്ചേരി CG.

ആനായ് young cow, ആനാവുക്കുററൻ calf V1. 2.

ആനായത്തീട്ടു KU. The document by which Brahmans appointed kings for a period of 12 years each. (derived from ആനായർ,

since the ഏറാടിമാർ, or cowherds are regarded as the ancestors of the Kol̤ikōḍu dynasty).

ആനാഹം ānāham S. (നഹ) Constipation (med.)

ആനി=ആയിനി in N.pr. പൊന്നാനി, പന്തലാനി etc.

ആനുകൂല്യം ānuγūlyam S. (അനുകൂലം) Favour ദൈവാനുകൂല്യം നമുക്കില്ല, രാജാവ് ജഗത്തിങ്കൽ ഏകാനുകൂല്യം നടത്തുന്നു Nal. rules impartially.

ആനുലോമ്യം ānulōmyam S. Natural order (opp. പ്രാതിലോമ്യം unequal marriages, etc.)

ആനൂപം ānūbam S. (അനൂപം) Marshy climate.

I. **ആൻ ān** T. So M.= ആ Ox or cow, hence ആനാവു young cow.

II. **ആൻ** T. M.= ആയിൻ Conditional of ആക q.v.

ആന്ത ānδa (T. owl) A poisonous or unlucky animal മറുമരുന്നില്ലാത്ത ആന്തയും prov. (B.= chameleon V1.= ആമ).

ആന്തം ānδam So M. Spike to preserve fruit-trees from thieves.

ആന്തരം ānδaram S. (അന്തഃ) Internal. ഇ പ്രകാരം ആന്തരമായിട്ടുള്ള കാര്യം ഗ്രഹിപ്പിച്ചു TR. the secret of the case. ആ. ഇല്ലാത്തവൻ superficial mind. ആ. ഉണ്ടു has courage, determination, resources.

ആന്തുറ, ആന്തൂർ ānδura N.pr. Fief under Calicut, from which are derived the ആന്തുറ നായന്മാർ potters also ആന്ത്യൻ KU. കലം ഉണ്ടാക്കുന്ന ആന്തിയന്മാർ TR.

ആന്തുക Fire to burn & rise (= ആളുക) V1.

ആന്ത്രം āntram S. (അന്തരം G. 'enteron) 1. Entrails ആന്ത്രനോവു, — കൊഴുപ്പു, — വായു. 2. M.= ആന്ത്രവൃദ്ധി, ആന്ത്രവീക്കം a rupture, ആന്തിറാവിർത്തിക്ക നന്നു a med.

ആന്ദോളിക ānďōḷiγa S. (അന്ദോള) Swinging cot, litter = തൊട്ടിൽ.

ആന്ധ്യം āndhyam S. (അന്ധ) Blindness.

ആന്ധ്രം āndhram S. Telugu (Andhræ gens, Plin.)

ആന്യം ānyam T. M. (Tdbh. ആഹ്നികം) A
day's work, day's hire or wages ഉ
ആനിയം തരിക (vu.)

ആന്യ ഊട്ടു daily meals given to l
at the Mal. temples.

ആപഗ ābaga S. (ആപഃ ocean o
River. [

ആപണം ābaṇam S. (പണ്) Ma

ആപതനം ābaδanam S. (പത്) F
denV. പാപം ആപതിക്കും CC.

ആപത്ത്, ആപത്തി ābattu
Mishap, ruin, danger. ആപത്തുകാല
ബന്ധു prov. ആപത്തു വരും കാലം
ഭവിച്ചിട്ടു KR. ആപല്ക്കാലത്തു ഉഗ്ര
ക്ക KU.

ആപന്നം (part.) afflicted, affected l

ആപാദചൂഡം S. (ആ III) From h
ആ. അണിഞ്ഞു ആഭരണങ്ങൾ CC.
ആപാദമസ്തകം നോക്കും Nid. idem

ആപാദിക്ക ābādikka S. (പദ) To
ക്കും പഴക്കവും ആപാദിച്ചു CG.

ആപീനം ābīnam S. (പ്യാ) Udde
ന്നൽ po.

ആപ്തം āptam S. (ആപ) part. Re
tained, attached, trustworthy. ആപ്
doubted declaration, as of Gods,
speech. ആപ്തമന്ത്രി confident. തനി
പ്തന്മാർ VCh. ഇവിടെ ആപ്തമായിട്ട
മെ അയക്ക TR. നമ്മൾക്കു വളരെ
(= വിശ്വസ്തൻ). — സമീപം ആപ്
came nigh.

ആപ്തി S. 1. acquisition. അഭീഷ്ടാപ്ത
to gain my wish. നാകലോകാപ്
ത്യും ഇല്ലേല്ലുമേ CG. what do I
going to heaven. 2. trust V1.

ആപ്പ āppa Spoon, ladle V1. (T.

ആപ്പു āppu T. M. C. 1. Wedge,
stops a crevice. ആപ്പും തട്ടി കവാട
(po.) bolted the door. ആപ്പും ചീ
vu. — (hence മേലാപ്പു, മാറാപ്പു) 2. w
also ആപ്പും V1.

ആപ്പൻ N. pr. of men.

am S. (അപ്പ്) Watery, പിത്തവും
ും ശ്ലേഷ്മവും സോമം വസ ആപ്യ
VCh. — all drinkables, which di-
uce മൂത്രം. രക്തം, പ്രാണൻ (med.)

plavam S. (പ്ലു) Bathing.

Officer ആസ്പദം ശിപ്പായ്യാന്ത്രം TR.
office.

അപ്പീൽ MR. E. Appeal

ābaddham S. (ബന്ധ) Bound to,
tie of yoke; ആബദ്ധമോദനായി CG.

ābādha S. (ബാധ) Segment of a
ase. Gan.

ābdiyam S. (അബ്ദം) Yearly —
a ceremony ആ. കഴിപ്പാൻ TR.
).

S. (ഭാ) Light, brightness. ആഭ ക
ൾ Mud. മന്ദഹാസാഭ Nal.

ābharaṇam S. (ഭർ) Decoration,
മെയ്യാഭരണം, നവ നല്ലാഭരണങ്ങൾ
lly they were forbidden in Kērala;
ommon are now: തോൾവള bracelet,
t-ring. നെറ്റിപ്പട്ടം frontlet, ശിഖാ
in, കാതില or കുണ്ഡലം or കണക്ക
ക്കുത്തി nose-ring, മാല necklace, ഊ
r-ring, തള ankle-ring.

ം **ābhāṣaṇam** S. (ഭാഷ) Address-
ാഹരം ആഭാഷേ CC. told his

ābhāsam S. (√ ഭാസ splendour,
appearance). M. Low, vulgar സം
യുടെ ആഭാസം Arb. corruption
) ആ. ആയ പുര MR. mean building.
ൾ ആഭാസന്മാർ MR. കലഹിനനാ
ാസൻ എതിർക്കാമോ Bhr. ആഭാസ
ൾ ജനിച്ച KR. — In phil. the indi-
is ആഭാസജീവൻ.

ābhijāram S. (അഭി) Enchant-
ery (= മാരണമായുള്ളൊരാഭിചാരം
CG.) looking for omens to accom-
ister act. ആഭിചാരാദികൾ നന്നാ
ം ദിവസം കഴിപ്പാനായി Mud.
കാരൻ sorcerer.

ആഭിജാത്യം Noble birth Bhr. തൊപ്പിയിട്ടാൽ ജാതിക്ക് ആ. വന്നു, പന്നിയൂർ കൂറ്റിലെ ബ്രാഹ്മണർക്കു ആഭിജാത്യക്കുറവു വന്നു Anach.

ആഭിമുഖ്യം i. q. Simple ആ. ഭാവിച്ച Nal. faced her. ഭാവിച്ചീടുന്നതവരോട് ആ. പോലും Bhr. ആ'ത്തോടു കൂടവേ സമ്മാനിക്കു Mud. in presence.

ആഭീരൻ ābhīraṅ 1. An ābhīra, people near the Sindhu (= Ophir). 2. cowherd ആഭീരമണ്ഡലം എല്ലാം ഒട്ടുങ്ങി AR.

? **ആഭോജനം ābhōjanam** S. (ഭുജ) Water drunk by Brahmans out of their hands V1.

ആമ āma T. M. C. (Tu. ഏമെ) Turtle of 3 kinds നാട്ടാമ (either കരയാമ, കാരാമ or വെള്ളാമ, the latter in fresh water.) കാട്ടാമ, കടലാമ. [മയോട്ടം med.)

ആമത്തോടു tortoise shell (ആനപ്പല്ലും ആമ
ആമമുട്ടപോലെ (prov.) very soft.
ആമപറപ്പിക്ക to fly a kite.
ആമപ്പലക KU. seat of Brahmans, made of ചമത wood, in shape of a turtle (കൂർമ്മപീഠം).
ആമസ്സഞ്ചി bag for betelnut, etc.

ആമം āmam S. 1. (G. 'ōmos) Raw, undressed, undigested. ആമാശയം stomach (opp. പക്വാശയം). 2. sickness, chiefly slimy stools. ആമജ്വരം diarrhœa with fever. 3. M. stocks for hands & feet തട്ടുമ്മു കൊണ്ടുപോയി ആമത്തിൽ ഇട്ടു TR. (= തോളം).

ആമണക്കു āmaṇakku T. M. (& ആവ — Te. ആമുഡം, C. അവുഡ്ലു S. ആമണ്ഡം) Castor oil plant ആമണക്കില, — ക്കിൻവേർ a med. [വെളുത്ത ആ.)

Kinds: ചിററാ — Ricinus communis (the best
പെരിയ ആ. Ric. inermis.
ചെവ്വാ — or പാണ്ടി ആ. Ric. africanus Rh.
ചുവന്ന ആ. (whence lampoil).
മലയാ — Ric. Tanarus.
കടലാ, — കണ്ടലാ, — കാട്ടാ Jatropha Curcas.
കൊടിയാ — Tragia camelia.

ആമന്ത്രണം āmantraṇam S. (മന്ത്ര) Call, inviting ആ. ചെയ്തു തേരിൽ കരേറി Nal. bid farewell (with an invitation).

denV. to invite, summon അവനോട് ആമന്ത്രിച്ചു ജരായൌവനവിനിമയം Bhr. advised him to exchange.

ആമന്ദം āmand'am S. (മന്ദം) Slowly (ളു) ആ. പോന്നിങ്ങു വന്നു CG. by & by she became a woman.

ആമയം āmayam S. (ആമ 2.) Sickness, hurt.

ആമലകം āmalaɣam S. 1. Phyllanthus emblica, നെല്ലി. 2. N. pr. a temple തിരുനെല്ലി Sab. ജയം കരതലാമലകമായ്വരും Mud. as easily held as a നെല്ലിക്ക in the hand.

ആമാട āmāḍa (also ആമാട) — Venetian or Moorish Zechin = വില്ലുകാശു V1. ഇല്ലാത്തവൎക്ക് ആമാടയും പൊന്നു prov.

ആമി āmi No M. (= കടെശ Rh.) A light timber tree, used for making yokes, the coals serve for gunpowder (= ഉതി Odina?)

ആമിഷം āmišam S. (ആമം) Flesh PT. ആമിഷാശി flesheater.

ആമീൻ Ar. **āmīn**, Native police officer MR.

ആമീൽ Ar. **āmīl**, Collector അമാനി ആമീൽ. TR.

ആമൂലാഗ്രം āmūlāgram S. (ആ III.) From top to bottom V1.

ആമോദം āmōd'am S. (മുദ) 1. Joy. ആമോദിച്ച് CG. cheerfully. 2. fragrancy മീനായവററ വന്നാമോദം ചെയ്തു നീ താനല്ലോ CG. smelled them out?

ആം ām 1. = ആകം (see ആകുക) It will be, also in S. interj. of agreeing. ആം എന്നുള്ളവർ GnP. those who can. 2. interj. of grief V1.

ആമ്നായം āmnāyam S. (മ്നാ) Tradition, holy scripture, po.

ആമ്പൽ āmbal T. M. (ആം T. wetness) A water-lily, which opens after sunset ആ. വിരിഞ്ഞുതായി CG. ആമ്പൽ കിഴങ്ങ്, med. ആമ്പലിന്റെ അരി GP. എൻ ചിത്തമായുള്ളൊരാമ്പൽ CG. my mind seeks the moonlight of thy smiles. Chiefly:

രക്താമ്പൽ Nymphea Lotos.

വെള്ളാ — Nymph. alba.

ചിററാ — Nymph. stellata.

ചെറുചിററാ — Menyanthes cristata.

നെയ്തൽ — Men. Indica.

ഒട്ടല — Damasonium Indicum.

ആമ്രം āmram S. Mango tree, മാവ്

ആമ്ലം āmlam S. (അമ്ല) Tamarind t

I. **ആയം āyam** S. (ആ + ഇ) Inco

ആയവും വ്യയവും receipts & expe

വെയങ്ങൾ നോക്ക vu. — ആയ

മി പോലെ CG. revenues.

ആയക്കെട്ടു T. Tu. C. M. Settlement register of assessment W.

II. **ആയം** M. 1. Either the prec. in ഭവിച്ചായം, f. i. ഇനിപ്പുറം എങ്ങനെ എന്നറിഞ്ഞില്ല PT. how things will g (or from ആയി, ആയ്ക √ ആഴ്ക). നാരായം, കാലായം q. v. 2. light വരുത്തുക alleviate, ആ. കൊടുക്ക ma V1. 2. (B. slackness, comp. അഴ).

ആയതം āyaδam S. (യമ) Stretche നീണ്ട. ആയതമായ തോണി AR. ആ യാൽ Bhr. ആയത ചതുരശ്രം Gan. ol ആയതി 1. length = ആയാമം. 2. fut യതിക്കുമെൻ VCh. looking to futu

ആയത്തം āyattam S. (യൽ) Depen ctable = ആധീനം; ആയത്തപ്പെടുക to (In So. ആസ്ഥപ്പാടു = ഒരുമ്പാടു V1.). described as സ്വായത്തസിദ്ധികൾ or യത്തസിദ്ധികൾ Mud. acting on t conviction or on that of a minister.

ആയൻ āyaǹ T. M. (ആ 2.) Cowherd f. ആയി or ആച്ചി. — ആയകുലത്തിര CC. ആയന്മാൎക്കു നാഥൻ CG. — ആയർ chief of cowherds CC. 2. Cṛshna Bh ആയമ്പാടി, ഐമ്പാടി, അമ്പാടി 1. village of herdsmen. 2. N. pr. of palace, ആയമ്പാടി കോവിലകത്തു KU. chief lady in his establish എറാടി).

ആയസം āyasam S. (അയഃ) Of iron ആയസരൂപം Bhr. iron frame.

ആയാതം āyāδam S. (യാ) Happene തം f. i. ആയാതമോശസമൃദ്ധി Nal.

ആയാസം **āyāsam** S. (യസ) 1. Exertion. ആയാസം ഒന്നും ഉടങ്ങാതിരിപ്പിൻ CG. CC. over-work. 2. fatigue, trouble. ശമനായാസശമം വരുത്തി CC. refreshed themselves. ആയാസം പോക്കി CG. (= ആലസ്യം) — ആ. ആയൊരു തീയിലേ പായിച്ചു പെയായി പോകമാറാക്കൊല്ലായേ CG. don't drive her into despair & madness. 3. (compare ആയം II, 2.) nimbleness, അഭ്യാസത്താൽ ആയാസം വരുത്തി by fencing obtained full power of limbs; — opportunity, പാങ്ങു.

ആയിനി T.M. **āyini** (T. ആഷിനി core of tree) = ആഞ്ഞിലി Artocarpus pubescens or hirsuta, a strong timber, കാട്ടുപിലാവ്.

പുളിയായിനി Webera corymbosa (its fruit കാട്ടുചക്ക.)

ആയിനിപ്പാട് 1. a mode of dunning, (prb. by sitting on a plank of Artocarpus wood, or from ആന്ന്യം?) ആയിനി വിളമ്പുക to pay the expense of it. 2. meal given to bridegroom by bride's mother on marriage day (= പാദച്ചോറു No.)

ആയിരം **āyiram** T.M. (C. സാവിരം S. സഹസ്രം) 1000. ആയിരം തേങ്ങകൊണ്ടു ഗണപതി ഹോമം — ആയിരത്തൊന്നു നൽനമസ്കാരം S. G. ആയിരത്തെട്ടു കലശങ്ങൾ AR. for coronation. പാറൂർ പള്ളികാരിയാരും ആയിരവും കണ്ടു കാൎയ്യം TR. letter to the chief men about P.

ആയിരക്കണ്ണി a dangerous ulcer.

ആയിരക്കണ്ണൻ thousand eyed.

ആയിരക്കാൽ മണ്ഡപം hall of 1000 pillars, as at Kumbhakōṇam.

ആയിരനാവനും ആവതല്ലോതുവാൻ CG. thousand tongued.

ആയിരപ്പന്തം candlestick with 1000 lights V1.

ആയിരമ്പുത്തി prov. thousand witted.

ആയിരോർ Lord over 1000 Nāyer, അള്ളടത്തു ആ. KU. also ആയിരത്തഞ്ഞൂറു നായർ 1500.

ആയിലിയം **āyiliyam** (Tdbh. ആശ്ലേഷം) The 9th asterism, forefeet of Leo, auspicious for Nāga worship.

ആയില്ലിയം a med.

ആയുധം **āyudham** S. (യുധ) 1. Weapon, arms (ഖഡ്ഗശൂലേഷു ചാപപ്രാസതോമരമുല്ഗരയഷ്ടിശക്തിച്ചുരികാദികൾ AR 6.) ആയുധം എടുക്കുന്നവർ TR. the adult males. ബ്രാഹ്മണരെ കണ്ടാൽ ആ. വഴങ്ങേണം KU. present arms. ആയുധത്താണ Kum K. by my bow! 2. tool ആ. എടുക്കൽ installation by a sword conferred on each successive head of a family (also ഉണക.)

ആയുധക്കത്തി Nāyer's war-knife കൈക്ക് ആ. കൊണ്ടു മുറിഞ്ഞു TR. (ഏറാട്ടുരക്കത്തി mod. മാപ്പിള്ളക്കത്തി.)

ആയുധക്കാരൻ sword-bearer, soldier.

ആയുധക്കോപ്പു armour, preparation for fight ആ'പ്പോടെ പോക TP.

ആയുധപാണി 1. fighting man. 2. title of the 36000 armed Brahmans, who performed Cshatria duty in Kēraḷa KU.

ആയുധപൂജ (= നവരാത്രി) feast in honour of the tools, which procure one's livelihood സരസ്വതിപൂജയും ആയുധം വെച്ച പൂജയും (8th Kanni) TR.

ആയുധശാല arsenal.

…a S. A lump, crowd = സമൂഹം.

…C. Te. M. (Onomat.) Sound of whipping.

…admam S. (ഛദ്) Disguise, deceit
ഛദ്മിന്നാലയം PT. ഛദ്മാപിവാ AR.
…ratagem.

ഛത്രം **ćhatram** S. 1. Umbrella
…നിക്കുടി മീതെ പിടിച്ചു, വെണ്കൊറ്റ ഛ.
…ച്ചു ആനക്കഴുത്തിൽ ഏറുക KR. (for
…on). 2. = കുട dominion. ഏകഛത്രാ
… KU. sole sovereign. ഉലകമാക ഛത്ര
…ൻ കീഴ്മാക്കി Bhr 12.

…ക്കി KU. the king of Cochin (fr. പെ
…റക്കടു).

…ശം loss of protection or empire.

…ഛദനം "shade"; cover; leaf.

…andam S. (ഛന്ദ്) Pleasing, spon-
…ന്ദം ഛ. പ്രവൃത്തിച്ചു Sah. selfwill.

…a Vēda verse; ഛന്ദസ്സും നിരുക്തവും Bhr. Vēda metre & its theory. ഛന്ദോവൃത്തം, അനുഷ്ടുഭാദിയായ ഛന്ദസ്സ് Bhg.

ഛന്നം **ćhannam** S. (part. of ഛദ്) Hid. ഛന്നനായ്ക്കുന്നൊരു കാമൻ CG. disguised. ഛന്നയായവൾ KR. made herself invisible. ഛന്നന്മാരായി പാൎത്തു Bhr. incognito (& ഛന്നവേഷരായി). ഛന്നപാപൻ hypocrite. മോഹഛന്നസ്യൻ KR.

abstrN. ഛന്നത്വം — ഛ. ആന്ന കനൽപോലെ HNK. covered live-coals.

ഛൎദ്ദി **ćhardi** S. Vomiting.

ഛൎദ്ദിനിദാനം Nid. of cholera, generally ഛൎദ്ദ്യതിസാരം. —

ഛൎദ്ദനം, ഛൎദ്ദിക്ക to vomit. — part. ഛൎദ്ദിതൻ ക്ഷീണനായ്ക്കുന്നവൻ Nid. the vomiting patient.

CV. ഛൎദ്ദിപ്പിക്ക to give emetics etc. Nid.

ഛലം **ćhalam** S. Deceit, trick. ഛലവിരചിതപത്രം Mud. the roguishly contrived letter.

ഛലൻ rogue; മഹാഛലൻ PT.

ഛത്മം see under ഛദ്.

ഛവി čhavi S. Colour of skin, luster ഉജ്ജ്വലഛവിപൂണ്ട ശരീരം AR.

ഛാഗം čhāġam S. Goat, ഛാഗമാംസം വേണമല്ലോ കറി മമ AR. [bearer of umbrella.

ഛാത്രൻ čhātraǹ S. (ഛത്രം) A disciple, as ഛാത്രനമ്പൂരി Vı. a low class of Brahmans.

ഛാദം čhāďam S. (ഛദ്) Cover, thatch.

ഛാദനം 1. covering. 2. bullying ഛ. കൊണ്ടു ചെന്നാൽ കാൎയ്യം വരാ Vı.

denV. ഛാദിക്ക 1. to cover. 2. to learn to fence, dance or play; to brag Vı.

ഛായ čhāya S. 1. Shade ഛത്രഛായ Bhr. ഛാ. കൾ എല്ലാററിന്നും ഛിദ്രം ഉണ്ടെന്നു തോന്നി Bhg. bad omen. ഛായാ ശുഷ്കം ചെയ്തു Tantr. dry in the shade. 2. sun's wife, hence ഛായാപതി sun. — ഛായഗ്രഹണി AR. taking the shadow (Rākšasi). 3. image, likeness ശബ്ദഛായ MC. a kind of sound. സ്വൎണ്ണഛായയാ രമ്യമാം കായം Nal. colour (hence ചായം).

ഛിദ്രം čhidram S. (ഛിദ്, L. scindo) 1. Perforation; separation, hatred; disaster (ഗ്രഹഛി. etc.) ഛി'ങ്ങൾ ഉണ്ടാക്കി തീൎക്ക TR. to cause splits.

denV. ഛിദ്രിക്ക to be split, divide

ഛി'ച്ചു നടക്കുന്നു Vı. in disco

വിട്ടുന്നു പോയി Mud. displease

ing. ഗൎഭം ഛി. abortus. — part

CV. ഛിദ്രിപ്പിക്ക to cause a split

ഛിന്നം čhinnam (part. of ഛിദ്)

ചാപം ഛി'മാക്കി Brhmd. broke. ശങ്കയും ഛി'മാകും Sah. ഛിന്ന

യി KR. freed from doubts. — ഛ

ക്കി dispersed, routed. (vu. ഛി'ന

denV. ഛിന്നിക്ക to divide, disper

CV. ഛിന്നിപ്പിക്ക to produce divisio

ഛുരിക čhuriya S. = ചുരിക, (ക്ഷു

ഛേദം čhēďam S. (ഛിദ്) 1. Cut, di

ruin (ചേതം), as സ്നേഹഛേദം etc.

denominator. സമഛേദങ്ങളാക്കി

fractions to the same denominator.

the ഛേദം is 3 or 4, the അംശം

ഛേദനം cutting.

denV. ഛേദിക്ക to cut. നീ ക

ഛേദിച്ചീടുന്ന പുത്രന്മാരെ ജനന

SidD.

ജ ǰA

in S., H., Ar. words (for ǰ & z.)

ജം jam S. (ജൻ) Born, as അഗ്രജൻ etc. The 4 classes of all beings: യോനിജം, അണ്ഡജം, സ്വേദജം, ഉത്ഭിജം.

ജഗതി jaġaďi S. (ജഗൽ) Earth ഇജ്ജ.യിൽ Brhmd.; site of a house (= വാസ്തു); in C. Te. Tu. foundation ജഗതിക്കല്ലു = ചേതി.

ജഗൽ jaġal S. (ഗം moveable) 1. The world; aM. ജഗം, Vı. ചെകം (ചെകം പൊടിയാക്കും RC.). ജഗത്തുകൾ Brhmd. 2. in comp. universal.

ജഗത്ത്രയം the 3 worlds KR. മൂവുലകം.

ജഗൽകൎത്താ, ജഗല്പതി, ജഗദീശൻ AR., ജഗന്നാഥൻ Bhg. Lord of the universe, Višṇu; also ജഗത്ത്രാതാ its preserver.

ജഗൽപ്രസിദ്ധം notorious. സ്വ

ക്ഷനായിരിക്കുന്നു TR. a notori

ജഗൽപ്രാണൻ wind; ജ—ണന

Hanumān.

ജഗൽശ്ലാഘ്യം AR. deserving to

ജഗദാശ്വാസകൻ ChVr. universa

ജഗദേകസുന്ദരൻ etc. AR. the

(= ലോകൈക —).

ജഗദ്ധിതാൎത്ഥം AR. to suit the

world, conventionally.

ജഗന്മയൻ, ജഗന്മയി AR. Višṇu,

ജഗന്മാതാവു് Māyā, Lakšmi, etc.

ജഗ്ധി jaġdhi S. (ജക്ഷ, √ ഘസ്

ജഘനം jaghanam S. Loins, post

്യം last, ജഘന്യജൻ last-born, a Sūdra ; castes below the Sūdra, Sah.

jaṅgamam S. (ഗം) Moveable, ജംഗമ 'yM. (opp. സ്ഥാവരം). —

ൻ N.pr. a counsellor of the Kēraḷa hmans during the Buddhistic perse- on KM. — ജംഗമനാടകം a song he ght.

ṅgha S. The calf of the leg.

S. 1. Matted hair, as of ascetics (Tdbh. ചട, ചിട). മുടി അഴിച്ചിട്ടു ധരിച്ചിതു ജ ിച്ചു KR.; it is glued with ആലിൻപാൽ. as ജടയിടയിൽ സൎപ്പങ്ങളും Anj. Also on has a ജട (ജടകളണിതിങ്കൾ Nal.) ഴിഞ്ഞു KU. in passion. 2. ജടവേർ f palm trees; also other roots can be- matted, ജടകെട്ടി പോകും, if the trees nted too close.

ജടയൻ m., — ടച്ചി f. with formidable [KR.

രി a devotee, also ജടാധരനാസ്ന ടക രം = simpl. Bhr. ജടാശോധനം ചെയ്തു removed the matted hair.

ാസി (മാഞ്ചി) Indian spikenard, Nardos- ya Jatamansi.

N.pr. the king of vultures ഗൃധ്രരാ ; ജ. മരിച്ചിതു & ജടായുസ്സു ചത്തതു KR 4.

ർ Bhr. = ജടാധാരി.

ṭharam S. Belly, womb. ഇനിയും ജ ര. പൂവാൻ CG. to be born again.

ല a disease (പൊക്കിളിന്നു ൨ വിരൽ താ ന്നൊന്നു etc. (a. med.)

നി 1. digestive power (ജാഠരനായുള്ള വകൻ പോരാ CG.) 2. also a disease ിസാരവും ജ.യും ഉളെക്കം a. med.

ḍam S. 1. Cold, dull (fr. ജലം, C. Te. T. old). 2. body, chiefly as inert matter;

(phil.) the individual (as ജഡരൂപത്ത ിച്ചിരിക്കുന്ന ആത്മാവ് SidD.) ജഡൻ അ ായി Anj. matter.

ദ്ധി dull understanding; apathy.

ജഡത, ജഡത്വം inertness.

ജഡാവല്ലഭർ Brahmans well versed in the Vēdas.

ജഡീകൃതം, ജഡീഭൂതം rendered inactive.

ജഡുലം freckle = ജതുമണി.

ജത jaδa (Arb.) A set, H. jat = ജാതി?

ജതു jaδu S. Lac. അരക്കു; ജതുഗൃഹം = അരക്കില്ലം Bhr., ജതുഗേഹം CC. [Father.

ജനകൻ janaγaǹ S. (ജൻ, L. gigno, G. gen —)

ജനനി mother, ജനനീജനകന്മാർ parents.

ജനനം birth, ജനനമരണങ്ങൾ etc.

ജനം janam S. (ജൻ) 1. Man, person. 2. people മുനിജനം എല്ലാവരും KR., സത്തുക്കളായ ജനം; but also സുന്ദരീജനങ്ങൾ KR., സ്ത്രീജനങ്ങളെ നിബ്ബന്ധിച്ചു; ൩ ജനം നായന്മാർ TR.

Hence: ജനജനിതം noised abroad.

ജനത community; vu. ജനക്കൂട്ടം.

ജനപദം people; country ജനപദേശന്മാർ KR. satraps, governors.

ജനപുഷ്ടി populousness.

ജനപ്രീതി attachment of subjects. ജ. ജാതശബ്ദം AR. joyful acclamations.

ജനരഞ്ജന popularity, ജ.കരനാകിയ മുനി Bhr. (also philanthropic).

ജനവാദം rumour; so ജനശ്രുതികൾ ഒന്നായ്ന്നു ചേൎന്നു Bhg.

ജനസമ്മതം universal consent.

ജനസഹായബലമുള്ളവർ MR. influential persons; അവന്റെ ജനസ്വാധീനം MR. his widespread influence.

ജനറാൾ E. General (S. ജനറാട്ട്) TR.

ജനവാതിൽ Port. janella, Window; also ജനെൽ, ചെനൽ, ചെനാതിൽ.

ജനാസ Ar. janāza. A bier, സുൽത്താന്റെ ജനാസ എടുത്തു മറചെയ്തു Tippu's funeral.

ജനി jani S. (ജൻ) 1. Woman. 2. birth മേജനിമോചനം കഥം VilvP. how can I be delivered from farther births? — ജനിമൃതികൾ; ജനിമൃതിജലധൌ വീണു കിടക്കും Anj.

(I.) denV. ജനിക്ക to be born; to arise from. ജനിച്ച പാടു nakedness, inexperience. അവളിൽ, അതിൽ ജനിക്ക, (also Abl.). ആ

നാരിയിൽ ഒരു വൈശ്യനാണൻ ജനിച്ചു, അവൾ വയററിൽ ജനിച്ചു നീ KR. —

part. ജനിതൻ — പരനാൽ ജനിതൻ Bhr. born by adultery. [ചെനു ജ. SiPu.

ജനിച്ചായം a future birth ഏതൊരു കലത്തിൽ CV. ജനിപ്പിക്ക to bring forth അവളിൽ പുത്രരെ ജ. KR.; to cause ദുഃഖവും ജ'ച്ചു Bhg., എന്നുള്ള ബോധം ജ. VyM.

ജനിതാവു a father.

II. **ജനിക്ക** Mpl. & Palg. vu. (T. ചമിക്ക & ചെ—; see its v.t. ചമെക്ക) v.n. To digest (ഭക്ഷണം ജ.)

ജനിയാമ്മ (T. ചമിയാമൈ) indigestion. ജ. ഏല്ക്ക, തട്ടിപ്പോക Mpl. superst. = കൊതി ഏല്ക്ക — with vomiting & diarrhœa. — ജനിയാമ്മനീർ med. to cure it.

ജന്തു **jandu** S. (ജൻ) 1. Creature, also man ജാതനായാൽ മൃതനാം മൃതനായവൻ ജാതനാം ഇങ്ങനെ ജന്തുധൎമ്മം Bhr. 2. chiefly lower animals. ജന്തുക്കൾ പലവും Bhg. worms, etc.

ജന്തുഘ്നം what kills insects, worms.

ജന്തുപ്രായം beastly.

ജന്മം **janmam** S. (ജൻ) 1. Birth മനുഷ്യജന്മം ജനിച്ചാൽ if born as man. ഹരിണീതനയനായി ജ. ചെയ്തു Brhmd. = ജനിച്ചു. 2. the time one birth is to last. ഈ ജന്മത്തിൽ in this life. ഞങ്ങൾ ഒട്ടും ജന്മത്തു പോരുക ഇല്ല TP. never in our life. അന്യെ ജ. മുമ്പെ ചെയ്തു സുകൃതം VyM. ജന്മകോടികൾ SiPu. 3. kind, nature. അബലമാർജ. ഇതു തന്നേ കഷ്ടം KR. it is woman's nature. 4. hereditary proprietorship; freehold property, viewed as hardly alienable ആ നിലവും പറമ്പും കണ്ണനു ജ. കൊടുത്തു sold. ജ. കൊൾക to purchase. വസ്തുവക കഴകത്തു ജ. തരേണം, പറമ്പുകൾ ജ. എടുപ്പാൻ to acquire TR. (see ചെറുജന്മം). [lifetime.

Hence: ജന്മകാലം birthday, feast; lucky time;

ജന്മകടൽ repeated births. ജ'ലിൻ കല്ലോലങ്ങൾ KeiN.

ജന്മക്കണ്ടം (4) hereditary ricefields, ൧൦൦൦ നെല്ലിൻെറ ചെമ്മക്കണ്ടം TP.

ജന്മക്കാരൻ (4) landlord, proprietor; a respectable person TR. (= മുതലാളൻ).

ജന്മക്കാവൽ (4) fee to the headm
for watching ricefields W.

ജന്മദേശം native country, or l

ജന്മനക്ഷത്രം the asterism, under
born. ജന്മനക്ഷത്രമാരട്ടു കൊ
പലി (Kāladīpam). see ഞാറ്റ

ജന്മനീർ (4) parting with all th
landlord.

ജന്മപ്പണയം mortgage with p
which an additional advance
the proprietor parts with a
had reserved. — ജന്മപ്പണയം o
of such mortgage, by which t
engages never to transfer the
consent of the mortgagee.

ജന്മപ്പക = കുടിപ്പക V1.; heredi
of animals.

ജന്മപ്പുരപ്പു V1. property inherited

ജന്മഭോഗം (better ജന്മി —?) s
landlord നമ്മുടെ ജ. മൎയ്യാദ പ
റില്ല TR.

ജന്മഭ്രഷ്ടൻ V1. who has lost hi

ജന്മവകാശം (fr. Tdbh. of ജന്മ)
the price paid for a freehol
ണം, or ജന്മവില ൭൦ പണം

ജന്മവ്യാജം MR. dispute about pr

ജന്മവീടു = ജന്മനീർ.

ജന്മസാഫല്യം എന്നോക്ക SiPu. ജ
attaining the objects of life, su
ness. ജ. വരുത്തുവാൻ വൈശ്യ

ജന്മഹാനി (2) being emancipate
ണം നമുക്ക RS.

ജന്മാ (in comp.) = ജൻ, as ആത്മ
ഭാവൈദികകൎമ്മമോ പാടങ്ങ
Sūdra; നാളീകജന്മാവു CG.
lotus-born, etc.

ജന്മാന്തരം 1. former or future
ളിൽ ഞാനും കരിയായിരുന്ന
ജ'ത്തിൽ സഹസ്രാധികം വൃ
വിക്കും Sah. 2. influence of f
luck or destiny എന്റെ ജ. ഒ
come what may! 3. effects o

aring one good parents, etc. ജ. ഉള്ള
Vı. noble, well mannered — ജന്മാന്ത
രൻ B. generous. — ജന്മാന്തരവാസന
ny; peculiar talent or genius.
(= ജന്മാന്തരം, or ജന്മമരണം) suc-
n of births. മാതാപിതാക്കൾക്ക ജന്മാ
ശതം ഉണ്ടായിരിക്ക Anj.
(ജന്മകാരി = ജന്മക്കാരൻ) landlord. ജ
ı ജ. കൽ, ജ. പാട്ടം TR.
1. creature ജന്മികൾക്കെന്തോ സുഖത്തി
ന്മതി Nal. 2. landlord. ജ. ഭോഗം the
. of the landlord on mortgaged land. —
ജന്മി Vı. a noble man. — [VyM.
ർ landlord ജ'ന്മാർ തമ്മിൽ പിശകി

ıyam S. (ജനം) Common; war ജന്യാ
നം ചെയ്യുന്നിതാർ AR., ജ'ത്തിൽ മരി
ച്ചാൽ KR.

am S. Muttering prayers or names
കൃഷ്ണരാമാദി ജ. തുടങ്ങിനാർ Bhg. — ജ
ം SiPu. worship. — ദേവൻ പ്രസാദി
ത്തമം ജപയജ്ഞം SiPu. offering up
— ജപമാല rosary.

പിക്ക id. രാമരാമേതി ജ. യില്ല Sah.,
ഏകം കണ്ണടെച്ചു ജ. VetC. — With
മന്ത്രം ജ. SiPu. to consecrate. വെററില
ച്ചു പച്ചമാക്കി TP. ദ്രോണർ കവചാ
കൊടുത്തു സുയോധനന്ന Bhr.
ദിജരെക്കൊണ്ടു വേദം ജപിപ്പിച്ചു SG.

zabti Confiscation, sequestration ജ.
ിക്കുന്ന നെല്ലു വിട്ടുകൊടുക്ക MR.

ma' 1. Collection; assessment. ജമ
ം assess. അവരെ പേരിൽ ജ. ആയി,
ൻറ നികിതി ജമ പൊളുവാളുടെ പേ
കനു MR. 2. assembly, body of people.
ൻ MR. the tax-payer.

(2) P. captain or lieutenant, native
r of a company (above the serjeant.).

Ar. jamā'at, congregation; Friday as
ay of assembly — ജ. പള്ളി the great
ne ജ. പള്ളിയിൽ കാതിയാർ TR. ജ.
ട്ടു പറഞ്ഞു brought it before the con-
tion. jud.

ജമാഖൎച്ച receipts & disbursements.

ജമാപന്തി settlement of the assessment; written demand for taxes ജ. എഴുതുക, ജ. പ്പടിക്കള്ള മുതൽ തന്നു TR. (P. jam'bandī).

ജമാവസൂൽബാക്കി an account stating the payment due, the amount received & the arrears.

ജമക്കാളം P. jām-khāna. Fine carpet, also ചമുക്കാളം.

ജമീദാർ P. zemīndār "Soil owner," landlord.

ജമ്പതികൾ jambaδiγaḷ S. = ദമ്പതിമാർ.

ജംബു jambu S. (fr. ചെമ്പു?) Eugenia Jambolana, rose-apple tree. നാട്ടു ജ. — Jambosa vulg. or Malaccensis. വിലാത്തി — Sonneratia rubra. Rh. —

ജംബുകൻ S. = കുറുക്കൻ, a jackal. Bhg. ജ. പകലേ കരക Brhmd.

ജംബുദ്വീപു S. the central continent, with India. ജ. ഏഴ ദ്വീപുകളിൽ ഉത്തമം GnP.

ജംഭൻ jambhaǹ S. (crushing with the teeth) N. pr. An Asura — ജംഭാരി Indra, Bhg.

ജയം jayam S. (ജി) Victory. ജയം കൊൾക to conquer, തമ്മിൽ ജ. ചൊല്ലി ഭാരവിന്നു നേരമായി പറന്നു KR. betted.

ജയജയ S. (Imper.) hail! പദ്ധതിതോറും ജ. ശബ്ദവും Bhr. — the call is rendered in Mal.: മാനവവീര ജയിക്ക ജയിക്കതേ AR 6. — ജയതി ധൎമ്മം Bhr. conquers.

ജയധ്വനി shout of victory (& prec.) so ജയശബ്ദഘോഷഘോഷത്തോടും Bhg.

ജയദ്രഥൻ (with conquering chariot) N.pr. a king of Sindhu, Bhr.

ജയന്തി (part. f.) 1. the night of Cṛshṇa's birth, കൃഷ്ണ ജ. 2. = ചെവ്വന്തി.

ജയപത്രം VyM. award, decision = തീൎപ്പു.

ജയശീലൻ victorious, ജയി.

ജയശേഖരൻ N. pr. a Trav. king KU.

ജയശ്രീ victory, ജ. യെ വഹിക്ക VetC.

ജയസ്തംഭം a trophy. ജ. നാട്ടുക.

ജയാജയം gain & loss പൊരുതു ജ. നിശ്ചയിപ്പാറാം പണി KR. ജ'ത്തിന്റെ ഗുണദോഷം വിചാരിച്ചു MR. calculated his chances of success.

denV. ജയിക്ക to conquer, succeed പിതൃലോകത്തെ ജയിക്കും VyM. will gain ജയിക്കായി വരിക Mud. win!

VN. I. അവിടെ ജയിപ്പൊനാക TP. — also II. ജയിമ mastery ജ. കിട്ടിയില്ല etc.

CV. ജയിപ്പിക്ക, so പോൎക്കളത്തിൽ ജയിപ്പിച്ചു KumK.

ജര jara S. (G. geras.) Wearing out; old age; also personified ജരയാം പിശാചി മങ്ങി Bhr 2.

ജരഠം 1. old. 2. hard ഇന്നു ജരഠനായീടിനേൻ KR 3. [Bhr. old age.

ജരാനര grey hairs. ഇന്നു തുടങ്ങി ജ. ഉണ്ടാക

ജരായു (slough of a snake) the chorion. ജരായുജം viviparous.

denV. I. ജരിക്ക 1. to grow old. 2. to be digested. (ജരണം GP. what helps digestion).

II. ജരെക്ക to grow old.

ജറൂർ Ar. żarūr Necessity; urgent.

ജലം jalam S. Water; urine — ജലം ചൊരിച്ചൽ diabetes.

ജലകണം a drop. ജ'ങ്ങളെ ഒഴുക്കി KR. tears.

ജലകൂൎമ്മം (delphin), a disease, Nid 14.

ജലക്രിയ libation, അവനെ കൊല്ലാതേ ജ. ചെയ്യയില്ല Mud.

ജലക്രീഡ bathing sport. Bhg.

ജലജം waterborn, aquatic.

ജലജപം a ceremony to procure rain. D.

ജലദം cloud, ജലദാളിഛൽമാല KR.

ജലദോഷം a cold. ജ. പിടിച്ചു.

ജലധാര pouring fresh water on the body, med.

ജലധി, — നിധി the sea; fig. സൽകഥാരത്നജ. ഭവാൻ, കരുണാംജ. Brhmd.

ജലധരം id. (also cloud).

ജലപങ്കം എന്ന പോലെ AR. thorough mixture.

ജലപാനം drinking water ജ. ചെയ്തു.

ജലപിശാചു superstitious anxiety about purity.

ജലപ്രളയം a flood; the deluge.

ജലപ്രാണി, — ജന്തു aquatic creatures. Arb.

ജലപ്രായം swampy (of soil = അനൂപം).

ജലബാധ urinary impulse. പുറത്തു ജ'ധെക്കു പോയി MR. to make water.

ജലമയം watery.

ജലയന്ത്രം a water-work, syringe, clepsydra.

ജലരേഖ writing on water, ജ. പോ
നിന്നോടു ചൊന്ന ഉപദേശം ജ.
Bhr.

ജലവാഹം cloud.

ജലശൂല hydrocele (ആന്ത്രശൂല).

ജലസൂത്രം a dam or passage for wat

ജലസ്ഥലം f.i. എങ്ങു ജ. AR. where
to be found (for bathing etc.)
സ്ഥലഭ്രാന്തി ഉണ്ടായതും Bhg.

ജലാധാരം reservoir, ജലാശയം.

ജലാശനം V1. water-diet.

ജല്ദി P. **jaldi** Speedily.

ജല്പനം jalpanam S. Babbling —

denV. ജല്പിക്ക to babble, to chat
നന്നല്ല ജ'പ്പതു Sk., നമ്മോടു ജ'
വികല്പമില്ലാത്തവൻ SiPu. (not
the king).

part. ജല്പിതം babble.

ജവം javam S. (ജു) Speed ജവഗതി
AR. — ജവാൽ, ജവേന quickly.

ജവനൻ 1. running. 2. Tdbh.,

ജവാബ് Ar. **javāb.** Answer
ജ. എഴുതി, ആയതിന്നു പ്രതി ജ.
ച്ചതും ഇല്ല TR.

ജവാദു javāďu T. M. (C. Tu. — ജി,
ദി, also S.) Civet, Ar. zabād =
ജവാദുകൂട്ടക്കയ്യും KU. an old tax o
bag.

ജളം jaḷam S. (= ജഡം) Cold, slugg
ജളൻ stupid, blockhead. ജളപ്രഭോ
foolish, wicked king! — so ജള
മയൻ Bhg. — ജളത Mud. block

ജളത്വം 1. apathy. 2. meanness
തേ നില്ല SG. no false promises.

ജളൂക jaḷūγa S. (ജലം or ചെള്ള 3.
അട്ട, hence denV. ജളുവിക്കേണം,
ചോര നീക്കേണം Nid. (old ചെളി

ജാഗരം jāgaram S. (G. grēgor)
waking; also ജാഗരണം, ജാഗ്
awake, vigilant.

part. ജാഗ്രത്ത് waking. സ്വപ്നവും
എന്നു വന്നു Bhr. trance.

aking, ജാഗ്രത്തിങ്കൽ കണ്ടു Bhg. Hence w noun:

ം മഹാജാഗ്രം അഥ ജാഗ്രസ്വപ്നവും lucination), ജാഗ്രം പേറിട്ടു KeiN. chiefly phil. sense. ജാഗ്രമാം പ്രപഞ്ചത്തിൽ പ ്രപഞ്ചങ്ങൾ കാണാസ്സുതും SidD.

carefulness, activity. ജാ.പ്പെട്ടു, ജാ. പ്പെ warned. പണിക്കശേഷിയും ജാ.യും MR.

P. **jāgīr** Land given by Government സുല്ത്താൻ ജാ. രാജാവിന്നു കൊടുക്ക ർക്കാരിൽനിന്നു കല്പിച്ചു തരുന്ന ജാഗീർ പാങ്ങി അനുഭവിക്ക TR. (= മാലിഖാന).

ം **jāṅġalam** S. Dry jungle കരു ജാ' ട്ടവ പോയി KR.; a climate in which diseases prevail. med.

ḍar (C. ജാഡ, Te. jēndra = ചാലിയർ) 's, No. jud.

am S. (part. of ജൻ) Born, arisen. സ ാ'മാം VilvP. = ഉണ്ടാകം. In many comp. ന്തൻ having already teeth. ജാതരോഷം grily, ജാതസന്തോഷം PT. & ജാതമോ Brhmd. joyfully, ജാതാനുകമ്പം VetC.

1. nativity; the horoscope calculated : a birth ജന്മപത്രിക; ഉജ്ജാതകത്തി ം ശക്തി ചൊല്ലാവതോ Nal. ജാ. ഗണി എഴുതുക. 2. destiny. നമ്മുടെ ജാതകവ ൾ unfortunately. എന്റെ ജാതകഫലം my fate. അവക്കു ജാതകത്തിന്നന്തമായി they obtained, what their destiny de- d.

ൎമ്മം ceremony incident on a birth ജാ.ാദി ചെയ്തു Brhmd., ജാതക്രിയ കഴിച്ചു Bhg.

രൂപം gold.

വദസ്സ് (knowing all beings) Agni.

ti S. (ജൻ) 1. Birth (instr. ജാത്യാ q. v.) tion into which one is born, family, rank. ജാതിക്കും നീതിക്കും ഏറക്കുറവു ണ്ടു KU. ഞങ്ങളെ ജാതികൾ ഒക്കക്കൂടി ജാതിക്കാർ). ജാതി കെട്ടു പോകും TR. ste-distinctions will be lost. 3. kind ഏതൊരു ജാ. കടക്കും AR. how will they cross the sea. വല്ല ജാതി എന്നാലും SiPu. anyhow. എല്ലാ ജാ. യും Brhmd. 4. good, genuine kind. ജാതിച്ചൂതങ്ങൾ Nal. excellent mango-trees. ഈ എഴുത്തു എത്രയും ജാതി superior. — hence ജാതി teak, nutmeg, etc.

ജാതികൎമ്മം (2) family ceremonies, കാലം തോറും നടത്തിക്കൊണ്ടു വരുന്ന ജാ. ങ്ങൾ നടപ്പാൻ TR. [chata, ജാതിഫലം.

ജാതിക്കാ(യി) GP 76. nutmeg, Myristica mos-

ജാതിക്കാരൻ (2) one of a caste, ഏതു ജാതിക്കാ രനും Anach. (4) a European; of a superior tribe.

ജാതിക്കുതിര (4) a high-bred horse, ക്രൂരോത്തു മ ണ്ടുന്ന ജാ. കൾ KR.

ജാതിചന്ദനം TP. a valuable timber-tree.

ജാതിഞായം caste-rule, ജാ. പോലെ TR.

ജാതിദോഷം caste-offence, പിഴെച്ച ജാ. ഉണ്ടാ യി KU.

ജാതിധൎമ്മം duty of each tribe; so: ജാതിനീതിക്ക് ഇളപ്പം വരും Sah.

ജാതിപത്രി (4) mace. — ജാതിഫലം nutmeg.

ജാതിഭ്രംശം loss of caste; so അവനു ജാതിഭ്ര ഷ്ടുണ്ടു Anach.; ജാതിഭ്രഷ്ടനാസ്സുരിക Bhr.

ജാതിമരം (4) teak-tree = തേക്കു; കാട്ടു ജാ. the wild nutmeg-tree. [ക്ക TR.

ജാതിമൎയ്യാദ (= ജാതിഞായം) ജാ. പോലെ നട

ജാതിമാത്രോപജീവി Bhr. who has nothing but his birth to live upon.

ജാതിവൈരം RS., Bhg. natural or inherited enmity (കീരി സൎപ്പം പോലെ ജാ.).

ജാതിഹീനൻ of low caste.

ജാതു (po.) once, possibly.

ജാത്യം genuine; natural ഒരു കാൽമേൽ ഉറച്ചു നിന്ന് ഉറങ്ങുന്നതു ജാ. MC.; മഹാജാത്യമാം പു ല്ലു the finest grass.

ജാത്യാ (1) by birth. ജാ. ഉള്ള ധൎമ്മണം MC. innate, inherent; also ജാത്യാൽvu. naturally. ജാത്യാന്ധൻ = പിറവികുരുടൻ.

ജാത്യാരി Bhg. (= ജാതിവൈരി); ജാത്യാദി വൈ രം കളഞ്ഞ ജന്തുക്കൾ Bhr.

ജാത്ര **jātra** Tdbh., യാത്ര; also ചാ — Nasr. etc.

ജാനകി **jānaγi** S. Sīta, daughter of ജനകൻ KR.

ജാനു jānu S. (L. genu, G. gony) The knee, തൻ ജാ. വും പൂണ്ടു കിടന്നാർ CG. (from cold).

ജാപകൻ jābaγaǹ S. (ജപ്) Mutterer മന്ത്രജാ'ന്മാർ Bhr.

ജാമം H. Tdbh., യാമം; even ഒരു ജാമരാത്രി ഇരിക്കുന്ന സമയം (Mpl.).

ജാമാതാ jāmāδā S. (ജാമി sister) Son-in-law എന്നുടെ ജാ. വാകേണം മാധവൻ UR.

ജാമീൻ Ar. žāmin, Security, bail ജാ'നായി നിന്നു പോയി, പണത്തിന്നു ജാമീനാക്കി, വത്തകരെ മനസ്സുണ്ടാക്കി ജാ. ഏല്പിച്ചു, ജാമീൻനിന്നു അവരെ കയ്യേററു തടവിൽനിന്നു കിഴിച്ചു, അവനെ ജാ. കൊടുത്തു, ഞാൻ അവരെ ജാ. TR.

Kinds: മാൽജാ. monied security, റൊക്കജാ. bondsman for payment of a debt, ഹാജർജാ. personal security.

ജാമ്യൻ id. അവനെക്കൊണ്ടു ജാ. വാങ്ങി took bail for him TR., അവനു വേണ്ടി ജാ. നിന്നു MR.

ജാമ്യം (mod.) id. ജാ'ത്തിന്റെ സംഗതി MR. — ജാമ്യക്കാരൻ, ജാമ്യദ്രവ്യം VyM. — ജാമ്യച്ചീട്ടു bond of security. ജാ. ഏല്ക്ക, വാങ്ങുക, കൊടുക്ക, നില്ക്ക etc. ഒരുത്തനെ ജാ. ഒക്കുക VyM. to make one to stand security.

ജാംബവം jāmbavam S. (ജംബു rose-apple).

ജാംബവാൻ S. king of the bears KR.

ജായ jāya S. (ജൻ) A wife.

ജാരൻ jāraǹ S. A paramour. — ജാരവൃത്തി adultery, ജാരസമ്പൎക്കം Si Pu. — ജാരശങ്ക (husband's) jealousy.

ജാലം jālam S. 1. Net & what is like it. 2. lattice ജാലാന്തരം Bhg. behind the window. 3. net-like conglomeration വീചിജാ. CG. succession of waves. ക്ഷൗദ്രജാ. Sk. തേനുള്ളി ജാ'ങ്ങൾ CG. honey. 4. ഇന്ദ്രജാലം magic art, ഇന്ദ്രജാ'ത്തെ കാട്ടി സമ്മാനം വാങ്ങീടുവാൻ Sk.

ജാലകം id. esp. a window, see ചാലവാതിൽ.

ജാലികൻ one, who uses nets or magic.

ജാല്മൻ jālmaǹ S. A rascal; inconsiderate, rash, mean.

ജാവാരി Tdbh.=വ്യാപാരി & രാവാരി.

ജാസ്തി Ar. žiyādati, Te. C. jāsti. Addition, increase f. i. higher pay, etc. ചിലക്ക
ഉണ്ടാവാനും ചിലക്ക കമ്മി വരുവാന

ജാഹ്നവി jānhavi S. Jahnu's daught

ജാള്യം jālyam S. (ജഡ) Apathy, foll
lessness. ഇച്ചൊന്നവരുടെ ജാള്യം ഇനി
സ്സാൻ Bhr.

ജിഘാംസ jighāmsa S. (desider.
Wish to slay, revenge.

ജിജ്ഞാസ jijñāsa S. (desider. of
to know, inquiry ജി.ാവശാൽ Gan. fo
— ഉപായം ജിജ്ഞാസിച്ചീടുവാൻ Bhr. (
about a means. (denV.) [

ജിജ്ഞാസു KeiN. a philosophical inqu

ജിതം jiδam S. (part. of ജി) 1. Co
കയും നിന്നാൽ ജിതയായി AR. — (
AR. subdued by a woman. 2. h
quered, as ഇന്ദ്രിയജിതൻ, നിജശ
തനായി Bhg. 3.= ചിതം, ഉചിതം
ജിതകാമനായി AR. suppressed lus
ജിതബുദ്ധി subdued mind.

ജിതശ്രമം without trouble ചെന്നു
Prahl., AR. — ജി'ത്വം കണ്ടു Br

ജിതേന്ദ്രിയൻ (Bhg. — ന്ദ്ര്യ —) one
brought his organs into subjecti
യിരിക്കയും വേണം Tantr. esp.

ജിതേന്ദ്രിയത്വം continence, Bhg

ജിത്തു conquering അതിസാരജിൽ
ജിൽ GP. removing diarrhœa, e

ജിനിസ്സ് Ar. jins (G. genos) Sort,
റോ ജിനിസ്സുകളും MR.; also ചിനിസ്സ

ജിന്നു Ar. jinn & ചി—, A geniu

ജില്ല Ar. žila', side; 1. A district, ju
vince. — മറുജില്ലക്കാരൻ jud. 2.
court.

ജിഷ്ണു jišṇu S. (ജി) Victorious; Ind

ജിഹ്മം jimham S. Crooked. ജിഹ്മ
കൊണ്ടു മോഹിപ്പിച്ചു Bhg.; ജി'മാ
a. med. slow leprosy.

ജിഹ്വാ jihva S. (ഹ്വാ) The tong
organ of taste. ജി. യിൽ ഒരു മ
ക്ക a. med.; ജിഹ്വാഗ്രമാൎജ്ജനം, ജ

CC. on the tip of the tongue. — ജിഹ്വാ
Nid. a disease of the tongue. [anchor.
īn 1. A saddle. 2. (= ചീനി 3) a wooden
jīmūtam S. Cloud, ജീമൂതകോമളം CC.
am S. (quick) & ജീരകം GP75. Cumin-
r. ജീൎ Te. C. line) see ചീ —.
ചാലൻ a kind of rice = ചോരൻ.

jīrṇam S. (ജർ) 1. Worn, tattered;
സി ജീൎണ്ണം എന്നാകിലും ദേഹികൾക്ക്
പ്രിയം ദേഹം AR. (the body often
red to a cloth). ജീൎണ്ണങ്ങളായുള്ളവ ഉപേ
ക്ഷയാലും ഗ്രന്ഥം ഉണ്ടാം a. med. old food,
sh. 2. digested ആഹാരം ജീ'മാകാത്ത
ാരിക jud.
ളം a bathing-tank with broken sides.
ന്ത്രം rags.
ദ്യാനം a ruined garden. ചാകിന്ന കോ
ട്ടു ജീ'ത്തിൽ വന്നു Mud. for suicide.
ജീൎണ്ണിക്ക to decay, to fall in ruins അ
ലം ജീ'ച്ചു പോയി.

jīvan S. (G. zaō, L. vivo) 1. A living
pl. പല ജീവന്മാർ GnP.; ഇജ്ജീവന്മാർ
.; also വനത്തിലെ ജീവങ്ങൾ നാദിച്ചു
2. life, individual soul. ഇപ്പോൾ ജീവ
നോടെ ഇരിക്കുന്നവർ MR. the now living.
ന്റെ വാതിൽ പുറപ്പെട്ടു ജീവനും മണ്ടിന
പുരങ്ങളുമായി CG. — met. ശൃംഗാരത്തിൻ
കൾ CG.
ം living; a foreign med. root GP 60. one
he അഷ്ടവൎഗ്ഗം, named with ഇടവകം
ിരുനാമപ്പാല). [MC.
ജാലം (1) host of living creatures, ജീ'ങ്ങൾ
ത് (part.) living; ജീവച്ഛവം a corpse
ist alive (അവർ ജീവശവങ്ങളായി vu.)
'.
ധാരണം sustentation of life ജീ. എനി
ന്നി വേണ്ട CC. അപ്പുകൾകൊണ്ടു മാത്രം
ചെയ്തു Nal., so ജീവനെ ധരിച്ചു Nal.
stained life.
ം 1. life എന്നുടെ ജീ. നിന്നുടെ കയ്യിൽ
, ഞാലികാളും തന്നെ ജീ. എന്നു നടക്ക
TR. counting it our life. ശോധിച്ചന്ത
നുടെ ജീ'മായല്ലോ കേവലം മേവുന്നു പാണ്ഡവന്മാർ CG. ജീവനകാംക്ഷ KR. = മൃത്യുഭയം in war. 2. means of life (= ജീവനോപായം), livelihood ജീ'ത്തിന്നു ഉപായം ഇല്ലാതെ ജീവനവൃത്തി എങ്ങനെ കഴിച്ചു വരുന്നു jud. TR.

ജീവനാശം death; ജീ. വരുത്തികളയും MR. kill.

ജീവന്മുക്തൻ (ജീവത്ത്) emancipated whilst alive, as a ബ്രഹ്മവിത്ത് KeiN. ജീവന്മുക്തരായിനാൽ AR. (without first dying). —

ജീവന്മൃതൻ AR. dead whilst alive, as an ungrateful son.

ജീവനില = Marmam; station of life.

ജീവന്തി a. med. root GP 60. = അടപൊതിയൻ.

ജീവരക്ഷ ചെയ്ക KN. സ്ത്രീയുടെ to preserve alive.

ജീവരാശികൾ = ജീവജാലങ്ങൾ.

ജീവലംഘന death, ജീ. വിധിക്ക CC.

ജീവസ്ഥാനം (= മൎമ്മം) a joint.

ജീവഹിംസ ചെയ്ക to destroy life.

ജീവാക്ഷരം a vowel (gram.).

ജീവാത്മാവു KeiN. the individual soul (പരമാത്മാ the soul of the world).

ജീവി a living being; (ഗോജീവി living by cattle).

denV. ജീവിക്ക 1. to live ജീവിച്ചാൽ മതി എന്നു് ഓട്ടുക KR.; താതന്റെ ഞാൻ ജീ'ച്ചിരിക്കവേ AR.; ജീ'ച്ചേൻ ഇത്രനാളും Bhg.; ജീ'ച്ചു കൊൾവാൻ എന്തിനി നല്ലതു Bhr. to save our lives. 2. to come to life ജീ'ച്ചെഴുന്നീറ്റു Bhr., പിന്നെയും ആ നേരം തന്നേ ജീ'ച്ചെഴുന്നീറ്റു VetC. — രാഘവന്മാരെ ജീ'പ്പിക്കുവാൻ AR. to resuscitate. 3. to live upon വൈദ്യൻ വ്യാധിതങ്കൽ ജീ. Bhr.

CV. ജീവിപ്പിക്ക to quicken പോരിൽ മരിക്കും അസുരരെ ജീ'പ്പിച്ചീടും Bhr.; മരിച്ച ജനങ്ങളെ വാമനേത്രംകൊണ്ടു ജീ'ച്ചു SitVij.; ഇന്ദ്രനാൽ വധിച്ചോരു ശുക്രനാൽ ജീ'ച്ച മഹാബലി Bhg. കഞ്ഞിയിലും പാലിലും ജീ'ച്ചു TP. nursed the patient most tenderly.

ജീവിതം (part.) 1. living; quickened. 2. life ജീവിതകാലം lifetime. ഗമിക്ക നീ ജീവിതകാമൻ എങ്കിൽ CC. if you wish to live. ജീവിതാശയും വിട്ടു Bhg. — ജീവിതേശൻ husband; ജീവിതേശ്വരി Nal. wife. 3. wages, daily allowance, as of ഒന്നേമുക്കാൽ നാരായം; ആണ്ടിന്നു ൩൦ പണം ജീ. ഉള്ളവൻ CS.

ജീവിതവ്യം what one has still to live V1.

ജീവിതാവധി until death ജീ. കേൾക്കിലും AR.

ജുക്തി Tdbh., യുക്തി as Mpl. ജു. വിചാരിച്ചു Ti.

ജുഗുപ്സ jugupsa S. (desider. of ഗുപ്) Abhorrence, censure.

part. ഞാൻ ചെയ്യു കൎമ്മവും പാരം ജുഗുപ്സിതം; Nal. ജു'മായ ക്രൻ Bhg.

ജുസ് Ar. juz. Section of a book (=8 leaves). കുറുവാൻ ൩൦ ജുസ്സും കാണാതേ പാടുക (Mpl.)

ജുഷ്ടം jušṭam S. (part. of ജുഷ്) Liked;=ഉച്ഛിഷ്ടം.

ജുഹൂ juhu S. (ജിഹ്വാ) The tongue; a sacrificing spoon. സ്രുവവും ജുഹൂവും കയ്യിൽ എടുത്തു Sk.

ജൂതി jūti S. (= ജവം) Speed.

ജൂൽ H. **jhūl,** Horse-cover.

ജൃംഭണം jṛmbhaṇam S. Yawning, stretching the limbs.

denV. ജൃംഭിക്ക to expand കാമാതുരനയനം Bhg., വീൎയ്യം നടിച്ചു വിജൃംഭിക്ക Nal.

part. ജൃംഭിതഭാവത്തോടേ മെല്ല ഉണൎന്നു Bhr.

ജേതാ jēδā S. (ജി) Conqueror. — രാമദൂതം ജേതും ചെന്നു AR.= ജയിപ്പാൻ.

ജേയം vincible.

ജേൽ E. **jail.** ജേലിൽ പാൎപ്പിച്ചു MR.

ജൈനർ jainar S.(adherents of ജിനൻ a Buddist saint, √ ജി). The Jainas, ജൈന്യജാതികളിലുള്ളവർ TR. considered as ranking below Nāyar. — Hanumān leaving Sīta ജൈന്യദേശത്തിൽ ചാടി KR.

ജൈമിനി S., N. pr. **Jaimini,** The teacher of the Mīmāmsa, ജൈമിനീയന്യായമീമാംസ Nal.

ജോഗി=**യോഗി,** A caste; also a Yōgi ജ്ഞാനസ്വരൂപികളായിരിക്കുന്ന ജോഗീശ്വരന്മാർ KU.

ജോടു H. **joṭ** 1. A pair, match, couple ജോടായി പാൎക്ക MC. (= ഇണ). 2. a pair of shoes.

ജോനകൻ= **ചോനകൻ; യവനൻ;** ജോനോർ Mpl. Song. കാതിയാർ മുതലായിട്ടുള്ള ജോ'ന്മാർ KU.; also ജോനകമാപ്പിള്ള.

ജോരാവരി P. **zōr-āvari** Force.
ഏതാനും ദ്രവ്യം പിഴ ചെയ്യിച്ചു,
ജോ. യായി വാങ്ങി TR. extorted.

ജോലന H. **jhōlā, jhōli** A wallet.

ജോലാ H. **jōlā,** Deceit. —
to accomplish, full of intricacy.

ജോലി C. Te. interference, meddlin
അവരോടു യാതൊരു ജോലിക്കും
സംബന്ധമായിരുന്നു Arb. gave no a
(No. also ജോലിയം).

ജോഷം jōšam S. (ജുഷ്) Contentm

ജ്ഞൻ jñan S. (ജ്ഞാ, G. gno) Kn
മോക്ഷജ്ഞൻ, അജ്ഞൻ.

ജ്ഞപ്തി knowledge, ജ്ഞപ്തിരൂപനാ
മേവൻ Adw S.

part. ജ്ഞാതം known; ജ്ഞാതവ്യം to

ജ്ഞാതാവു knower. ജ്ഞാതൃജ്ഞാനജ്ഞേ
നൻ Adw S.

ജ്ഞാതി (ജൻ?) kinsman ജ്ഞാതിജന
Tdbh. ഞാതി T. & V1.

ജ്ഞാനം 1. knowledge. 2. scienc
vine knowledge, spiritual philos
യല്ലോ മഹൽജ്ഞാനമാതാവു AR.

ജ്ഞാനദൃഷ്ടി inward eye; foreknowl
കൊണ്ടറിഞ്ഞു VetC.

ജ്ഞാനമൂൎത്തി God = ചിൽസ്വരൂപ
യോടു പ്രാൎത്ഥിച്ചു KumK.=Cṛsh

ജ്ഞാനപൂൎവ്വം knowingly ജ്ഞാ'മായി
വരുത്തിയാൽ VyM. intentionall

ജ്ഞാനവാൻ, learned, wise; also
(as well as ജ്ഞാനികൾ V1.)
an astrologer. [

ജ്ഞാനേന്ദ്രിയം the organs of sen

ജ്ഞാനോപദേശം spiritual instruc
നിനക്കു് എത്ര തരം ചെയ്യു Bhr.

ജ്ഞാപകം 1. making known. 2. memory.

ജ്ഞാപിതൻ (& ജ്ഞപ്തൻ) instructed,
ജ്ഞാപിതം made known.

ജ്ഞേയം to be known
ഭേദം തോന്നുന്നതു് എത്രനാൾ
ശാസ്ത്രം Bhg.

(ജ്യ to oppress) 1. Bowstring, ഞാൺ in
ം Bhr., ജ്യാനാദഘോഷം കേട്ടതില്ലേ AR.
അർദ്ധജ്യാക്കളായിട്ടു വരും, ചാപത്തി
ർദ്ധജ്യാവുകൊണ്ടു ഉപയോഗം ഉണ്ടു Gan.
പ്രകരണം treatise on arcs & sines.

ഠൻ **jyēšṭhaṅ** S. (Superl. of ജ്യാ strongest,
ജ്യായാൻ) 1. Superior. 2. elder brother
ട്ടൻ, ഏട്ടൻ). ഗുണജ്യേ'നായ സുതജ്യേ.
ഷ്ഠാംശമേ നിണക്കുള്ളു Bhr. the share of
-born VyM. (നേരെ, ൨ാം etc., മൂത്ത ജ്യേ.
elder, etc.)—also elder sister's husband.
. elder sister, commonly ജ്യേഷ്ഠത്തി, as
ഷ്ഠാനുജത്തിമക്കൾ MR. the children of
sters. 2. Laxmi's elder sister, Pandora
. 3. the 18th asterism തൃക്കേട്ട.
ത്തി elder sister ഞാനും എൻ ജ്യേ.യും
also an elder brother's wife.
the right of the first-born, also:
ഷ്ഠ്യം. [ചോതി.

സ് **jyōtis** S. (ജ്യൽ) Light, a star, vu.
ഷ്കൻ an astrologer.
ഷം (also ജ്യോതിശ്ശാസ്ത്രം) astrology &
nomy. ജ്യോ. പറക to foretell V1.—
തി നമുക്കെന്തായിവരുവാൻ ചിന്തിക്കേ
ഇ ജ്യോ. ഇപ്പോൾ SG. [ger.
ഷക്കാരൻ,—കാരി (—ക്കാരി) an astrolo-
ഷ്ടോമം KR. a Sōma sacrifice, (സ്തോമം).
moon-night, moon-light CG. [ger.
ം astronomy,—ത്സ്യർ (hon.) an astrolo-

ജ്വരം jvaram S. Fever (പനി). ജ്വരക്ലേശം CC.; ഉഗ്രമായുള്ള ശിവജ്വ. യദുക്കളെ ബാധിച്ചു Bhg.; personified ശൈവജ്വ., വിഷ്ണുജ്വ. CC.; സ ജ്വരന്മാരായിപ്പോയി Bhr. from fright. Kinds: പിത്ത — bilious fever, ശീത — or വാത — fever with ague, കഫ — phlegmatic fever. — fig. ചിന്തയാകുന്ന ജ്വ. Brhmd., ചിത്തജ്വ. വളൎന്നു Bhg. rage.

ജ്വരക്ഷയം, ജ്വരഘ്നം GP. febrifuge.

denV. ജ്വരിക്ക to have fever, Tantr.

part. ജ്വരിതം feverish.

ജ്വലനം jvalanam S. Blazing.—ജ്വലനൻ fire.

denV. ജ്വലിക്ക to blaze. സൂൎയ്യൻ ജ്വ. Bhg. in the hot season. ജ്വാലാസമൂഹങ്ങൾ ഏറ്റം ജ്വ.യാൽ Nal. in a jungle-fire. — fig. ജ്വ'ച്ചിതു ചിത്തം Bhr. dismay.

CV. ജ്വലിപ്പിക്ക 1. to kindle, inflame. ചിതയിൽ വെച്ചു തീ ജ്വ'ച്ചു PrC., വഹ്നി എരിഞ്ഞു കത്തി ജ്വ'ച്ചു Bhg., അഗ്നിയെ ജ്വ'ച്ചു Mud., പേൎത്തും ജ്വ'ച്ചു ഹോമം ചെയ്തു Brhmd. 2. met. ചിത്തം ജ്വ'ച്ചു മൽഭാഷിതം Nal. kindled love.

ജ്വാല 1. flame ജ്വാലാമാലകൾ കത്തി പൊങ്ങി, ഒന്നിനും അഗ്നി ജ്വാ. തട്ടിയാൽ അശ്ശുദ്ധിയില്ല Bhr., ഇളകും ചേരും ജ്വാലാ കണക്കേ രജോഗുണം KeiN. 2. slight influence ഉവർവെള്ളത്തിന്റെ ജ്വാ. തട്ടാത്ത ദിക്കിൽ MR. ground not reached by any salt water.

ഝ J̆HA

(in S. words.)

jhaṅgāram S. (Onomat.) The sound
zz, hum വണ്ടിന്റെ — Nal., ഭൃംഗ —
Yōgis muttering ഝങ്കാരനാദം HNK.

jhañjha S. (Onomat.) Noise of wind &
rm. — ഝംഝനം also tinkle of orna-

jhaḍajhaḍa (Onomat.) — നിനാദം
Warlike sound — a crush; hence

ഝടിതി = പെട്ടന്നു suddenly (ഇതി).

ഝരം jharam S. A cascade, അരുവഴിയാറു.

ഝൎഝരി jharjhari S. Cymbals KR. = കുഴിത്താളം.

ഝലജ്ഝല Onomat. Sound as of clattering arms, chains ഝ'ലോൽപ്രഘോഷിതം RS.; also ഝംഝലം RS.

ഝഷം jhašam S. A fish തിമിഝഷാദ്യങ്ങൾ AR.

ഝുരഝുര എന്നാടുക (Onomat.) Flapping of an elephant's ear.

ഝ. ഘോഷം RS. the splash of waves (sea.)

ഝള്ളി jhaḷḷi S. Cymbals.

ഝാടം jhāḍam S. (ജട്) An arbour, thicket.

ഝില്ലി jhilli S. 1. A cricket കന്ന
ഝങ്കാരനാദമണ്ഡിതം AR.; also ഝി
കൊണ്ടു മുഴങ്ങുന്നു KR. 2.=ഡില്ലി D
in Bhr. as N. pr. of a king.

ഞ

ŃA

ഞ represents ന or യ of the other Dravidian languages, & even ജ & ച.

ഞങ്ങൾ ńaṅṅaḷ We (exclusive of the addressed), pl. of ഞാൻ; in Gen. often ഞങ്ങടെ TR.

ഞെങ്ങുക see ഞെ—.

ഞടുക്കം ńaḍukkam (loc.)=നടുക്കം Arb.

ഞണുങ്ങുക ńaṇuṅṅuγa So. (C. നഗ്ഗു) To be bulged, crushed.

ഞണുക്കുക, ക്കി v. a. to bulge, to crush.

ഞണഞണക്ക, ത്തു So. To be sticky, clammy.

ഞണ്ടു ńaṇḍu T. M. (Te. C. യ—, T. ന—) C. നള്ളി & ഏഡി, Tu. ഡഞ്ജി) A crab; kinds: വയൽ—, പുഴ—, കടൽ—, കര—, etc.

ഞമഞ്ഞി ńamańńi Hor., MC. & ഞമിഞ്ഞി, നമിച്ചി (T. നമ, C. Te. നവു to itch?) A bivalve shell-fish, found in ricefields. — ഞ. മാംസം GP. whelk.

ഞമഞ്ഞിക്ക a cockle V2.

ഞമഞ്ഞിപ്പൊട്ടി V1. a bird, that lives on shell-fish.

ഞമിഞ്ഞി (—വി—) ഒട്ടു No. a spiral fresh-water snail.

ഞമുങ്ങുക ńamuṅṅuγa (T. ഞെ—) To yield to pressure, to sink, bulge=ഞണുങ്ങു So.

ഞമുണ്ടുക ńamuṇḍuγa (C. നവുടു to rub) To squeeze; knead, f.i. rice with curry as Brahmans do in eating. പാലിൽ പുഴുങ്ങി ഞമുണ്ടി a. med. (also ഞമിണ്ടുക No.; see ഞെവിണ്ടുക).

ഞമ്മൾ Mpl.=നമ്മൾ.

ഞരങ്ങുക ńaraṅṅuγa T. Tu. M. (C. Tu. ന—) To grumble, groan ഒന്നു ഞരങ്ങീട്ടും ഇല്ല. Bhr.— VN. ഞരക്കം moan, groan.

ഞരടുക ńaraḍuγa B. To twist broken threads together (ചരടു).

ഞരമ്പു ńarambu (& ന—) Sinew
പിത്തം ഏറെയുള്ളതിന്നു ഞ. കളിൽ ക:
arteries. വായു പെരുഞ്ഞ'ല്യം ചെറുഞ്ഞ'
Nid. nerves. — കോട്ടുഞരമ്പു a frown
ഞരമ്പുവലി spasm, cramp. V2.
ഞരമ്പുവ്രണം the Guinea worm.

ഞരി=നരി; ഞരിമീൻ V2. A fish, p

ഞറിയുക=ഞെ— q. v. പുരികം
ചമഞ്ഞു Bhr. Wrinkled. [

ഞവൎക്ക, ńavarka To level. ഞവൎക്ക
ഞവരി a plank for levelling.

ഞവിര=നവിര a sort of rice.

ഞളുങ്ങുക ńaḷuṅṅuγa (ചളുങ്ങുക, (
To shake from damp, fear. 2. to s
dently.

ഞളുക (C. Te. T. ചളി cold & C. (
നസു) to be affected by cold or d
നു, ഉപ്പു ഞളുങ്ങിപ്പോയി, so al
which grows too soft for writing

VN. ഞളുപ്പു, ഞളുപ്പം dampness.

ഞള്ള=ഞെഴുക a tree (med.), the
which are used in തോൽ കെട്ടുക

ഞാങ്ങണ ńāṅṅaṇa (T. നായിങ്കണ)
ഓട, see ഞാണൽ. [An ea

ഞാങ്ങൽ & ഞാന്തൂൾ M. C. (T

ഞാണൽ ńāṇal (T. നാ—; C. Te. fr.
ന) A reed തിരുവാഴും ഞാ'ലിൽ Sk.

ഞാൺ ńāṇ (T. നാ—, C. Tu. ഞെ—
string ചെറുഞാണൊലി, ഞാ. ഒച്ച Bh
വായി RC.; രണ്ടു കൈകൾക്കും ഞാ
(sic) Bhr. 2. other strings & cor
ന്മേൽകളി, — മണ്ഡിപ്പു rope-dancing
ഞാണായിരിക്കെ ചേൎത്തു CG. —

ന്മഞ്ഞാണം Bhg. waist-string, (ഞാണി
ലെഴുതി കെട്ടുക mantr. of amulets); ഉടഞ്ഞാ
ണം a broader girdle. — (met. ആഴിയാം
ഞാണോടുയൊരുമം ഉഴി ChVr. the earth as
the girding ocean).

ക see ഞെറുക (fr. ഞെല്ലു).

ñāñ (aT. Tu. യാൻ., T. C. നാൻ, Te.
) 1. ഞാങ്കാലം prov. in my time. ഞാന്നി
ള്ളു മേൽകോയ്മസ്ഥാനം നടത്തി KU. with
ied interests.

ഞങ്ങൾ old & hon. = ഞങ്ങൾ we; even in
. cases, ഞാങ്ങളെക്കൈക്ക TR. (Rāja), vu.
ള്ള, Dat. ഞാക്ക TP. The other pl. is നാം
cluding the addressed party), with vu.
. ഞെ22ൾക്ക.

ñānnu (T — ൻറു) Day, in മിനിഞ്ഞാന്നു.
യ്യാലി Pay. (= ഞാൽ, മെയ്, താലി).

ñāyam Tdbh., ന്യാ — 1. Reason, right.
ായം caste-rule. ഞാ. കൊണ്ടു വിസ്തരി
., പണമരികേ ഞായം prov., കോപത്തി
ന്മെ ഞാ. ഇല്ല CG. no cause for. 2. com-
ചക്കകട്ടു ഞാ. വിസ്തരിപ്പാൻ TR. com-
about a jackfruit. അവരുടെ ഞാ. അവരു
തിയിൽ തന്നെ തീൎത്തു കൊള്ളുന്നതു TR.
ം കൂട്ടവും quarrel. — esp. ഞായം കൊ
TR., ഞായം ചൊല്ലി കഴിക്ക to divorce,
ing a connexion before arbitrators.
ദിനാൻ ചെയ്ത Sk. defeated, asham-
. custom, common way. കാട്ടിലെ കോ
ഞാ. ഇല്ലെല്ലമെ വീട്ടിലെ കോഴിക്കേ ഞാ.
G. crowing regularly. ഉത്സവം കൊള്ളേ
ിളുവർ നടത്ത വത്സരംതോറും എന്ന
ം CG. — hence: 4. adv. വിളക്കെങ്ങ
പ്പിക്കു വിളക്കി ഞായം CG. as generally
makes the chandelier to shine. എവിടെ
ഞായം Vi., എതൊരുമിക്കിൽ അധിവ
മ. Bhg. where do you commonly live?
ജ്ജത്തിൽ ഇരുന്ന ഞാ. മുന്നം Brhmd. ത
ലം കൊണ്ടു വരങ്ങളെ പലരും വരിച്ചു
പ്പതു, ഞാൻ ബാഹുബലംകൊണ്ടു വാ
UR. others used to gain their wishes
ance, I by force. ധീരന്മാർ ഇങ്ങനെ
ചെയ്യു ഞാ. Bhr. — similarly esp. with എന്ന like, as; ഞായം നല്കിനാൻ പട്ടാങ്ങു ചെയ്യുന്നോർ എന്ന ഞാ. CG. he kept his word like the truthful.

ഞായറു ñāyaṟu & ഞായിറു T. M. (C. നേസരു) 1. The sun = നേരം, hence പടിഞ്ഞാറു. 2. month കൎക്കടഞായററിൽ, vu. ഞാററിൽ (doc.) തിരുവാതിരഞായററു നില TrP. the sun's position in a constellation.

ഞായറാഴ്ച, ഞാറാഴ്ച Sunday (ഞായർവാരം PP. — in Tu. ആയിററാര), ആഴ്ചഞാറും Pay.

ഞായൽ ñāyal (T. — യിൽ bastion) see പള്ളിഞായൽ. (vu. ഞാലിൽ ഞാറുപെയ്യു).

ഞാര ñāra = നാര T. M. Tantalus Ibis (MC. ഞാറ heron) ഞാരപ്പക്ഷികൾനാലും KR 4.

ഞാരൽ 1. = ഞാര. 2. = ഞാറൽ.

ഞാറൽ ñāṟal (MM. ഞാരൽകരുന്ന, T. നാരൽ, C. Te. നേരു) Calyptranthes caryophyllifolia (C. നെരൽ). ഞാറയുടെ വെണ്മലേത്തൊലി GP 78.

ഞാറൽതോലി s. med. Kinds: കാട്ടു —, കിഴക്കൻ —, തെക്കൻ —. (No. ഞെറൽ.)

ഞാറക്കാ Vi., ഞാറപ്പഴം പോലേ കറുപ്പിന്റെ നിറം Nid.

പെരിഞ്ഞാറ Rh. Calyptranthes or Syzygium.

ഞാറു ñāṟu (C. T. Te. നാറു, Tu. നേജി) 1. = നാറു What rises above ground, young plant fit for transplanting. ഞാർ പെയ്യു, ഇടുക, പാകുക to sow, നടുക to transplant them. ഞാർ ആററി പോയി thrives. ന. കണ്ടം ഞാറ ഉഴുതു നട്ടും വരുത്തി ഞാറ പറിച്ചു ഉഴയത്തിൽ ചിന്തി MR. 2. = ഞായറു as കന്നിഞാററിൽ TR. (doc.), കമ്പ ഞാററിക്കം (= ഏററിക്കം) വെയിലുംകൊണ്ടു TP.

ഞാററുകാല (1) a piece from which rice plants are removed B.

ഞാററുതല (2) the time of a constellation f. i. തിരുവാതിരഞാ. in the beginning of Mithuna, best time for planting. അത്തംഞാ. feast in Kanni.

ഞാററുനില (2) see ഞായററുനില; also ഞാററുവട്ടം B.

ഞാററുപള്ളി, — പറമ്പ, — പൊററ (higher than പള്ളിഞായൽ) nursery for rice plants (& ഞാററുകം, ഞാററുകെട്ടി).

ഞാററുവാല, — വേലി V1. days fixed upon for transplanting.

ഞാററുമുടി No. a handful of ഞാറു.

ഞാലം ńālam T. aM. The earth ("the hanging"?) ഞാ. ഉലെക്കം, ഞാലത്തുൾ RC.

ഞാലുക ńāluγa (T. നാ — ; see ഞേലു —) To hang, swing അണ്ണാക്കിൽ ഞാന്നു Nid. തോലും ഞാന്നുകൊണ്ടു Bhr. of an old man. വൃക്ഷശാഖ മേൽ കെട്ടി ഞാന്നു ചാവതിന്നായി Mud. to hang oneself. തല ഞാന്നു പോയി (half cut off).

ഞാലി 1. suspended. ഞാലിക്കാതൊരുവൾക്കു KR. hanging ear. 2. a hanging tendril of the pepper-or betel-vine കൊടിയുടെ ഞാലി ഇടിച്ചു പിഴിഞ്ഞ നീർ a. med. — also a branchroot. 3. the common betel-vine; കൊടിഞാലി (p. 302) വെററില No. a kind trained on trees. 4. B. ornament for a sword-hilt. 5. = ഞാലിപ്പൂട്ടു, see തുലാം.

ഞാലിക്കൂത്തു a meritorious Royal amusement.

ഞാലിക്കൊടി No. a betel-vine let down occasionally for the leaves to be picked off.

ഞാലി (& ഞെ —) തല = ഞാലി 2. of pepper-vine (cut & planted). [machine B.

ഞാലിപ്പൂട്ടു the weight-apparatus of the watering

CV. ഞാലിക്ക. 1. ഞാലിച്ചുണ്ടൊരുവൾക്കു ഞാലുന്ന മുലവയർ KR. of Rāxasis (rather frequentative). 2. = ചാലിക്ക, വിത്തു മുളപ്പിക്ക.

ഞാവൽ ńāval (T. നാ —) Syzygium jambolanum Bhg 5. (see പെരിംഞാറൽ) also ചെറു ഞാ.; another kind നില — Premna herbacea. — ഞാവലിങ്കായി, ഞാവൽപ്പഴം GP 69. — ഞാവല സ്ഥി Nid.

ഞാഴൽ ńāḻal T. M. Milnea montana, Priyangu. ഞാഴലെ നീ കണ്ടില്ലല്ലീ CG.

ഞുര see നുര.

ഞൂണെ = നൂണെ (loc.)

ഞെങ്ങുക ńeṅṅuγa (C. നെഗ്ഗു) & ഞെ — (C. നള to be mellow) 1. To become soft or mellow, malleable as gold. 2. to yield, sink.

ഞെക്കുക (V1. ഞെൾക്കുക = ഞെരുക്ക) 1. to press, strangle (Tu. നെക്ക). കഴുത്തു ഞെക്കുന്ന മേ ഹരോഗം a. med. പിടിച്ചപ്പോൾ ഞെക്കീടാഞ്ഞാൽ prov. 2. to squeeze, c
ത്തിൽ ഞെക്കി ഞെക്കികൊന്നു (
make impressions with the thuml
ഴുപ്പിച്ച പഴം പോലെ prov.; ഞെ

ഞെട ńeḍa (T. നെട) Sound of fall
ing trees.

ഞെട്ടഞെട ഇടിപോലേ വില്ലിനൊ
ടികൾ ഞെട്ടഞെട മുതുകിൽ ഏല്പ
(ഞെട്ടുങ്ങുക B., No. see നട്ടു —).

ഞെട്ടക്കനേ പറക്കും MC. suddenly

ഞെട്ടുക ńeṭṭuγa (fr. ഞെട) 1. T
tremble ഞെട്ടിയുണന്നു CG., TP.
burst. ഏപ്പു ഞെ. V1. to become di
ക്കുകൾ ഞെട്ടുമാറു Bhr., അകതാരി
രിഞ്ഞു കരഞ്ഞു Bhg.

VN. ഞെട്ടൽ starting, bursting കെ
കേട്ടു തെററി.

ഞെട്ടാഞെട്ടങ്ങ (So. ഞൊട്ടാഞൊടി
patiens, balsamina.

ഞെട്ടു 1. the footstalk of a leaf or fr
രുന്നു പതിക്കും ഫലം പോലേ
കെട്ടഴു GP 70. (S. വൃന്തം). 2.

ഞെട്ടി (No.) = ഞെട്ടു 1.

ഞെട്ടിപ്പന a Sago-palm, — ക്രു
CV. or freq. ഞെട്ടിച്ചുനിന്നടൻ
CG. (= മിക്കഞെട്ടി).

ഞെണ്ടാഴക്ക V1. = $\frac{1}{32}$ Naḻi.

ഞെമൻ aM. = **യമൻ** (ഞെ. കേ
ടത്തും RC.).

ഞെരിയുക ńeriyuγa (T. നെ — ,
crack as under a weight, to cr
smashed മരം തിണ്ണം കലുങ്ങി ഞെ.,
രിഞ്ഞു പതിച്ച CG., കൊമ്പു ഞെട്ടി
ഞെരിഞ്ഞു മരിച്ചു Bhr. from an em
പൊട്ടി ഞെ. Bhg., പൊട്ടിഞെ
(of forest-fire). വീണു ഞെ. CG. a

a. v. **ഞെരിക്ക** To quash, smas
ൽ — ; മുറുക പുണന്ന അസ്ഥി നുറു
Bhr.; തിക്കിഞെരിച്ചു പുറപ്പെട്ടു R
ഞെരിച്ച പാകം crackling of some
ഞെരിയ വറുക്കേണം till it be c
കൾ ചുവത്തി കൈ ഞെരിച്ചു Bhr.

hand (mark of anger). തന്നുടെ കൈ ഞെരിച്ചട്ടഹാസം ചെയ്തു UR., കൈകളെ ഞെരിച്ചു ഉടിച്ചുധരവും KR.

VN. ഞെരിച്ചൽ crushing etc. [രിഞ്ഞിൽ).

ഞെരിഞ്ഞാൻപുളി Cissus latifolia B. (see ഞെ

ഞെരിപ്പു T. M. (Te. നിപ്പു) fire. — ഞെരിപ്പൂതി a fire kindler, a Brahman cook, see നെരിപ്പു.

ഞെരിട്ട്യം severely. ഞെ. അടിച്ചു, അവനെ ഞെ. അടിപ്പിച്ചു TR. നിരുട്ട്യം (sic) അടിന്നു TR.; so also കള്ളനെ ഞെരിപെട്ടടിച്ചു, & ഞെരിപ്പെട്ട TP. (so as to be smashed) — In V1. ഞെരിവട്ടം being overwhelmed with difficulties.

ഞെരുഞെര noise, as of biting something hard.

ഞെരുഞ്ഞിൽ ńeruńńil T. M. (C. നഗ്ഗില്ലു) Tribulus terrestris; prh. also Ruellia longifolia (ചെറിയ ഞെരിഞ്ഞിൽ). ഞെരിഞ്ഞമ്പുളി Begonia Malabarica, (B. Cissus adnata). ഞെരിഞ്ഞിൽവേർ med. GP.

ഞെരുങ്ങുക ńeruńńuγa (T. C. Tu. Te. നെ—) To be pressed, thronged, straitened. കടിയാന്മാർ ഞെരുങ്ങിപ്പോകം TR.

VN. ഞെരുക്കം (—രി—) straits, tightness; poverty. അരിക്കു കറേ ഞെ'മായി, ഇവിടെ ഇരിക്ക ഞെ. തന്നേ ആകുന്നു TR. difficulty. രാത്രി പോവാൻ ഞെ. TR. not safe.

a. v. ഞെരുക്കുക, ക്കി To press, compress, constrain, threaten. നികിതി തരേണം എന്നു ഞെരുക്കി TR. (=മുട്ടിച്ചു).—നേർ പറവാൻ ഞെ.

ഞെറി ńeri (C. Tu. നെരി) 1. Fold, tuck. 2. (T. M. നെറി) way. മിനെ ഞെ. യായി നടത്തി Ti.= ഞെറിക്കേ properly. അവന്റെ കാൎയ്യത്തിന്നു ന ഞെറിയുണ്ടു = ചട്ടം, ക്രമം. (No.)

ഞെറിക്കോവ flounces or frills of Ola or flowers round the head, neck & waist of devil's-dancers in കെട്ടിയാട്ടം q. v.

ഞെറിയുക (V1. also ഞൊ—; see നെറി) to plait, to tuck or fold a cloth, esp. as for idols ഞെറിഞ്ഞു കൊടുക്ക; women ചേല ഞെറിഞ്ഞുടുക്ക V1. (mantr.), tucking in their cloth in folds on either side (So.) or in front (Cal.). എന്നുടെ ചേല ഞെറിഞ്ഞു തരേണം നീ CG. അരയിൽ നേരിയ വസ്ത്രം ഞെറിഞ്ഞുടുപ്പിച്ചു DN. — to wrinkle, frown. ഞെറിഞ്ഞു പുരികങ്ങൾ Mud. he knitted his brows. — so also ഞെറിക്ക, ഞെറിപ്പു V1.

ഞെറുകൽ B. — A peculiar sensation in the limbs announcing a sickness.

ഞെറുമ്പൽ ńerumbal Gnashing the teeth.

ഞെറുമ്പിക്ക B. to gnash the teeth.

ഞെറ്റിയൽ ńeťťiyal (ഞെറി) Ripples, undulations as of a calm sea V1.

ഞെവിണ്ടുക ńevinduγa (C. നിവരി, Te. നിവുരി) & ഞെമുണ്ടുക To bruise between the fingers, to squeeze. (see ഞെ —).

ഞെളിയുക ńeḷiyuγa (Te. C. നില്ലഗു, നിഗ്ഗു from നെട്ടു, നിൾ) To stretch oneself, to strut. ഞെളിഞ്ഞു നടക്ക to walk affectedly, proudly. ആരും സമം ഇല്ല എന്നു ഞെളിഞ്ഞീട്ടും Sah. ശിഷ്ടപാലകൻ എന്നു ഭാവിച്ചിട്ടു ഒട്ടുമേ ഞെളിയേണ്ട കുഞ്ഞ SG. ഇന്നേറ ഞെ. Bhr. how proud today!

VN. ഞെളിവു overbearance അവളുടെ ഞെ'ം ഗൎവ്വവും വളൎന്നു KR., ഞെളിവരുളു സഭനേട്ടവിൽ SiPu., ഞെളിവും വെണ്മയും ഇളെച്ചു Bhr.; also ഞെളിച്ചൽ.

ഞെളിയൻ V1.=അഹങ്കാരി.

ഞെളിക്ക B. To bend the body backwards.

ഞെള്ളു ńeḷḷu T. M. Imitative sound=ഞെട്ടു; bamboos splitting in a wrong direction ഞെള്ളി പോയി. [MR.

ഞെഴുകു ńeḻuγu=ഞെള്ളു f.i. ഞെഴക്കാട്ടു N.pr.

ഞേങ്ങോൽ ńēńńōl (T. ഞാഞ്ചിൽ, M. നേഞ്ഞിൽ, Te. നാഗിൽ, C. നേഗിൽ, Tu. നായർ) 1. Plough-shaft ഞേ. നുകത്തോടു ചേൎത്തു കെട്ടി (Cann.). 2.=മുസലം a weapon, prh. ploughshare, Bhg. 3. a constellation മുഴക്കോൽ rising in Dhanu an hour after sunset & indicating the time for treading the wheel previous to sowing (see ചക്രം ചവിട്ടുക).

ഞേടു ńēḍu B. No. A cuff on the head.

ഞേടുക v. a. So. & No.=മേടുക, id. with closed fist. [racking.

ഞേൺ ńēṇ (ഞെളി) Stretching the body;

ഞേലുക ńēluγa (C. Tu. നേ—, C. ജോലു) To hang as an ornament, to be dejected, ഞേന്നു മരിക്ക = ഞാന്നു; കക്കുവാൻ പഠിച്ചാൽ ഞേലുവാൻ പഠിക്കെണം prov.

v. a. ഞേത്തുക, better ഞേററുക To let dangle, as a ചെമ്പു tassel. കട്ടിയെ ഞേത്തി കൊണ്ടു നടക്ക to carry negligently. മുണ്ടു ഞാത്തി (So.) or ഞേത്തി (No.) ഉടുക്ക to wear the cloth down to the ankles.

ഞേററം, vu. — ത്തം ornamental hangings (= ഞാലി).

ഞേറൽ No. = ഞാറൽ.

ഞൊങ്ങു = ചൊങ്ങ 2. a crooked hand.

ഞൊങ്ങണം see നൊ—.

ഞൊടി ńoḍi 1. = നൊടി Snap of fing

2. a plant കരിഞൊട്ടി (comp. p. 210) S

pentapetala, Rh.

ഞൊട്ട (& നൊ—) cracking the joint

fingers, So. ഞൊട്ട ഒടിക്ക, പൊട്ട

ഞൊട്ടാഞൊടിയൻ see ഞെട്ടാ—.

ഞൊത്തുക ńottuγa To pull with

a second (as children in play), loc.

ഞൊറി So. = ഞെറി. [Nid 22.

ഞോള ńōḷa (No. നോള) Saliva.

ട

ṬA

ട and the other linguals are hardly found as initials in Mal. w

ടങ്കം ṭaṅgam S. 1. Stone-cutter's chisel. 2. mace = വെണ്മഴു, (ടങ്കകരംഗവും എടുത്തിട്ടു HNK.)

ടങ്കണം ṭaṅgaṇam S. Borax (H. ṭankār = പൊങ്കാരം).

ടങ്കാരം ṭaṅgāram S. (Onomat.) Twang of a bowstring, ഞാണൊലി, vu. ഡങ്കാരം q. v.

ടപ്പാൽ H. **ṭappāl**, & തപ്പാൽ Post; relay of bearers. (Mahr. ടപ്പാ stage). — ട'ച്ചാവടി post-office; ട'ക്കാരൻ a post-man; ട'ക്കൂലി etc.

ടാപ്പു ṭāppu (loc.) List, catalogue.

ടിക്കാനം see ഠി—.

ടിട്ടിഭം ṭiṭṭibham S. A lapwing. ടി'

ലഫിച്ചു PT. — fem. ടിട്ടിഭി PT. 1. =

ഴി Tantr.

ടിപ്പു ṭippu A little box, = ചെപ്പു, ചി

ടീക ṭīγa S. A commentary, glossary.

ടേക്കലം N. pr. വേക്കലം Becal, on

Decla, ടേ'ത്ത് ഇരിക്കുന്ന പാളയം ചു

ടോപം = ആടോപം Pride, being puffe

ഠ

ṬHA

ഠകാരം ṭhaγāram A small principality is compared to the letter (ഠ. പോലെ).

ഠാണ H. **ṭhāṇā** (സ്ഥാനം) Place, station പാളയം ചെന്നു ചുഴലി നമ്പ്യാരുടെ ഠാണയങ്ങളിൽ ഒക്കയും ഇരുന്നു TR.

ഠായം ṭhāyam A kind of song? ഠാ'ങ്ങ

അപി നാമപ്രയോഗം HNK.

ഠിക്കാനം H. **ṭhikānā** Fixing; firm;

ഠീപ്പു (H.?) N. pr. Tippu ഠീ. സുൽത്താ

ട്ടീപ്പു & ഢീപ്പു TR.

ഡ ḌA

ാരം=ടങ്കാരം, as കോദണ്ഡം തന്റെ ഡങ്ക CG. (sic). — ബാണാസനത്തിന്റെ ഡങ്കാര ഷം Nal.

ദ് **ḍamaru** S. A small drum shaped like [an hourglass.

ംബരം **ḍambaram** S. (see ആഡ —) Riot, deur, pomp. ഡ. കൊണ്ടു മുഴങ്ങിക്കൂടങ്ങി ds); അംബുജൻ തന്റെ ഡ. പോകും പോലെ CG. pride. ഡംബരം തവ ശമിക്കും വാവ CC. ഡ’മൊട്ടു പല രസസംഗമം r. imposing union of all sources of delight.

ḍambham Tdbh. of ദംഭം, Ostentation, gance ഡംഭാലിമോഷം HNK. Generally, as അസുരക്ക ഡംഭു കളവാൻ Anj.

ൻ a pompous person, also ഡംഭി. — . ഡംഭിച്ചിരിക്ക. to swagger.

യിത്ത് **ḍalāyit** (H. ḍhalayit) A peon ായിത്തം TR.

ാൽ (H. **ḍūāli**) A belt=പട്ട.

ൽ (H. **ḍaul**, shape) & ഡൌൽ An nate.

ഒ 1. H. **ḍākū**, Robber. 2. H. ḍāk, the , "Dawk", (S. ദാവകൻ).

ഡിമം **ḍāḍimam** S. (& ദാ —) Pomegranate tree. ഡാ. തന്റെ നല്പഴം പൈങ്കിളി കൊത്തി CG.

ഡിണ്ഡികൻ എന്നൊരു മകനും PT.; also: ഡിങ്കിരാതൻ Mud. merely a N. pr.

ഡിണ്ഡിമം **ḍiṇḍimam** S. A drum, മല്ലു ഡിണ്ഡിമം KR.

ഡിംബം **ḍimbam** S. Tumult.

ഡിംഭൻ **ḍimbhaṅ** S. Babe; fool മരഡിംഭൻ [PT.

ഡില്ലി H. **ḍilli** & ഝില്ലി, ഢില്ലി Delhi ഡി. യിൽ മീതെ ജഗഡില്ലി (old D.) prov. ഡില്ലിപ്പാദശാവു the Mogul Padishah.

ഡുണ്ഡുഭം **ḍuṇḍubham** S. Amphisbaena (= ചേര) ഡു. ഓരോന്നെ മേനിയിൽ ചുററി അണ്ഡം കടിക്കും CG. (in hell); also ഡുണ്ഡുഭൻ.

ഡേരാ H. **ḍērā** A tent (കൂടാര Ar.)

ഡോമ്പർ **ḍōmbar** M. Tu. C. Tumblers, rope-dancers. Arb. (S. ഡോംബ).

ഡോളി H. **ḍōlī** (S. ദോല) A litter, "Dooly."

ഡോളായമാനം T. M. like a swinging cot, fluctuating.

ഡോളായന്ത്രം (med.) a vessel hung over the fire by a string for boiling water, etc. ഡോ. കെട്ടുക Tantr.

ഢ ḌHA

ḍhakka S. & ഇടക്ക A large drum, ble drum ഢക്കാമൃദംഗഡുടിതാളങ്ങൾ HNK.

നം **ḍhamānam** & ടമാനം V1. Kettle-drums, beaten before princes. ഢമാനടികൾ.

ഢാലം **ḍhālam** S. A shield.

ഢില്ലി see ഡില്ലി.

ണ ṆA

ign of one anna (൧ണ=4 As.).

ത്താർ **ṇattār**=നൽത്താർ, in alph. song. ത്താർമാനിനി Laxmi HNK.

ണത്വം The quality of the letter ണ; ണത്വം വരം പരിച്ചു HNK.

ത

ത represents the other dentals (വീഥി — വീതി, ഥലം — തലം, ദ്രോണി — തോണി, ധരിക്ക — തരിക്ക) and സ (സൂചി, തുശി); also ശ (ശ്രീ — തിരു). It passes over into sibilants, as പിത്തള — പിച്ചള, മുത്തളു — മുസ്സളു. Final ത is pronounced ൽ, as സത്ത് — സൽ, ആത്മാവ് āltmāvu̥.

തക taγa 1. a M. = തവ; Raw flesh, as in a wound, തക വിറെക്ക Vı. (aC. തഗെ firm). 2. തകതക beating time (= താളഭേദം).

തകട taγadu̥ a M. = തകിട.

തകടി broad, plain; table-land (So.), തകടിപ്പുറം B. — തകടിപ്പുൽ a grass.

തകത്ത് Ar. **takht,** A throne തകത്തു നരിയുടെ കോലമായിട്ടങ്ങാക്കി Ti.

തകപ്പൻ taγappan̈ T. A father = തന്ത.

തകര taγara T. M. C. Cassia tora, the leaves eaten by the poor. ത. വിത്തു, കുരു med. തകരയരി അരിഞ്ഞു കൊണ്ടു വറുത്തു വേളു കൊൾക a. med. — Kinds: കാട്ടുത. Indigofera hirsuta, കരിന്ത. & മലന്ത. Pterocarpus marsupium, Rh. (കരിന്ത. തൊലി a. med.), പൊന്നാന്ത. & പൊന്ത. Cassia sophera, വെൺത., വലിയ ത. Cassia glauca.

തകരം taγaram 1. M. C. Te. Tin; tinned iron plate (T. lead). 2. (see തകരൻ under തകരു) a big branch ഫലം ഒന്നു കഴിച്ചു മണ്ണിൽ ഇട്ടാൽ പല കൊമ്പും തകരങ്ങളും വിളങ്ങും CC. 3. Tdbh. തഗരം S. Tabernæ montana coronaria ത. ശീതം, തകരപ്പൂ GP.

തകരക്കാരൻ (1) a tinman.

തകരുക taγaruγa T. M. (C. to detain) fr. തകർ T. C. Tu. Te. ram, male animal. — v. n. To be crushed, smashed മഞ്ചടം പൊട്ടി ത., ഫലങ്ങൾ ഉടഞ്ഞു തകന്നു Bhg., കാളകൾ കുത്തി തകൎന്നിട്ടു ധൂളി എഴുന്നു CG.

തകരൻ huge, powerful, as a man, boar, etc.

തകരൻമഴ strong rain.

TA

v. a. തകൎക്ക 1. To smash, cru
കംഭം തകൎത്താൻ CC., ഭോരക
വന്നു തകൎത്തു CG., നല്ല മതിലും
SiPu 2., ശാല തകൎത്തു Sab. 2. v.
to play boisterously കരങ്ങൾ ചാ
തകൎത്ത അടി, മഴ, കലഹം a hot
കൎത്ത പണി എടുക്ക No. = തകൃതി t
nerve. ചില വഷ്ടിച്ചു ഫലങ്ങളും
break forth in great number.

VN. I. തകൎച്ച breaking in pieces

II. തകൎപ്പു loud noise, great profu
യത്തിന്റെ ത. the great day
shippers.

തകറാർ Ar. **takrār** (as if fr. p
കരാറു) 1. Altercation, wrangling.
puted fiercely. കടികൾ ത'റായി
റിയ ത'ർ പറയുന്നു TR. object str
റങ്ങു നില്ക്കുന്നു etc. 2. quarrel
settled. നാട്ടു തകറാരായി പോകം T

തകല taγala & **തവല** 1. A
vessel. 2. (loc.) a sea-gull.

തകഴി taγali̱ (T. earthen lamp) 1.
ഴകി. 2. a granule B.

തകിട taγidu̥ (C. Tu. Te. T. ത
metal-plate, spangle; പൊന്ത. et
ഹാടകത്തകിടിട്ടു മൂടിയ മണിസ്തം
അടിക്ക to beat out.

തകിട a copper leaf written ove
തകിടം മാറുക B. to exchange,
കിടംമാററം misappropriation
തകിൽ f. i. തകിടമിഴാവിൻ ഒ

തകിട്ടുവൈരം a flat diamond.

തകിടി 1. see തകടി 2. imitat
drumming തകിടിടി തകിടിട
ക്കം Pay.

തകിൽ taγil (a T. തവിൽ) Kettle
തകിടം & തകിടി). — നൽതകിൽ
മുരച്ചു KU. ഒററയും തകിലും (
ത്തു) KU.

തകിൽക്കാരൻ V1. a drummer.

തക tayu T. C. Te. a M. Defect. V. to be fit, suit മണം തകം മലർക്കുഴൽ RC. — (തൻ കൈ യേറ്റല്ലാ തനിക്കുതകു CG. prob. = ഉതകു). — തകമോർ RC., ഉപമതകം Bhr. comparable. പാവ അതിശയിക്കും നടതകം തേർ RC.

Past part. തക്ക fit തക്കൊരു യോഗ്യമായുള്ള വാക്കുകൾ KR.; തക്കത് എന്നു ബോധിച്ചു saw fit. TR., കണ്ണും അറുപ്പതു തക്കതിനി Bhr. (= നല്ലു). — Chiefly with Dat. ശക്തിക്കു തക്കവാറു as far as possible. കേടിന്നു തക്കവാറു കാച്ചുക a. med. to cauterize according to the extent of the evil. So: സാമൎത്ഥ്യത്തിന്നു തക്ക പോലെ Arb., അതിന്നു തക്കൊരു ശിക്ഷ due, കേൾപ്പാൻ തക്ക പാത്രം Bhr.; മുക്തിക്കു തക്കൊരുപദേശം HK., മൊഴിക്കു തക്കതു വ്യവഹാരഗതി KR. proportioned.

തക്കവണ്ണം according to, so as to suit. With 2nd adv. & Dat. വയസ്സിന്നു ത'മുള്ള പാകം a. med.; അറിവാൻ ത. ചൊല്ലി UR.; നില്പാൻ തക്കോണം, സങ്കടം തീരുവാൻ തക്ക വഴിക്കു TR.; also with Neg. ഒന്നും വരാതെ തക്കവണ്ണം TR. — With Inf. തരത്തക്കവണ്ണം, നടക്കത്തക്കതിൻവണ്ണമാക്കിത്തരിക TR. to enable to walk.

തക്കവൻ suitable, proper ദുഃഖം സഹിപ്പാൻ ത. Bhr. ത'ക്കു തക്കവണ്ണം പറകൊല്ലാ prov. — f. തക്കവൾ with I. കടി 1. a good housewife. — n. തക്കതിന്നുതക്കതു f. i. companion; requital etc.

VN. തക്കം (also from തങ്ങുക) fitness, esp. convenient time നാടടക്കീടുവാൻ ഇന്നു നമുക്കു ഉതക്കം SiPu.; ഇടത്തക്കം leisure. പടത്ത., വേലിത്ത. V1.; തക്കത്തിൽ PT. in a good time. തക്കത്തിൽ പിടിക്ക Mud. cleverly. ത'ൽ സൂക്ഷിച്ചു നോക്കി Nal. lying in wait. വടക്കേ പോക്കെണ്ടതിന്നു ത. കുറഞ്ഞു പോയി wind less favourable. പഥികനോടു പറവാൻ തക്കമില്ലാതെ വന്നു Mud. — തക്കക്കേടു unseasonableness. — തക്കം ഓൎത്തു Bhr. considering the fair occasion. — തക്കം നോക്കി watched for an opportunity.

തകൃതി taγṛti (തകൎക്ക 2.) 1. Profusion ത. യായ്ക്കഴിക്ക to live splendidly. ത. പാടുക B. to provide abundantly. പണി തകൃതി ആകുന്നു Palg. — Cal. to be heart & soul in work. 2. boast. ത. പറക to talk big. ത. പ്പലിശ തടവിന്നാകാ, തവിട്ടു തിന്നാലും ത. കളയരുതു prov. magnificent manner.

തക്ക takka 1. see under തക & തക്കുക I, 3. 2. T. C. M. What is placed in the ear instead of an ornament, ivory, wood, etc.

തക്കാരം takkāram Tdbh., സല്ക്കാരം Entertainment, Palg. V1. ത. പറഞ്ഞു രസിപ്പിച്ചു coaxed him. — തക്കാരി B. a flatterer.

denV. തക്കരിക്ക = സല്ക്കരിക്ക, f. i. വെററിലത്തക്കാരം തക്കരിച്ചു TP.

തക്കാവി Ar. **taqāvi,** Assisting, chiefly with advances for cultivation ത. യായി കൊടുക്ക gratis.

തക്കാളി takkāḷi T. M. C. Physalis. ത. പ്പഴം brazilian hill-berry. — Kinds: കരിന്ത. GP62., പോത്ത Solanum lycopersicum, മണത്ത. Solanum nigrum. മുളകുത്ത. (red as Cayenne-pepper) Palg. Solanum esculentum, Tomato.

തക്കിടി takkiḍi C. Tu. M. (Te. തക്കെട T.) Scales; cheating in weighing. ത. കൊണ്ടു കഴിക്ക to live by fraud. ത. പറക to detain or impose with excuses, etc.

തക്കിടിക്കാരൻ a rogue, തക്കിടിയൻ Arb.

തക്കിടിമുണ്ടൻ B. a dwarf.

I. **തക്കുക, ക്കി takkuγa** (C. to stumble) 1. To stammer, hesitate (തങ്ങുക 3., കക്കുക). തക്കിത്തക്കിപ്പോക to go most cautiously. 2. to press on. തക്കിച്ചോദിക്ക to interrogate closely V1. മുലപ്പാൽ തക്കിക്കളക V2. to flow spontaneously. തൽപ്രയത്നേന — ദശാനനൻ തക്കിനാൻ യുദ്ധം ചെയ്തു KR. continued to fight. 3. T. (C. Te. ദക്ക) to be obtained, hence ദക്കത്തക്ക. (p. 173).

II. **തക്കുക or തയ്ക്കുക, ച്ചു** V1. (T. തൈക്ക) To strike ഇടക്കു ഒന്നു തച്ചു, തച്ചാൻ പഴുതു നോക്കി Bhr. in fencing നഗരത്തിൽനിന്നു തച്ചാട്ടി, തച്ചുകൊല്ലേണ്ടു Mud. കൊള്ളിക്കൊണ്ടു

അവനെ തപ്പാൻ ഓങ്ങി TR. അമ്പലം തച്ചുടെച്ചു നിരത്തി Ti.; പുരപ്പുറത്തു തച്ചുകെട്ടത്തു robbers breaking thro' the roof. തച്ചുപൊളിച്ചു TR.; കോട്ടയും തച്ചുതകർത്തു KU. — to beat oneself തച്ചലച്ചു കരഞ്ഞു TR. (women) — ഉടമ്പിൽ കണ്ണ തച്ചുനിറെച്ചു RC. hit.

തക്കുറി takkuṟi A fixed term (തൽ or തക്കകുറി).

തക്കോലം takkōlam T. M. C. (S.?) Illicium anisatum, the berry with an aromatic oil (തക്കോലപ്പുട്ടിൽ GP 76.) & perfume made of it.

തക്രം takram S. Buttermilk, തക്രധാര med.

തക്ഷകൻ takšaγaǹ S. (തക്ഷ് to pare) 1. Carpenter പെരുത്ത വൃക്ഷതക്ഷകൻ KR. 2. N. pr. a Nāga, Bhg.

തക്ഷൻ id.; Tdbh. തച്ചൻ. — തക്ഷശിലാഖ്യംപുരം Bhr. Taxila, capital of the Gandhāras.

തക്ഷാവു id. മാനവന്മാരുടെ ത. നല്കിന നൽസഭ CG.

തങ്ക taṅga & തങ്കച്ചി T. (C. — ങ്കി, Tu. തംഗഡി, fr. തൻ) Younger sister; wife of a Sūdra Rāja, also തങ്കമ്മ.

ാകാതിച്ചു TP. head of trees, esp. palms.
ലയും മുറുക്കിപ്പിടിച്ചു CG. the point,
'a cloth. — prominent, main. 3. point,
, quarter; വടക്കം തലക്കാർ of the N.
തെക്കേത്തലെക്കൽ എത്തുന്ന യളുകൾ
തലെക്കൽ in that part. നെട്ടങ്ങനാട്ടു
ല ജമാമന്തി TR.; കണ്ണിന്റെ പിന്ത
പുരികത്തിന്റെ അറുതികൾ MM.; രണ്ടു
ഞി ച്ചു നട്ടുപിടിക്ക prov. both ends.
ുച്ചിയുള്ളു edge. — the name of a
stabbing, കോലോത്തലയോ (question
). 4. a point of time, as the influence of a star, the rule of an asterism (= $13\frac{4}{9}$ days) തിരുവാതിര ഞാററു തല; moment ചാകും തലെക്ക് എത്തിയവർ (huntg.); time before this; beginning, priority.

Hence: തലക്കം (2) the top of a tree, തലപ്പു.

തലക്കരണം (4) the original deed = തല്ക്കരണം.

തലക്കല്പന see തലവിധി V1.

തലക്കാച്ചൽ a heated head, madness V2.

തലകാട്ടിക്കൊടുക്ക to come forward, intercede.

തലകീഴായി headlong, topsy-turvy.

തലക്കുട്ടി (4) the firstborn, also തലപ്പിള്ള.

തലക്കുത്തു headache, പെരുന്ത'ത്തിന്നു നന്നു a. med. (so തലഘ്നം etc.)

തലക്കെട്ടു 1. a turban (തലെക്ക ഏതും കെട്ടാതെ TR. as Nāyars.) തലയി(ൽ) കെട്ടിന്നു കൈക്രുട്ടുക TP. to salute. 2. heading, preface; first house of a row.

തലകൊടുക്ക to undertake.

തലക്കോരിക & തലക്കരു V1. a helmet.

തലച്ചന്മാർ, (തലയ—) a class of Nāyars; a great baron തലച്ചണ്ണനായർ KU. — (V1. has തലച്ചൻ firstborn).

തലച്ചാൽ (4) ploughing the 1st time.

തലച്ചാത്തു No. a piece of metal added to tools when worked down; heading, superscription.

തലച്ചിലവന്മാർ KU. a class of Nāyars, fr. തലച്ചിലയോവൻ, — ലോൻ N. pr. of a hunters' Deity. [ച്ചേറു.

തലച്ചുമട്ടു a burden carried on the head = തല

തലച്ചുററു an amulet worn round the head; (തലച്ചുററു & — ററൽ giddiness).

തലച്ചെന്നവർ, — ന്നോർ chieftain, governor KU., V1. — collector of revenue (Trav.)

തലച്ചേരി TR., തലശ്ശേരി Tellicherry, occupied by the English in 1708.

തലച്ചോറു brain, ത. വറണ്ടതിന്നു a. med.

തലത്തട്ടു, തലയിൽ തട്ടു, തലേത്തട്ടി Palg. = തട്ടൻ, cholera. [ing, anger B.

തലതരിപ്പു numbness in the head; envy, covet-

തലതാഴ്ച bending the head, modesty; ത'ഴ്ത്തുക to bow the head. ലജ്ജാ ത'ഴ്ത്തി തൊഴുക VetC.; ത'ഴ്ത്തിനിന്നു Sk. ashamed.

തലതിരിക to be giddy — തലതിരിച്ചൽ giddiness. — തലതിരിവു B. discrimination.

തലതൊട്ടുക to swear touching the head of one's child; to baptize; to be sponsor, തലതൊട്ട മ്മ, — ച്ചൻ V1. sponsors.

തലനാട്ട B. the top part of sugarcane used for planting; (or തലചാട്ട).

തലനാർ the hair of the head. ത. കൊഴിയുക, പൊരിയുക hair falls out. ത. ക്കൊടി TP. one long hair. [vious day.

തലനാൾ, also തലേ — & തലാം —, (4) the pre-

തലനീളം B. portico. [ത്താളി).

തലനീളി Ipomœa filicaulis, Rh. (= വേരില്ലാ

തലനോവു headache; തലകനക്കുക a. med., so ത. പൊളിയുക. [a low-caste KU.

തലപ്പണം poll-tax; 360 fanam paid for killing

തലപ്പന്തി the chief seat. — തലപ്പന്തു a play-ball.

തലപ്പാട്ടം B. head-money, (തലപ്പണം).

തലപ്പാവു turban, (old — പ്പാക V1. T. C. Te. pāgā).

തലപ്പു (2) the top of a tree, തലക്കം. — തലപ്പൻ a class of Nāyars KU. (തലയ — ?)

തലപ്പുററു, തലപ്പുഴ scurf on the head V2.

തലപ്പെട്ടുക 1. to attack, അവനോട്ട ത'വാൻ, അവനെ ത്ത'ംവണ്ണം വിരെന്തു RC.; എമ്മിൽ ത'ട്ടാൽ RC. if he oppose us. 2. to undertake, to proceed boldly. ഞാൻ ആവോളം ചെന്നു ത'ടേണ്ടാ CG. 3. to get the head under, to be ruined, to die ത'ട്ടു പോക. 4. to adore ഭവൽ പാദം തന്നിൽ ചെമ്മേ ത'ട്ടേൻ ഞാൻ CG.

തലമണ്ട the skull, തലയോട്ട.

തലമറെക്ക to wear head-covering, പരദേശത്തു ഹീനജാതികൾ ത'ച്ചിട്ടു ചെല്ലുന്നു Anach.

തലമല table-land.

തലമുടി = തലനാർ with അഴിക്ക to dishevel; കളക, വടിക്ക, ചിരെക്ക to shave etc. തലമുടി ചുററിപ്പിടിച്ചിഴെപ്പതു AR. to illtreat women.

തലമുട്ട (= അററം) കണ്ടില്ല TP. I have not seen him at all (emph. denial).

തലമുറ (1) generation, of 35 years VyM. (4) a former custom.

തലമുറിയൻ 1. deserving of dec ശിരച്ഛേദ്യൻ; ത'ന്മാരെ പോയി TR. 2. stripped bare, circu (No. abuse).

തലയണ, തലെക്കണ pillow, vu. ത തലഞ്ഞാണി.

തലയപ്പൻ V1. & — പ്പോൻ a class (see തലപ്പൻ, തലച്ചൻ); also title, f. i. മേലെ തലാപ്പാക്കം

തലയാട്ടുക nervous shaking of the തലയാസ്സു V1.) — തലയാട്ടം pals ട്ടുക v. a. to shake the head.

തലയാന a leading elephant, (opp.

തലയാളി V1. a title of headmen castes. — തലയാസ്മ headship.

തലയിട്ടവൻ depressed, അധോമുഖ

തലയിൽക്കെട്ട see തലക്കെട്ടു; so തല or — ൽവിധി = തലയെഴുത്തു f scribed upon the sutures of the തലയോട്ടിലേ എഴുത്തു.

തലയീററു the first child, the first

തലയോട്ട, (So. തലയോട്ടി) the sku യിൽ എഴുത്തു).

തലവൻ a superior, chief person,

തലവരവു a low fraction = $\frac{1}{21}$ $\frac{1}{20,863,180,800}$ CS.

തലവരി = തലപ്പണം W.

തലവാചകം (2) preface.

തലവാട്ട (പാട്ട) point, top ക etc. V1. also തലാട്ട, f. i. നാവി റിക്ക vu. (see തലനാട്ട).

തലവാരി a large comb. V1.

തലവിധി = തലയെഴുത്തു fate, നി തിദോഷം ഇല്ല TP.

തലവില the first sale-price of

തലവേദന = തലനോവു.

തലായികെട്ടുക No. to round off t

തലെക്കയരം B. & തലേ—, a pillow,

തലേക്കാലം, — കൊല്ലം the previ

തലേദിവസം the previous day.

ത., കലശല്ലു ത. MR., also ലേന്നു.

തലം talam S. 1. A flat (= തടം,

k കൈ, കാൽ). ക്ഷുതലം earth ഉല്ക്കിത
; ഓ ധരണി —, ഓവനി —, ഓടവി —
te. 2. base, bottom; under. തലാതലം
ertain hell. 3. Tdbh., സ്ഥലം f. i. ത
no.

) a Marmam ഉള്ളൊരെനട്ടവേ MM.
തലവാട്ട.

talinam S. Thin, little (തലം?).

aluvam or ചല്വാം B. Women's neck-
t.

› talōḍuγa 1. To stroke, pat ചെമ്പൊ
ാണ്ടു ഇവധികരമത്ത തലോടി സംഭാ
3. Indra, his elephant. പുറത്തുതലോടി
AR. 2. to rub gently, smear സന്നി
n'ടാൻ MR.; വിയർപ്പുകൾ പതുത്ത കൈ
മെല്ലെ ത'ടികളഞ്ഞാൻ CG. wiped off.
feel.

ɪam S. A bed, പുഷ്പതല്പം AR.; തല്പമാം
ംമേൽ VCh. Visnu upon the serpent. —
ാർ AR. getting up upon his Guru's

see തൽ & തമ്പുരാൻ.

am S. A tank. തല്ലജം Lotus, chief, ചി
ജൽ VCh.

ı (T.= പുണാച്ച) A blow, stroke, beat-
ാകൊള്ളുവാൻ ചെന്നു prov.; നിങ്ങൾക്ക
ളം TR.; തമ്മിൽ തല്ലും അടിയും കൂടി
ടങ്ങിനാൻ, ത. തുടമേൽ കൊണ്ടു Bhr.;
കൊണ്ടു കേൺ CG. — fig. ചില്ലികൾ
ള തല്ലുകൾകൊണ്ടു Bhg.

ളി always deserving punishment. —
ൊള്ളിത്തരം B. ill-disposition.

ı (= തക്കുക) To strike, beat; 1. v. n.
ല്ലുന്നു prov. 2. v. a. പാറമേൽ ത
ാ knock against. തല്ലിക്കഴിച്ചു കൂട്ടി
d. ആയുധം കല്ലിൽവെച്ചു തല്ലിയാൽ
ı Nal.; ആരും അരെക്കു കീഴ് തല്ലമാ
(a fencing rule); വാൽ തല്ലിത്രതലേ
ംകളും തല്ലിച്ചിരിച്ചു നിന്നാർ CG. scoff-
ren.

ക to cause to beat, തങ്ങളിൽ തല്ലിപ്പു
ആവു CG. punish them through
ther.

തല്ലിപ്പിടുത്തം boxing & wrestling.

I. തവ tava 1.= തക 1. Raw flesh. 2. Tdbh.; സ
ദ in തവവട്ടം = സഭവട്ടം MR.

II. തവ S. (ത്വം) Thine. തവ ഹ്യളി AR. to thee. അതേ തവ വേണ്ടതുള്ള Anj.; തവ കാട്ടി തരേ ണം VetC. show me!

തവം tavam Tdbh. = തപം Austerities, അര ന്തവമുള്ളോൻ RC.

തവസി = തപസി. m. തവശിയാവോൻ Pay. (f. തവശിപ്പെണ്ണു, ഒരു പെൺ തവശിയാൾ Pay.)

തവക്ക tavakka (C. Tu. തബക്ക a tray, salver). ത. വെച്ചു (loc.) Plan of a house, and തവുക്ക a compass, = ചവുക്ക.

തവണ tavaṇa T. M. (തവ്വു) 1. A fixed time or term. ഓണത്തിന്നും വിഷുവിന്നും ഈ ത. ര ണ്ടിന്നും അരിയും വസ്ത്രവും കൊടുക്ക vu.; രണ്ടു ത. MC. twice. 2. an installment (ഗഡു) നെ ല്ലും പണവും ന. തവണയായിട്ട് എഴുന്നെള്ളി യേടത്തു ബോധിപ്പിച്ചു TR. 3. So. charge for a given time ഭേദ്യം വെച്ചു സൂക്ഷിപ്പാനായി ട്ടു തവിണ വെച്ചു ആളെ ആക്കി VyM.

തവണക്കാരൻ B. one who pays by installment; a guard (3).

തവണക്കച്ചീട്ടു an agreement to pay by installment (— കൈ —).

തവണമുടക്കം failure to pay at the stipulated time. B.

തവര see തകര.

തവരുക = തകരുക.

തവക്ക = ത്വക്ക, തോക്ക (ഇവ തവത്തിട്ടു നെയി വെന്തു a. med.)

തവല tavala T. (C. Te. തപ്പലെ) A small cooking vessel of brass, also തകല.

തവള tavaḷa T. M. C. Frog, chiefly in the grass. Kinds: സവികം & നിർവ്വികം Tantr. (with a valuable മണി in the head). ചൊറിത്ത. a toad; പച്ചത്ത. a small kind supposed to occasion the death of cattle, that swallow them. മരത്ത. a tree frog. (മണൽ —, പനി — V1.) — ത. പിടിച്ചു ശ ണപതിക്ക വെച്ചു prov. — ത. മുട്ടിൽ (No. — മി ട്ടിൽ) a tadpole.

തവിടു tavid̤u 5. Bran തവിട്ടിന്റെ ഗുണം prov. Kinds: അരിത. & ഉമിത.

തവിട്ടുപൊടി = മലർപൊടി. [ലി?

തവിട്ടു B. a small brown snake = തവിട്ടുമണ്ഡ

തവിട്ടുകാടി = ഉറക്കാടി 1., q. v.

തവിട്ടുകിളി 1. = ത. കൊച്ച a bird. 2. a certain locust.

തവിട്ടുണ്ട, തവിട്ടുപിട്ടു a friable bran-ball.

തവിട്ടുനിറം greyish brown.

തവിട്ടു പ്രാവു a turtle-dove.

തവിരുക taviruγa T. aM. To be put aside V1.

തവിക്ക V1. to exclude, omit (= ഒഴിക്ക).

തവിഴുക V1. to creep along, as തവിഴാമ (vu. തമി—) the spreading hogweed.

തവ്വി tavvi T. M. (Tdbh. ദവ്വി) A large ladle, an iron spoon for measuring oil.

തവ്വു tavvu, & തബ്ബു (= തകവു, തക്കം; C. തവെ side; again) = തവണ. In M. a fixed time, term 1. No. in തവ്വുതോറും (doc.) i. e. ഓണം & വിഷു, the time for paying the കടിപണം to the Janmi. 2. (മിഥുനം to കന്നി excepted) the time for paying the monthly installments of Govt. taxes, കത്തുക etc.; ഇത്ര തവ്വായി തന്നുകൊള്ളാം So. = ഗഡു. 3. (Cal. to Palg.) f. i. കൃഷിക്ക, തൈ വെക്കാൻ നല്ല തവ്വു (vu. തൊ) the proper time for; so പോകുവാൻ തവ്വുണ്ടു V1. = തരം, also തവ്വുണ്ടെങ്കിലേ എട്ടുക്കാവു Palg. unnoticed; തവ്വടക്കിപറക B. to speak to the purpose, to silence. 4. right, good തവ്വിതെന്നോൎത്തു VilvP.

തസ്കരൻ taskaraǹ S. Thief.

denV. തസ്കരിക്ക to steal, rob. സമസ്തം എകൻ ത. ച്ചു PT.

തസ്ദിക Ar. tas̤dīq Verification; list of establishments, എഴുത്തുപണിക്കാരുടെ തസ്ഥിക (doc.), തസ്ദികച്ചെലവു പത്തിന്നൊന്നു, കട്ടെമനെ ത. TR.

തസ്ബിവി, തെസ്ബിവി Ar. tasbīḥ, The rosary of Muhammedans, (vu. തസ്ബി).

തസ്യ tasya S. (തൽ) Pers. Pron. m. Gen. Sing. (സഃ) His; തസ്യാഃ f. (സാ) her (po.)

തസ്യാദികൾ Tdbh.; സസ്യാദികൾ MR.

തഹശിൽ Ar. taḥṣīl, Collection.
പണം ത. നടപ്പു, പഴ്ശർമല ത.
collector's office നാട്ടു തഹശിലായി
ച്ചു TR.

തഹശ്ശിൽദാർ P. a native collector
pl. ത'ർകൾ, — രന്മാർ MR. (In
a മണ്ഡപത്തിൻ വാതിൽ, in Mal.
ലൃക്ക).

I. **തള taḷa** T. M. (C. ദളെ, C. Tu.
1. Fetters തളയിലിട്ടു V1.; പാറാവി
യിട്ടു TR.; അറയും തളയും KU.
about prisoners. തളപിരിഞ്ഞ വാ
unfettered. 2. a foot-rope for clim
trees (തളപ്പു). 3. a foot-ring,
തള MR., other rings as of the nec
ളയും കല്യക്കി Nal. തളയും വളയും
ankle-bangles. — of elephants നട
തള V1. (a tie to fasten 2 buffaloes to

തളയൻ a kind of fish.

തളെക്ക to fetter, shackle, ശൃംഖല
ച്ചമന്നോർ Bhr.; അവരെ താൻ
ങ്ങു ത'ച്ചു CG. — met. കണ്ണുന
ച്ചു CG.

VN. തളെപ്പു 1. fettering. 2. cli
(തള 2.), കരൾ എത്തുമ്മാറെ ത.

II. **തളതള** (Onomat.) പതെക്ക = തി
പത.

I. **തളം taḷam** 1. S. തടം, തലം.
ment, low plain കച്ചിൽ ത. കെട്ട്
ജലം KR.; വെള്ളം നില്ക്കുന്ന ത. VyM.
തളക്കല്ലു; കൊട്ടുത്തളം. 2. a scaffold
hall മന്നവൻ തന്റെ തളത്തിൽ
RC. palace. The verandah surround
yard within the walls of a nativ
ഴക്കിന—, വടക്കിന—, തെക്കി
ഞ്ഞാറത്തളം. പുറന്തളം or മുന്ന
eastern verandah, place of receptio
തന്നിൽനിന്നു വന്നു SG. തളം ഇട്ടി
saic.

II. **തളം** aM. Tdbh. = ദളം 1. A leaf.
അത്തളത്തിലു കുറിനൻ മന്നവൻ
തളക്കാതൻ with large flat ears.

No. vu. = തളൎത്തുക.

ḷaruγa T. M. aC. (C. Te. തല്ലട) 1. To ck, to be allayed, as കോപം Bhr.; ളി തളൎന്ന നേരം RC. subsided. അ ലിതാൻതാനെ തളരും എന്ററ RC. nly can moderate my lamentation. — ചൂറു ത. V1. to cool. — ചാപം തള ഞർ തളൎന്നു മയങ്ങി, പല്ലുകൾ നോവു to abate. 2. to grow faint, weary മായി തളൎന്നു TP. tired; but മൈഥിലി ന്നാൾ RC. = fainted away, swooned. കൈ, നാവു ത. to lose the use of the mind to be marred by grief ചേ സം തളൎന്നു Brhmd.; വിളങ്ങും മാനസം ന്നതേടോ KR.

ering; rice made into a cake V1.

B. palsy.

പ്പു 1. slackness. 2. weariness, faint- നമ്മുടെ ത. കൾ മികവും തീൎന്നു KR. ion = മോഹാലസ്യം.

ളുക്ക To moderate, abate. പാരം തി പാൽ അമ്മ തളൎത്തു CG. put to cool. ന്ന തളൎപ്പതിന്നായി CG.

ത്തുക id. വാരണമലം ത'.വാൻ ആ ല്ല, പേടിയും ഒട്ടു തളൎത്തി CG. allayed. ം തളൎത്തിനാൻ വചനങ്ങൾകൊണ്ടു കാമക്കൊട്ടുന്തീ ത. ചോദിവാനേതാനി C. to diminish its intensity. vu. തള കട്ടുക = അഴച്ചു.

taḷavāḍam B. (T. തളവാടം & തള ools of artizans (fr. തളം army? In ച്ചു; V1. has തളവാരം preparation, eady.

T. M. (aC. തളൈ an inn, S. സ്ഥലി) 1. തളിയിൽ മേവൻ, ത. ഭഗവാൻ the capital or dynasty. തളിയും സങ്കേത ികൾ KU. (duty of kings). 2. a holy (asylum V1.), assembly hall, as for the tatives of the Brahman aristocracy, കത്തിന്നു നാലു ത. തീൎത്തു KU. (മേത്തളി, നിടിയ ത., ചിങ്ങപുരത്തു ത. near ūr). 3. C. Tu. M. sprinkling water തളിയും, (തളിക്ക).

തളിപ്പറമ്പു N. pr. the chief temple of Kōlanāḍu. S. ലക്ഷ്മീപുരം.

തളിയാതിരി 1. Brahman president; each of the 4 കഴകം deputed one unmarried Taḷiyāδiri, who ruled for 8 years KU. 2. a Brahman deputy in a king's council.

തളിക taḷiγa T. M. C. (തളം) Plate to measure out boiled rice in temples, metal plate or dish turned up at the rim, ത. യിൽ ഉണ്ണൊല്ലാ prov.; വെള്ളിത്ത. പൊടി തുടെച്ചു TP.; മണിമയമായ ത. യിൽ ഉണ്ണും KR.

തളിക്ക taḷikka M. Tu. C. (T. തെളിക്ക) To sprinkle പാദം കഴുകിച്ച നീർ കോരി ഭാൎയ്യമാരേ തളിച്ചാൻ Mud.; ജലത്തിനാൽ ത. Bhr.; മരു ന്നു തളിച്ചു പുണ്ണിൽ ഇടുക MM.; പനിനീർ ക ട്ടില്ലൂൽ തളിച്ചു CG. to cleanse by sprinkling; തളിച്ചു കളി holy bathing. തളിച്ചു തുടക്കയും ക ളിക്ക എന്നതും KR. 2. to sprinkle water with cowdung, as before a Royal procession മുന്നിൽ തളി, (തളി S.). 3. to sprinkle milk to remove pollution after a case of death, as തിരു വന്തളി.

CV. മാൎഗ്ഗം അടിച്ചു തളിപ്പിക്കയും വേണം AR. getting the roads cleansed for a feast.

തളിർ taḷir T. M. Te. aC. (S. തളനം = തരുണഃ?). A bud, new leaf, shoot ഇളതായിട്ടും ത. Bhr.; പുത്തൻ ത'രാളെത്തുന്ന ചോരിവാ CG. — അക തളിർ, കാൽത്തളിർ etc. met. for what is tender, attractive.

തളിക്കുല B. a compound pedicle.

v. n. **തളിൎക്ക** To bud, sprout, get fresh leaves നന്നായി മുളെച്ചു തളിൎത്തിതു പേരാൽ Bhr.

VN. തളിൎപ്പു & (So.) തളിൎമ്മ. budding.

തളിരം B. a thick plank, a timber, also: തളതം a log, railway-sleeper, So. & Palg.

തളെക്ക 1. see under തള. 2. = തിളെക്ക, as എ ണ്ണ നിറെച്ചു തീയും ഇട്ടു തളപ്പിച്ചു VilvP. boiled.

തള്ള taḷḷa T. M. (Te. തല്ലി) 1. Mother പെററ ത ള്ള MR. (Mpl.); a dam രണ്ടു ത. കണ്ടാൽ (huntg.); തള്ളയും പിള്ളയും; തള്ളപ്പക്ഷി etc. 2. the handle of a hoe, axe ത. കഴയിൽ ഏററുക. 3. the first term in the rule of three (തള്ള,

പിള്ള, പെറുവാൾ CS.). 4. തള്ളയും തമ്പിയും V2. rhyme in verses.

തള്ളക്കൂറു inheritance on the mother's side.

തള്ളച്ചി (loc.) big with young, esp. pig.

തള്ളവഴി mother's line.

തള്ളവിരൽ the thumb, the great toe, ത'ലോളം വണ്ണത്തിൽ MR. (പെരുവിരൽ).

തള്ളുക taḷḷuγa T. M. C. 1. To push, thrust, നീന്തിത്തുടിച്ചു തിരകളെ ത. Bhg. to shove away. വാതിലും തള്ളി അകത്തങ്ങു ചെന്നു CG. opened. മൂക്കിൽ വിരൽ തള്ളി നില്പാൻ കഴികയില്ല as a humble servant (see ഊറുക). — to beat against, dash കന്നിനെ തള്ളുന്ന വങ്കാറു; കള്ളരെ തള്ളിപ്പിടിച്ചുടൻ കെട്ടവേണം CG. to pounce on them. പിടിച്ചു തള്ളി, പുറത്തു തള്ളി Mud. 2. to reject, cast off. കല്യാണം കഴിച്ചപ്പെണ്ണിനെ തള്ളി TR. — In Arithm. to subtract കീഴ്ക്കടക്കണക്ക് ഉണ്ടാക്കി കാണത്തിൽ തള്ളി TR. deducted from the കാണം. 3. v. n. to push on, to dash straight forward, to press on. തിര ത. Bhr.; തള്ളിച്ചുഴന്നൊരു കാറു CG. a violent whirlwind. ശ്വാസം തള്ളിത്തള്ളി വരുന്നു by jerks (of dying breath); ത. വന്നുള്ള മോഹം Anj.

Hence: തള്ളിക്കടത്തുക to push over or across.

തള്ളിക്കളക to cast off, നുള്ളിക്കൊട്ട ചൊല്ലിക്കൊട്ട തല്ലിക്കൊട്ട തള്ളിക്കള prov. — to annul.

തള്ളിക്കൊടുക്ക to push towards another.

തള്ളിനീക്കുക to push off, deduct, annul.

തള്ളിയിടുക to push down; to overthrow.

തള്ളിയെഴുക (3) to press on, ത'ന്നൊരു കണ്ണുനീർ, തള്ളിയെഴുന്ന കോപം CG. violent wrath. ത'ന്നൊരു ശീതം CG. exceedingly cold weather.

തള്ളിവരിക (3) to come straight on. ത'ന്നീടും പട Mud. coming down upon us. വെള്ളത്തിൽ തിര ത'രും Anj.

തള്ളിവിടുക to push down, പൊട്ടക്കൂപത്തിൽ ത'ട്ടാർ Bhr. — ; to subvert.

VN. തള്ളൽ 1. pushing; rejection; loss. 2. disdain, pride ത. ഉണ്ടായിതുള്ളിൽ Bhr. ത'ലോടോത്തു Bhr.; ത'ലായി ഭ്രമിച്ചുടൻ ഞെളിക വേണ്ട Anj.

CV. തള്ളിക്ക to cause to throw
ജന്മത്തിൽ ത. TP.

തള്ളു 1. a thrust, push തള്ളും
യി. — തള്ളാംകൊട്ട a basket to
(or തള്ളാൻ). — തള്ളുപടി wha
2. contempt തള്ളററീടും ശത്രു
not to be defied. 3. throng
ക്കു to be thronged.

തള്ളേറു = തള്ളൽ 2. defiance പല
ട്ടു പറഞ്ഞു TR. impudently.

തള്ളേറുകാരൻ a defier.

തഴ taḻa T. M. a C. (ഒലം, തളിർ) 1
twig with leaves. 2. a fan, as
(വെൺ—) of the Cochin king
peacock's feathers. നീലത്തഴ AR
പച്ചപ്പവിഴത്തഴ Pay.; ചെന്തഴ
ed as banner. Bhr.; രത്നത്തഴ CG
ഒടിയും Nal. in a throng. 3. a r
(C. T.) തഴനിഴലിൽ പോക Vil
is compared to it: വണ്ടാർ തഴ
തണ്ടാർ തഴക്കുഴലാൾ Mud., പൂന്ത
ത്തുവും മലർത്തഴക്കുഴലി RC., അം
ലേപൃങ്കുഴൽ അഴിച്ചിട്ടു Bhr. 4. = ത
തഴനിഴൽ awning, bed curtain,

തഴപ്പായ് a fine soft mat.

തഴയിടുക (4) to make a plast
അകത്തു മുറിഞ്ഞാൽ കപ്പൂരം
MM.; also = തഴെക്ക II. to r

തഴകി taḻaγi (& തഴി B., തകഴി
stripe of cloth dipped in oil
wound. — തഴകിയിടുക MM. =

തഴമ്പു taḻambu (T. — ഴ —, f
callous spot, as from a writing
അച്ഛൻ ആനപ്പാവാൻ എന്നു
ചന്തിക്കും ത. ഉണ്ടാമോ prov. —
ത. ഉറച്ചീടിന കൂട്ടർ PT. practi
തഴമ്പിടുക, വീഴുക a horny ma
denV. തഴമ്പിക്ക to grow call
വൻ V1. callous, unfeeling.

തഴമ്പൽ (loc.) being practised,

തഴയുക taḻayuγa (see prec. &
be worn out, rubbed (as a rope)

ചിനിരങ്ങിയാൽ വിട്ടും തഴകയില്ല prov.
ıabituated, practised തഴങ്ങ പുണ്യ
ാം കൊന്നമാം KeiN. — (No. also: അ
ങ്ങി = തഴക്കമായി).

practice, use ത. വരുത്തുക to accustom;
ചയ്യു V1. to be diligent; a physician
പഴക്കവും തഴക്കവും continual experi-
— തഴക്കക്കേടു disuse. 2. expertness,
y (= നേറി V1.) 3. acquaintance
ട ത'മുള്ള നാരിമാർ KumK.

ക്കി to exercise, habituate V1.; to in a horse, to train.

ുക No. = തഴയുക.

െ തഴുതു.

alugugu (T. തഴവു, C. തബ്ബു, തക്ക fr.
ു) 1. To embrace പുണന്നു തഴുകി SG.,
ുക തഴുകിനാൻ AR., നന്നായി അവ
ടക ത. Mud., ഗാഢം ത. KR., അണ
ിനാൻ AR. — also of sexual embrace
ıet. വല്ലികൾ മരങ്ങളെ മെല്ലെത്തഴുകി
G. 2. to hold fast തംബുരു തഴുകിക്കൊ
ം KR. So ഇന്നു ഭൂമിയെക്കെട്ടിത്തഴുകി
to one fallen to the ground): thou hast
it. തഴുകിപ്പിടിക്ക to clasp with both
caress. തഴുകിപ്പറഞ്ഞു AR. comforted.
ാമ്പുകൊണ്ടുള്ള രൂപം പഴക്കച്ചുട്ടു തഴ
UR. made to embrace, Bhg.

uðu (തഴ = തറു, also C. Tu. തളു to
ı bolt. തഴുതൂരി MM. withdrew the
efly the wooden doorbolt pushed from
ഴും അരമയും); ഇരട്ടത്തഴുതു No. =

·

p or തഴവു f.i. തഴവാറാം വന്നു പോയി
ı തഴവേറാം) the family is extinct =
ı അററു. —

o herpetic eruptions, ring-worm (S.
C. Te. ഒട്ടു, T. തഴുതണ).

= തവിഴാമ Boerhavia diffusa.

ൽ B. = താതാവൽ?

ം **talekka** T. M. a C. (തഴ) 1. To
ഴച്ചിരിക്കുന്ന വൃക്ഷം with wide spread-
ıches B.; to sprout as posts planted,
also തവെക്ക (loc.), to ripen as a plantain bunch.
2. to thrive; met. വീടു ത.; പ്രേമം, ഭക്തി ത
ഴെച്ചവർ Vil. those, in whom love, devotion
flourishes. ഭീതി തഴെച്ചു നിന്നാശകൾ ഓരോ
ന്നേ ആതുരനായി നോക്കി CG.; വെന്നി തഴെ
ക്കുന്നവൻ RC. victorious. സന്തോഷം കൊണ്ടു
തഴെച്ചു നിന്നീടിനാർ CG. prospered.

VN. തഴപ്പു thriving condition, ഉത്തരകുരുക്കൾ
ക്കും ഇവ്വണ്ണം തഴപ്പില്ല; സുരലോകം പോലേ
തഴെച്ചുള്ള നാടു KR. prosperity.

CV. തഴപ്പിക്ക to make to thrive or prosper,
to carry out fully. പ്രേമം ത'ക്കും CG.; എ
ന്നുടെ സേവ ത'പ്പാൻ ചെമ്മുള്ള കാലം അ
കപ്പെട്ടുന്നു CG.

II. തഴെക്ക (തഴയുക) To rub down, grind as
Sandal ഗുളിക മുലപ്പാലിൽ ത. MM. (= ചാലിക്ക).
പൊൻ തഴെച്ച് ഒരു ചൊട്ടു തൊട്ടു TP.

(V1. has തഴിക്ക to go without eating & drinking in order to finish a business).

താ **tā** 1. imp. of തരുക, Give! 2. (in താക്കഴ
etc. = താഴ്, താവു).

താം **tām** T. M. C. pl. of താൻ, Themselves,
(see തമ്മിൽ).

താകരം **tāyaram** So. of Veṭṭattunāḍu (T. ദാഹ
സുരം?, Te. താഗു to drink?) & താവരം Spiritu-
ous liquor, arrack. താ. കാച്ചുക to distil it.

താക്കരി see ലാക്കരി A great rogue.

താക്കി **tāki**, ഇതിന്നറിയും താക്കി doc., TR., MR.
= സാക്ഷി.

താക്കിഴായ് Palg. (താക്കഴ, II. താൾ 2.) = തഴ
തു; in Cochin a horizontal bolt attached to a
door-post.

താക്കീത് Ar. **tākīd**, Emphasis, injunction. എ
ന്നു താക്കീതിയായിട്ട കല്പന strict order. ചെ
യ്യേണം എന്നു താക്കീതായിട്ടെഴു TR.; അവനു താ.
അയച്ചു MR. warned him. പള്ളിയിൽ താ. ചെ
യ്തു (Mpl.) urged.

താക്കു **tākku** (T. a blow, താക്കുക) 1. Aim = ലാ
ക്കു; H. & Beng. tāk. 2. the proper time (ത
ക്കം). ഒരു താ. once. താക്കും തടവും കൂടാതേ
കണ്ടു വന്നു irresistible as a flood; താക്കും തടവും
ഇല്ല unanswerable as a fool's talk. 3. = ഡാക്ക.

I. **താക്കുക**, ക്കി C. Te. T. 1. To hit, touch, beat പെരിമ്പറതാക്കിത്തുടങ്ങി Nal. RS.; ഭേരി താക്കിത്തുടങ്ങി CG. at the beginning of a spectacle. 2. V1. to burn a little.

II. **താക്കുക**, ത്തു (see താഴ്ക്കുക) To lower, take down, as fruits from trees (തേങ്ങ താ. No. for seed, Perumāḷ); to convey down the stream, to catch fish in baskets under the fall of a brook. ചീനിതാത്തു So. cast anchor.

VN. (see താപ്പു 3). താത്തും വീത്തും പറക No. abuse (= വീഴ്ത്തും).

താക്കുഴ **tākuḻa** (താഴ്) A bolt, bar. അളു വാഴക്കാ പോലേയും താക്കിഴാ പോലേയും വരും Nid. (of a swelling); also **താക്കഴ** So.

താക്കോൽ (താഴ് കോൽ) M. Tu. a key. താ. കൊടുക്ക mod. to mount a clock, watch. — താക്കോൽക്കാരൻ V2. a steward, dispenser.

താങ്കൾ **tāṅgaḷ**, pl. hon. of താൻ = തങ്ങൾ, even in obl. cases താങ്കളോടു, താങ്കളുടെ അരിയത്തു TR. Your Highness.

താങ്ങു **tāṅṅu** (തങ്ങുക) 1. Support; a vault V1.; the wadding of a gun. 2. the staff of a spear.

താങ്ങുക T. M. C. Tu. (v. caus. of തങ്ങുക). 1. to support, keep, sustain, ഭർത്താവിനെ താങ്ങി പുണർന്നു Bhg.; കരങ്ങൾകൊണ്ടു ചിരം താങ്ങി RC.; താങ്ങോർ ഉണ്ടെങ്കിൽ തളൎച്ച ഉണ്ടു prov. താങ്ങിപ്പറക to defend. താങ്ങിപ്പിടിക്ക to assist in bearing. അംബരം താങ്ങിയും Bhr. women in grief. 2. to ram a gun. താങ്ങി അളക്ക to give good measure.

VN. താങ്ങൽ support; a reservoir.

CV. താങ്ങിക്ക to make to support V1.

താച്ചി **tāčči** T. M. (തായി or Tdbh. ധാത്രി) 1. A foster-mother. 2. one's mother's mother.

താച്ചു **tāččų** (താഴ്ക്കുക?) in താ. പാടുക singing etc. to sooth children. — also N. pr. താച്ചുമേനോൻ etc.

താസാകലം P. H. **tāzah qalam** "fresh pen", A postscript കത്ത് എഴുതിയതിൽ താ. എഴുതി TR.

താട **tāḍa** (T. jawbone = താടി) 1. The dewlap of a bull. 2. crest, a cock's comb MC.

താടക **tāḍaγa** S. (താഡക) A Rāk
quarrelsome woman (vu.)

താടങ്കം S. A peculiar earring, താ.
ചേരുന്നതില്ല CG.; താടങ്കഭംഗി Na

താടി **tāḍi** T. M. (C. Te. Tu. ദാഢി,
ദംഷ്ട്രിക) 1. Jawbone, chin, താട്
ത്തു Anj. (in dying); താ. കോടി
Nid. — കഴക്കോൽത്താടി No. tail-en
2. beard, താ. യും മീശയും വന്നില്ല
താ. യും മീശയും ചുട്ടു കരിച്ചു PT.,
യും നരെച്ചു vu., ആന കുതിര ആ
ടി മീശ കണ്ടില്ലേ Anj.; വട്ടത്താടി
beard താ. ചമെക്കുക, നീട്ടുക Bhg.
ക്ക, കളക f. i. പുരയില്ലുള്ള കണ
ഒന്നിനും താടിയും തലനാരും ക
(interdict of Kādi).

താടിക്കാരൻ who wears a beard.

താട്ടുക see **താണ്ടുക**.

താഡനം **tāḍanam** S. Beating.
PT.; മമ ലഭിച്ചു താ'ങ്ങൾ VetC.

denV. താഡിക്ക to beat, ചക്ഷസി
ഭേരിയെത്താ'ച്ചു CG.; വിസ്മൃ
ഴ്ത്തിച്ചമെച്ചവൻ Bhr. Agastya.
ടിക്ക.

താണു **tāṇų** 1. past of താഴുക q. v.
of dish, also സാൺ. —

താണി N. pr. of a male TR.

താണ്ടുക **tāṇḍuγa** T. Te. (C. Tu. ദ
To jump, cross. 2. v. a. to put i
place.

v. a. **താട്ടുക** 1. To get over or t
ളും ഉള്ള സ്ഥലത്തെക്ക പോയിക്ക
ട്ടേണം Arb. 2. to push aside.

താണ്ഡവം **tāṇḍavam** S. (perh
1. Frantic dance തമിന്നവർ ഉണ
കലങ്കിതെങ്കും RC. (in battle). പി
വേറായിച്ചുട്ടററ താ'ങ്ങൾ ഉ
ഷങ്ങൾ താ. പോലെ കേട്ടു Bhr 2.
est enjoyment of spiritual truth,
താണ്ഡവം ചെയ്ക 1. to triumph; ഉ
യ്തു Bhr. to be mad with joy.
ഞാനഹോ താ. ചെയ്തീടുന്നേൻ
travel, (lit. to dance), as does a

ൻാ വിദ്യം പ്രശംസിച്ചു താ'ചെയ്യിട്ടുന്ന വി
സ്ഥലങ്ങളിൽ Nal. പാണ്ഡവന്മാരുടെ
ുങ്ങൾതാ. ചെയ്യുന്നതു ഭുവനങ്ങളിൽ Bhr.

tāṇma = താഴ്ച, Lowness, lowliness.

) **tāδaṉ** S. 1. A father. താതമാതാക്കൾ
rents. 2. a Vaishṇava Yōgi; his wife
ി Vı. [tosa.

| **tāδiri** Tdbh., ധാതകി. Grislea tomen-
ൻ see താഴ്ക്ക.

ര്യം **tālparyam** S. (തല്പര) 1. Having
r, aiming at; design, object. ഈ പദ
ിാ താ. ആവിളി the meaning. തല്ലാ
ൻ താ- Bhr. 2. earnest purpose, dili-
ffort, കാണേണം എന്നു വളരെ താ. ആ
R.

ര്യപ്പെടുക to purpose, endeavour. മക
മാത്രം കൊടുക്കേണം എന്നു താ'ട്ടു wished
ticularly. ചെയ്യാൻ താ'ട്ടു MR. (mod.), അ
ര എറതാ'ട്ടുന്നില്ല to like.

tādṛŝam, താദൃശ S. Such-like.

ānam 1. S. (തൻ, G. tonos) A keynote.
ടുക = വഴിപ്പാട്ടുപാടുക & താച്ച പാടുക.
ı. മാനം f.i. താ. കഴിക്ക to do penance.
.; സ്ഥാനം rank, position. താ. കളക to
dit, താ. പറക to speak with a feeling
importance. താ. വരുത്തുക to take re-
ാനമാനം അറിക to be wellbred Vı. 2.
ിഴി an offering in a small bag, presented
temple (സ്ഥാനം).

5. Self 1. himself (തൻ, തങ്ങൾ, താ
ാം). തന്നെത്താൻ അറിയാഞ്ഞാൽ prov.
hon.) 3. self as ഞാന്താൻ; ഞാൻ ഒ
ൻതാൻ കണ്ടിരിക്കവേ Mud.; തൽഫ
താൻ അനുഭവിക്കും AR. 4. any one
ചയ്തു പാപം തനിക്കു, തനിക്കു താനും
ളണം prov. let each rely on himself.
louble താന്താൻ കഴിച്ചതിൽ താന്താൻ
താന്താങ്ങൾ distributively, each one.
— താൻ — either or, എന്നേത്താൻ വി
ാനെത്താൻ വിശ്വസിച്ചിരിപ്പവൻ Vil.;
വെയിൽ താ. ഇരിട്ടു താ. പോവോളം
ഴിക്കെക്കു താൻ പടക്കെക്കു താൻ വേണ്ടു-

കിൽ കോൽക്കനം വരുത്താം CS.; എത്ര ഏറി
ത്താൻ കറഞ്ഞുതാൻ ഇരുന്നു Gan. 6. a sort of postpositive article വിഷ്ണുതന്നുമ്പിൽ Vil. = വിഷ്ണുവായവന്റെ മു. So നിങ്ങൾ താൻ ആർ KR. who are you? സപ്തഋഷികൾ തന്നോടു MP. അന്ധങ്ങൾ തന്നിൽ ഒരേടത്തും Sk.; ഒരിവൻ തന്റെ മേനി CG. his body; നിന്തിരുവടി തന്നോടു, രാവണൻ തന്നാൽ, പത്മസംഭവൻ തനിക്കു, AR. രാക്ഷസൻ തന്നെയും Mud. also വദ്ധിക്ക തന്നെ മൂലം = വദ്ധിക്കുന്നതുമൂലം. 7. adv. എത്ര താൻ കേൾക്കിലും KR. how much soever. പേർത്തുതാൻ പറഞ്ഞാലും etc.

താനായി ചെയ്തു voluntarily, spontaneously.

താനും notwithstanding. കട്ടില്ല കള്ളൻ താനും though a thief. ഒന്നുണ്ടു ചോദിപ്പാൻ പണി താനും Bhr. yet it is hard to ask. അറിക താനും ഇല്ല KR. did not even know.

താനേ by himself, നീ താ. തന്നെ കാനനേ നടപ്പാൻ Nal.; താ. വരിക to come by itself, to follow of necessity. മുക്തിയും താ. വരും Bhr.; പുൺ പഴുത്താൽ അമ്പു താനേ വീണു പോകിൽ ശമിക്കും MM.; താ. തനിയെന്നേ TP. quite alone.

താന്താനെ താന്താറ് പരതിക്ക TP. let each look to himself. താന്താക്കുള്ള ഭൂമിയിൽ കഴിക്കും jud. bury each on his own ground (pl. distr.)

താന്തോന്നി self-willed, headstrong, താ'ക്കം. മേത്താന്നിക്കും പ്രതിയില്ല prov.

താന്തോന്നിത്വം self-conceit, മന്തിനും താ'ത്തിനും ചികിത്സയില്ല prov.; താ. മുഴുത്തു PT.; താ. പ്രയോഗിക്ക, കാട്ടുക to act rashly. താ'ങ്ങൾ തുടങ്ങുക Sil.

താന്തൻ tāndaṉ S. (തമ്) Exhausted, പാന്ഥർ താ'രായ്യുന്നു Bhr.; വിദ്യകൾ എല്ലാമേ താ'ന്മാരായി പഠിച്ചു CG. wearied themselves to learn every science. ന്യത്തശാനങ്ങളോടു താ. യായി Bhg.

താന്നി tānni T. M. C. Terminalia bellerica, called കലിദ്രുമം, as haunted by imps.

Kind: ചെന്താന്നി Rumphia amboin. Rh.

താന്നിക്കാ GP 73.; താന്നിത്തൈലം കേശവർദ്ധനത്തിനുത്തമം GP.; താ'ത്തൊലി a. med.

താന്നിയൂർ TR. MR. & താനൂർ N.pr. Tānūr.—

താപം tābam S. (തപ്) Heat, താ. കെടുപ്പാൻ സലിലാതളിച്ചു Bhr.; pain. പാപങ്ങൾ ചെയ്യോരെ താപത്തിൽ കാണായി CG. in hell. ഞങ്ങൾ ഉള്ളിൽ നീ താ'ത്തെ ത്ത്ലുകന്നു CG.; താപത്രയാനലൻ AR. consuming the 3 kinds of grief or affliction. താപജ്വരം a hot fit.

താപത്യൻ tābatyaǹ S. (തപതി N.pr.) The descendants of Tapati, the mother of Kuru, Bhr.

താപസൻ tābasaǹ S. (തപസ്സ്) Ascetic = തപസ്വി; fem. താപസീജനങ്ങൾ Nal.; താപസക്ലാൻ Bhr. lean like a hermit.

താപിഞ്ഛം S. = തമാലം (താപിഞ്ഛമഞ്ജരിയോട് ഒത്ത കളേബരം Anj.)

താപ്പിടി tāppiḍi No. (I. താൾ) in താ. പെറുക്കുക To glean after reaping or cropping (for the Janmi or for oneself) = കാലാപ്പെറുക്ക്; see താൾപ്പിടി.

താപ്പു tāppu T. M. (C. താപ്പെ time) 1. = താക്കു 2. opportunity താ. ആക, താ. കൂടുക So. to be favorable. — താപ്പാക്ക to make advantageous — താപ്പാന the tame elephant used to subdue the wild one. 2. a measure താ. കാണ്ക, നോക്കുക to try a measure. താ. എന്തു what is the rate? how many Iḍangāḷis to the Mūḍa? അളന്ന താ. 24 ഇടങ്ങഴി (instead of 25 to the Mūḍa). 3. (= താഴ്പ്പു) vile, worthless എന്നെ താപ്പാസ്സുമഞ്ഞു, നന്നെ താപ്പായിക്കണ്ടു vu., fr. താക്കുക II.

താപ്പൂട്ടുക tāpūṭṭuγa (താഴ്) To close as flowers.

താമര tāmara T. M.; C. താവരെ, Te. തമ്മി (S. താമരസം, prh. = താഴ് മരം) Lotus, Nelumbium speciosum. താ. ക്കുരു GP 70., താ. പ്പൂ GP 66., താ. നൂൽകൊത്തി വലിച്ചു കാമിനിക്കു കൊടുത്തു CG. fibre, താമരയിലയിലെ തണ്ണീർ എന്നതു പോലെ ഉള്ളിൽ പററീടാ KeiN. താമരവളയം stem or film of lotus. Kinds: ഓരിലത്താ. p. 185., ചെന്താ., കഴിത്താ. Sagittaria obtusifolia Rh., നീലത്താ. Nymphæa cærulea, വെൺതാ. etc. — met. ചിത്തതാമരയിൽ മരുവീടും ഈശ്വരൻ RS.; സുഗ്രീവനെക്കണ്ടു താമര പോലെ മുകം വികസിച്ചു great joy. [ണ്ണി KR. Sīta.

താമരക്കണ്ണൻ lotus-eyed, താ'ർ Crshṇa CC., താ.

താമരച്ചേരി & — ശ്ശേരി N.pr. capital of the

southern part of the Cōṭṭayagattu
ty. താ'ച്ചുരം its ghaut. താ'ച്ചുരം
താ'ച്ചുരം വഴിക്കേ കിഴിഞ്ഞു പോ
താമരസം S. Lotus. താ'സോത്ഭവൻ
(പത്മസംഭവൻ); താ'സാക്ഷൻ

താമരക്കം tāmarakkam (S. താമ്രം)

താമസം tāmasam S. (തമസ്സ്) 1.
quality, താ'മല്ലോ ജഡതാമാകുന്നു
എപ്പോൾ ഉദയം അതു കലി Bhg.;
കൾ കേട്ടു AR. words of dark impo
സ്വഭാവന്മാർ Bhr. dull. 2. indole
(mod.) delay, procrastination വ
ഉണ്ടു, ദിവസതാ. കൂടാതെ, കാര്യങ്ങ
താ. വരാതെ TR.

താമസൻ, താമസശീലൻ a sluggard
denV. താമസിക്ക to tarry, linger
താ'ച്ചു പോയി, വരുവാൻ സാമ
often), ഇതിന്നു താ'ച്ചു പോകരു
രം താ'ച്ചു it became too late. താ
vu. without delay.

CV. താമസിപ്പിക്ക to defer, postpon
ത്താ'ക്കും TR. will retard the m

താമിസ്രം S. darkness; a hell. Bhg.

താമൂതിരി Tāmūδiri, vu. താമൂരി
Tdbh., സാമൂരി (see കന്നല & ത
sea-king or ruler of Calicut.

താമൂരിപ്പാട്ടിൽ the ruling king.
രാനെച്ചെന്നു തൊഴുതു TR.; താ'
ട്ടാൽ KU.

താംബൂലം tāmbūlam S. Betel
രസം CG.; താ'ലപൃശാവും SiPu. betel
താ'ലചർവ്വണാദി AR. daily enjoym
വള്ളി Anj. = കൊടി 8. — see നി

താമ്രം tāmram S. (തമ്?) 1. Dark-
താം പെരുകി CC. 2. copper.

താമ്രകുട്ടൻ S. a copper-smith VetC.
താമ്രപർണ്ണി S. the river of Tiranel
തടേവാസം Nal.
താമ്രാക്ഷൻ red-eyed.
താമ്രാധരോഷ്ഠവും Bhg. red lips
Bhr. a woman with red lips.

തായം tāyam Tdbh., ദായം 1. Porti

ന്തായം & മരുമക്കത്തായം. 2. portion

portunity താ'വും തഞ്ചവും നോക്കുക

ായം V2. a stratagem. 3. So. a die.

, താ. അറിക B.

dbh., ദായാദി heir, relation. പാണ്ഡ

ുറവരും താ'പ്പോർ തുടങ്ങി (Mantr.)

tāyāḍuγa 1. (തായം 1. 2.) To act

ously; to do mischief, destroy V1.

to fondle, play.

ischief, plunder, destruction of an

garden, etc. തല്ലും താ'വും പറക V1.

threateningly in jest, to speak non-

esumption, spite; ill-turn. താ. കാട്ടു

ുക്കളെത്താൻ താഡിച്ചു ശിക്ഷിച്ചു വ

ണം CC. insolent children.

T. M. C. 1. Mother. മൂലതായി CG.

kshmi, ഉലകിന്നു തായായ്മരുവിന താ

nj.; also a wet-nurse, താച്ചി; fig. of

plants തായും കന്നും പറിക്കാമോ

& unripe fruits. 2. the handle of

atchet (തള്ള), കൈമക്കോട്ടിൻ തായി

ച്ചു തച്ചു MR. 3. N.pr. fem.

(loc.) a bawd, കൂട്ടിക്കൊടുക്കുന്നവൾ.

he inside of a fort, king's residence.

ത (1) f.i. കോലസ്വരൂപത്തിന്റെ

patroness of Cōlattiri.

inner room.

e. trunk of a tree before dividing

ches, (=തായ്മരം).

. (സ്തൃ) 1. A star. താരാപതി, താരേ

ോൻ. 2. T. M. (താരം 2) a large trum-

താര, താളം താരയും Pay. 3. Tdbh.,

ring on one ൊഴപ്പനീരും പാലും

ഇടുക a. med.; താരമുറിയാതെ Ti. in-

uninterruptedly, as showers, firing.

marks or lines drawn on wood (വൃൽ

ങ്ങിത്താര Palg. wheel-ruts, വ. കാ

ക after the തേരോട്ടം in Koḍumbu

ornamental incisions (=താറു 3).

S. 1. (തർ) Crossing, pervading.

h (of sound) താ'മായി രോദിച്ചു KR.

3. T. M. C. a copper-coin, ½ a pice or ⅓ fanam (prh. താർ = ചാർ H. four). പണവും താ'വും, താ. അഴിയാതെ, താ. കൊണ്ടുതട്ടി prov. 4. = താകരം.

താരം ഇമ്പി (3) a miser.

താരകം **tārayam** S. (തർ) 1. Getting over; ferrying, saving. 2. a star (=താര), also താരക (താരകജാലം കാണായി CG., താരകഗണം Bhg.)

താരകൻ a pilot; a saviour.

താരണം **tāraṇam** S. (തർ) 1. Helping across. f.i. സംസാരതാരണം SiPu. 2. dandruff V2. — താരണക്കോൽ V1. great scales, perhaps Tdbh. of ധാ. —

താരതമ്യം **tāraδamyam** S. (തര + തമ) The more or less ഏറക്കുറവു; nice distinction of degrees. അതിഥികളുടെ താ'ങ്ങൾ അറിക, അതിലെ താ. അറിവതിന്നു KR. gradation.

താരൽ **tāral** B. = താരണം 2. Dandruff.

താരാട്ടുക **tārāḍuγa** (see തായാട്ടുക 2. താർ?, താലോലം) B. Palg. To caress, fondle = ആരാട്ടുക. VN. താരാട്ടം caressing, fondling.

താരാപഥം **tārābatham** S. (താര 1.) The sky.

താരിഖ Ar. **tārīkh** Date, താരിഖ ഹിജിറ ഫൻന്നൂറും മുഹാരമാസം ഒന്നുമായിട്ടു Ti.

താരീപ്പ് Port. **tarifa,** Tariff.

താരുണ്യം **tāruṇyam** S. (തരു) Youth. — താരുണ്യകാലം മുഴുത്തു കുമാരികൾ VetC.

താൎക്കാണി **tārkāṇi** B. Witness (prob. താൻ കാണി; ൻ changed into ൎ as in തമ്പ്രാൻ T.).

താൎക്കികൻ **tārkiγaǹ** S. (തൎക്കം) 1. A sophist, disputant, വേദാന്തതാ'ന്മാരുടെ വാദം Nal. 2. (mod.) litigious, താ'ന്മാരായ അവകാശികൾ MR.

താൎക്ഷ്യൻ **tārkšyaǹ** S. A mythical being, = Garuḍa KR., also:

താൎക്ഷ്യം തളൎന്നു ചുഴന്നു പറന്നിതു UR. id; an antidote മാക്കിരക്കല്ലു med.

താൎണ്ണം **tārṇam** S. = തൃണം കൊണ്ടുണ്ടാക്കിയ സ്ഥലം Bhr.

താർ **tār** T. M. (S. താരം shining or താറു) 1. A flower, bud. 2. Lotus നളിനതാർ RC., ചെ

ന്താർ, തണ്ടാർ etc. In comp. with ഉൾ etc. = തളിർ f. i. അകതാർ, ഉൾത്താർ, മാനസതാർ RC.; കരതാർ the noble hand, കൈത്താർ വിരൽച്ചരടു KR.; esp. the foot പദതാർ Bhr., കാൽത്താരിൽ കമ്പിട്ടു CG. 3. a clew, bottom of yarn (T. താറു q. v.)

Hence: താരടി adorable foot, ചാരണത്താ. ക്രൂപ്പി [Bhg.

താരണി 1. flower-dressed താരണിമാളുജാനകി RC. 2. N. pr. fem.

താരമ്പൻ Kāma, ചെന്താർബാണൻ etc. with flower-shaft. VetC.

താരാർ (ആരുക) rich in flowers. താ. കുഴലി RC. of Sīta, താ. പൂങ്കുഴലി Bhg., താ. മകൾ AR. Sīta, in Bhg. Lakshmi.

താത്തേൻ flower-honey, താ'നേ വെല്ലുന്ന വാത്തകൾ, ഒരു താ'മൊഴി CG. a sweet spoken girl.

താർമകൾ Lakshmi, താ. മണാളൻ RC. Viṣṇu.

താർമങ്ക id., താമരപ്പൂവിലേത്താ. CG.

താർശര Oh Kāma! CG. (= താരമ്പൻ).

താർതാവൽ tārδāval & — **വിൽ** No. താറു താൽവേർ a. med. Spermacoce hispida Rh. താ'ലരി its seed GP 62. — Kinds: പേത്താ. Bergia verticillata, ചെറുതാ. Hedyotis Rheedii, വെൺ താ. etc.

താറാവു tārāvu (T. താരാ, S. തരൽ) A duck MC.; വലിയ താ. a goose V1.

താറു tāru T. M. (തറുക) 1. A clew = താർ 3.; the arrow of weavers which holds the yarn. താറുരുട്ടുക to wind yarn. ചേരിത്താറിട്ടു, താറു ഈരാണ്ടു എടുത്തു പിരിക്ക joined Coir-fibres. 2. wearing clothes tucked in താ. കെട്ടി ഉടുക്ക, താ. വലിച്ചുടുക്ക as men do for a fight, etc. ഊരാൾ ഇല്ലാത്ത മുക്കാൽ വട്ടത്തു താറുവിട്ടും നിരങ്ങാം prov. for easing nature. താറേറാലിച്ചങ്ങവൾ നല്കുമാറപ്പാൽ CG. she would give him the breast = താററുവലിച്ചു or താലോലിച്ചു? 3. (T. bunch) ornamental sculptures as in joiner's work (also താര 4.) 4. the centre-piece of a trinket, താററ (= അററ) മണിപോലെ prov. (= താർ?).

താറുക M. C. Te. (= തറുക) to sink, decline, to become thin, to grow cool, intermit. താറാ ത മീട് എണ്ണ താറിയള്ള TP. d (p. 198.) താറിപ്പോയി (കാററി

താറുമാറു T. M. C. Te. confusion, di റാക്കി committed mischief; ro

v. a. താററുക to break, as clods a ing (കണ്ടം ഒക്കേ താററിപ്പെറു ലാക്കി വെച്ചു No.), the cocoa order to obtain the fibres for s to kill (see കണ്ട), വെടിവെച്ചു ഞ്ഞു; — also താറിക്ക to let s ബാലൻ തന്നേ താറിച്ചാൽ Bhg

താലം tālam 1. S. Palmyra tree, B രിമ്പന f. i. താലവനം CG. — താല 2. Tdbh., സ്ഥാലം (see തളിക) a vessel. പൊന്നിൻ താ. a golden sal kings offer their ദക്ഷിണ.

താലപത്രം a palmyra-leaf rolled in the ear = കാതോല.

താലപ്പൊലി (2) annual feast of when girls offer in procession of rice with കഴഞ്ഞിൻ പൂക്കുല, അരിതിരി in order to get hus

താലവൃന്തം a palm-leaf, used as f

താലാങ്കൻ S. having the palmyra f Balabhadra CC. [le

താലവ്യം tālavyam S. (താലു) Th

താലി tāli 1. S. fr. താലം, H. താ താലിച്ചൂർണ്ണംപൊടി MM. chunam, toddy. 2. T. M. C. Te. Tu. the ce a neck-ornament, tied as the ma താ. വെക്കുന്ന അവകാശം തട്ടാര വത്തിന്നു താ. കെട്ടിച്ചു Anach.; ത prov. താ'ക്ക ഭംഗം വന്നാൽ ആ CrArj. divorce. — Kinds: ഇളക്ക താ. V1. & കമ്പളത്താലി UR. bot for marriage.—പൊന്താ. മോക്കി ത്താലി etc. — അരത്താലി a waist- women. 3. N. pr. fem.

താലു tālu S. Palate, hence താലു

താലൂക്ക് Ar. ta'aluk, Dependanc consisting of many Dēšam; ത യി to the Tahsildār's Catchēri.

tālōlam (T. താൽ tongue, താലാട്ടു
locking in arms, as a baby; in-
ലം.ആട്ടുക (also of sexual commerce).
ം to lull asleep, caress, fondle. ബാല
ിച്ചു താലാട്ടു കൊണ്ടുപോയി CG. — V2.
ലം. — താ'ഭാവം കാണിക്ക, also to
ild by leniency.
ം താൽപ —.
?) Deep quagmire grown over with
)
vayam S. (താവ) Thine; also yours
ം ദേശത്തെ നോക്കി CG.
vaḍam (T. താഴ്വടം, C. Te. താവ
klace of gold, pearls, etc. hanging
ാഴ്). താലിക്ക മീതെ ഇത്താം. ചേർത്ത
ാന്താവടം etc.
adi (T. invasion, foray താവുക). A
Bhagavati (1-10 Mēḍam), during
rders are winked at by the native
.
al 1. S. So much, so far (യാവൽ
. താവൽസുതന്മാർ VetC. all his sons.
. 2. rice beaten small താവലരി,
ി V1. (താവുക 2. 3; hence താർ

aḷam T. M. Te. Lodging place, re-
. So.; in Palg. id., any shady rest-
near water, mostly വങ്ങിത്താ., prh.
, V1. a place (fr. സ്ഥാവരം).
aḻi (താഴ്?, T. താഴ്വഴി relation by
de, തൊഴ C. relation by wife's side).
ship of first cousins V1., collateral
a family മൂവായിരത്തെ ഉ. താ. യാ
ു KU. (the armed Brahmans of
ir). കറുമ്പ്രനാട്ടുസ്വരൂപത്തിൽ ഉ. താ
TR. (= ശാഖ). അവൻെറ താവഴിയി
ാ അനന്തരവൻ MC. 2. the property
nch, വേറെ താ. യിൽ പോകുന്നു MR.
ർ 1. those of one branch, അങ്ങനെ
. 2. children of the same father
fferent mothers. —
ിക a pedigree.

താവു **tavu** = താഴ് q. v. A bolt, lock. വടിക്കു താവു തീർക്കും അമ്പുകൊല്ലൻ KN. insert shutters (for arms, amulets, etc.) in sticks, shafts.

താവുക **tāvuγa** T. aM. 1. To rush in upon, തറയിൽ താവിനാൻ, എഴുത്താവി കൊട്ടുമയിൽ നടന്നാർ RC. അന്തർഭാഗേ താവിനാൻ Bhg. പൂമേനിയിൽ താവി വരുന്ന തെന്നൽ CG. the zephyr blowing on him. 2. to spread തൻ മുഖത്തിൽ താവുന്ന ലാവണ്യപീയൂഷം CG.; പൂമലരിൽ താവുന്നോരാനന്ദത്തേറൽ CG. 3. = താഴുക to sink, fall താവുന്ന രോമങ്ങൾ, നാകികൾ മൌലിയിൽ താവി നിന്നീടുന്ന മണി CG. താവും എൾപ്പൂവിനോടു കോഴ കൊണ്ടീടെഴും നാസിക Anj. the nose compared to the drooping sesam-flower.

താശി **tāši** Love (Tdbh., സ്ഥായി?). എന്നോടു താ. ഇല്ല he loves me not. താശി പൂണ്ടെല്ലാരും ചെന്നു TP.; ഭക്തരെ താ. ചിത്തത്തിൽ ഉണ്ടു Genov.

താസീൽദാർ MR. see തഹശിൽ.

താളം **tāḷam** S. (തലം or തഡ?) 1. Clapping of hands. 2. beating time. താ. ചവിട്ടുക with the feet, otherwise താ. പിടിക്ക; musical time താ. വരുമ്പോൾ സ്വരം വരാ prov. താളത്തിൽ ഒത്തി CG. danced measuredly. നൃത്തത്തിന്നൊത്ത താ'ത്തിൽ വാദ്യങ്ങൾ കൊട്ടി Bhg. താ'ത്തിൽ കളിപ്പിക്ക nicely, regularly. താ'ത്തിൽ പിഴെച്ചു പോവുക Nasr. fell out of time. There are in T. 7 modes of beating time ചമ്പയും അടന്തയും നല്ലൊരു പഞ്ചാരിയും ചെമ്പടാദികളായ താളത്തിൽ കളിക്കയും Bhg 10, 33. (രൂപകം etc.). 3. a cymbal ഇളന്താളം, കഴിതാ., കൈത്താ., വാദ്യതാ., etc.; വീണകൾ വേണുക്കൾ താളങ്ങൾ എന്നുള്ള വാദ്യങ്ങൾ CG. താ. മുട്ടുക.

Hence: താള N. pr. of women.

താളക്കാരൻ (3) a cymbal player.

താളക്കൂട്ടം a pair of cymbals; താ'ട്ടുകാർ KN.

താളക്കേടു 1. missing time in music. താ'ടായി പാവ കളിപ്പിച്ചു Nasr. unharmoniously. 2. doing things out of their place, disappointment.

താളജ്ഞൻ VyM. = a bandmaster.

താളമേളം a tune, താ'ങ്ങൾ കളിപ്പിക്ക Nasr.

താളം പിടിക്ക 1. to play the cymbal SiPu. 2. to beat time തുടമേൽ താളം പിടിച്ചു തുടങ്ങി Bhr 9. (in order to give a hint). ദന്തങ്ങളെക്കൊണ്ടു താ. പിടിപ്പിച്ചു CG. the winter made them to chatter with the teeth.

താളം പിഴെക്ക (2) to miss time. താ'ച്ചു V2. disorderly — CV. താ'പ്പിച്ചു CG. made them fall out of time.

താളം മറിയുക (2) to get out of order = തരക്കേടു f.i. കൈ താ'ഞ്ഞു എനക്ക TP. my hand has lost its power. ആപത്തു താ'ഞ്ഞു എനക്ക TP. I am undone.

താളം മാറുക to change a tune.

താളായ്മ tāḷāyma (C. Te. Tu. താളു to bear) Humble, subdued manner (loc.).

താളിക്ക T. M. C. Te. Tu. to season food = ഗന്ധം കൊളുത്തുക (= to make supportable or = താളത്തിൽ ആക്കി) see കൈത്താളം p. 299.

താളിതം V1. stewing.

താളി tāḷi T. M. (താൾ) 1. A creeper, the leaves of which are used in cleansing the head before bathing or in washing off the oil rubbed on the body, താ'യും തേച്ചു തല ഒലുമ്പി, താ'ത്തരി തട്ടി TP. esp. ഏച്ചിൽത്താ. 2. നാലു താളി or 4 തോൽ plants used as signs of an interdict, തിരുമുടിത്താളി വെച്ചു വിരോധിച്ചു TR.; വെള്ളില etc. 3. S. (താലം, താലി) Corypha umbraculifera (C. താളെ, Te. താഡു).

Kinds: ഞണ്ണന്താളി Cymbidium ovatum, ഉത്തമത്താ. V1., എരിമത്താളി q. v., ഏച്ചിത്താളി Convolvulus striatus (ഏ. നീരും പഴന്താളിയും a. med.), കരുന്താ. (= കരിന്തകാളി), കാട്ടുതാളി Rhynchoglossum obliq., കറവന്താ., കൈത്താ. (see കൈതത്താളി), ചെറുതാ. Convolvulus gemellus, ചെറുപ്പെറുകത്താ. a. med., തിരുതാ. Convolvulus maximus (GP 65. തിരുതാളികൾ രണ്ടും, prh. with വെന്തിരുതാളി a white-blossomed variety), തിരുമുടിത്താ. (see above 2. a Convolv.), തോവതാ. & മേവതാ. Andropogon serratus. (തേ. ഇടിച്ചു പിഴിഞ്ഞനീർ a. med.), ത്രിപന്തിത്താ. a three-ribbed Convolvulus-leaf,
നറുന്താ. GP 65., നൂലിത്താ. Anti
teria, നെല്ലിത്താ. Aeschynomene
ത്താ. (serves to rub cows with
GP 65., പൃത്താ. (= ആമ്പൽ), മ
ത്താ. Rottlera dicocca, വെട്ടിത്താ.
തിരുതാ. Ipomœa setosa, വേരില്ല
ലനീളി).

Hence: താളിപ്പന (3) the Talipot t
ല its leaf.

താളിപ്പുല്ലു Tradescantia malab.

താളിമാതളം (S. ദാഡിമം) pomegr
a. med., താ. ഏഴിലമ്പാലയും I
മാമ്പഴം).

താളീശം tāḷīśam S. Flacourtia
also താളീശപത്രം med. leaf.

I. **താൾ tāḷ** T. M. C. (താളു to be
1. Stalk, stem, chiefly of edible pl
മല്ലേ, താളിനുപ്പില്ല prov., താളും
കൊള്ളാം Anj. live poorly. 2.
sheet of paper. 3. aM. T. the
ങ്ങും വണങ്ങി RC.

താളടി (loc.) stubble = തണ്ടുപുല്ലു

താളുന്നി? Ophioxylon serpentinu

താൾപിടി (see താപ്പിടി) a hand
of gleaners. പിടിത്താൾ പ
glean. കററക്ക താ. പണ

II. **താൾ or താഴ് tāḻ** T. M. C.
& S. താളം fr. തഴുക) Tu. 1. A bol
often താവു & താ in comp., as താക
താപ്പൂട്ടുക etc. lit. what is pu
down. Kinds: തൊട്ടിത്താഴ്, ക
door-latch. താ. കഴിക്ക V1. to u
മേക്ക പടിയോട്ട മുട്ടല്ലു prov. 2.
താഴ് കത്തിപ്പറിച്ചു MR. കൊ
ത്താ., ഉണ്ടത്താ. V2. a padlock. ക
ട്ടാൽ തുറന്നു പോം Tantr. 3. a
(താഴ്ക്കുടം), താഴരഞ്ഞാണം Nal.
women; a small metal box used as
on the person; what is താഴ്ത്ത
young Sīta? (or I. താൾ 1.?)

താഴി tāḻi T. M. (താഴുക) An earth
താഴിക്കുടം & താഴികക്കുടം, താഴി

s temple, a gilt vase (T. തകഴിക, ന്തകലശം) V2. met. ദുരിതാനാം താഴി ChVr. the chief sin.

ന്നു **taḻuγa** T. M. (C. Te. Tu. താ തഗ്), from താഴ്, തഴക 1. To sink lower, to droop താഴും എൾപ്പു Anj. 3). ഭാര്യമാരിൽ താണു പോകല്ല SiPu. ഒരാട്ടും താ. ഇല്ല ഞാൻ KR. I shall none. 2. to come low, to descend ഒരു താഴാറ്റു Bhg.; to land കപ്പൽ ലിൽ താണില്ല TP. (=കിഴിക). നവനൊത്താണു തൊഴുതു Bhr.; അവ ണ താണു തൊഴുതു നമസ്കരിച്ചു Mud.; ണു വണങ്ങിനാൻ SiPu. bowed 4. to settle, subside വെള്ളം താ.; ണപ്പോൾ towards evening. — to be reduced.

താണ low, താണകണ്ടം, താണപ്പറ പള്ളം നില്ക്കു prov. താണജാതികൾ ; അതിൽ താണതു TR. inferior to ണവീതി the coast-way.

to be bent, reduced, to cower for ;, etc.

to sink, decrease, grow poor.

താഴേ 1. under, below, down, താ. വൻ ഏറേച്ചുമക്കേണം prov.; ഇതിൽ എഴുതിയ കല്പന TR. 2. താഴേ poral: before reaching that height, ത്രിക്ക താഴേ സംക്രമം വന്നാൽ, opp. കഴിഞ്ഞു.

ർ (opp. മീതെ or മേലേ ഉള്ളവർ) low castes. താഴേവൻ, — ഇ the —

നക്കൽ N. pr., a Brahman chief at Payanūr.

ലു=കൊച്ചീന്നു.

താഴേ 1., as തോണിയിൽനിന്നു താഴ AR. താഴത്തു വീണു TR. fell down. വെപ്പാനായി നാം ഇങ്ങുടങ്ങകിൽ now try to humble them, put down. വീട്ടിൽ opp. മേലേ വീട്ടിലും prov. ത്തോട്ടു (പട്ടു) downwards & താഴോട്ടു.

താഴായ്മ 1. VN. not being depressed or humble. 2.=താഴ്മ lowliness, meekness, സാവധാനതാവും No.

a. v. താഴ്ത്ത & താക്ക (see താക്കുക II.) aM. To take down, let down നങ്കൂരം നാലും താഴ്ത്തിനാർ Pay.; ആനകൾ മീനങ്ങളായിത്തൻ ആനനം താഴ്ത്തു തമ്മിൽ കൂടി, ആനനം താഴ്ത്തും ഉയർത്തിയും CG. depression.

VN. I. താഴ്ച lowness, decline, inferiority; often താഴ്ചയും വീഴ്ചയും wear & tear, defect & loss. അതിന്നു താഴ്ച വന്നുപോയി decreased, grew worthless. അവന് ഇന്നേക്കു ദിവസമായി താ. TP. low spirits.

II. താഴ്ത്തു a slope, പുണ്യാചലത്തിന്റെ താഴ്ത്തു Bhg.

a. v. താഴ്ത്തുക & താത്തുക=താഴ്ക്ക 1. To take down, പറമ്പത്തെ തേങ്ങാ താത്തുവാൻ TR. 2. to let down. രാവണൻ തേർ അവിടേത്താഴ്ത്തി BR.; വിമാനം താ. KU. 3. to put down വേണ്ടാത്ത ചോററിന്നു കൈ താഴ്ത്തി TP. excused himself from eating any more. ശീലയിൽ മാല താഴ്ത്തി TP. hid. ശാസ്ത്രങ്ങൾ കൊണ്ടെന്നെത്താഴ്ത്തുവാൻ Bhr. to out-do. 4. to diminish ജന്മിഭോഗം കുറഞ്ഞൊന്നും താഴ്ത്താല്ല VyM.

CV. താഴ്ത്തിക്ക f.i. പറമ്പത്തുള്ള മുളക ചരക്ക താത്തിച്ചു TR. had the pepper gathered.

താഴ്ത്തിക്കെട്ടി=താഴ്വാരം, ചായ്പ്.

താഴ്പെട്ടുക=കീഴ്പെട്ടുക f.i. പണവും അഥ താഴ്പെട്ട നെല്ലും എല്ലാം VyM.

VN. താഴ്മ & താണ്മ humiliation, disgrace; humility.

താഴ്വടം (താഴ് 3), see താവടം.

താഴ്വര T. M. aC. declivity, a valley രൈവതമാകുന്ന പർവ്വതം തന്നുടെ താ.; ഗോവർദ്ധനത്തിന്റെ താ. മേൽനിന്നു ഗോരക്ഷ CG.; ഹിമവൽഗിരി തന്നുടെ താ. യിങ്കലാമാറു Bhg.

താഴ്വാരം a veranda lower than the house; a slope.

താഴ്വീതി lowland; swampy land; coast-way.

VN. താഴ്ച sinking; bottom V1.

തിക see തികയുക.

തികക്ക, ന്നു **tiγakka** (fr. തികഴ്) To boil, bubble up, ചാലത്തികന്നൊരു പാൽ കുടിച്ചു, കാളിയന്റെ ശ്വാസങ്ങൾ ഏററു തികന്ന വെള്ളം

CG.; അടുപ്പത്തു വെച്ച പാൽ തികന്നുച്ചത്തിൽ വരുന്നു Bhg. (see തളക്ക p. 439.).

a. v. **തികത്തുക** (old: പിഴിഞ്ഞ നീരും പാലുമായി തികത്തിക്കുടിക്ക a. med.) 1. To boil പാലും തികത്തിനാർ CG.; വേർ മോരിൽ തികത്തി a. med. 2. മീൻ തി. V_1. to wash and cure fish; to season meat.

തികട്ടുക tiγaṭṭuγa (T. തെവിട്ടുക) & തേട്ടുക q.v. To belch, feel nausea Nid., പുളിച്ചു തി., തികട്ടി വരിക — from തികളുക (T. തെകിള to be full, Te. C. തെഗുലു sickness) in തികള മുട്ടിച്ചിരിക്ക V_1. to be full to the throat (see തികയുക).

തികയുക tiγayuγa (M. തുക?, T. തെകൾ, aC. തീവു to be full, — C. തെഗെ, Te. തീയു to take) 1. To become full, complete തല തി. a sum, യോഗം തി., പത്തു ഗ്രാമക്കാർ തികഞ്ഞു KU. met in full. സൎവ്വവും തികഞ്ഞുള്ള മന്നവൻ VetC. accomplished, perfect. ഗൎഭം പതുക്കെത്തികഞ്ഞു Bhr. 2. to be fulfilled, finished ൧൨ കൊല്ലം തികഞ്ഞാൽ TR. when they are full, elapsed. മാസം (or ഗൎഭം) തികയാതെ ജനിക്ക prematurely. തികയാതെ പെറുക to miscarry.

VN. I. തിക 1. fulness. തികപറമ്പു a garden planted at the proportion of ഒന്നും പത്തും (one jack-tree to 10 cocoanut-trees). തികപലിശ 12 pct. മണ്ണുതികയാകിൽ KU. if the earth dug out of a hole be just sufficient to fill it. 2. meeting, as of hunters കറിച്ചുനായാട്ടിന്നു വിളിയും തെളിയും തികയും തേട്ടവും; ൧൦൦ or നൂറു തിക (huntg.) — In T.= ലിശ (തികമുട്ടി മരിക്ക Trav.)

II. തികച്ചൽ completion ഭാവിച്ചതിനെ തി. ആക്കി carried out; satiety; determination. തി'ലായിട്ടു പറഞ്ഞു TR. assured him. മനസ്സിൻ തി. a mind fully made up. തി. കളിക്ക to behave overbearingly.

III. തികവു, തികവടി (പടി) id.

തികഞ്ഞവൻ M.= ദുസ്സാമൎത്ഥ്യക്കാരൻ.

a. v. **തികെക്ക** 1. To complete, fill up. ആളെയും ആയുധവും തി. TR. to prepare for war. — to collect a required amount. തികെച്ചു കൊടുക്ക V_1. to give in full. തി'ച്ചു കല്പിക്ക to order definitively. ൧൨൦,൦൦൦ നായരെ ത
reviewed in full. 2. to fulfill. ക
മതിയാവു Nasr. keep it all.

തികളുക see **തികട്ടുക.**

തികഴുക tiγaḻuγa T. aM. To shi
ള?). തികഴ്‌വീരൻ ഇരാവണി RC
perfect?) hero. വരം തികഴും വ
കഴ് പോർ RC.

തിക്കരിക്ക tikkarikka = ധി —,
ന്നിളുനിന്നേ CG. Treating thee co
തിക്കാരം = ധി —, as ഞങ്ങളോടു
ണിച്ചു TR.

I. **തിക്ക tikkụ** Tdbh.; ദിക്ക. Di
കടവും (huntg.). തിക്കടെച്ചുപോ
whither to turn, also തിക്ക മുട്ടു
to be utterly at a loss. അന്തിക
എത്തിക്കേ പോയി CG.

II. **തിക്ക** T. M. C. Te. (C. Te. T. ത
ൺ or തിഴ്) 1. Straining, pres
തി'ം തിരക്കും തുടങ്ങിനാർ Nal.
തി. പറക, തിക്കും കക്കും vu.
തിക്കന (എന്ന) pressing on, swi
ന്നു, തിക്കനേ ചെന്നു KR.
തിക്കമുട്ടു being choked (I. തിക്ക
VN. തിക്കൽ 1. pressing, thron
2. quick, heaving respiration,
person = ശ്വാസതിരക്ക.
തിക്കുക (a M. തിഴ്ക്കുക) 1. v.
throng. തിക്കിച്ചെല്ലുക V_1. to
quarters, തിക്കി അടുത്തു പട
തന്നു constrained he gave.
ക്കിത്തെററിച്ചു (jud.) forced o
(freq.) = തിങ്ങുക f. i. തിക്കി
ന്നു Mud.; ഗോപുരങ്ങളുടെ തിക
പ്പെട്ടാർ AR. thronged out of t
ക്കൂട്ടിൽ തിക്കിക്കടന്നു TP. ent
3. തിക്കിപ്പറക V_1. to stamm
v. n. തിങ്ങുക (aM. തിഴ്ങ്ങുക) to
crowded, tight (from തിൺ); g
ക്കിടക്കുന്ന കന്യാഗൃഹം Nal. s
vants. തിങ്ങി മുഴങ്ങിച്ചമഞ്ഞ
sounds. പാരം നിറഞ്ഞു

ꞏ in all its power. — തിങ്ങിയ dense,
ം ഇട തിങ്ങിയ V2.), തിങ്ങിന ഭയം,
etc. intense, (so തിങ്ങീട്ടും ഭക്തി
Often തിങ്ങവിങ്ങ, as തി. ച്ചെല്ലുക
is fill. ...ം മാസം ചെന്ന തിങ്ങിവി
ട്ടു KR. perfectly formed, overripe,
ın തികയുക). met. to rankle, പരി
ദത്തപ്പാഴും തിങ്ങിവിങ്ങുന്നോതെ കര
Vr.

ım S. (part. of തിജ്) Bitter.
, തി'മാംഖൾശം HNK., തിഗ്മശരം
ent, fiery.

ൾ T. M. aC. Tu. (prh. തിൺകൾ
rine?) 1. The moon പൂൎണ്ണനായു
CG. തിങ്കൾവംശം or തി. തൻകലാ
മവംശം. തി. ചൂഡൻ po., തി. ക
ി. മൌലി SiPu. Siva. തി. കലാധ
ബിംബാനനേ Nal. with moonlike
ᐟoo.)! 2. Monday. തിങ്കളാഴ്ചവ്രതം
ıt Monday of a month.

ൾ a M.) a month, ൨ തി. കഴിഞ്ഞ
; ൨ തി'ളത്തേ മാസപ്പടി TR.; തി
ിങ്ങളിൽ സംഖ്യം ശതം VetC. 100
ıs for the month. തി. നടത്തുക
ge the monthly expenses, as in
(done by തിങ്ങൾക്കാർ).

ള്ള the monthly provisions, (kept
ൾക്കലവറ B.)
ം monthly contributions levied
classes by Rājas, W.
നം a monthly ceremony.
a small fish, Zeus oblongus.

തിക്കുക.

Tdbh.; ദൃഢം (C. ദിഡം, comp. തി
stout. തി. പെടുക B. to grow strong,
ടമാട്ടും പോരാളികൾ Pay. firmly

; idol as used for പ്രദക്ഷിണം f.i.
ാരെ (Gen.) തിടമ്പും തിരുവായുധവും
ളിക KU.
ചാരിയൻ No. fearing neither God
vil.

തിടപ്പള്ളി (prh. തിടൽ elevated ground = തിട്ട) 1. the cooking place of a temple, അമ്പലത്തിന്റെ വടക്കേപ്പുറത്തു തി. ഉണ്ടു MR. (So. തട—). 2. the nave of a temple, holy place.

തിടർ tiḍar Fright, grief (= ഇടർ), തിടരററനന്മകൾ നല്കീട വേണം Anj.

തിടുക്കു & തിടുക്കം T. M. Being scared, hurried. തിടുക്കററു ഉണ്ണുക to gulpfood, തി. പായുക, also തിടുതിടുക്കം.

തിടുക്കപ്പെടുക So. to hurry; to be confused.

തിടുതിടേ hurriedly, തി. വന്പുള്ളായുധപന്തി ചിന്ത RC.; തി. പ്പൊടിച്ചുടൻ Bhr.; തി. വീഴ്ത്തു RS.

തിട്ടം tiṭṭam 1. Tdbh.; ദിഷ്ടം. Determined; accuracy. എല്ലായുടെ തി. അറിഞ്ഞവർ VyM. — തിട്ടപ്പെടുക to be regulated, to agree exactly. തി'മാക്കുക to adjust, regulate. തി. വരുത്തുക to make sure of, ascertain exactly, settle the price VyM. മുക്കാൽത്തിട്ടം VyM. = വാശി q. v. 2. Tdbh.; ധൃഷ്ടം bold, confident.

തിട്ട tiṭṭa T. M. C. (തിട്ടു) 1. Raised ground, hillock, shoal, മണ(ൽ)ത്തിട്ട sandbank. 2. a raised seat, as in a veranda, തെക്കേവടക്കായി തി. ഇരിക്കുന്നു, തി. എന്നാൽ തിണ്ണ (jud.) in a shop. 3. palisades, as placed between fighting elephants V1. (& തിട്ടൻ V1. a trench).

തിട്ടതി tiṭṭaδi, also ദിഷ്ടതി q. v. (തിട്ടു 2.). Straits, want പത്തു പണത്തിനു തി. ഉണ്ടു vu.; തി. ഉള്ളതു urgent. തി. പൂണ്ടനിന്നു CG. in great perplexity. അവളെ തി. യാക്കിക്കണക്കിൽ ഏററം CG. drove her nearly out of her wits.

തിട്ടു tiṭṭu T. M. 1. A mound, shoal, (T. തിടൽ id. see തിൺ). 2. (Tdbh.; ദിഷ്ടം and use = തിട്ടതി). തിട്ടുവരുമ്പോൾ Anj. in case of distress, similar തിടുക്കു.

തിണ see **തിണ്ണ**.

തിണർ tiṇar (& ചി—, fr. തിൺ) Swelling, ദേഹത്തിങ്കൽ വട്ടത്തി. ഉണ്ടായാൽ ശീതപിത്തം Nid.; തല്ലിന്റെ തി. = പിണർപ്പു.

v. n. **തിണൎക്ക** To swell, to rise as the skin from a blow, വയററിന്റെ പുറത്തൊരു പശുവിൻ വാല്പ പോലെയായ്തിണൎത്തിട്ടു വരുന്നു Udara Nid.

VN. തിണൎപ്പു swelling of the skin from nettles, blows, etc.

തിൺ tiṇ T. M. aC. (C. Te. Tu. ಟಿಣ್; prh. √ formed from തിടം, ദൃഢം) Firm, strong, stiff, solid. തിങ്കരം RC. a stout hand. തിൺപട, തിൺപുകഴ് ചേർ ഇരാവണി, തിണ്ടേർ വരുന്നും നല്ല സൂതൻ (= തിൺ തേർ), കരുത്തിത്തിങ്ങളി കണ്ടു RC. (in the wounded) — തിൺതുട CG. a stout thigh.

തിണ്ണ (in No. also തിണ) T. M. C. (C. Te. ಟಿನ್ನ, Tu. ಟಿಂಡೆ) 1. a terrace, raised bank. പീടികയുടെ വടക്കേത്തിണ്ണയിൽ, തിണമേൽനിന്നു താഴേ ആക്കി jud.; തിണ്ണാലിൽ MR.; തെക്കിനങ്കാററാട്ടും പൊന്തിണ്ണയിൽ, പൂന്തിണ്ണമേൽച്ചെന്നിരുന്നു TP. 2. an open veranda; often പുറന്തിണ്ണ; (കരയത്തിണ്ണ the place of females during menstruation).

തിണ്ണ നിരങ്ങി നടക്ക V2. to idle about from house to house.

തിണ്ണമിടുക്ക the feeling of security in one's home; being brave at least at home.

തിണ്ടു tiṇḍu 1. An earthen wall, തിണ്ടിന്മേൽ നിന്നു തെറി പറക prov. 2. a bank (No. = വരമ്പു), shoal V1. = തിട്ടു. 3. So. തിണ്ടേടുക്ക to pack a bale of cloth etc.

denV. തിണ്ടിക്ക = the edges of a wound becoming swollen.

തിണ്ണം tiṇṇam T. M. aC. (തിൺ) 1. Strength; stiff, tight. തി. പുടവ coarse. — adv. aloud തി. കരെക്ക Bhr.; തി'ത്തിൽപ്പറക; also distinctly ക്രൂറു ഏകദേശമായി കേട്ടതല്ലാതെ തി. കേട്ടിട്ടില്ല (jud.); തിണ്ണം വിളങ്ങുന്ന കണ്ഠലം Nal. clearly. 2. quickly, suddenly, തി. ഓരശരീരി വാക്ക കേൾക്കായ്വന്നു Mud.; തി. ഒന്നഞ്ചും CG.; തി. ആയ്ചു വേണം വൈകരുതു Mud.

തിണ്ണെന്നു at once, തി. അണഞ്ഞു Bhr.; തി. ഉഴന്നിതു പാന്ഥവൻ, തി. കത്തിജ്വലിക്ക SG. — adj. തിണ്ണന്ന ഭക്തി RS. solid devotion.

തിണ്മ solidity, പാണ്ഡവന്മാരും തന്നുടെ തിണ്മയെക്കാണുമ്പോൾ, തിണ്മയില്ലുള്ള വന്മുസലം, ഗോക്കൾ തൻതിണ്മ CG. stoutness, fatness. — close texture.

തിതാൾ titāḷ Port. No. A thimbl
ക്ഷുാന, H.

തിതിക്ഷ titikša S. (desid. of തിജ
oneself). Patience, തി. യും വാക്ഷമാ
al. — ക്ഷ —) Bhr.; അപമാനാദിസഹിക്ക
KeiN.; തി. ആകുന്നതു ഉടയതെ സ
തിതിക്ഷു = ക്ഷമാശീലൻ. Bhg.

തിത്തി titti (C. Te. Tu. bellows = ഉരു
1. A bagpipe നൽത്തകിൽ മുരശുകൾ
ന്നിവ എല്ലാം കുത്തി എന്നിയേ ഉണ്ടാ
ശ്ശുകൾ തി. കൾ കുഴൽ, വിളിച്ചു തി.
also with ഊതുക — പുരെക്ക ഒരു തി
(al. മുത്തി). 2. imitative sound തി
ങ്ങൾ VetC.; തിത്തിത്താ എന്നു ചൊ
നാണിയക്കേടു what is discreditable, an indignity; (B. also false coin).

നാണ്യം = നാണിയം 1. as നാ. കെടുക്ക, പോ ക്കുക Vı. to defame. 2. നാ. വീണുപോയി he is sunk in estimation. 3. കള്ളനാ. etc.

നാണവം nāṇuvam T. So. A bird, Gracula tristis Vı.; (prh. നാരാണപക്ഷി).

നാണു m., നാണി f. N.pr. = നാരായണൻ, — ണി.

നാത്തവളു see നാക്ക.

നാത്തൂൻ nāttūn (T. നാത്തുണ്, നാത്തനാർ, C. നാദിനി, S. നനാന്ദർ). A husband's sister, brother's wife; through marriage also the കാര ണവർ's daughter, first cousin (used by females only); നാത്തൂനമ്മ (older than the speaker).

നാഥൻ nāthaǹ S. (നാഥ a. S. to be needy) A protector, lord, husband. നാഥർ (& — ൻ) ഇ ല്ലാത്തവൻ an orphan, helpless. എനിക്ക നാഥ നായ്വരികേണം KR. a refuge, father. നാ. ഇ ല്ലാത്ത നിലത്തു പട ആകാ prov.; നാ. ഇല്ലാത്ത പറമ്പുകൾ TR. deserted. — ഉടയനാഥൻ God. fem. നാഥ a lady.

നാഥകീൎത്ര്യർ Vı. sovereigns. [KR.

നാഥവാൻ having a protector, നാ'നായീടുക

നാദം nādam S. (നദിക്ക) Sound, noise ശംഖ നാ. പുറപ്പെടീക്ക MC.; മണിനാദം.

നാദാപുരം N.pr. A town in Kaḍattuwanāḍu, നാ'ത്തു നല്ലഞാടി TP. (also in prov.)

നാദേയം nādēyam S. (നദി) Coming from the river. നാ'തീൎത്ഥം Bhg.

നാനാ nānā S. In various ways കിരണങ്ങൾ നാനാവായിമിന്നും പോലെ Bhg. നാനാപ്രകാരം; നാനാരൂപം multiform.

നാനാത്വം diversity, നാ. ശബ്ദമാത്രം Bhg. (opp. ഐക്യം). നാ. എത്രകാലം ആത്മാവിന്നെന്നാകിലോ നൂനം അത്രകാലവും സ്വതന്ത്രത്വവും വരാ Bhg.

നാനാൎത്ഥം having different meanings.

നാനാവിധം 1. various = പലവിധം. 2. disorder. നാട്ടിൽ നാ. തുടങ്ങി TR. a rebellion (= മിശ്രത). കള്ളന്മാർ നാ'ങ്ങൾ കാട്ടുന്നു, ഓരോരോ നാ'ങ്ങൾ മാപ്പിള്ളമാർ ചെയ്യുന്നു crimes, excesses. രാജ്യത്തു നാ'ങ്ങൾ തീൎക്ക to put a stop to. നാ. കൂടാതെ ഇരിക്ക to live peaceably TR. കലശൽ നാ. ഒന്നും ഉണ്ടാക്കിപ്പോകരുതു MR. — നാനാവിധക്കാരൻ a profligate, adulterer. 3. rout അവരെ വെട്ടി നാ. വരുത്തി, നാനാവിധാക്കി Ti. dispersed. ദ്രവ്യം നാ'ധാക്കി wasted.

നാനാഴി nānāḻi (നാൽ & നന്നാഴി). 4 Measures. നാ. തേൻ കടിച്ചവാറു, ഉറിയിൽ നാ. അരികത്താഞ്ഞാൽ prov. — നാ'കണ്ടം a field sown with 4 Nāḻi of seed. — നാ'പ്പാടു daily allowance of 4 Nāḻi Nellu, pay of menial servants (see മുന്നാഴി). — നാന്നാഴ 16.

നാനൂറു 400.

നാന്മ $\frac{4}{5}$.

നാന്മടങ്ങു 4 times, നീരു നാ. കൂട്ടി a. med.

നാന്മറ the 4 Vēdas. നാന്മറയോർ Pay. the Brahmans. നാ. നേരായ രാമായണം KU., AR.

നാന്മുഖൻ AR. Brahma.

നാന്മുകപ്പുല്ലു a. med. Saccharum spontaneum? (S. ധ്യാമകം).

നാന്മൂന്നു 4×3 = 12.

നാനുഷ്ഠേയം nānušṭhēyam S. (ന) Improper.

നാന്തല Eloquence, see നാക്ക.

നാന്ദുക nānduγa T. C. Te. aM. = നനയുക, f.i. നാ'പ്പൊഴുതാറും RC.

നാന്ദകം nāndaγam S. (& നന്ദകം). The sword of Višṇu or Kāḷi നാ. കൊണ്ടു വെട്ടി Sk.; നാ. പോലെ വളഞ്ഞിരിക്ക (bent at the point); നാ. എഴുന്നെള്ളിക്ക (at Māḍāyi).

നാപിതൻ nābiδaǹ S. (=ന്നാപി
Tdbh. നാവിതൻ PT.
(fem. നാപിയത്തി V1.)

നാഭി nābhi S. (നഭ് nave). 1.
നാഭീങ്കൽ നാട്ടിഹേമം എന്ന
ക്ക് ഒരു ചവിട്ടു TR.; പരിചുള്ള
കളം KR. 2. the nave of a whe
നാഭിക്കാരൻ a near relation,
നാഭിപ്രദേശം the groin, കീഴ്
നാഭിസൂത്രം the umbilical cord,

നാമം nāmam S. (√ ജ്ഞാ or
നാ. ധരിക്ക, ഇടുക. — ശേരഥന
— Esp. a name descriptive
തിരുനാ. the names of Višṇu (
also സഹസ്രനാ.), repeated as
തിരുനാമങ്ങൾ ഇല്ലാതെ പോക
നാമമാഹാത്മ്യം the efficacy of
നാ'മങ്ങൾ ഓതുക, ജപിക്ക
tarian mark of Vaišṇavas
3. the noun (gram.).
Hence: നാമകം bearing the n
മായ മോതിരം KR. = നാമാങ്കി
നാമകരണം giving the infan
രിടുക, generally on the 12t
ദിനം നാ. അവൎക്ക് എല്ലാം
ഒ നാമകൎമ്മം ചെയ്തു Bhg.
നാമകീൎത്തനം; = നാമസങ്കീ.;
നാമധാരി (1) having the na
the Vaišṇava mark, (നാമ
നാമധേയം PT. a name.
നാമമാത്രം having only the n
നാമമാല (1) a list of holy n
tionary.
നാമവാൻ having the name,
നാമൻ N. pr. m., [illegible]
നാമവൃത്തി occupation with ho
ടെ നാ. എന്നിയെ ചിന്തയി
നാമശാലി named, എന്ന പേ
യാം സിംഹത്താൻ PT.
നാമശേഷം of which the nam
ഭീമമാകിയ പരാക്രമം എ
ChVr. thou, Bhīmasēna,

ble in name. നാ'മാക്കുക to kill, Bhr.
ാമമേശഷമായ്പ്പോകുമ്പോ CG. before
reduced to a mere name.
ത്തനം reciting the names of Viṣṇu,
ം. മുക്തിപ്രദം GaP.
ng the name, as ശതനാ. Bhr. Ruru,
ാലനാമാവിൻ etc. [V1.
രണം pronouncing the (holy) names

bụ (C. wet, T. slender) 1. A sprout,
ചററില നാമ്പുപോലും ശേഷിച്ചില്ല
ചലവായി. 2. No. = ചിര 2.
the spiral end of a plantain bunch
).

āyayam S. (നീ). 1. Leading പട
ിൻറ Jew. doc. the General. നാ. ആ
C. chiefs. A land may be ബഹുനാ.,
സ്ത്രീനാ. Mud. governed by many,
, etc. — ഒരംശനാ. V1. a monarchy —
a theocracy. ഉചക്രാ നവനാ. ആക്കി
d. gave the land 9 kings. 2. (also
KR., നായകക്കല്ല AR.) the central
necklace നാ. പറിച്ചപതക്കം പോലെ
ാട്ടനായകം; met. വീരന്മാർ ചൂട്ടം മക
ായകക്കല്ലേ AR. the first of heroes.
a chief (മൂലോകനാ. CG. God);
d. Kēraḷa is said to hold 1000 നായ
& 1400 വീരന്മാർ KU. high noblemen,
ls, etc.

mistress, lady VetC., better നായിക,
ിമാർ നായികേ, വിണ്ണവർ നാ. CG.
; pl. hon. നായികിയാർ a princess.

, (H. nāyak). 1. a corporal. ബോയി
the headman of hamāls. 2. നായക്ക
— ചിക്കന്മാർ N. pr. a certain caste
terners (of Telugu origin?), chiefly
iggers; when they marry, the bride-
is said to eat a cat with the bride.
നായിക്കന്മാർക്കു വാല്യപ്രയോഗം KN.—
കൊങ്ങനായ്ക്കൻ (or ഒട്ടനായ്ക്കൻ, f.
), നാട്ടനായ്ക്കൻ (with മുക്കട്ടെ), വട്ട
ൻ (cultivators, etc.)

āyan S. (= നായകൻ) 1. A leader, ഉലകുടയ നായൻ God (Mpl.) 2. hon. plur. നായർ Lord; the Sūdras of Kēraḷa (raised to the rank of Kshatriyas by their intimate connection with the Brahmans). 3. soldiers of all castes. — Trav., Kōlatt., Tām. & Cochi are said to have each 350,000 Nāyars — KU. fem. നായരിച്ചി, നായരമ്മ; pl. നായന്മാർ.

നായനാർ hon. pl. Lord, master; the chief proprietor of a temple.

നായ്മ 1. Lordship, a title of officers with നായക സ്ഥാനം directing the gymnastic or military exercises of the Nāyars. കടിപതി നാ. കൊടുത്തു KU. കൂട്ടനാ. V2. tribunate. 2. soldiership (നായ്മത്താനം), hence നാ. കാട്ടുക bravery. — നായ്മക്കാരൻ V1. resolute, daring.

നായ് nāy T. M. Tu. C. Dog; pl. നായ്ക്കൾ (kinds ചെന്നാ. a wolf, കടൽനാ. a seal, നീർനാ. an otter, കഴനാ. etc.). നായിന്റെ മകൻ vu. (abuse). നായ്ക്കുയറേറഞ്ഞു കിഴക്കവാതിൽ, കയററിയ വാളുകൾ ഇറക്കിക്കൊൾക (huntg.). നായ്ക്കളെ കയറിട്ട മക്കൾ VeY. dog-boys. കൈയിൽ ഇരിക്കും പണത്തെക്കൊടുത്തു മുഖത്തെക്കടിക്കുന്ന നായെ വാങ്ങി No. (euph. of drunkards). നായ്ക്കാക്കുത്തിന്നു ധൂപം കാട്ടൊല്ല prov.

നായാടി 1. a hunter. 2. the lowest caste of jungle-dwellers & beggars, (also called നായടി as dog-eaters), ordered to retire 74 steps from high-castes; hence രണ്ടു നായാടിപ്പാടു ദൂരം ഉണ്ടു MR. 3. N. pr. m. (— ച്ചി fem.)

നായാടുക to hunt, നായികെട്ടി ആട്ടുക. കാട്ടുമൃഗങ്ങൾ നായാടിത്തിന്നുന്നു (beasts of prey).

നായാട്ടു hunting, chiefly of two kinds കന്നാചാരവും വല്ലാചാരവും; also ര വഴി നാ.: വിളിച്ച നാ., കറിച്ച നാ. etc. (huntg.)—നാ. വല, നാ. വിളി, നാ. കൂക്കിക്കൊടുത്തു TP.

നായാട്ടുനായി, നാ'പട്ടി a hunting dog.

നായാണിക്ക V1. to mock (see നയാ—).

നായിങ്കണ = നായ്ക്കുരിമ്പു Rh., (ഞാങ്ങണ?).

നായിടുക to hunt, കന്നിമേൽ നായിടേണ്ട TP.

നായീച്ച a dog-fly.

നായുണ്ണി 1. a tick. 2. = നാങ്ങൂൾ V1.

നായ്ക്കൂച്ചൻ slave of a dog (abuse). ആനും പെ ണ്ണുമല്ലാത്ത നായ്ക്കൂച്ചു TP.

നായ്ക്കുരിമ്പു a reed, Saccharum spontaneum.

നായ്ക്കുല്ലു a weed in rice-fields easily mistaken for rice.

നായ്ക്കാരൻ the man in charge of the hounds. തലനാ. വിളിക്കേണ്ടതു, നാ'ന്റെ നാലു ചങ്ങാ തി (huntg.) [ട്ടണ്ണു (huntg.)

നായ്ക്കിടാവു a dog-boy, നാ'വിന്നു ചോറു കൊ

നായ്ക്കുട്ടി a puppy.

നായ്ക്കുരണ Negretia pruriens, cowhage. നാ. യുടെ വേർ കഴഞ്ചു a. med. നാ. ക്കുരുനട്ടു ക രുവേലിന്മേൽ കോത്തു Tantr.

നായ്ച്ചെവി a dog's ear, as in books.

നായ്പ്പട dog-fight, നാഥനില്ലാത്ത പട നാ. prov.

നായ്പ്പിള്ള Tantr. a kind of മെരുക V1.

നായ്വെണ്ണ, (T. നായ്വേള V1.) & നായർവെണ്ണ Cleome viscosa.

നായ്വെള്ള Palg. a colour of cattle (with white hair & *skin*). [gerent.

നായിബ്, — പ്പ് Ar. nāib, A deputy, vice-

നാര nāra T. M. = ഞാറ, f.i. നാ. തൻ ചക്രമോ ടെ പറക്കുന്നു KR. (Kinds: കരിനാര, വെള്ള നാ. Tantalus & Anastomus. J.).

നാരം nāram S. Water നാരപാനം ചെയ്കയാൽ നാരണൻ Vil.

I. **നാരകം** nārayam S. (നരകം) Hellish; hell (Mpl. call it നാരം).

II. **നാരകം** (in S. നാരംഗം, fr. നാർ or നാറു + അകം "holding fragrance") An orange tree, Citrus aurantium. — the fruit is നാരങ്ങ (കാ യ്, whence P. nārańj & Europ. "orange").

Kinds: ഇരുളിനാ'വും മിഴനാ'വും (? prh. ഒരംഴ നാ.). KR.; കതളിനാ. orange V1.; കമലനാ. Arb. hill-orange; കാട്ടുനാ. Atalantia monophylla (കാട്ടുനാ'ത്തില a. med.); ചെറുകാട്ടു നാ. Limonia acidissima or crenulata, Rh.; കാപ്പിരിനാ. V1. Caffre lime; കൈപ്പൻ നാ. Coorg orange; ചെറുനാ. lime, Citrus acida; ചോനകനാ. an Arabian kind (ചോനകനാ' ങ്ങ ഇടിച്ചു പിഴിഞ്ഞ നീർ a. med.); നിലനാ. Murraya or Naregamia alata (നി'ത്തില

a. med.); മധുരനാ. Citr
pumplemose; മലനാ. Rh.
മാതളനാ. Citrus medica, (
V1., വള്ളിനാ'ങ്ങാച്ചാറു Tast
നാ. V1. a variety (വട്ട'ങ്ങാ

നാരങ്ങമുറി a caldron (shaped l
an orange) to boil 25 — 30 Id

നാരദൻ Nāradaǹ S. A Ṛshi (me
ger of the Gods. Bhr. — M. met.
രൻ 171. — (see നാരം).

നാരസിംഹം nārasimham S.
നരസിംഹം, fem. നാരസിംഹി

നാരാചം nārāǰam S. (prob. f
യം). An arrow, vu. = കൊക്കന
യ്യു Brhmd.; തീ എരിയും നാ. മ
ങ്ങനെ തിരുകിയ പോലെ പറ
അവനെ നാരാചബാണങ്ങൾ
ചസമുഖൻ VetC. who meets
നാരായം (Tdbh.? rather നാർ
hairlike pin; the sting of
heavy double pointed iron st
ed നാരാചം, for writing G
വിരൽ നീളമുള്ള ഇരിമ്പു നാ
വായിൽ ഇടേണം VyM. (to
Sūdra). — an arrow നിരവ
ഴിഞ്ഞു RC. — the tongue of
പറയുടെ നാ. a metal rod
crossbar of a Para. — fig. അവ
യി has lost his style-berth.
of rice, the legal Iḍangaḻi of
width CS.; ഒന്നേമുക്കാൽ നാ.
ഫല നാരായം വു MR. — also
= 6 നാഴി (Cochin to Beypo
10 നാരായം = 1 പറ.

നാരായക്കോൽ, (S. നാരാചി)

നാരായപ്പടി a piece of wood
sharpen styles on.

നാരായവേർ 1. a hair-like root.
(also നാരായക്കൊമ്പു the ch
രോട്ടു കൂടപ്പറിച്ചു Mud.

നാരായണൻ Nārāyaṇaǹ S.
son of man; Vishṇu, praised w
ശ്രീനാ'ണായ നമഃ, hence ന

CG. — നാ.സ്വാമി — (vu. N. pr.
b, നാത്തമ്പുരാൻ, നാണു).

ണാപക്ഷി V2. a swallow (or = നാണ
rh. Ardea cinerea, the blue heron.

റമംഗലത്തടി N. pr. a low-caste sage,
റാണമങ്ങലത്തുഭ്രാന്തൻ, or നാരോ
ന്തൻ.

റി N. pr. fem.

S. (f. of നരൻ = നരൻ) A wife,
റിയാൾ, hon. നാരിമാർ (നാരിയർ
ശ്രേനാരിമാർ KU.; മൂരേ കണ്ട നാ.
രീശാപം ഇറക്കിക്കൂടാ prov.; നാരീ
stC.

womanhood, നിണക്കിനു വന്നൊരു
ഴിഞ്ഞതില്ലെങ്കിൽ Si Pu.

Genov. lusting after women.

ം **nāriyḷam** & നാരികേരം, നാ
S. A cocoanut tree (നാളി + കേരം)
nut.

t നാറു 5. (നാറുക?) 1. What is
(തലനാർ), stamina of flowers, thin
മം ചേരും കളക; (see നാരായവേർ).
f bark (f. i. ചടച്ചി —, ചണനാർ etc.
r coir (കെട്ടുനാർ & ഞാർകെട്ടു green
es used for tying cadjans in thatch-
ngs in mango & other fruits; strings
rom fibres. 3. = ഞാറു 1. q. v. ഞരി
തിരിഞ്ഞു വരുന്നു (Palg.)

brous, hairy.

(B. നാരൻപട്ടു) bark-cloth, used by
Brahmans as dinner dress after bath-
ാ. കെട്ടുക to wear it. (No. vu. നാറി
also for Bengal-, China-silk, etc.

b see നാഗത്താൻ.

പ്പഴം V1. Jambu fruit?

ruγa T. M. C. 1. a T. To grow up,
ാറു, നാർ. 2. (നറു) to yield a smell,
ണകം നാറുന്നതെന്തിതു CG. why does
smell after cowdung, (so മീനാറി).
ക to putrify. — fig. നിന്റെ വാക്ക
to.

ി garlic.

നാറുവായൻ V1. with offensive breath.

നാററം (C. Tu. നാട്ട & നാ.ത്ത) smell, bad smell, as മേൽ നാ. V2. (of armpits). നാ'വും മണവും അറിയാത്തവൻ prov. a dunce. നാ. പിടിക്ക to begin to spoil.

v. a. നാററുക to smell, തീണ്ണപ്പെടുത്തെ നാ. Nid.; നാററി നോക്കുക, നാററാൻ കൊടുത്താൽ നക്കരുളു prov.

CV. നാററിക്ക to spread a smell. എന്നേ നാ'ച്ചു brought me into bad repute.

നാൽ **nāl**, നാലു 5. (also Finn., Hung.; Esthn. neli). Four, also നാങ്ങ, നാൻ before Nasals, q. v. നാലു പണം ലാഭം വരുത്തി കഞ്ഞികുട്ടിക്ക കൊടുത്തു നാൾ കഴിച്ചു വരുന്നു TR.; നാലാൾ പറഞ്ഞാൽ നാട്ടും വഴങ്ങേണം prov.; നാലു നാട്ടിൽ ഓല കൊടുത്തയച്ചു TP. in every direction (= നാലു ദിക്കിലും). — pl. മകടങ്ങൾ നാലുമ്.ൾ കൊണ്ടും Bhg. (of Brahma).

നാലകം a palace, built as a square.

നാ'ത്തമ്മ KU. the Queen of Pōlanāḍu.

നാലംശം Bhr. = ചതുരംശം; നാലംശപ്പട.

നാലമ്പലം a temple consisting of 4 wings MR.

നാലർ, (നാലവർ AR.) 4 persons. നാ. കണ്ട പെറും വില (doc. MR.) price of land as fixed by 4 umpires. നാ. മരിക്കയാൽ VetC. & നാലവരും.

നാലാങ്കളി a ceremony at weddings. (നാലു കളിക്ക purification after menses).

നാലാന്നാൾ before yesterday; 3 days ago; the day after to-morrow.

നാലാന്നീർ V1. purification after menses.

നാലാമൻ the fourth person, നാലാമത്തവൻ.

നാലാമിടം, (— മേടം, ഇടം 2.) 1. a house. 2. the family Deity. നാ'ത്തേക്കോപം an ailment ascribed to the displeasure of the പരദേവത (or of ഭൂതപ്രേതപിശാചു). നാ. നന്നാക്ക to counteract sorcery.

നാലാമ്പനി quartan fever.

നാലാമ്പാട്ട = നാലാമിടം; നാലുപുരവും നട്ടുററവും നാലാപ്പാട്ട (sic) തന്നേ (loc.).

നാലാറു 4 or six; 4 × 6 = 24.

നാലാശ്രമി a Brahman, as observing the 4 states of life, (ആശ്രമം).

നാലിലക്കടങ്ങൽ B. a med. plant.

നാലുകെട്ടു a quadrangular building (നാലുപുര).

നാലുപന്തി (4 rows) women's neck-ornament, Trav. = നാഗപടം.

നാലുപുര a four-winged house (= മൂന്നു ഇണി യും ഓരാററയും prov.)

നാലുമൂല four-cornered.

നാലൊന്നു one-fourth; (also നാലിട്ടോരു പങ്കു, നാലാങ്കൂറു). ലങ്കയിലുള്ളതിൽ നാ. സൈന്യം ഒട്ടുക്കി AR., ബലങ്ങളിൽ നാ. KR.

നാല്ക്കാലി 1. a quadruped. 2. a stool, chair. denV. നാല്ക്കാലിക്ക: നാക്കാലിച്ചു നടക്ക to creep on all fours.

നാല്ക്കൊമ്പൻ a four-tusked elephant, നാ'മ്മാരാം മദകരികൾ KR.

നാല്ക്കോൺ a square.

നാല്ക്കോലേപ്പെരുവഴി KR. (കവല) a place where 4 roads meet. [after birth.

നാല്പതു 40; നാ. കളിക്ക the close of purification

നാല്പത്തീരടി a fencing school, കളരി, of 42' length. കേരളത്തിൽ ൧൦൮ നാ. സ്ഥാനം KU.

നാല്പത്തൊന്നു the 41st day, close of ചാത്തം V2.; ഇന്നാൾ നാ. കഴിഞ്ഞാൽ വരാം TR.

നാല്പാടി (പാടു side) a tetrarch, കുറുമ്പറനാട്ടിൽ ൪ നാ. മാർ KU.; also title of barons, even Tiyars.

നാല്പാ(ൽ)മരം 4 milky trees (അത്തി, ഇത്തി, അരയാൽ, പേരാൽ). നാ'ത്തിന്തോൽ ഓരിട ങ്ങാഴി MM.

നാല്പുര = നാലാമ്പാടു, നാലുകെട്ടു.

നാലവർ = നാലർ q.v., നാലുവർ.

നാലവിരൽ a hand-breadth. [navigator.

നാവികൻ nāviγaǹ S. (നൌ) A steersman, നാവ്യം navigable; a ford V1.

നാവായി T. a ship.

നാവിയൻ nāviyaǹ Tdbh.; നാപിതൻ. A Sūdra barber; also നാവുതിയൻ by assimilating it to കാവുതിയൻ, (500 in Taḷiparambu); നാവു തിയക്കണ്ണൻ jud.

നാവു see നാക്ക. [നേമ്പുക.

നാവുക T. V1. To cleanse rice from stones =

നാശം nāṡam S. (നശ്). Ruin, loss. ചേതനാ ശാലികൾ വന്നു TR. were entirel

Cpds. ബുദ്ധിനാശം etc. = കേടു.-

ടന്നു നാ. തുടങ്ങിനാർ Si Pu. deva

കരിച്ചു നാശപ്പെടുത്തി RS. — നാ

well.

നാശകൻ destroyer, (ശത്രു — Bhg

നാശകരം destructive.

നാശനം 1. destroying, കലനാശന

struction. ഉദ്യോഗം ഇനി ദുർഗ്ഗ

KR. now let us take the fort.

നാശി destroying, as കഫനാ. G

നി fem. KR.

നാസ nāsa S. (നസ്) The no

ത്തിൽ ഈക്ഷണനായി, നാസാഗ്ര

നൻ Bhg. a Yōgi with his eyes

tip of the nose.

നാസാപുടം the wings of the nostr

രേ ഔഷധംകൊണ്ടു നസ്യം െ

നാസാമലം കളക etc. the mu

നാസാരന്ധ്രം nostrils, നാ'ന്ധ്രസംഃ

നാസത്യന്മാർ nāsatyaǹ S. The 2

രുടെ ചാരത്തു കാണായി യമന്മാ

നാസി nāsi (Tdbh.; നാസിക). T

യപ്പുതുള്ളികൾ പൊടിഞ്ഞു നാ. ഴ

നാസി കണ്ടാൽ CG. — നാസിദ്വാ

നാസിക S. 1. a nostril നാ. കരം

ച്ചു SiPu. (in Yōga). 2. the nose

ല്ല Anj. — നാസികാചൂർണ്ണം a m

നാസിക്യം N. pr. the town Nāsil

നാസിർ = നാജർ.

നാസീരം nāsīram S. Skirmish

of an army (മുമ്പട), നാസീരയുദ്ധ

ടകളും Nal.

നാസ്തി nāsti S. (ന + അസ്തി) 1.

യോ ഞങ്ങൾക്ക നാ. പണ്ടേ തന്നേ

യോ നാസ്തിയോ hast or hast not?

existence വൈരം നാ. യായി Nal.

നാ. യാസ്സുന്നു Si Pu.; പാപം നാ. ‹

യ്യുമഞ്ഞു Bhg.; നീർ ചോന്നു നാ.

will be destroyed.

നാസ്തം "a place where of old all

V1., (see നസ്യമേ).

ഷം V1. wholly destitute, naked.

കൻ an atheist, infidel KR., ഉൾപ്പൂവിൽ
ധനാ'രായി Bhg.

ക്യം infidelity—നാസ്തികതാഭാവം ഇല്ല Bhr.

ḷam S. (നളം). 1. Tubular, a lotus stalk
ൃവു തൻ നാ'മായുള്ള കഴുത്തുടയോൻ CG.
be; No. a funnel. ഗളനാളം the throat,
ന്ധ്ര നാ. a nostril. നാ. വെക്ക to inject
ies into the nose by a tube. 3. V1. 2.
'.

കരം MR. = നാരികേളം.

ം lotus, നാളീകജാലം വിടന്നു Nal.

iḷ T. M. (C. in നാളെ, Te. നാഡു, Susic
ān; perh. aT. നൾ = നടു noon?) 1. A
4 hours, നാൾ രണ്ടെളിപ്പിന്നിടയല്ലോ CS.
is lost in മററാൾ, അത്രാൾ, മമ്മാൾ etc.
sporal Dative with എ, as എത്ര നാളെ
ാറുകേണം ഇങ്ങനെ AR. 2. the as-
al day & the നക്ഷത്രം that governs it
നാ., പെൺനാ. etc.). നാളും പൊരുത്ത
ാക്കി നിശ്ചയിക്ക Anach. (for marriage).
ാ നാളും നേരവും ആക്കി KN. 3. time
al. എല്ലാ നാളേക്കും Bhg. for ever. ഞെ
നാൾ മറക്കമോ Nal.; നടക്കനാൾ KU.;
ഉള്ളൊരു നാൾ Mud. during N's reign.
ൃല്ലത്താൻറ നാളിൽ നടന്നപ്രകാരം TR.;
ൻ ഉള്ള നാളെപ്പോലെ KU. as long
ive. ഒരു നാളുമില്ല also: not under any
tances.

ാളെ T. C. M. 1. to-morrow, also നാളെ
ളത്തിൽ ബോധിപ്പിക്കാം, നാളെത്തേൽ
; നാളേടം Bhr. during to-morrow. ഇ
നാളയോട് എന്നേയും കൊന്നു തിന്നും
etween this day & to-morrow. നാളത്തു
ാം എന്നു നിനെച്ചാൽ നാളേക്കു നാളെ
ില്ലൊരൊടുക്കം Anj. the day after to-
. 2. നാളെ only not today = never!

(doc.) the current day. [ട്ടിൽ നാ.).

a lower class of Nāyars, (കടത്തുവനാ

മം B. (ആശമം) a chronicle, annals.

നാളിൽ daily more, നാശമേ ഉള്ളു നാ.
ഇഞ്ഞൽ പെരുകുന്നു നാ. Anj.

നാളും കോളും daily pay (of കൂലിച്ചെലവു). ചെ
ലവിന്നു നാ. കൊടുക്ക to pay out, pay up
to the day; നാ. തീൎത്തു KU.

നാളും നാഴികയും the regular duties, f. i. ഇ
ല്ലത്തെ നാ. TR. in a Brahman household.

നാളെത്തെ Naar. V1. repetition of ചാത്തം q. v.

നാളൊക്കം = നാളും പക്കവും (2) an astrological calculation, നാ. വെക്ക.

നാൾ കഴിക്ക to gain a livelihood, നാ'ച്ചു കൊ
ൾക TR.

നാൾ കുറുകിയവൻ whose life draws towards its close.

നാൾക്കട T. the end of a day; V1. the last day?

നാൾക്കുനാൾ from day to day.

നാൾനീക്കം B. procrastination.

നാൾപെടുക So. to occur within a month; No.
നാ'ട്ടു പോയാൽ ചിത്രയായി if it does not
soon go off.

നാൾപോക്കുക V1. to spend or pass time.

നാൾവഴി a day-book, daily accounts, as of
Rājas, നാ. കണക്കു.

നാഴി nāḻi Tdbh.; നാഡി, നാളി 1. A tube, a
bamboo joint. 2. a measure (of fluids ഉറു
പ്പിക ഒന്നിന്നു എണ്ണ വില നാഴി ൧൬ TR.),
chiefly of rice നാ'ക്ക നാ.പ്പണം കൊടുത്തു TP.
exactly. നാട്ടിൽ ഒത്ത നാ. common, അഴിയൻ
നാ. smaller measure V1. Mostly നാഴി = ചെറു
നാഴി, which holds 8 ആഴക്ക or 40 ചാവട CS.;
or 2 ഉരി = 4 ഉഴക്ക (4444 rice grains. W.)
3. the greater measure പെരുനാഴി = ഇടങ്ങാഴി
= 4 നാഴി. (നാന്നാഴി, മുന്നാഴി; see നാ —, മു —).

ഇരുനാഴിയാൽ നാഴി V1. land belonging equally to two lords. അവൻ ഇ. ആകുന്നു he is
entitled to a moiety. തച്ചമ്പാറ ഇരുന്നാഴി
നായിയായിട്ടു മുതുകറിച്ചി നമുക്കു പ്രത്യേക
മായിട്ടുള്ളതു TR. Taččambāra belongs to
me & another Rāja, Muduyuričči to me
alone.

നാഴിക്കുടം a vase on the top of a temple =
താഴിക്കുടം V1. — നാഴികക്കുടങ്ങൾ കാണാ
യി KumK.

നാഴിച്ചു each one Nāḻi കടി തോറും നാ'രി TP.,
നാഴിക്കു അരി MR.

നാഴിക nāḻiγa Tdbh.; നാഡിക 1. An Indian hour of 24 minutes. It may be നല്ല, ശീത, അമൃതനാ. and the position of planets may make it yet more auspicious (മുഹൂൎത്തം); or it is ആകാന്ത, ഉഷ്ണ, അശുഭ, വിഷനാഴിക, (see നവഭോഷം). 2. an Indian mile = ¼ Kōs (2000 ദണ്ഡു); (often with വഴി) ആ മലമ്നാ. വഴി കയററം ഉണ്ടു TR.

നാഴികച്ചിരട്ട or നാഴികവട്ട(ക) a clepsydra, instrument (ചിരട്ട) for measuring time filling within a Nāḻiγa (med.), നാഴ്ചട്ട വെച്ചോങ്ങിരിക്ക TP. = നാഴിവട്ട vu.

നാഴികമണി, നാഴികക്കപ്പി a watch, clock.

നാഴികവാതിൽ V1. a sluice of irrigation-channels.

നികക്ക niγakka M. (Te. C. നെഗ, നിഗ, Tu. നഗി, T. നിമ) 1. To rise as in water ചെന്നതിൽ മുങ്ങി നികന്നു, a water-snake ധാരിതന്മീതേ നികന്നു നോക്കി, bathers വെള്ളത്തിങ്കീഴേ പോയി ദൂരത്തു ചെന്നു നികന്നു CG.; ചന്ദ്രനെപ്പോലേ ഭൂമി ആകാശത്തിൽ നികന്നു നില്ക്കുന്നു to be aloft. 2. to fill up, as a hole; to heal up as a wound വ്രണം നികന്നീടും PT. (vu. നേരെ വരിക).

VN. നികപ്പു 1. rising out of water. 2. filling up, levelling; sustenance ദിവസം കഴിപ്പാൻ നി. ഇല്ല vu.

v.a. നികത്തുക 1. to fill up, കുഴി നി. V1. 2. to level, നി'ന്ന ഭൂമി ചിലർ KR. making a road. 3. to mend, perfect ഭക്തിയുള്ള ഭൃത്യൻ സ്വാമിയെ നികത്തീടും PT.; കുറവുകളെ നികത്തിത്തരുന്നു makes up all wants. സത്തുക്കൾക്ക് ആപത്തു വന്നാൽ നി. PT., സജ്ജനം വേണം അവരെ നി'വാൻ Nal. to help through, (see നികത്തു, നികത്തു).

നികടം niγaḍam S. (നി beneath, in). Near, നികടഭൂവി PT.

നികരം S. a crowd (കർ to pour), a flock. കരിതുരഗരഥനികരം Mud.; often ശരനികരം Bhg.; നരപതിനികരശിരോമണി ChVr.

നികർ niγar T. M. (C. to become erect, fr. നിക). Equality മാമലനികരെഴുകേ തരി, മാനേൽ മിഴി നി. ഒരു മായം RC.; മ ആരും അവനു നി. ഇല്ല Mo.Pr.— RC. comparable. നികൎക്കുക better നികത്തുക = നികത്തുക, f. i. ഇരി ഹമതിൽ ഒരുവനെ നികത്തു എന്നാലും തുടങ്ങോല SiPu. to

നികൽ see **നിഴൽ**.— (denV. നികലിക്ക — see നികളുക — vu. ലിക്ക).

നികഷം niγašam S. A touchsto ല്ലൊരു സാധനം PT. no means (also falsely written നികഷം).

നികളം niγaḷam (Te. C. നികള, to grow high, = തെളിക). Haug നിഗളം.

denV. നികളിക്ക V1. to swell, s

നികളുക niγaḷuγa, നികഴുക go on, Te. C. നിഗൾ) = നികക്ക, as to be full = തികള V1. (of sto ഴി നെറിയേലും നികണ്ണെഴുന്നു R നികൾ = നികർ (മഴനികൾ തു RC.)

നികഴ്ത്തുക v. a. to fulfill, മനോ

നികാമം niγāmam S. (നി) Accor നികാന്തമീമാംസികൻ Nal. a s of Mīmāmsa (part.)

നികായം S. (ചി) 1. a group. 2.

നികാരം S. injury. — നികാരണ

നികാശം S. resembling.

നികിതി niγidi, & നികുതി V നിയതി; rather C. നിഗദി ins naqdi, ready money) 1. Payment money, not in kind. നി. തീർക്ക to to collect, also നി. പ്പണം പിരി TR. Introduced by Haidar Ali, c tax. പൃവ്വന്മാർ പേരിൽ മരഫലം ങ്ങളായി MR. 2. what is due = യവും നികുതിയറിവും നൽകേറി

നികിതിച്ചീട്ടു a document given by stating the amount of cash from each proprietor. W.

നികിതിവിള്ള money assessm

e value of the seed required for a

ട്ടം the rent paid by the tenant to anmi after paying the taxes.

ജ്ഞം S.=കുഞ്ജം an arbour.

N. pr.—നികുംഭില AR. the place drajit's sacrifice, നികുമ്പിലയാല്ലീഴ് ഞം 2. (434).

S.=നികാരം deception V1.; നികൃതി തിപാത AR. he is a mean rogue.

S. lacerated, ശസ്ത്രൌഘനി'മാം വി AR.

തിനാൻ AR.

തനൻ cutting, ശ്മശ്രുനി' ന്മാരെ വരു

S. (drawn down) vile, mean കത്സിത ളിൽ അതിനി. Bhr. (dog).

നി'ൻ base.

meanness (opp. ഉൽകൃഷ്ടം).

കഷിക്ക V1. to cast out.

നം S. & നികേതം an abode.

ം S. deposited.—നിക്ഷേപം 1. a de- രാജ്യത്തെ അമാത്യരിൽ നിക്ഷേപമാ ച്ചു KR. delivered it over. 2. hoard, re നി. വെക്ക, എടുക്ക.

ണം S. see foll. കാരാഗൃഹം നി. ച്ചു Mud. to cast into prison.

പിക്ക 1. to lay down, കടലിൽ Sk. throw.—നിക്ഷിപ്യ VetC.—ഭാൎയ്യയെ മൌ നി'ച്ചു Nal.; കൈയിലേ നി. CG. to ver to. 2. to lay up, hoard.

ക്ഷേപിപ്പിക്ക Bhr. to deposit.

S.=1000 ഖൎവ്വം (327) CS. or ,000,000, a billion. S.

S. entire, all.

നിഗളം S. a fetter, കാൽത്തള, നി' ഒരുക്കി Sk., നിഗളത്താൽ ബന്ധനം Bhg.

(=ആഗമം) the text of the Vēdas.

a conclusion drawn from premises.

പ്പെട്ടിരിക്കുന്നൎത്ഥത്തെ നി. ചെയ്യു v. S.

ളിക്ക see നികളം.

ഢം S. 1. Hidden; in secret, Mud. ല ഗൂഢവും Nal. secrecy of lovers. നി ഗൂഢമനസ്സ of profound mind.—മനസ്സേ വേറ്റെ നിഗൂഹിതം Nal. one secret wish more.

നിഗ്രഹം S. restraining; punishment, as ഉഗ്ര നി. Bhr. (opp. ശിക്ഷരക്ഷണം)—നിഗ്രഹാനു ഗ്രഹസ്ഥാനങ്ങളെ discerning the cases where kindness or severity is needed. നി. അനുഗ്രഹം ചെയ്യുവൊൎക്ക് എന്തു മന്ദം Bhr.

denV. നിഗ്രഹിക്ക 1. to keep down, restrain തപസ്സുകൊണ്ടിന്ദ്രിയങ്ങളെ നി. AR., SiPu. to mortify. മനസ്സിനെ നി'പ്പതിനു സമ ൎത്ഥൻ Bhg. 2. to suppress, destroy അ രികലം നി. Bhg. (in battle).

CV. ക്രൂരനെ നിഗ്രഹിപ്പിച്ചു Bhr., Genov.

നിഘണ്ടു S. a vedic glossary.

നിഘ്നം S. dependant.

നിങ്ങൾ niṅṅaḷ, (T. നീങ്ങൾ) You. Nom. & obl. case alike, loc. നിമ്മൾ fr. നിൻ.

(നി): നിചയം S. collection, as വിത്തനി. riches.

denV. നിചയിക്ക Mud. to assemble.

part. നിചിതം brought together, heaped.

നിചോളം S. a wrapper, cover.

നിച്ചം niččam Tdbh.; നിത്യം, daily.

നിച്ചലം niččalam Tdbh.; നിശ്ചലം, Certainly.

നിച്ചൽ, (നിച്ചം & നിച്ചലം) 1. always കട്ടവാ ലൻപുലി നിച്ചലും കൂട്ടം മട, നിച്ചലും നിച്ച ലും പോം നീ കമാര Anj. regularly. നിച്ചേൽ നിസ്കാരം ചോനകൎക്കു TP. daily, continually. നിച്ചേലും നിന്നു പടകളിക്കം CG. (നിച്ചലും No.=എപ്പോഴും; V1. 2. നിത്തലും q. v.). 2. certainly. നിച്ചാലും ഉപായം ഇല്ല എന്നു വരാ Bhr. absolutely no remedy.

നിച്ചാത്തം V1., Tdbh.; നിത്യശ്രാദ്ധം, daily, monthly, or annual repetition of funeral ceremonies, നി. ഊട്ടുക, കഴിക്ക.

നിച്ചാളം niččāḷam V1. Velvet. നിച്ചളങ്ങൾ (sic) Nal. in an enumeration of cloth-wares.

നിജം nijam S. (innate)? 1. Own. നിജമായ ജീവിതം Mud. his life. നിജപുത്രൻ etc.; നിജ നിജ മന്ദിരേ KR. each to his house. നിജ രോഗം, opp. ആഗന്തുകം 74. 2. certainty (prh. Tdbh. of നിശ്ചയം). ആ പാട്ട വണ്ണാരമാ

ക്കേ നല്ല നിജം ഉള്ള vu.; എന്നു നി. കിട്ടീട്ടില്ല MR. no proof. അവൻ വെടിവെച്ചതു നിശം (sic)=ശെരി jud. നിജവള്ളി TR. pepper-vine in bearing (real). വിസ്തരിച്ച നി. വരുത്തുക to elicit the truth. തക്കം മേലാൽ ഉണ്ടാകാതിരിപ്പാൻ ഒരു നി. ചെയ്യേണം MR. settle the matter.

നിടലം **nidalam** S. (=നെററി, fr. നിട്ട). The forehead, (നിടലക്കുഴി temples); gen. നിടിലം, as നിടിലത്തിൽ വിയർത്തീട്ടം VyM. നിടിലക്കണ്ണൻ, നിടിലക്കനൽ Anj. (Siva's 3rd eye). — also നിടാലം (സുന്ദരനിടാലൻ KR.)

നിട്ടാന്തം No. vu. =ദൃഷ്ടാന്തം.

നിട്ട **nidu** C. M. Te. Tu. (T. M. നെട്ട) Long, tall, straight. — VN. നീട്ട, നിൾ, നീഴ്.

നിടിയരി rice not broken by pounding, (opp. നുറുക്കരി); also നിടിയതു.

നിടിയോൻ 1. a tall person. നി'ന്റെ തലയിൽ വടി prov. the highest is most endangered. 2. a creeper=നരന്തു.

നിട്ടങ്കൺ a large eye, നീല നി. മടന്തയർ RC.— കടിലനെട്ടങ്കണ്ണി RC.

നിട്ടങ്കയറു a long cord, tow; so നിട്ടങ്കാലം etc.

neutr. നിട്ടതു: നീള നിട്ടതായി വീക്കും CG.; തടി മെലിച്ചിട്ട നിട്ടതായിട്ടിരുന്നു tall. jud.

Inf. നിട്ടനിട: നി. ശ്വാസം തെരുതെര വീത്തു KR.

VN. നിട്ടപ്പം length, tallness.

നിട്ടമ്പുര a long building; barracks; a temporary shed or scaffold.

നിട്ടവാൾ prov. a long sword.

നിട്ടവീൎപ്പ & നെ—sighing.

നിട്ടവെല്ല the spine; a shin (see നിട്ടൽ).

നിട്ടൽ a shin, also നിട്ടങ്കാൽ; മൂക്കിന്റെ നിട്ടലോളം തിന്നുക No. vu. (=പാലം) till the bridge of the nose.

നിട്ടെന in standing posture, perpendicularly, also നിഠന, നിഷ്ഠന.

നിഷ്ഠനരി rice of long grain; (thought indigestible).

നിണം **ninam** aC. M. (T. V1. fat) 1. Coagulated blood=ചോരക്കട്ട; blood കടല്വ നിണം ഉടലിൽ അണിഞ്ഞു RS. smeared with heart's blood. അരിഞ്ഞരിഞ്ഞിട്ട നി. കടിച്ച shed blood. നിണത്തെയും ഒഴുക്കു imitation of blood for sacrifices (മഞ്ഞൾ, നൂറു)=കരുതി.

നിണക്ക **niṇakkų**=നിനക്ക To

(നി) നിതംബം S. 1. The buttock women, (ചുരുങ്ങുക 878). — നിതം well-built woman. 2. mountain ങ്ങൾ നി'ങ്ങൾ Bhr.

നിതരാം 1. down, entirely നി.

2. much=സുതരാം.

നിതാന്തം (തമ) exceedingly, രാവ നി'വും സല്ക്കരിച്ച KR.

നിദാനം **nidānam** Tdbh.=നിദാ

നിത്യം **nityam** S. (നി,=നിജം) 1 constant; eternal. God is നിത്യൻ V always, daily നി. മലശോധന വരു നിത്യവും കാണ്കയാൽ KR.; നി'വും Bhr. — നിത്യർ PT. daily attendant

Hence: നിച്ചൽ, in V1. നിത്തേ and നിത്തെല്ലുള്ളതു V2. daily.

നിത്യകൎമ്മങ്ങൾ daily ceremonies ക്കൃത്യം. (പുലൎകാലേ നിത്യക. ചെ സ്ത്യകഴിക്ക.)

നിത്യച്ചെലവു daily expenses, als ചെലവിന്നില്ലാതേ TR.

നിത്യത constancy, eternity. നി. KR. mortals.

നിത്യദാ always=സദാ Bhg.

നിത്യനിദാനം=നിത്യവൃത്തി.

നിത്യവൃത്തി 1. (=നിത്യം കഴിക്ക) tenance. നി. ക്ക വേണ്ടുന്നവർ, ക്കാർ TR. domestic servants of regular work. ഒരു സംവത്സര ട്ടുള്ള കൎമ്മങ്ങൾ നടപ്പാൻ TR. monies.

നിത്യാനിത്യവിവേകം knowledge

നിത്യാഭ്യാസി exercising himself d നയെ എടുക്കാം prov.

നിത്യോപവാസി fasting daily.

(നി): നിദൎശനം S. pointing at; illu ample എന്റെ ദൃഷ്ടാന്തി. ഉണ്ടു

to Sugrīva, as being also banished
y. സാലോക്യത്തിന്നു നി'ങ്ങൾ ഇവ Bhr.
ens.

so S. (ദഹ്) the hot season, heat.

ം S. (ദാ to bind) 1. the first cause
ദികാരണം; ascertaining the cause ഏ
ാനി'ത്തെച്ചൊല്ലുന്നു Asht. 2. a work
athology. ച്ഛർദ്ദിനിദാനം Nid. description
e different coughs, etc. 3. prh. Tdbh. of
ധാനം settlement according to the merits
ie case. നെല്ലിന്റെ വില നി. വന്നില്ല
iot settled. നി. ആക്കിത്തരും, ഇതിന്റെ
വരുത്തുക, എല്ലാ കാൎയ്യങ്ങളും വിചാരിച്ചു
വരുത്തിത്തരാം TR. to settle, decide. അ
ന വെടിപ്പിച്ചു പറഞ്ഞു നി. ആക്കിത്ത
നം put to rest. സത്യം ചെയ്തു നി'മായി
ധിപ്പിച്ചു jud. finally, solemnly. ര
നി'ത്തിൽ (— മായി) തീൎക്ക in appear-
, (mock-performance) opp. വെടിപ്പിൽ.
M. = നിത്യം as നി. കിട്ടുന്ന പാൽ Arb.
. നിത്യനി. B. daily sustenance. നിദാ
ലV1. customary or average price. നി
ത്തിന്നു ശതിയില്ലാതെ VyM. to keep
ാ (= നി. കഴിക്ക). ഇപ്രകാരം നി'മം
നടത്തിച്ചു കൊണ്ടാൽ TR. regularly.
ിദാനിക്ക (1) to ascertain, examine,
ate; (2) to decide, settle. — v. n. നിദാ
വരിക of symptoms, to arise appearing
his or that (= നിഴലിക്ക).

S. command.

നി'ദേശിക്ക to order.

ാ S. (ദ്രാ to sleep) Sleep. സന്ധ്യകളിൽ
ിടപ്പവർ Bhg.; മമ മാറിൽ നി. കൊൾ
ാമരൻ നി. ഉണൎന്നു KR. (& അവന്റെ
ഉണരും മുമ്പെ).

ൻ (part.) asleep; f. — ണി Bhr.; also
ദകൊൾക V1. to take rest. ശിവപദാ
നി'ം ലഭിക്ക SiPu.

ൻ AR. given to sleep. [Arb.

ം ചെയ്തു, വരുത്തുക to awaken V1.,

ദം drowsiness.

ഭ്യം lethargy V1.

നിദ്രാലസ്യം sleepiness. — നിദ്രാലു sleepy.

നിദ്രാവാൻ asleep. —

നിദ്രാവശം Bhg. continual sleep.

denV. നിദ്രിക്ക to fall asleep.

part. നിദ്രിതൻ one asleep.

(നി): നിധനം S. (ധാ) conclusion, death നി
ജനിധനമതിനൊരു നിദാനം ചൊല്ലി Bhr. announced his own death.

നിധാനം S. (ധാ) putting down; a receptacle; treasure; (see നിദാനം 3).

നിധി (ധാ) 1. a receptacle, as വാരാന്നിധി, തപോനി., ദയാനിധേ AR., ശ്രീനിധേ Voc. 2. a treasure നി. സൂക്ഷിക്ക KU.; ഏറിയോരൎത്ഥം നി. വെച്ചിരിക്കുന്നു; നി. കൊൾവാൻ, വെച്ച നി. ഉദ്ധരിച്ചു Bhr.; നി. എടുക്കാം Tantr.

നിധിപതി, നിധീശൻ Kuvēra, to whom നിധീശത്വം കൊടുത്തു UR.

നിനയുക ninayuγa T. aM. (C. Tu. Te. നെന, also C. നെണ്, നെർ; prh. നിജ്ഞ്യ?) To think എന നിനെന്തു RC.; നിന നിനെക്കേ Anj.

v. a. **നിനെക്ക** 1. To think, remember ഗുരുക്കളെ നിനെച്ചു കന്തവും വിഴുങ്ങേണം prov. for the sake of (= വിചാരിച്ചു). ഇവരോടു നന്നായി നിനെക്കാതെ KR. consult. എന്തു പുനരന്നു നിനയാഞ്ഞു RS. why not consider beforehand? എൻ പക്ഷം ത്യജിച്ചു ഞാൻ നിനെക്കുമോ പരന്മാരുടെ പക്ഷം Mud. 2. to wish തേരും നിനെച്ചവണ്ണം നടക്കും UR.; നിനെച്ച കാൎയ്യം ഫലിച്ചിതോ Mud. the plan. കളവിന്നു നിനെക്ക Anj. to attempt a lie. എന്നു മനസ്സിൽ നന്നായി നിനെച്ചു പ്രാൎത്ഥിച്ചാൽ KR. prayed fervently. നിനയാതെ unawares, നിനെച്ചിരിയാതെ V2.

VN. നിനവു 1. thought. നി. എനിക്കെന്റെ ജനകൻ എന്നത്രെ Bhr. I take you for my father. — recollection ഉണ്ടായിട്ടുള്ളിൽ ഒരു നി. AR.; നി. കൊടുക്ക to remind. — നിനവുകേടു thoughtlessness, forgetfulness. 2. a memorandum, notice. 3. imagination ശകരൻ എന്നുള്ള നിനവേ നിണക്കുള്ളു Bhr.

നിനെച്ചേടം വെക്ക Anach. to form a tempo-

rary connection, as Brahmans with Nāyar women, (=ബാന്ധവം ഉണ്ടാക).

നിനെപ്പവർ the thoughtful. എന്നത്രേ ചൊല്ലു നിനപ്പവർ KR.

നിൻ nin̄ Obl. c. of നീ, as നിന്നാണ by thee I swear, നിൻെറ, നിന്നുടെ & നിൻറുടെ TP. — നിന്തിരുവടി, നിന്തിരുപ്പാദം പ്രാപിച്ചു Bhg.

(നി): നിനദം S. sound. വിവിധതരനിനദഭീഷണമാം പട Mud.

നിനാദം S. id. ഇടിനി'ങ്ങൾ പൊഴിച്ചു RS. (an army).

denV. ഇടിപോലെ നിനാദിച്ചു, നി'ച്ചൊലിക്കും ഗോദാവരി KR. — മണികൾ നിനദിച്ചു So. (see above).

നിന്ദ nind'a S. (√ നിദ് to scoff, blame). Censure, abuse, reproach. മനുഷ്യരല്ലോ ഉള്ള എന്നൊരു നി. കൊണ്ടു ചോദിച്ചില്ല KR. despising them as mere men. ശരപങ്ക്തികളെ നിന്ദചെയ്തുറെച്ചുലകിലിട്ടാൻ RC. despised.

നിന്ദക്കാരൻ, നിന്ദാശീലൻ a scorner, scoffer.

നിന്ദത meanness. നിന്ദതയോടും കഴിച്ചിതു പിന്നോക്കം Sk. meanly.

നിന്ദനം id. നീ എന്നെ നി. ചെയ്യുന്നു KR. — മൂത്തച്ചനെ നിന്ദനക്കേടു പറഞ്ഞു TP. abused, reviled.

നിന്ദാവാക്ക scorn. — നിന്ദാസ്തുതി irony. പരൻെറ കൎമ്മങ്ങളെ നി. കൾ ചെയ്യാതെ Bhg. neither blaming nor praising.

denV. നിന്ദിക്ക 1. to abuse, vilify. 2. (po.) to excel ചന്ദ്രികയെ നിന്ദിച്ചു നിന്നൊരു മന്ദഹാസം CG.

part. നിന്ദിതം 1. blamed, forbidden കാന്തൻ മരിച്ചാൽ കലസ്ത്രീക്ക ജീവിക്ക നി. SiPu.; ഭുജനിന്ദിതഭുജഗാൻ CG. with an arm finer than a snake. 2. scorn അതിനി'തോടെ ചിരിച്ചു Bhg.; നിന്നെ നി. ചെയ്തിട്ടുമോ SiPu. — ജാതിനിന്ദിതൻ AR. [യി CG.

നിന്ദ്യം despicable, നി'മായുള്ളൊരു രൂപവുമാ

(നി): നിപം S. (പാ) a waterpot.

നിപാതം 1. fall. — denV. നിപതിക്ക. 2. the position of words in a sentence പൂൎവ്വ —, പരനി. (gram.)

നിപീഡനം oppression.

part. ദുഃഖനിപീഡിതനായി AI

നിപുണം (നിപുണമതി PT.),—

ful, നിപുണകൻ Mud.

നിപുണത = നൈപുണ്യം.

നിബദ്ധം (part.) fixed നി. എ

നിലേ വൈരം Bhr.

നിബന്ധം the binding; literai

also നിബന്ധനം V1. കാർ

ബന്ധനകൾ (mod.) provisio

നിബിഡം, see നിവിഡം dens

നിഭം (ഭാ) like, similar, സന്നി

നിഭൃതം (part.) hid. നിഭൃതതരം

quite in private.

നിമഗ്നം (part.) sunk; f. നിമ

നിമജ്ജനം immersion, ablu

നിമന്ത്രണം invitation. Bhr.

denV. അവനെ നിമന്ത്രിച്ചു

നിമിത്തം nimittam (നി, √

1. Aim; hence: a sign, omen

മായ ദിവ്യമാം നി'ങ്ങൾ KR.;

ചൊല്ലാം നി'ങ്ങൾ RC.; നി. നോ

observe omens. നി. പറയുന്നവ

2. inducement. നിൻ കഷ്ടതെ

CG. he is the cause of thy mi

by reason of. അവൻ നി. beca

his sake. നീ നിമിത്തം തല്ലു

VetC.; മരിക്ക നി'മായി Mud.

നാശം നിമിത്തമല്ലീ KR. in or

me. ആ നിലം നി'മായി ഒരുഭ

ഴും പറഞ്ഞിട്ടും ഇല്ല TR. about

ത്സരനിമിത്തത്താൽ MR. by rea

നിമിത്തജ്ഞൻ, നിമിത്തവിൽ a

നിമിത്ത്യം V1. cause.

(നി): നിമിഷം S. (മിഷ്). 1. th

an eye, an instant ഒരു നി. ഒ

നിമിഷാലോചന AR.; യോഗിക്കു

Genov. the thought is enough

out of the world. 2. adv. Bh

ഇങ്ങു വരികയും വേണം TR. a

നിമിഷത്വം V1. facility.

നിമീലനം shutting the eye.

denV. നയനങ്ങൾ നിമീലിക്ക, നന്നായി നിമീലിച്ചില്ലെങ്കിൽ എളുതല്ല പുറത്തു പോവാൻ KR. shutting the eyes.

നിമേഷം = നിമിഷം, opp. ഉന്മേഷം.

നിമ്നം, (നി, നമ്?) deep, low. പോരിൽ നിമ്നോന്നതദേശവിശേഷം AR., യുദ്ധഭൂമികളെ നിമ്നോന്നതങ്ങൾ KR. ups & downs of war. നിമ്നഭാവേന VetC. humbly, or absorbed?.

ംബം nimbam S. (C. Tu. Te. lime tree). Melia azadirachta. നിംബാദികഷായം (നിംബാദി MM.) a medicine with വേപ്പിന്തോൽ etc.

ി): **നിയതം** S. (part. of യമ്) Restrained, gulated. അതും നി'മല്ല നിണക്കെടോ Anj. t lawful. ഒരു ശാസ്ത്രത്തിങ്കലും നി'മല്ല KeiN., ഗുരശ്രമായിട്ടിരിക്കമത്രേ എന്നു നി. Gan. fixed y rule. എനിക്ക നി. has surely become mine. — adv. certainly (ശകടകൃതം അതു നി. Mud.), o continually V1.

തി S. fixed order, destiny. നി. കൊണ്ടുള്ള Bhr. destined. നീ രാമനു നി. ബാന്ധവൻ AR. feeling of obligation or duty. അവനു യമകൃത്യത്തിൽ നി. കുറഞ്ഞു KR.

ന്താവു = നിയാമകൻ q. v.

മം S., (Tdbh. നേമം) 1. restriction, rule അന്ത്യസ്ഥാനം തുടങ്ങി എന്നുള്ള നി. വേണ്ടാ Gan.; തീപ്പു സർക്കാർ നി'ത്തിന്നും നേരിന്നും ഒക്കയും വിരോധമായി MR. 2. necessity, regularity; adv. നിയമം പോകും പോലെ med. habitually (regular evacuations); so നിയമേന Instr. 3. a vow, religious observance നി. കഴിച്ചുണ്ണും VetC. (= ഉറച്ചു etc.); വേദവും നി'ങ്ങളും മുടിഞ്ഞു RC.; നി. മുട്ടിക്ക CrArj. to interrupt the libations (സന്ധ്യാ നി.). മുട്ടിയ നി. ചെയ്തു Anj. 4. an agreement, contract. അന്യോന്യം ലിംഗനി. ചെയ്തുതാർ Bhr. exchanged the sexes. 5. = ഇന്ദ്രിയനിഗ്രഹം Bhg 11. [served KU.

നിഷ്ഠ (3) a pious practice regularly ob-

ചെലവു TR. (& -മച്ചെ-). (2) regular expense, ordinary item (opp. അടിയന്തരം).

വെടി (2) the morning & evening gun KU. & നേമ—; (തിരുവാളി 456).

നിയമാദികർമ്മങ്ങൾ religious duties, നി. കഴിച്ചു KU.

നിയമി an observer of rules. നിയമിനാം ഹൃദയനിലയനൻ AR. God as dwelling in the hearts of such.

denV. നിയമിക്ക to order, appoint, dedicate, devote. [നിയന്താവു.

നിയാമകൻ 1. a steersman. 2. a charioteer =

നിയുതം S. (series) A million CS.

നിയുക്തം S. (part. of യുജ്) Enjoined, commanded സാക്ഷാൽ ഭഗവാനാൽ നി'നായി Bhg.

നിയോഗം 1. injunction, precept ദേവ നി. Bhg. 2. an embassy. നി'ത്തെക്കൈക്കൊണ്ടു Bhr. undertook the mission. 3. inspiration, possession നായക്കു പരദേവതയുടെ നി. ഉണ്ടായി TR. (= ദർശനം, വെളിച്ചപ്പാടു). കാവിലെ നിയോഗം No. = വെളിച്ചപ്പെട്ടിട്ടുള്ള കല്പന.

നിയോഗി a servant, guard, കംസനി. കൾ CG.

denV. നിയോഗിക്ക to order, delegate ദൂതനെ നി'ച്ചാൽ അപ്പോഴേ വരുവൻ AR.; എന്നുടെ അരികത്തു ദാസിയെ നി'ച്ചു Bhr. despatched (= നി'ച്ചയക്ക).

നിയോജ്യൻ liable to be ordered, a slave കീഴ്ജാതികൾക്കു നി. KR.; (also messenger V1.) Genov. [many Compds.

നിർ nir S., **നിസ്സ്**. Out of, away from; in

നിര nira T. M. (C. Tu. contiguous, √ നിർ level?) 1. A line, row മന്ദിരനിരകൾ Bhr.; പടനിര array. കന്ദനി. CG. = smiles. വങ്കിൻ നി. = long hair. മലർനി. RS. a heap of flowers. കുരുൾനി. a head of curls. ശരനിര തൂകി Bhr. 2. a wooden partition; doors of a native shop (also നിരപ്പലക) അങ്ങാടിയുടെ ഒരു നിരെക്കു ൧൦ പലക ഉള്ളതിൽ jud. — palisades V2., നിരയോടു പാഞ്ഞാൽ തല പൊളിയും TP.

നിരക്കണ്ണു closely connected eyes? ഇന്നി. കൊതിക്കുന്നു CG.

നിരക്ക, ന്നു (T. നിരവുക, Tu. നെരു്) 1. To stand in a line കാണ്മാൻ നിരന്നു കൂടിനാർ KR.; ചൂതങ്ങൾ തോറും നിരന്നുള്ള കോഴികൾ, കാട്ടിൽ നിരന്നുള്ള പൂമരം മാരോന്നു CG.; ചെന്നു ചൂഴും

നിരന്നു മേവകൾ PrC. to stand to a long extent, be level. നിരന്നു കായ്ച്ചു all the trees (over a garden) are in full bearing. 2. to agree നിൻ വചനം ഒക്ക നിരന്നു Mud. പിതൃമനസ്സിന്നു നിരന്നതുമല്ല KR. not pleasing to. കേട്ടത് എനിക്ക നിരന്നില്ല V1. could not understand. നിരയാത്തതു disagreeable. 3. to come to rights. അവന്റെ അനുരാഗക്ഷയം നിരക്കും Mud. his loss of popularity will be repaired. തമ്മിൽ നി. to make it up. അസുരകളോടു നിരക്കേണം Bhg. be reconciled! ഇവൻ രാജാവോടു നിരക്കും Mud., അവരുമായിട്ടു നിരന്നു കൊള്ളേണം KR. make peace! ഉരഗം കീരിയും നി. CC. = സന്ധിക്ക. 4. v. a. = നിരത്തുക 1., f. i. നിരപ്പിൻ വാജികൾ CrArj.

Inf. നിരക്ക in a line. നി. വീഴുന്നു Bhr. (in battle). തിക്കും തിരക്കും തുടങ്ങി നിരക്കവേ Nal. extensively?

VN. നിരച്ചൽ (of നിരയുക), നിരച്ചിലോ ചുവരോ a wooden partition or a wall? Trav.

VN. നിരത്തൽ (of നിരത്തുക 1 — 3.)

നിരത്തു a road, highway; (fr. foll. 2.)

നിരത്തുക 1. To put in a straight line. പട നി. to rank soldiers. പിഞ്ഞാണങ്ങൾ നി. to lay table. പറമ്പത്ത് ഉഭയം നി. TR. to plant trees. കത്തികൾ നിരത്തിയ വഴി VCh. (in hell). കവിടി, പരൽ നി. Mud. to count with shells. പണം നിരത്തി TP. numbered down. വലകൾ നി. PT. നിരത്തിപ്പൊരുതു Bhr. played at chess. 2. to lay prostrate, level ഒട്ടലാരെ ഊഴിയിൽ, ഉലകിൽ നിരത്തി RC.; പിലാവുകൾ മുറിച്ചു നി. TR. (= മൈതാനമാക്കുക). കെട്ടു നി. V2. to level buildings. കുഴിഞ്ഞ ഭൂമിയും ഉയൎന്ന ഭൂമിയും നി'ന്നോർ KR.; പെരുവഴി നി'മ്പോൾ TR. road-making. വലിയതോക്ക നി. Ti. to level, point. ഭൂമിയെ കറെപ്പാനും നിരത്തിച്ചമെപ്പാനും പൃഥുവായവതരിച്ചു Bhg. 3. to adjust. നിരത്തി വിളമ്പുക to divide food equally. നിരത്തീടുവാൻ പറഞ്ഞു Bhr. spoke for peace. അസുരരെ നിരത്തിച്ചമെക്ക Bhg. to reconcile (= ഇണക്കുക). .

നിരനിരപ്പു levelness, smooth surface.

നിരപ്പീടിക (2) No. a shop with w
coting.; also നിരക്കൂട്ടു.
VN. നിരപ്പു 1. evenness, നി. ള്ള
2. agreement. സന്ധ്യൎത്ഥം അ
യിച്ചു Bhr. made proposals of
പ്പിൽ ഒരുമിച്ചു Bhr., നി.
capitulation. നി. സംസാരം
മില്ല ChVr.; നി. വരുത്തുക,
make peace.
നിരപ്പുകേടു roughness; disag
നിരപ്പൻ (loc.) a weaver's brush
നിരപ്പേ commonly, everywhere (
നിരയുക V1. (നിര 2.) To fen
put up a wooden partition.—VN.
നിരെക്ക No. id. ഓർ അകം
cured against thieves).
നിരവു 1. a straight line നിര
Bhr. ശകലാസ്സു നിരവേ വിരി
നിരവേനിന്നു stood in rows.
measure the length (opp. വ
ത്തി CS.
നിരവുക T. aM. to level ground
നിരക്ക Ar. nirkh. The current
rate. നി. പട്ടിക, നി. വരിയോല
നിരക്ഷരകുക്ഷി (നിർ) Illitera
nothing, (used by Brahm.).
നിരങ്ങുക niraṅṅuγa M. (നിര?)
tail or the feet along the grou
crawl V1. (cripples, wounded
കട്ടി നിരങ്ങി നിരങ്ങി
prov.; തിണ്ണ 452; 446;
ങ്ങിപ്പോക to slide, glide down.
VN. നിരക്കം, നിരങ്ങൽ id.
v. a. **നിരക്കുക** To push, sh
ഏട്ടകത്തു പൊന്തിച്ചെട്ടേണം
box. നിരക്കിക്കൊടുക്കാതെ
it decently.
നിരഞ്ജനൻ S. (നിർ) Without
God CC., AR.
നിരടു niraḍu (T. നെരടു,
which many joinings of broken
So.

രതൻ S. (നി+part. of രമ്) Delighting ı, closely attached ധ്യാനനി.; fem. പതിനി ത AR.; പ്രവൃത്തിനി'രായ ബാന്ധവന്മാർ Bhg.

രത്തു see നിരക്ക.

ർ) **നിരങ്കുശം** S. (അങ്കുശം p. 7) unchecked.

രന്തകൻ S. endless, God. CC.

രന്തണർ RC. Rākshasas.

രന്തരം S. 1. uninterrupted. തങ്ങളുടെ നി'രസന്തോഷാതിശയങ്ങൾക്കു് എഴുതി TR. (compliment). — adv. continually — നി'ൻ the Eternal AR. 2. identical. നിങ്ങൾ എന്നോട് ഏകതപെടാമെന നി'ന്മാർ CC. one with me.

രപത്രപൻ S. shameless. Brhmd.

രപരാധൻ S. innocent, നി'നായ രാമൻ & നി. ധിയെ വധിച്ചു KR.

രപേക്ഷ S. indifference ഉത്തമമായ കർമ്മായതു നി. SidD.; നിരപേക്ഷകനാകം, നി'ക്ഷ്യാനന്ദം Bhg 11.

രയം S. (exit) hell. Bhg.

ർഗ്ഗളം S. unobstructed, KeiN.

ർത്ഥകം S. unprofitable നി. ജന്മം ഭവിച്ചി ള KR.

രവധി S. unbounded, ദുർന്നിമിത്തങ്ങൾ നി. കാണുന്നു KR. — also പരിമോദിച്ചു നിരവധികമായി KR.

രവയവം S. indivisible; spirit. SiPu.

രസനം S. casting out.

denV. **നിരസിക്ക** to reject, disallow. നമ്മെ നി'ച്ചു ഒരു കിടാവിനെ പ്രമാണമാക്കി വെച്ചു TR. put aside my claim.

part. **നിരസ്തൻ** outcast, excommunicated. ഗുരുവിനാൽ നി. KR. abandoned. — In Cpds., f. i. നിരസ്താശ AR. free from desire (fem.)

രഹങ്കാരം without egotism — നി'മൂർത്തി AR.; **നിരഹങ്കാരൻ** id. Bhg.

രാകരിക്ക to put aside. വചസ്സു നി. CC. to disobey. എന്നെ നി. Vı., Arb. to disregard. ധരണീശരം നിരാകരിച്ചതുക CC. to remove.

part. **നിരാകൃതൻ** set aside, നി. നരപതിയാൽ Mud.

നിരാകാരൻ S. without shape, God. Bhr., AR.

നിരാകുലൻ S. unperplexed. AR.

നിരാകൃതി S.= നിരാകരണം, നിരാകാരം.

നിരാഗൻ S. (രാഗം) free from passion, നിരാഗകൾ KR. (fem.)

നിരാതങ്കൻ S. free from suffering AR.

നിരാദികൻ S. without beginning, God CC.

നിരാധാരൻ S. supportless, God. Bhr. നിരാധാരബന്ധു ChVr. the friend of the destitute, God. — നിരാധാരി id. Bhg.

നിരാമം S. (opp. സാമം) digested നി'മായിസരിക്ക Nid.

നിരാമയൻ S. free from disease, God. Bhr. ഓരോദിക്കുകൾ തോറും നടന്നു നി'ം VetC. in health, soundly.

നിരായുധൻ S. unarmed; നി'ധവർ, നി'ധാക്കൾ, നി'ധക്കാരർ KU. Brahmans not of the number of the ആയുധപാണി.

നിരാലംബം S. leaning on nothing. Bhg.

നിരാശ S. despondency.

നിരാശൻ S. desponding, നിരാശരായി KR. (pl. fem.)

നിരാശ്രയം S.= നിരാധാരം, നി'നായ ഞാൻ and നിരാശ്രയക്കാരായി മടുത്തു despaired.

നിരാസം S.= നിരസനം rejection വിപ്രനിരാസം Mud.; scorn Vı.; excluding from a rule (gram.)

നിരാഹാരൻ, — ം S. without food തപസ്സു ചെയ്യാൻ നി'നായേ UR.

നിരീക്ഷ S. looking out, look at. — നിന്നെനിരീക്ഷിപ്പാൻ ഭാഗ്യം ഉണ്ടായി PrC. — part. രാമനിരീക്ഷിതരാകയാൽ AR. seen by.

VN. പങ്കജം നിരീക്ഷണം ചെയ്തു SiPu.

നിരീശ്വരൻ S. having no Lord. PT. also = നിരീശന്മാർ SiPu. atheist (opp. ദൈവതമുള്ള ജനം).

നിരീഹൻ S. without desire, God AR.

നിരുക്തം S. 1. pronounced. 2. the etymology of a word, one of the 6 Vēdāṅga (also നിരുക്തി) Bhg. explanation of technical terms.

നിരുത്സാഹം S. want of energy. അവരെ നി'ഹേന കണ്ടു Mud. found them dejected.

നിരുദ്യോഗം S. id.; നി. പൂണ്ടു Bhr. powerless.

നിരുദ്ധം niruddham S. (നി) Obstructed ഭൎത്തൃനിരുദ്ധ Bhg. in spite of the husband. മന്ത്രങ്ങൾകൊണ്ടു നി'നായ്പോകയാൽ അന്ധനായ ഭോഗി CG.

നിരുദ്ധി = നിരോധം, in നിരുദ്ധ്യാസനം KeiN. constancy in studying the Vēdānta or carrying it into practice = മനസ്സിൽ ധരിച്ചതിനെ സ്വാനുഭൂതിയിൽ കാണപ്പെടുന്നതു VedD.

നിരുപം nirubam S. (നിരൂപം) An order, letter സൎക്കാർനിരുപം TR.

(നിർ): നിരുപമം S. incomparable നി'മശരീരം AR. — നിരുപമൻ God. Bhr.

നിരുപാധികൻ S. attributeless, God CC.

നിരുപായം S. impracticable.

നിരുദ്ര്യം see **ഞെരിദ്ര്യം.**

നിരൂപണം nirūbaṇam 1. Determining. 2. consideration. എല്ലായ്പോഴും നി'ത്തിന്നു സംഗതിയാകും TR. grateful remembrance. മന്ത്രശാലയിൽ പുക്കു തുടങ്ങി നി. Bhr. began to consult. [letter.

നിരൂപം T. Te. V1. (see നിരുപം) a royal

denV. നിരൂപിക്ക, (നിരീക്ക TR.) 1. to consider. അവരുമായി നി. TR., കൂടിനി. V1. to consult. ഢീപ്പുമായി കണ്ടു നി'ക്കേണ്ടതിന്നു പോകുന്നു TR., മന്ത്രശാലയിൽ ഇന്നു നി'ച്ചു വന്നിങ്ങറിവിച്ചാർ KR., വിദ്വാന്മാരോടു നി. Bhr., ഗണിതക്കാരോടു നി. Mud., സഭയായി നി. 2. to think. നിന്നെ പിരിഞ്ഞു നിരൂപിച്ചു ദുഃഖിച്ചു AR. about the separation (= വിചാരിച്ചു). ആയതു നി'ച്ചു TR. on account of that. നിരൂപിച്ചാൽ VCh. well considered (= ഓൎത്താൽ, അല്ലോ). നിരൂപിച്ചേക്കേണം ChVr. keep in mind. 3. to meditate on, pray to അച്ഛനെ നി. etc. TP.

CV. ഈ വൎത്തമാനം തങ്ങൾക്കു പരമാൎത്ഥമായി നിരൂപിപ്പിപ്പാൻ സംഗതി ഉണ്ടു TR. I must lay this case fully before you. സാക്ഷികളെ നിരൂപിപ്പിക്കാതെ VyM. (= ഓൎമ്മപ്പെടുത്താതെ). [കരുണ CG.

(നിർ): നിരൃണം S. undeserved, നിരൃണാ തവ

നിരൃതി S. dissolution, & its geni the SW. quarter നി. കോണ Gan.

നിരെക്ക see **നിര—.**

നിരോഗശരീരൻ S. (നിർ) Hea

നിരോധം S. (നി) 1. Confinemen രോധങ്ങൾ Nid. obstruction. 2.

denV. നിരോധിക്ക, f.i. അന്യ ട്ടയിൽ നി'പ്പാൻ KR. to shut ധം).

(നിർ): നിൎഗ്ഗതി S. destitution നി.

നിൎഗ്ഗന്ധം S. scentless V1.

നിൎഗ്ഗമം S. going out. നി. തുനി

denV. നിൎഗ്ഗമിപ്പതിന്നു കഴിവു get out.

നിൎഗ്ഗുണം S. 1. without qualiti ധ്യാനം Bhg. absolute — നി God. 2. useless അരക്കരി KR.; നി'ൻ PT. (opp. സൽഗു

നിൎഘൃണൻ S. unfeeling. നി' cruel.

നിൎജ്ജനം S. without men. നിൎജ്ജ

നിൎജ്ജയം S. conquest; also = തേ വനം KR 6.)

നിൎജ്ജരം S. not growing old. AR. [=

നിൎജ്ജലം S. waterless. കൂപനി.

നിൎജ്ജിതം S. conquered വി ള്ളൊരു പ്രീതി KR. നിൎജ്ജി = ജി—

നിൎജ്ജീവൻ S. lifeless. ഒരു നിൎജ്ജ നി'നാക to become breath ഭാവം നടിച്ചു നിന്നു Nal. stoo ഭോവേന മേവി SiPu. (from

നിൎഝരം S. a cascade നിൎഝര നി'മായൊരു കണ്ണുനീർ CG.

നിൎണ്ണദ്ധം S. unbound? പുത്രൻ CC.

നിൎണ്ണയം S. (നിർ + നീ) 1. De resolution കണ്ണുനാസികാഭാഗം ണം KR. aim at it. 2. certainty. മെക്ക-എന്നതെ പൈതൽ ഏക മങ്ങു കൂടി CG. the thought

passed altogether into the joy of his being her son. കണക്കിന്റെ നി. Nal. accuracy. കൈനി. V1. dexterity. പാശം എന്നിങ്ങനേ നി. പൂണ്ടു CG. mistaking it for a rope (the snake). 3. adv. നി. നരകം ഉണ്ടു് അസത്യം ചൊല്ലുന്നാകിൽ Bhr. surely.

denV. നിൎണ്ണയിക്ക 1. to decide. 2. to think കാൎഷ്ണ്ണൻ തന്നുടെ ലീല എന്നു നി'ച്ചാൻ CG. perceived.

part. നിൎണ്ണീതം. [KR.

ണ്ണിക്തം S. (നിർ+part. of നിജ്) Purified

നിൎണ്ണേജകൻ S. a washerman PT.

ത്തൂ see നിറുത്തു.

ർ) നിൎദ്ദയം S. unkind, നിൎദ്ദയൻ Bhg.; cruelty.

ിൎദ്ദേവത്വം S. being without God. Bhg. the wish that there be no God (of Asuras).

ൎദ്ദേശം S. order. — description.

ിൎദ്ദോഷം S. harmlessness. നി'ത്തിൽ പാൎത്തു lived happily. നി'ഷനായുള്ള നീ Nal. innocent. നിൎദ്ദോഷികളായ ഞങ്ങളെ ദോഷപ്പെടുത്താൻ MR.

ൎദ്ധനൻ S. poor ദുരസ്ഥന്മാൎക്കും നി'ന്മാൎക്കും KU. — abstr. N. നിൎദ്ധനത്വം VetC.

ൎദ്ധാരം S. & നി'രണം = നിശ്ചയം.

ൎദ്ധൂളിയാക്കുക T. B. = ധൂളിയാക്കുക.

ൎബ്ബന്ധം S. 1. insisting on. മമതാനി. Bhg. perseverance in love. ചിന്താനി., നിൎബ്ബന്ധബുദ്ധി AR. obstinacy. ശിഷ്യന്റെ നിൎബ്ബന്ധവാക്യം കേട്ടു SidD., എന്നുള്ള നി. കേട്ടു Bhr. urgent request. പിന്നേയും നി. തുടങ്ങി Bhr. urged it again. ഇങ്ങനേ മാതാവിന്റെ നി. കേട്ടു Nal. close questioning. 2. constraint നി. ചെയ്തു; തുടങ്ങുക to compel. ഉൾനി'ത്തോടേ ചെയ്തു വരുന്നു inwardly constrained. നിൎബ്ബന്ധപ്പെട്ടു forced, overpowered.

denV. നിൎബ്ബന്ധിക്ക 1. to urge. പിന്നേയും നി'ച്ചാൻ എന്തു മൂലം Mud. asked again: why? 2. to force. ഒന്നുമേ നി'ച്ചു വന്നതു സുഖമില്ല SiPu. (of forced copulation). എന്നെ നി'ച്ചാക്കി compelled me to do the work.

നിൎബ്ബലമാക്കുക V2. to annul (= ദുൎബ്ബല —).

നിൎബ്ബോധന thoughtlessness. നി. യായിക്കല്പിച്ച തീൎപ്പു MR. a stupid decree.

നിൎഭയം S. fearless ഭീതൻ നിൎഭയനാസ്സുരം AR.; also adv. യുദ്ധവും തുടങ്ങിനാർ നി'ം Brhmd.

നിൎഭരം S. excessive; much ബ്രാഹ്മണരെ നി. രക്ഷിക്ക Bhr., നി. വീണു നമസ്കരിച്ചു VetC., നി. പ്രസാദിച്ചു PT.

നിൎഭൎത്സിക്ക S. to abuse, threaten നി'ക്കുന്നൊരു മാതാക്കന്മാർ CG.

നിൎഭാഗ്യം S. wretched — abstr. N. കേവലമേടം നമ്മുടെ നിൎഭാഗ്യത്വം Nal.

നിൎഭേദം, — ദ്യം B. unchangeable.

നിൎമ്മതം S. forbidden നി'മായ കൎമ്മം Brhmd.

നിൎമ്മത്സരം S. without envy — നി'രൻ നടക്കുന്നോൻ AR. peaceful.

നിൎമ്മഥനം S. churning, rubbing. കാഷ്ഠനി. Bhg. attrition of pieces of wood to make fire.

നിൎമ്മദം S. out of rut (elephant); sober.

നിൎമ്മന്ഥം S. = നിൎമ്മഥനം; നിൎമ്മന്ഥദാരു.

നിൎമ്മമൻ S. unconcerned; God. Bhr.

— abstr. N. നി'ത്വം കൊണ്ടുപേക്ഷിച്ചിരിക്കയോ Nal. from perfect indifference?

നിൎമ്മയൻ a name of God; AR., Bhg. either = നിൎമ്മായൻ or formed from മയൽ, മയങ്ങു free from infatuation.

നിൎമ്മൎയ്യാദം S. 1. transgressing all bounds. നി. കാട്ടുന്ന പ്രഭുക്കളെ PT. tyrants. 2. M. (നിൎമ്മരിയാദം Mud., vu. നി — & നരുമ്പിരിയാദം No. vu.) outrage, ദൊറൊഗ എനിക്ക ഓരോ നി. കാണിച്ചു; ഒരുത്തരോട് ഒരു നി. കാണിക്ക എങ്കിലും പറക എങ്കിലും ഉണ്ടായിട്ടില്ല TR. (also നിൎമ്മൎയ്യാദ, as നി. കളെ സഹിയാസ്സുയാൽ Bhg 7). 3. adv. നി. ആട്ടിക്കിഴിച്ചു, പറമ്പു നി. പിടിച്ചടക്കി TR. violently, rudely.

നിൎമ്മൎയ്യാദി Mud. a tyrant.

നിൎമ്മലം S. unspotted നിൎമ്മലപ്രേമം പൂണ്ടു CG. chaste love; നി. വിവേകം, കലം, സ്വൎണ്ണം etc. PT.

നിൎമ്മലൻ 1. the Pure, God. Bhr. 2. So. the washerman = വെളുത്തേടൻ.

നിൎമ്മാണം S. 1. (മാ measure) creation; forming, പ്രപഞ്ചനി. Bhg. 2. Tdbh. (= നിൎമ്മാനം) disgraceful, an insolent act. നി. പ്രവൃത്തിക്ക V1. 2. 3. nakedness B. Trav., (C. T. Te. നിൎവ്വാണം q. v.)

നിൎമ്മാണി (3) V1. destitute.

നിൎമ്മാതാവ് S. (prec.) maker, creator.

നിൎമ്മനുഷം S. unpeopled (നാട്ടു). നി'മായ്പോയി KR.; also നിൎമ്മനുഷ്യമാം കാട്ടിൽ KR.

നിൎമ്മായം S. sincere V1.

നിൎമ്മാല്യം S. (= നിൎമ്മല) 1. the remains of an offering, chiefly ചന്ദനം, ചാന്തു, പൂ; prov. for what is poor, beggarly. മേനകസന്തതി നി'ത്തെക്കണക്കേ ഉപേക്ഷിച്ചാൽ Bhr. threw it away like offal. നി. തുടങ്ങിപ്പാൻ TR. to commence the flower offerings (in a newly built temple). ശിവനി. കൊണ്ടു ധൂപിക്ക Tantr. 2. നി'മാക്കുക B. to pollute; treat like എച്ചിൽ (loc.)

നിൎമ്മിക്ക (= നിൎമ്മാണം) 1. to form, create, മണ്ണുകൊണ്ടു ഗജം നി. Bhr. to shape. ഇന്നിതു തന്നേ ഞാൻ നി'ക്കുന്നു CG. I compose this poem. ഭോജനം നി'ച്ചു Nal. prepared. പുരങ്ങൾ, ഗൃഹം നി. Bhg. to build. 2. to fabricate. രേഖ നി'ച്ചുണ്ടാക്കി MR. a false bond. part. നിൎമ്മിതം made, as ദേവനി. Bhg. AR. the work of Gods. വ്യാസനി. ഭാഗവതം Bhg.

CV. നിൎമ്മിപ്പിക്ക Mud. to get built or made.

നിൎമ്മുക്തൻ S. set free. Bhg.; യന്ത്രനി'ക്തശരം Brhmd. discharged.

നിൎമ്മൂഢൻ S. vu. a lack-brain, a numskull.

നിൎമ്മൂലം S. deprived of roots. നി'മാക്കി eradicated. നിൎമ്മൂലനാശം extirpation. 2. adv. എന്നെ നി. വെടികിൽ Bhr. quit entirely.

നിൎയ്യാണം S. departure; death. നി. വരുത്തൊല don't kill. നി. നിശ്ചയം PR. will die. എടുത്തു എങ്കിൽ നിന്റെ നി'ത്താകുന്നു TR. if you collect for Government it will be at the peril of your life.

നിൎയ്യാസം S. secretion of gum; decoction.

നിൎയ്യൂഹം S. (fr. നിൎവ്യൂഹം) orna
jection, turret, തോരണനി'ങ്ങൾ

നിൎല്ലജ്ജൻ S. shameless.

നിൎല്ലിംഗൻ S. V1. a eunuch.

നിൎല്ലീനൻ S. absorbed കാരണാ
Bhr. നി'ന്മാർ ഒരംശേചരൻ ഇരാ
KeiN.

നിൎവ്വസിക്ക, — പ്പിക്ക, see നിൎവ്വാസ

നിൎവ്വസ്ത്രൻ V2. naked.

നിൎവ്വഹിക്ക 1. to carry out ചെ
TR; to perform അതൽ ചെയ്
നി'പ്പിൻ Bhg.; ക്രൂപൻ യാഗം ന
ഭിഷേകം നിരുവഹിച്ചു) KR.; പ
യും കളിയും നി'ച്ചു പിരിയേണ
മായ അസ്ഥി നി. SiPu. to eat.
സ്ഥാനം എല്ലാം നിൎവ്വഹിച്ചാൻ
get through, = കഴിച്ചു കൂട്ടുക,
a family V1. (also നിൎവ്വാഹിക
CV. നിൎവ്വഹിപ്പിക്ക to cause to
ജലപാനാദികൾ നിൎവ്വ'ച്ചു
care of the horses. നിണക
മെ നി'ക്കുന്നുണ്ടു Bhr. help

നിൎവ്വാണം S. (വാ) 1. quenched
യാകല്പിതം പോയാൽ മാനസം
2. emancipation by annihilatio
പിച്ചീടും KeiN.) or by absor
Deity ബ്രഹ്മനി. Bhg.; ശോഭന
ഭം കഴിവരാ Nal.; നിൎവ്വാണ
ണപ്രശാന്തകളുതർ Bhg.; നി'ളെ
Siva. 3. (loc.) = നിൎമ്മാണം 3.

നിൎവ്വാദം S. 1. reproof — denV.
— 2. M. നി'മായ ഭൂമി MR. u

നിൎവ്വാസം S. expatriation KR. (=
also denV. നിൎവ്വസിക്ക.
CV. രാജനെ കൊന്നു മൂലമാ
പ്പിച്ചാൻ അവനെ Mud. to

നിൎവ്വാഹം S. (നിൎവ്വഹിക്ക) 1. ല
നോക്കുക V1. to care for; carr
നിരൂപിച്ചാൽ നി. ഇല്ലല്ലോ T.
ability; means പോകയല്ലാ
ക്ക മറെറാരു നി. ഇല്ല, പിരി
ഞാനില്ല TR. I see no way.

I am helpless here. നി. വരുത്തുക
dy. 3. necessity. നി'ങ്ങൾ മുടക്കി
evented his following the calls of
എനിക്കു വളരെ നി. (loc.) I am in
traits.

ം S. free from doubts ഉള്ളം ഉലയാ
N. — നിർവ്വികല്പൻ God. Bhr.

ം S. unaltered നി'രസുഖം Nal.; നി'
, നി'രൻ Bhr. God as immutable.

ാസ്സിന്ന SiPu. stunned.

S. (ഹൻ) unobstructed.

ം S. without care. നി. നമുക്ക വ
ം PT. adv. — നിർവ്വിചാരകന്മാരാശ്ശു
d.

ൻ S. (വിദ്) senseless from emotion.

ം S. without quarrel; not to be gain-
al 4.

ബം S. without delay. Nal 4.

S. powerless. Bhg.

free from cares, satisfied — God. AR.

ി S. repose, rest. Bhg.

S. completion.

S. (വിദ്) disgust. ജാതനി. പരിത്യ
SiPu. from disgust. നിർവ്വേദഹീനം
ാളിക്ക PT. without wearing.

ം S. without enmity നിർവ്വൈരഹിംസ
ി'രചിത്തം Bhg.

S. relieved from anxiety, നി'മാരാ
ി CG. fem.

S. unfeigned, sincere. നി. ചൊല്ലു
ി. പരിഗ്രഹിക്ക Bhr. adv. simply. —
ജകാരൻ TR. a loyal friend or sub-
- നിർവ്യാജപണ്ഡിതർ Nal.

ൻ S. unabashed. Bhr 2.

S. drawing out, evacuation.

രി spreading far (an odour VCh.).

S. sound, ധ്വനി. Bhg.

5. 1. Fullness. പൊന്നിറവാങ്ങി TR.
eds) the value in full. 2. a weight (see
esp. of 100 പലം: നിറയത്തു ഭാരത്തി
രിപത്തുമാം CS. = $\frac{1}{20}$ Bhāram. 3. bend-
r, loading & (So.) cocking a gun.
CG. — പററാവിശേഷം പറഞ്ഞു

adv. part. പററി concerning. അ
about. എന്നെപ്പററി for my sa
പ. എനിക്ക കാൎയ്യമില്ല.

പററിക്കൊൾക (4) to obtain posse
to embrace; മുതൽ നിറുത്തി പ
പററിപ്പിടിച്ചു കയറുക to climb up

പററിപ്പോക 1. to overtake. 2. to be seized. രണ്ടു കൊല്ലത്തെ മുതലും പലരായിട്ടും പ. TR. the revenue of two years plundered by various people.

CV. പററിക്ക 1. to fix, join, paste, തീ പ. to set on fire. മടിയിലും പുറത്തും പററിച്ചീട്ടും Bhg. took a deer on his lap & back. രസം മുക്കഴഞ്ചു ഇഞ്ചിനീരിൽ അരെച്ചു പററിച്ചു പൊടിച്ചു കൊൾക, മോരിൽ പുഴുങ്ങി പ. a. med. 2. to cause to take effect. ഒരു ഗന്ധം പ'ച്ചു SiPu.; മോശം പ'ച്ചു കളയും Arb. may outwit me; so ചതി പററിപ്പാൻ നോക്കി jud. 3. to fix in the heart or memory ശാസ്ത്രങ്ങൾ എല്ലാം പണിപ്പെട്ടു പ'ച്ചു കൊണ്ടു SiPu. mastered the sciences.

[illegible] പല **pala** 5. (Finnic palyo, Mandschu fulu, [illegible] പല്കു to be multiplied). Many, several, vari[illegible]s. Plur. പലരും കൂടിയാൽ പാമ്പും ചാകാ [illegible]ov.; പലരും opp. ചിലർ Bhr 1.; പലർ കേൾ[illegible]ച്ചാല്ലുതു Sk.; പലർ അറിക, പലരും അ[illegible] notoriously, publicly. Neutr. പലതു as [illegible]ി പലതു Bhr.; neutr. pl. പല as യാഗങ്ങൾ [illegible]ല ചെയ്തു SiPu.; also പലവു കണ്ടോൽ CC. [illegible]പലവയും ചൊല്ലി വിലാപിച്ചു AR., ചോരപ്പു[illegible]ം കാണായിതു പലവയൊലിക്കുന്നതും AR., [illegible]ന പലവും പറഞ്ഞു and so on. Obl. case [illegible]വററു & പലററിൽ SiPu., പലററിലുമക്കഥ [illegible] Bhg. — Before Vowels പലവുരു, പലവൂടു, [illegible]വുഴം; often പലവുക്കധിപൻ B. superin[illegible]nt of a district.

[illegible]പല many, different. പ. വിചാരം fickle[illegible]. പലജാതി in various ways. പ. ഇവൃ[illegible]ം സ്തുതികളും KumK. (so പലതരം).

[illegible]പ്പൊഴും often, also പലനാളും, പലകുറി Nal.

[illegible] different items, sundries പ. യിൽ മൊ[illegible]ിച്ച ദ്രവ്യം TR.; mixed business, as in [illegible]rts പ. ഹൎജ്ജി MR.

[illegible]ശി = foll. പിടിപ്പാൻ പ. ക്കം ശ്രമിച്ചു TR.; [illegible] ചോരപ്പുഴകൾ പലവായൊലിക്ക Bhg.

[illegible]വിധം various kinds or ways പ'ത്തിൽ, as [illegible]പ്രകാരേണ, TR. പല വിധേനയും MR. — also adj. പലവിധം നാണ്യം TR.

പലേടത്തും = പലവിടത്തും in many places.

II. പല = പലക? in നെയ്യല q. v.; also മരാമത്തി കൊണ്ടു പലാ ചമെച്ചതു KR.; പലകൾ ചമെച്ചഹോ VCh.

പലം **palam** S. (fr. പല?) 1. A weight = ൪ കൎഷം or ൧൨ കഴഞ്ചു CS. generally = 10 Rs. or ½ Rātel (നാട്ടുകോൽ); = 5 Rs. (by കൊമ്മകകോൽ). ൧൦൦ പ. ഒരു തുലാം (of 32 lbs.); നിശ്ശേഷമേഹം ഒരു സഹസ്രം പ. ഉണ്ടു Brhmd. തടപ്പലം 10, നാട്ടുപലം 12, ഇടപ്പലം 13½ or Cal. 14 Rs. weight. 2. = പലലം flesh. 3. Tdbh. ഫലം.

പലക **palaɤa** 5. (Tdbh.; ഫലകം). 1. A plank, board. കാല്പ്പ. weaver's treadle of a loom. തണ്ടിൻെറ പ. the blade of an oar. കളിപ്പ. a chess-board. തോൾപ്പ. മേൽ അമരു പലക എന്നി രണ്ടു മൎമ്മം ഉണ്ടു MM. on the scapula. 2. a seat, footstool ആമപ്പ; പാലപ്പ. 3. aM. a shield പ. യും വാളും ഏന്തി, കരവാളും ഒൺപ. യും കരങ്ങളിലേ വാരി RC.

പലകക്കരുതു (or — ക്കദുതു?) a tool of goldsmiths with a kind of spindle at one end & a scope at the other V1.

പല(ക)ക്കള്ളി a kind of Cactus.

പലകനാക്കു 1. the blade of an oar, So. തണ്ടു പത്തി. 2. a rudder (without the tiller).

പലകപ്പയ്യാന Bignonia Indica, also പ'ന്നി വേർ GP.

പലലം **palalam** S. (= പലം 2.) Flesh പ. ഉണക്കുവാൻ, പലലശകലങ്ങൾ കൊത്തി AR.

പലലാശി who eats flesh (തട്ടുക 1, 422).

പലലാശയം S. a swelled neck, goitre.

പലപല വെളുക്ക (Onomat.) Palg. T. glowing. Beginning to dawn = പളപള.

പലഹാരം **palahāram** (T. പണിയാരം, Port. paniara, C. പലാരം fr. ഫലാഹാരം). Cakes, sweetmeats, esp. = നെയ്യപ്പം; any slight repast.

പലാണ്ഡു **palāṇḍu** S. (പല + അണ്ഡം?). Onion പ. സുഗന്ധിയാസ്സുതമോ PT.

പലാത്തെല്ലു **palāttellu** (പലം 3 ഫലാൽ?). The one per cent due to a lottery-undertaker = ഷെട്ടപ്പു.

പലായനം palāyanam S. Flight പോരിൽ പ. വന്നു Sk.; running away, Bhg.

പലാലം palālam S. Straw, (L. palea).

പലാലിയ palāliya No.=പല(ക) & അലുവ. A sweetmeat (വറുത്തരി spread on a board & liquid sugar poured over it, when it is levelled with a brass dish).

പലാശം palāśam S. 1. A leaf=പൎണ്ണം f. i. പാവകൻ എല്ലും പ. പോലെ CG. 2. Butea frondosa. [വള്ളിപ്പ. a kind.
പലാശ്ശു, പ്ലാശ് Tdbh.; also ശമ്മലി പ'വും Nal.; പലാശി S. any tree; N. pr. of town, Plassey.

പലിതം paliδam S. Grey=നര f. i. പലിതനായാൽ VCh.

പലിത്തം palittam Tdbh. of ഫലിതം. Efficacy f. i. of a tomb നേൎച്ചകളും പ'വും വരാശ്ശ്യും നടന്നു വരുന്നു Ti.

പലിശ pališa 1. No.=പരിച, പലക A shield വാളും പ. യും of Nāyars KU.; പലിശത്തട്ടു a thrust of. പലിശക്കയത്തിന്ന് ഓർ ഓല എട്ടത്തു TP. cavity of shield. പലിശക്കാർ body-guard. 2. (ഫലം?) interest on money (on rice പൊലി) generally 10 pct. തികപ. (= നേർപ. 583), even 12 pct. (മര്യാദപ്രകാരമുള്ള പ.), മാസപ്പ. The കാലപ്പ. yearly interest; when from കാണം, it amounts to 5 pct. (അരപ. f. i. അരപലിശ കണ്ടു 7½ ഇടങ്ങാഴി നെല്ലു പ. പിടിച്ചു doc. MR.) or 2½ pct. (കാൽ. പ. even മാകാണിപ്പ.) paid in rice at the rate of 5 Idangālis for 1 fanam. Formerly for each fanam mortgage-money the yearly interest was 1 നാഴി നെല്ലു (=4 pct.). പലിശമുടങ്ങിക്കിടന്നുപോയാൽ VyM. interest not being paid.

പലിശക്കുററു & പലിശമണിക്കുററു (1) noise of the shield പലിശ തുടെക്കമെത്തു TP.

പലിശ മടക്കം (2) a deed of mortgage in which the rent of the estate transferred to the mortgagee is equal to the interest of the loan പലിശ മടക്ക ഓലക്കരണം W.

പൽ pal & **പല്ലു** T. M. C. Te. A tooth ആനപ്പൽ, നരിപ്പ., പശുവിൻപ., നായ്പ., മാൻപ. a. med. (for eye-diseases). മേല്പ., കീഴ്പ. (അടിപ്പൽ). കള്ളപ്പല്ലു a children's dise
inside the mouth. പല്ലിന്മേ തൊ
ലെക്ക to teeth. ഉറെച്ച പല്ലുക
കന്നു KR. (in old age). പ. പറി
to be lost. പ. തേക്കുക to clea
വെളുപ്പിച്ചു പാകുന്നു CG. (ladie
Hence: പല്ലു 1. the teeth of a sa
പ്പല്ലു also പല്ലു. 2. So. the web

പല്ലൻ one who has large or
often പൊക്കപ്പല്ലൻ m., പുഴ
പല്ലിച്ചി fem. etc.

പല്ലുരണ a disease of the gum

പല്ലാങ്കുഴി B. a tablet with 14
for a game, പ. യാട്ടുക.

പല്ലിക്കോര a കോര 317.

പല്ലിടക്കുത്തി, പല്ലുകോൽ, പല്
a toothpick, tooth-cleaner.
ത്തി മണപ്പാൻ കൊട്ടുക p
one's own faults).

പല്ലിറുമ്മുക So. to gnash the t

പല്ലിളിക്ക to grin, snarl പ'ച്ചു
പല്ലു കാട്ടുക.

പല്ലുകടി gnashing — കട്ടകടപ്പ
(in anger), പല്ലുകടിച്ചുലെകി
ing). പ'ക്കയും കണ്ണു ചുവക
പല്ലു കടിപെട്ടുപോക lock
epilepsy, with dying pe

പല്ലുകുത്തു 1. toothache=പല്ല
ing the teeth പല്ലുത്തി =
3. knocking out the teeth
ക്കളെയും (a threat). പാല്ല
കൊണ്ടു കുത്തി TR. പല്ലൊ
TP. (to a fallen foe).

പല്ലുകൊഴിക്ക Palg. jud.=പ

പല്ലുതടി a harrow (& പല്ലിത്ത
ടിമരം).

പല്ലുമുളകാലം Nid. in teething.

പല്ലേരി So. gums=ഊൻ.

പല്ലക്ക pallakku 5. also പ
ല്ലങ്കി Tdbh.; പര്യങ്കം, പല്യങ്ക
kin," litter കനകപ്പ. KR. (for
ല്ലൊത്ത പല്ലക്കിന്മേൽ Nal. (pri

, as തണ്ടു). പല്ലക്കകാർ TR. bearers.
ാ പല്ലക്കിയും കൊട്ടുത്തു TR., പല്ലക്കിൽ
ഹാ നല്ലരായി സുഖിക്കുന്നു VCh., പ
ത്തു TP.

pallavam S. A sprout നിറഞ്ഞേർ പ.
നിവിളങ്കവാനരിമാർ RC.; പ. വെല്ലും
ൎമേനി CG. (infant Kṛšṇa.)

. (mod.) the chorus of a song or ode,
ted after each stanza. Winsl.

പല്ലവി T. (mod.) the stanza imme-
ately following the chorus in species
T. verse called പതം. Winsl.

li T. M. C. Tu. S. (f. of പല്ലൻ, പല്ല)
-lizard, Lacerta Gecko; its voice (കര
പാല്ലു) is believed to announce visitors.
പ. വിഷം തീരും a. med. 2. a fork
ല്ലിത്തടി = പല്ലുതടി a rake.
; V1. a herb.

palvalam S. (L. palus). A pool അ
ലോപമം വാരിധി KR 5.

pavanam S. (പൂ) Purification; wind.
S. 1. a sieve, strainer. 2. purifying,
. a ring made of sacrificial grass ദേ
; hence പവിത്രവിരൽ the ring-finger
ിരല്ലു പവിത്രാംഗുലീയവും SiPu.

paviḷam (aM. പവഴം, T. പവളം;
പ്രവാളം) Coral; coral-bead പവിഴമ
ranate, പവിഴച്ചരടു MR.
ഞാടി a vegetable perfume = അഞ്ജ
ശി S.
റ്റു medicinal coral, also പകിഴപ്പു
med.
പ്പുറ്റു ഉരുത്തി or പവിഴവല്ലികദ്വീ
(mod.) a coral island, coral-reef.
ി, — ഴമല the Eastern Ghauts.

, പച, പയ M. T. Tu. (പച്ച).
re, thriving. പ. ഇല്ല nothing to be
2. gum, glue, cement. കോതമ്പത്തിൻ
. starch. കഞ്ഞിപ്പ. as of washermen.
clay.
(loc.) = പൈതൽ; പശങ്ങൾ children
sule, Te. pasi).

പശിമ, (പശുമ V1.) 1. freshness, softness tenderness. 2. moisture or richness of soil. പശിമക്കൂറു KU. fertile soil (opp. രാശി ക്കൂറു). പ. കൂറുപൊന്നു the purest gold.

പചള, പശള T. M. Basella (a plant) V1.

പശു pašu (L. pecus) S. 1. A domestic or sacrificial animal, 5 or 7; any cattle with horse, ass, camel, etc. പശു പ്രാണികൾ തമ്മിൽ തിന്നല്ലോ വാഴു ഞായം Bhg 11. 2. M. a cow (പശുമാടു Palg.), vu. പയി f.i. കാളകൾ മഹിഷങ്ങൾ പശുക്കൾക്കിവ എല്ലാം ഒരു വയസ്സു VCh.; തന്നേ കൊല്ലുവാൻ വന്ന പശുവിനേ കൊന്നാൽ ദോഷം ഇല്ല prov.; പശുക്കളെ അറുക്കയും TR. riotous. Māpiḷḷas വിപ്രൻ യാഗത്തിങ്കൽ മുനിമാതമായി പശുവെ വധിക്കും Sk. പശുവും ബ്രാഹ്മണരെയും രക്ഷിക്ക TR. (coronation oath). കള്ളത്തിപ്പശു a vicious cow.—met. മൊഴ്ശുന്നാം പശു Mud. = പശുപ്രായം.

പശുക്കയറു 1. a tether. 2. bondage of the individual soul, (പശുപാശം S.).

പശുക്കിടാവു a calf അമ്മ വിട്ട പ’വേ പോല prov.

പശുക്കല = ഗോഹത്യ, as നരിക്കഞ്ചേന്നാ പ. prov.

പശുതിന്നി, പൈതിന്നി see പാച്ചെറുമൻ.

പശുപതി "cattle-lord" AR. Siva.

പശുപന്മാർ, പശുപാലകർ CC. cow-herds. പാശുപാല്യം V1. their office.

പശുപ്രായം brutal പ’യമാനസന്മാർ VCh.

പശുബന്ധം animal sacrifice.

പശുമാംസം beef.

പശുവസൂരിപ്രയോഗം vaccination. (mod.)

പശ്വാളി (മേക) Bhr. different sorts of cattle. പ. കൾ VetC. beasts.

പശ്ചാൽ pasčāl S. (Abl. of പശ്ച്, L. post) After, behind.

പശ്ചാത്താപം S. repentance പ. ഉണ്ടായതൊഴിഞ്ഞു KR.; എത്രയും പ. മാനസേ വഹിക്കുന്നു PT.; പ. ഓരെള്ളോളം ഇല്ലാതേ GnP. without any qualms or compunction.

പശ്ചിമം S. hinder, western. — പശ്ചിമഖണ്ഡം the Malabar Coast.

പശ്യ pašya S. (Imp. of പശ് = ദൃശ്) Behold! like കാങ്കിൽ, പാൎത്താൽ Bhg.

പക്ഷമായി തോന്നുന്നു Genov. = സ്പഷ്ടം.

പഞ്ഞി കിടന്നു MR. = പട്ടിണി.

പസ്സി Mpl. = പക്ഷി. [KR., Bhr.

പഹ്ലവന്മാർ S. The Pehlwi or Persian people

പളപള palapala C. T. M. 1. Cracking, popping. 2. പളപളമിന്നുക = പലപല, പളങ്ങുക. പളവു പറക V1. to tell news ആയിരം പളുക പേചിന്നു RC. bravado, bragging (Te. palaku, word in general).

പളു palu (= പഴുതു?) 1. Indication ചോരപ്പളു പള്ളം traces of blood (huntg.); also പളുകകൾ കണ്ടാൽ. 2. the very moment. ഇപ്പളുക്ക V2. even now. കലഹിക്കുന്ന പളുവിൽ when they were just quarrelling.

പളുങ്ങു palungu (C.—ku, T. paḷingu, S. സ്ഫടികം) 1. Crystal, also med. ചങ്കമുത്തു പവിഴം പളുങ്കു a. med. 2. glass. വെള്ളപ്പ. Bhr.

പളുങ്ങുക 1. = പതുങ്ങുക To cower, stoop V1. പാളിപ്പളുങ്ങി Nal. (see പള്ള). — പളുങ്ങിപ്പോയി Trav. bruises on vessels, jewels. 2. M. to glitter.

പള്ള palla (deep, see foll.) 1. Cavity, pit, hole മീൻ പ. also വളെക്ക വ. പള്ള; a small creek or inlet, opp. കോടി f. i. തലാഴിപ്പള്ള Tell. പറമ്പിന്റെ പള്ള the part of a compound which lies deepest. പള്ളെക്ക് ആട്ടുക Palg. to keep to the edge of a road. 2. the stomach, belly പ. യും വീർത്തു പൊട്ടി PT.; ൭ പ. കൾ MC.; പ. യിൽനിന്നു പോക diarrhœa. പള്ളെക്കലെക്ക TP. (from grief). പള്ളെക്കാക Palg. (Iḷawars) to take one's meals. പള്ളെടേ പണ്ടം V1. the stomach. 3. (aC. പളു, T. പഴുവം) a forest. 4. ഒരു പള്ളക്കായി a comb, cluster of fruits = പടല.

പള്ളക്കാടു (3) thicket of a jungle.

പള്ളയം T. V1. a basin, dish.

പള്ളയാടു T. V1. (2) a small prolific kind of goats.

പള്ളവട്ടി a large basket.

പള്ളവില്ലി (3) a caste of mountaineers V1.

പള്ളം pallam T. Te. C. M. 1. Pit, hole, excavation വെള്ളമില്ലാത ആറുകൾ പ'മായ്ക്കിടക്ക

ന്നു KR. 2. low ground, low
അഴിക്ക goats etc. to destroy a kit
near a river. പള്ളം വെക്ക to mak
the deepened garden-beds, see 1.)
മീൻ D. Etroplus Coruchi, a sma
mud of fields. 3. B. loss.

പള്ളി palli 5. (also S. fr. prec.
1. S. A hut, small settlement of
(C. in N. pr. haḷḷi; in Palg. f. i
നാട്ടുപ്പള്ളി, ഏലപ്പള്ളി). 2. a pul
ഊർപ്പ. ദൈവം KU. tutelar God
village. മറുപ്പള്ളി; എഴുത്തുപ. a
esp. in hunting ഒളിപ്പ. (for രാവു
മടപ്പ. (for the king കോയ്മക്ക), ഉ
ശവാഴി) huntg. ക്ലേശപ്പള്ളി V1
3. a place of worship for Buddh
രം KM.), foreigners, as chapel
church (f. i. രോമപ്പ.; also Sing
palliya = Dutch church), mosque
വെള്ളിയാഴ്ച എല്ലാവരും പ. യിര
പ. യിൽ കയറരുതു TR.; പ'ക്കൽ
MR. to get the other party to
mosque (പള്ളിയാണ! Mpl.).
mitory or couch; whatever is co
the king (aC. paḷke a bed = പള്ളു
ൾക to retire to rest, sleep (hon
ലാഴിയിൽ പ. കൊണ്ടു Bhg., അമ
ന്നു പ. കൊണ്ടരുളും RC., ശായ
ണർത്തി KR. awakened the king
ഉണർത്തേണ്ടാ എന്നു (forbids the
പള്ളിക്കരിമ്പടം KU. (4) a royal
പള്ളിക്കാർ (3) people of a congr
പള്ളിക്കിടക്ക a noble bed പ. യു
ട്ടും Anj.

പള്ളിക്കുറുപ്പു (4) the sleep of God
കൊൾക Arb. = പള്ളികൊൾ
എഴുന്നീററു TP.; പ'പ്പുണർന്നു
awoke. പ. ഉണരവേണം
Anj.—പ'പ്പുണർത്തുക AR. = പ

പള്ളിക്കൂടം So. T. a school (so Mu
Palg. a Tamiḻ school), ധർമ്മ

പള്ളിക്കുലകം No. a royal palace

ര TR. the 5 Rājas at Chiracal പ ലോത്തു കോലത്തിരിതമ്പുരാൻ, ഏ ൂ ക്രലോത്ത് ഉളമ KU.

ട്ട (hon.) marriage.

ത്തുകൂടം (— ക്കോടം) KU. a palace of iri.

ൻ (4. So. പള്ളിച്ചീയാൻ, fr. ശിച്യാൻ a class of Nāyars, bearers of the തണ്ടും പ'നെയും a grant. പ'നെ ാമ്പോൾ കാൽ കടഞ്ഞു prov.; പ. തണ്ടി തെറിച്ചു TP.

യൽ (411) 1. a piece of ground upon rice is sown to be afterwards transd, also (—യാൽ, — യാളി loc.) പള്ളിമ ൽ (Ponnāni-Malapuram). 2.=കന്നി ാ opp. അയ്യന്നിക്കണ്ടം; also വാന ഞായൽ (Eranādu — the rice grown n depending entirely on rain — opp. tion). മോടനം പള്ളിഞായലും MR. also a kind of rice?). see — യാൽ.

ിയുക (4) = ഉളുവാക.

ണ്ട KU. a royal palankin.

ാചാരം (8) daily ceremonies of kings, Nasr.

ക 1 a royal seat (പാറനമ്പിയെ ണ്ട പ. വെപ്പിച്ചു KU. in Calicut). 2.= മാറടി.

ഴ (3) Nasr. church-fine.

ണാപ്പെരുമാൾ (3) KU. a ruler that uced a foreign religion in Kēraḷa, ള്ളിമാണർ. [sacred string.

ന്യ investing young princes with the

ടി 1. one of the insignia of the t dynasty (ചിത്രം), a plank of the where the first Tāmūri had a sight agavati KU. 2. N.pr. a Bhagavati near Calicut.

ാട്ടം Et. (also — കോവിലകം loc.) g & burning place for royalty.

ിക the gallery of a church. Nasr.

ൻ (3) Nasr. a church-warden.

ത Bhr. a royal bed.

പള്ളിയമ്പു 1. a royal arrow RC. 2. = കൈത Pandanus.

പള്ളിയറ (4) a bed-chamber പാററിത്തുപ്പി യാൽ പ. യിലും തുപ്പാം prov., വെള്ളിപ്പാത്ര ങ്ങൾ പ. യിൽ വെപ്പിച്ചു TR. — പ. ക്കാരൻ a chamberlain. പ. പ്രവൃത്തി (B. — വിചാരിപ്പു) the office of the Lord chamberlain. പ. വിളമ്പൽ W. confidential secretary of the Kōṭayayattu Rāja. — loc. പള്ളിയറ = കാവു a small fane.

പള്ളിയാൽ a quick growing rice which does not require watering, പ. കൃഷി MR. (Palg. പള്ളിയാല; No. പള്ളിയാരൽ, പള്ളിയാർ) growing on കന്നിക്കണ്ടം. (see — ഞായൽ).

പള്ളിയിടവക (3) a parish. [KU.

പള്ളിയെന്തോളം (4) a royal litter പ. ഏറി

പള്ളിയോടം (4) a royal boat കാളിന്ദിയിൽ പ. കളിക്കേണം SiPu 3.

പള്ളിവായന (4) reading, study (hon.).

പള്ളിവാൾ (4) a royal sword. So also ശിവ ൻെറ പള്ളിവിൽ കണ്ടു AR.

പള്ളിവിരിപ്പു TP. a royal matress.

പള്ളിവിളക്ക etc. TP. a royal candelabrum.

പള്ളിവേട്ട (4) a royal chase. പ'ട്ടെക്ക എഴു ന്നെള്ളി Bhr. a ceremony of the Rāja shooting 3 arrows. Trav.

പള്ളിശ്ശംഖു മുഴക്കിച്ചു (hon.) SG.

പഴ paḻa T. M. aC. (Tu. para, Te. paṇ & pra fr. പഴു) Old.

പഴം T. M. (C. Tu. Te. paṇḍu, haṇṇu) 1. ripe fruit. 2. ripe plantains (hence ഫലം?) 3. in Cpds. പഴങ്കമ്പളങ്ങൾ a. mod.

പഴക്കായി So. fruit almost ripe.

പഴക്കുല a bunch of ripe plantains. (see പഴു — 637).

പഴങ്കഞ്ഞി canji from last night.

പഴഞ്ഞാഴക a half Āḻakku.

പഴഞ്ചീല old cloth.

പഴഞ്ചൊൽ a proverb പ'ല്ലിൽ പതിർ ഉണ്ടെ ങ്കിൽ prov.

പഴഞ്ചോറു boiled rice of yesterday, also പഴ യതു; (പ'റു തണ്ണുള്ള GP.)

പഴനിലം 1. land lying waste. 2. land cultivated every other year.

പഴന്തുണി old cloth.

പഴന്തുളുവർ N.pr. a class of original Kēraḷa Brahmans KU.

പഴപ്രഥമൻ (പഴം) plantain-fritters.

VN. **പഴമ** 1. oldness, old age, old times. 2. acquaintance with customs, history. പ. പറക to explain old usages, relate traditions. ഓരോരോ പെരുമാക്കന്മാർ വാണപ്രകാരം പ. യെ പറയുന്നു KU. — പഴമക്കാർ experienced men, arbitrators — പ. പ്പെടുക V1. to grow inveterate.

പഴമുണ്ണിപ്പാല, പഴുന്നാല Mimusops Kauki.

പഴമിളക old pepper, a. med.

പഴമൊഴി old saying = പഴഞ്ചൊൽ.

പഴമ്പാച്ചി No. (പാച്ചി) with flabby breasts. അഞ്ചെട്ടു പെററു പ. ആയപ്പോൾ വള്ളുവനാർ എന്നേ തള്ളൂട്ടു (song).

പഴമ്പിലാവില an old leaf of Artocarpus. prov.

പഴമ്പുളി tamarinds of last year's growth.

പഴയ old, ancient, stale (n. പഴയതു & പഴേതു). പ. കൂറു the section of Nasrāṇis that remained faithful to Rome in the schism of 1657 (opp. പുത്തൻകൂറു the Jacobites).

പഴയനൂർ N.pr. Payanūr, the chief Grāma of the No., പ. തെരുവേഴം Pay. the Brahmans there have baronial rights & മരുമക്കത്തായം KU.

പഴയരി rice of old corn, fine rice carefully prepared. പ. ച്ചോറു eating separately (opp. പക്കം 3.). പ. കഴിക meal of noblemen, so കളം കലക്കിപ്പ. നീക്കം പഴേരി, പ'ക്ക നേരമായി hon.; ആനയെക്കൊന്നു തലച്ചോർ പ. സമ്പാദിപ്പാൻ PT. (a lion's royal meal). അമരേത്തു പ. No.; തിരുമുടി പ. ചാർത്തി KU. (at coronation). ഇല്ലത്തു പ. ഉണ്ടെങ്കിൽ ചെന്നേടത്തും പ. prov. dainty food. പ. ക്കണ്ടം ricefield which gives full-grown corn.

പഴയിട old history പ. പറക.

പഴവൻ an old man, ancestor.

പഴേ = പഴയ as പഴേനട KU.

പഴകുക palaγuγa T. M. (പഴ) 1.
old, be worn out വസ്ത്രങ്ങൾ പഴക
യാൽ മററൊന്നു പകരുന്ന പോലെ V
ദേഹം പഴകുമ്പോൾ KR. 2. to be
accustomed. കൂട പ. to be acquaint
പ്പോയി No. an old hand at somethin
to delay = വൈകുക, (ചോറു വെച്ചി
ഴകിപ്പോയി waited for us).

പഴകിയതു 1. a worn out, deser
2. = പഴഞ്ചോറു.

VN. **പഴക്കം** 1. oldness, പ. മണ
a musty smell, പഴക്കത്തിൽ നി
old history പ. ചൊല്ലു V1. = പഴ
3. long habit, acquaintance,
അധികം കാലമായി വീട്ടം പാ
ഉള്ള ആളുകൾ MR. men of local
പ. ചെന്നതു V2. usage (= ത
പ്പഴക്കം So. acquaintance; No.
damaged through long keeping, f

v. a. **പഴക്കുക, ക്കി** B. to practise
to inure oneself to.

പഴച്ചി N. pr. Pychi, A fort of the
Rāja. പ. രാജാവു, കോട്ടയത്തു പ
യിൽ തമ്പുരാൻ TR. the famous Py

പഴനി, പഴനിമല N. pr. (പഴ
1. A temple in the old Chēra country
(പ്രതിഷ്ഠ of Subrahmaṇya). 2. N. p
Iḷavars പഴനി, — യാണ്ടി, — മല, —

പഴി pali T. M. aC. Tu. (പഴു). 1. A
touching one's honour by abuse, fals
പഴിത്തുരെത്ത പഴി കേട്ടു RC. (= പ
ഴി പറക Palg. = ദുഷിക്ക. പ. തീ
ത്തി കളവാനായി UR. to vindi
honour. 2. deadly vengeance V
മാററം പഴി തകം അസ്ത്രം തൊടു
an avenging arrow — പ. വാങ്ങ
revenge V1.

പഴിദോഷം, പഴിവാക്ക abusive
aspersion.

പഴിക്കാരൻ V1. who has sworn re
ready to die for it.

പഴിക്ക 1. to scold, blame, abus

ച്ചാവോളം പറയേണം, പ. ഇല്ലതമ്മിൽ
ന്ദ്യാന്ത്യം Bhr.; പഴിക്കുന്നു ചിലർ ഒരേ
ചേപ KR. 2. to vie with successfully
ടെ കാന്തിയെ പഴിച്ചു കളഞ്ഞു CG.
red thy beauty. കാന്തിയെ പാരം പ
വെന്നു CG.; കയ്യില്ലൂരല്ലം പഴിത്തത
മല്ല RC. 3. B. to detest.
(what is abused) new coin suspected
ing counterfeit V1.
ില്ലു: പ. പറക to ridicule V1.
lukka, So. — ക്കാ (see foll. T. പഴ
er-step). 1. A fruit put to ripen B.,
V1. 2. the Areca-nut & its reddish
hen ripe, കരിമ്പഴുക്കടക്ക & പഴുക്കട
7th stage of its growth, പഴുക്കാക്കുല
of it. പാക്കും പ. യും ആപാദിച്ചു CG.
ക്ക പോലവേ കണ്ണിമീട്ട TP. 3. So.
(Cherumars). — പൊന്നൻ പ. 1. a
a-nut. 2. Myristica tomentosa, Rh.
പ. B. a drug.

ച്ചുലി a leopard with dark spots, പ.
MR.

in പച്ചക്കുലയും പ. യും Onap unripe
plantain bunches. (see പഴ — 635).

palukka T. M. C. (Te. paṇḍu) 1. To
, ripe, പത്തും പ. Bhr.; പഴുത്ത പഴം
, കല പഴുക്കുമ്പോൾ സംക്രാന്തി, പഴ
ത്താൽ പറിക്ക prov.; പ. വെക്ക to put
straw (=പഴുപ്പിക്ക). 2. to become
pered, red-hot. പ. ച്ചുട്ടക to roast
ിയുന്ന തീയിൽ പഴുത്ത നാരാചം KR.
ourate പുൺ പഴുക്കിൽ MM. 4. to
ഴുത്തില a dried leaf, ദേഹം പഴ
ചിട്ടും KR. = പഴുകി.

hon. for betel, when Nāyars speak
mans, Tiyars to Nāyars, etc. (see 4).

ച്ചു 1. ripening of fruit, blighting of
. ചെന്നു V2. overripe. 2. becom-
ider, red-hot. മുഖം പ. thrush (S. മു
ഷം). മനസ്സിന്റെ പ. V1. contrition.

പ്പിക്ക 1. to ripen artificially as പഴം,
as ഇരിമ്പു, to accustom, inure.

2. മുഖം പഴുപ്പിക്ക No. actors personating women having their faces dyed with red arsenic (see മനയോല under മനം).

പഴപഴുക്ക to be discoloured; പ'പ്പു yellowness of face V1.

II. പഴുക്ക = പകുക്ക To divide. ഗ്രന്ഥം (=ഗ്രന്ഥം) പഴുത്തു നോക്കുന്നേരം TP. to open a book indifferently in order to find an oracle (in the 7th letter of the 7th line).

പഴുതി MR. = പകുതി.

പഴുതു paḻuďu (fr. പഴ & = പാഴ് T. = പഴി) 1. A hole, കുടുക്കിന്റെ പ. V2. a button-hole; an interstice വമ്പനോടു പ. നല്ല prov.; a vacant place, ഉണ്ടപ്പഴുതു TP. the wound which the ball made. ഓലച്ചിയുടെ പ. No. = പാളിപ്പോക. അതിൽ കടക്കേണ്ടതിന്നു പ. ഇല്ല a breach. fig. അഴഞ്ഞു കരേറുവാൻ പ. കണ്ടു a loophole. ഘനമായുറച്ചുള്ള വൃക്ഷത്തിൽ പ. ഉണ്ടോ VCh. (=ദ്വാരം). പഴുതെന്നിയേ നിറഞ്ഞൊന്നായ്ക്കും KeiN. = densely, tightly. 2. a moment, occasion കല ചെയ്യാൻ പ. ഉണ്ടായില്ല Mud.; കൊടുത്തു കൊൾവാൻ, തല്ലാൻ പ. കൾ നോക്കി Bhr. in fencing ഇല്ല പഴുതെന്നു ചിന്തിച്ചു despaired of an opening. പറവാൻ പഴുതില്ല no cause for. പഴുതില്ല Palg. = പാടില്ല. അപ്പഴുതറിഞ്ഞു സ്തുതിക്കേണം Mud.

പഴുതാക, — പ്പോക to go for nothing.

പഴുതാക്കുക to make of none effect. പറഞ്ഞ സത്യത്തെ പ'ക്കീടൊല്ല KR. don't break a promise, so also പഴുതിലാക്ക Sil.

പഴുതാര So., പഴുതാർ M. C. a centipede = കരിഞ്ഞാണിത്തേൾ No.

പഴുതേ in vain, uselessly, to no purpose (= വെറുതേ, വൃഥാ). പണം പ. കളക, also പഴുതിൽ.

പഴുവം paḻuvam aT. C. A forest (=പള്ള 3.).

പഴുവച്ചുരട്ടു = പടിഴ — MR.

പാ, see പായി.

പാംസു pāmsu √ (C. Te. pāṅču dirt) Dust പാ. കൊണ്ടു നിറെച്ച വഴി VCh.

പാംസുലൻ soiled, unchaste.

പാകം pāyam S. (പചിക്ക) 1. Cooking, പാ.

ചെയ്തു to cook. അരി പാകത്തിൽ വെച്ചുണ്ടാക്കി Sil. properly. 2. degree of inspissation (= പതം) as മൂത്ത പാ., ഖരപാ. or മണൽപാ. the highest, ചിക്കണപാ., മദ്ധ്യമപാ. or അരക്കിൻ പാ. the middling, മന്ദപാ., ഇളയ പാ. or മെഴുപാ. the lowest as required for anointing oil. നെയ്യു പാ. ചെമ്പോത്തിൻ കൺ പോലേ ആമ്പോൾ വാങ്ങുക a. med. പാകം തെറ്റുക to boil too much or too little. പാകം നോക്ക. 3. maturity ധാന്യങ്ങൾക്ക പാ. വന്നു പോയി VyM.; വിളകൾ മൂത്ത പാ. ആകുന്നതു എപ്പോൾ. 4. season കള്ള പാകത്തിങ്കൽ പുളിച്ചു പോം GP.; മുതിൎന്ന പാ. വന്നു TR. grew marriageable. — seasonableness, fitness. നിലം വിതെപ്പാൻ പാ. ആയി prepared. 5. peculiar feeling in touching any substance കവിളുടെ അകം പാ. ചിതൽപ്പുറവു കണക്കേ ഉണ്ടാം a. med.

Hence:

പാകക്കേടു immaturity, being overdone or underdone, unseasonableness, missing the proper degree, transgressing the regimen.

പാകത (1. 3.) No. f.i. മനസ്സിന്നു നല്ല പാ. വന്നിരിക്കുന്നു having the character softened.

പാകത്തിൽ seasonably, properly, nicely പുരുഷൻ വിരല്ക്കു പാ'ലായി ശില്പമായി തീൎത്തുള്ള മുദ്രിക Mud. made to fit a man's finger.

പാകദോഷം = പാകക്കേടു f.i. നമ്മുടെ ആളാൽ പാ. വരുന്നു TR. my man behaves rudely, also പാകപ്പിഴ.

പാകൻ S. a suckling, N.pr. a demon.

പാകം വരിക (4) to become ripe, manageable, humble വീണ്ടും പാ'രുവാൻ ഇട ഉണ്ടു.—ബുദ്ധിപാകം വരുത്തുക to moderate, direct properly. പട്ടരേ ഞാൻ നന്നേ പാ'രുത്തി അയച്ചു (= തച്ചുവിടുകയും ചെയ്തു) TR. to make supple, punish, beat.

പാകയജ്ഞം (പാകൻ) a simple domestic sacrifice, Bhg.

പാകശാല a kitchen, also പാകസ്ഥാനം.

പാകശാസനൻ (പാകൻ) Indra അമരകളതിപതി പാകചാതനൻ RC.

പാകശീലൻ 1. a cook. 2. of mild, gentle [temper.

പാകാരി AR. = പാകശാസനൻ.

പാകൽ see പാവൽ.

പാകുക pāγuγa (T. പാവുക, C.
1. To lay things regularly on t
പാകിയനൂൽ yarn warped; to lay
to board അട്ടം പാകുക, പലക പാ
build a ship തേക്കുകൊണ്ടു അടി
2. to fix in the ground regularly
കന്ന സ്ഥലം a nursery of palm-p
പാകി നടുക to sow thickly for tran
so അടക്ക, പിലാക്കുരു, കാപ്പിക്കുര
3. v. n. to be fixed. വേർ പാകി ന
be well rooted. മേഘങ്ങൾ പാകി
the sky. പാകം ഒൺകിരണങ്ങ
of the sun (dense? fixed?). ഞര
ട്ടേറ ഛൎദ്ദിക്ക Nid. prominent vei
VN. I. പാകൽ, f. i. ഓടുപാകൽ.-
പാവു q. v.
III. പാക്ക 1. = പാവു the floor of an
പാക്കിടുക to ceil. 2. sowing
ക്കനിലം. 3. a raw Areca-nut
ക്കയും CG.; വെററിലപാ. bete
കളിപ്പാ. nuts cut & boiled (op
4. a bag, കവിടിപ്പാക്ക Kaniśa
ത്തുർ പാക്കു എടുത്തു TP. leathe
betel, etc. for a journey.

പാക്കാൽ B. a warp dipped in st

പാക്കഞാർ rice-plants ready for tr

പാക്കുക, ക്കി = പാകുക, v. a. വ
ങ്ങുന്നു ഭൂമിയിൽ പാക്കിയാൽ l
warp in a loom V1.

പാക്കുവെട്ടി B. a betel-knife (3.)

പാക്കനാർ N. pr. (പാക്കം T. vil
ground). A famous low-caste sag
പാക്കച്ചൊൽ his doctrine, vedanti

പാക്കലം, പാക്കഴ etc., see പ

പാക്കെട്ടു E. packet, (said of Pos

പാങ്കിനാർ, പാങ്കുഴി etc. No.,

പാങ്ങു pāṅṅu & പാങ്ങ് V1. T. s
1. Side, party ഈശ്വരൻ അവര
വന്നു Bhr 10. God has taken thei
ഓരോരു പുറം നിന്നു Bhr. stood o

പറക to excuse. 2. propriety, con-
പാങ്ങില്ല unseemly, impossible. നല്ല
കേൾപ്പാൻ deserves to be heard.
ന്ന പാ. ഇല്ല the reasoning is not
'pose. 3. means, പാങ്ങില്ലായ്ക V1.
stitution. പാ. ഉണ്ടാക്ക to provide
. 4. beauty (vu.)

f. പാങ്ങി T.) companion, friend പാ.
കിൽ പടിക്കലിരുന്നാലും മതി, പാ
ക്ക പടിക്കമേലാകും prov.

ട്ട unsuitableness, inconvenience.

pājaγan S. (പചിക്ക). A cook, Nal.
മാനം വാങ്ങി PT.; പാചകപ്രവൃത്തി
ച്ചു SiPu. appointed him cook.

what helps to mature or digest.
ാചനം. [ക്ക 4.

ാ, A bag for money, betel = പാ

āččal, VN. of പായുക, Running.
ഠൻ = ള്ളതൻ CS.

M. (പായുക) 1. to cause to flow. 2. to
in (= ചെല്ലിക്ക) പാച്ചി അളക്ക
st the measure into a heap of corn.
ക്കൊൾക, ചെത്തുക to cut down by a
of chisel.

čči (C. പാച്ച breast-milk of a female)
in children's language (so also in
പരിക puberty of girls, vu.; in പഴ
ാ.; മരപ്പാച്ചി Palg. 2. N.pr. f.
Tiyars). [of പാശകം).

āččiγa T. C. M. Dice V1. (Tdbh.

ču N.pr. of men പാച്ചുനായർ TR.
ൻ. — f. പാച്ചി q. v.

ി **pāččōtti**, old പാൽച്ചോററി T.
ാൽച്ചോറു q. v.). The Lodh tree, the
d in dyeing, Symplocus racemosa or
cunda GP 64. പാൽച്ചോ. ഇടിച്ച പി
b a. med.; also ചെമ്പാ., ചുവന്ന പാ.
ുക). വെൺപാ. Rh. a Ruellia, used
g med., എരിമപ്പാ. Achyranthes
കരപ്പാ. Tetracera Rheedii.

ൃം **pāñjajanyam** S. (പഞ്ച). The
riṇa. പാ. ഊഴകി ChVr., വിളിച്ചു Sk.

പാഞ്ചഭൌതികം S. consisting of the 5 elements, Bhg.

പാഞ്ചാലി S. the Pančāla princess, Draupadi. Bhr.; also N.pr. f.

പാഞ്ചാലിക S. a puppet, യന്ത്രപ്പാ. മാർ Bhg.

പാഞ്ചി pāñji & **പാഞ്ചൻ** A gold coin worth 5 Rupees, or $\frac{1}{3}$ Mohar.

പാട pāḍa (T. Te. pile, S. row fr. പട്ട). 1. What rises to the surface, scum, froth. പാ. കൂട്ടുന്നു froth to form. പാ. യുള്ള കഞ്ഞി rice drawing a skin. കണ്ണിലെ പാ. rheum, so നെയ്പ്പാട & പാ. കൂടിയ (കെട്ടിയ) ഇളനീർ No. the flesh of the cocoanut beginning to form. 2. cream V1. തൈർപാ. കൂടാതേ കൂട്ടുകിൽ GP.; പാൽപ്പാ. കട്ടി Arb. cheese. — used met. മരത്തിന്നു മുഴ ത്തൊരു പാടയെടുത്ത പാൽ എന്തിന്നു തരു വാൻ ചൊല്ലുന്നു KR. 3. (S. പാഠ) Cissampelus or Clypea പാടക്കിഴങ്ങു കഷായം a. med. GP 71. — (പാടക്കറിഞ്ഞി, better വാടാക്ക —).

പാടം pāḍam (S. & T. in Uriya. an open level tract). 1. Range, esp. of ricefields പുഞ്ചപ്പാ. V2. rice-land (opp. പറമ്പു), often = കണ്ടം, വയൽ f. i. പാടത്തും പറമ്പത്തും TR. ഗോക്കളെ പാ'ങ്ങളിൽ തെളിച്ചിറക്കി CC. CG. 2. (Tu. vessel) an oil-dish ചക്കരപ്പാടത്തിൽ കൈയിട്ടാൽ നക്കുകയോ ഇല്ലയോ prov.; a measure of 16 or 21 കററി f. i. അരച്ചാൽ പാടം കഷായവും പാ. പാലും കൂട്ടി a. med. 3. So. beating new cloth to make it smooth പാ. ചെയ്യു B. 4. = പാഠം. 5. = പാട്ടം TP.

denV. പാടിച്ച flat.

പാടകം pāḍaγam T. M. S. 1. An ankle-ring, worn by women (പാദകടകം?). തണ്ടയും പാടകവും Palg. foot-ornaments of Iḻawar girls. മണിക്കപാ. a wrist-bracelet. 2. S. (പാട്ട + അകം) part of a village അപ്പാടകത്തങ്ങു മേവുന്ന CC.

പാടനം pāḍanam S. Splitting.

പാടലം pāḍalam S. (പടലം). Pale red, pink colour. പാടലാധരികളാമൊലി Bhr. with fine lips.

പാടലി S. the trumpet-flower, (= പാതിരി).

പാടലിപുത്രം N. pr. Palibothra, the capital of Magadha, Mud.

പാടവം pāḍavam S. (പടു) Cleverness പാ. പാരം വാക്കിനു നിണക്കു Bhr. പാ. ഏറുന്ന ചന്ദ്രഗുപ്തൻ Mud. — eloquence V1.

പാടവശാസ്ത്രം V2. rhetoric.

പാടി pāḍi T. S. 1. A row = പാടകം. 2. in N. pr. of villages as തെക്കമ്പാടി, മേല്പാടി. 3. a tune CC.

പാടീരം pāḍīram S. (പടീരം) Sandal perfume ഭൂഷണവസനങ്ങൾ പാ. ഇവ എല്ലാം അണിഞ്ഞു KR. ചേടിമാർ അരെക്കുന്ന പാടീരമണ്ഡപം KR. പാ. തേച്ചു Bhr.

പാടു pāḍu 5 (VN. of പടുക, പെടുക) 1. Falling, suffering pain or damage പാടുകൾ പെടുന്നതിന്ന് ഒക്കവേ പാപം മൂലം SiPu. ഗ്രഹങ്ങൾക്കു പാ. ഉണ്ടു astr. the planets lose their specific influence by approaching the sun. കുടികൾ പാടാകകൊണ്ടു TR. unable to pay. പാടാമ്പോയി was frustrated. So കഷ്ടപ്പാടു, പിണിപ്പാടു, തത്രപ്പാടു. 2. falling into one's hand or power മീൻപാടില്ല no draught of fishes. പശുവിനെ പാട്ടിൽ നമുക്കു വേണ്ടിക്കേണം PT. സൈന്യത്തെ പാടാക്കി Mud. gained over. പുരം തന്നുടെ പാട്ടിലാമാറാക്കി Bhg. conquered. ഒരു ദേശം എങ്കിലും മമ പാട്ടിൽ ആകേണം Mud. പാട്ടിലുള്ളമാത്യന്മാർ (= സ്വാധീനം). പഞ്ചേന്ദ്രിയങ്ങളെ പാട്ടിലാക്കുക Nal. to subdue. 3. possibility ചെയ്വാൻ പാ. ഇല്ല, അരുത് എന്നു പാടുണ്ടോ prov. can one say No., പാടി പാടില്ലാഞ്ഞിട്ടല്ലേ പറയുന്നു ChVr. excused themselves. 4. place, situation, order (പാട്ടിലാക്ക also = പാടാക്ക 2.) അവരവരുടെ പാട്ടിൽ കിടക്ക = abode. ചത്തോന്റെ വീട്ടിൽ കൊന്നോന്റെ പാ. prov. എപ്പാടെല്ലാം RC. where each? നിന്റെ പാട്ടിനു പോയ്ക്കോ Arb. go about your business. So കുറുപ്പാടു, നമ്പൂതിരിപ്പാടു; ഈരാൾപാടു, മൂന്നാൾപ്പാ., മൂന്നാം പാടായ തമ്പുരാൻ KU. rank of princes in Cal.; നാലു പാടു offices about the king not hereditary, but within his giving മുന്നാഴിപ്പാ. (ബാല്യക്കാർ), അറുനാഴിപ്പാ. (with double

allowance മുതലായവർ), പതിനെട്ടു
പ്പാ. KU. 5. manner of being,
ടി). കണ്ടപ്പാടു in the way seen be
അവണ്ണം ചെല്ലുക V2. to behave
ട്ടേ പൈതങ്ങൾ വെണ്ണ കട്ടു Anj.
by which master? ഒരു പാട്ടി
tolerable order. So വേർപാടു.
measure of space & time കാട്ടി
നാലു പാടും CG. നാല്പാടും ഓടി
ടയിടേ ഇരിപ്പാടും വിഴ RC. ഒ
നിലത്തിനു പാ. ഇല്ല rather smal
വെടിപ്പാ., കണ്ടപ്പാ., ചിറപ്പാ.
call, shot, ricefield. — മാറാക്കാർ
റന്നുവട്ടം Naar. a 2nd time. മു
Naar. po. 7. a scar, mark. പ
be indented ഉണ്ണപ്പാടു, പുണ്ണാ.,
ച്ച പാ. etc. 8. obstruction പ
detain, arrest (= തടുക്ക). പാ.
to set free. പാടും പട്ടിണിയും
to dun. വത്തകന്റെ പാ. മുട്ടാ
duns of the lender trouble me.
ന്നപോലെ prov. (of disagreeable
തരിക എന്നു പാടു കിടന്നു RC. ins
പാക്ക, നടക്ക, നില്ക്ക to detain
Mantr.

Hence: പാടാക്കുക (2) to get under
ക്കി വെക്കാഞ്ഞു Mud. (4) to or

പാടിരിക്ക (8) to dun by fasting
the debtor's door, പച്ചാലയ
in his veranda.

പാടുകൂടുക = പാടിരിക്ക.

പാടുകൂട്ടുക V1. (8) to despatch,

പാടുകേടു (4) disorder V2. (8)
position B.

പാടുത്തരം (1) No. 1. a beam.
So. പാട്ടുത്തരം.

പാടുപെടുക (1) to suffer hard
ടോരോ ജനം എന്തെല്ലാം പറ
ടോടും ഓരോ ഗ്രഹകൾതോറും
from shame. വീരനെ പാ'ട്ടു
ലും KR. by every exertion.
യോളവും നന്നായി പട്ടി

ng with adversity. ഇവ ഒന്നിൽ
VCh. labored not for heaven.
(1) va. പാഴ്രാശി the time after 4
onsidered inauspicious (superst.).
haply. മുയൽക്കൂട്ടത്തെപ്പാ. കൊന്നു
phants) unawares. അഹല്യെക്ക മോ
ാ. കൊടുത്തു AR. വില്ലിനെ പാ. ക
ച്ചു KR. (=വെറുതേ) without any
പാ. ചാടുന്ന ഭടന്മാർ VC. without
ാn.—(5) thus അപ്പാടെ പൈതങ്ങൾ
ഃപാലെ ഞാൻ ഉണ്ടോ കാട്ടു CG.—(6)
wholly പാ. വെന്തെരിഞ്ഞിതു Bhr.
രന്നുള്ള കാഴ്ചപ്പടകളും Mud. പാ. പ
ല മിശി സംഭ്രമിച്ചോടി Bhg.—again
പാ. ചൂരച്ചു (loc.)
uya T. C. Te. M. (പാൺ T.)
ഞെരുക്കിപ്പാ. with a low voice,
ാ. aloud. പാടി ഉണൎത്തുക = പള്ളി
; കണ്ണന്റൊ കീൎത്തിയെ, ലീലയെപ്പാ
. — met. നിങ്ങളും വൃഥാ ചെന്നു പാ'
ങ്ങേണ്ട Nal. need not try to charm
te. 2. to ring, sound.

1. singing പാ'ം ആട്ടവും തുടങ്ങി
hr. 2. a song, poem കൃഷ്ണപ്പാട്ടു etc.;
alayaḷam verses അവനിസുരൻ ഒരു
ശമം ഒക്കയും പാട്ടായി ചമെച്ചതേ
[stress (= നങ്ങ്യാർ).
ൻ a songster, പാട്ടമ്മ Anach. a song-
ം (അരംഗം) a theatre പാ'ത്തു ചെ
j. വാക്യം ഭാഷയായി പാടുവാനായി
ഇണെക്ക് വന്ന ശ്രീരാമദേവൻ BR.
ിക്ക 1. to cause to sing. 2. denV.
) to lay flat, പാടിച്ച flat B.
(T. road) A lump of cowdung B. =

am (S. ഭാടം prh. fr. പാടു 4. 5., Te.
mputation, proportion = പടി). 1. Rent
s, the Janmi's share. പാ. കെട്ടിത്തരി
it TR. പാ'ത്തിന്നു കൊടുക്ക to rent.
ാലാരാമങ്ങളെ പാ'ത്തിന്നു കൊടുത്തി
'doc.) 2. stipulated proportion of
paid in kind with grain, in money with other plantations, equal to the net produce after deduction of the seed sown & an equal quantity as reward for the labour bestowed. Kinds: നിലം ചമയപ്പാട്ടമായി പാട്ടമാങ്ങാൻ (doc.) MR. വെറുമ്പാ. simple rent without advance. തരിശ്ശുപാ. നീക്കി, നടപ്പുപാ. ഇത്ര, മുളക പാ. TR. പാ. നോക്കേണ്ടതിന്നു പാ'ത്തിന്നു നല്ല പരിചയമുള്ള ആളുകളെ കല്പിച്ചു TR. to estimate the produce പാട്ടം കെട്ടുക to fix the rent.

Hence: പാട്ടക്കാണം rent പുലയടിയാന്മാരെ പാ'ത്തിന്നു കൊടുക്ക TR. to hire them out.

പാട്ടക്കാരൻ the tenant, lessee.

പാട്ടക്കടിശ്ശിക B. arrears of rent.

പാട്ടക്കറി a deed of lease പാ. യാൽ നടക്ക MR.

പാട്ടച്ചീട്ടു B., — ശീട്ടു MR. 1. a lease given to the tenant. 2. a written agreement given by the tenant. മറുപാ. counterpart-covenant of lease kept by the proprietor.

പാട്ടനിലം, — കണ്ടം, — പ്പറമ്പു land rented out.

പാട്ടനെല്ലു rent paid in kind, (gen. the 3rd of the crop).

പാട്ടപ്പണം 1. rent paid in money ആണ്ട് ഒന്നിനാൽ ഉറുപ്പികേണ്ടും പാ. ൧൬; വക രണ്ടിൽ തരേണ്ടും പാ. ൧൫ (doc.) TR. 2. a fee due on it.

പാട്ടപ്രവൃത്തി the office of rent-gatherer, victualler in temples.

പാട്ടമാളി (doc. MR.) & പാട്ടാളി. 1. a collector of rents for Rājas (വാണിയം പാട്ടാളി കാൎയ്യക്കാരൻ TP.), temples. 2. (like prec.) a manager of temple-property, generally hereditary (one of the കാരാളർ).

പാട്ടാവകാശം MR. possession by a lease; claim of rent.

പാട്ടോല, (So. പാട്ടയോല) a deed of lease എഴുതിക്കൊടുത്ത പാ.; പാ. കാലം തികഞ്ഞു the lease is expired — ഉഭയപ്പാ. കരണം a lease of ricefields — പാ'ക്കാരൻ MR. a tenant.

പാട്ടൻ **pāṭṭaǹ** No. T. A grandfather with Pulayars = അപ്പാപ്പൻ, അപ്പൂപ്പൻ.

പാട്ടി 1. = പാച്ചി. 2. (f. of പാണൻ) the wife

of a tailor, midwife; N.pr. of women (T. fem. of പാട്ടൻ grandmother). 3. E. a party.

പാട്ടിലാക്ക, see പാടു 2.

പാട്ടു, see പാടുക.

പാഠം pāṭham S. (പഠിക്ക) 1. Reciting, reading; വേദപാ. = വാക്യം a text. 2. a lesson ശുക്രനോടക്ഷവിദ്യകൾ പാ. ചെയ്തു Brhmd. learned with. ദിവ്യാസ്ത്രങ്ങൾ പാ. ചെയ്തു, ശാസ്ത്രാദികൾ പാ. ചെയ്തുറച്ചിതു Bhr. പാ. ചൊല്ക to rehearse, പാ. ചൊല്ലിക്കൊടുക്ക to deliver (= പാ. കേൾപ്പിക്ക), പാ. കേൾക്ക to examine, പാ. കാണാതെ ചൊല്ക to know by heart. 3. acquirement, knowledge പുരാണങ്ങൾ ഭവാനൊക്കവേ പാ'മല്ലോ Bhg. you know them all by heart. കഥ നിനക്കുൾക്കാമ്പിൽ പാ. എങ്കിൽ Bhr. എന്നു മൂഢന്മാൎക്ക് എല്ലാവൎക്കും പാ'മല്ലോ CG. they are ready with their opinion.

പാഠകൻ S. a lecturer, doctor, teacher പാ'ന്മാരുടെ ചാരുവാക്യങ്ങളും Nal.; also പാഠകക്കാരൻ.

പാഠകം S. a lecture; the part in a play. പാഠകക്കൈ attitude in lecturing or acting.

പാഠമാക (= പാ. ചെയ്ക) to learn, acquire a habit.

പാഠവം erudition പാ'മേറെയുള്ളവംശമേശാധിപതി Mud 1. — or പാടവം?

പാഠപ്പുറച്ചൽ No., — ക — So. a discourse delivered by a ṡlaghyār in a temple on any passage from the Shāstras.

പാഠശാല a college, school.

പാണൻ pāṇaǹ T. M. (T. പാൺ = പൺ melody). A caste of musicians, actors & players; in So. T. also tailors B., necromancers D. (= മുന്നൂറ്റൻ, മലയച്ചെക്കൻ, പറയൻ). പാ'ന്റെ നായി പോലേ prov. പാ'നോട് കൂപ്പിക്കും എന്നെ ആചാൎയ്യനോ Bhr. — കീഴ്പാണൻ Vı. a caste of slaves.

പാണത്തി Vı., പാണച്ചി, പാട്ടി fem.

പാണനാർ N.pr. a low-caste sage തിരുവരിയഴകത്തുവാണെഴും പാ.

പാണൽ pāṇal, A med. plant, the leaf used in gout പാ. വേർ (in കാമില) a.

പ്പൂഴം പോലെ പഴങ്ങളു (so beau

നറുമ്പാ. Uvaria malabarica. R

Uvaria Heyneiana or odorata

Cyminosma pedunculata. Rh.

പാണി pāṇi S. (√ പൺ 5. to

hand. പാ. ലാഘവത്തോടും ചാ

Brhmd. dexterously. 2. (B. a m

ment. T. to chant = പാൺ). കൊ

ട്ടുക to strike the tambourine in

of Mārāǹ).

പാണിഗ്രഹം S. 1. seizing a

marriage നിന്നെ പാ. ചെയ്തു

ത്സവം Nal.

പാണിഗ്രഹണം S. id. ആസുര

ങ്ങ പാ. ചെയ്യപ്പെട്ടവൻ VyM

പ്പിച്ചു Brhmd.

പാണിപീഡനം S. id. അംശ

ത്സവം ചെയ്തു CC.; also പ

ചിതകാലം SiPu. (vulgo പാ

പാണിനി S. N.pr. the famous

പാണിനീയസൂത്രം his gramm

പാണിലാഘവം S. dexterity. B

പാണ്റ pāṇu The spatha of a co

(കലയുടെ പുറത്തുള്ള പാള). കല

വേറായി, പാ. പൊട്ടിപ്പിളൎന്നു N

പാൺ pāṇ (T. = പൺ melody)

പാന്തൽ or പാമ്പു in:

പാങ്കുഴി snake-den or bog-hole

കിടക്ക, ആണ്ടു കിടന്നൊരു

എന്നോൎത്ത നേത്രങ്ങൾ നിൎമ്മി

പാണ്ഡം pāṇḍam A piece of c

പച്ചപ്പാ. കൊന്തു കെട്ടിച്ചു (= കേ

രി) see പാന്തം.

പാണ്ഡു pāṇḍu (Tdbh. of പാ

2. White spots on the body, lep

of the skin ഏറ വെളുത്താൽ പാ.

പിത്തപാ. ഇളെക്കും a. med. 3

കതിര MC.

പാണ്ടൻ one with yellowish s

ംരം പാണ്ടൻ നായുടെ പല്ലി

ന്റെപ്പോലെ നന്നല്ലിപ്പോൾ

; marks either on the chest, along
ack, on the head, or round the neck).

pāṇḍi T. M. 1. (see prec.). A cow of
colours. 2. the southern Tamiḻ
പാണ്ടിമണ്ഡലം "Pandionis regio"
capital Madura. 3. a Tamiḻ man (in
& whatever comes from SE. as പാണ്ടി
കട്ടക്കാർ, പാണ്ടിത്തളിക etc. 4. a raft
ളെകൊണ്ടും മരങ്ങളെകൊണ്ടും പാ.
(യമുനയെ) കടക്ക KR. = സംഘാടം.
ig bridge പാ. കെട്ടികടക്ക in Waya-
6. പാണ്ടി കുത്തുക (No. കരുമേതോല
നാക്കണ്ടാക്കി പോളമേൽ കത്തിയാൽ
to make either a round, square,
ar or hexagon frame of plantain-films
lights (കോൽത്തിരി) & placing മലർ,
ഉണക്കലരി on it (for ഉഴിച്ചൽ &
a in witchcraft). 7. the keel of a
ാൽ ഒരു പാണ്ടി (in Kappal-pāṭṭu) —
ണ്ടിക്ക മുഴുവിട്ടു destroyed entirely. (T.
is bamboo, bedstead, cart).

ഴി 1. an ancient sepulchre. 2. the
which receives the mast.

ിത്തനം a privilege of Tāmūri KU.
ാണ്ടിവാദ്യം).

പ്പുരുമാൾ a ruler mentioned among
ings of ancient Kēraḷa (പാണ്ഡ്യക്രപാ
3.) KU.; his residence പാണ്ടിപ്പുറം.

ൻ, (hon. — യാൻ) a South Tamiḻan. —
Tamiḻ sailors. Pay.

ലൻ (fr. foll.) the marabou bird MC.

ാല (see പാണ്ടകം) a warehouse, also
ത്തിപ്പാണ്ടിയാലയിൽ ബോധിപ്പിപ്പാൻ
and കൊപ്പരപ്പാണ്ടികശാല MR.

രം **pāṇḍaram** S. Yellowish white
ള്ള വാജികൾ CG. പാ'ഛത്രം Bhg.

വർ **Pāṇḍavar** S. The 5 sons of
also പാണ്ഡന്മാർ ChVr., Bhr.

ത്യം **pāṇḍityam** S. (പണ്ഡിത) Learn-
ളെ ഘേള്ള നാരദൻ Bhr. ജ്ഞാനത്തി
ലും പാ. ഇല്ല KeiN; പറവാൻ പാ. ഇല്ല
verness.

പാണ്ഡു **pāṇḍu** S. 1. = പാണ്ഡരം, പാണ്ഡുരം, whence പാണ്ടു. 2. N. pr. the brother of Dhritarāshṭra, Bhr. 3. a bilious dropsy or white leprosy.

പാണ്ഡ്യദേശം S. = പാണ്ടി 2.; its king പാണ്ഡ്യൻ; ശൌണ്ഡ്യരാഷ്ട്രത്തിനുള്ള പാണ്ഡ്യമഹീശന്മാർ CG.

പാത **pāδa** Palg. T. = പാഥ A road. പാ. വെട്ടി of railway, also ഇരിമ്പുപാ. പുകവണ്ടിപ്പാ. (തലപ്പാ. main-line) (ഉരുപാത 149).

പാതം **pāδam** S. (പതനം). 1. Falling പാതത്തെ പൂണ്ടൊരു വാജി CG. a fallen horse. ബാണ —, ഖഡ്ഗപാതം the hitting of weapons. 2. Tdbh. = പാദം.

പാതയിത്വാ S. having caused to fall CC.

പാതകം **pāδaγam** S. (prec.). 1. What causes to fall. 2. a crime മഹാപാ.; of old 4: ബ്രഹ്മഹത്യ, സുരാപാനം, സ്വർണ്ണസ്തേയം, ഗുരുസ്ത്രീഗമനം VyM., the 5th cow-killing or associating with മഹാപാതകി. 3. No. Tdbh. of പാദുകം (645) footing (Arch.).

പാതകൻ 1. a destroyer. അവൾക്കു പാ'നായി CG. became her destroyer. 2. M. a criminal. പാ'നായ മാതുലൻ CG. Kamsa.

പാതകി a criminal, മഹാപാ. യായ അജാമിളൻ Bhg.; also fem. മികച്ച പാതകി ക്രൂനി KR. — പാതകിയകങ്ങൾ VilvP. hosts of sinners.

പാതകക്കല്ലു, see പാദുകം.

പാതാരം **pāδāram** (പാത) Pier, jetty, abutment of bridges (Vaḷarpaṭṭu).

പാതാളം **pāδāḷam** S. (പാതം) 1. Hades, the abode of serpents & demons ഓടിപാ. അകം പൂക്കാർ Brhmd. The 7th hell, Bhg 5. പാപി ചെല്ലുന്നേടം പാ. prov. 2. personified, a demon പാതാളമേ എന്നു ചൊന്നൊന്നാർക്കല്ലാവർക്കും തോന്നും, children പാ'മേ എന്നു നിശ്ചയിച്ചു പാഞ്ഞവൻ വായിലേ ചെന്നു പുക്കാർ CG. 3. a mine V2., subterraneous passage. പാ'ങ്ങളൂടെ പോകുമ്പോൾ Bhr. (out of the Lac-house). പർവ്വതം തന്നുടെ പാ'ത്തിൽ പൂകിച്ചാൻ CG. recesses of the mountain.

പാതാളഗ്രഹണം S. an eclipse below the horizon (considered as a 3rd kind with സൂൎയ്യസോമഗ്ര —).

പാതാളജാലം S. the hosts of hell പ്രേതപിശാചക്കൂളിപാ'ങ്ങളും അത്ര കണ്ടാൽ CC. (in Kŗśņa's mouth) = പാതാളവാസികൾ.

പാതാളമൂലി V1. a root.

പാതാളവിദ്യ V2. necromancy, magic.

പാതി pāδi T. M. (= പകുതി). A share, half പൊൻപാ. പകുത്തു തരുവൻ TP.; അതിൽ പാ. പണം TR. half that sum. കൊമ്പത്തിൽ പാ'ചില prov. നാടാലും പാ. കൊട്ടത്തു TP.; ആളിപാതി ഒട്ട No. or പാററ Palg. = the best seedlings are produced from the earliest fruits of the jack-tree, from the fruit of a half grown areca-palm & from that of an old cocoanut-tree or palmyra. — പപ്പാതിയാക to divide in equal halves.

പാതിക W. a portion of landed property (Tdbh. of പാലിക).

പാതിക്കാരൻ who goes halves with another, പാതിക്കൂറുകാരൻ.

പാതിച്ച by halves. പാതിച്ചവണ്ണം അടക്കേണം CG. at least somewhat.

പാതിപ്പാട a half. — എൻസന്താപോല്ലം പാ'പ്പെട്ടു Nal. is half gone.

പാതിപ്പുടവ 1. a woman's cloth in halves. 2. a double cloth.

പാതിയാക to be nearly destroyed, ചങ്ങല പൂണ്ട പാദങ്ങൾ ചെങ്ങി അരഞ്ഞു പാതിയായി CG.

പാതിരാ midnight.

പാതിവാരം B. a tenure by which half the produce is given to the proprietor.

പാതിത്യം pāδityam S. (പതിത) Loss of caste, പാതിത്യദോഷം VyM.

പാതിരി pāδiri 1. T. M. C. (S. പാടലി). The trumpet-flower, Bignonia suaveolens പാ'പ്പൂ GP. One of the പഞ്ചമൂലം is പൂപ്പാ. വേർ GP. One kind is വെൺപാ., വെളുത്ത പാ. Bign. Indica. 2. Port. Padre, a priest, Christian minister (hon. പാതിരിയാർ).

പാതിരിപ്പൂനിറം brown, tawny.

പാതിവ്രത്യം pāδivratyam S.
Faithfulness to the husband, cha

പാതുകം pāδuγam S. Disposed t
vity. (V1. dirt = പാളകം?).

പാത്ത So., P. bāt, Ar. baṭ, A g

പാത്തി pātti T. M. 1. A garden-
തി or പാത്രം). 2. a bathing-tu
trough or basin, tray for gold-w
ആനെക്ക വെള്ളം കൊടുക്കുന്ന
വട്ടിൽ ഇട്ടു TR. — also a small
3. a spout, drain, sluice, tube
made of palmyra). 4. urethra
പാ. യിങ്കൽ വളഞ്ഞു മൂത്രനിലാ
റിഞ്ഞാൽ എല്ലാമെപ്പോഴും ചെറുന്
(see പാത്തുക 2.). 5. the stock
തോക്കിന്റെ പാ. V2.; മുറിപ്പാ.
short stock. 6. കാളപ്പാ. a h
the waves.

പാത്തിക്കോരിക a wooden ladl

പാത്തിമരവി a long trough.

പാത്തിയോട a hollow tile. Pal

പാത്തുക 1. to straddle, be ast
ത്തിപ്പോയി. 2. (Mpl.) to p
ഗുരുക്കൾ നിന്നിട്ടു മൂത്രം പാ

പാത്തുമ്മ Ar. faṭima, N. pr. of

പാത്രം pātram S. (പാ to drink
cup, vase. പാത്രശുദ്ധി cleann
ഏഴുതപാത്രം No. loc. 7 vesse
newly married woman 1 കി
1 കോളാമ്പി, 3 തളിക, 1 അമ്മ
രണ്ടുമൂന്നു ഉരുവും പാത്രവും ഉ
vessels. 2. met. recipient പ്ര
മായവൻ SiPu. I acquired his fa
ന്നൊരു പാ'മാകിനാൽ എന്നെ
നു പാ'മല്ലൊരിക്കലും SiPu. to
nation for. വിശ്വസിപ്പാനുള്ള
Nal. a person to be trusted.
ലനം അശേഷദുഃഖിതനാം പാ
leads necessarily to all kinds
fit, worthy ഒന്നിന്നും . . . . പാ
Mud. ചൊല്ലുവാൻ ഞാൻ പാ'

ır. പാത്രമാം അങ്ങളെ രക്ഷിക്ക KR. or
രിഹാസപാത്രങ്ങളല്ലിവർ SiPu. de-
o derision. In Cpds. പ്രീതിപാത്രൻ Nal.

worthiness, capability.

ാൻ M. worthy, deserving.

ാത്രത്വം worthiness & unworthiness.

രിക്ക to render worthy.

tha (fr. പഥ S., in C. pādi). Way പാ
VCh.

S. a place; water പാഥോജലോചനേ
lotus-eyed, പാഥോനിധി ഇളകി മറി
AR. the sea.

ം S. (പഥ) provender പാ. കിട്ടാഞ്ഞി
ാരമായി വിശക്ക VCh. (= വഴിക്കരി).

dam S. (പദ്). 1. The foot, used in
g ഇന്ദുകലാധരപാദത്താണ, ഗുരുപാദാം
ത്താണ CrArj.; പാ'ത്തെ പിടിക്ക to
, throw oneself on one's mercy; so പാ
ൽ വീഴുക = കാൽ, അടി. 2. the base of
llar. 3. a quarter പാദാംശം, hence sec-
work, as in Nal., Vētāḷa Charitam etc.

ട്ട So. wood-sandals.

ം S. (2) the foot of a pillar.

ണം S. = കാൽപിടിക്ക.

രം S. going on foot പാ'രേണ വന്നു
ൽനടയാൽ AR.

തനം S. adoring a person KM.

S. a Sūdra. Sah.

ഥം S. കാൽ കഴുകിയ വെള്ളം Bhg.

പീഡനം S. = പാദഗ്രഹണം V1.

ന്യാസം, — വിന്യാസം S. a footstep VetC.

S. drinking thro' the foot; a tree, Bhg.

തം S. a step നിൻ പാ'താൽ KR. —
ണം ചെയ്തു Sk. to step.

ം S. the root of the foot (heel?) ഭവൽ
ല വസിച്ചു SiPu. to sit at thy feet.

ു S. a sandal, shoe പാദത്രാണം.

ശ്രൂഷ S. personal service നിന്തിരുപാ.
ചെയ്തു Nal. AR.

ം, (T. — ച —) a tinkling foot-orna-
worn by Paṭṭar-girls.

പാദസരി S. a foot-sore കാലിന്റെ അടികളെ പാ. എന്ന ദീനശാന്തിക്കു med.

പാദസേവ S. = പാദശുശ്രൂഷ.

പാദസേവകൻ AR. personally devoted.

പാദാതൻ = പദാതി a foot-soldier.

പാദാദികേശം S. from foot to head, കേശാദി പാദവും പാ'വും SiPu.

പാദാനുചരൻ S. a follower തൻ പാ'നായ്ക്കു വിക്ക AR. [തിര).

പാദികം S. (3) amounting to one-fourth (പാ

പാദുകം (in S. rather — ക) a shoe, chiefly a wooden one പാ. ചേന്ന ശിരസ്സിങ്കലാമരു പാങ്ങു കരേറുന്ന കാലം ഇപ്പോൾ CG. = മെതിയടി AR.

പാദുകക്കല്ലു the visible part of the foundation of a house (also ചെരിപ്പുകല്ലു), projection പാദുകക്കൊട്ടിൽ പടിഞ്ഞാറപ്പുര TR. — Tdbh. പാതകം 643.

പാദോദകം S. foot-water (= പാദതീർത്ഥം); any dwelling place of Pushpakas KN.

പാദ്യം S. water to wash the feet, as of guests. Bhg.

പാന pāna T. M. (Tdbh. of പാനം). 1. A water-pot; a distill. 2. fig. a poem (ജ്ഞാനപ്പാന), പാ. ചൊല്ലുവാൻ GnP. (ഇണെക്ക 467.). പാ. പിടിക്ക to perform a play in honour of Bhagavati; to counteract certain charms by burying them.

പാനക്കാരൻ B. a poet, dancer, distiller.

പാനക്കൊമ്പു a balance pole.

പാനപ്പുറ etc. as used by actors.

പാനം pānam S. (പാ.) 1. Drinking. പാ. ചെയ്തു to drink. പാനനിമഗ്നർകൊണ്ടു വീണാറങ്ങെന്നു KR.; also met. അധരപാനം ചെയ്തു Bhr. kissed. സുന്ദരരൂപം കണ്ണുകൊണ്ടു പാ. Bhg. 2. a beverage.

പാനകം S. a cooling drink, lemonade.

പാനപാത്രം S. a cup ഖഡ്ഗവും പാ'വും ശിരഃ കപാലവും ഖേടവും DM. (in Durga's hand).

പാനമത്തൻ S. intoxicated, so:

പാനശീലൻ, പാനസക്തൻ = കുടിയൻ.

പാനീയം S. water പാ. മാത്രം ഉപജീവിക്കും Sk,

ആ വാൎത്തകൾ പാ'യരേഖയായി പോയിതോ CG.

പാനീയശാല Rh. = തണ്ണീർപന്തൽ.

പാനി pāni = പാന 1. A waterpot; (Palg. തോണ്ടിപ്പാനി); esp. കപ്പാനി (Palg. മുട്ടിപ്പാനി) the pot in which palmwine (കൾ) is gathered, പാ. വടിച്ചകള്ള. 2. palmyra-wine prepared with chunam. B.

പാനിക്കൊട്ട (1) No. a cover of cocoanut-leaves placed over toddy-pots on palm-trees (to keep off crows).

പാനൂസ്സ് P. Ar. fānūs (G. Pharos) A lantern.

പാന്തം pāndam (Tdbh. of പാങ്ക്തം linear, regular). Fibres of a cocoanut-branch ഓലയുടെ ഞാറു, also പാന്തോൽ, പച്ചപ്പാന്തം (മട്ടലിന്റെ മേൽ പെട്ടിരിക്കുന്ന തോൽ); also loc. പാഞ്ഞം.

പാന്തൽ pāndal So. (T. പാന്തുക to creep, sneak, hide). A miry place. പാ'ച്ചേറു a bog B.

പാന്ഥൻ pānthaǹ S. (പന്ഥാ). A traveler പാ'ന്മാർ ആരെയും കാണ്കിൽ CG.

പാപം pābam S. (orig. adj.: bad, G. kakos). 1. Evil ദശരഥൻ മഹാപാ. നിനച്ചിരിക്കുന്ന നേരം KR. brooding over his misery. പാ. വാ ശുഭം വാ Bhg. 2. sin, esp. of a former birth, as causing all mischief. ഏറ്റം പുളെച്ചുള്ള പാ'ങ്ങൾ തോറ്റോടിനാർ CG. (personified). കഷ്ടപാപങ്ങളിൽ പെട്ടു പോം SiPu. മഹാപാ. അറുക്കുന്ന പോറ്റി Anj.; so പാ. അകറ്റുക, തീൎക്ക, ഒഴിക്ക, പോക്കുക etc.; പാപം വണങ്ങുമവർ പാ. കളെഞ്ഞു പരമാനന്ദമൂൎത്തി നമഃ RC. 3. a poor fellow. ഈ പാപത്തിന്നോ to this innocent sufferer. പാ'മായുള്ളൊരു പാഴ്വനം CG. the poor forest, threatened by fire. 4. interj. അയ്യോ പാ. alas! what a pity! ഹാ ഹേയം അഹോ പാ. Bhr. (= കഷ്ടം). കാരണം കൂടാതെ പാ'മേ ഖണ്ഡിച്ചു VetC. without provocation.

പാപൻ S. a bad man, rogue ബുദ്ധിഭ്രമം വരുത്തുന്നോരു പാ. Nal. പാ'നായുള്ളൊരു കംസൻ CG. — fem. പാപ KR. തരുണിമണേ ഖേദിക്ക വേണ്ട പാപേ Bal. R. poor woman!

പാപകൎമ്മാവു, പാപകൃൽ S. a sinner (പാപകൎമ്മ V1. a thorough rogue, കൃത്തു).

പാപകൎമ്മങ്ങൾ ചെയ്യാതിരിക്ക

പാപഗ്രഹം S. an unfavorable p
Saturn, Rāhu, Kētu).

പാപഘ്നം S. what kills sin സു
പാപക്ഷയകരം Brhmd.

പാപചേതനൻ, — മാനസൻ M

പാപനാശം, പാപനിവൃത്തി S. re
so പാപപരിഹാരം, പാപശാ
ചനം.

പാപപ്പെട്ട poor പാ. കാട്ടുജാതി

പാപശേഷം S. poverty, sickness=

പാപഹരം S. sin-destroying ശോ

പാപാത്മാവു S. a sinner, rogue.

പാപി S. 1. a poor man എന്ന
പാപിയള്ളോം SG. who is
2. a sinner. — Superl. of പാ
ഷ്ഠൻ Bhg. the worst; a gre
Compr. f. പാപീയസി Brhmd

denV. പാപിക്ക (rare) to sin. പ
പാരിച്ചാൽ?) ക്ഷമിപ്പു ധീ
രാ KR.

പാപ്പാ 1. Lat. papa, The Pope. Na
of (പ്രഭ) N. pr. of woman, see fo

പാപ്പാൻ pāppāǹ 1. T. M. (T.
pārva; Te. pāṟuḍu) A Brahma
2. = പാവാൻ an elephant-keepe
ന്മാർ MR.

പാപ്പർ N. pr. of men, as Kaṇiśa

പാപ്പാത്തി V1. Palg. 1. f. of പാ
a butterfly.

പാപ്പാസ് P. pāpōsh, A Mussul
കൊമ്പൻ ചെരിപ്പു f. i. അവനെ
ടിച്ചു TR. — also പാപ്പാച്ചി T. V1.,

പാപ്പിനി pāppini (പാപ്പാൻ) A
Brahmans, who purify Nāyars
women sing at Nāyar marriag
Taḷiparambu).

പാപ്പുക്കോയിൽ N. pr. = പഗ്ഗ

പാപ്മാവു pāpmāvu S. (പാപ)

പാമം pāmam S. Itch. (Te. pā
rub).

S. 1. scabby, vile പാമരപ്രപഞ്ചം
2. see പായ്മരം.
imbụ T. M. (C. Tu. pāvu, Te. pāmu
& പാന്തൾ, Te. pāku, to creep, പാ
nake, pl. also രണ്ടു പാമ്പുങ്ങൾ TP.
ാ പാൽ വിഷം prov. പാമ്പോടു ചേ
ാൽ പോലെ CG. being left with a
dow of existence. പാമ്പണിഞ്ഞീടും
li Pu. Siva.
ത്തലപ്പാ. Amphisbœna, മലമ്പാ. or
ാ. Boa of 2 classes (തെങ്ങൻ പാ. &
പാ.), കരുടിപ്പാ. 269, ചുരുട്ടപ്പാ. 374,
=രക്തമണ്ഡലി, കട(ൽ)പ്പാ. a sea-ser-
പ്പ പാ. (either പടമുള്ള ന. with double
ഓറപ്പടവൻ), പച്ചപ്പാ. (2 kinds പ
93 dangerous & പച്ചോല — larger),
ാവള്ളിക്കെട്ടൻ Palg. = വളയപ്പൻ etc.
ാമ്പൻ intestinal worm പാ'ന്റെ ഉ
ാൽ ഛൎദ്ദി med. എന്നാൽ പാ. അട
ed. [ral).
ന്തിരപ്പു No. helminthiasis (in gene-
B. a certain fish.
ക്ക to charm snakes, cause them to
• [snake-fane.
ാട്ടിമല Palg. So. of Kōṭṭāyi, a famous
ാമ്പാട്ടം occupation of കുറവൻ KN.
ാട്ടി B. a juggler. [ത്താൻ.
കാവു a grove of serpents, see നാഗ
രൽ So. the middle-finger.
രി, പാമ്പൂരി 1. steps or ledges inside
l. 2. the projecting lower part of a
3. Palg. a low mud-border round
se. 4. B. the gun-wall of a boat.
a ceremony ശാപം ശമിപ്പാൻ PR.
) B. 1. A security. 2. a keeper of a
house.
āyal So. & പായിൽ, പായി (T.
. പാചു green; rather C. Te. pāču,
spread [old: prāñču] hence C. pāču,
Te. pāñči). Green stuff on stagnant
ck-weed (ചണ്ടി), green mouldiness
— Kinds: ഉൾപ്പായി on tanks, Pontederia vaginalis, (ഉപ്പുശിക്കാവു near Tell.) എണ്ണപ്പാ. Rh. Rotala verticillaris, കല്പായിൽ Lichen rotund. an alga, കടപ്പാ. Pistia stratiotes, കാറപ്പാ. (= അങ്ങില്ലാപ്പൊള്ള), മുള്ളൻ പാ. Pinguicola or Urticularia; വഴുക്കപ്പാ. Vallisneria spiralis.

പായസം pāyasam S. (പയസ്സ്). 1. Rice boiled in milk = പാൽച്ചോറു, ഹേമപാത്രസ്ഥമായ പായസം AR.; a meal in a temple പാൽപാ. ചരക്കിൽ വെച്ചു vu. പായസച്ചോറിന്നിരിക്ക TP. 2. a vow ആഴിച്ചുന്ന പായസം പതിനാറു കഴിപ്പൻ SG. (gen. പന്നപ്പായസം).

പായ് pāy & പാ T. M. Tu. (& Tu. പജെ, C. Tu. hāsige, fr. prec. related with പാ, പാവു). 1. A mat വിശപ്പിന്നു കറി വേണ്ടാ ഉറക്കത്തിന്നു പാ. വേണ്ടാ prov. പായും പലകയും തന്നു treated as her husband. പായും പേയും പറക V2. to scold. — Kinds: കൈതോലപ്പായി, തെങ്ങോല — MR., മുങ്ങോല —, ഓട —, മുള —; പുല്പായി a straw-mat; പെരുമ്പായോളം (or അച്ചിപ്പായി) വൈദ്യന്മാരും കട്ടില്പായോളം (or കട്ടില്പായി) ലോകരും Cann. prov. — [The Palghaut mats made of (ചേങ്ങോൽ 388) grass & called വീരവാളി —, പട്ടു — or മന്ത്രിപ്പായി are of a great variety; their chief names are: കറുപ്പു —, ചുവപ്പു —, മഞ്ഞ —, കെട്ടിമുക്കിയ വെള്ള —, 5 പൂ കെട്ടിയ വെള്ള —, അച്ചം —, ഇരട്ടഅച്ചടി —, അഷ്ടകോണ —, ആണിപ്പൂ —, കൊറണ —, കരിങ്കൊറണ —, കൊറണപ്പല്ലാങ്കുഴി —, ചതുരംഗ —, ചമുക്കാള —, മൂന്നു ചായത്തിൽ ചക്കിന്മുകം —, ജഗതാട —, ജഗമോഹിനി —, തെച്ചിപ്പൂ —, പകിട —, പരവധാനി —, പല്ലാങ്കുഴി —, മകരപ്പൂ —, 4 ചായത്തിൽ മകട —, മട്ടള —, 4 പൂ കെട്ടിയ മട്ടള —, വലയം —, വീരവാളി —, 4 ചായത്തിൽ വീരവാളി —, സൂൎയ്യകാന്തി —; കട്ടിൽ —, മേശ — etc.]. 2. a sail താഴ്ത്തുക, പിടിക്ക V1. to strike sail. പായ് കൊളുത്തി, വിരിച്ചപ്പാ വലിച്ചോട്ടുക Pay. to set sail. 3. a sheet of paper ചേരാത്ത പായ് കടലാസ്സു വേണ്ടിവരും.

പായ്മരം, പാമരം (2) a mast. പാ. നാട്ടി VCh. fixed the mast.

പായാരം No. vu., see under വായ്.

പായിക്ക 1. see പായ്ക്ക. 2. (പാവു3, 658) ആനയെ തച്ചു പാ. CG. to teach an elephant his lessons. പാവുകൾ ഏകി നിന്നാനയെ പായിച്ചാൻ CG. [assist.

പായിദ് Ar. **fāyida,** Ready money, ability to

പായു **pāyu** S. Anus. (പായ് = L. cacaro).

പായുക **pāyuγa** T. M. C. 1. To run against, as bulls, കണ്ണുകൾ ആ മേനിയിൽ പാഞ്ഞു CG. (= ചാട്ടുക). 2. to leap, rush out അവിടം മുറിഞ്ഞാൽ ചോര പാഞ്ഞു മരിക്കും a. med.; to flee വാതിലടെച്ചു പായാൻ നോക്കുന്നു, പേടിച്ചു പാഞ്ഞുപോയി TR. പാഞ്ഞുട്ടു TP. fled. പായാതെ നില്പനിൽ Bhr.; പാഞ്ഞിതു ഭൂമിയിൽ Bhr. jumped.

VN. പാച്ചൽ, (T. പാച്ചൽ) 1. running കാലെരിപ്പാ., കുതിരപ്പാ. prov. കാഴ്ചയുമായിട്ടു പാ. തുടങ്ങിനാർ CG. ran after the show. 2. a leap, as of a tiger, assault. 3. flight ഭയമോടു പാ. തുടങ്ങി Bhr., ആ പാ'ലാലേ പാഞ്ഞുട്ടുന്നു TP., പാച്ചിൽ പിടിച്ചു Mud.

പാച്ചുക see above.

v. a. പായ്ക്കുക to cause to run, drive off ദേവകളെ ആട്ടിപ്പാച്ചു Bhg. ക്രുദ്ധയായ് മഹിച്ചു പായിച്ചിതു ഭൂതജാതവും CC. കഞ്ഞികുട്ടിയെ ആട്ടിപ്പാച്ചു, കോഴിയെ, പാമ്പിനെ പായിക്ക TR.

പാര **pāra** T. M. (C. hāre, Tu. pārangi) 1. An iron crow, lever, bar, used esp. for digging, f.i. by thieves breaking through a wall (Mpl. കശിനക്കോൽ). വലിയവന്റെ പൊൻ എടുപ്പാൻ എളിയവന്റെ പാ. വേണം, ഇരിമ്പുപാ. വിഴുങ്ങി ചുക്കുവെള്ളം കുടിച്ചു ദഹനം വരുത്താമോ prov. — Kinds: കടപ്പാര 190, കട്ടുപ്പാ. ചക്ക പാ. തേങ്ങാപ്പാ. (an instrument, also of areca wood, used to skin cocoanuts പാ. നാട്ടുക). 2. a fish, കണ്ണായമ്പാ. Scomber scul. 3. അടിച്ചിപ്പാ., അരുപാ. cotton of cocoanut-leaves.

I. **പാരം** **pāram** √(പർ) Yonder end, shore, aim (മറുകര).

denV. പാരിക്ക 1. to attain the end. 2. v. a. to train up B.

CV. പാരിപ്പിക്ക to perform completely അധ്വരം പാരിപ്പിച്ചാൻ KR.

II. **പാരം,** Tdbh. of ഭാരം 1. Weig
mounds, ൧൦ പാ. ഉമക്ക തൂക്കി T
heavily, much പാ. ഉടച്ചിച്ചു etc.;
Nid. loud coughing.

ഉപാസിപ്പിക്കേണം Bhg. pla
denV. പ്രസാദിക്ക 1. to be p
calm, propitious അവനെ
പ്രസാദിച്ചു Bhr.; പുത്ര:
Bhg.; അടിയനോടു പ്ര.,
ടേണം KR.; അവൾ ശുശ്രൂ
അധികം പ്ര'ച്ചു KR.; പ്ര
to give as present (a sup
നന്നായി പ്ര'ച്ചു വരം ന
to please ഞാനുള്ള ജനങ്ങ
പ്ര'കം Nasr. po.
Imp. പ്രസീദമേ AR. be gr
CV. പ്രസാദിപ്പിക്ക 1. to p
ബൃഹസ്പതിയെ പ്ര'പ്പാൻ
പ്ര'ച്ചീടേണം ഇവനെന്നെ
ciliate, propitiate വാക്കു
യച്ചു TR.

പ്രസാരണി S. (creeper) GP 64.
ഇടിച്ചു പിഴിഞ്ഞു നീർ a.
foetida.
denV. പ്രസാരിക്ക v. a. to sp
പ്ര'ച്ചു Nal.

പ്രസിദ്ധം S. (p. pass. of സിധ്
brated. ലോകപ്ര'മായുള്ള
സിദ്ധാക്കൾ Bhg 4. men of
virtue.—പ്ര'മാക്ക, പ്ര'പ്പെടു
claim, divulge, also പ്രസിദ്ധ
പ്രസിദ്ധി S. notoriety, fame

ത പ്ര., ധന്യപ്ര. പ്രവൃത്തിക്ക സാമ്യം Nal. — പ്ര. പത്രം proclamation. — പ്രസിദ്ധിമാൻ Nal. universally known.

സീദ, see പ്രസാദിക്ക. — പ്രസൂതി = പ്രസവം.

സൃതി S. the palm of the hand hollowed.

സ്തരം S. 1. a grass-couch. 2. (L. petra) a stone.

സ്താവം S. (സ്തു) introducing a subject; mentioning; suggestion. കണ്ണുകൊണ്ടു പ്ര. a hint. ഈ കഥാപ്ര. അല്ലിന്നു കേൾക്കേണ്ടതു Nal. (corrupted into പ്രസ്ഥാപം).

denV. പ്രസ്താവിക്ക S. 1. to cause to mention or praise. 2. to mention, vu. പ്രസ്ഥാപിക്ക q. v. അവസ്ഥ ഒന്നും പ്രസ്താവിക്കാതെ MR.

സ്ഥം S. 1. a plateau, table-land. 2. a measure പ്രസ്ഥമാത്രം പോൽ മൂത്രം VC. = ഇടങ്ങാഴി.

സ്ഥാനം S. departure, march പ്രസ്ഥാനവാദ്യം മുഴക്കിക്ക Nal. അടിയങ്ങളെ പ്ര'ത്തിന്ന് അന്തരം വരുത്തി KU. prevented our ourney. മഹാപ്ര. ആശ്രിച്ചു Bhr.

സ്ഥാപം S. better പ്രസ്താവം publicity, പ[illegible]ത്ത് ഒക്കയും പ്ര. ആകും vu. will become he talk of all.

പ്രസ്ഥാപനം S. sending off.

enV. പ്രസ്ഥാപിക്ക 1. to despatch. 2. (corruption of പ്രസ്താവിക്ക seemingly derived from സ്ഥാപിക്ക 2. q. v.). എന്നു പ്ര'ക്കേണ്ടതാണ MR. ought to declare. വസ്തുവകകളെ കുറിച്ചുണ്ടാക്കിയ പ്രസ്ഥാപത്തിൽ (representation) ഇത് ആരും പ്ര'ക്കാതെ മൂടിവെച്ചു; അക്രമം ചെയ്യുതായി പ്രസ്ഥാപം ഉണ്ടായി കാണുന്നു MR. mention.

സ്ഫുരമാണം S. throbbing പ്ര'മായോർ ഓഷ്ഠസമ്പുടത്തോടും Bhr.

സ്ഫുലിംഗം S. a spark. പ്ര'ങ്ങളോടും കൂടി നോക്കി Bhr. with scintillating looks.

സ്രവണം S. flowing out, stream ശൈലപ്ര'ങ്ങൾ Bhr. പ്ര'ണാചലം AR. N. pr. a mountain in Sugrīva's kingdom.

സ്രാവം urine. Tantr.

പ്രഹരം S. 1. striking അവനെ പ്ര. ഇവ കൂട്ടിനാർ Mud. feigned to strike. പ്രഹരഭയം Mud. fearing blows. 2. a watch of three hours = യാമം.

പ്രഹരണം, പ്രഹരിക്ക to strike, VCh. മുള കത്തു പ്രഹരിക്കുന്നത് കൊള്ളേണ്ടിയും വരും jud. പ്ര'ം കിട്ടുക.

പ്രഹാരം S. a blow, stroke, kick. മുഷ്ടി പ്രഹാരേണ പതിച്ചു AR. — പ്രഹാരഭാവം menacing.

പ്രഹാസം S. loud laughter.

denV. പ്രഹസിക്ക Vi.

പ്രഹിതം S. (part. pass. of ഹി) sent off.

പ്രഹ്ലാദം S. joy.

പ്രഹ്ലാദൻ Bhg 7. Hiraṇyaγaśibu's pious son. part. pass. പ്രഹ്ലന്നൻ glad.

പ്രഹ്വം S. (ഹ്വർ) stooping, bent upon പ്രഹ്വനായി ചെന്നു തൊഴുതു KR.

പ്രളയം S. (ലീ). 1. dissolution, of 4 kinds (നിത്യം daily, as death, നൈമിത്തികം at the end of a Kalpam, പ്രാകൃതം annihilation of matter, ആത്യന്തികം Bhg. = മോക്ഷം). 2. destruction of the world ജഗദുത്ഭവസ്ഥിതിപ്രളയകൎത്താവായ ഭഗവാൻ AR. Viṣṇu. പ്രളയാഗ്നി എന്നു നണ്ണി KR. ബ്രഹ്മൻെറ രാവായതു പ്ര. അന്ന് ഇരുട്ടും വെള്ളവുമേ ഉള്ളു CS.; അളവില്ലാത്ത വെള്ളം എന്നി ലോകം എങ്ങും പ്രളയകാലത്തിങ്കൽ ഇല്ല Bhr. deluge, so വമ്പ്രളയവാരിധി RS. പ്രളയാംബുനാദം കണക്കേ KumK.; പ്രളയാന്തത്തോളം പറഞ്ഞാലും കഥെക്കവസാനമില്ല SiPu.; fig. രാജ്യം ഒക്ക പാച്ചലും ഓട്ടലും മഹാപ്ര'വുമായി Ti. after the taking of Srīrangapatṇam. 3. a very high number ആയിരം തോയകരപ്ര'ങ്ങൾ AR.

പ്രളാപം S. see പ്രലാപം.

പ്രാകാരം S. rampart, wall പ്രാ. മുറിച്ചിട്ടു or കളഞ്ഞിട്ടു Brhmd. in a siege. (Scr. also the court of the tabernacle).

പ്രാകുക prāγuγa & പിരാ — (Port. praga). To curse വക്രന്മാരിലും പ്രാകുന്നവർ Bhg 8. — പ്രാകി or പ്രാവി past.

VN. പ്രാക്കൽ imprecations as of a beggar, old man (much dreaded). ആയിരം പ്രാ. ആയുസ്സിന്നു കേടു prov. എണ്ണു മന്ത്രിച്ച പ്രാ. അടങ്ങി. — also പ്രാക്ക a curse.

പ്രാകൃതം **prāγγδam** S. (പ്രകൃതി). 1. Natural പ്രാകൃതചപലനായ വാനരൻ KR. fickle by nature; common പ്രാകൃതബുദ്ധികൾ KR. common mortals. പ്രാ'ന്മാർ Bhr. who are without തപജ്ഞാനം etc.; പ്രാശ്നികന്മാരായ ഞങ്ങൾ പ്രാ'ന്മാരായി ചമഞ്ഞു CG.; പ്രാ. പോലെ നടിച്ച ശരീരവും Nal. boorish. 2. low, vulgar പ്രാ'ൻ കാണുമ്പോൾ പ്രാഭൃതം വേണം എന്നങ്ങു ന്യായം CG.; പ്രാകൃതനാരിമാർ KR. 3. colloquial dialect പ്രാകൃതശ്ലോകങ്ങൾ ഉണ്ടാക്കി Nal. Prākrit.

പ്രാക് S. (prāñch) 1. in front. 2. former. 3. eastern. — പ്രാക്തനം S. old. — പ്രാക്പടിഞ്ഞാറു BhD. — പ്രാഗ്ഗുപ്തവാക്യജന്യമാനന്ദം ജ്ഞാനാനന്ദം KeiN. — Prāgjyōtišam. N. pr. a town. Bhg 10.

പ്രാശസ്ത്യം S. see പ്രശസ്തത.

പ്രാചീനം S. (പ്രാക്) 1. former. 2. eastern ബന്ധുരന്മാരായ പ്രാ'ന്മാർ KR. Prasii.

പ്രാജാപത്യം S. coming from Prajāpati; a sacrifice, marriage, penance for the sake of obtaining children, Bhr. പ്രാ'ാഖ്യയാം ഇഷ്ടി.

പ്രാജ്ഞ S.=പ്രജ്ഞ consciousness, as പ്രാണനും പ്രാ. യും വിട്ടുപോകാതേ KR.— പ്രാജ്ഞനായുള്ള രാജാവു രാജാവെല്ലോ Mud. അതിപ്രാജ്ഞൻ SiPu. intelligent.

പ്രാജ്യം S. ample, much പ്രാ'മാം യശസ്സു Nal. പ്രാജ്യകീൎത്തിയാം നൃപൻ Mud.

പ്രാഞ്ചുക **prāñjuγa** B. To creep, tottle, പ്രാഞ്ചിനടക്ക (Te. prāṅku to creep?).

പ്രാഞ്ജലി S. (അഞ്ജലി). Putting the hands to the forehead പ്രാ. കളായി നിന്നാർ KR.

പ്രാഡ്വിവാകൻ S. (പ്രാഛ questioning). A judge പ്രാ'കസ്ഥാനം VyM.

പ്രാണൻ **prāṇaǹ** S. (പ്ര, അൻ). 1. Breath; also the other vital airs പ്രാണങ്ങൾ (5). 2. life പ്രാണനോടേ നിന്നു കഴികയില്ല TR.;

പ്രാണനോടേ തന്നേ മൂടിക്കളഞ്ഞു
alive. പ്രാ'നെ വിടുക TR. അവ
ച്ചു VetC. died, ആ ഹേതുവായ്
യ്ക്കിടക്കുന്നു KR. life is forfeited.
എടുക്ക TR. to execute. അവരെ
പ്പിക്കേണം എങ്കിൽ save alive. പ്ര
commit suicide. എന്റെ പ്രാ'നെ
യും vu.

പ്രാണം id. പ്രാണജ്ഞാനം till
പ്രാണങ്ങൾ 1. life, the totality
ഒന്നും എൻ പ്രാ'ളെ ത്യജിച്ചിട്ടു
ട്ടവൻ AR. 2. as dear as life
മാകുന്ന കന്യക SiPu.; പ്രാ'
ന്തൻ CG.; പ്രാ'മാകും പച്ചു

പ്രാണഗണം S. = പ്രാണങ്ങൾ C
പ്രാണച്ഛേദം, — നാശം S. loss
പ്രാണത്യാഗം S. giving up on
ചെയ്യും KU. (see പ്രാണങ്ങ
പ്രാണദാതാ S. granting life. Vet
AR. my saviour.
പ്രാണധാരണം S. preservation
പ്രാണനാഡി B. membr. virile.
പ്രാണനാഥൻ, — നായകൻ Nal.
പ്രാണപണയം jeopardy. പ്രാ'
life & death struggle.
പ്രാണപ്രയാണം S. death പ്രാ
പ്രാണപ്രിയ f. dear as life, the
പ്രാണബന്ധു the dearest friend
പ്രാണഭയം 1. fear of death പ്ര
ണം ചെയ്തു കൊടുത്തു TR.
life (f. i. the ക്രൂരഫലം of ചി
is പ്രാ. to those born in Mitl
പ്രാണവല്ലഭൻ PT. = പ്രാണനാ
പ്രാണവേദന agony എളിക്ക പ്ര
പ്രാണസങ്കടം extreme jeopardy
ഉണ്ടാം Anach. ഉണികൾക്ക
കേട്ടാൽ പ്രാ. ChVr. agony.
പ്രാണസഞ്ചാരം extreme pain.
പ്രാണസംശയം S. danger of lif
Bhg. പ്രാ. വന്നു ഭവിക്കുന്നു
പ്രാണസമ KR. = പ്രാണപ്രിയ
പ്രാണസ്ഥലം a dangerous spot (

ം intimate friendship ഞാനും പ
മ്മിൽ പ്രാ'മായ്യമഞ്ഞു PT.; പ്രാ'
ന മിത്രം Mud.
destruction of life അവരെ പ്രാ.
R.
ൻ lifeless ബാലൻ പ്രാ'നായി പി

ന്യ MM. a famous preparation.
. death.
ികം ദണ്ഡം ഭുജിക്ക AR. capital
ment.
S. restraining the breath — പ്രാ'
ള്ളു VCh. three kinds of യോഗം;
ൻ Bhg.
ണം S. death വിപ്രന്ന പ്രാ. അടു
അവരെ പ്രാ. വരുത്തി SiPu.
living being. 2. M. an insect,

ിംസ killing anything that has
forbidden KR. പ്രാ'ഹിംസയും
ാ Nal.; പ്രാ'ഹിംസ (എന്നിക്ക) പ്രാ
ടം ChVr.
r S. (പ്ര, Ge. früh). Early പ്രാ.
ചയ്യു VetC. — പ്രാതഃകാലം S.
'വന്ദനം Bhg. — Tdbh. പ്രാതൽ
ന്നിനി പ്രാതല്ക്കു വില്ലിന്റെ ഞാ
r. പ്രാ. ഉണ്ക, അടക്കുക, കഴിക്ക;
ണം കഴിഞ്ഞു (S. പ്രാതൎഭോജനം).
ൃ S. = പ്രതിലോമം f. i. In a match
ാ'മല്ലയോ; പ്രാ'ത്തിന്ന് ഏറ പാ
.
lus (പ്ര). Forth, coming to light
വിലപാദിതങ്ങൾ പ്രാദുർഭാവം ഉണ്ടാ
നായിപ്രാ'ഭവിച്ചു VilvP. appeared.
്യം S. superiority, prevalence =

ge, end ഹിമവൽ പ്രാ. പൂക്ക KR.
ം S. (ആപ്). Attaining അവളെ
ത്ത പ്രാ. ചെയ്യിപ്പിപ്പാൻ SiPu.
aven.
leading to മുഖ്യജനങ്ങൾക്ക സ
ാ'കം ദണ്ഡം AR.

പ്രാപിക്ക 1. to reach താപസന്മാരെ പ്രാ'ച്ചു Nal.; പട്ടണം പ്രാ'ച്ചു Bhg. സാരസാസന ലോകം AR. 2. to obtain അനന്തസുഖം പ്രാ., അമ്മയെ പ്രാപിച്ചു Sah. (embrace).

CV. പ്രാപിപ്പിക്ക = എത്തിക്ക f. i. സ്വൎഗ്ഗത്തിൽ ഉടലോടേ പ്രാ. KR.; പിതൃക്കൾക്ക മോക്ഷം പ്രാ. Brhmd.; രാജ്യങ്ങളിൽ പ്രാ'ച്ചീടാം നിന്നേ Nal.; also double Acc. എന്നേ മന്ദിരം പ്രാ. Brhmd.

part. pass. പ്രാപ്തം 1. attained അവന്ന നരകം പ്രാ'മായി Arb. was condemned. 2. having reached നിൻ ചക്ഷുൎമ്മാൎഗ്ഗം പ്രാപ്തനായിതോ നളൻ Nal. has he met thy eye. 3. proper, able പ്രാപ്തന്മാർ = പ്രാപ്തിയുള്ളവർ; ഒന്നിനും പ്രാ'നല്ലാതെയായി Bhg.

പ്രാപ്തി 1. attaining മോക്ഷപ്രാ. 2. obtaining കളത്രപ്രാ. Bhr. പുത്രപ്രാ. ഉപായം RS.; also a സിദ്ധി = ഇഷ്ടലാഭം Bhg. 3. ability, capacity അതിന്നു നാം പ്രാ. യല്ലാഞ്ഞുയാൽ; നമ്മാൽ പ്രാ. ആകയും ഇല്ല TR. I am not able. പ്രാ. വരുന്നതിന്നു മുമ്പിൽ VyM. being of age, 16th year. അവനെ നാം തന്നേ പ്രാ. യാക്കിവെച്ചു TR. initiated in Royal duties. — hence പ്രാപ്തിക്കാരൻ, പ്രാപ്തികേടു etc.

പ്രാപ്യം S. attainable.

പ്രാബല്യം S. predominance, power ആരണശാപത്തിൻ പ്രാ. CG.; also ആ ഭാഗത്തെ തെളിവിലേക്ക് അധികം പ്രാബല്യത ഉണ്ടു MR. that plea is stronger.

പ്രാഭവം S. = പ്രഭുത pre-eminence, with പറക, കാട്ടുക to glory. ശത്രുനിഗ്രഹംകൊണ്ടു നീ പ്രാ. കാട്ടിത്തെളിയേണ്ടാ KR.

പ്രാഭൃതം S. (പ്രഭൃതി) a present to Gods, kings, etc. പ്രാ. പൂണ്ടു; അവനെ നാഥന്മുമ്പിൽ പ്രാ'മായിട്ടു വെച്ചു കൊടുക്ക CG. പ്രാ. വെക്ക = കാഴ്ച. (പ്രാകൃതം 2).

പ്രാമാണികൻ S. the head of a caste.

പ്രാമാണ്യം S. = പ്രമാണത authoritativeness. ബൌദ്ധശാസ്ത്രത്തിന്റെ പ്രാ. കേൾപിച്ചു KU. the evidences, proofs of Islam.

പ്രായം prāyam S. (പ്ര, ഇ). 1. Passing out of life, by resolute fasting. 2. stage of life നല്ല പ്രായത്തിൽ മരിച്ചു of good old age. അഞ്ചിൽ പെരുകിയോരഞ്ചുവയസ്സിവൎക്കാക ഒരു പോലേ, എപ്പോഴും ദേവകൾക്കിങ്ങിനേ പ്രാ. KR. പ്രാ. കുറഞ്ഞൊരു MR. ബാലപ്രായം youthfulness, also = പൎവ്വം see നെല്ലു. 3. rule, measure വേട്ടുവർ മലയർ ഈ രണ്ടു ജാതിക്ക് ഒരു പ്രാ. KN. of the same degree of elevation. വൎമ്മങ്ങളെ അറുകിയാൻ എണ്മണിപ്രാ. Brhmd. ചത്ത പ്രാ. ആയി is well nigh dead; therefore in Cpds. like പശു പ്രാ., കൃമിപ്രാ., ജലപ്രാ., മൃതപ്രായരായി KR. ഒരു കട്ടപ്രായേണ Bhg.

പ്രായക്കാരൻ (loc.) of that age നാലു വയസ്സു പ്രാ. jud. സമപ്രായക്കാർ coetaneans.

പ്രായാധിക്യം extreme age പ്രാ'ത്താൽ അപ്രാപ്തൻ MR.

പ്രായശ്ചിത്തം S. (പ്രായസ്സ് = പ്രായേണ). redress, making amends. 1. by fine കുറ്റത്തിന്നു പ്രാ. ൨൦ ഉറുപ്പിക വാങ്ങി, അവളെ കൊണ്ടു നൂറു പണം കാവിലേക്ക പ്രാ. ചെയ്യിച്ചു, ബ്രാഹ്മണസ്ത്രീകളെ മെയ്യേറിയതിന്റെ പ്രാ. കഴിക്കേണ്ടും മുതൽ TR. പ്രാ. നിശ്ചയിച്ചുവാങ്ങി = ദണ്ഡിപ്പിച്ചു V1. 2. atonement, expiation (of ബ്രഹ്മഹത്യ) അശ്വമേധത്താൽ അതിൻ പ്രാ. Bhg.; ദോഷം പോവാൻ ഒരു പ്രാ. ഗ്രഹിപ്പിക്ക, ദീപപ്രദക്ഷിണം സൎവ്വപ്രാ. KU.; ദോഷശാന്തിക്കായി ഹോമം പ്രാ. ചെയ്തു VyM.; ഞങ്ങൾക്ക് കഴിയേണ്ടു പ്രാ'ങ്ങൾ വൈദികന്മാരെക്കൊണ്ടു കഴിപ്പിച്ചു TR. for defilement. നിൎമ്മൎയ്യാദം ചെയ്യുതിൻ പ്രാ'ത്താൎത്ഥമായി Bhr. to atone for.

പ്രായസ്സ് S. = പ്രായേണ for the most part. പ്രായശോ നിവേദനം ചെയ്തു PT. fully.

പ്രായികം (S) proportioned ഇഷ്ടവ്യാസത്തിന്നു പ്രാ'മായിട്ടൊരു പരിധി, ഏറിന്നു ൨൨ എന്നു തുടങ്ങിയുള്ള പ്രായികവ്യാസപരിധികൾ Gan.

പ്രായേണ Instr. (S) for the most part.

പ്രായോപവേശം S. (1) death by abstinence പ്രാ. & പ്രാ'നം ചെയ്തു മരിക്ക KR 4.

പ്രായിക്ക(െ)ര രാജാവു N. pr. Rā
vēlikara (പ്രായി, ചെമ്പ്രായി).

പ്രാരംഭം S. = ആരംഭം, f.i. അര
തൊക്കവേ Nal.

denV. പ്രാരംഭിക്ക to begin, unde

part. pass. പ്രാരബ്ധങ്ങൾ അശേ
GnP. = കൎമ്മം.

പ്രാൎത്ഥന S. Asking, prayer;

denV. പ്രാൎത്ഥിക്ക to beg, pray w
obj. അടിമത്തങ്ങളെ വഴിപോ
KR. നിജാഗ്രഹം പ്രാ. ദേവന
subj. അഗ്നിയെ പ്രാ. KR. to
ഈശ്വരനെ പ്രാ'ച്ചു TR.; ഭക്ത
ണ്ണും ഈശ്വരനെ പ്രാ. TrP.;
പ്രാ. Bhg.; ഒക്കയും സാദ്ധ്യവ
ടാക്കമുള്ളപോലെ എന്നു പ്രാ'
ക്കുന്നു TR.

part. pass. ദേവിയാൽ പ്രാൎത്ഥി
AR. gained by the Queen
പല വീരരാൽ പ്രാൎത്ഥിത Bh

പ്രാലേയം S. (meltable) snow പ്ര
ങ്ങി എങ്ങും, മാലേയവും കൎപ്പൂര
തോയത്തിലാക്കി മുഖങ്ങളിൽ
പ്രാലേയാദ്രി Vil. Himālaya.

പ്രാലംബം, — ബിക S. a neck-st

പ്രാൽ (loc.) = വരാൽ Name of a

പ്രാവൎത്ത്യം, see പാൎവ്വത്യം.

പ്രാവശ്യം prāvašyam (mod.) Ti
Trav. അനേകം പ്രാവേശം; also
ശ്യം ആളെ അയച്ചു TR.

പ്രാവു, see പിറാവു Dove, പ്രാക്ക

പ്രാവൃൾ S. (പ്ര + വൃഷ്). Rainy
ഡ്വൎണ്ണനം CG. its description.

പ്രാശനം S. (പ്ര + അശ്). Eatin
KU. the first meal of Brahm
the 6th month.

പ്രാശ്നികൻ S. (പ്രശ്ന) 1. A judge
trologer പ്രാ'ന്മാരിൽ ഒരുത്തൻ ഒ.

പ്രാസം S. (പ്ര + അസ്). A beard
also rhyme of verses. പ്രാസം മ

പ്രാസാദം S. (സദ്) a raised platf
or palace, esp. that of the

—പ്രാസാദശൃംഗങ്ങൾ ഏറി Nal. bal-
s — പ്രാസാദമൂൎദ്ധ്നി കരേറി AR. a roof.
S. (അഹഃ) forenoon.

riyam S. (Ge. philo, G. freien). 1. Dear
പ്രിയൻ m., പ്രിയ f. also the wife
ാട്ടു നീ പ്രിയങ്ങളല്ലാതെ ഒരിക്കലും ഒ
ഞ്ഞു പോകല്ല KR. 2. dear, high in
ല്ല പ്രിയമാകുന്നു V1.; പ്രി. വലിക്ക to
n article for sale, തേങ്ങാപ്പിണ്ണാക്കിന്നു
ലിപ്പിക്കേണ്ടാ prov. 3. wish മൽപ്രി.
ക Bhr.; മൽപ്രി'മായതിച്ചെയ്യു വിപ്രി
G. 4. affection പ്രി. കാട്ടുക to show
പ്രിയാപ്രിയങ്ങളെ വിചാരിയാതെ KR.
al. പ്രിയപ്പെടുക to be fond of. ചോ
പ്രിയമാകുന്നു likes rice V1.

മം Superl. (& പ്രേഷ്ഠം) dearest. പ്രിയ
ന്നേ തിരഞ്ഞു KR. a wife. — Compr.
തരം PT.

ാരി, പ്രിയങ്കരം showing love.

ാദി m., — നി f. speaking kindly. Nal.

Nal. a tree (= മുരൾ).

നം petting, caressing. Bhg.

part. pass. 1. delighted, contented അ
പ്രീതയായി AR. എന്നേകുറിച്ചു പ്രീതൻ എ
KR. അവനെ പ്രീതനാക്കണം PT.
him. 2. loved.

l. gratification ആയവണ്ണം ദ്വിജപ്രീ
ചയ്തു SiPu.; ശിവപ്രീതിയാസ്തു = പ്ര
ം contentedness. ധാത്രിയെത്തന്നേ കൊ
വെന്നാകിലും പ്രീതി വരാതവൎക്കു Mud.
are not satisfied. പ്രീതിപൂണ്ടു AR.
ദാം പ്രീതി വരുത്തുക PR. to propitiate,
ക്കളെ പ്രീ. വരുത്തുക Brhmd. 2. love
മാട്ടു പ്രീതി ഉണ്ടായിട്ടയച്ച കത്തു TR.
endly letter (= പ്രേമം).

ാരി as മമപ്രീ. AR. gratifying me.—
ിമാൻ gratified, affectionate.

S. (പ്ര, ഈക്ഷ). Seeing, spectacle
ക്കന്മാൎക്കു കാട്ടികൊടുത്തു Mud. to the
rs.

S. (പ്ര, ഇതം). 1. Dead പ്രേതകാൎയ്യങ്ങൾ
R. പ്രേതകൃത്യങ്ങൾ AR. = ശേഷക്രിയ obsequies. പ്രേതനായുള്ളോരു മന്നവൻ CG. പ്രേതം (or ശവം) വീണിരിക്കുന്നു vu. a violent death has occurred. 2. a ghost, goblin. പ്രേതബാധ possession by demons. പ്രേതകോപം ശമിപ്പാൻ തിലഹോമം etc. PR.

പ്രേതാധിപൻ S. Yama പ്രേ'നം വധിക്കയില്ലെന്നമെ PatR. (he is so fair that etc.). അവരെ പ്രേതരാജാവിന്നു കാഴ്ചവെച്ചു Bhg. killed.

പ്രേമം prēmam S. (പ്രീ). Love നാണവും പ്രേമവും തങ്ങിന കണ്മുന, പ്രേ'ത്തെ തൂകുന്ന കാന്തൻ, തൂകുന്ന തൂമൊഴി CG. പ്രേ. നിറഞ്ഞു വഴിഞ്ഞുള്ള വാക്കുകൾ Bhg. തങ്ങളിൽ പ്രേ. ഇല്ലാതെ കണ്ടു Anj.; എന്റെ മേൽ വെച്ച പ്രേമമായിരിക്കാം Arb. to the husband.

പ്രേരണം S. (പ്ര, ഈർ). Sending തോഴിയെ പ്രേ. ചെയ്തിതു, പുത്രനെ പ്രേരിച്ചു SiPu.

part. pass. പ്രേരിതം & പ്രേഷിതം (ഇഷ്) sent. Bhg.

പ്രേഷ്യൻ S. a servant.

പ്രേഷ്ഠം S. (Superl. of പ്രീ). Dearest പ്രേഷ്ഠരായ പൌരബാലന്മാർ KR.

പ്രോക്തം S. (പ്രവചിക്ക) Declared ശ്രീരാമപ്രോക്തം AR.; promise V1.

പ്രോക്തൻ V1. a Brahman that prognosticates.

പ്രോക്ഷണം S. (ഉക്ഷ്) sprinkling, esp. animals before sacrificing them. Bhg.

denV. മൂൎദ്ധാവിൽ തോയം പ്രോക്ഷിച്ചു Sk.

പ്രോതം S. (വാ) blown. പ്രോതങ്ങളായ ശരങ്ങൾ Sk. discharged arrows.

പ്രൌഢം S. (വഹ്) 1. full-grown, full-blown. 2. grand. പ്രൌഢനാരികൾ ChVr. vehement, proud, arrogant. പ്രൌഢകാമാലി ഘോരവൃത്തി KeiN. (belongs to രജോഗുണം). രാക്ഷസപ്രൌഢൻ, അതിപ്രൌഢവേഗേ SiPu.; സുന്ദരീലോലനപ്രൌഢൻ Nal. fully intent upon. — adv. പ്രൌ. പറഞ്ഞാൻ CO. derisively.

പ്രൌഢി S. 1. full-blown state, stateliness ഫുല്ലാംബുജപ്രൌ. Nal. 2. self-confidence നിന്റെ പൊരുതലപ്രൌ.യും എവിടെ Bhr.; നിൎല്ലജ്ജതയും പ്രൌ.

യും Mud.; ലീലയിൽ കളുഫലപ്രോ. യും ഉച്ചമായി Nal.

പ്ലക്ഷം plakšam S. Ficus infectoria (കല്ലാൽ). ഹവിസ്സു പ്ലക്ഷശാഖയിൽവെച്ചു ഹോമിച്ചു KR. (=പ്ലാശു?).

പ്ലവം plavam S. (പ്ലു). Swimming, jumping; a float, raft പ്ലവങ്ങളിൽ ഏറിക്കടന്നിതു ചിലർ KR.

പ്ലവഗം S. a monkey — പടലി 597 — പ്ലവഗകുലപതി RS.; പ്ലവഗപരിവൃഢൻ AR. Hanuman. — also പ്ലവംഗം നട്ടങ്ങി CC. monkey (& frog).

CV. പ്ലാവനം washing നദി ഭസ്മരാശികളെ പ്ലാ. ചെയ്തു KR. washed them away. ഗംഗയിൽ പ്ലാ. ചെയ്യിപ്പിച്ചു Brhmd. പ്ലാ'കരന്മാരായിതു Bhr.

പ്ലാക = ഌാക Wire.

പ്ലാച്ചു or പിളാച്ചു Split, as മുങ്കിപ്ലാ. bamboo.

പ്ലാൻ E. plan (with ഉണ്ടാക്കി

പ്ലാവു = പിലാവു; പ്ലാക്കായി Jacl

പ്ലാത്തി B. a Rhizophora (= കാ

പ്ലാശു = പലാശം S. Butea frond

മത f.i. പ്ലാ. തൊണ്ടാവുള്ളവും

ന്തൊലി, പിലാചിന്റെ പൃ

s. med. — വള്ളിപ്പിലാചിദേതാൽ

fibre (used instead of ropes). P

പ്ലീഹ plīha S. The spleen, lien

കൾ എന്നെട്ടു വ പാത്രങ്ങൾ, ഉ

ലത്തു യകൃൽ Nid.

പ്ലീഹോദരം S. the spleen diseas

പ്ലുതം pluδam S. (part. pass. of

ing in, bathed in ഭൈമാശ്രുപ്ലു

ഷ്ടതപ്ലുതാനനം Bhg. മാത്താ

CC. — ഉൽപ്ലുത്യ പിന്നേയും ഉൽ

ങ്ങിപ്പൊങ്ങിയും.

പ്ലാമ്പശ (ചിളാർ) Feronia gum.

* * *

ഫ PHA

Occurs only in S. & foreign words.

ഫണം phaṇam & ഫടം S. (പടം). The expanded hood of a serpent ഫണരത്നശോഭിതം KR. ഫണി തൻ ഫണചക്രമേറി CC.

ഫണി S. a serpent, Cobra di capello ഫ. മെത്തമേൽ RS.

[പയൽ strong.

ഫയൽ E. file (jud.) ഫയലാക്കുക MR. — Ar.=

ഫയസ്സൽ Ar. faiṣal, Decision, settlement ജമാവന്തി ഫ'ലാക്കുക MR.

ഫലകം phalaγam S. (ഫൽ to split = പിളക്ക). A plank, shield. — Tdbh. പലക.

ഫലം phalam S. (fr. പഴം? or പല I.). 1. Fruit, esp. of trees. ഫലങ്ങൾ വെച്ചു TR. (doc.) to plant fruit-trees. അഞ്ചുഫലം KU. 4 fruit-trees (ഉഭയം) & rice (നിലം). 2. result, produce, consequence ഇല്ലൊരു ഫ. ഇനി Bhg. it can't be helped. നാം ഏതും ചെയ്തിട്ടും ഫ. ഇല്ല TR. no use; with 1st adv. പറഞ്ഞെന്തു ഫ., അണകെട്ടീട്ടു ഫ. എന്തു KR. നാം സ്നാനത്തിന്നു പോയിട്ടു ഫ. ഇല്ല KN.; ഫലം ചെയ്കയില്ല Nal. will not avail. വൈരം ഏറുക ഫലം വരും) only greater enmity will

തിച്ചൊരു ഫലത്തിനാൽ ചതി:

Bhr. as a reward for. സാഫല്യ

പിച്ചു KR. the import of. മുന്നം

ഭാവിക്കുൽ ഫലം AR. did I not

futurity would bring? 3. the pro

ലംബനത്ത ദ്രവ്യംകൊണ്ടു ഗ്ര

ത്രഫ. വരും Gan.

ഫലകാംക്ഷ = ഫലാഗ്രഹം q. v.;

ഫലത്രയം S. = ത്രിഫല.

ഫലപ്രദം S. fruitful. Bhg.

ഫലപ്രാപ്തി S. advantage.

ഫലമരം a fruit-tree തോട്ടങ്ങളില

ഫ'ത്തിന്നു പൊന്തണം നിക

ഫലമൂലം S. vegetable food of a

തിന്നു നടക്ക KR.

ഫലംവരിക to result മരണം ഫ

ശിക്ഷ ഫ'ത്രു Bhr.

., ഫലവത്തു n. fruitful.
desiring fruit or reward ഫ. യാ
ർ Bhg.
S. success and failure.
living on fruits; so മൂന്നേ ദിനം
രങ്ങൾ ചെയ്തു Bhg.
ക്ക 1. to yield fruit. വ്യാധിപോയി
ീട്ടും പുഷ്പിക്കും ഫലിച്ചീടും VCh. (a
. to take effect ആ മഹാപുണ്യം
റാരീഹത്യാഫലം ഫലിയാതെ പോം
പാ ഫലിയാതെ പോയി Bhg.; അ
ഉം ഫ. ഇല്ല (as a cure = പാറുക).
പാക്ക ഫലിപ്പാൻ പണി KumK.
fulfilled. ചികിത്സ ഫ. medicine
e. 3. to succeed ഉന്മോഹം ഈശ
ു ഫലിക്കുമോ താൻ CC. 4. to
ന്നു ഫലിച്ചിരിക്കും Gan. it follows
h.).
ഫലിതം produced, gained സർവ്വം
ായുന്നു മനോരഥം Bhg. ഫ. നമ്മ
ന്ധത്താൽ തന്നേ ഉള്ള KR.; also
ഫലിതം പറക B. = പുളുമ.
ിക്ക 1. to cause to take effect
പറഞ്ഞാ ഫലിപ്പിച്ചും Mud. ശാപം
. കപിതനായാലും മുദിതനായാലും
ടന്താന്ന ഫ'ക്കുമവൻ KR. attain
t. 2. to turn to use വിദ്യയും
; പുഷ്കരാക്ഷികൾ കോപ്പിട്ടെത്രയും
r.

ഫലോദയം S. the setting in of the consequences; heaven.

ഫലോനൻ (ഊനം) disappointed V2.

ഫല്ഗു phalgu S. (ഭള്ള, പാഴ്). Worthless. ഫ. വാം വണ്ണം മെല്ലെ അതൽ ചെയ്തു KumK. falsely.

ഫല്ഗുനൻ S. = അർജ്ജുനൻ Bhr.

ഫസലി Ar. **faṣl,** Time, harvest; the official Fasli year MR. [It used to commence on the 12th July, but since some years it was changed to July 1st, f. i. 1282 begins on 1st July 1872.]

ഫാക്കണി തലങ്ങളിൽ തുളസീദളംകൊണ്ടു നിറെച്ച കലവില്ല KumK.?

ഫാലം phālam S. 1. A ploughshare. 2. Tdbh. = ഭാലം S. the forehead ഫാ'ത്തിലാമ്മാറു തൂകിന ചോര CG.; ചെങ്കനൽ തൂകുന്ന ഫാലവിലോചനൻ Siva. ഭൂതിയെ ഫാലദേശത്തു ചേർത്തു Bhr.

ഫാല്ഗുനം phālgunam & **ഫാല്ഗുനി** S. Aquarius; the month മീനം (astr.).

ഫൂ Pooh pooh.

ഫുല്ലം phullam S. (fr. പുല്ല, പുളക). Expanded, blown ഫുല്ലാംബുജം Nal.

ഫേനം phēnam S. Foam, froth ഫേനാശനശീലൻ Bhr.

ഫേരവം phēravam S. A jackal ചെറിയ ഫേ. ഭുജിച്ച മാംസത്തെ പെരിയ സിംഹം താൻ ഭുജിക്കുമോ KR. [പൊജ്).

ഫൌജദാരി P. **faujdāri,** Criminal (see

ബ BA

ly in S. & foreign words, though
it often even in these.
m S. The crane, Ardea nivea =
ാച്ച PT.; also ബകോടത്തിന്റെ

: ഇരഞ്ഞി.
H. **banglā,** A bangalow, thatched
pean house MR., also നക്ഷത്രമക
bservatory. — (ബെങ്കള്ളാ B.).
ങ്കളൂർ N. pr. Bangalore TR.

ബജാർ P. **bāsār,** & **ബജാരി,** ഭജാർ A "Bazar".

ബഡവ baḍava S. A mare (myth.). ബഡവാഗ്നി submarine fire. Bhg.; also വടവാഗ്നി V1. of jungle-fires & bonfires.

ബണ്ടർ baṇḍar (T. വ — bards, C. Te. Tu. baṇṭa warrior = ഭടൻ). N. pr. The Nāyar of the Tuḷu country.

ബത bata S. Alas! സത്യം ബത യാത്ര ചൊല്ലി ChVr. (= കഷ്ടം, ഹാ).

ബതൽ Ar. **badal,** Substitution (& വ—). ബതലിന്മേൽ കല്പന വാങ്ങി, ബതല്ക്കാരൻ MR. a proxy, also ബതലാൾ.

ബത്ത E. **Batta** fr. H. **baṭṭā.** An allowance in addition to military pay ബത്തശിപ്പായി MR. (also ഭത്തി), see പത്ത.

ബദരി **badari** S. Zizyphus jujuba ബ. ഫലം = ഇലന്തപ്പഴം Mud., also = തുടരി.

ബദരികാശ്രമം N. pr. the old residence of the Ṛshis (Bhg.).

ബദ്ധം **baddham** S. (part. pass. of ബന്ധ്). 1. Bound — ബദ്ധൻ a captive. ബദ്ധനാകിലുമുടൻ മുക്തനാകുന്നു കൂട്ടം AR. inthralled. ദുരാഗ്രഹംകൊണ്ടു ബദ്ധരായി tied, തവ ബദ്ധബുദ്ധിയാം എന്നേ Nal. my soul bound up with thine. 2. connected with: ബദ്ധമോദം = ജാതമോദം joyfully, ബദ്ധവിഷാദമാരായി CG., ബദ്ധബാഷ്പം etc.

ബദ്ധപ്പെടുക 1. to be tied, laid under a necessity. 2. to be in a hurry, hasten.

VN. ബദ്ധപ്പാടു 1. urgent business. പല കൂട്ടം ബ'ട്ടങ്ങ TR. troublesome concerns. ൨൦ ന- തുടങ്ങി ൨൨ ന- ഓളം അടിയന്തരത്തിന്റെ ബ'ടാകുന്നു the great time of the feast, most essential part. 2. haste, trepidation; ബദ്ധപ്പാട്ടുകാരൻ (& ട്ടു).

ബദ്ധപ്പെടുക്ക 1. to bind as captives ബ'ത്തു കൊണ്ടു പോയി Anj. അയോഗ്യാഖ്യങ്ങളെ ബദ്ധപ്പെടുത്തു കളിപ്പിച്ചു കൊൾക Bhg 6. to force. 2. to illtreat ഇവളെ പിടിച്ചെത്രയും ബ'ക്കുന്നതു AR. പരാജിതരെ ബ'ത്തു Sk. pursue, press. (mod. ബദ്ധപ്പെടുത്തുക). ബദ്ധപ്പെടുവിക്ക to drive into precipitancy. കടിയാന്മാരെ ബ. TR. to frighten out of their wits.

ബദ്ധൽ, ബെത്താൽ V1. occupation etc. = ബദ്ധപ്പാടു vu.

ബദ്ധ്വാ Ger. having tied (പരികരം 620).

ബധിരൻ **badhiraǹ** S. Deaf; f. -- ര.

ബന്തർ P. **bandar,** Port, harbour കൊല്ലത്തു ബ. വിചാരം TrP. Master attendant's office. — also വന്തർ and കണ്ണൂരെ ബന്തലോളം TR.

ബന്തോവസ്തു P. **band-o-ba**
arrangement കോട്ട നല്ല ബന്ത
putting in good repair. ബന്തോ
ന്തൊവസ്താക്കി & താലൂക്കിൽ ഒ
district. ഇവിടേ ബെന്തൊവസ്താക
ണ്ടു അകത്തു കടപ്പാൻ വഴി കി
ing the frontier.

ബന്ധം **bandham** S. 1. A tie, f
of the soul's confinement in a
എല്ലാമെ വേർ മുറിച്ചിട്ടു CG.; ഒ
ഒഴിച്ചരുളേണമേ Bhg 6.; ബ'വു
യേൻ AR. no more subject to
of being born & dying. 2. a
ഓരോരോ ബന്ധനാ KU. ബ. ഒ
dentally, abruptly.

ബന്ധകി S. a harlot ബ. യാ
(when marrying the 4th hus

ബന്ധനം S. 1. binding; also o
നാശാസ്ത്രബ. തീൎന്നു AR. 2.
യ്ച്ചിട്ടതു VetC. 3. connec
നമ്മുടെ പൌത്രഷബ. ChVr.

ബന്ധൻ V1. a partner, security

ബന്ധമോക്ഷം deliverance from
ന്നെ ബ. വരുത്തുവിൻ SiPu.
fig. KumK.

denV. ബന്ധിക്ക 1. v. n. to be
പുത്രൻ ബ'ച്ചു കിടക്കുന്നു Mad
യാൽ ബ'ക്കുന്നു VCh. held by
ങ്ങേറ്റ ബ'ച്ച കൊമ്പു Nal. gil
കാശം ഒഴിക്കൊല്ല Anj. do no
duty. കാൎയ്യത്തിൽ ബ. V1. t
a business. ചക്ഷുസ്സു രൂപാലി
ക്കുന്നു AdwS. വിഷയങ്ങളോ
കരൻസമാ ബ'ച്ച തോന്നിയാ
ളുമെ Bhg. 2. v. a. to tie,
മാലകൊണ്ടു മേനി(യെ) ബ',
ഴൽ ബന്ധിപ്പാൻ CG. നമ്മ
നം GnP. സേതു ബ'പ്പാൻ രാ

ബന്ധിപ്പിക്ക 1. = ബന്ധിക്ക 2. a
ബന്ധിപ്പിച്ചിട്ടുന്നു AR. ties.
തത്ര ബ'ച്ചു PT. got herself
pillar.

ndhu S. (ബന്ധ്). 1. A kinsman,
. ന്നു കരയുന്നതിനേക്കാൾ ഉടയവൻ
ൾ മതി prov. 2. a friend, protector
ı. prov. നിനക്കു ഞാൻ ബ. വായി
Mud. അവൎക്കു ബ. വൃഷ്ണികൾ
ദ്ദനെ ബ. വാസ്സുരിക്ക an ally, ബ.
ൾക Bhr., ബ. വൎഗ്ഗങ്ങളുമായി പാൎക്ക
ng his people. എന്റെ വെന്തു TP.
to man or woman). അവനെ ബ.
ടത്താളുക TP. marry him.

the duty of an ally ബ. എല്ലാം
നം Brhmd.

ൻ a relation, നമ്മളെ ബ. TR.
d with us.

; a league, plot. ബ'ട്ടാക B. to
.

affinity ഭീനക്കു ബ. ചെയ്തു SiPu.
affection, help.

. id. നിന്നുടെ ബ. Mud. thy friend-
'വും സ്നേഹവും TR. alliance. നമ്മി
ബ. മാറാതെ ഇരിക്കട്ടേ UR. faith-

Bhr. having many relations.
ങൾ ശത്രുക്കൾ ആകുന്നു Bhg. false
ബന്ധുഃശ്ശത്രോദാസീനമേദം Bhr.

രൂപാ V1. a royal ally.

bandhuram S. (& വ —) Undula-
some ബ'മായുള്ള മന്ത്രിമാൎഭവന
ബന്ധുരാംശം Bhg.

(& ബന്ധുജീവം). Pentapetes phoe-
ലരി red flowered, in Cpds. ബന്ധൂക
Bhr.

andhyam S. (ബന്ധ്). To be re-
ബന്ധ്യ f. barren, വ —

1 S. "Brown", tawny; a N. pr. സുഭ്രൂ
ള ബ. വിലാസിനി CG.

ാരാന്ത A "verandah".

. **bar-ā-bar**, Level, uniform; right,
ബ'രായി = ശരിയായി.

S. A barbarian (L. balbutiens). ക
ദരാട്ടു തുല്യന്മാരായ ബ'ന്മാർ Bhr. പ
ൾ ബ'ന്മാർ Bhg 12.

ബൎഹിസ്സ് barhis S. (ബൎഹ — L. vellere). Plucked grass, as cover of altars, Bhg.

ബൎഹം S. a peacock's tail. — ബൎഹി a peacock.

ബലം balam S. (ബൽ to live വൽ, വാഴ്). 1. Strength, valour, vigour ബലത്താലേ നില്ക്ക TR. ready for fight. താന്താന്റെ ബ. താന്താൻ നോക്കം TR. 2. force, power (opp. right) നേൎവഴിക്കു വരുന്നതല്ല ബ. ഉണ്ടു oppression. ബ. കാട്ടുക to threaten. പ്രവൃത്തിക്കാരൻ നമ്മോടു ബ. കാട്ടി നിന്നാൽ TR. to resist. ബ. ചെയ്തു to force. തരികയില്ല എന്നു കറയ ബലത്തിൽ പറഞ്ഞു undutifully, defyingly. ബലം കൊണ്ടും ദ്രവ്യം കൊണ്ടും സ്ഥാനത്തു കയറി TR. പ്രവൃത്തിക്കാരൻ ബ. പറഞ്ഞു നില്ക്ക ഒരു രാജ്യത്തും മൎയ്യാദ അല്ലല്ലോ TR. contumacious servants are nowhere retained. ബലത്താലേ കെട്ടുക to marry by force. 3. troops, army ഢീപ്പുവിന്റെ ബ. രാജ്യത്തിൽ കടക്കയില്ല; മാപ്പിള്ളമാർ വഴി പോലേ ബ. തികെച്ചു TR. attacked in full force. ബ. അയക്ക, ബ. കല്പിക്കേണം എന്നപേക്ഷിച്ചു TR. an auxiliary force. 4. adj. മഹാബലരായ രാജാക്കൾ Bhr.

denV. ബലക്ക: ബലാത്താരത്തെപ്പെട്ടാൽ KR. strongly.

ബലക്കുറവു, — കേടു, — ക്ഷയം weakness.

ബലപ്പെടുക 1. to be strong. ബ'ട്ടു വന്നു എങ്കിൽ തടുത്തു കഴികയില്ല TR. if they come with a force. 2. to abet രാജാക്കന്മാർ കുടിയാന്മാൎക്കു ബ. TR. if foreign kings abet the subjects.

ബലപ്പെടുത്തുക to strengthen, confirm.

ബലബന്ധം force = നിൎബ്ബന്ധം.

ബലഭദ്രർ & ബലദേവൻ N. pr. Krṣṇa's elder brother CG. CC.

ബലവാൻ strong കമ്പഞ്ഞി ബ. എങ്കിലും; രാജ്യമേതക്കു വന്ന ബ. രാജാവെന്നു ഭാവം TR. submit to the powers that be — ബലവത്തു n. — എന്നേക്കാളും ബലവത്തരൻ PT. stronger.

ബലാവിക്ക B. to be firm, resist.

ബലശാലി S. strong, powerful.

ബലസ്സു So. = ബലം; ബലസ്സൻ V1. = ബലത്തവൻ, ബലസ്ഥൻ strong.

ബലഹരി N.pr. a tune sung by Kṛṣṇa CC.

ബലഹാനി, — ഹീനത weakness, — ഹീനൻ weak.

ബലാബലം S. strength & weakness, കാൎയ്യങ്ങളുടെ ബ. അറിഞ്ഞു VyM. respective weight, ദുൎബ്ബലപ്രബലത. ഗ്രഹങ്ങളുടെ ബലാബലവും ആയുൎബ്ബലവും etc. നോക്ക No. (when a marriage is intended).

ബലാൽ S. Abl. 1. violently. ബ. കൊണ്ടു പോവാൻ Brhmd. unwillingly. 2. for no reason കൊല്ലും ബ. അപരാധം എന്നിയേ Sah. in vain. അൎത്ഥമാകിലും ബ. ഐശ്വൎയ്യം എന്നാകിലും വിദ്യയാകിലും Bhr. possibly, perhaps (= ഓ). നാരായണേതി ബ. ചൊല്ലുകിൽ Bhg. uttering accidentally, not weighing the meaning. ബ. അവിടേ ഇല്ലാഞ്ഞു Brhmd.

ബലാല്ക്കാരം S. violence, detention, exaction, rape. ബ. കൊണ്ടടക്കി doc. conquered.

denV. ബലാല്ക്കരിക്ക to use force ബ'ച്ചു കൊണ്ടു പോം PT. ബ'ച്ചിട്ടും വരുത്തുക KR. to bring him anyhow — also ബ. ല്ക്കരണം കൊണ്ടു Brhmd.

I. **ബലി bali** S. (ബലം). Strong ബലികൾ അവർ എങ്കിലും PT.; ബലികളോടു വൈരം കലരുതു ChVr.; അതിബലികളായി KR. prevailed.

II. **ബലി** S. 1. Offering, sacrifice ഭൂതനാഥനു ബലി തൂകിനാൻ ചോര കൊണ്ടു Bhr. കഴുത്തറുത്തു ബ. കൊടുക്ക VetC. — Chiefly obsequies performed by heirs, offering to crows on account of the deceased വെള്ളിപ്പാത്രങ്ങൾ ബലിയിടുവാൻ ആവശ്യമുണ്ടു TR. കുമാരകം ബലി കൊടുത്തു, വെട്ടി ബലികൊടുത്താകിൽ VetC. ബലി കഴിക്ക etc. — ബലി ഉഴിക to wave a basket of flowers round a possessed person; ബലിനീക്കുക to throw it away. 2. N.pr. a king of Daityas മഹാബലി Bhg.

ബലികൎമ്മം (1) ഭൎത്താവിനു ബ. പിണ്ഡദാനം മുതലായ്തു കഴിക്കാം VyM.

ബലികളയൽ offering a cock for the sick, to remove a ബാധ, also വെലികളക.

ബലിക്കററി an altar ശൂദ്രൻ ബ്രാഹ്മണന്റെ ബ. കൽ കൂട ബലിയിടേണം KU.

ബലിക്കൽ, വെലിക്കല്ലു an altar temples = ബലിപീഠം, ശേ

ബലിക്കളം a place of oblation.

ബലിപൂജകൾ ceremonies KU.

ബലിയെരിച്ചാല a sacrificial

യോഗം KU. = യാഗശാല or

ബലീയാൻ balīyāṅ S. (

Stronger.

Superl. ബലിഷ്ഠൻ strongest.

ബല്യം S. strengthening (of me

ബസറാ പഴം Dates from Bass

ബസ്സാദ് P. bad-zāt (low-born

= ഏഷണി, Slander. അണയും

യ ബസ്സാളുകാരൻ. vu.

ബസ്സു 1. P. bas, Enough =

ബഹളം bahaḷam S. (ബഹ).

അതിബഹളഗുളുഗുളുരവമോടും

ബഹളിപിടിക്ക So., see ബഹു

ബഹാദർ P. bahādur, Cham

title Ti. — also ഭാദൂ & ബഹാദൂർ

ബഹിസ്സ് bahis S. (& വഹി

Outwards, outside; besides

പ്രാണൻ AR. my second I. (

ബ്ഹിർ വ്യാപൃനായി Bhg.

ബഹിരംഗം S. external; publi

ബഹിരിന്ദ്രിയം external organ

കരണം).

ബഹിൎഗ്ഗമനം V1. going out.

ബഹിൎമ്മുഖൻ S. turning away f

ബഹിഷ്കരിക്ക S. to expel, exc

വനെ ബ'ച്ച് ഏവം നിശ്ച

sulted without him.

part. pass. ധാൎമ്മികരാൽ ബഹി

ബഹു bahu S. (ബഹളം). Muc

രിച്ചുതുടങ്ങിനാർ Bhg. ഇത്ര

ച്ചു CC. എന്നെ ബഹുവായി ചൊ

Most used in Cpds. എനിക്ക

ത്തണ്ടു Bhg.

ബഹുകരൻ S. a sweeper; ബഹു

ബഹുകാലം long time.

ബഹുചാരി V1. a particular da

dress.

ബഹുത്വം S. plurality മന്ത്രി രഹസ്യമായ വചനം ചൊല്ലുമ്പോൾ ബ’മാക്കീടരുതു Mud. publish മായാമയമായുള്ള ബ’ത്വങ്ങൾ Bhg. (opp. the one reality).

ബഹുധാ S. manifoldly.

ബഹുനായകം S. having many princes. ദേശം ബ. Mud. ruled by an aristocracy.

ബഹുപുത്രൻ S. having many children ബ’നായി മേവി KR.

ബഹുഭക്ഷകൻ voracious.

ബഹുമതി see foll. മിഥിലരിൽ ഏററം ബ. വരേണം ChVr.; അമ്പിനെ ബ. യോടാദരിച്ചു AR. avoided respectfully.

ബഹുമാനം S. (മൻ) respect, honour, gift to inferiors KU.— ബ. പ്പെട്ട സക്കാർ, കമ്പഞ്ഞി TR. Honorable; with & without ചെയ്ക to honor കാൎമ്മുകിൽ വൎണ്ണനെ എല്ലോരും ബ’വും ചേൎന്നു CC.

denV. ബഹുമാനിക്ക to respect, honor ബ’യാതെ disregarding, overhearing.

ബഹുമാന്യം 1. deserving of regard ബ’മല്ല PP. not to be minded. 2. dignity V1.

ബഹുലം S. (= ബഹളം) 1. dense, ample, numerous അവന്ന് അരികൾ ബ’മായുണ്ടായ്വു KR. 2. the dark lunar fortnight.

ബഹുവചനം S. the plural (gram.).

ബഹുവാക്ക common report എന്നു ബ’ക്കായി കേട്ടു TR. MR.

ബഹുവിധം S. various. ബ’മായി പോയി KU. fell into confusion.

ബഹുസമ്മതം S. general, approved by the majority ബ. അല്ല KU.

ബഹുലശ്രീ (ബഹുലം) a tune ബ. എന്ന രാഗം KU.

ബഹുളി (T. വെകളി wrath). 1. rutting, madness. ബ. ക്ലേശം frenzy. ബഹളിപിടിക്ക B. ബെളിപിടിക്ക MC. to grow lustful, frightened as cattle.—ബഹുളിക്കാരൻ very rash, ബഹുളുക, ളി to fly into a passion V1. 2. ബഹുളി ആക്കുക No. to spread a rumour.

ബഹൂദകൻ S. the 2nd class of Sanyāsis നടന്നാലും ഉഴലുന്നവൻ ബ. KeiN 2.

ബഹ്വൎത്ഥവാചി Brhmd. of various meanings (as ശബ്ദം).

ബളിശം baḷiśam S. (വള). A fish-hook. ബ. ഗ്രഹിക്ക, വിഴുങ്ങി മരിക്ക AR 6. = ചൂണ്ടൽ.

ബാക്കി Ar. **bāqī,** Remnant, surplus ബാ. ഉറപ്പിക്ക TR. & വാക്കി.

ബാഡ B. M. **bāḍā** (& വാടക, C. Te. Tu. bāḍige fr. വഴു or ഭാടം). Hire, rent as of grounds, houses, boats, cattle ബാഡെക്കു കൊടുക്ക to lease. പീടിക ബാഡകെക്കു വാങ്ങി, ആനകളെ ഭാടകെക്കു കൊടുത്തു jud.

ബാഢം bāḍham S. (part. ബഹ). Dense, loud, strong ബാഢമട്ടഹാസത്തനായി VetC.

ബാണം bāṇam S. 1. An arrow. ബാണത്തെ തൊടുത്തു, വലിച്ചു വിട്ടാൻ CG., esp. Kāmā's പഞ്ചബാ. (the flowers of താമര, മാവു, അശോകം, പിച്ചകം, കരിങ്കുവളയം). fig. കണ്ണുനയായൊരു ബാണങ്ങൾ CG. 2. firework ബാ. അയക്ക to throw shells (mod.) ചക്രബാ. etc. rockets.

ബാണക്കൂടം a quiver; a hut of arrows ബാ. ചമച്ചിതു പാൎത്ഥൻ SG.

ബാണഗണം, — ജാലം പൊഴിക്ക Bhr. arrow-showers.

ബാണൻ ("an archer") 1. an Asura, Bhg. 2. in Cpds. = Kāmā f.i. നാളീക — etc.

ബാണപ്പെരുമാൾ & പള്ളിബാണൻ N.pr. a ruler of Kēraḷa that introduced the Bauddha religion KU.

ബാണാൎത്തി in Cpds. only f.i. പഞ്ച — Mud., ചെന്താർ — AR. etc. love-sickness.

ബാത്തു Port. **pāto,** Ar. **baṭ,** A gander; goose, duck.

ബാദാം P. **bādām,** Almond; also ബദാം, വാതം. (നാട്ടു ബാ. Terminalia).

ബാധ bādha S. 1. Pushing, pressing; affliction പൈശാചത്താലുള്ള ബാധകൾ കളവാൻ KR., സൎപ്പബാ. PR., അഗ്നിബാ. ഉണ്ടാക VyM. = അഗ്നിഭയം conflagration. മലബാധെക്കു, മൂത്രബാ’ക്കു പോക to ease nature. ബാധയില്ലേതും ഇതിന്നു പാൎത്താൽ, ഇതു ചെയ്വാൻ ഒന്നിന്നും ബാ. ഇല്ല CG. no difficulty. ബാധനിവൃത്തിക്കായി

MR. for redress. 2. annoyance or oppression from invisible causes: ജപ — by mantram (ജപിച്ചിട്ടു കയറുന്ന ബാ.), കൂട്ടു — possession by spirits കൂട്ടം ബാ. തിരിപ്പാൻ ആധിക്യം കണ്ടിയാന്നത്രെ KU. (the means ബലികളയൽ & മാററൽ). ബാ. പിടിക്ക to be possessed; to remove possession, ബാ. ഒഴിപ്പിക്ക to exercise.

ബാധകം S. opposing, damaging. — എന്റെ നടപ്പിനെ ബാധകപ്പെടുത്തുന്ന തീൎപ്പു MR. which obstructs my right of cultivation.

ബാധകാധിപൻ, ബാധാനാഥൻ, ബാധേശൻ PR. the unknown cause or author of an affliction.

denV. ബാധിക്ക 1. v.a. to vex, torment, annoy ക്ഷുൽപിപാസകൾ വന്നു ബാ. യാൽ Nal.; ബാധിച്ച കുംഭകൎണ്ണൻ AR. troublesome. രാജാവു മെയ്യിനെ ബാ'ക്കും Mud. attack. 2. to possess കാന്തനെ ബാ'ച്ച കശ്മലൻ Nal. ബാധിച്ച ദേവത of 3 kinds ഹന്തുകാമൻ, രന്തുകാമൻ, ഭോക്തുകാമൻ PR. 3. v.n. to be afflicted Vı. (part. pass. ബാധിതം).

ബാദ്ധ്യം 1. what is to be opposed. 2. C. duty & claim ബാദ്ധ്യപ്പെട്ടവനെ കൊണ്ടു സത്യം ചെയ്യിച്ചു സങ്കടനിവൃത്തി വരുത്തേണ്ടതു MR 222. the aggrieved party (= ബാധ). ഇനിക്കു ബാദ്ധ്യം അല്ല No. unlawful = ന്യായമില്ല.

ബാദ്ധ്യസ്ഥൻ having the duty പിതൃക്കൾക്കു ശേഷക്രിയ കഴിപ്പാനായി ബാ'ന്മാർ.

ബാന്ധവം **bāndhavam** S. (ബന്ധു). 1. Relationship. 2. M. temporary connection with Sūdra women ബാ. ഉണ്ടാക, കഴിക്ക (the wife remaining in her ancestral home) = ഗുണദോഷം.

ബാന്ധവക്കാരൻ a husband, Anach. (ബാന്ധവവീട്ടിൽ പോകുന്നവൻ).

ബാന്ധവൻ (1) = ബന്ധു f.i. ദീനബാ. KR. the ally of the poor. രാമനു നീ അതിബാ. AR. overfriendly. The sun in Cpds. with lotus f.i. നാളീകബാന്ധവൻ etc.

denV. ബാന്ധവിക്ക (2) to marry for a time ക്ഷത്രിയസ്ത്രീ മുതൽ ശൂദ്രസ്ത്രീ പൎയ്യന്തം ബാ'ക്കാം ബ്രാഹ്മണൎക്കു Anach. (
നെ ചന്ദ്രയ്യൻ ബാ'ച്ചു പാൎപ്പി

ബാപ്പാ H. **bāp**, P. **bābā**, The
വാപ്പ MR. ബാപ്പാന്റെ അനന്ത്രവ
പ്പയുടെ MR. (Mpl.).

ബാവ, pl. ബാവമാർ id. Mpl.

ബാലൻ **bālaǹ** S. (Tu. bala = വ
1. A boy, till sixteen years ബാ
കാ, ബാലശാപം ഇറക്കിക്കൂടാ pro
man, fisherman. 3. young, of diff
f.i. a cocoanut-tree 5 years o
branches. [

ബാല S. a girl, young woman (

ബാലം S. better വാലം = വാൽ t
ഭൂമിയിൽ തച്ചു തച്ചു AR. (mou

ബാലകൻ S. a boy, childish.

ബാലഗ്രഹം childrens' fits സു
Tantr.

ബാലചന്ദ്രൻ the increasing mo
മി; the full moon just risen (
സൂൎയ്യൻ).

ബാലത S. boyishness ബുദ്ധിക്ക

ബാലധി S. = ബാലം the tail ഹ
KR. ബാ'ക്കു കൊളുത്തുവിൻ A

ബാലബുദ്ധി, — ഭാവം childishne
തി KR. childish.

ബാലവാതം slight winds SiPu.,
നം SiPu. = flapper.

ബാലസൂൎയ്യൻ, — ലാൎക്കൻ AR., KumK. the sun just risen.

ബാലാഗ്നി 1. a commencing fire.
fire about the tail RS.

ബാലാചലം = ചെറുകുന്നു N.pr.
ന്നിൽ വസിക്കും ശ്രീദേവി SG
ക്കുന്നു Sah.

ബാലാൻ a fish in tanks (S. ബാ
denticulatus, see വാൾ) & ബ

ബാലായ്മ, see വാലായ്മ.

ബാലാശനം the first meal of an

ബാലാൾ VyM. a young person.

ബാലി S. & വാലി tailed; N.pr.
ബാലിശ്ശേരിക്കോട്ട, & ബാല-

ല്യ — (also ബാലിയേരിച്ചാല) KU. TR.
ital of Kurumbiyātiri.

S. f. of ബാലകൻ a girl ബാ. മാർ CG.

ൻ S. a boy, childish, a fool ബാ'ന്മാ
രക്ഷ്യനായീശ്വരൻ AR. ബാ'ശാനാം
ക്ഷ്യം Anj.—വാലിശവേല VyM. service
ല്യം?).

. 1. childhood ബാല്യദശ, ബാല്യപ്രാ
ങ്ങൾ പ്രതിപറയാഞ്ഞിട്ടായിരിക്കും നി
പിന്നപ്പിന്ന ബാല്യം No. vu. unyield-
mper. 2. childish ബാല്യന്മാരല്ല CG.

ക്കാരൻ a youth, Rāja's or nobleman's
ant = മുന്നാഴിക്കാർ, (loc. ബാലിപ
ബാലിഭക്കാർ etc.).

ം S. & **Bālhīyam** N.pr. 1. Balkh,
ദ്യം Bhr. 2. a horse from there.

bāšpam S. & വ — (vapour). A tear
പാരിഞ്ഞു പറഞ്ഞു Nal. പുത്രമൂഢാവി
ള്ളുതിത്ഥാട്ടിദേഷപാകം ചെയ്തു Bhr. ബാ
ാഡി KR. bathed in tears (fem.). ബാ
ായി Bhg. [GP 78.

ം S. assafoetida ബാ. കട്ടതിക്കേതാങ്ങും

ihu S. (L. brachium, G. pēchys). The
ങ്ങളുള്ള ബാ'ക്കൾ CG. ബാഹുബലം, —
).

ൻ S. a servant, dwarfish; N.pr. of Nala
transformed ബാഹുകൾ എത്രയും ഹ്ര
ദമാകയാൽ ബാ. Nal 4.

ൻ S. a Kšatriya, as born from Brah-
arms. ബാഹുജാധീശൻ Nal. a king.

ം **bāhulyam** S. (ബഹുല) Plenty പ
ഷേളുവായിട്ടു സപര്യ്പ്രാപ്തി AdwS.
to spread a report.

bāhyam S. ബഹിഃ). 1. External. ബാ
ങ്ങൾ എഴുതുക Mud. to address a letter.
ന്നു പോക to ease nature. 2. carnal
ിതിയറവു വാഴുന്ന ധന്യൻ ബ്രഹ്മവിദ
KeiN.

ന H. **bičhānā**, Spread, in ബി. ച്ചു
raw-bed of a horse.

indu S. & വി — q.v. A drop, ബി.
pr. a holy tank KR.

ബിംബം bimbam S. 1. The disk of the sun or moon ധൂളിയാൽ മിത്രബി. മറഞ്ഞു Bhr. 2. reflected image, figure; an idol. ബി'ത്തിന്നു ചാത്തിയ വെള്ളികൊണ്ടുള്ള പാമ്പിൻ പടം MR.

denV. ബിംബിക്ക to be reflected, as in water മുഖം ബി'ച്ച പോലേ Nal.

part. pass. ബിംബിതൻ S. മണി നിലത്തിൽ ബി. നായിട്ടു തന്നെ കണ്ടാൽ CG. ത്രിഗുണ ബി'നായി Bhg.; നമുക്കുള്ളിൽ ബിംബിതം PT. I perceived (indistinctly).

ബിയാരി (Tu. byāri, bēri = വ്യാപാരി) No. A Māpiḷḷa മങ്ങലാരത്തു ബി. TR.

ബിസ്മി Ar. **bismi 'llāh** (in the name of God). An incantation of Māppiḷḷas before killing sheep, etc. ബി. ചൊല്ലുക, കൂട്ടുക.

ബീ — see വീ — .

ബീജം bījam S. (or വീ—). 1. Seed, grain; semen virile. 2. germ, origin, algebra ബാലയും ത്രിപുരയും എന്നിവ മൂലമായ ബീജവും മന്ത്രങ്ങളും SiPu. elements, symbols. വൃക്ഷവും ബീജവും കാൎയ്യകാരണം Bhg.

ബീജതം S. originating സംസാര വൃക്ഷത്തിൻ ബീ. കൈക്കൊള്ളും Brhmd.—നൃപബീജതം Mud. of royal seed.

ബീജാക്ഷരം S. the first syllable of a Mantra, sign manual മൂലമാം ബീ. എഴുതി SiPu.

ബീജ്യം S. sprung from a seed അവന്റെ ബീ'ൻ = കുലസംഭവൻ Bhg.

ബീബി H. **bībi**, Lady കണ്ണൂരിൽ ആളി രാജാ വീവി TR.

ബീഭത്സം bībhatsam S. (ബാധ). Disgusting, loathful, terrible എത്രയും ബീ'രൂപൻ Nal.; ബീ'വേഷം Bhg.; ഘോരമായുള്ള ബീഭത്സാദികൾ എന്ന കൂട്ടം Mud. devils?

denV. ബീഭത്സിക്ക S. to feel repelled, to loathe.

ബീഭത്സു S. id. ബീ. ബാണങ്ങൾ Bhr.

ബീമ്പു E. **beam, ബീമ്സ്** (pl. form as മൈലിസ്സ്) = വിട്ടം. [also ഭീ —

ബീരാങ്കി MC. (Firengi = Frank?). A great gun,

ബുത്തു P. **but**; An idol (ഭൂതം or ബുദ്ധ). ബുത്തുസേവിക്ക; കാഫർ ബു. ഇസ്ലാമിന്നു കൂടിയിരിക്കുന്നു (demon).

ബുദ്ധൻ buddhaǹ S. (part. pass. of ബുധ്). 1. Awake, enlightened. 2. a sage, esp. Sākyamuni Bhg. ബുദ്ധമുനിമതം ആശ്രിച്ചു Mud. — ബുദ്ധം known.

ബുദ്ധി S. 1. understanding (higher than മനസ്സ് & ചിത്തം). എനിക്ക ബു. പോരാഞ്ഞു കൊണ്ടു TR. inconsiderately; so ബു. അറിയാഞ്ഞു V1.; ബു. വെക്ക prov. to grow wiser. ബു. യിൽ കൊള്ളിക്ക V1. to comprehend. മനസ്സു സംശയിക്കും ബു. നിശ്ചയിച്ചീടും Bhg. 2. advice. ബു. ചൊല്ക, കൊടുക്ക, also ബുദ്ധികളെ പറക No. ഏവരോടു നിങ്ങൾ ബുദ്ധി പറഞ്ഞിട്ടുള്ളു vu. to warn, admonish, etc. 3. mind അവന്റെ മുമ്പിലേത്ത ബു. പോലേ അല്ല TR. he is somewhat deranged. ഭൂപതിക്ക ബു. പകൎന്നു Nal.; also ബു. മറിയുക, അറിയാഞ്ഞു V. 4. feeling ബു. താപമാംവണ്ണം വിളിച്ചു SiPu. in a way to move compassion. വിനാശകാലേ വിപരീതബു. prov. രാത്രിയിൽ പിടിപെട്ടു ബന്ധിച്ച തസ്കരന്റെ രാത്രി ശേഷത്തിങ്കൽ തോന്നീടിന ബു. പോലേ KR. ത്യജ രാക്ഷസബു. യേ AR. abandon the Rāxasas' way of thinking & feeling, the Rā.s' religion.

ബുദ്ധികെടുക to become stupid, ബു. യും കെട്ടു നിന്നു AR. (in consternation).

ബുദ്ധികേടു foolishness.

ബുദ്ധിക്രമം the right way of proceeding ഞാൻ നടക്കേണ്ടുന്ന ബു'ങ്ങൾക്ക കല്പന എഴുതുക TR.

ബുദ്ധിക്ഷയം id. ബു. പൂണ്ടു SiPu. bewildered. ബു. വരുത്തുക V., also to offend one to the quick. ഏറ്റവും ബു. നുകൎന്നു Nal. = ബുദ്ധിമുട്ടു.

ബുദ്ധിതിരക്ക (3) madness.

ബുദ്ധിപാകം humility. രാജാവിന്നു ബു. വരേണ്ടതിന്നു TR. to sober him down.

ബുദ്ധിപൂൎവ്വം S. intentionally. ബു'മായി മരിച്ചു KU. committed suicide. ബു'മ്മല്ലാതെ ചെയ്തതല്ല TR. without bad intention.

ബുദ്ധിമതി S. 1. perfect understanding. ബു. പറക to admonish, warn. 2. f. of foll.

ബുദ്ധിമാൻ S. intelligent, wise,
മത്തുകൾ pl. Bhr.; also ബുദ്ധ

ബുദ്ധിമാന്ദ്യം S. folly ബു'ത്തിന്നു
against insanity; so ബുദ്ധില

ബുദ്ധിമുട്ടു 1. perplexity, embar
വക്ക് ഏറ്റവും ബു'ട്ടാക്കിനാ
them jealous. 2. distress ക
കൊണ്ടു വ്യസനം dunning. ബു
dispirited. ബു'ട്ടിക്ക to haras
യോഗ്യമോ Si Pu. to drive out

ബുദ്ധിമോശം So. = ബുദ്ധിക്ഷയം

ബുദ്ധിയുത്തരം (2) letter of a s
ത്തയച്ച ബു. വായിച്ചു, ബു. കല്

ബുദ്ധിയോട്ടം quick sense.

ബുദ്ധിവിലാസം = foll., sagacity

ബുദ്ധിവിസ്താരം genius അവൻ

ബുദ്ധിസമ്മതം assent; also ബ
വരുത്തുക V1. to make to fall
views = ബുദ്ധി കപ്പിക്ക.

ബുദ്ധിഹീനൻ = മൂഢൻ; ബു'നാ

ബുദ്ധ്യതിശയം genius — ബു'യമു
intelligent.

ബുധൻ budhaǹ S. 1. Wise,
കറയുന്നാക്ക് അജ്ഞാനം നീ
ജനം; എന്നതു ബുധമതം AR.
wise. 2. N. pr. the son of Sōm
ബുധനാഴ്ച, ബുധവാരം Wednes

ബുധ്നം budhnam S. (L. fundus
Bottom, root.

ബുന്നു Ar. **bun**; Coffee, the pl
തൈ വെച്ചുണ്ടാക്കി, ബുന്നുണ്ടാക്
യം) — now കാപ്പി is becoming

ബുഭുക്ഷ bubhuksha S. (desid. of
ബു. ദാസപഭാവം MC. hunger.

ബുഭുക്ഷിതൻ S. hungry പാരം
യ്യാത്തതു PT. പായസം കണ്ട

ബുമ്മ Port. **verruma**; see വെ

ബുറുസ്സ് E. **brush.**

ബുൽബുദം bulbud'am S. (bub
ble = പോള Bhr.

ബൂട്ടുസ് E. **boots** Ti.

ബൂച്ച് Cork, ബൂച്ചി ഇടുക No. va.=

ബെസ്പുൎക്കാന bespurkāna Syr. lat. The purgatory. Nasr.

ബൊംബായി N.pr. (Port.) **Bombay.** ചുകന്ന—, വെളുത്ത ബൊം. ഉള്ളി onions, ബൊം. പൂട്ടു etc.

ബൊമ്മ bomma (C. Tu. bombe, fr. ബിംബം?). A puppet, doll; loc. also ഭൊമന V1.

ബൃംഹണം bṛmhaṇam S. (II. ബൎഹ് L. farcio). Fattening GP., strengthening Bhg.

ബൃംഹിതം S. (III. ബൎഹ് L. barrire) roar of elephants ഗജഗണ ബൃ'തശബ്ദം KR. ഹസ്തി ബൃ'ധ്വനി Brhmd.

ബൃഹത്ത S. (part. of ബൎഹ്), f. ബൃഹതി large, stout, great കാൎയ്യം ബൃഹത്തായ്വന്നു vu. — ബൃഹന്നളി KM. = പേരാറു.

ബൃഹച്ചരണം a class of Paṭṭars.

ബൃഹസ്പതി S. (& ബ്രഹ്മണസ്പതി the Lord of prayer & pious effort). N. pr. a God (also = ഗണപതി); the planet Jupiter = വ്യാഴം; a lawgiver രാജനീതിഗ്രന്ഥത്തിൽ ബൃ. വചനം TR.

ബൊണ്ടു E. **bond,** ബൊണ്ട് വകയിൽ വരുന്ന പലിശ TR. Government debt, (securities).

ബോട്ടു E. **boat** കപ്പലിന്റെ ഒരു ലാങ്കബോട്ട് TR. "a long boat."

ബോട്ടുകളി Trav. boat-racing.

ബോട്ടുകിളി ("port clearance"), a clearance given to a boat, ship.

ബോധം bōdham S. (ബുധ്). 1. Awaking, consciousness കടിച്ചു ബോ. മറക്ക V2. to be muddled. ബോ. കെട്ടു വീണു swooned. ബോ. [illegible]ന്നേൻ Bhr. I slept. ബോ. മറന്നു വിവശനായി Sit Vij. പോതം ഉണ്ടാവാൻ നസ്യം a. med. ബോ. തെളിഞ്ഞു Sk. 2. understanding, insight കാൎയ്യബോ—, ആത്മ—. 3. conviction, satisfaction. കുടിയാന്മാരുടെ ബോധത്തോടേ TR. with the concurrence of.

ബോധകൻ S. an informer, teacher.

ബോധകരൻ S. an awakener (= പള്ളി ഉണൎത്തുവോൻ).—ബോധകരം instructive. ബോധകരസാധനം V2. an official letter.

ബോധക്കേടു insensibility, swoon; folly; also [illegible] ബോധക്ഷയം വന്നു വീണു jud.

ബോധജ്ഞൻ having all his wits about him ബോ. എങ്കിൽ കഴിവുണ്ടു VyM.

ബോധം വരിക to come to his senses, to perceive, agree, to be satisfied.

ബോധം വരുത്തുക to bring to senses, convince. ഏവൻ എന്നു ബോ'ത്തിത്തരേണം Nal.; അനുജനെ ബോ'ത്തി TR.; അവനെ പറഞ്ഞൊക്ക പോതം വരുത്തി TP. satisfied, persuaded him.

ബോധഹീനൻ S. unintelligent, Sah.

denV. ബോധിക്ക 1. v. n. to present or approve itself to the mind. ബോധിച്ചു I understand you; quite so; well. ബോ. യില്ലവൻ Nal. will not please. With Dat. എന്നു തങ്ങൾക്കു ബോ. രുതു TR. don't suppose. കുടിയാന്മാൎക്കു വാക്കു ബോധിച്ചു കഴികയില്ല they will not believe; even double Dat. ആ അവസ്ഥെക്കു നിങ്ങൾക്കു ബോധിച്ചുവെങ്കിൽ if you have decided about it. ആ കാൎയ്യത്തിന്നു ഇരുവൎക്കും ബോധിച്ചു തീൎന്നു TR. agreed about. With Loc. എന്നു സന്നിധാനത്തിങ്കൽ ബോധിക്കും MR. you will perceive. ഇനി നിങ്ങടെ മനസ്സിൽ ബോധിച്ച പോലെ TR. do as you think best (= തെളിക, തോന്നുക). 2. v. a. to perceive, know, own ബോ. നീ എൻ വാക്കുകൾ VilvP.; നേർ എന്നു നാലരും ബോധിച്ചതത്ഭുതം Nal. fancied. നാം എല്ലാം ബോധിക്കുന്നു Bhg.; ബോധിച്ചു കൊൾക be persuaded!

ബോധിതൻ S. (part. V. C.) instructed ഗുരുവിനാൽ ബോ. AR.

CV. ബോധിപ്പിക്ക 1. to make to understand, teach; with double Acc. പഞ്ചാക്ഷരം അടിയനെ ബോ. SiPu. 2. to persuade. ലോകരെ ബോ'ച്ചു KU. gained over. 3. to inform, tell superiors (= ഉണൎത്തുക). കമ്പഞ്ഞിയിൽ, സന്നിധാനത്തിങ്കൽ TR. to state to Government. താലൂക്കിൽ അന്യായം ബോ. MR. to complain. 4. to pay to Government മൂന്നാം ഗഡുവിന്റെ ഉറുപ്പിക സൎക്കാരിൽ ബോ., പണം കമ്പഞ്ഞിയിൽ ബോ'ച്ചു തരിക, തികെച്ചു ബോ. TR. to pay in full. മുതൽ പാണ്ടിയാലയിൽ ബോ. to deliver up.

ബോധ്യം S. 1. what is to be known ബാല്യന്മാരല്ലെന്നു ബോധ്യന്മാരായുള്ള സാദ്ധ്യന്മാർ എല്ലാരും CG. no more to be taken for children. 2. No. conviction, consent ബോ'മായി agreed to! നിണക്ക ബോ'മുള്ള ആൾ MR. = തെളിഞ്ഞ approved by you. എന്നു ബോ. വന്നാൽ if they find. എന്നു ബോ. വരുന്നു it appears clearly. ബോ. വരുത്തുക convincing. സൎക്കാരിൽ ബോ. വരുത്താൻ MR. to convince Government. അവന്റെ നടപ്പു നമുക്ക വേണ്ടുംവണ്ണം ബോ'മുള്ളതു pleases me. — ബോധ്യപ്പെടുക jud. = ബോധിക്ക.

ബോയി bōy (Te. Tu. C. bōvi). Palankin-bearers, fishermen പല്ലക്ക ഭോഗിനായകൻ TR. (writes a Rāja); vu. ബോയ്യൾ.

ബോൎമ്മ Port. forno, അപ്പം ചുടുന്ന ബോ. MC. A baker's oven.

ബോൾ bōḷ No. A rice-cake; so ഉമിബോൾ — in Palg. ബോൽ a cake of pollard.

ബോള Port. bóla, — കളിക്ക V2. Bowling.

ബൌദ്ധൻ bauddhaǹ S. (ബുദ്ധ). 1. A Buddhist. 2. No. a Māpiḷḷa, So. a Christian V1. — ബൌദ്ധശാസ്ത്രം KU. a religion once triumphant in Kēraḷam, Buddhism; (mod.) Islam. ബൌദ്ധിമാർ SiPu. Muhammedan women.

ബ്യാരി No. = ബിയാരി.

ബ്രഹ്മം brahmam S. (ബൃംഹ്, ബഹ്). 1. The power of praying; the Vēda ഗുരുവാൽ ഉപദിഷ്ടമാം ബ്ര'ത്തെ മറന്നു KR. 2. theosophy താരകബ്ര. ഗ്രഹിപ്പിക്കും ശംഭു ഹരൻ Nal. in death. 3. the impersonal God അസ്തിബ്ര. Anj. ത്രൈലോക്യവുമബ്ര'ത്തിൻ വൈഭവം, ബ്ര'മാം എന്നോടു കൂടും CG. ബ്ര'ത്തെ നോക്കീട്ടു കൺ്ക്കും ജീവൻ GnP. ബ്ര'ത്തെ പ്രതിപാദിക്ക Bhr. പ്രാപിക്ക VilvP. to be absorbed in the Absolute. ബ്ര'മായാ രണ്ടും ശബ്ദമെ ഉള്ളു Bhg. 4. Brahmanical ബ്രഹ്മക്ഷത്രങ്ങൾ KR. Br's. & Kšatriyas. ബ്ര. മായുള്ളൊരു മേന്മ CG. the glory of Br's.

ബ്രഹ്മകല്പിതം S. fate ബ്ര. നീക്കരുതാൎക്കും KN.

ബ്രഹ്മക്ഷത്രിയർ title of the 36000 armed Brahmans ബ്ര'ർ അരുമയോടെ കൊന്നു KU.

ബ്രഹ്മഘ്നൻ S. killing Brahman
പാപം VetC.

ബ്രഹ്മചൎയ്യം S. 1. the state of
student സകല വിദ്യയും മഹാ
സാധിച്ചു KR.; ബ്ര. ദീക്ഷി
ആശ്രമം). 2. chaste abstin
husband ബ്ര'ത്തോടിരിക്ക AR
ബ്ര'ത്തോടിരുന്നീടുകായിരുന്നാ

ബ്രഹ്മചാരി S. 1. a Brahman stu
bachelor. ബ്ര. കളായി Bhr. ch
chastity V1.

ബ്രഹ്മജ്ഞൻ S. a theosophist.
ബ്രഹ്മജ്ഞാനം ഉദിക്കുന്ന നേ
സന നിത്യം KumK. theo
ബ്രഹ്മജ്ഞാനാൎത്ഥികൾ AR. 1
theosophy.

ബ്രഹ്മണ്യം S. (ബ്രഹ്മൻ) Brahmi
ബ്രഹ്മണ്യനാകും മുനി KR.

abst. N. ബ്രഹ്മത്വം S. the state
of a Brahman ഭക്തികൊണ്ട
വും AR.

ബ്രഹ്മദന്തി S. Argemone.

ബ്രഹ്മധ്യാനം S. theosophy.

ബ്രഹ്മൻ S. 1, a man of praye
2. the God Brahma (personi
ഹ്മം 3.) വിരമ്മൻ RC. പെൺ
ബ്ര'നും തട്ടരു കൂടാ prov.; al
ഹ്മർ & ബ്രഹ്മാവു S. Nom. —
ഗണം പ്രാൎത്ഥിച്ചു AR.

ബ്രഹ്മപരിപാലനം governing th
defending the Brahmans ബ്ര
രാജാവു Anach.

ബ്രഹ്മപ്രളയം the end of a peri
(100 of his days=1 മാസം, 12
ഒരു — ഇവ്വണ്ണം ബ്രഹ്മന്റെ ദ
ല്ലുമ്പോൾ ബ്ര. ഉണ്ടാം CS.).

ബ്രഹ്മമയം S. consisting of Brah

ബ്രഹ്മരാക്ഷസൻ S. a kind of de
radēvata.

ബ്രഹ്മവാദി S. an expounder of th
കൾക്ക ഭേദം ഇല്ല SiPu. they

ബ്രഹ്മവിൽ or — ത്തു S. (വിദ്) a

. ബ്ര'വിത്തമൻ Bhr.); 4 degrees of ്രഹ്മവിദ്വരൻ, — വിദ്വരീയാൻ, — വി ൻ KeiN.

S. the property of Brahmans, ; apart for feeding them, ബ്ര. അട ക്കി Bhr. usurped it. ബ്ര'സ്വമോ ഷണം, ബ്രഹ്മദേവസ്വാപഹാരങ്ങൾ

S., — ത്തി Tdbh. VyM. murder of nan ബ്രഹ്മഹത്യാദി ദുരിതങ്ങൾ AR.; 'st sin, also personified as a Neme- ബ്ര. വന്നു മാം ഗ്രഹിപ്പതിന്ന് എ ഭാവിക്കുന്നു മറ്റൊരുത്തനും കാണ്മാ iPu.

ാവു S. a slayer of Brahmans; the riminal, Bhr.; also ആശ്രിതരെ ര ക്ഷാൽ അവൻ ബ്രഹ്മഹാ AR. അര ബ്രഹ്മഹാ Bhr.

S. the wife of ബ്രഹ്മൻ.

ം S. the mundane egg, universe അണ്ഡം തൊട്ടു ബ്രഹ്മനോളം = the — ബ്ര'ങ്ങൾ AR.

ം S. the highest (mystical) joy ബ്ര' ങ്ങ നേർവ്വഴി കാട്ടീടുന്ന ആത്മജ്ഞാ ntar.

ം S. a Brahman house.

: ബ്രഹ്മൻ.

പിരമ്മി MM. Clerodendrum Sipho- GP64. — നീർബ്ര. Gratiola amara.

ബ്രഹ്മിതം (prh.— ഹ്മത്വം?). വിചാരത്താൽ ബ്ര. അപരോക്ഷജ്ഞാനമുക്തിയും വരും KeiN 2.

ബ്രഹ്മിഷ്ഠൻ S. a thorough Brahman. ബ്ര'ന്മാരായൊക്ക വസിച്ചു, ബ്രഹ്മിഷ്ഠമതികളായുള്ളിവർ KR. the ministers.

ബ്രഹ്മോപദേശം S. divine instruction, theosophy മമ ബ്ര. ചെയ്തു Brhmd.

ബ്രാഹ്മം S. referring to Brahma or to Brahmans; a year of Br. whereof each day embraces a Kalpa (ബ്രഹ്മകല്പം). ബ്രാ'മായുള്ള മുഹൂർത്തത്തിങ്കൽ അന്നേരം ഉത്ഥാനം ചെയ്തു VCh. — 2 Indian hours before sunrise ബ്രാഹ്മമുഹൂർത്തേ ഉണൎന്നു SiPu.

ബ്രാഹ്മണൻ S. (ബ്രഹ്മൻ) a Brahman. The 6 offices ഷൾകർമ്മം ascribed to them belong in Kēraḷa only to the ആചാൎയ്യർ; the duties of the rest are thus enumerated പാട്ടം, സമുദായം, അരങ്ങു, അടുക്കള, അമ്പലപ്പടി, ഊരായ്മ. He who may perform all Br. ceremonies is called ഉത്തമബ്രാഹ്മണൻ.

ബ്രാഹ്മണി S. 1. a Brahman's wife; also ബ്രാ'ച്ചി. 2. the wife of a garlandmaker KN.

ബ്രാഹ്മണ്യം S. 1. an assembly of Br's. 2. Brahmanism ബ്രാ. കുറഞ്ഞു പോം Sah. ബ്രാ. ജന്മംകൊണ്ടേ സാധിക്കാവു Bhr.

ബ്രാഹ്മ്യം S. = ബ്രാഹ്മം.

ബ്രാഹൻ, see **വരാഹൻ** A pagoda (money).

ബ്രൂഹി brūhi S. (Imp. of ബ്രൂ to say). Tell, speak! ബ്രൂഹി തൽ കാരണം VetC.

ഭ BHA

' in Sanscrit words, with slight ex- ള്ള, ഭോഷൻ etc. fr. പ; in നാണിഭം, മാനിടം, ദൈരിദ്ര്യം; it is however by the language than ബ.

tam S. (part. pass. of ഭജ്). Appor- neal = ചോറു.

ached, devoted, in Cpds. as ശിവഭ. ചകന്റെ ഭ. SiPu. his devout per. തന്നുടെ ഭ. Bhr. ദേവിയുടെ h. നല്ല ഭക്തന്മാർ SiPu.

ഭക്തപരായണൻ, — വത്സലൻ S. kind to his faithful (God AR. Bhr.)

ഭക്തവാത്സല്യം ഭക്തന്മാൎക്കു കണ്ടറിവാനായി AR. (God's) affection to the pious.

ഭക്തി S. devotedness, piety എങ്കലേ ഭ. Bhg. ഭ. മാത്രം മതിലന്നു മഹാഫലം SiPu. ഭ. യാലേ മുക്തി prov. രാമഭ. മുക്തിയെ സിദ്ധിപ്പിക്കും AR. — ഭക്ത്യാ Instr.

ഭക്തിപൂൎവ്വം by means of faith (opp. കൎമ്മം, ജ്ഞാനം) — ഭ'കം Bhg. id.

ഭക്തിപ്രദം S. promoting piety, as കഥ Sah.

ഭക്തിമാൻ S. & **ഭക്തിശാലി** Bhr. devoted, zealous.

ഭക്തിയോഗം S. zealous faith.

ഭക്തിസാധനം the means of devotion നവവിധം, viz. സജ്ജനസംഗം, മൽകഥാലാപം, മൽഗുണേരണം, മദ്വചോവ്യാഖ്യാതൃത്വം, മല്ലാജാതാചാര്യോപാസനം, പുണ്യശീലത്വം, മന്മന്ത്രോപാസകത്വം, സർവ്വത്തിലുംമന്മതി, ബാഹ്യാർത്ഥവൈരാഗ്യം AR.

ഭക്ഷകൻ bhakšaγaǹ S. (G. phagein). An eater, glutton. പത്ര—, മൂല—, തോയ—, വായു ഭ'ന്മാർ Nal. devotees with different ways of living.

ഭക്ഷണം S. 1. eating, food, esp. any thing besides rice V1. 2. No. meal രണ്ടുനേരം ഭ'ത്തിന്നു തൈക്കയിൽ വന്നു പോവാൻ TR.; ഭ. നല്ല ഗുണമാക്കി Ti. said of a grateful servant (see ചോറു).

ഭക്ഷണമുറി, — ശാല a dining room.

denV. **ഭക്ഷിക്ക** to eat, dine രണ്ടുനേരം ഭ'ക്കേണ്ടത് ഒരുനേരം ഭ'ച്ചിട്ടും TR. however I curtail my expenses, by giving up one of the 2 daily meals. മുനിമാരെയും ഭ'ന്നു AR. said of Rāvaṇa. — (part. pass. ഭക്ഷിതം).

ഭക്ഷ്യം S. eatable പാണിപാദങ്ങൾക്കഞ്ചു നഖമുള്ള പ്രാണികൾ ഭ'മായുള്ളതല്ലല്ലോ മുള്ളനും നല്ലുടുമ്പുകൾ വാൾപ്പുലി അല്ലയോ മുയലാമയും എന്നിവ KR4.; so ഭക്ഷ്യാഭക്ഷ്യവും lawful & forbidden food. ഭക്ഷ്യഭോജ്യാദികളിൽ കൊടുക്കാവശ്യം Tantr. in any food.

ഭഗം bhaġam S. (ഭജ്, ഭഗൻ giver, Lord). 1. Good fortune = ശ്രീ; love. 2. pudendum mul.; perinæum.

ഭഗന്ദരം S. (2) fistula in ano, or about the natural parts ഭ'രത്തിന്നു യോനി തന്നിൽ ഉണ്ടാം കുരു a. med.

ഭഗവതി S. (fem. of foll.). 1. Durga ഭ. സേവ KU.; ക്ഷേത്രത്തിൽ ഭ. യുടെ മുമ്പാകെ അന്യായം തീർച്ച ആക്കുവാൻ നിശ്ചയിച്ചു, പ്രതിക്കാരന്റെ സാക്ഷി നിശ്ചയിച്ചപ്രകാരം ഭ. യുടെ മുമ്പാകെ പറയാഞ്ഞുകൊണ്ടു TR. 2. a
temple of Durga, vu. പകോത്
Pagode. ഇവിടെ ഭ. യിൽ ഒരു
കന്നു TR.—മൂത്ത—, ഇളയ ഭ—.

ഭഗവാൻ 1. blessed, glorious.
able പകലുദിക്കും ഭ. ആരെ
sun. ഭ'നെ ഭജിക്ക KU. chiefl
Siva etc. in Cpds ഭഗവൽ
ഭക്തി, ഭഗവദ്രൂപം etc.

ഭഗവൽഗീത N.pr. a theosophic
presented as spoken by Kṛšṇ

ഭഗണം bhaġaṇam S. (ഭം a sta
host of stars, zodiac; also = $\frac{1}{12}$
ചതുൎയ്യുഗത്തിങ്കലേ ഭഗണങ്ങളിന്ന
ഭ'ങ്ങൾ ഉളവാകും Gan.

ഭഗണൻ an astrologer, ജാതക
ഓരോരോ ഭ'ന്മാർ KR. (prh.

ഭഗവതി, ഭഗവാൻ, see ഭഗ

ഭഗിനി S. (the happy) a sister.

ഭഗീരഥൻ N.pr. a king that br
from heaven down to the ea
ഭഗീരഥപ്രയത്നംപോലെ pro
lean tasks.

ഭഗ്നം bhaġnam S. (part. pass. o
ken ഭഗ്നശത്രുവാം നീ, പടജ്ജന
defeated.

ഭംഗം S. 1. breaking. സത്യവാക
ഭ. ഇല്ല SiPu. no breach of
of an army. 2. loss, inter
vention. ഭ്രൂഭ. disappoint
ശ്രദ്ധാഭ. വന്നു Bhr.

ഭംഗപ്പെടുക to be disconcert
ഭംഗപ്പാടു V1. torment.

ഭംഗംവരിക to be defeated, i
ങ്ങൾ തുടങ്ങിന മംഗല
മോ വന്നിതു CG. സ്നേഹഭ
or loss of friendship.
ഭ. MR. a privilege to be

ഭംഗംവരുത്തുക to defeat, hi
ഭ. Bhr. to interrupt slee
യാത്രാഭ. preventing the jo
കഭ. ഭ'കില്ല, ജനസ്ഥാന
to deprive of land.

ഭ'ത്താൻ MR. to disprove my true evidence. ആജ്ഞകൾ ഭ'ത്തി Mud. revoked the order.

ഭംഗി S. 1. incurvation, crooked or disguised way. 2. mere appearance, hence M. gracefulness അംഗനാമണിയുടെ അംഗഭ. Nal. ഭ. കലൎന്നുള്ളൊരുപ്പലം, പാട്ടു, ഭ. കൾ എങ്ങുമേ തങ്ങിന പൂങ്കാവു CG. beauties. ഭ. ഒതുടുന്നൊരു മംഗലരൂപം Bhr.; സോദരന്മാരെ മൃത്യുവരുത്തി ഏകനായി ജീവിച്ചിരിക്കുന്നതു ഭ. ഇല്ല AR. it is not fair. ഭ. ചൊല്ലുകയും ഇല്ല Bhg. not to palliate, flatter. Often adv. & nearly explet. ഭംഗിയിൽ ചെന്നു CG., or S. Instr. ഭംഗ്യാ ചേൎന്നു Nal., ചെന്നു KR. Anj. nicely. 3. Tdbh. (ഭംഗ S.) hemp = കഞ്ചാവ്.

ഭംഗികേടു deformity ഭ. എല്ലാം ചൊല്വാൻ Bhg 8. to speak improprieties.

ഭംഗുരം S. frail; crooked.

ഭജനം bhajanam S. (ഭജ് to divide, share, be occupied with). Worship, service കൎമ്മങ്ങളും ഭ'വും തുടങ്ങി സമൎപ്പിച്ചാൽ TR. — ഭജനപ്പുര a private residence in a temple B.

ഭജനീയൻ adorable ഭ'നെ ഭജിക്ക Bhr.

ഭജ V. ഭജിക്ക 1. to worship by vows, meditation, staying in temples, visiting holy places ഭക്ത്യാ ഭ. SiPu.; കായേന വാചാ മനസാ ഭ. നീ AR.; ലോകത്തിൽ നിന്നെ ആർ ഭ'ക്കും Arb.; ഭജേ Sah. I adore thee. 2. to love & serve (as a wife her husband). 3. to assume as one's portion വൈശ്യം ഭജിച്ചാലും; സ്ത്രീത്വം ഭജിച്ചവൻ SiPu. changed into a woman. — (part. pass. ഭക്തം).

ഭജാർ MR. = ബജാർ Bazar.

ഭഞ്ജനം bhañjanam S. (= L. frango). Breaking, destroying. ശരീരഭ. തുടങ്ങും ChVr. will kill. ശോകഭ. SiPu. removing grief.

ഭഞ്ജിക the breaking (of a tree സാലഭ. പോലെ Bhr.).

ഭഞ്ജ V. ഭഞ്ജിക്ക 1. = ഭംഗം വരിക Vi. 2. = ഭംഗം വരുത്തുക B. — (part. pass. ഭഗ്നം).

ഭടൻ bhaḍaṅ S. (= ഭൃതൻ, but compare പട). soldier, servant.

ഭടവാക്ക rude, foolish talk (= പടു?).

ഭട്ടൻ bhaṭṭaṅ S. (= ഭൎത്താ). Lord, title of learned Brahmans, (Tdbh. പട്ടർ).

ഭട്ടതിരി, vu. പട്ടേരി the highest class of Kēraḷa Brahmans; also called ഭട്ടാചാൎയ്യർ teachers of philosophy, who restored Brahmanism after the Bauddha rule KU. — ഭട്ടാചാൎയ്യൻ gen. = Kumārilabhaṭṭa.

ഭണിതം bhaṇiδam S. Said, spoken (S. ഭൺ = Tu. പൺ).

ഭണ്ഡൻ bhaṇḍaṅ S. A jester; M. Tu. C. rude, obscene.

ഭണ്ഡാരം bhaṇḍāram (S. ഭാ —). 1. A treasury as of kings ഭ'ത്തിൽ പണം ഇട്ട പോലെ prov., or of temples ഭ. പൂക്ക പെരുക്കി TP. gave a present. ഭ. പെരുക്കാൻ തുടങ്ങിയോ, കഴിഞ്ഞോ? 2. treasure പണ്ടേതിൽ ഇന്നു പതിന്മടങ്ങുണ്ടു രാജഭ. AR. 10 times richer. അവനുള്ള ഭ. എല്ലാം, ഭ. ഒക്കക്കവൎന്നു Mud. minister's & merchant's property. 3. smallpox (see പണ്ടാരം) ഭ'മായി പോയി ഭ. താഴ്ത്തിയോ.

ഭണ്ഡാരക്കുറി Vi. the treasure of a king or church or (No. & So.) temple.

ഭണ്ഡാരപ്പിള്ളർ lower servants of the Cochi Rāja; soldiers.

ഭണ്ഡാരമഞ്ചി 1. ഭ. യിൽ വെക്ക Mud. royal treasury. 2. Trav. temple treasury.

ഭണ്ഡാരമോഷണം Mud. embezzlement.

ഭണ്ഡാരി, see പണ്ടാരി.

ഭത്തി H. **bhatta**, Extra allowance ഈ വകെക്ക ൫൦ ഉറുപ്പിക ഭ. ആക്കിക്കൊള്ളാം TR. (see ബത്ത).

ഭത്സനം, see **ഭൎത്സനം**.

ഭദ്രം bhadram S. (ഭന്ദ് to shout from joy). 1. L. Faustus, happy. ഭദ്രമല്ലാതെ മരിച്ചിതു SiPu. untimely end ഭദ്രങ്ങൾ എല്ലാം പറഞ്ഞും ചിരിച്ചും ChVr. light, agreeable talk. ഭദ്രതരം കുശലപ്രശ്നാദികൾ ചെയ്തു CartV.A. better, best. ഭദ്രേ f. voc. my good woman! ഭദ്രം well! Bhr. അസ്തു തേ ഭ. Sah. = നന്നായി വരിക. 2. T. M. safety. എല്ലാം ഭ. no fear! പദാൎത്ഥങ്ങളെ ഭദ്രപ്പെടുത്തി വെച്ചു secured. 3. M. cipher, nought,

esp. in Kauri calculations (=ശൂന്യം). ഭ. ഇട്ടു പോയി, ഭ. പോയി reduced to nothing.

ഭദ്രകൎമ്മം S. a good work, Bhg.

ഭദ്രകാളി S. a form of Kāḷi (appeased by വടക്കിനം ഭാഗംകഴിക്ക vu. in cases of cholera etc.).

ഭദ്രദീപപ്രതിഷ്ഠ S. a മഹാവ്രതം Brhmd.

ഭദ്രൻ S. a bull രുദ്രനെ കാണായി ഭ'നെ കാണായി CG.

ഭദ്രപീഠം S. a throne ഭ'ത്തിന്മേൽ ഇരുത്തി Mud.

ഭദ്രശീലൻ Mud. good-mannered.

ഭദ്രാക്ഷം the seed of Mirabilis Jalappa, used for rosaries (smaller than രുദ്രാക്ഷം).

ഭദ്രടോലികൾ Mud. N. pr. of a people (S. ഭദ്രർ).

ഭദ്രാസനം S. a throne അവനു ഭ. നല്കി CartV. A. (to a Rishi). ഭ'നാഗ്രേ ഞെളിഞ്ഞിരുന്നു ChVr.

ഭയം bhayam S. (ഭീ). 1. Fear അധമനു മരണത്തിങ്കൽനിന്നു ഭ. Bhr. ഒരുത്തരെ ഭ. ഇല്ലെനിക്കു KR. കള്ളന്മാരുടെ ഭ. കൊണ്ടു TR. from fear of thieves. നയമായിട്ടും ഭയമായിട്ടും എഴുതി TR. with kindness & threats. 2. danger അഗ്നിഭ., പ്രാണഭ., അഞ്ചുഭ. KU.

denV. ഭയക്ക, ന്നു T. So. to fear, Trav.

ഭയങ്കരം S. terrific, formidable. ഭ'ൻ a stout imposing person vu., ഭ'രി AR. fem.

ഭയപ്പാടു state of alarm, fright നമുക്കു ഭ'ടായിരിക്കുന്നു TR. ഭ. ഏതും ഇല്ലടിയത്തിന്നു KumK.

ഭയപ്പെടുക to be afraid, to dread; with Acc. Dat. Loc. Abl. രശ്മിങ്കൽ ഭ. Bhr.

ഭയപ്പെടുക്ക to frighten ദുഷ്കരമായി ഭ'ക്കും VCh. Nal. Bhg. — mod. ഭയപ്പെടുത്തുക (കടിയാന്മാരോടു TR.); also നന്നെ ഭയപ്പെടുത്തിച്ചു & കടിയാന്മാരെ ഭയപ്പെടീപ്പിക്കയും TR.

ഭയഭക്തി devoutness, devotion.

ഭയശീലൻ timid, a coward (opp. ഭയഹീനൻ).

ഭയാനകം S. terrific, Bhr.

ഭയാപഹം S. removing fear, അവനോടു പറയേണം ഭ. VyM. consolingly.

ഭയാൎത്തൻ S. tormented with fear.

ഭരം bharam S. (ഭൃ, L. fero, E. bear). 1. Bearing വ്യസനഭരാൎദ്രയം Mud. heavy wit ഭര f. the earth. 2. a burthen, load മൽഭ. കാൎയ്യം AR. I have to perfor ഭരാഭരം തീൎക്ക Sah. to remove the e

ഭരം ഏല്ക്ക to receive in charge, un ഭ. ഏല്പിക്ക to give in charge, സുതന്മാരെ കൃഷ്ണനെ ഭ'ച്ചു Bhr. ചിലരെ ഭ'ച്ചു വെച്ചു KU. ദേവ: VilvP. cast himself on the Gods ങ്കൽ jud.; കാത്തു കൊൾവാൻ entrusted them with the defenc

ഭരണം S. bearing. വൈരഭ. V diamonds. ജഗല്ഭയഭരണപരി Bhr. preserving. കുഡുംബഭരണ നായി AR. intent upon the the family. കപ്പൽഭ., ആട്ടഭ. to V1.

ഭരണി S. (pudend. mul.?) 1. the se lation, Musca borealis. ഭ. വേല feast, f.i. at Koḍungalūr in Ku ഭ. തൂക്കം; ഭ. വാണിഭം V2. Koḍungalūr. 2. a large jar, a vase പണം ഭ. യിലാക്കികഴി

ഭരണ്യം S. wages, working for d

ഭരതൻ S. (supported) N. pr. Sak Rāma's brother, etc.

ഭരദ്വാജൻ S. (sky-lark) a Rishi

denV. **ഭരിക്ക** 1. to bear ശിരസ്സില head; to support ഉദരം ഭരിപ്പ ഞ്ഞു PT. അവരെ ഭ. Mud. to m പ്പോർ ഇല്ലാഞ്ഞിട്ടു മരിച്ചു V1. ന തന്നേ ഭരിച്ചു UR. didst only fe ട ഒഴിച്ചു പോകായ്വാൻ ഭ'ന്നു ച എന്നിയേ Bhr. sustained the marry ഞാനും അവരും ഇവർ പതിമാരായി ഭരിച്ചീടട്ടേ KR അവനിഭാരം നീ ഭരിച്ചു കൊ ണാന്ന പട ഭ'പ്പാൻ Mud. to army.

ഭരിതം S. (ഭരം 2) full of.

VN. **ഭരിപ്പു** government; superi kitchen, (ഭരിപ്പുകാരൻ So.).

ം to cause to support or rule ഭര
ം കൊടുത്തു നന്നായി ഭ'ച്ചീടുക KR.
aǹ S. (ഭൎജ് = G. phlegō to shine).
So. a cheat.
denV. ഭഗ്ഗിക്ക, ഭ'ച്ചെട്ടുക to de-
bezzle B., (No. വഗ്ഗിക്ക).
oasting, frying വറുക്ക.
ഭര) To be borne or ruled.
. bearer, maintainer ഭൎത്തൃപിണ്ഡാ
KR. to thank his master. ഭൎത്തൃ
വരുത്തും AR. a minister will
king. ഭൂമിഭ. AR. a ruler. ഭൎത്തൃശാ
ങ്ങൾ ചെയ്യു AR. (Viṣṇu's decrees).
ഭ. തന്നെച്ചതിപ്പാൻ നാരിമാക്കും
മന്യേ നൈപുണ്യം ഇല്ല മററാ
!. 2. vu. husband ഭൎത്തൃനാശം
ൽ രേണുക KU.
ഉൾക്കൊണ്ടു SiPu. married.
ക്ഷ ചെയ്യു to be a faithful wife AR.
) a widow.
rtsanam S. (bharts). Blaming;
ഭ. ഒട്ടും ഇല്ല Bhr. ഭ. ചെയ്യും

ക്ക to rail, abuse (part. pass. ഭ
.); also വമ്പരേ പരപ്പിൽ പറ
ാനരന്മാരെ ഭൎത്സിപ്പിച്ചിതനേ KR.
caus. meaning).
m S. (ഭര) Wages; gold.
S. (= L. phallus?). 1. A kind of
ന്തു). ഭ'ങ്ങൾ ഏഴും പ്രയോഗിച്ചു
ar = കരടി, also ഭല്ലൂകം KR s.
S. (ഭൂ). 1. Birth. രണ്ടാം ഭവം SiPu.
irth. 2. existence, being in the
world ഭ. മാറുക, ഭവത്തെ പോക്ക
bsorption (= ജനിമോചനം).
S. the misery of successive births.
ിച്ചു കൊള്ളേണമേ AR. ഭ. കട
the stormy sea of life. ഭവസാ
ChVr. God as helping through.
ുഖതിസമുദ്രം Bhg. ഭവതോയധി
ം VCh. to lead a life of stormy
= സംസാരസമുദ്രം).

ഭവനം S. 1. existence. 2. a mansion, house f. i. of a Nāyar ഭ. ഉണ്ടാക്കിച്ചു തരുവാൻ Bhr. നമ്മുടെ ഭ. പണി ചെയ്യുന്നതിന്നു TR. (a Rāja).

ഭവൻ S. a form of Rudra.

ഭവാനി fem. 1. a form of Durga, ഭ. ഗേഹം Bhg. her temple. 2. N. pr. the Bhawāny, a tributary of the Kāvēry, rising on the Koṇḍa range (Koondahs) in Vaḷḷuva Nāḍu.

ഭവാൻ bhavāǹ S. (part. of ഭൂ). The present one, hon. = thou. pl. ഭവാന്മാർ ChVr. ye. നുക്ക ഭവാന്മാരെ ആധാരം ഉള്ളു KR. — fem. ഭവതി as ഭ. ഉറങ്ങി KR. In Cpds. ഭവൽ is both m. & f. ഭവദ്വാൎത്ത AR. thy (Sita's) news. — ഭവദീയ രാജ്യം KR. thy kingdom. — ഭവാദൃശന്മാർ Bhr. men like you. ഭവാദൃശചിത്തം ChVr. a mind like yours.

ഭവിക്ക bhavikka (S. ഭൂ). 1. To become, to be = ഉണ്ടാക f. i. പതിക്കോരാപത്തു ഭവിക്കും എന്നവൾ ഭയപ്പെട്ടു KR. to happen. 2. auxV. ആയിഭവിക്ക = ആയ്പീരുക, ചമക. — നിന്നാൽ ജഗത്തിന്നു ഭ. പ്പെടുന്നു സുഖം ChVr. = simpl.

CV. പുല്ലിംഗയോഗം ഭവിപ്പിക്ക SiPu. to change into a male.

ഭവിച്ചായം (see ആയം) futurity. എന്തുവരൻ ഭ. Nal. = എന്ത് ആയം ഭവിച്ചാലും whatever may betide.

ഭവിതവ്യം S. what is to be നിക്കവേതല്ല ഭ. ഒട്ടങ്ങുവോളം Anj.

ഭവിഷ്യത്തു S. (part. fut. n.). future, futurity ഭ'ത്തെന്തോ; ഇതത്രെ നിങ്ങളുടെ ഭ. the fate that awaits you. വഴിക്കേടിൽ (or കെട്ടു) നിന്നവൎക്കു വരുന്ന ഭ. ഇങ്ങനെ തന്നേ vu.

ഭവിഷ്യം S. adj. future ഭൂതവും ഭ'വും വൎത്തമാനവും ഇല്ല Vēdāntavak. ശേഷമുള്ളവൎക്കും വരുന്ന ഭ. ഇപ്രകാരം തന്നേ TR.; ഭവിഷ്യജ്ഞാനം Bhg. foreknowledge. ഭവിഷ്യരാം മാഗധന്മാർ Bhg.

ഭവ്യം S. 1. present ഭൂതവും ഭവ്യവും മേലിൽ വരുന്നതും AR. 2. = ആകുന്ന being as it ought to be, right, proper. ഭവ്യരാം അമാത്യന്മാർ PT. = മന്ത്രിശ്രേഷ്ഠന്മാർ; also vu. ഭവാൻ

മഹാഭവ്യൻ good. ഭവ്യം നിനക്കു ഭവിക്കും Nal. = ശുഭം.

ഭഷകൻ bhašayaǹ S. (ഭഷ് to bark). A dog.

ഭസിതം bhasiδam S. (part. pass. of ഭസ് to chew, devour). 1. Turned into ashes. 2. ashes ഇട്ടു കടിക്ക Mud. ശവം ചുട്ട ഭ. SiPu.

ഭസ്മം S. 1. ashes ദേവകാരുണ്യം ഉണ്ടാവാൻ ഉത്തമം കാരണം ഭ. SiPu. holy ashes. ശിവപ്രീതി വരുത്തുവാൻ ചുടല ഭ'മേ നല്ലു (& ശവഭ.) SiPu. ഭ. ധരിക്ക, വെറും ഭ. തേക്ക SiPu. ഭ. ഇടുക, തൊടുക, ഭസ്മക്കുറിയിടുക to rub ashes on the forehead, chest, as after bathing. — (ഭസ്മക്കൊട്ട, — സഞ്ചി to keep ashes in). 2. fig. = destruction ഭ'മാക്കുതും ദാരിദ്ര്യം VilvP. മഹാപാപം ഭ'മാം SiPu. 3. medicinal powder, calx പിശാചസംഭാഷണപീഡാപരിഹാരത്തിന്നായി ഭ. ജപിച്ചു കൊടുത്തു Arb.

ഭസ്മകണ്ഠന്മാർ Nal. devotees.

ഭസ്മപുണ്ഡ്രം ധരിക്ക SiPu. = ഭസ്മക്കുറി ഇടുക (1); also ഭസ്മലേപനം.

ഭസ്മമാഹാത്മ്യം SiPu. a treatise.

ഭസ്മരാശി S. a heap of ashes ഭ. കളായാർ KR. — ശാപം തട്ടി ഭസ്മശേഷനായിതു Nal. so that only ashes remained of him.

denV. ഭസ്മീകരിക്ക S. to reduce to ashes, as by a curse = വെണ്ണീറാക്കുക V2.; also ഭസ്മീഭൂത സഗരന്മാർ KR.

ഭസ്സ് bhas S. (√ = ഭത്സ്). Menacingly വികൃതഹാസങ്ങൾ കരുതി ഭസ്സെന്നടുത്തു CǹVr.

ഭളാഭളാ Imit. sound, as of a dog drinking or lapping ഭ. ചൊലപാനരതലങ്കാരം KR.

ഭള്ളു bhaḷḷu (V1. പള്ള prh. fr. പഴ, പാഴ് or വല്ഗതം, വള്ളു). 1. Ostentation, show ഭള്ളിനായി ഭസ്മം തേച്ചു SiPu. ഭള്ളുള്ള നിന്റെ ഭാവം അറിയാതെ KR. (says Bāli to Rāma). ഭ. പറഞ്ഞു Bhr. boasted. ഭള്ളുകൾ അവരോടു കൂടുകയില്ല CrArj. menaces. 2. exaggeration, lie ഭള്ളും പൊള്ളും. ഭള്ളല്ല VilvP. quite true! ഭ. കാട്ടുക, ഭാവിക്ക B. to counterfeit, trick.

ഭള്ളൻ vainglorious മഹാഭ.

ഭാ bhā S. (√ to shine, G. phōs). Light കന്യകയിൽ ധർമ്മഭാശോഭിച്ചേററം Nasr., better ഭാസ്സ്.

ഭാക്ക് S. (ഭജ്). Partaking of, ഗുണ

ഭാഗം bhāġam S. (ഭജ്). 1. Pa
ന്റെ ഭാ. my lot. മക്കളും അനു
ടി ഭാ. ചെയ്തു, തമ്മിൽ ഭാ. ചെ
ed the property = പകുതി. 2.
ത്തുന്നു TP. on one side; chiefly p
ഭാഗമായി എഴുതിക്കൊണ്ടനു MR. sa
lity for the plaintiff, അന്യായഭ
ച്ചു; also അന്യായഭാഗം പറഞ്ഞു,
കൊടുത്തു MR. in favor of. പ്രതി
എന്റെ ഭാഗമുള്ള രേഖകൾ, പ്ര
ക്ഷിക്കാർ MR. adj. = പക്ഷം. 3.
കം) ൧൦ പാകം നീളം Mpl. = ൧
ഭാഗക്കാർ (൧). എന്റെ ഭാ., ഇര
ക്ഷക്കാർ.

ഭാഗധേയം S. 1. a share. 2. fo
വിശ്വാസം ഉണ്ടാകേണ്ടാ Bhr
കാണ്മാൻ കഴിവന്നു Nal. ഭാ
Bhg. = ഭാഗ്യം. 3. B. royal

ഭാഗവതം S. referring to ഭഗ
esp. N. pr. of the Purāṇa, Bh
(ചൈത്രമേം ഒക്കയും മിഥ്യ
Bhg. — ഭാ'ന്മാർക്ക് ആനന്ദാമൃ
ഭാ'ന്മാരായ ഭഗവത്ഭക്തർ Bh
of Bhagavāǹ.

ഭാഗി S. 1. sharing; partner ത
യ N. = കൂറുകാരൻ MR. 2.

denV. ഭാഗിക്ക B. = വിഭാഗിക്ക.

ഭാഗിനേയൻ S. (ഭഗിനി) sister
ഭാ. പിണ്ഡകർത്താവു Bhr.

ഭാഗീരഥി S. (ഭഗീരഥ). Ganga
റന്നു പോയി Sah.

ഭാഗ്യം bhāġyam S. (ഭാഗം). 1. I
ന്റെ ഭാ. (Interj.), also എന്ന
ഷം Nal. ഭാ'ത്താലേ വീണ CG.
tune കാണാകുന്നതുഭാ'മല്ലോ CG
ജനകജ താനും അതിഭാ. ചെയ്തു
ട്ടാൾ KR. she chose a happy lot i
ing R. അതു ലഭിപ്പാൻ നമുക്കു
TR. പാക്കിയം വിധി എനിക്കു
TP. favored by fortune. ഭാ.
TR. ഭാഗ്യനാശം കൊണ്ടു Anj.
ഗ്യകാലം etc.

lottery (വെക്ക, കിട്ടുക); also ഭാ
ം. [fortune.
-ക്ഷോഭം, — നാശം, — ഹീനത mis-
fortunate man. Arb.

S. happily.

– വതി f. fortunate, lucky, happy.
ം വരൻ ChVr. happiest; also ഭാ

S. good fortune ഭാ'യാൽ KR.

anam S. (ഭജ്). 1. A vessel, as
രിപൂർണ്ണമായിരിക്കുന്ന ഭാ. ഗുരുക്കു
artaking of, worthy of (= പാത്രം).
ഭാ. എങ്ങനെ ഞാനാവു, തൽകാരു
ൻ ഭാ'മായ അമ്മ CG. ദേഹം ജരാ
hg.

he divisor = ഹാരകം f.i. രണ്ടു രാ
വെച്ചു മേലേതു ഭാജ്യം, കീഴേതു ഭാ
ം. (see foll.).

e dividend (see prec.) ഉദ്ധഭാ. ൧൭
കം പതിനഞ്ചു Gan.

S. (ഭട?) & ഭാടകം = ബാഡം.

S. (ഭട്ട). A division of the old
mans (2 others are പ്രഭാകരം &
derived from one ഭാട്ടപ്രഭാകര
), whose shoe (മെതിയടി) is said
ved in തൃക്കണ്ണാപുരം, തൃക്കൽപുറം
= പാട്ടം usufruction).

follower of ഭട്ടൻ.

ബൊാഡ.

ṇḍam S. (see പാണ്ടം). 1. A vessel,
bundle, load, package ആരും സ
ഭാ'ങ്ങൾ TR. burthens. ഇവ എല്ലാം
ട്ടികൊണ്ടു Mud. വസ്ത്രഭാ. പേറി
. ഭാണ്ഡത്തപ്പാൽ parcel post (Ban-
ം. ഇണ്ടു തരിക PT. barber's bag.
ടുക to load cattle (= മാറാപ്പു).

S. = ഭണ്ഡാരം q. v.

ൻ 748., as കമ്പഞ്ഞിഭാതുക്ക TR.

ഭാ. ഉട്ടോമൻ a great clod-poll.

ദ്രപദ). A month = കന്നി.

.(ഭാ). The sun ഭാനുമയങ്ങുന്നു Bhr.;
ൻ (shining).

ഭാനുവിക്രമൻ N.pr. the first Sāmanta ruler in Trav. KM.; title of the 4th in Calicut etc.

ഭാമിനി S. (ഭാമം S. light, rage). Radient, passionate f. (a wife).

ഭാരം bhāram S. (ഭർ). 1. Burden, load ഭാരേണ സന്തപ്ത്രഭൂമിദേവി AR.; met. oppression എന്റെ ഭാ. നീക്കി വെച്ചു രക്ഷിക്ക, ഭാ. തീർക്ക TR. to relieve. ഭാരപ്പെട്ടു പോക to be hampered, molested. 2. onus, charge രാജ്യഭാ. ചെയ്യു = ഭരിക്ക. 3. a weight of 20 തുലാം, = Kaṇḍi ന്നു ഭാ. വെടിമരുന്നു TR. (see പാരം).

ഭാരക്കട്ടി a weight (കട്ടി 3, 195).

ഭാരക്കല്ലു a stone on a watering machine.

ഭാരത്തുലാം a main beam across rooms.

ഭാരയഷ്ടി S. = കാവടി.

ഭാരവാഹൻ S. a porter.

ഭാരതം bhāradam S. (ഭരത). Referring to Bh. or the Bharatas. 1. = ഭാരതഖണ്ഡം, — വർഷം India. Bhg 5. Brhmd. 2. = മഹാഭാരതം the great epos of the Bharatas ഭാരതയുദ്ധം Bhg. ഭാ. വായിപ്പിക്ക kings to have that poem publicly read & explained (a costly performance).

ഭാരതി S. 1. a goddess, sometimes identified with Saraswati. 2. literary composition; word, speech പാഹി എന്നല്ലൊരു ഭാ. CG. നാരിതൻ ഭാ. കേട്ടു Sk.

ഭാരി bhāri (ഭാരം). Heavy, serious; tall.

ഭാരികം S. = ഘനത്തിരിക്ക Asht. f. i. the heart, a limb in sickness.

ഭാൎഗ്ഗവൻ S. derived from ഭൃഗു, 1. as Paraśurāma (ഭാൎഗ്ഗവരാമൻ AR.) — ഭാൎഗ്ഗവപുരാണം = പരശുരാമായണം KM. 2. a name of ശുക്രൻ, regent of Venus ഭാ. മീനത്തിലും — നില്ക്കുമ്പോൾ AR.

ഭാൎയ്യം bhāryam S. (ഭര). To be supported.

ഭാൎയ്യ S. the wife ഭാ. യായി പിന്നാലേ SiPu. followed the other as a wife. ഭാൎയ്യാപതികൾ husband & wife. — ഭാൎയ്യാവാൻ = ഭാൎയ്യയുള്ളവൻ.

ഭാലം bhālam S. The forehead, gen. ഫാലം.

ഭാവം bhāvam S. (ഭൂ, ഭവ). 1. Coming into existence രണ്ടാം ഭാവേ, മൂന്നാം ഭാ. SiPu. = ജന്മം.

2. state, disposition പുംഭാ. പെൺഭാവമോടേ വസിച്ചു SiPu. മത്ഭാവം പ്രാപിച്ചീടാം AR. = തൽപാദശ്രുതി 426.—ദ്വാ. ഭാ. the influences of the 12 zodiacal signs, counting the ജനിച്ച രാശി for the first (astrol.); also likeness സിംഹഭാ'ത്തെ ചമെച്ചാൻ VetC. (out of the bones of a lion). 3. state of mind, emotion & its expression എനിക്കവനോടു പിതൃപുത്രഭാ. ഒരിക്കലും ഇല്ല KR. I do not feel like a father. കോപിച്ച ഭാ. നിരൂപിച്ചാൽ ഭാവിച്ചതല്ല എന്നു തോന്നും Mud. his passionate manner looks not like feint. അവസ്ഥ എല്ലാമേ പറഞ്ഞു ഭാ. കൊണ്ടു Bhr. എങ്കലുള്ളൊരു ഭാ. എങ്ങനെ അവൾക്കു KR. ഹീനഭാ'ങ്ങളെ ഭാവിച്ചത് എന്തു Nal. why nourish base sentiments. Often with എന്നു as ഞാൻ എന്ന ഭാ.: താരിൽമാതല്ലയോ ഞാൻ എന്ന ഭാ. Sah. ഭാവം പകരുക of changes in the countenance etc. 4. liking, love, intention. നമുക്കിനി ഭക്ഷണഭാ. ഇല്ല PT. no appetite. പോവാൻ ഭാ. എന്നു കേട്ടു TR. എനിക്ക് ഒട്ടു യാത്രയും ഭാ. ഇല്ല Nal.; ഭാ. നാരീജനേ Bhr. (Loc.)

ഭാവക്ഷയം (3) visible disappointment ഭാ. പൂണ്ടു ചിന്തിച്ചു Nal.; ഭാ'ങ്ങൾ കേട്ടു CrArj. confession of helplessness. [Nal.

ഭാവബന്ധനം (4) love അന്യനിൽ ഭാ. ഭവിക്ക

ഭാവം മനസ്സ് = മനോഭാവം f. i. അവരേ ഭാ. എങ്ങനെ TR. intention.

ഭാവവികാരം change of countenance.

ഭാവശുദ്ധി integrity of character.

ഭാവാനുബന്ധം (4) being inclined towards an object അവളുടെ ഭാ. ധരിക്കയാൽ Nal. ഭാ. വന്നു പോയി I am once bent on it. സിന്ധുരാജങ്കലോ ബന്ധിച്ചു നിൻ ഭാ'ന്ധനം Nal.

ഭാവാന്തരം conversion (christ.).

ഭാവന bhāvana S. (caus. of ഭൂ). 1. Effecting; power of representing to oneself, imagination. ഭാ. തന്നാലേ പൂജ്ജി CG. not bodily, ഭാ. യാലേ വന്ദിച്ചു Bhr. inwardly. In Vēdānta ബ്രഹ്മഭാ. is the realization of the All One, അസംഭാ. its first enemy, the fancy of the difference of things, സംശയഭാ. want of implicit reliance on the Guru, വിപരീതഭാ. the thought of body,
I, world, as if they were realit
ഭാ. കൊണ്ടു തന്നേ സാദ്ധ്യം ഉ
2. reflection, meditation മാ
യിൽ ചേൎന്നു ഭാ. യാലേ ഇ
കേവലയായൊരു ഭാ. തന്നിലേ
confined himself to one meditat

ഭാവി S. (ഭൂ) 1. future; fut. tens
വാക്യം prediction. 2. (ഭാ
expressing a sentiment പ്ര
രിക്ക VCh.—ഭാവിനി S. a

denV. ഭാവിക്ക 1. to represent,
കേട്ടില്ല എന്നു ഭാവിച്ചു Bhr.;
യാതെ PT.; ശോകരോഷാ
Mud. (felt or feigned). കെ
തിന്നായി ഭാ. Mud. act as
yourself!; so neg. കാണാത
believe yourself unseen.—ക
to show fight. രാജാവു ചി
ലേ ഭാവിച്ചു കൊല്ലും though
smile. 2. to assume (=അ
ന്യോന്യവാഞ്ഛിതം കൊണ്ടു
ച്ചു Nal. claimed each the pre
choice. 3. to intend നാ
ഭാവിച്ചിരിക്കുന്നു Nal. സേ
Bhr. (a dog seeking a maste
ഊണിന്നു ഭാവിച്ചു KR. (=ഉ
തിന്നു ഭാവിക്കുമ്പോൾ TR.
സന്ധിക്ക ഭാവിക്കിൽ ChVr.
pare for. ഭാ. വേണ്ട അതിന്
hope for it.

ഭാവിതം part. pass. of prec. (al
ഇതിപ്പോൾ വന്നതും എനിക്ക
for.

CV. ഭാവിപ്പിക്ക f. i. അവൎക്ക
രിൽ ഭാവിപ്പിച്ചീടും Nal. I
them (al. സംഭാവിപ്പി—).

ഭാവുകം S. happy = ശുഭം, സുഖ

ഭാഷ bhāša S. (L. fari). 1. Spee
2. country dialect (opp. Sanscr.
ഭാ. യായി പറഞ്ഞു expressed i
കരി എന്നു ഭാ. ചൊല്ലുന്നതു B
വിധി ഉണ്ടോ ഭാ. യിൽ ചൊല്ലീടാ

ാപ്പത്തി a K.U. in Mal. ഭാ. എന്നൊരു
ാവകത്ത തേടീടൊല്ലാ Chintar. common
ge. 3. M., പാഴ V1. (S. = definition)
, shape, rule ഒരു ഭാഷയിലത്രെ രൂപം
= ഒരു വക). ഭാ. ഇല്ലാത്തവൾ rather
ാ. യാക to be settled, cleared up. ഒന്നും
കയില്ല, കാൎയ്യത്തിന്നു ഭാ. യാസ്സുതാവാൻ
be mended. ഗുരുവിന്റെ പണം ഭാ.
അയക്കാം TR. I will arrange. കാൎയ്യ
ാ ഭാ. വരികയില്ല no improvement (=
). ഭാ. വരുത്തുക to reform, ഉഴവു വെ
ത്തി നിലത്തിന്റെ ഭാ. വരുത്തി VyM.;
ിക്ക V2. to ape.
ക്കേടു want of form or order.
ാരൻ B. an interpreter.
ണം S. talk മധുരഭാ. Mud. — അതുകൊണ്ടു
ായി മററുള്ളവർക്കെല്ലാം Bhr. scoffed.
ഭേദം dialectical difference, provincial
nym, etc.
ഭാഷിക്ക to talk, esp. lightly പൈത
ർ തങ്ങളിൽ ഭാ'ച്ചു നിന്നു CG. എലിയെ
നിഗ്രഹണം ചെയ്യാൽ ജനം ഭാ'ക്കും PT.
joke, mock. ഭാ'ച്ചു പറഞ്ഞു abused. —
ിക്ക V1. to jest.
ass. ഭാഷിതം uttered, speech കല്യാണ
Bhg. നിന്നുടെ ഭാ. Nal.
1. speaking മധുരഭാ. Bhg. 2. talk-
e V1.
ഷിണി f. in Cpds. അല്പഭാഷിണിമാർ AR.
S. a commentary, explanation. ഭാഷ്യവാ
കങ്ങളും കേൾക്കായി SiPu. glossaries etc.
ഭാസ്സ് S. **bhās** (G. phōs). Light ഹാസ
CC. [ത്തു Bhr.
S. a kite or other bird കൃത്രിമഭാ. തീ
ം S. shining മമ ഏളി ഭാ. ചെയ്തീടേണം
a. — so ഭാസമാനൻ UR.
ം S. bright, resplendent അതിഭാ'മായ
ണം Mud. ഭാ'രാംഗി VetC.
ൻ S. producing light, the sun പാകെ
ാ നമഃ RC. ഭാസ്കരൻ രവിവൎമ്മാവു (doc.
കരൻ) N. pr. the king who granted
svappam to the Jews.

ഭാസ്കരാചാൎയ്യർ the astronomer, author of സിദ്ധാന്തശിരോമണി, born A. D. 1114.

ഭാസ്കരസുതൻ VilvP. Yama.

ഭാസ്വാൻ S. shining; the sun, AR.

ഭിക്ഷ bhikša S. (desid. of ഭജ്). 1. Begging ഭിക്ഷെക്കു പോക; ശത്രുവിന്റെ ഭവനത്തിൽ ഭിക്ഷെക്കു ചെല്ലും VyM. (a curse). 2. alms ഭി. ഇരന്നല്ലോ ഭക്ഷണം Anj. ഭി. കൊള്ളുന്ന ജനം VCh. ഭി. തേടുക to collect alms before a temple, paying tithes of them. ഭി. ഏററു നടക്ക Anach. so ചോദിക്ക, ഏടുക്ക, കഴിക്ക; ഭി. കിട്ടിയതെല്ലാം ഭുജിക്ക Bhg. [V1.

ഭിക്ഷക്കാരൻ a beggar, also ഭിക്ഷവാണിയൻ

ഭിക്ഷാപാത്രം, ഭിക്ഷക്കത്തു (mod.) a begging-letter.

ഭിക്ഷാടനം S. going about begging ഭി'ത്തിന്നായാചാൎയ്യരും വരും Sah. (loc. a begging tour). പന്തിരാണ്ടു ഭി. ചെയ്തു KN.

ഭിക്ഷാദാനം S. charity V1.

ഭിക്ഷാന്നം S. food received in charity ഭി. നല്ലൊരന്നം ഉണ്ടു GnP.

ഭിക്ഷാൎത്ഥി Bhg. ഭിക്ഷാശി, ഭിക്ഷു, ഭിക്ഷുകൻ S. a beggar.

ഭിണ്ണൻ bhiṇṇaǹ (aC. biṇ stout, Tu. buṇa pole). Stout, heavy അമ്പങ്ങു ഭിണ്ണരും കൊണ്ടാരുമേനരം RS. the blockhead (Rāvaṇa). ഭിണ്ണാകാരം gross (fr. പിണ്ഡം).

ഭിണ്ഡിപാലം bhiṇḍibālam S. (& ഭിന്ദി —). A short arrow shot thro' a tube = പിന്നെററുതടി RC.; ഭി'ങ്ങൾ ഈട്ടികൾ SitVij. മുദ്ഗരഭി'ലതോമരപാശങ്ങളും DM. etc.

ഭിത്തി bhitti S. (ഭിദ് L. findo, bite). 1. = ഭേദനം. 2. a wall of earth or masonry, partition-wall കല്ലുകൊണ്ടു ഭി. MR. ചിത്രഭിത്തിമേൽ RC., a painted wall. ചിത്രങ്ങൾകൊണ്ടു വിളങ്ങി നിന്നീടുന്ന ഭി. കൾ, നീലക്കൽകൊണ്ടു പടുത്തു ചമെച്ചിട്ടുജ്ജ്വലമായൊരു ഭി. CG. ഭി. ക്കു താഴേ Mud. ആനകൾ ഭി. കുത്തിത്തകൎത്തു Nal. ബ്രഹ്മാണ്ഡഭി. ഭിന്നമായ്പുന്നിതോ Sk. (of a great noise), the firmament അണ്ഡഭി. യിൽ തട്ടി Sk.

ഭിന്നം S. (part. pass. of ഭിദ്). 1. burst, split

ഭിന്നമായി Bhr. (an egg). ഭി'മായൊരു ഏള യോദരാന്തരേ DM. cleft, wounded. — ഭിന്നമാക to tear, scatter (often with ഛിന്നം) to wound, Sk. 2. different, diverse. 3. defeat ഭിന്നം വന്നീടും തവ Sk. 4. Tdbh. (C. ബിന്നഹം=വിജ്ഞാപനം) a petition TR.

ഭിന്നത S. division, sect; schism.

ഭിന്നമതികൾ (mod.) dissenters (Eccl.).

ഭിന്നഹീനാ Bhg. freed from dualism.

denV. ഭിന്നിക്ക 1. to split, be scattered. 2. v. a. to rend ഭൂമിയെ കാൽകൊണ്ടു ഭി'ച്ചു KR.; also to cause difference Vi.

VN. ഭിന്നിപ്പു discord Vi.

CV. ഭിന്നിപ്പിക്ക Vi. to cause discord.

ഭിന്നോദരൻ (mod.) a step-brother, ഭിന്നോദരി a step-sister (having different *mothers*).

ഭിഷക് **bhišak** S. (bhišaj S. to heal). A physician ഭിഷക്കിനെ Mud. വിഷഭി. Bhr. ഭിഷക്കുകൾ Nid.

ഭീ **bhī** S. Fear (= ഭയം).

ഭീകരം S. terrific ഭീ'മായ കായം, അതിഭീ'മാസ്ത്രം VCh.

ഭീതൻ S. (part. pass.) afraid ഭീതരായി നില്ലാതെ CG. ഭീതനാം ക്ഷൌരകൻ PT. അസത്യഭീതനായി KR. fearing to break his promise.

ഭീതി S. fear കൊണ്ടകൈക്ക ഭീതി (opp. ആശ) prov. പ്രസാദം ലഭിപ്പാൻ ഭീ., വെന്തു പോം എന്നോർത്തൊരു ഭീ., മോഷം ചെയ്കയിൽ ഭീ. Bhr. ഭീ. ജ്വരം പിടിപ്പെട്ടു വിറെച്ചു PT.

ഭീതിദലോകം PP. hell.

ഭീമം S. awful അടവി ഭീമമായിരിക്കുന്നു KR.

ഭീമൻ N. pr., also ഭീമസേനൻ Bhr. the 2nd Pāṇḍu prince.

ഭീരു S. timid ഭീരുഭീരുവായുള്ള പേടമാൻമിഴി KR. my most timid wife. ഭീഷണിവാക്കു കൊണ്ടു ഭീരുക്കൾ ഭയപ്പെടും PT. cowards. വീരരിൽ ഭീരുവെ അകറേറണം VCh.

ഭീരുത, — ത്വം cowardice.

ഭീരങ്കി, see ബീ— (T. പീ—). A great gun.

ഭീഷണം **bhīšaṇam** S. (caus. of ഭീ). Frightening മഹാവനം ഭീ. ഭയങ്കരം Nal. ഭണ്ഡിയെ കാൾ അതിഭീ'മായി CG. — അധികഭീഷണനായ കാശ്മീരനാഥൻ Mud. awful. ഭീ
കൾ Mud. threats.

ഭീഷണി 1. a form of Kāḷi.
ഭീ. കാട്ടുക, ഭീ. പ്രകാരമാ
to terrify; esp. of threats ഭീ
ഭീ. കേട്ടപ്പോൾ SG. നിന്നാ
കൂട്ടമോ KR. thy menaces wil

ഭീഷ്മം = ഭീമം S. — ഭീഷ്മർ N. pr.

ഭുക്തം **bhuktam** S. (part. pass. of
enjoyed. ഭു. അവർക്കു കൊടുപ്പതിന

ഭുക്തശേഷം S. orts.

ഭുക്തി S. 1. eating, a meal ഭു.
(necessary). 2. fruition, p
ശം, അനുഭവം f. i. ഭുക്തിക്കാ
ഭോഗികൾ. — ഭക്തരെ രക്ഷി
ചേക്ക Bhr. (= സ്വർഗ്ഗം).

ഭുക്തിശാലാന്തരേ ചെന്നു (2) Mu
dining-hall.

ഭുഗ്നം **bhugnam** S. (part. pass.
biegen). Bowed, bent, curved.

ഭുജ S. the arm; the side of
figure (opp. ഭൂമി the base, &
രണ്ടും തങ്ങളിൽ കൂടുന്ന മേ
തെക്കേ പാർശ്വം, ഭുജാകോ
യോഗം Gan.

ഭുജ S. the arm (curve); ഭുജം
യുക്കു.

ഭുജഗം, ഭുജംഗമം S. a snake (

ഭുജപത്രം, see ഭൂർജ്ജം, a birch.

ഭുജഭവകലം S. Kšatriyas AR.

ഭുജാന്തരം S. the breast, chest

ഭുജിക്ക **bhujikka** S. (see ഭുക്ത
മിഷ്ടഭോഗങ്ങൾ നന്നായി ഭുജി
KR.; ജുവ്വണ്ണം ഉണ്ടായ സമ
കൂടെ ഭു. VilvP. രാമൻ രാജ്യം
ദേശത്തെ ഞാൻ ഭു'ക്കും KR.
2. to eat.

CV. ഭുജിപ്പിക്ക to make to enjo
രനെകൊണ്ടു ഭു. Bhg. വിപ്ര
ഭു'ച്ചു SiPu. വരുന്നവർക്കു
ടേണം KR. നിന്നെ ഭു'ച്ചി
help you to a meal.

(useful), a servant.

anam S. (ഭു). The world ഭുവന
ഏഴു ഭു'ങ്ങൾ KR.

the earth പൃവനികളും എല്ലാം RC.
ഭു. യിൽ KR. ഭു. സ്ഥലം തന്നിൽ
[മപി.

igdom? ഭു. മുടിച്ചും ChVr. [al. ഭുവ
ൻ Lord of the universe ഭു. വിഷ്ണു AR.

(S. bhuvas, 2nd world, sky). The
en the earth & the sun.

. 1. Loc. of ഭു. On earth, Bhg.
. the earth അടൽപൃഥ്വിതന്നിൽ,
ൃഥ്വിയും നട്ടങ്ങും RC. ഭുവിയിൽ ഇറ
tR.

ഭുവികൾ) the earth, ഭൂവാദി അഞ്ചും
elements. ഭൂവിങ്കൽ Bhr.

n earthquake ഭൂമികുലുക്കം.

ചക്രം, — മണ്ഡലം S. the terrest-
e.

— ലോകം S. the earth.

grant of land; burying.

സുരൻ S. a Brahman; f. ഭൂദേവി

mountain.

ൻ, — പാലൻ S. a king, so ഭൂട
ud.

. the burden earth has to bear
പോയിതു ഭൂ. ഇന്നു AR. thro' the
an enemy. 2. B. kingly govern-

V1. inhabitants of the earth,
മ്പലവാസി (loc.).

n S. (part. pass. of ഭൂ). 1. Been,
many Cpds. ഭൂതാരഭൂതരായ (രാജാ
സർവ്വലോകാധാരഭൂതയാം ദേവി DM.
ൻ Bhg. ഭസ്മീഭൂതൻ KR. 2. past
ast tense (gram.) 3. an element
ഭൂതങ്ങൾ നാലേ ഉള്ളു എന്നാകി UR.
ion). 4. a being, ghost, pl. ഭൂതാ
chiefly malignant, also guardian
ന്നു കാക്കുന്ന ഭൂ. പോലെ prov.
demon നാണംകെട്ടവനെ ഭൂ. കെ
ട്ടു) prov. = കോലം.

ഭൂതകണ്ണാടി (3) mod. a microscope.

ഭൂതക്കാൽ V1. a swelled foot (4).

ഭൂതഗ്രസ്തൻ a demoniac = ഉറഞ്ഞവൻ — [ഭൂതഗ്രാഹി (mod.) an exorcist].

ഭൂതത്താൻ (4) a demon, hon. (കരിഭൂ —).

ഭൂതനാഥൻ Siva, as worshipped on the Pāṇḍi frontier in ഭൂതപാണ്ഡ്യം KM.

ഭൂതപ്രയോഗം (4) conjuration.

ഭൂതപ്രേതപിശാചുകൾ ഒഴിയും Tantr.

ഭൂതബലി MC. (— യിൽ ഇടുന്ന അന്നം) & ഭൂതയജ്ഞം V1. sacrifice to demons.

ഭൂതസഞ്ചാരം & ഭൂതാവേശം possession by a demon; ഭൂതാവിഷ്ടൻ, ഭൂതഗ്രസ്തൻ possessed.

ഭൂതസ്ഥാനം a demon temple ചാലിയരെ ഭൂ. jud. = കാവു.

ഭൂതി S. 1. being; riches, prosperity ശക്രമന്ദിരത്തിൻഭൂതി Nal. തന്നുടെ ഭൂ. ഉണ്ടായതിൻ കാരണം CG. ഭൂതിയോടുള്ള ഭൂമി CG. ഭൂതിസംവർദ്ധനം SiPu. creating wealth. 2. ashes, ഭൂ. യായിക്കിടക്ക Brhmd. burnt. 3. M. appetite, longing (V1. പൃതി sense, care) തന്റെ ഇഷ്ടത്തിന്നും ഭൂതിക്കും ഒക്കക്കേണ്ട vu. പഞ്ചഭൂതി Anj. (മൺ — പെൺ—പൊൻ— തിന്മൂതി etc. see പൃതി).

ഭൂതേശൻ S. = ഭൂതനാഥൻ.

ഭൂദാനം, ഭൂപൻ etc., see **ഭൂ.**

ഭൂമി bhūmi S. = ഭൂ 1. The earth. 2. land, estate രണ്ടു മൂന്നു ഭൂമികൾ ഇരിക്കുന്നു ഇതു പൊതിപ്പാട് എന്നു നിശ്ചയം ഇല്ല jud. കററിക്ക പുറമുള്ള ഭൂമി അളന്നു TR. (of പറമ്പു); നമ്മുടെ കല്പനെക്കകപ്പെട്ട ഭൂമി TR. my principality. 3. a place. 4. the base, as of a triangle ഭൂമിക്കു വിപരീതമായിട്ടു ഭൂമിയോളം ഒരു സൂത്രം Gan. (= ലംബം).

ഭൂമികുലുക്കി "shaking the earth." 1. a big gun KU. 2. a bird Copsychus saularis. D.

ഭൂമിജൻ S. the planet Mars, ചൊവ്വ.

ഭൂമിപൻ S. a king CG. = ഭൂപൻ.

ഭൂമിപടം (mod.) a map.

ഭൂയഃ bhūyas S. (Compar. of ബഹു?). 1. More, ദേവസേവാക്രമം ഭൂയോപി കേൾക്കേണം SiPu. yet more. 2. again ഭൂയോപി ഭൂയോപി VetC. =

പിന്നേയും. — ഭൂയാൻ m. larger; ഭൂയിഷ്ഠം S. Superl. most.

ഭൂരി S. (fr. ബഹു?) much, many ഭൂരികളായ സൂരികൾ Anj.; ഭൂരികാരുണ്യവാൻ AR. ഭൂരിലക്ഷ്മീകരം SiPu. ഭൂരിയായിട്ടും സ്വല്പമായിട്ടും Bhg.

ഭൂരുഹം bhūruham S. (ഭൂ). A tree, VetC.

ഭൂൎജ്ജം bhūrjam & bhūrjapatram S. A birch-tree, the bark of which was used for writing, & for winding round the Hooka-snake (vu. ഭൂജപത്രം).

ഭൂഷണം bhūšaṇam S. Decorating; ornament മരുന്നുപെട്ടി വന്നതുകൊണ്ടു വളരെ ഭൂ. ഉണ്ടായി TR. helped to perfect the feast. നമ്മുടെ മാനമൎയ്യാദ പോലെ നടത്തി തരുന്നതല്ലോ കമ്പഞ്ഞിക്കു ഭൂ. TR.; ആയ്ത് ഒക്കയും അങ്ങേക്കു ഭൂ. എന്നുവെച്ചാൽ എനിക്കും ഭൂ. തന്നേ (epist.). ഭൂഷണം പറഞ്ഞാൽ അതും ഒരു ഭൂ. Bhg.

ഭൂഷ S. id. ഭൂഷാദികല്പനം Nal. inventing ornaments.

ഭൂഷിതം S. (part. pass.) adorned, decorated.

ഭൃഗു Bhṛgu S. N.pr. The grandfather of Jamadagni, a Rishi.

ഭൃഗുനന്ദനൻ = ഭാൎഗ്ഗവൻ KM.

ഭൃംഗം bhṛṅgam S. (ഭ്രമ്). A large bee = വണ്ടു f.i. ഭൃ'ങ്ങൾ ഉല്പലത്തിൽ ചാടുമ്പോലെ (good omen), പാടിത്തുടങ്ങിനാർ ചിത്തം തെളിഞ്ഞു ഭൃ'ങ്ങൾ CG. — In compar. നിൻ അപാംഗമാം ഭൃംഗമണ്ഡലി Nal.

ഭൃംഗാരം S. a golden vase കാഞ്ചന ഭൃ'ത്തിൽ തണ്ണീർ എടുത്തു KR.; also ഭൃംഗാരകം Bhg.

ഭൃംഗാരാമം S. a garden for bees; met. വിബുധ ഭൃ'മൻ AR. Rāma who is like a garden for truth-seeking bees.

ഭൃംഗാവലി S. a swarm of bees വണ്ടിനം.

ഭൃതൻ bhṛδaṅ S. (part. pass. of ഭൃ = ഭരിക്ക). Maintained, hired; a servant.

ഭൃതി S. support, wages ഭൃതികൊടുത്തഥ ഭൃതിനയവരും KR.

ഭൃത്യൻ S. to be maintained, a servant ഭൃത്യജനത്തെ അയച്ചു KU. ഭൃത്യപ്പണിക്കു സ്ത്രീയെ ഇരുത്തി TR.

ഭൃത്യത S. servitude.

ഭൃശം bhṛšam S. Intensely, quick
സത്രയം കഴിഞ്ഞു ഭൃശം AR. (near

ഭൃഷ്ടം bhṛšṭam S. (part. pass. of

ഭേകം bhēγam S. (ഭീ?). A frog. T
മൂഷികരന്മാരായുള്ള ഭേകങ്ങൾ PT
വെള്ളത്തിൽ ചാടും Bhg.

ഭേത്താവു bhēttāvu S. (ഭിദ്).
traitor.

ഭേദം S. 1. fissure; division; so
2. difference ഭേദംകൊണ്ടു
ക Nal. to distinguish. നമ്മ
ഭേ. ഇല്ലേ TP. are we not of di
താങ്ങളും അവരും ഒരു ഭേ.
TR. as if you both were one
ല്ലും ഭേ. ഇല്ല Nal. മൎത്ത്യരും
മേ ഭേ. നാസ്തി PT. (with N
ശിവന്മാരിൽ ഒരു ഭേ. നിന
അവനാരേയും ഭേ. ഇല്ല Bhg.
എനിക്കാരും Bhr. I treat all
ference. ഗോചണ്ഡാലാദിഭേ.
ന്ന ഭാവം സിദ്ധിക്കേണം Bhg
kind. 4. change, esp. for t
ഭേദമായിട്ടില്ല, ദണ്ഡത്തിന്നു
നം അസാരം ഭേ. ഉണ്ടു, ദീന
ഭേ. വന്നാൽ TR. ഭേ. വരു
improve. തീൎപ്പു ഭേ. വരുത്തി
the decree (= മാററി).

ഭേദപ്പെടുത്തുക (mod.) to alter,

ഭേദനം S. dividing. ഞാൻ വച
ച്ചപ്പോൾ Mud. succeeded in sowi

ഭേദഭ്രാന്തുകൾ (2) illusions based
rences of things, KeiN.

ഭേദാഭേദങ്ങൾ (3) various items
റെക്ക എടുക്കുന്ന ഭേ. TR. ta

ഭേദി S. 1. breaking. 2. dissolv
മാംസഭേ. digesting. 3. purga
ting; looseness of bowels V1.
ഗ്രാഹി).

denV. ഭേദിക്ക 1. v. n. to be cl
ചം ഭേദിച്ചു വീണു UR.;
പോയ ഭൂശം Bhr.;

ങ്ങൾ ഭേ. Nal.; മേദിനി ഭേദിക്കും KR.
ച്ചു പോക to disagree, be dissolved.
be healed, mended ഇവ ചികിത്സി
ഭേദിക്കും VCh.; പേൎത്തു താൻ പറ
ല്ലും ഭേദിയാ മൂൎഖഭാവം KR. 3. to doubt
പ്പാൻ ഒരുവൎക്കും പേതിക്കരുതായ്യും പ
ന്ദവും നീയേ RC. 4. v. a. to split
ങ്ങളെ ശരങ്ങളാൽ ഭേദിച്ചു KR. ഭവ
ഭേദിച്ചു കളവു ചെയ്തു house-breaking.
ദിപ്പിക്ക f.i. അവരെ തമ്മിൽ ഭേദിപ്പി
എന്നു പുത്രനെ ശങ്കിച്ചു Mud. he fear-
is son might contrive to divide them,
s disunion.

. 1. to be distinguished or changed,
l Vı. 2.= ഭേദനം f. i. ഭേദ്യത്തെ ചെ
ല്ലും ഭേദിക്കയില്ല PT. disunion. 3. M.
re പലപ്രകാരേണ ഹിംസിച്ചു ഭേദ്യം
ച്ചു TR.= ദണ്ഡപ്രയോഗം (like ഭേദി,
ans to dissolve, break any obstinacy).

ri S. A kettle-drum=പെരിമ്പറ, with
ച്ചാൻ Bhr. താക്കി, തല്ലുന്നു, മുഴക്കിച്ചു
ച്ചു ഭേ. അടിച്ചു KR. — also പേരിക Vı.
. ഭേരി കോരും മൊഴിയാൾ, ഉരുപേരി
ചൊല്ലാൾ, ഭേരിമേൻ ചൊല്ലാൾ RC.
ഭം (പൂരിച്ചെണ്ടും CG.) & ഭേരീരവം
the sound of a kettle-drum.

bhēšajam S. (ഭിഷ). Medicine ഭക്തി
ല്ല ഭേ. ഏതും AR.

bhaikšam S. (ഭിക്ഷ്). 1. Begging
ഭൈക്ഷകാലേ കാണാഞ്ഞു Bhr. 2. alms
റു Bhr.

bhairavam S. (ഭീരു, but vu. ഭൈ
വരം anger). Horrid ഭൈ'മായ രൂപാ
ഭരവരസം the emotion of horror, in po.
ൻ S. N.pr. a Sivamūrti, or Para-
ta, riding on a dog (worshipped in
pūja). [ഭൈ. CG.
l S. a form of Kāḷi പൂതന എന്നൊരു
S. (bhōs, Voc. of ഭവാൻ). Ho! ha!
ഭോഭോജ്ജളദ്ദ്യോധന ChVr. Brhmd. fie!

bhōktā S. (ഭുജ്). An enjoyer, pos-
റി രാജ്യഭോക്താവു AR. ruler in fact, not in name. കൎത്തൃത്വഭോക്തൃത്വവും SidD. possession.—ഭോക്തുകാമൻ PR. wishing to eat.

ഭോഗം bhōgam S. 1. (ഭുജ് I.). Fruition, enjoyment അവരോടു ഭോ. ഭുജിക്കുന്നേരം KR.—crop, produce. 2. the right of possession f. i. of hunting Vı. any part of a house or estate belonging to the Janmi. മേഹഭോഗം a yearly present given by the tenant on കട്ടമനീർ f. i. 10 cocoanuts, 1 jackfruit, 1 bunch of Arecas, 1 plantain bunch. രാജഭോ. etc. 3. hire, price of a woman Vı. 4. (ഭുജ് II.) a snake's body & expanded hood.

ഭോഗപാത്രം genitalia.

ഭോഗഭൂമി 1.= സ്വൎഗ്ഗം. 2. a happy land (opp. കൎമ്മഭൂമി).

ഭോഗശീല = കാമിനി; ഭോഗസ്ത്രീ = ഭോഗിനി.

ഭോഗാഭിലാഷം sensuality ഭോ. എന്തിങ്ങനെ AR.

ഭോഗി S. (1) luxurious, a sensualist ഭോഗികൾക്കു മോക്ഷത്തിന്നിച്ഛയില്ല Bhg. (4) a serpent ചന്ദനക്കുന്നിൽനിന്നിറങ്ങുന്ന ഭോഗികൾ CG.

ഭോഗിനി f. a concubine. — (see ബോയി).

ഭോഗിസത്തമൻ (4), ഭോഗീശൻ Bhr.= സൎപ്പരാജൻ.

denV. ഭോഗിക്ക to enjoy (നാരിയെ KR.).

ഭോഗേച്ഛ love of pleasure ഭോ. വിട്ടു Bhg.

ഭോഗ്യം S. fit to be enjoyed; usufruct.

ഭോജൻ bhōjan S. (ഭുജ്). Liberal; N.pr. a king of Ujjaini.

ഭോജനം S. eating ഭോ. കഴിഞ്ഞൊഴിഞ്ഞൊഴു പോകരുതു Bhr. food; a meal of rice etc.

ഭോജനപ്രിയൻ a glutton, gormand.

ഭോജ്യം S. edible, victuals. അന്നാദിഭോ'ങ്ങൾ ഭുജിപ്പിച്ചു Bhg.

ഭോഷൻ bhōšan & **പോഴൻ** (aC. bōḷa, C. Tu. bōra, C. Te. bōḍa hornless, bald, shorn). Fool ഐമ്പതു ഭോഷന്മാരുടെ മുമ്പനാം വമ്പൻ KumK. a great fool. മന്നവന്മാരെ ചെന്നു സേവിക്കുന്നവൻ ഭോ. Nal. — fem. ഭോഷിണി po. ഭോഷത്തി Arb.

abstr. N. ഭോഷത്വം folly. ഭോ. ആയതെനിക്ക

Bhg. I was a fool. ഇത്തിരയും പോഴത്തം ഉണ്ടോ എനിക്ക TP. (അറിവില്ലാത്തവന്റെ പോഴത്തം & vu. — യ — prov.) — also ഭോഷത്തരം B.

ഭോഷം a local feast, chiefly of the 4th night after a Brahman's marriage.

ഭോഷത്തല loc. a block-head.

ഭോഷ്കു bhōšku (see prec. & പൊയി. In S. ഭോഷ്കാരം wind from behind). Lie ഭോഷ്കുണ്ടോ കി PT.; സൈരന്ധ്രി എന്നൊരു ഭോ. പറഞ്ഞു Nal.; തവ കീൎത്തികൾ ഒക്കയും ഭോഷ്കെന്നുള്ളതു നിശ്ചയം KR. — ഭോഷ്കല്ല truly (inserted anywhere f.i.) നിന്നാണ ഭോഷ്കല്ലേതും Nal. ആ ഭാരം ഭോ'ല്ല നിണക്ക മുഴുത്തു പാരം CC.

ഭൌതികം bhauδiγam S. (ഭൂതം). Appertaining to demons or elements; a long trumpet; V1.

ഭൌമം bhaumam S. (ഭൂമി). Terrestrial ഭൌ. എന്നിരിക്കിലും VCh. — also ഭൌമ്യക്കൂലി Nasr. earthly reward.

ഭ്രംശം bhrahmšam S. Falling, as from a dignity സ്വസ്ഥാനഭ്ര. വന്നുപോം Bhg.= പാതിത്യം. denV. ഭ്രംശിക്ക, part. pass. ഭ്രഷ്ടം.

ഭ്രമം bhramam S. (S. bhram, L. fremo). 1. Whirling, flying about & humming of insects. — In med.= ചുഴല്ച Asht.; കാലചക്രഭ്ര. പാൎത്തുകണ്ടാൽ Bhr. 2. straying, error ഭ്ര. വരുമാറു KR. so as to mislead the pursuer. 3. perturbation, confusion of mind അസാരം ഭ്രമമായിരിക്കുന്നു TR. somewhat deranged (=ബുദ്ധിഭ്ര.). മാനസേ ബാഹ്യാന്തരഭ്രമഹീനനായി Brhmd. (thro' Yōgam). ഭ്ര. കൂടാതെ fearless. 4. surprise, stupor.

ഭ്രമ (S. ഭ്രമി) whirling പെരിയ കാലചക്രഭ്രമയിൽ ഉഴന്നീടും, ജനിമൃതിഭ്രമയും ഒഴിയും KeiN. (read ഭ്രമി).

ഭ്രമണം S. whirling V1.

ഭ്രമരം S. a bee.

denV. ഭ്രമിക്ക 1. to stray, wander about അങ്ങുമിങ്ങും ഭ്രമിച്ചു PT.; മഹീചക്രം ഒക്കഭ്രമിച്ചവർ Nal.; to revolve as a wheel. 2. to be stupified ഭ്രമിക്കയും അരഞ്ഞാണം പറിക്കയും MM. (symptoms of delirium). അതിന്നാരും ഭ്രമിയായ്ക Bhg. let none despair. 3. to
be amazed. ആദിത്യൻ എന്ന
wondered at it as if it was t
be biassed, charmed അവൻ
കൊണ്ടു താല്പൎയ്യക്കാർ ഭ്രമിച്ചു
to fall in love with മാണിക
ഭ്രമിച്ചീടും; കത്തും ഭ്രമിക്കുമാ
ങ്ങൾ Sah. desire. അവളെ ക
CV. ഭ്രമിപ്പിക്ക to stupify, astounc
രോരുത്തരെ പറഞ്ഞു ഭ്ര'ച്ചു MI

ഭ്രഷ്ടൻ bhrašṭaǹ S. (part. pa
Fallen, degraded സ്ഥാന-, ജാതി
outcast. രാജ്യഭ്ര'നായി deprived
home. ഭ്ര'നല്ലാത്തവനെ പുറത്താ
കൂട്ടത്തിലാക്കി രക്ഷിക്കയും Sah.

ഭ്രഷ്ടം (part. pass.) 1. fallen. 2.
loss of privilege പ്രജകളെ
ഭ്ര. ചെയ്യാൻ TR. to destroy t
vu. ഭ്രഷ്ടു f.i. അതിനാൽ ഭ
no loss of caste. അമ്പലങ്ങ
TR. defiled.

ഭ്രഷ്ടത excommunication, degra

ഭ്രാജിഷ്ണു bhrājišṇu S. (ഭ്രാജ് =
fulgeo). Bright, splendid.

ഭ്രാതാവു bhrāδāvu S. & ഭ്രാതൃ
ഭ്രാത്രീയം S. fraternal.

ഭ്രാന്തൻ bhrāndaǹ S. (part. of
ing, confused. 2. mad; also
dēvata ഭ്രാന്തജഡബധിരാന്ധമൂക
രിച്ചു Bhg. walking with the mad
etc., the highest സന്ന്യാസം.

ഭ്രാന്തി 1. S. whirling, error,
ഭ്രാ. etc. ജലസ്ഥലഭ്രാ. Bhg.
is water where none is to be f
(loc.) a mad woman ഭ്രാന്തി
ച്ചി (better ഭ്രാന്ത, ഭ്രാന്തമാൾ).

ഭ്രാന്തു Tdbh. delirium; madness.
മറക്കയും പിരാന്തു പറകയും
ഭ്രാ. പറയുന്നതു തിരം Tantr.
go mad. ഭ്രാന്തുണ്ടാവിക്കു എന്ന
CG. പുത്രഭൎത്താവെന്നുള്ളോരു
absurd notions. — Hence ഭ്രാ
ളിപ്പം (loc.) madness.

'anda മാളികമെലങ്ങൾ ഭ്രൂ. തളരെ [GP. (തേൻ 484).

naram S. (ഭ്രമരം). White honey

ŀ. ophrys). An eyebrow ഭ്രൂചലനാ

ഭ്രൂ സംഭാവനം ചെയ്തു AR. = പുരി

also ഭ്രൂസംജ്ഞ.

ഭ്രുകുടി S. a frown.

ഭ്രൂലത an eyebrow (കലചില്ല 275).

ഭ്രൂണം bhrūṇam S. (ഋ). The foetus, embryo ഭ്രൂണഹരരുടെ പാപം KR. (also ഭ്രൂണഹാ). — ഭ്രൂണഹത്യയും ചെയ്തു Bhg. to produce abortion.

മ

MA

.ounced where വ is original (അതി വണ്ണം; മിന fr. വിന; മണ്ണു & ice versa (മന്മുരി, മിഴങ്ങുക). Initial r dialects also represented by ന ൽ, മൊഴി).

1. Tdbh. of മഘ. The 10th constelulus). മകമാം നാളന്ന KR. മകം prov. 2. a feast shortly after Γ. aM. Tdbh. of മഖം a sacrifice ിചിനാലേ മകങ്ങൾ നൂറുടയവാ ›leased as with 100 sacrifices.

ṇi & മോണി The last dwarfish e plantain bunch. (T. മോണം = or fr. മക, മകൻ).

ṅ 5. A son, vu. മോൻ TR. മകൾ ; pl. മക്കൾ children (esp. sons .തം Bhr.); com. ആൺ —, പെൺ the young of animals ആനകളും ക്കളും കൂടി VilvP.

യം, (Tdbh. of ദായം) the right of nherit, as distinguished from മരു മം, f.i. ഞങ്ങളുടെ മാർഗ്ഗം മക്കത്തായ മുകന്നു MR. (a Mussulman).

:ാർ are Nambūδiri, Paṭṭar, Emissaδu̥, Iḷayaδu̥, Tangaḷ, Nambiḍi, Veiśyaǹ, Nambiachaǹ, Chākyār, Piḍāraǹ, Poδuwāḷ, Viḷakkattarankolli, Mūtta Cheṭṭiyaǹ, Kam'andaǹ, Īḻawar, Cheṙumar. Some , Jēḍar, Kaikōḷar, Kaṇiyāǹ; Tīyar Kaḍattuwanāḍu & Travancore).

നം title of some barons, as of Rāja under Kōlatiri KU.

മകയിരം mayairam & **മകയിഴ്യം** (S. മൃഗ ശീർഷം). The 5th constellation, head of Orion. മകീരം മുന്നൽ നടന്ന കന്നിയിൽ (astrol.).

മകരം mayaram S. 1. A marine monster, horned shark? 2. a sign of the zodiac (മ. വന്നാൽ മറിച്ചെണ്ണേണ്ട prov.), Capricornus മകരത്താൻ (hon.). 3. the 10th month (Jan. Febr.) കന്നി വിളയും മകരവിളയും TR. the crop of January. So മകരപ്പുഞ്ച & മകരപ്പു 689, also മകരം വിള നെല്ലു മൂന്നു പോയി; മകരഞാററിൽ (doc.); മകരസംക്രാന്തി കഴിഞ്ഞിട്ടത്രെ മുളക പറിക്കേ ണ്ടും മയ്യാമ ആകുന്നു MR.

മകരകേതനൻ S. = കാമൻ & മകരധ്വജൻ.

മകരക്കുഴ a kind of earring ഇരിഭാഗം ചുമ ലിൽ അടിഞ്ഞൊരു മ. KumK.; the same appears to be മകരക്കുഴലിണ CC. Anj. (fish shaped?).

മകരതോരണം S. a wreath carried on poles.

മകരത്തുറാവു No. B. a shark.

മകരന്ദം S. the nectar of flowers ചന്ദ്രമകരന്ദ ഹരിചന്ദനം ChVr. പൂമ്മാം മഞ്ഞനീർ CG.

മകരാക്ഷൻ S. blue eyed or large eyed? മകര നെടുന്തടകണ്ണി, മകരമൈക്കൺ തന്റെ നി ശാചരൻ RC. — a Rākśasaǹ AR.

മകരാലയം S. the sea, Brhmd.; also ഭയങ്കരിയാ യ മകരി AR.

മകരീവ് Ar. maghrīb, Sunset; evening prayer, 8¾ Nāḻiγa after അസ്സർ. — com. മഹരിബ്.

മകാം Ar. maqām, A station, holy spot or tomb ആ മകാമിന്റെ അകത്തു Ti.

മകിഴുക mayiḻuγa T. aM. To rejoice (C. Te. nagu or C. Te. Tu. maguḷu, to turn topsyturvy). മനവും മകിഴ്ന്നു & മകിഴ്ന്നു RC. അലിഞ്ഞു മകി

നാവൻ, കാമാനുസരണത്തിനൽകൊണ്ടു മകിഴ മാറാം അനുഭവസുഖം ആനന്ദമാകുന്നു KeiN.

മകിഴ് മരം S. മകരം Mimusops elengi.

മകുടം maγuḍam S. (& മു—). 1. A tiara, crown മ. ചൂട്ടും AR.; met. വനങ്ങൾക്കും ഭുവി തനിക്കും മ'മായിരിന്ന പഞ്ചവടി RC. 2. a flat summit = മുകൾപരപ്പു.

മകുടമണി S. a crest-jewel, fig. കുലമ. Nal. the highest ornament of his tribe. മകുടശിഖാമണി V1. a honorific title.

മകുരം maγuram S. & മു — A looking-glass.

മക്ക Ar. & **മക്കത്തു** (also മക്കം നകർ Mpl.) **Mecca**; Western മക്കത്തിനു പുറപ്പാടാക, മക്കത്തു കപ്പൽ വെപ്പിച്ചു KU. മക്കത്തു് ഓടിക്ക.

മക്കച്ചോളം maize.

മക്കി Arabian, in സുന്നമക്കി, മക്കിച്ചെലസ്സ് waist-ornament with a tube; മക്കിപ്പൂ wormwood.

മക്കം makkam (Te. Tu. C. maggam) A Eur. loom.

മക്കത്തായം, see **മകൻ**.

മക്കന Ar. **maqna'**, A veil മ. ഇട്ടു നടക്ക.

മക്കൾ pl. of മകൻ, മകൾ; prob. from മക C. a child. see മകൻ.

മക്കണം PT. = മക്വണം.

മക്രൂ Ar. **makrūh**, Suspected, what is neither halāl, nor harām.

? **മക്ലോടൻ** ശേർ A Seer used in Wayanāḍu & the neighbouring districts of Malabar; 2 മ. = 1 കാപ്പാടൻ or ഒത്ത ഇടങ്ങാഴി or 1¼ ഇളയതു (1 ഇളയതു = 2 Calicut Seers).

മക്വണം makvaṇam S. A bug മ. ഒളിച്ചു PT.

മക്ഷിക makšiγa S. (L. musca). A fly മ. പോലെ KR. മക്ഷികൾ പാടുന്ന പാട്ടു പോലെ CG.

മഖം makham S. (മഹ cheerful). A sacrifice മഹിതമാം മ. തുടങ്ങി CC. മഖത്തെ ചെയ്യിച്ചു KR. മഖശാലയിൽ Bhr. (= യാഗം fr. മഘം?).

മഗധം maġadham S. South Behar, the native country of Buddhism.

മഗധൻ S. a bard മ'രുടെ കഥയിൽ തച്ചി വാരാഞ്ഞു Nal.

മഗ്നം maġnam S. (part. pass. of മജ്ജ്). Immersed. മുഖം മഗ്നരൂപമാക VyM. absorbed, as by distress of mind. നയനജലേ മ'നായ്ത്തീണു BR. അഗ്നിയെക്കണ്ടു മോഹിച്ചു ശലഭങ്ങൾ മഗ്നരായഗ്നിയിൽ വീണു; ആനന്ദമ. AR.

മഘം magham S. 1. A gift (മം).

മഘവാൻ S. Indra.

മങ്ക maṅga T. M. (C. Te. Tu. mank
dullness = മങ്ങുക). A young, pl
coquet, also മങ്കച്ചി, pl. മങ്കമാർ
കുടം മങ്കമാരായി പിറന്നാൻ SiP
മാമലർമങ്ക, പങ്കജമങ്ക Lakšm
Pārvati.

മങ്കിതം MM. see മങ്ങിതം.

മങ്ക B. chaff, blighted ears.—
stunted rice, eaten parched =
ല q. v. —(or fr. Port. manco,

മങ്കമക്കാപ്പൻ (CrP.) A kind o

മങ്കലം, see **മൺകലം**.

മംക്ഷു S. & **മക്ഷു** Ved. (L. m

മംഗലം maṅgalam S. 1. Prosp
ജന്മം എടുക്ക VilvP. good caste.
കലന്ന രത്നങ്ങൾ Mud. = ശുഭം;
സൌഖ്യാദിയില്ലാത്ത മ'ൻ Sah. (
ത്മാവേ AR. (Voc. m.), മംഗ
2. welfare. മ'മസ്തു VilvP. farew
കല്ലോ എന്നേ വേണ്ടു, മംഗലമാ
പ്പൂണ്ടോർ CG. So മ. ക്രൂക to
പൌരന്മാർ മംഗലവാദം ചെയ്യു
ത പോലെ KR. blessings, acc
പാടുക to conclude a song w
good wishes. 3. joyful solem
മ. കഴിക്കേണം അവൾ GnP. (
or കറിക്ക SiPu. (= മംഗല്യം).
places, so ചേറമംഗലം, താമം

മംഗലകർമ്മം 1. = ശുഭകർമ്മം. 2.
മിപൻ തന്നുടെ മ. CG.

മംഗലക്കാർ guests at a marri
പ്രസ്ഥം വെക്ക, മംഗലവാദ്യം

മംഗലപുരം, മങ്ങലൂർ N.pr. M
ലോരത്തു മിക്കകളിൽ TR.

മംഗലപ്പായി No. a long narrow
wedding guests sit. മ. വി
പ്പായി.

മംഗലപ്പാല = ഏഴിലമ്പാല Echit
scholaris Rh. generally used
wood is required for a seat in

'or the ornamental pillars on solemn ions.

ത്രം 1. the nuptial string with the (=ചരടു), പുത്രിക്കു മ. കെട്ടിനാൻ SiPu. ceremony of tying it round a girl's

സ്ത്രീ a married woman.

ാനി S. inauspicious മ. കളം ഉന്നിമി ൾ Brhmd.

ാളു = മംഗല്യം 1. CG.

. a large earthen pan, huge jar or r V1. മങ്ങലിക്ക പൂളി വെക്കുന്നു പോ ov. 2. a musical instrument.

S. 1. auspicious മാംഗല്യജാലങ്ങൾ തി ിന്നങ്ങുമേ CG. & മംഗലഹേതുക്കൾ the best auspices. അഷ്ടമ'ങ്ങാട്ടം eight blessings or auspicious articles ഷ്ടമ. വെച്ചു before a guest. മ'മാ ചകി CG. happy. 2. the marriage ശേഷമുള്ളവരെ മ. കഴിവാൻ TR. for viving princesses. മ. പോകരുതു Sil. not become a widow. മ. കെട്ടുക, ചേ ാവ്വ്തിക്ക മ. അണെച്ചു കണ്ണിട്ടി കഴി ം Sk. 3. the ceremony of begging r the first meal of an infant = നെല്ലി

ധാരണം (2) Bhr. the tying of മംഗ സൂത്രം, marriage.

ൻ S. happy. മ'ചതികളും സുന്ദരി R. happy or married.

ത്രം S. = മംഗലസൂത്രം; മംഗല്യസ്ത്രീ തീർന്നു Anach. = മംഗലസ്ത്രീ.

ം മംഗലി.

pr. m.

ṅṅāḍu N. pr. A fief (മൺകാടു?), ാട്ടനമ്പി, മങ്ങാട്ടച്ചൻ, മങ്ങാട്ടരാരി ൻ the hereditary minister of Calicut, ain of 12000 Nāyars (a കിരിയം) KU.

ṅṅuγa T. M. (from മഴ, മാഴ് Te. ṅku, see under മങ്കു). To grow dim, സൂൎയ്യനും മങ്ങിനാൻ KR. മങ്ങിക്ക mp). മങ്ങിയനിറം faded. നേത്രങ്ങൾ മങ്ങിപ്പോടങ്ങി Nal. (love-sickness). ഭയംകൊണ്ടു നേത്രം മ. ChVr. — fig. എന്മനം മങ്ങുകയാൽ CG. obscured, confused.

മങ്ങാതേ with undiminished brightness. മ. ഉള്ള സുവൎണ്ണങ്ങൾ Mud. fine gold coins. മങ്ങാതേ നിന്നു പോർ ചെയ്യും Mud. = തളരാതേ. — മങ്ങാത്ത പുത്രർ Bhr. excellent, splendid boys.

മങ്ങിക്ക rather freq. than CV. ഭക്തികൾ മങ്ങിച്ചതു കണ്ടു Bhg 6.

മങ്ങിതം No. (So. മങ്ങൽ VN.). 1. dimness, fainting light, cloudy sky, also മങ്ങതം, മങ്ങൂഴം & മങ്ങുഴം (prov. T. മങ്കലം & — ളം), loc. 2. aM. മങ്കിതം purulent matter. മറിയാസ്സിൽ മങ്കിതവും ചോരയും നീരും വരും, നീരും മ'വും ഒഴുകി ഇരിക്കിൽ, മ'വും ചുക്കിലവും രക്തവും ഉണ്ടാകിൽ MM.

മങ്ങ് Palg. a kind of tares growing in rice-fields (ചേറുകണ്ടം) when not under water.

മഴകം mašaγam T. aM. (C. Te. Tu. dimness, anger = മയക്കം). മഴകറവരെത്തു RC. = മയക്കം എന്നിയേ.

മച്ചം maččam 5. (Tdbh. of മത്സ്യം; also മെച്ചം). 1. A little piece of gold kept for a sample മ. എടുക്ക, നോക്കുക, വാങ്ങി. 2. So. a pattern, മ. പിടിക്ക to take a model, sketch, plan of anything B.

മച്ചകം maččaγam (മച്ചു). A house or room with boarded ceilings മ'മാക്കി നാലു പുരകളും പണിതീൎത്തു GnP. ഇച്ഛതിരണ്ടു മ. CG.

മച്ചമ്പി So. (മൈ + തമ്പി?). A brother-in-law.

മച്ചി mačči (T. മൈ barren, as പച്ച fr. പൈ Tu. bajji, C. banje fr. വന്ധ്യ). A barren woman പെറുവാൾ ഉണ്ണുന്നതു കണ്ടു മച്ചി കൊതിച്ചാൽ കായ്ക്കുമോ prov. പെറാത്ത മച്ചി vu.

മച്ചിയാർ title of മന്നനാർ's mother.

മച്ചിങ്ങ B. a withered fruit; or = മെ — V2.

മച്ചു maččŭ T. M. C. (Te. C. attachment, intimacy). 1. A boarded ceiling; apartment secured with stones to keep valuables V1. മ. പടുക്ക, ഇടുക, വെക്ക to ceil, board. 2. an upper story, മച്ചുമ്പുറം B. space above the ceiling. 3. B. a rough kind of creeping plant.

മച്ചം മാളികയും 1. upper stories, fine rooms ഭവനത്തിനു മ. ഒന്നും ഇല്ല MR. സ്വപ്നം കാണുന്നതു മ. prov. (opp. ചാള). 2. stately appearance അവന്റെ മ. നോക്കുക കുടിപ്പാൻ വെള്ളം ഇല്ല vu.

മച്ചുനൻ maččunaǹ T. M. (T. maittunan, C. meiduna, Te. marandi). The son of an uncle (mother's brother) or of father's sister മച്ചിനൻ Pay., മച്ചൂനൻ vu.

മച്ചുനൻപണം bridegroom's fee to the cousin of the bride. [cousinship.

മച്ചുനബന്ധം മരിച്ചാലും മാറുകയില്ല prov. first

മച്ചുനിച്ചി daughter of mother's brother or father's sister, regarded as the proper bride for her cousin.

മജ്ജ majja S. (fr. ഉജ്ജ?). 1. The marrow of bones & flesh മാംസം പൊളിച്ചിട്ടകമേ നെയ്യുള്ളോ മ. ആയതു Nid. (2 നാഴി in the human body). 2. pith, sap തൈലം വൃക്ഷത്തിന്റെ മ. VCh. ലന്തക്കുരുവിലെ മ. GP 69. — pl. മജ്ജാവുകൾ VCh. (fr. S. മജ്ജൻ). — (see മഞ്ജ).

മജ്ജനം majjanam S. (L. mergo). Diving, bathing, sinking ലജ്ജയാ കടലിൽ മ. ചെയ്തു PT.; fig. അവനിൽ മ. ചെയ്യുന്നതല്ലും CG. = is merged in him.

മജ്ജനശാല = കുളി — & കുളിപ്പുര a bath.

മഞ്ച mañja (compare മഞ്ചി). 1. A great oil-trough (a coffin V1.), പത്താഴവും മ. യും ചെല്ലവും Anj. അംഗുലീയം അടയാളമായി ഭണ്ഡാരമ. യിൽ വെക്ക Mud. into the treasure box. 2. a sluice; large hole in old trees മ. യായി, മഞ്ചപ്പെട്ടു പോക trees to rot, become hollow. 3. a trap എലിമ.; also മഞ്ചിക കെണിക്ക V1. to entrap. കള്ളിക്കൊണ്ടു മഞ്ച ചമെച്ച a. med.

മഞ്ചം mañjam S. 1. A bedstead മഞ്ചോപരി VetC. തൂക്കമ. a swinging cot. രത്നസിംഹാസനവും രത്നമ'വും KR. a sofa? 2. a scaffold, platform, ഓരോരോ മ'ങ്ങൾ പൃഥും ചമെപ്പിച്ചു CG. (for a spectacle). പൌരന്മാർ എല്ലാരും മ'ങ്ങൾ ഏറിനാർ CG.; മ. കരേറുക Nal. the dais. 3. an elevated shed of watchmen in cornfields.

മഞ്ചക്കഴുക്കോൽ a kind of rafter

മഞ്ചണിക്കുന്ന ഓൽക്കോൽ part loom.

മഞ്ചൽ Ar. **manzil.** 1. A stage, d 2. (fr. മഞ്ചം?) a light kind of li

മഞ്ചാടി mañjāḍi 5., also മഞ്ചാടി of the Adenanthera pavonina, grains, used as goldsmith's weigh മ. കന്നി CS. മ. യിട for weighi മ. നിറം കൊള്ളും ചെമ്പോരിപ

മഞ്ചാരി (= മൺചാരി). No. wood ed to door-frames, വളകമ. anot

മഞ്ചി mañji T. M. Tu. (also വഞ്ചി of boat, single-masted Pattimar trade, holding 10 — 40 tons, Por

മഞ്ചിക 1. So. a large basket.

മഞ്ചു mañju 1. = മഞ്ചി f.i. മ TR. 2. = മഞ്ഞു.

മഞ്ചെട്ടി mañjeṭṭi T. M. (S. മ Manjith, Bengal madder മ. ക

മഞ്ചേരി N. pr. A village, once a Mal. corps. മ. യിലെന്തിന്നു മ prov. for casual acquaintance.

മഞ്ജ mañja (S. ?) Foam അല. പതിച്ചു Cr.Arj. (fr. മജ്ജ? rathe — In a print: അംശം തന്നെട

മഞ്ജരി mañjari S. 1. A pearl (G. m nosegay, flower-bunch പൂങ്കൊ of a poem. [

മഞ്ജീരം mañjīram S. An ankl

മഞ്ജു mañju S. (Te. mañci fine, g

മഞ്ജുതരം എന്നും ഉര ചെയ്തു ChV

മഞ്ജുഗീതം Bhg.

മഞ്ജുളം S. pretty, chiefly of s വാക്ക Bhr. — വാണി Bhg.

മഞ്ഞ maňňa (fr. മഞ്ഞൾ). Yello colour.

മഞ്ഞക്കച്ച = മഞ്ഞച്ചില formerly by Muckuwar & Mugayar w

മഞ്ഞക്കുരു the yolk of an egg.

മഞ്ഞക്കാണി the gift of a fath taking a special job V1.

rahmans) 1 = മഞ്ഞനീരാട്ടം 1.
ളി.
ind of fish.
h dipped or dyed in turmeric.
low colour.
rmeric water. 2. water mix-
vers given as token of the dis-
freehold (പൂവും നീരും), or of
. കുടിപ്പിക്ക to adopt, മ. ചീട്ടു
f adoption. 3. vomited water,

ം (1) 1. a ceremony peculiar to
day of a Brahman marriage.
സക്കളി of Brahminichis (5th);
tion for Goddesses f. i. in Koḍu-
for Pārvati, in Koḍumbu for
th day), etc.
golden oriole MC.
oanut-milk with turmeric &
n to new-born infants Vı.
e yellow flag of a MahārājaVı.
kind of jaundice.
yctanthes Arbor tristis.
rmeric powder.
Trav. = മഞ്ഞച്ചീല worn by
ōṇam (loosing colour).
aḷ (T. Tu. mañjaḷ). 1. Indian
ma longa, turmeric GP 76. also
ട്ടുമഞ്ഞൾ dried). 2. yellow dye
ാ CG.—Kinds: കസ്തൂരിമ. Curc.
മ. Bixa orellana (from Ameri-
. Curcuma xanthorrhiza GP.
diseases (മരമ’ളിന്റെ വെള്ളം),

urn yellow നേത്രം മ’ച്ചു വരിക
ം മ’ച്ചുള്ള നീർ VCh. water vo-
രം മ’ച്ചിരിക്ക = പീതത Asht.
T. C. Te. mañju, aM. മഞ്ചു).
. പെയ്യുക (& അടിയുക No.).
കൊണ്ടു TP. ആദിത്യനെ കണ്ട
ntr. 2. snow മഞ്ഞാർ കുന്നിന്മ
. മഞ്ഞു കട്ടിയായുറെക്കുന്നു Bhg.

മഞ്ജുളമാകും ശ്ലോകാൎത്ഥം Mud., Tdbh. of മഞ്ജുളം q. v.

മട maḍa T. M. (C. Te. maḍu). 1. A hollow, hole as of snakes, rats എലിമടയിൽ പുക്കുകൊൾവിൻ Bhr.; കട്ടവാമലമ്പുലി കൂട്ടം മട Anj. the cave of. 2. a sluice, flood-gate. 3. the name of different Iḍangāḷis പതിനാറാം മട or പാട്ടഇടങ്ങഴി by which the Janmi is paid, holding nearly 5 Nāḷi, പതിനെട്ടാം മട = വില്ക്കുന്ന ഇ. bazar measure of 4 Nāḷi, ഇരുപതാം മട = ചെലവിടങ്ങാഴി by which servants are paid, little above 3 Nāḷi. 4. a fold of cattle മടവെക്ക to fence in a piece of ground Vı.; മടകൂട്ടുക, മടയിൽ കൂട്ടുക to bring cattle into the fold.

മടം maḍam (S. മഠം). 1. A Brahman college; = ഊട്ടുപുര Vı.; a Brahman house പട്ടരെ മടത്തിൽ കടന്നു TR. 2. a king's palace (മാടം); a public office in Trav. 3. T. C. Tu. Te. stupidity (= മഠം? or as മട്ടു blunt).

മടപ്പള്ളി Royal hunting lodge മ. ചെല്പാൻ പിശകിവന്നോരോ പട്ടത്തുള്ളവൻ ചമച്ചു KR. മ. അച്ചൻ TP. a minister of Cochin.

മടപ്പാട്ടു a domain, royal farm; king's granary Vı. 2.

മടപ്പുര a house with a kind of temple തീയന്റെ മടപ്പുരെക്കൽ നേൎച്ചക്കായ്ക്കൊണ്ടു പോയി TR.

മടങ്ങുക maḍaṅṅuγa 5. 1. To be bent, മുന മ. KR.; to be folded ഇടത്തെക്കൈ അല്പം മടങ്ങി shrunk, bent. 2. to double up, return മടങ്ങിപ്പോയാലും മഹാജനങ്ങളേ KR. ഞാൻ മടങ്ങിപ്പോരാം (in company), നീ നാളെ മ. പ്പോരേണം = വരേണം. മ. പ്പോകാം (by myself). മടങ്ങിച്ചെല്ലുക a., (said of a person) = പോകുന്നു. b., ഞാൻ മടങ്ങിപ്പോന്ന സ്ഥലത്തിൽ തിരികേ പോക I go to a place a 2d time. മടങ്ങി back even with v. a. മടങ്ങി അയച്ചു MR. (better മടക്കി). 3. to return defeated, to retreat മന്ദനായി നിന്നു മടങ്ങുന്നാൻ CG. ashamed. മുടങ്ങി കൈകാലും മടങ്ങി വ്യാധിയും KR.; മടങ്ങാത്തത് എന്തു TR. why not give up your claim? ഭോഷ്കുപറഞ്ഞാൽ മ. യില്ലെടോ Mud. I shall not yield. ഒട്ടകം വരുവോളം മടങ്ങാത്തു രണ്ടാം ബുദ്ധിലക്ഷണം PT. മടങ്ങിയതും ഇല്ല TR. would not desist.

CV. മടങ്ങിപ്പിക്ക to cause to turn back (f.i. from evil ways).

മടങ്ങു 1. a fold. 2. a turn അറുമടങ്ങേവന്ന ചിനം വളൎന്നുതേ, അതിൽ എണ്മ. വലിയ RC 6., 8 times. മുന്നേതിൽ മുമ്മ. നല്ലതു (epist.). മടങ്ങിച്ചു id., ഇരിമടങ്ങിച്ചു RC.

VN. I. മടക്കം 1. folding. 2. return ഇങ്ങോട്ടു മ. എപ്പോൾ vu. അമ്മടക്കിങ്ങു മടങ്ങി, മടക്കത്തിന്നു തരാം; മ. തൊഴുതില്ല TP. farewell audience. തിരുമേനി നോക്കി മ. തൊഴുതു പോരികയും ചെയ്തു TR. മ. എഴുന്നെള്ളി TP. went back. 3. discomfiture എല്ലാ മൃഗങ്ങൾക്കും ഇതിനോടു മ. MC. are worsted. 4. a golden necklace (clasped) ഇളക്കം മ. SiPu. മ'വും തിളക്കവും = ആഭരണം.

v. a. **മടക്കുക** 1. To fold, plait, bend കൈ ഒട്ടു മടക്കിപ്പൊങ്ങിക്ക for receiving liquids. 2. to turn back, give or take back കടികൾക്കു നാണിയം മ. TR.; മടക്കിത്തരുവിക്ക jud. to order to give back. മടക്കിഅയച്ചുടുകയും ചെയ്തു TR. sent back. എടുത്തുവെച്ച കാൽ മടക്കിവാങ്ങാതെ KR. മുതൽ മടക്കി വാങ്ങും jud. will demand back the deposit. പോയ കൂട്ടത്തെ മടക്കിക്കൊൾവാൻ CG. I bring back. ത്യജിപ്പാൻ കാരണം പറഞ്ഞു എന്നെ മടക്കേണം Nal. take back. The Inf. adv. ആനകഴുത്തു മടക്കപ്പോന്നു TP. returned on the elephant. 3. to overcome. പണി മ. to execute the commission. നിന്റെ പട തട്ടിമടക്കിക്കൊള്ളേ, പൊരുതു മ. TP. (= സമൎപ്പിക്ക). പടയെ, മാററാനെ മ. Bhr. KU. to rout; also to silence, refute, perplex.

CV. കൈക്കൂലി കൊടുത്തു നമ്മെ മടക്കിക്ക ആകുന്നു jud. succeeded in thwarting me.

II. മടക്ക 1. a fold, bent മൂന്നു മടക്കുള്ള ശില V2. 2. a joint, knuckle, limb കൈയിന്റെ മ. MR. the wrist.

മടക്കുകത്തി, മടക്കത്തി a clasp-knife.

മടക്കുപുടവ double cloth, at marriages.

മടക്കുമസ്സ a cake of sugar & rice-

മടക്കുവാതിൽ a folding door.

മടക്കെഴുത്താണി a folding style

മടക്കോല a folded leaf; a letter
ക്കു എഴുതി Brhmd. DN. a
tion — മ. ക്കാരൻ a letter-ca

മടന്ത madanda T. aM. C. (മടം 3
woman (of 19 years T.) മടന്തയ
RC. പൃമ. മണ്ണാമൻ RC. Viśṇu.
wild yam.

മടമ്പു madambu M. (aC. Te. m
ടക്ക 2.). 1. The heel മടമ്പൂന്നി
ടപ്പാറുന്നു med. walking on the h
edge, the back of a knife (= മാ
the metal heel of a musket.
മ്പു Bhg.

മടയൻ madayaṅ 1. T. So. A st
ടം 3). 2. who has a sort of
മടപ്പുര etc. No.

മടയുക, മടച്ചൽ (V1. a palm-
fold, braid — see മി—, മു—.

മടൽ madal T. M. Tu. (Te. C. m
palm-bough, see മട്ടൽ. 2. a ca
as for thatching ഓരായിരമടി
വില TR. (in 1796). പാമ്പുമ
ലോല എടുപ്പിച്ചു TR. (an arbitra
husk of a cocoanut, coat of jack
അടൎത്തുക to peel such. മ. തേങ്ങ
nut entire — മടൽപോടു (പോടു 7
യം stupid.

മടവ madava (T. മടവി fr. മട
grown woman, say of 25 years
ന്വിൽ RC. before Sīta; pl. മട
വിൽ, മടവയൎകലം, മ'രുടെ മ
വു മുഴുത്തുള്ള മടവാർ VilvP. മട
വാൻ CG. മടവാർപിള്ള മക്കള
ണം Mpl. song. = women & chil
മടവി a servant girl (= ഇരിക്ക
മഞ്ഞാൽ വീട്ടിലെ അമ്മയാമ

മടവാൾ B. Tirtala (contr. മടവ
Weṭṭ. a hatchet, small axe.

മടി maḍi 5. (= മടങ്ങു). 1. Fold.

which hangs loosely from the girdle.
ക്ക to seize by the waist. മ. യിൽ വെ
put into the pocket. മ. യിൽ കനം ഉ
ല വഴിയിൽ ഭയം ഉള്ളു prov. 3. the
om മാതാവെക്കണ്ടു മടിയിൽ കരേറി
al., മകനെ നന്മടി തന്നിൽ ചേൎത്തു
യിൽ എടുത്തുവെച്ചു Bhg. (=തുത്തുട
ത്തി), അടക്കയാകുമ്പോൾ മ. യിൽ
prov. തിരുമടിയിൽ ഇരുത്തി KU. to
one's own son, as Rājas did to gener-
4. backwardness, aversion, shame
ചൊല്വാൻ മ. ഉണ്ടടിയനു Sah.; സേ
ന്നാലും എത്രയും മടിയത്രെ Mud. repul-
നിയും ജനനിജഠരം പൃവാമനോ മ. ഉ
; പ്രാണനെ ത്യജിപ്പാൻ ഇങ്ങൊരു മ.
no hesitation. മടിക്കൂടാതെ PT. at once
യെ VetC. — കഴിമടി 280.

to be backward, averse ഞങ്ങൾ അ
മടിച്ചില്ലല്ലൊ CG.; കാലക്ഷ മ. യില്ലേ
PT.; പേടികൊണ്ടു ഇതു മടിച്ചിതു നി
Bhr. would not grant thy request.
doubt, despond സാദ്ധ്യമാസ്സുരാ എന്നു
ല്ല മടിക്കുന്നു VilvP. മനം മടിച്ചു KR.
grow tired, lazy.

ത without fear or doubt, with all the
, unreservedly.

(2) the girdle-knot, cloth tucked in
e waist ഒരു കൈ കഴുത്തിനും ഒരു
മ'ത്തിനും പിടിച്ചപ്രകാരം കണ്ടു jud.
Pišārodi, Vāriyaǹ, Nambi, Teyambādi, Māraǹ, Poδuvāḷ, Kūttunambi, Attikurichi, Uṇṇitiri, Erādi, Vaḷḷōdi, Nedungādi, Veḷuttēdaǹ, Chāliyaǹ; Tīyaǹ (No. & Trav.)

മരുവകം S. (മരു). Vanguerіa, & an Ocymum മരുവകതരുക്കൾ Nal.

മരുവുക maruvuγa T. M. (= മരുങ്ങുക). 1. To become familiar; fondle, embrace V1. 2. to abide വാനവർപുരി മരുവിനളോ RC. has she gone to heaven; പുക്കമരുവി sat. 3. poet. auxV. സുഖിച്ചു മരുവീടിന കാലം Nal. = വസിക്ക, ഇരിക്ക, മേവുക to be. ആ ഉദിപ്പു തന്നാ പു ഴന്നു മരുവുന്ന സുഖം Bhg.

negV. മരുവലർ (1) enemies Bhr., also മരുവലാർ RC. & മരുവാർ കാലൻ RC.

മരുൾ marul T. M. C. Te. (മഴ = മയക്കം). Frenzy, possessedness, evil spirit മ. എന്നു തോന്നും Pay. മ. ഇല്ലവർക്കു Mpl. no fright. — hence മരിൾ, മെരിൾ.

മരോട്ടി marōṭṭi & **മരവെട്ടി** V1., **മരവെട്ടി** B. Hydnocarpus pentandra Rh., the oil-bearing fruit in a wooden shell: മ. യെണ്ണ കണ്ണുജിൽ, പാലോട്ട കൂട്ടുമ്പോൾ മരണമം GP.

മൎക്കടം markaḍam S. (മരം or മറി കടക്ക). A monkey മൎക്കടപ്രവരൻ AR. മഹാമ'ത്താൻ SiPu. hon.; മൎക്കടാലങ്കൃതൻ, — ലംബനൻ AR. Rāma as the ally of monkeys.

മൎജ്ജൂൻ E. margin മ'നിൽ ചേൎത്തു.

മൎത്ത marta 1. (Ar.?) A simile, explanation മ. പറക. 2. Syr. Lady മൎത്ത മറിയമ്മുമ്മാ CatR.

മൎത്ത്യൻ martyaǹ S. (മർ). Mortal, man.
മൎത്ത്യജന്മികൾ AR. mortals.
മൎത്ത്യജന്മാൎത്ഥം ലഭിച്ചു Bhg. the object of human [life.
മൎത്ത്യപ്പുഴ worm of a man. — മൎത്ത്യാധമൻ KR.
മൎത്ത്യദ്രോഹം ചെയ്തു പോക KU.
മൎത്ത്യേന്ദ്രനാഥത്വത്തും Sah. a prince.

മൎദ്ദനം mardanam S. 1. Pounding, കാളിയമ. CG. Bhg. bruising the serpent. ലങ്കാമൎദ്ദനം AR. 2. rubbing, grinding, mixture, ingredients.

മൎദ്ദളം S. A drum, Tdbh. മദ്ദളം.

denV. മൎദ്ദിക്ക S. to bruise, maltreat; grind

down. എലിയുടെ ചോരയിൽ രസം മ'ച്ചാൽ Tantr.—fig. നാരിമാരുടെ ചിത്തങ്ങളെ മൎദ്ദിപ്പിച്ചിട്ടവരെ വശമാക്കി Bhg.

മൎമ്മം marmam S. (മർ & മറ?). 1. Vital member, mortal or dangerous spot ശരീരത്തിന്നു നൂറേറഴു മ. ഉണ്ടു (കൈ രണ്ടിന്മേലും 2×11, കാൽ രണ്ടിലും 2×11, വയററിന്മേൽ 3, മാർ 19, പിമ്പുറത്തു 14, in പൃണെല്ലു, കഴുത്തു, തല 37) MM. കട്ടമെക്ക മീതേ മ. ഇല്ല, പശു കുത്തുമ്പോൾ മ. നോക്കരുതു prov. ജന്തു മൎമ്മണി നോക്കി ബാണങ്ങൾ പ്രയോഗിച്ചു, മ'ങ്ങളെ നോക്കി കടിച്ചു Bhg. മ'ങ്ങൾ തോറും മുറിഞ്ഞു Bhr. felt wounded all over. മ'ത്തിന്റെ എണ്ണ a. med. 2. a secret രാജ്യത്തിന്റെ മ'ങ്ങളെ ഉപദേശിക്കുന്നവൻ VyM. മ'ങ്ങൾ ഞങ്ങളോടു പറഞ്ഞാൽ എന്തു ഫലം Bhr. മ'മായുള്ള നൎമ്മങ്ങൾ ഓതി CG.

മൎമ്മഭേദി S. hitting the vital parts.

മൎമ്മമണി S. 1. a treatise on മൎമ്മം MM. 2. a remedy for wounds മൎമ്മാണി തൈച്ചു, വെണ്ണയിലരെച്ചിട്ടുവെച്ചു കെട്ടി TP.

മൎമ്മവികാരം S. acute pains as from a wound.

മൎമ്മസന്ധി S. union of joints പരിമൎശിച്ചു മ. തോറും CC. all over.

മൎമ്മി B. concealing a secret.

മൎമ്മിക്ക to act spitefully. മ'ച്ചു പറക; മ'ച്ചു കുടിക്ക to vie with others in drinking.

മൎമ്മോപഘാതം S. = മൎമ്മഭേദനം Nal.

മൎമ്മോപദേശം S. teaching secrets, esoteric doctrine Bhg.

മൎമ്മരം marmaram S. Rustling sound പത്രമൎമ്മരിതം Bhg.

മൎയ്യാദ maryāda S. & **മരിയാദ** KR. vu. (= മരിയാത്തു, മറിയാത്തു?) 1. Limit, boundary. 2. custom, rule of society മ. പിഴയാതേ നടത്തുക Bhg. ശ്രുത മ. യും ബ്രാഹ്മണാചാരവും KU. (also മേൽ മ. യും കീഴ് മ. യും). ഇണങ്ങുമ. V1. local usage. കുറുമ്പ്രനാട്ടേ വസ്തുത കീഴ് മ. യിലുള്ളതു TR. the old system. ജാതിയിലുള്ള മ. പോലേ നടക്കം, മ. പോരും വണ്ണം conformably to caste rule. മ. പറക to expound the law. 3. propriety, decency, civility മ. കെട്ട നരൻ മുഖത്തിങ്കൽ മിഴിക്കയില്ല സജ്ജനം KR. പെണ്ണും പിള്ളയെ മ. കെടുക്ക TR. to ravish, dishonour. 4. customary present. സ്ഥാനം വന്നാൽ വ
ട്ടയിൽവന്നു കോലത്തിരിയെ ക
കൊണ്ടു പോകേണം TR. from
ന്നിയെ കൊന്നുള്ള നായൎക്ക് മ. എ
കർ മ. തരാഞ്ഞു TP.

മൎയ്യാദം customary മലയാളത്തില

മൎയ്യാദക്കാരൻ well behaved, cour
അട്ടത്താവൻ a barber No.

മൎയ്യാദക്കേടു (see 3.) impropriety,
മ. കാട്ടി TR. മ. ചെയ്തു TP. im
അന്ന്യായങ്ങളും മ'ടും ചെയ്തു TR
nically.

മൎയ്യാദസ്ഥൻ MR. a person of c

മൎയ്യാദാനുക്രമം V1. justice.

മൎയ്യാദാപൎവ്വതം S. the 8 mounta
boundaries, Bhg 5.

മൎശനം maršanam S. (L. mulce
handling.

മൎഷണം maršaṇam S. (മറക്ക
enduring — മൎഷിക്ക = ക്ഷമിക്ക.

മറ maṟa 5. (മറു). 1. A screen, sh
സ്ത്രീകൾക്ക മാറിൽ മറ ഇല്ല An
ന്ന് ആൾമറ കെട്ടുക MR. a wal
മറ പറവുക, പെടുക V1. to hi
യത്ത് ആട്ടുക to drive away. മ
to be buried. എറത്തിളക്കിലോ
യത്തു Bhr. ശവം മറ ചെയ്തു to
പോക, മറെക്കിരിക്ക to ease
മറയിൽ ഇരുത്തിച്ചോൻ TP. m
to live in retirement. 2. a sec
കൂടാതേ പറഞ്ഞു ChVr. openly.
ച്ചാർ മറകളും AR. മറകളെ വി
നാന്മറകളും KeiN. മുനിവർ
പ്പൊരുൾ RC.

മറക്കലം (3) a Brahman's pot, p

മറക്കാതൽ (3) = വേദസാരം CG.

മറക്കാർ a king's body-guard.

മറക്കുട an umbrella carried as sc
caste women, കൈക്കുടയും മ
പറിക്ക Anach. to degrade s

മറക്കുഴി So., മറപ്പുര (മറപ്പള്ളി b
a privy.

ങ്ങൾ, see പൊരുൾ, f. i. മറകളുടെ മ'ളു
അറിവതിന്ന ചതുരൻ Bhr.
(3) Brahmans, മാമറയോർ Bhr.
ണം (3) studying the Veda ഷഡംഗം
ൻ മ. ചെയ്യാൽ KeiN.
റയുക 1. To disappear ധൂളിയാൽ
ംബം മറഞ്ഞു Bhr. മറഞ്ഞു തപസ്സ് എ
;. vanished, so ധൎമ്മം മറഞ്ഞു AR. എണ്ണു
കളഞ്ഞു Anj. 2. to hide oneself കടി
യപ്പെട്ടു മറഞ്ഞു നില്ക്കുന്നു TR. ഓടി
കാൾ തിങ്കളേ നീ CG. hide thyself
hu! — With absol. case കാട്ടു മറഞ്ഞു
n ambush. വാതിൽ മറഞ്ഞുനിന്നു VetC.
പ്പും മറഞ്ഞുനിന്നു വെടിവെച്ചു TR. from
tree.—With Loc. ശിലയിങ്കൽ മറഞ്ഞു
VilvP. വാനിൽ മറെന്നു RC. നിന്നി
മറഞ്ഞിരുന്നീടുവാൻ AR. sink into
o evade my looks.
വു shelter, cover, concealment തെളി
കാഴ്ചും കേവലം മറവായിവരുവാൻ
to hush up or make a muddle of it.
റെക്ക 1. To hide, conceal, screen.
റപ്പാൻ a cover for the breast, upper
With double Acc. രാജനെ അതു മറ
ad. hid it from the king. മോക്ഷങ്ങൾ
(opp. ഗ്രഹണം ഗ്രഹിപ്പിക്ക) Bhr. to
2. to bury = മറചെയ്ക.
പ്പു, മറപ്പു a coverlet; shelter, protection.
m T. aM. (മറു). Disagreement, war
ക്ക് ഇലങ്കവേന്തൻ RC. —
laravas, the T. tribe of warriors.
rakka 5. (മറു). 1. To forget മറക്കാ
പറയേണം, മതി മ. prov. ചിത്തം മ.;
എന്നു Bhr. how forget. തന്നെത്താൻ
o be delirious. തന്നെയും കൂട മറന്നാൻ
a love, anger, Bhr. തന്നെത്താനും മറ
ിണു RC. wounded. സൌഖ്യകാലത്തിൽ
മറക്കൊല്ല KR. don't forget thyself.
മറന്നറങ്ങുന്നവർ Bhr. മറക്കാതെ ചെയ്തു
nsiderately (Bhg. has മറവാതെ & മ
റാതുയോ). 2. v. n. to be forgotten,
from the mind സ്നേഹവും മറന്നിതോ

Nal. ക്രീഡകൊണ്ട് എന്നണ്ണിക്ക വിശപ്പു മറന്നിതോ SiPu. Esp. with പോക f. i. പഠിച്ച ശാസ്ത്രം മനസ്സിങ്കൽനിന്നു മറന്നു പോകട്ടേ KR. (= മറയുക). നിന്നോടു മറന്നു പോയോ; പറഞ്ഞത് ഒന്നും മറന്നു പോല്ലേ TP.

VN. I. മറതി forgetfulness, അരണെക്കമ. prov.
മറതിക്കാരൻ forgetful.

മറപ്പാൽ to be weaned പിടിച്ചതു മറന്നിട്ടു മറന്നതു പിടിക്കും മുമ്പേ വശമാക്കേണ്ടത് എല്ലാം വശമാക്കേണം prov.

CV. മറപ്പിക്ക to cause to forget അതു ശിക്ഷിച്ചു മാററി മറപ്പിച്ചു Bhg 7. തന്നെത്താൻ മ'ക്കും മഹിരാമദം Bhg 11.

VN. II. മറവി = മറതി, failing of memory.

മറൽ maṟal T. aM. = മറം, മറതി, Death; hence:
മറലി the God of death, Yama മ. തൻപുരം അടയാതോർ, മ. പ്പുരം പുകന്തനൻ RC.

മറാഷ്ടകം TR., better **മാറാട്ടി, മഹാരാഷ്ട്രം.**

മറി maṟi T. C. Tu. aM. (Te. maraka, fr. മറു)
1. Offspring, the young of animals, a colt V1. ചെമ്മറിയാടു. 2. a young deer പുള്ളിമാൻ മറിപേടയും KR. 3. a turn, fresh start, corner മ. തീൎക്ക (see below); a side f. i. കന്നിന്റെ അങ്ങേമറി No. the other or opposite side, പുഴ നീന്തി ന. മ. വെക്കട്ടേ TP. sweep of the arms; time = വട്ടം; എത്ര മ. vu. അമ്പതു മ. തൊഴുക RS. 4. a shift, turning round or inside, deceit. കന്നിനും തോക്കിനും മ. ഇട്ടിരിക്കുന്നു spoilt the sport by charms. 5. B. autumn. 6. = മറിച്ചൽ tumbling in play.

മറിക V1. (Te. C. = മരവി) a bullock's load.

മറികടക്ക (3) to jump over.

മറികടൽ the rolling sea മ. വന്തു RC.

മറികണ്ണൻ squint-eyed.

മറിക്കന്നി Convolvulus pes-capræ.

മറിച്ചുഴിവു hair naturally curled, a whirlpool.

മറിതീൎക്ക (3) to mark the dimensions of a building കോയിലകത്തിന്നു മ'ക്കു KN. ചതുരവും മറിയും തീൎക്ക to fix regularly & horizontally.

മറിമാൻ (2) a swift deer ചാടുന്ന മ'നിൻ മാംസം KR. പുള്ളിമറിമാനും വെണ്മഴുവും Sil.

of Viṡṇu മ. കണ്ണാൾ RC. മ. കണ്ണികൾ CC. girls with doe's eyes.

മറിമായ HNK. & മറിമായം (4) versatility, as of a God; twists & mazes; deceitfulness. മ. കാട്ടുക to delude.

മറിമായൻ Viṡṇu മ'നെ അറിഞ്ഞുകൊള്ളേ [RC.

മറിമായക്കാരൻ Kṛšṇa; Nāradaǹ, met. a slanderer & ഇന്ദ്രജാലക്കാരൻ.

മറിയൻ shifting, untrustworthy V1.

മറിവാതിൽ (4) a trap-door.

v. n. മറിയുക T. M. (C.=മറുക). 1. To turn back, turn over. മറിഞ്ഞുനോക്കി AR., പിമ്പനാക്കം ഒന്നു മ'ഞ്ഞു നോക്കി SiPu. looked back. മറിഞ്ഞു വീണു MR. fell over. മറിയേണ്ടിയിരുന്നു I was on the point of falling. കൃഷ്ണൻ കയ്യിൽ മറിഞ്ഞു തുടങ്ങിനാർ KumK. went over to Cr. 2. to be upset വലിയ കാര്യം മറിഞ്ഞു പോമ്മുമ്പേ വളരേ പിടിച്ചു തിരിച്ചു കൊള്ളേണം KR. തോണി മറിഞ്ഞാൽ prov. കല്ലായി മറിഞ്ഞു പോം TP. will be changed into a stone. 3. to turn over & over മീൻ കടിച്ചു മ.; കടിച്ചുമ. coitus of cats. To tumble heels over head, to roll കീഴ് മേൽ മറിയുംവണ്ണം Bhg. കീഴ്മേൽ മറിഞ്ഞു വരുന്ന തിരകൾ SiPu. — Chiefly of the rolling sea കടൽ ഇളകി മറിയുന്നു AR. സമുദ്രം കലങ്ങി മ. Sk. ആറുവെള്ളം പെരുകി മറികയാൽ മാർഗ്ഗങ്ങൾ മുട്ടി KR. അബ്ധിതന്നടുവിൽ മറിയുന്നവർക്കു HNK. weltering, floundering. ലോകങ്ങളും തലകീഴായ്മറികിലും KR. തെന്നൽ ചന്ദനക്കുന്നിന്മേൽ ചാല മറിഞ്ഞിട്ടു നിന്നു CG. the breeze rolling over the ghats.

VN. I. മറിച്ചൽ 1. turning over, returning, tumbling heels over head. 2. rolling; turning topsy-turvy. 3. deceit.

II. മറിവു 1. change. പഴേ നടെക്ക മ'വും പിഴയും വരാതെ KU. infringement. 2. rolling, tumbling. 3. confusion, deceit ഇപ്പാട്ടു കേട്ടാലറിയാമെന്നെല്ലാം മറിവുകൾ Mud. മറിവോടു AR. cunningly.

v. a. മറിക്ക 1. To turn upside down. ഓല മറിച്ചും തിരിച്ചും നോക്കി TP. reading a startling letter. ജലേ മ. CC. to throw, to welter. ശാപ
വാക്ക് ഞങ്ങൾക്കു നേരേ മറിച്ചിന
CG. was reversed in our favour.
നേരേ മറിച്ചായിതു് ഞങ്ങൾ മൂലം C
is falsified by our treatment. ചി
ച്ചും വരും VyM. in inverted order
മറിച്ചായാൽ VyM. in the contrary
ളക്ക to measure across. 2. to t
ജ്യം മ'ച്ചു കൊടുപ്പാൻ TR. to give
ഇങ്ങേപ്പുറം മ. to reconquer. മ
prov. don't count a 2nd time;
even as conjunction മ. താൻ
ലോ KU. but if (on the other
the purchaser. 3. to attack, ar
മറിച്ചിട്ടു, അവനെ പിടിച്ചു മ. T
found, deceive. മറിച്ചും തിരിച്ചും
varicated.

VN. മറിപ്പു 1. an upset. മ'പ്പിലു
തിരിപ്പും മ'ം പറക subterfug
മ'പ്പിൽ പോയി imprisoned V

മറിപ്പൻ a kind of cholera = നീ
ർകൊമ്പൻ, S. വിഷൂചിക, as
duced by the landwind മ.
No. മറിപ്പന്നായ മരുന്നു a. me

CV. മറിപ്പിക്ക: കരുസി മ'ച്ചു T
bring back.

മറു maru 5. 1. Other; next; be
Cpds.). 2. secondines കട്ടി പി
പിറന്നിട്ടില്ല No., പശു പെറു മ
3. distinguished from the rest,
mole, wart കതിരെക്ക ഒരു മറു
വറും വരുണൻ RC. മറുവില്ലാ
spotless.—fig. അവന്റെ മറു
ഴോ No. = കൊതി he is greedy fo

മറുകടം debt paid to one person
with another.

മറുകടിഞ്ഞൂൽ (vu.—ഞ്ഞിൽ) No. t

മറുകര the other shore മ. കാണ
Chintar. to see no escape.
പ്രാപിക്ക KR.
വൻ KR. = പാരഗൻ. — മ.
cloth from the eastern coast

മറുകാൽ 1. a prop. 2. another v

മറുകു maṟuγu T. aM. 1. A street വിണ്ണലർ മറുകെങ്ങു മറുകും വണ്ണം RC. 2. V1. = മറു 3.

മറുകുക T. M. C. Te. to flounder, welter (= മറിയുക). തീയിൽ കിടന്നു പൊരിഞ്ഞു മറുകിയും UR. ഉള്ളിൽ ഉണ്ടൊരാന്നു കിടന്നു മ'ന്നു Mud. to fret. ചിന്തപൂണ്ടു മ'ന്നു മാനസം KR. കേണു കിടക്കുന്ന പേഴാമ്പൽ പോലെ വീണു മ. CG. ഉടൽ ഉരുകി മറുകി AR. from extreme pain. മനം ഉരുകി മ. മരുവുന്നു Mud. perplexed, distracted. ജശോദാസികൾ മ. Bhr. പേടിച്ചു മ. Brhmd.

CV. മൃഗാക്ഷികളെ മറുകിച്ചു HNK. to disappoint, distract, drive to despair.

3): മറുകുടി a house given to a newly married pair V1.

മറുകുന്നു the other hill (huntg.).

മറുകര B. relapse of small-pox.

മറുകറി an answer. മ. എഴുതുക a reply V2.

മറുകഴിക്കാണമൊത്താല MR. a deed of under-tenancy.

മറുകൂട്ടം a fellow-servant. മ'ം പിള്ള a fellow-writer B.

മറുകൂറർ RC. foes.

മറുകൈ 1. revenge. 2. an antidote അതിന്നു മ. ഇല്ല = പ്രതിക്രിയ.

മറുക്ക T. M. 1. To resist, ചൊൽ മറുക്കുന്ന പിടിയാന KR. disobedient. കല്പന മറുത്തു നടക്കെ TR. അച്ശന്റെ വാക്ക മറുക്കാതെ KR. ഭക്തിയെ മറുത്തൊന്നു പറഞ്ഞീടൊല്ലാ BR. don't speak against. ഗുരു മ'ത്തു ചൊല്ലീല്ലാ ഉരെക്കും ഉത്തരം KR. to forbid. മറുത്തുരചെയ്തു AR. to refuse. നൃപൻ നിന്നെ മ. യില്ല, വെറുത്തു ചൊല്ലിനാൽ ഭൂപനെ മറുത്തു KR. മറുത്തു നില്ക്ക to face the enemy. ജഗത്തുകൾ എല്ലാം മ'ക്കില്ലം KR. to oppose; with Soc. എന്നോടു മ. V1. മറുതുരങ്കി, മ. പ്രവൃത്തി a counter-mine, മറുത്തുത്തരം V1. contradiction. 2. to rebel കോട്ടയത്തു രാ[illegible] കമ്പനിയോടു മറുത്തിരിക്കുന്നവരെ അ[illegible] TR. പ്രതിപക്ഷത്തിലുള്ളവരിൽ ചിലർ മറു[illegible]ിഹാവരും Mud. will change sides (= മറിച്ചു). [illegible] to lay a wager മറുത്തു കെട്ടിക്ക; മ. പറയുക to [illegible]use.

VN. മറുക്കൽ, മറുപ്പു opposition, refusal.

മറുചട്ടം കെട്ടുക to reform (a law).

മറുചാൽ ploughing across.

മറുജന്മം transmigration.

മറുതല the opposite party ഞങ്ങൾ നിനക്കു മയായി CG. മ. കൾ Bhr. the opposite armies. മറുതലക്കാരൻ an adversary = മാറ്റാൻ, പ്രതിയോഗി.

denV. മറുതലിക്ക to oppose, tease.

മറുതാക്കോൽ a false key മ. കൊണ്ടു (or ഇട്ടു) പൂട്ടു തുറന്നു MR.

മറുതിരം = മറുകര; മ'ത്തു ചെന്നു Bhr.

മറുത്തരം (better T. മാറുത്തരം) answer വരിക സുന്ദര മ. KR.

മറുദേശക്കാർ MR. of another land, so മറുനാടു V1.

മറുനായി (3) a weasel (loc.)

മറുനാൾ the next day; preceding day = മറുദിനം KR.

മറുപക്ഷം the opposite party or opinion.

മറുപടി reply ഈ എഴുതിയതിന്റെ മ. വന്നാൽ, ഇതിന്റെ മ. എഴുതി അയക്ക TR.; also മറുവടിക്കത്തു TP.

മറുപണയം a counter-pledge.

മറുപത്ഥ്യം a secondary, lighter regimen.

മറുപനി relapse of a fever.

മറുപാടു 1. the other side. 2. again മ. പിറക്ക, മ. പിറവി എല്ലാം കഴിഞ്ഞാൽ Nasr.

മറുപാട്ടം the counterpart of a lease or deed executed by a tenant to promise a certain rent MR 209. 212. (see പാട്ടച്ചീട്ടു). പറമ്പിന്റെ മ. jud.

മറുപിരി B. a male screw.

മറുപിറവി transmigration.

മറുപിള്ള (2) the after-birth (with men).

മറുപുറം the other side. മ'ത്തു പോക Bhr. to change sides. അവനെ മ. ഇട്ടസ്യയയാ Bhg.

മറുപോർ revenge.

മറുഭാഗി B. an opponent.

മറുമതക്കാരൻ Anach. of another religion.

മറുമരുന്നു an antidote to allay the effect of any medicine.

മറുമാറു (3): തിരുമ. Bhr. Kṛṣṇa's spotted breast.

മറുമാസം the past or next month.

മറുമുഖം an enemy; strange woman; മ. നോക്ക to commit adultery.

മറുമുടി a wig T.

മറുമുലക്കാരൻ V1. a pedlar, trading with another's capital.

മറുമൊഴി an answer മ. ചൊല്ലി KR.

മറുരാജ്യം TR. a foreign country.

മറുരൂപം change of form.

മറുവാൎത്ത V1. a verbal answer.

മറുവില V2. a ransom.

മറുവില്ലാത്ത CC. unique.

മറുവിളി an echo. മ. കേട്ടു TP. the cry.

മറുശീമ MR. another land.

മറുസംഘം an internal feud കുറുമ്പ്രനാട്ടു മ. ഇല്ല KU.

മറെക്ക, see after **മറയുക**.

മററം mattam So. Low ground near a river; a meadow.

മററു mattu T. M. (C. mattu) obl. case or amplification of മറു. 1. Other മററു പലതും TR. മറെറാന്നാക്കി പരിഹസിക്കിലും GnP. to caricature. മററാരാലുമേ AR. എന്നോ മറേറാ വല്ല സംഗതികളും വിചാരിച്ചു MR., വല്ലവരെ കൊണ്ടോ മറേറാ എന്നെ വലിപ്പിക്കും MR. or in some other way. ആ വീട്ടിലോ മറേറാ somewhere else. സൎക്കാരിൽനിന്നോ മറേറാ etc. മററന്യഭൎത്താവെ തീണ്ടാതെ SiPu. 2. adv. besides മറെറന്തിനേക്കാളുമേ മോക്ഷം വരും AR. ഇല്ല മററന്യക്ഷേത്രം Brhmd. 3. moreover ഉററാരെയും മ. പെററാരെയും പിന്നെ ചുററമാണ്ടോരെയും CG. then. പുത്രൻ എന്നാലും മ. മിത്രം എന്നാലും PT. സഖ്യന്മാരോ മ. ദ്വേഷ്യന്മാരോ DM. (C.=and, or).

മാററന്നാൾ 1. after tomorrow, whereas പിറേറന്നാൾ is: next day; മ. & മററാൾ വരിക നീ SiPu. 2.=മറുനാൾ also the day before V1.

(epist.) TR.

മററപടി moreover; used like: ഇനി ഒക്കയും

മററവൻ m.,—ൾ f. the other, & മററയവൻ.

മററിയാതി=മററജാതി otherwise ഞങ്ങളാൽ മ. വരികയും ഇല്ല TR.

മററും 1. etcetera. മ. പദാൎത്ഥങ്ങൾ and the other requisites. അരിം നു നാലും മററും TR. & from e 2. and then.

മറേറ (T. മറൈറ) as മ. പേരു people. മാററവരെ 1. acc. pl 2. (വര) in another direction

മാററതു n. the other. ആസനം കാണിക്കും KR. obscene gestu keys (=കാണിക്കരുതാത്ത മ

മല mala 5. (മൽ). 1. A mountain കന്ന f. i. മാമല Himālaya & Mēr വിലപമാമല. 2. raised land, h ലനാട്ടു, മലയം); in N. pr. f. i. മല which lives or is found in mount മലഞ്ചെരട്ടു, മലയിഞ്ചി etc. (see

മലക്കം (T. shaking) standing up ing the head backwards, B.; ട്ടം or മറിച്ചൽ No.

മലക്കാരി a deity of Kuṙichiars.

മലങ്കര Malayāḷam KU.

മലങ്കത a rivulet (doc.)

മലങ്കറി vegetables.

മലങ്കിളി, മലന്തത്ത a small par

മലങ്കുറവൻ (Mantr.) a tribe of

മലങ്കൃഷി hill-cultivation.

മലങ്കൊഴുമ്പു B. a cultivated val

മലം malam S. (G. melas). 1. Dir മ. ഇളക്കുക to purge. മ. ശുദ്ധിക Nid. മ. പിടിത്തം V1. obstipatio ത്തുവാൻ Nid. to stop the evacu cretions of the body. മുമ്മലം (= ക്ലം) swallowed by accomplishe arrack & arsenic; പണ്ടമ. ക്രി ഏഴു മ. as ചെപ്പി, ശ്ലേഷ്മം, പീ ശ്ശൂഘം, മൂത്രം, പുരീഷം; al. 12 defilement. ഉകലിമലം ഉള്ളിൽ story to guard the heart agains tions of this age. Bhr.

മലദ്വാരം S. anus.

മലബന്ധം S. costiveness.

മലബാധ S. inclination to go to [illegible]

S. മ'[illegible]കൾ വിസ്സ Bhr. (from fear).

ൎഗ S. evacuation എന്നാൽ മ. വരും

നിത്യം മ. വരും a. med.

. **malak**, 1. An angel മലക്കുകൾ Mpl.

;

ചരക്ക hill-produce.

ി Zornia Ceylonensis.

ല a mountain-lake.

ി Sida lanceolata, B.

ം, vu. മലദൈവം = മലയുടയൻ.

ട് മലാട് (also മന്നാട്) Malayāḷam KU.

ൻ = മലവേലന്മാർ Trav.

ത്വം V1. feeling at home in a country, conversant with it.

mountain-side.

ള a bison, കാട്ടി.

, മലമങ്ക = പാർവ്വതി.

ി Homraius bicornis Jerd. the great ill, so called from its harsh cry & ud flapping of its wings.

അവകാശം = മലവാരം.

ി forest-work.

V2. jungle-fever. [lage.

a secure residence, or sheltered vil-

mountain side; land in a valley.

the royal tiger. കടുവാമ. Anj.

alayam S. (മല). The Western Ghats.

S. sandalwood.

ള Mud. successor of the mountain-

in Mud. [hammer V1.

the foot of a hill; a rock-splitting

ൻ the Malabar squirrel MC. — also

ണ്ണാൻ B.

വങ്ങൾ the produce of the mountains

ചന്ദനം മഞ്ഞൾ ഇഞ്ചി കഞ്ചിവേർ

അരക്ക തേൻ മെഴുക) TR.

.a mountaineer; the royal tiger. 2. N.pr.

aste (384 in Talip.) musicians & con-

, ചെറുജന്മത്തിന്നവകാശം ഉണ്ടു f.i.

ഉരന്ന മ'ന്ന ചക്ക കൊടുത്താൽ prov.

ടെ പോയി മലച്ചെക്ക നീ TP. — മല

heir house — മലയി a midwife.

മലയരയൻ a tribe of mountaineers in Trav.

മലയാം (= മ'ാണ്മ) in മ. പ്രവിശ്യയിൽ, മലയാം കൊല്ലം; also മലയാൻ എഴുത്തിൽ TR. in Malayāḷam writing.

മലയാണ്മ or — ഴ്മ (മലയാളം) the Mal. language or customs.

മലയാളം the hill-country, Malabar.

മലയാളൻ 1. a Malayāḷi കന്നാടകർ പറയുന്നതിന്ന് ഉത്തരം പറഞ്ഞു നില്പാൻ മ'ളർ പ്രാപ്തിയാസ്സരികയില്ല TR. may not argue with the Canarese officials, pl. also മലയാളത്തുകാർ. — [In Tam. usage a Nāyar,* as തമിഴൻ used by Malayāḷis means a Veḷḷāḷaṅ]. 2. a hill-tribe. * (comp. ex. മന 784.).

മലയാളി id.

മലയുക T. C. Te., see വലയുക.

മലയുടയൻ N. pr. a Paradēvata of mountaineers.

മലയുടുമ്പൻ a kind of paddy CrP.

മലയെരിമ 1. = മലപ്പാത്തു. 2. a hill moon-plant (Erycine?).

മലവാരം rent for felling timber.

മലർ malar T. M. aC. (sand, മളൽ C. = മണൽ). 1. Flour, farina, (നെന്മലർ) fried grain. (മലർ of Nellu, മലർ പൊരി of rice). മലർത്തവിട്ട = തരിപ്പണം f.i. മലരും മഞ്ഞളും ഇവ ഉണക്കിപ്പൊടിച്ചു MM. 2. a full-blown flower പൂമലർ, പൂവുമ. Often fig. = താർ, തളിർ in അകമ., അടിമ., വാഴ്മ. etc. what is flower-like. 3. a rivet-head; a washer below the rivet-head കത്തിയുടെ, എഴുത്താണിയുടെ മലർ.

മലരടി (hon.) the foot നിന്തിരുമ. & അടിമലർ.

മലരമ്പൻ VCh. Kāma = മലർവില്ലി.

മലർക്കാവു a flower-garden RS.

മലർക്കുല a flower-bunch നിറയിന്ന മ. തിങ്ങി എങ്ങും RC.

മലർക്കുറ = പൂവാട f.i. മാമ. RC.

മലർപ്പൊടി fried grain powdered.

മലർമകൾ, മലർമങ്ക AR. Lakshmi, also മലർമാതു CG.; മ'തിൻ കാന്തൻ Anj. Viṣṇu.

മലർമയം consisting of flowers മാരന്റെ മ. വില്ലു CO.

മലർമഴ flower-rain കല്പകമ. ത്തുക Bhg.

മലർമാല a flower-garland, Bhg.

മലർവില്ലി RC., മലർവിശിഖൻ Nal. Kāma.

മലരുക T. M. 1. To be fried as grain, to open as a flower (hence ഉച്ചമലരി). 2. (T. മല്ലാരുക, C. malagu) to lie on the back മലൎന്നു കിടന്നു തുപ്പിയാൽ മാറത്തു വീഴും prov. മലൎന്നു കിടക്കരുതു superst. attitude of a corpse. ചേര മലൎന്നു കടിച്ചാൽ prov. മ. വീഴുക to fall on the back (opp. കവിണ്ണു). ഞാൻ അതു കേട്ടു മലൎന്നു പോയി I was pinioned, defenceless, persuaded; Inf. വാതിൽ മലരത്തുറന്നു വന്നു TP. wide open. 3. to be concave, corolla-like താമ്രം കണക്കേ മലൎന്നിരിക്കും a. med. (cancer in the cheek).

VN. മലച്ച, chiefly = വിടൎച്ച expanding.

v. a. (മലക്ക rare), മലൎത്തുക 1. to fry grain. 2. to place on the back, lay open (opp. കവിഴ്ത്തുക). കൈമ. to open hands to receive. കടമലൎത്തി വെച്ചു put the umbrella down, top below. Lower castes were in bye-gone days prohibited from: വേലിക്കു 4 അലക കെട്ടിക്കൂട, അലകമലൎത്തി കെട്ടുമാറും പാടില്ല Palg. വായിമ. to yawn. ഉറുമി മലൎത്തിപ്പിടിച്ചു TP. held the sword with the edge upwards.

VN. in മലൎപ്പവിത്തു grain to be fried.

(**മല**): മലവഴി a pass over the mountains.

മലവാരം 1. a hill-produce = മലയസമ്പം, മലവരവു. 2. proprietor's rent from the same, or tax on it.

മലവാഴ 1. hill-plantains. 2. = മരവാഴ.

മലവാഴി 1. = മലയാളി KU. 2. a hill deity.

മലവിചാരം the forest department.

മലവെള്ളം inundation KR. (see വിപത്തു).

മലവേലൻ a hill-tribe in Trav. = അരയർ.

മലശർ & — ശിയർ 1. a hill-tribe in Cochin = കാടർ, (S. മലജർ? or മലയരശർ). 2. = മലയർ D.

മലശോധന 1. superintendence of forests. 2. S. = മലശുദ്ധി (see മലം) evacuation of the bowels.

മലാക്ക Malacca, in മ. ഉല്പ; മ

മലാമത്തു Ar. **malāmat,** Reproach;

മലിക maliya T. aM. (മൽ). To a
flow തോട്ടു പുനലാഴ്ത്തുമലിന്തക്
ചോരിമലിന്തു ചോരുന്നു, മലിയു
വൻ RC. far-famed. മലിപുകഴ്‌വ

മലിനം malinam S. (മലം). 1. Di
ലിന കാന്തി dim light. മലിനചി
— മലിനി f. menstruating. 2.
മലിനത S. filthiness, defilement.
മലിനവേഷൻ slovenly, Bhg.
മലിനീകരിക്ക to defile.

മലെക്ക malekka T. M. C. (മൽ
thick, swell ചത്തു ചമഞ്ഞുള്ള മ
Bhr. dead elephants on the battle
also to lie in heaps, form hills
ത്തു മറുതല എല്ലാം Bhr. സുഗ്രീവ
ക്കൾ ചത്തു മ. KU. 2. to grow thi
perturbed, perplexed പൊങ്ങുന്ന
ന്നതു കാണുമപ്പോൾ ഞാൻ Anj. ഞാ
കണ്ടു മലെച്ചു പോയി No. = മ
ലൎന്നു കിടക്ക B.

VN. മലെപ്പു = സംഭ്രമം perplexit

CV. മലെപ്പിക്ക to confuse, seduc
ണ്ടു മ.; എണ്ണത്തിൽ, കണക്കി
മ. = തെറ്റിച്ചു he put me out
ed me.

മൽ mal 1. S. & Drav. √ = വ
strong, whence മലു, മലിക, മല്ലൻ
S. my. — Cpds. മത്സഖി, മദ്ഭാ
മച്ചരിത്രം Bhr., മന്മതിയൊടേ
മേൽ as തട്ടമലമാറു = തട്ടി
മല്കു T. aM. to abound. വിഷ്ണുവൻ
RC. swooned entirely (= മലി

മല്പാൻ Syr. Doctor of divinity, CatR.

മല്പിടി malpiḍi (മല്ലു). 1. A s
2. wrestling; showing one's stre
ച്ചുടൻ എടുത്തു തെറിച്ചു RS.; also
മല്പിടിക്ക 1. to wrestle, box. 2.
vie with വെണ്മലിക്ക മ' ച്ചിടുന്നവ
മല്പിടിക്കാരൻ a wrestler; athleti

T. M. Te. (S. മല്ലിക). An earthen
l, in Cpds. മല്ലപ്പോക്കാങ്കു, മല്ലത്തട
G. മല്ലനെടുങ്കണ്ണി, — കണ്ണാൾ RC. (see
. (മല്ലച്ചക്കി Can. Tōṭṭy of soldiers).

lam 1. = മല്ല or മല്ലകം S. A vessel of
ut shell. 2. collyrium B. (fr. മലം?).
the ribs of a ship inserted in the
ാഞ്ചി).

allan 1. S. (fr. മൽ; T. also). Strong,
hletic മ. പിടിച്ചേടം മന്മം prov. വി
പോലും വഹിക്കുന്ന മല്ലനും Nal. a
ഹസ്തിമല്ലൻ കഴുത്തേറി VetC. 2. a
, boxer മല്ലരായുള്ളവർ മല്ല തട്ടുന്നു
3. a rural deity set up on the border
e ridges of ricefields in a മല്ലക്കോടം
കണ്ടം) & propitiated by the sacrifice of
efore sowing മല്ലൻപൂജ കഴിക്ക Palg.
of a people; of a Perumāḷ who built
Pōlanāḍu KM. 5. in ഇരുമലും (470)
a bad cold.

= മൽ stout). T. Te. M. wrestling മല്ല
തമ്മിൽ പൂട്ടിനാർ KR. (monkeys). നില്ല
ഇനി മല്ലിൽ നല്ലോരവകതി പൊരു
ൽ എതിർത്തായു RC. മ. തട്ടുക, കെട്ടുക,
ിക്ക (see മല്ലിടി). 2. (T. മള്ള) rafters,
posts, sloping beams resting on the വി
. i. പുരമല്ലകൾ കഴിഞ്ഞു പോയി KR.
gh fire. 3. the ribs of an umbrella?
ല്ലാർ).

കൊണ്ടു CG. with sturdy hands.

ാർ aM. the venerable foot അരചൻ,
ന്നൻ മ. RC.

(if not from മല്ല q. v.) powerful eyes
ിണൊത്തല്ല Bhr. മ. സീത RS.

ം (= മല്ലക S.) an arena for athletic
cises, Bhg. മല്ലവീരർ, — വാദ്യങ്ങൾ, —
ം.

മല്ല 2.) scaffolding.

S. fine-eyed = മല്ലമിഴി f.

l. S. Kṛšṇa, as destroyer of the wrest-
2. T. aM. a certain tambourine Vl.
aM. with ornamental ribs or flowers
(മല്ല 3. or fr. മല്ലിക). മ. തഴച്ചുഴലി, മ. കഴൽ
നല്ലാൾ RC.

മല്ലി **malli** 1. T. = foll. 1. 2. N.pr. m. of Iḻavars Palg. (= foll. 3.). 3. So. a white dog = വെള്ള.

മല്ലിക **malliγa** S. 1. Jasminum sambac മുല്ല, also മല്ലി. Kinds: കാട്ടുമ. (വനമ.) Jasm. angustifolium, അന്തിമ. Polianthes tuberosa, ചെണ്ടുമ. (in Wayanāḍu), രായമല്ലി loc. = അ ലരപ്പി, വാടാമ. etc.; also നല്ല ശിവമല്ലിമാല SiPu. മല്ലിപ്പൂമലർ കാന്തൻ Bhg. Višṇu. 2. S. = മല്ല. 3. = മല്ല 1. ആ മല്ലികച്ചെട്ടി Arb. wrestler.

മല്ലിട A brass cover of breasts? (= മല്ലിക 2) കൊങ്കകൾ ചീർത്തു തമ്മന്നൊരു മ. സങ്കടമാണ്ടൊ ടിഞ്ഞിട്ടുംവണ്ണം CG.

മവ്ലൂദ് Ar. **maulūd**, Chanting before the bier of a deceased person മ. ചെയ്യിപ്പിച്ചു, മ. ഓതി TR.

മശകം **maśaγam** S. (മശ് to hum). A mosquito, gnat മ'ങ്ങൾ കടിച്ചു KR.; also **മശ** f. i. മശക ളുടെ നടുവിൽ മളകരി Bhg.

മശിർ T. Palg. vu. = **മയിർ**.

മശീഹ Syr. (Hebr. maśiaχ). The Messiah. യേ ശു മശിഹ.

മഷി **maši** S. (& മസി, Tdbh. മഴി, മയി, മൈ perhaps fr. മഴ). 1. Ink. 2. collyrium & any eye-salve ഉന്മഷി എഴുതുക കണ്ണിൽ a. med. 3. soot. മ. തെളിക്ക to snuff a candle B.

മഷിക്കാരൻ an inkmaker; discoverer of thieves by means of അഞ്ജനം q. v.

മഷിക്കുപ്പി, — ക്കൂട്ട an inkstand.

മഷിക്കോൽ, — ക്കുടുക്ക 1. a pen. 2. a painter's brush ചാരു മ'ല്യം ചാടിനാൾ CG.

മഷിത്തണ്ടം = മയിൽത്തണ്ടം.

മഷ്ട = മട്ട 2. Dregs.

മസ്കാൽ Ar. **mithqāl** (= shekel); A certain weight, of 11¼ gold fanams CS.; Port. Metical, a gold coin.

മസൂരിക **masūriγa** S. Nid. V2. & **മസൂരി**, **വസൂരി** (മസൂരം lentil = ചണമ്പയറ). Smallpox from the appearance of the pustules.

മസൃണം **masṛṇam** S. Smooth, soft, unctuous മസൃണരുചി Nal.

മസ്കരി **maskari** S. (മസ്കരം a bamboo-stick). A Sanyāsi ഉത്തമനായൊരു മ. CG.

മസ്കീൻ Ar. **miskīn**; Poor, wretched, humble.

മസ്ജിത്തു Ar. **masjid**, A mosque, മ'ത്തിൽ പോയി, Mpl.; also മഹജിദ് jud.

മസ്ത് P. **mast** (= മത്തൻ, മത്തു). 1. Drunk മസ്തായ വസ്തു spirits. 2. wantonness, also മസ്തു = മദിപ്പു.

മസ്തകം **mastaγam** S. 1. The head, skull, മസ്തകസ്ഥലം കതിപ്പിളന്നു Nal.; top. 2. the 2 projections on an elephant's forehead, which swell in the rutting season മദത്തളം തന്നുടെ മ'ങ്ങൾ CG. (compared to കൊങ്ക) = മസ്തകഭാഗം.

മസ്തു **mastu** S. = മണ്ഡം Cream.

മസ്തിഷ്കം S. the brain. = തലച്ചോറു.

മസ്സാല Ar. **maṣāliḥ**, Spices, curry-powder.

മസ്സാൽ Ar. **mithāl**, A simile, parable, story.

മസ്സാൽച്ചി P. **mash'alchi**, A torch-bearer; lamp-lighter, bearer. Arb.

മഹജർ P. **mahzar**, Statement of those who are present at an inquest etc. മ. ക്കാർ jud. മ. നാമ TR. a muster-roll. ഈ കാൎയ്യത്തിൽ മ. സാക്ഷിക്കാരൻ, കണ്ടപ്രകാരം മ. എഴുതി jud.

മഹമ്മത് Ar. **muḥammad**. മ. കൊല്ലം TR. The year of the Hejra. (beginning A. D. 622).

മഹറോൻ Syr. Excommunication മ. ചൊല്ലുക, ഏല്ക്ക, തട്ടുക V1. also മാറാൻ ആക്കുക; വലിയ & ചെറിയ മഹറോൻ RomC. the greater etc.

മഹൽ Ar. **mahall**, Residence, a palace ചില പണികളും മഹലും Ti. palace, (Loc. മഹല്ലിൽ). മഹൽദീവു Mpl. = മാൽദീവു. (മാൽ 4.).

മഹത്തു **mahattu** S. (മഹ് to be great, mighty, L. magnus). Great, n. മഹത്തുക്കൾ the great. മഹതി f., as മഹതിയായുള്ള ധീ VyPr. — മഹത്തരം Comp. greater PT.

abstr. N. മഹത്വം S. greatness, majesty മ. ഏറും ഒരു ദിനത്തിന്നു Mud. a glorious day.

മഹനീയം S. praiseworthy. വാഴുന്ന മ'ന്മാർ KeiN. the illustrious.

മഹൎല്ലോകം S. the 4th of 7 upper worlds. Bhg.

മഹൎഷി S. a great Rishi.

മഹസ്സു S. a feast, glory.

മഹാ **mahā** S. Great (മഹ), in
often contracted മാ; also with
മഹാകെട്ടവൻ very bad.
മഹാകാളൻ S. the great blac
കാളി f. his wife.
മഹാകോടി ten trillions.
മഹാഖൎവ്വം ten billions.
മഹാഗുരു S. a most reverend pe
മഹാജനം S. 1. multitude of pe
eminent man.
മഹാത്മാവു S. magnanimous; nob
മഹാത്മാക്കളാധാരമായുള്ളവ
ported by the charitable.
മഹാദേവൻ S. chiefly Siva; N.
ദേവി S. Pārvati. — (മാദേവ
മഹാത്ഭുതം S. very wonderful.
മഹാധനം S. great riches, cost
മഹാനദി S. a great river; N. p
മഹാനസം S. a kitchen.
മഹാനുഭാവൻ S. highly respecte
person.
മഹാൻ N. m. (മഹത്ത്) a great
ന്മാർ & മഹത്തുക്കൾ.
മഹാപാതകം S. = മഹാപാപം.
മഹാഫലം S. rich in results (see
most efficacious.
മഹാപുരാണം S. esp. Bhāgavat
മഹാബലൻ S. very powerful.
മഹാഭാഗൻ S. highly gifted, ill
മഹാഭാരതം S. the great epos.
മഹാമഖവേല S., vu. മാമാങ്കം 1. t
of Kēraḷa celebrated during
12th year (in കൎക്കടവ്യാഴം
Tirunāvāy; the throne was de
& competitors admitted to fig
A.D. 1600 Jan. 30 Amorcos
their way through the guards
of Tāmūri; other records spe
of 1695, the last seems to ha
brated in 1743. മാമാങ്കം

ചയം കൂടയില്ല prov. no regard. 2. a
ar feast at Kumbhakōṇam (celebrated
March 1850), വൈപുല്യമായ മ. ചെയ്തു
JR.
ി S. very clever.
ത്രൻ S. a man of consequence.
മം S. an essential sacrifice.
ൻ S. a great hero സമയികനാ മ.
ല്യം സമർത്ഥൻ എങ്കിലും വിളിച്ചനേ
ാൽ KU.; എന്നെക്കാൾ മ. PT. worthier.
ജാ S. a great king, gentleman.
ഷ്ട്രം S. Mahratta മാറാട്ടി.
S. very costly മ’ചസ്ത്രങ്ങൾ ധരിച്ച
ിച്ചാൻ KR.
ാകർ S. (& — ജ്ഞാ —) the aristocracy.
ൻ S. magnanimous, liberal.
നം S. a throne, Nal.
ത S. archery മ. കൊണ്ടു മഹാൻ പി
ചകാൽ KR.
ni = S. മഹീ. The earth, the Great One.
S. (part. pass. of mah) honored. മ’നാ
പുതൻ KR. മഹിതകുലം Mud. മഹിത
ൻ VetC. nobler than.
. (& മഹിമാ, as മഹിമാവിനെ VilvP.)
ness, majesty വിള്ളമ. ആക്കം തിരി
ത പോം Sah. മഹിതകുലത്തിൻ മ. PT.
മ. കൾ എല്ലാം ഞാൻ അറിഞ്ഞിരിക്കുന്നു
(ironically).
S. (powerful) a buffalo.
ഷി S. a queen ഭൂപന്റെ മ. PT.
Superl. the greatest, Bhg.
. 1. a woman രാവണ പരിഗ്രഹമാകിയ
ൾ KR. 2. = പ്രിയംഗു, ഞാഴൽ Vı.
(f. of മഹ) the earth മഹീതലേ വീണു
— മഹീപതി S. a king. — മഹീസുരൻ
Brahman; — മഹീമയം earthen.
ൻ Comp. greater, Bhg.
മഹേന്ദ്രൻ S. Indra. മഹേന്ദ്രാചലം the
n Ghats, behind Gōkarṇam Brhmd.
lso the mountainous range on the
coast between Kalinga & Kāvēri. Bhr.;
ite to Ceylon AR 6.

മഹേശ്വരൻ Siva.

മഹോത്സവം S. 1. a great feast. മദ്യപാന മ’ങ്ങൾ തുടങ്ങുവിൻ ChVr. orgies. അവന്റെ യാത്രമ.; ഗമനമ’വലോകനം കാണ്മാൻ ChVr. the grand spectacle of എഴുന്നെള്ളത്തു. 2. = the highest wish obtained, എങ്കിൽ മലയാളം മ. prov. a paradise. നിന്റെ മുഖം കണ്ടാൽ മ. vu., അതിമ. Vı.

മഹോദയം S. prosperity.

മഹോദരം S. dropsy, എട്ടു (al. ഏഴു) ജാതി മ. a. med.

മഹോദയർപട്ടണം (മഹസ്സ്) & മകോതയർ പ. doc. = കൊടുങ്ങല്ലൂർ N. pr. the old capital of Kēraḷam.

മഹൌഷധം S. a sovereign remedy, fig. ദേവൻ പ്രസാദിപ്പാൻ മ. SiPu.

മഴ **maḷa** T. M. C. (മഴ). Rain, with പെയ്യു, ചാറുക, ചൊരിക, പാറുക, ധൂളുക etc.; ഏല്ലു, കൊള്ളുക, കടുങ്ങിപ്പോക. ചാറമ., പൊടിമ. പാററൽ drizzling rain. കന്മ. hail. പെരുമ. ഏല്ലു CG. ആ മഴയത്തു യാത്ര പുറപ്പെട്ടു TR. മഴയത്തുള്ള എരുമ prov. മഴ പെയ്യുന്ന കണ്ണുനീർ കൊണ്ടു അവർ KumK.

മഴക്കാറു, — ർ rainy clouds പൊങ്ങി, വെച്ചു Vı.

മഴക്കാലം the monsoon.

മഴക്കാൽ a water-spout.

മഴക്കോൾ appearance of rain; a time of rain = മഴ മുട്ടിച്ചു പിടിക്ക.

മഴകുത a rivulet of rain-water മഴയാലും മ. വിനാലും നദി നിറഞ്ഞു ഒഴുകുന്നു (= മലകുത).

മഴത്താര (ധാര) continuous dropping.

മഴവെള്ളം rain-water.

മഴക്കുക **maḷakkuγa** So. = മയക്കുക (fr. T. മഴങ്ങുക, C. Te. Tu. masaku to grow dim, blunt). 1. To beat, wash, cleanse. 2. to protract, delay, confound.

മഴൽ **maḷal** = മയൽ q. v. Infatuation, hence മഴല്ക f.i. തന്താം മഴന്ന നിലനയനേ RC. also:

മഴറുക to bewitch നീഴ് കൺമഴറും തെളിഞ്ഞൻ ചൊല്ലു RC. — Hence:

മഴററുക = മയററുക to fascinate ചടുങ്ങ ദിന

ങ്ങളൂായൊരു കണ്മിഴി ചാല മഴററിയെറിഞ്ഞു ചെമ്മേ CG,

മഴി mali = മഷി, മൈ (മഴ). Collyrium കണ്മിഴി തന്നിൽ മഴിയിട്ടു DN.

മഴു malu 1. √ 5. To grow dim, dull, blunt, whence മഴ & മയങ്ങു, മയൽ prh. മഷി & മാൽ. 2. T. M. (Tu. മഡ്യു) a mace; hatchet ത്തുമ. ചേണ്ണുമുനി ആനാൻ RC. = വെണ്മഴു ചേന്തിയ രാമൻ Brhmd. ഇരുമ്പും മുറിപ്പാൻ അത്ഥം മഴു, മഴുവിട്ടു മുറിക്ക prov. ആശാരിമ. carpenter's tools, taxed MR. കന്മഴു stone-cutter's chisel. 3. red-hot iron for ordeals. മഴു എടുക്ക to undergo an ordeal, മഴു ചുട്ടെടുക്കേണം TP.

മഴുക്കാർ wood-or stone-cutters, pioneers. മ'രും ആശാരിയും TR. (for roads & bridges).

മഴുക്കറ തീൎക്ക to rough-hew, cut off the splint, get into tolerable readiness.

മഴുന്നനേ (1) പോക to grow blunt, — ആക്കുക to make blunt.

മഴുപ്പു a M. T. putting off a decision, resisting payment (= മഴക്കുക). മ. എടുക്ക to be intractable V1.

I. **മാ mā** S. 1. Prohibitive particle: not, G. mē, f. i. തവമാസ്തു ChVr. may this not be thy lot! 2. M. Interj. of wonder, മാ, മമാ V1. bravo, as in theatres.

II. **മാ**, Tdbh. of മഹാ in മാപാപം, മാപ്പിള്ള, മാമാങ്കം etc. Often in aM. with Dravidian words മാവെള്ള very white V1. ഇമ്മാമരന്നെല്ലാം RC.

III. **മാ** T. M. C. Te. The mango tree, Mangifera Ind. & മാവു, മാമരം; മാങ്ങ വീണാൽ മാക്കീഴ് പാടോ prov. വളൎന്ന മാവിനെ കളഞ്ഞു വേമ്പിനെ വളൎത്തി KR. മാവും മരവും അടക്കം prov. let by-gones be by-gones. Kinds: കപ്പൽ —, പറങ്കി — or പൊത്തുകിമാ Anacardium Occidentale, കാട്ടുമാ Spondias mangifera = അമ്പാഴം; തേന്മാ & പുളിമാ, കണ്ണിമാ GP 68. ചുനയൻ മാവു (much ചുന 372); നാട്ടുമാ opp. ഗോമാ grafted. Parts: മാങ്ങ q. v. മാമ്പഴം, മാമ്പൂ med. GP 66. മാന്തളിർ, മാങ്കൊട്ട; മാങ്ങക്കച്ച് 189, 2, b (Trav. തിര). — മാന്തോപ്പു KR.

IV. **മാ** T. M. (= മാവു flour) $\frac{1}{20}$, കാൽ അരെയൊന്ന മാവതാം CS. — കീഴ്മാവു the 5th p കീഴ്ക്കാൽ (= $\frac{1}{6400}$). — അരമാ $\frac{1}{40}$, de ര മാവിൽ & കീഴരമെക്ക; നാലുമാ =

V. **മാ** T. Trav. The after-birth, secun വു വീണുപോയോ.

മാംസം māmsam S. Flesh; the m the human body are said to weigh blood 100 പലം Brhmd. കട്ടനാൾ ഉ ട്ടി ഉണ്ടിട്ടു AR. meat-curry. പൊറേ മാ. തിന്മകയില്ല TR. a paternal Go mean to destroy me.

മാംസപിണ്ഡത്തെ പ്രസവിച്ചു Mud

മാംസവിക്രയമോക്ഷം Anach. the sal giving a daughter away for a con

മാംസളൻ S. stout, robust; മാംസള

മാംസാദൻ, — ശി S. a flesh-eater.

മാംസി, Tdbh. മാഞ്ചി GP 77. = Indian spikenard.

മാംസോദനം S. food with meat;

മാംസോദനം S. (better — സൌ —) meat ഒരു മാ. പെരിക കാമിട ഞ്ഞെൻ KR. (a vow of Sīta).

മാകണി māγaṇi C. No. M. (T. മാ vision of a district.

മാകാണി T. M. = $\frac{1}{16}$. മാ. പ്പലിശ interest calculated in grain (= per annum on the value of a f

മാകന്ദം māγandam S. (III. മാ) mango tree, 5th arrow of Kāma (

മാക്കം N. pr. f., see **മാക്കോം**.

മാക്കല്ലു mākallu T. So. (മാവു f stone; soap-stone used for making ട്ടി 342), by Kanišas for കളം വ വെണ്ണക്കല്ലു. — hence perhaps:

മാക്കത്തിറ a ceremony after കട്ടി ക്ക മാ. കഴിക്ക (T. മാക്കൾ men?

മാക്കാണി mākāṇi (= മാകാണി) കയില്ല not a fraction!

മാക്കാൻ mākāṅ So. A tomcat, eq കോക്കാൻ a wild cat.

മാക്കിറി mākiṟi So. A frog in tan ടെ ശബ്ദം MC.

Tdbh. (of ക്ഷീരം?, കൽ). A collyri-
calx of brass (=രസഗർഭം). ചുവ
ിൽ അരെച്ച് എഴുതിയാൽ കണ്ണിൻ
പ്പും ഇളെക്കും a. med. vermilion?
sed by goldsmiths. see തൊങ്ക്യം 445.

മാക്കം N.pr. f. ചിറകില്ലാഞ്ഞിട്ടി
പാഞ്ഞു വരുന്നു Anj. (double en-
ഞാമ്പ് ആഞ്ഞു വരുന്നു); Voc. മാ
ാക്കപ്പോതി (കടയങ്കോട്ടുമാക്കം) a
ričči worshipped for the sake of
perst.). No. loc.

(മക്ഷിക). The best honey GP.

adham S. Belonging to മഗധം q.v.
a minstrel സൂതമാഗധജനം KR.
b.

e Pāli dialect of Sanscrit. 2. the
r മാ. എന്ന പേരാമാറിതിൽ മഴ

m S. (മഘ). 1. The poem of Māgha.
h കുംഭം f. i. മാഘമാസത്തിൽ വ
o ചതുർദ്ദശി SiPu. (=ശിവരാത്രി),
പൂയത്തുന്നാൾ KU.

urkey, see വാൻ.

ṅgalyam S. (മംഗല). Prosperity.

(മാ III., കായ്). 1. A mango fruit
licinal, a. med. 2. mango pickle.
or kidneys of animals തേങ്ങയും
ach etc. — ചെറുമാങ്ങ a Gratiola
, ചെറുമാങ്ങാക്കൊട്ട a frutex. Rh.
the mango-bird, Oriolus.
eat-pimples (partly caused by eat-
oes).
Didynamia gymnospermia മാ. കഴ
d. Kinds: ചെറിയ — Columnea
, വലിയ — Verbesina calendu-

[also മാജ്ജു.

മാചിക്ക (P. H. mājū) The gall-nut,
Artemisia Indica T. So. C. Te.

M. (C. māsu, see മ ചകം). 1. Filth,
തൻ RC. spotless. 2. So. (C. Te.
māye) the after-birth = മറു; മാ
mbilical cord. (see മാച്ചു).

മാച്ചൽ **māččal** & **മാച്ചിൽ** T. M. 1. VN. of മായ്ക്ക q. v. 2. (T. മാറു, S. മാൎജ്ജന) a besom, broom, ചൂലുമാ. of rushes, പട്ടമാ. of Areca leafstalks (മാച്ചിപ്പട്ട vu.). കുറ്റിമാ. stump of a broom, അടിമാച്ചില്ലും TP.

മാച്ചാൻ **māččān** The clown or fool of the theatre, മാ. കളി low jests (fr. മാച്ചു?).

മാച്ചു **māččụ** (മാചു). 1. Filth, dirt as of the hands കൈമേൽ മാ. ഇല്ല; മാച്ചാക്കി soiled. ക്രമി ഉണ്ടാവാൻ മൂലം മാ. മെഴുക്കുകൾ Nid. മാച്ചു ദുൎഗ്ഗന്ധം ഇല്ല ദേഹങ്ങളിൽ RS. — in metals മാച്ചേറിപ്പോയൊരു നല്പൊന്നു നന്നായി കാച്ചിനാൽ എങ്ങിനേ വന്നു മായം CG. 2. the after-birth V1. 3. മണിമകുടം മേവും മാച്ചുറുത്തുലകിൽ ഇട്ടാൻ RC. hair? (T. മചിർ).

മാച്ച് കിഴി കെട്ടിത്തൂക്ക (2) Palg. to tie the secundines of a cow to a milky tree to ensure a good supply of milk from the cow (superst.).

മാച്ചുവള്ളി (2) So. the navel-string of a beast.

മാജ്ജൂൻ No., മാശ്ശൂമം Palg., മാശനം T. A confection of hemp, sugar & cocoanut-milk = കഞ്ചാവപ്പം, — ലേഹം.

മാഞ്ചി **mānji** T. M. = മാംസി a. med.

മാഞ്ചെവി, see മാൻ.

മാട **māḍa** 1. T. So. (മടങ്ങു). A cow with horns bent downwards. 2. മാടകൾ ഉരുകുമ്പോൾ അതിയായി എരിഞ്ഞീടും KR. in a conflagration = മാടം or മേട.

മാടം **māḍam** T. M. C. Tu. (മടം, മാട്ടു). 1. A house with an upper story. മ'വും കൊത്തളവും തീൎക്ക TR. tower on walls. മൊയ്യൻ ഇരിക്കും എഴുനിലമാ. Mud. തൃക്കാരിയൂർ പൊന്മാടം KU. the Tṛ. palace. ചുടരൊളി മാ. തോറും RC. = വെണ്മാടം women on every balcony. fig. പഞ്ചിരങ്ങളിൽ മാ'ങ്ങൾ CG. in the അമ്പലം of the human body. 2. a niche in walls; a hut of mountaineers or Pulayas in Trav. (= മണ്ഡപം 3). വിളമി രക്ഷിപ്പാൻ മാ. ഉകെട്ടിച്ചു Bhg. in rice-fields; so മാടം വെക്ക Palg. (transportable & gen. on 4 poles) = കാവ (ൽ)ച്ചാള.

മാടത്തിങ്കീഴിൽ N. pr. one of the 5 Kšatriya families of Kēraḷa KU.; hence മാടഭൂപതി title of the Cochi king.

മാടനമ്പി = മാടമ്പി KU. a baron.

മാടപ്പിറാവു (2) a pigeon breeding in walls, also മാടപ്രാക്കൾ PT. കാട്ടു മാടപ്രാവിന്റെ മാംസം ലഘു GP. കപോതമാം മാടപ്രാവെന്ന പക്ഷി Bhg. [Iḷavars.

മാടാമ്പി Palg. a palm-climbing caste below

മാടമ്പു a principality, shire V1. 2. ചില മാ. വലുതായിട്ടുണ്ടു KU. (see തിരുമാ —); prob. from മാടമ്പി, മാടനമ്പി 1. a lord of the manor, baron or earl, (72 in Cochi, 2 only under Kōlattiri = നാടുവാഴി KU.). രക്ഷെക്കും ശിക്ഷെക്കും മാ. മതി KU. 2. a kind of lamp (loc.).

മാടവും കൂടവും = മച്ചും മാളികയും pomp. മാടം വീണു പോയെടവും കൂടം വീണു പോയേടവും KU. royal income at failure of baronial succession.

മാടായി & മാടമേഴി N. pr. a capital of Kōlattiri, built by മാടൻ പെരുമാൾ KU. or the Bauddha Nasanga KM., now Payangāḍi (Port. Maravia as if from മാടവഴി?).

മാടാർ Er. carpenter as called by Cheṙumars. (No. മേടർ).

മാടു māḍu T. M. 1. = മടമ്പു. The blunt side, back of a sword മാ. തിരിച്ചു തല്ലുക V2. മാടുചാച്ചൻ വാൾ a curved sword. മാടുകാൽപ്പെട്ടിളു ഭാസ്കരപുത്രനു Bhr. 2. a hillock, raised ground (= മേടു?) മാടും മാമലയും കൈകൊട്ടുന്നു RC. മാടുകൾ ഗുഹകളും Nal. in jungle. മാടററം MR. as far as the hillock; a sand-bank, islet, shallow water. മാടൊത്ത കളർമുല Bhr. മാടുകൂടുകൾ മണിത്തോരണശ്രേണികളും PT. artificial hills in a capital (= മേട?) — also mons veneris (obsc.). 3. (T. മാ animal) an ox, esp. = കാള; മാ. മേയ്ക്കുന്നവൻ VyM. ആടുമാടു cattle; Palg. പശുമാടു a cow, കന്നും മാടും = കരിങ്കന്നും പശുവും.

മാടണി aM. hillock-like, stout മാ. മേത്താൾ വിളങ്ങും മാരുതി, മാ. കരങ്ങൾ RC. മാ. മുലയാൾ SiPu.

മാടൻ (4) So. brutish, senseless.

മാട്ടാൻ a bullock-driver V1.

മാടുക māḍuγa T. M. (C. to make, C

1. To build, construct മതിൽ; ചെ
ങ്ങക്കേററിയാൽ പൊതിയുക.; മത
ചെട്ടി MC. fenced in. കന്നുകാലിമാ
അകിഴ് മാ. V2. to entrench one
push in with the hand, raise ea
for levelling. പുത്തൻപെണ്ണു പുരപ്പു
പിന്നെപ്പെണ്ണു ഉണ്ടേടം മാടുകയില്ല
idle to sweep the floor after eati
തളികം. അരുമാ. to bend the growi
the ridges into the field, നെല്മാ.
to confine the crop within the ridg
V1. to fill the mill with what is t
ശാന്തിമാ. to sacrifice. 3. to beck
hand മാടിവിളിച്ചു Nal. KR. in b
ഇട്ടു മാ. V1. to wave a cloth for
മാൽകൊണ്ടു മാടി വിളിക്കേണം'
ട്ടും നീഴ് കൺ RC.? കരുതലരാ
മാടി മാടുക RC.? 4. (= വാടുക?
മാടിപ്പോയി No. lost its brightne

മാടിപ്പുതെക്ക (2.) Tiyar women t
breasts with a cloth thrown o
shoulder brought forward und
arm & tuck in behind or in fro
Cal.

മാടോടു māḍōḍu (മാടം). Tile of a
സ്വർണ്ണം തകന്നൊരു മാ. പോലെ
cheap.

മാട്ടം māṭṭam C. Tu. M. (മാടുക).
enclosing, sorcery. (loc.). 2. ea
a mud-bank or -fort V2. 3. strok
the hand. 4. a large earthen ve
chiefly for toddy കാക്ക മാട്ടപ്പാനി
പോലെ Cal.

മാട്ട & മാട്ടപ്പാനി (Palg. loc. മു
bamboo) a pot for extracting t

മാട്ട sorcery അവനെ മാട്ടാക്കിക്ക
മാട്ടബാധ possession by demo

മാട്ടുക T. M. C. 1. to hook in. മര
into the stocks; fig. took hi

ട്ടുക to make money. 2. to bewitch
മാ. to secure a palm-tree by sorcery
tap it for toddy Cal., to hang a
o it B.

am S. (T. glory). The bulbous root
plantain etc. (see മാണി 2.).

) **māṇavaṅ** S. (= മാനവൻ or മാ
oy, student, & മാണവകൻ PT.
b No. loc. the temple-servant of a
ars' Bhagavati-temple; Wett. So. a
; friend of the bridegroom.

āṇāri (fr. മാൺ?). N.pr. A class

i T. M. C. Tu. 1. A manikin, boy, the
mbūtir; a young Brahman student
ടവാരെ ഭമിച്ചീടും Sah. മാ. കൾ മാതൃ
പ്പാൽ CG. മാ. യായി ചെന്നു VilvP.
warf. മാ. യതവാസ്സൻ RC. 2. membr.
the clump of blossoms at the end
tain bunch; മാ. യില്ലാക്കന്നാവൻ a
ithout such Vı. (മാന്നി B., മാമ്പ

ന്മിടി N.pr. a baron with 600
in Perimpaḍappu KU.

māṇikyam S. (മണിക). 1. A ruby.
1. id. മാണിക്കക്കല്ലുകൊണ്ടു മാങ്ങ
നു prov.; any gem മാ'കല്ലുകളിൽ
ൽ നിന്നു വിളങ്ങും പോലെ CG.; fig.
ാണിക്കം തൊട്ടത്താൻ RC. the best
es. മാ'മായ വസ്സു Vı. very precious.
. f. (& m.; also മാണിക്കൻ So.).
ood of a serpent; the ripe berry
ക്കെ; the edible pericarpium of ആ
o.

ം S. (മണി) rock-salt.

കൻ S. (മണ്ഡലം). The governor
nce പാണ്ഡവരും കൌരവരും തൻ
യി CG.

āṇbu T. aM. (see മാൻ I., T. also
മാഴങ്ങൾ). 1. Glory, beauty മാനിനി
ന്റിനെ കാങ്കിലോ, മാൺപാന്ന കാ
പ്പററ പൂണ്ടു CG. 2. see മാമ്പു.

മാത māđa = മാതൃ in N.pr. as ചെറു മാത.

മാതംഗം māđaṅġam S. (മതംഗ). An elephant സിംഹത്താലടിപെട്ട മത്തമാ. പോലെ KR.

മാതംഗൻ S. a mountaineer, outcast മാതംഗ ജാതി VilvP.

മാതംഗി f. of prec., also Pārvati.

മാതലി S. Indra's charioteer.

മാതളം māđaḷam T. M. C. Tu. (S. also മാതുലുംഗം VetC.). 1. Citrus medica, gen. മാതളനാരകം a. med. മാതളനാരങ്ങനീർ a. med. in GP 67. മാതൾനാരങ്ങാത്തൊലി, — കഴമ്പു, — അല്ലി. 2. a pomegranate അമ്പു മാതളവൃക്ഷം VyM.; also മാതമ T. f. i. മാതള തന്നിളവിളു കണക്കനേ പല്ലുകൾ CG.; മാതളേ Voc. KR. — Kinds: താഴ്മിമാ. pomegranate tree, നീർമാ. a Cratæva (tapia?).

മാതാമ്മ = മതാമ്മ Madam.

മാതാവു māđāvu S. & **മാതൃ** (L. mater). A mother; Bhagavati.

മാതാപിതാക്കന്മാർ parents — മാതാപിതാഭേക്ഷകന്മാർ Bhg. unnatural sons.

മാതാമഹൻ S. mother's father.

മാതിരി Tdbh. of മാതൃക a pattern, sample, specimen. ആ മാ. like that. മാതിരിപ്പാട്ട a kind of cloth imported from മാതിരിപ്പാക്കം.

മാതുലൻ S. a maternal uncle അമ്മാമൻ.

മാതൃക S. the original (പ്രതിക the copy). അവരെ നിർമ്മിപ്പാൻ ഇവൾ മാ. യായി CG. pattern = മാതിരി.

മാതൃഘാതകൻ AR. a matricide.

മാതൃപാരമ്പര്യം S. = മരുമക്കത്തായം.

മാതൃബന്ധു S. relation by the mother or mother-in-law. [Brhmd.

മാതൃവധം, — ഹത്യ S. murder of a mother.

മാതൃവഴി genealogy of maternal ancestors.

മാതൃസംഗം incest.

മാതു māđu T. M. (മാതൃ). 1. A mother, lady, esp. N.pr. of Goddesses പൂവനിമാതും പൂമാതു. RC. മലമാ. & അചലമാതിൻ പോമ്മല RC., മലർമാ. & പാലാഴിമാ. CG., വാണിമാ. & മൊഴിമാ. etc. 2. N.pr. f. കണ്ണിമാ. TP. — pl. മാ

തർ ladies. അമരമാതർ RC. എങ്ങളോട് ഒപ്പുള്ള മാതരിപ്പാരിൽ മററെങ്ങും ഇല്ല CG. (ഇടങ്ങുക 1.)

മാത്ര mātra S. (മാ to mete). 1. Measure, മാ. യില്ലാത മോഹം VCh.; quantity in metre, a short vowel or half a short syllable, a moment മാത്ര ൪ ഒരു ഗണിതം Bhg 8. 10 മാത്ര സമയത്താലും നിട്ടിവിളിച്ചതു കേട്ടു jud. (10 മാത്ര=1 ശ്വാസം or വീൎപ്പ്?). 2. med. a dose, a pill. 3. a quarter Bhg. Gan.

മാത്രക്കോൽ measuring rod; a drumstick; staff of Yogis; pole or stool of mountebanks. മാ. ഏറുക to go on stilts.

മാത്രം S. (L. metrum). 1. measure, extent. ഗജമാ. of an elephant's size. കടുകിന്മണി മാ'മുള്ള മോഹം Bhr. ശബ്ദമാത്രത്തെ കേട്ടു ശങ്കിപ്പാൻ എന്തുമൂലം PT. പ്രാണമാത്രത്തോടയച്ചാൻ KR. just alive=half dead. കൊല്ലുവാൻ മാത്രമുള്ള വിപ്രിയം KR. a dislike strong enough to lead to murder. നിന്നെച്ചൊല്ലിപ്പൊറുപ്പൻ മാസമാ. KR. ധനമാ. Bhg. the whole of the property. 2. only, merely ഈ മാ. & ഇത്രമാ. only this much. 3. but So. തത്രാവിക്കലം മാ. നേരം ക്ഷമിക്ക Arb.

മാത്സൎയ്യം S.=മത്സരം. Envy. മാ. ആരും തുടരായ്കവേണം CC. let none quarrel with him.

മാത്സികൻ S. (മത്സം). A fisherman; also മാത്സ്യന്മാർ വന്നതു CG.

മാദകം, മാദനം S. (മദം). Delightful.

മാദേവൻ hon. of മഹാദേവൻ q. v. (vu. മാതേവർ) Palg.=തൃത്താക്കരയപ്പൻ, 478.

മാദൃശൻ S. (മൽ, ദൃശ). Like me.

മാദ്രി S. **Mādri** (മദ്ര), Pāṇḍu's wife.

മാദ്രേയൻ S. her son, Nakula or Sahadēva Bhr.

മാധവം **mādhavam** S. (മധു). 1. Made of honey മാ'മായ മധുപാനം ചെയ്തു Bhr. liquors. 2. the sect of Madhva or മാധ്വാചാൎയ്യർ.

മാധവൻ S.=യാദവൻ 1. Kṛšṇa CG. Bhr. 2. N. pr. m.

മാധവി 1. his sister. 2. N. pr. f.

മാധുരം **mādhuram** S. (മധുര). Sweet മാധുരമാരായ മാനിനിമാർ.

മാധുൎയ്യം S. sweetness f. i. of speech മാധുൎയ്യത്തെ പറഞ്ഞു കേട്ടു Bhg. മ Nal. politeness.

മാധുകരം S. collected alms Vı.

മാദ്ധ്വം S. see മാധവം.

മാധ്യന്ദിവം S. (മധ്യ). Noonday, വനം).

മാന Ar. **ma'nā**, Signification, planation അതിന്മെക്ക് എന്തൊരുമ ളേണ്ടു TP. how shall I break the

I. **മാനം** **mānam** M.=വാനം. Th ചെമ്മാ., മാനംചാടി, മാനമ്പാ മാനത്തുവട്ടി, മാനന്തോടി TR. Wayanāḍu.

II. **മാനം** S. 1. (മൻ). Self-confide നടിക്ക=അഭിമാനം; മാനമദ ഒഴിച്ചു Bhg. passions. ഞാൻ എ നമുള്ള മാ. കളക; എന്നോടു ന്ന മാ. Bhr. പെണ്ണുങ്ങളിൽ മാ. ഇല്ലാതൊരു മാ. മനസ്സിൽ എഴുന്ന ceitedness, prudery, bashfulne rank, respectability, urbanity മാ. കെടുത്തു ദുഃഖിപ്പിച്ചു TR. Ti & persecuted them. മാ. ഇയന്ന ത്തോടു courteously. മാനത്തിന്ന for honor's sake (cattle). 3. (മാ മാണം, as മാഷാളിമാനം കണക്ക calculation by the moon's motio മന്നം in വാനവർ എല്ലാരും മാന നത്തു വന്നു നിറഞ്ഞു CG. (or മാ

മാനക്കുറവു MR. dishonor, dis മാനം.

മാനക്കേടു id. മാനം കെട്ടും പണ ങ്ങൾ മാ. അപ്പണം പോക്കി മാ. അനുഭവിക്ക TR. to su treatment.

മാനക്ഷയം S. id. നമ്മെ മാ. വ

മാനനം S. honoring.

മാനനീയൻ S. honorable Nal

മാനപ്രാണത്തോടെ പോരിക T without loss of honor or life.

മാനഭംഗം S. disgrace ലജ്ജയും മ വും ഫലം Nal.

l. pride മാ’ങ്ങൾ അശേഷം ഒഴിച്ചു

S. sanctioned privileges നമ്മുടെ മാ’ ാശ്ശ വരികയില്ല, മാ. പോലെ നട TR.

ൃഹസ്ഥയായ എന്നെ jud. a respect- person. f., — സ്ഥൻ m.

ാക്കുക to defeat മാനിനും മീനിനും ന പോകുന്ന കണ്ണിണ CG.

ിതം S. ignoble, opp. മാനവാൻ m., തി f.

മന്മാർ N.pr. The 2 Erāḍi youths that l the kingdom of Tāmūri KU. — മാ’ le of Tāmūri, vu. മാനിച്ചൻ വിക്കി ാനവേന്ദ്രൻ title of the 2d Rāja, also ക്കാട്ടു മാനവേദ ഇളയ രാജാവു TR.

ദചമ്പു N.pr. a Bhāratam composed āmūri.

S. highly honorable മാ. നളൻ Nal., ം ബാലി KR.

ൻ S. haughty; honorable.

രൻ N.pr. a king of No. Mal. KM.

ി S. disgrace മാ. വരുത്താരുതു Anj. മ്മുമ്പേ മരിക്ക നല്ലൂ KR.

mānavaṅ S. (മനു). Man, opp. വാ d CG. — മാനവവീരൻ Mud. a king. വരനായ്വന്നവതരിച്ചീടും AR. Viṣṇu. . derived from Manu, as മാ’ധൎമ്മം. a woman.

nānasam S. (മനസ്സ്). 1. Mental. ല്ല്യാജനങ്ങൾക്കും ഒന്നല്ല മാ. VCh. ിയിൽ മുളക കാണാതേ മാ. കൊണ്ടു ച്ചു TR. 3.=മാനുഷം 3.

ിടം the heart. Bhg.

ഥ Bhr.=പ്രാണനാഥ the wife.

in Cpds., f.i. പരിതപ്തമാനസന്മാർ ith a grieved mind.

ാശ്ശു Arb.=മാനസസരോവരം N.pr. in Tibet.

ന്തരം repentance (Christ.).

mānātti Foreign washerman. (മൈ n. — ത്തി f.; also മൈവ — & വയി —

മാനി māni S. (മാനം). 1. Haughty. 2. honorable മാനികളിൽ മുമ്പുടയവൻ RC.

denV. S. മാനിക്ക to honor, pay regard to. ഉക്തികൾ മാനിയാതെ Bhr. disregarding. എന്നേ മാനിച്ചു പാൎക്കും Bhr. will wait for my sake. അവരുടെ കൈയിൽ മാനിച്ചു നല്കി CG. politely.

മാനിതം S. 1. honored, respected. ദേവന്മാരാൽ ഭൂഷണങ്ങളാൽ മാനിതയായ DM. honored with presents. മാനിതരായ ബ്രാഹ്മണർ CG. 2.=മാനുഷം 2. an embassy (മനിച്ചം), മാനിതം മുഹമ്മതു Mpl. song = റസൂൽ apostle.

മാനിതവ്യം S. to be honored.

മാനിനി (f. of മാനി) a woman, esp. high minded.

മാനിളം (loc.)=മാന്യം honor; royal privilege or exemption. മാ. അറിയാത്തവൻ uncourteous Vı.

മാനിയം 1.=മാന്യം. 2.=മാനുഷ്യം frailty.

മാനുഷം mānuṡam S. (മനുസ്സ്). 1. Human, humane; also mother's milk Vı. വിദ്യയില്ലാത്തവൻ മാനുഷപ്പശു Vı. മാനുഷഭാവം കൊണ്ടു Bhr. humanely. 2. a high office or dignity, as held by the Tirumanachēri Nambūtiri KR. prob. representative of the king = മനുഷം, also മാനുഷ്യം. 3. a fee which the tenant gives to the Janmi for a parambu (corresponding with the കൊഴപ്പണം & verging between the half & the whole amount of its പാട്ടം) W.; also called മാനസം & മാരിഷം, prh. fr. മാന്യം (as കാരിഷം fr. കാൎയ്യം); of 2 kinds: പാട്ടത്താൽ പകുതിമാ. & പാട്ടത്തോളം മാ. of one year's പാട്ടം No.

മാനുഷൻ S. a man. — മാനുഷി S. a woman അവൾ മാ. യായി Bhr. മാ. മാരായ നാരിമാർ CG. മാ. കൾ Bhr.

മാനുഷ്യം S. the state of man, humanity.

I. **മാൻ mān** aM. T. (മന്ന, മന്നൻ, മാൺ). A king in ചേരമാൻ KU., ചേരമാൻ Bhr.

II. **മാൻ** T. Te. C. M. A deer, buck, hart, gazel. (T. മാ animal); fig. മാനസമായ മാനിനു നല്ല കാനനമായി CG. a good subject to dwell on.

മാനേൽമിഴി RC. മാനേല്പം മിഴിയാളേ KR. മാൻ കണ്ണിമാർ Bhr. ഇളമാൻ കണ്ണാൾ RC. gazel-eyed (see പേടമാൻ doc.). Kinds: ആഴ്മാൻ Bos gavæus, ഉഴൽ — (S. രുരു), കല — a stag, കട — (ന്യങ്കു S.), കരു —, കലിർ — a camelopard (prh. ഖലിര —), കവരി —, കരിങ്കവരി — (സൃമരം S.), കറുൾ — (ശബരി), കുള്ള — the spotted Axis, ചെങ്കീരി — or പുള്ളി — Axis maculata (രോഹിത), പൊന്മാ., പെരുമാ. (വാതമൃഗം) & വെൺപെരു —, മല — an elk, വരി — (രൌഹിഷം), വെള്ളമാൻ.

മാനരിങ്ങ No. Cal. a timber-tree.

മാഞ്ചെവി Cacalia Kleinia.

മാന്തല 1. a deer's head. 2. = മകയിരം.

മാന്തൽ 1. So. No. A fish = നങ്കു or അണ്ണാക്കിൽ പററി No. = മന്തൽ. 2. VN. of മാന്തുക.

മാന്തളിർ māndaḷir T.M.C. (മാ III.). A mango-shoot, മാ. വൎണ്ണം its colour, brown or purple? മാരൻ തൻ മാ. നേരൊത്ത പൂന്തുകിൽ, മഞ്ഞൾ പിഴിഞ്ഞതോ മാ'രായതോ CG. മാ'പ്പട്ടു purple silk, മാ'പ്പച്ച a kind of green stone (B. മാന്താമിപ്പച്ച). [Kāma).

മാന്തോർ id. മാ. ശരങ്ങളാന്തിൽ നീന്തി CG. (= മാന്തോപ്പു a clump of mango trees (or deer-park?), മാനസം കളിക്കുന്ന മാ. KR.

മാന്തുക māndugा (മന്തു?). To scratch with nails, claws, dig with the hand (with hoofs ചുര മാന്തുക horses, cattle, pigs), നായി വാതുക്കൽ, വാതില്ക്കൽ മാ'ന്ത TP. മുരി കളമ്പിനാൽ മാ., പന്നി മാ., പൂച്ച പിടിച്ചു മാന്തിയ്യൂട്ടു etc. മറ ചെയ്ത ശവം മാന്തി എടുപ്പിച്ചു TR. exhumed.

VN. I. മാന്തൽ scratching, a scratch.

II. മാന്തു 1. a scratch പുലിയുടെ കടിമാന്തും TR. 2. മാ. പിടിക്ക a certain itch.

മാന്തി a grate for cocoa-nuts, smaller than ചിരവ.

CV. മാന്തിക്ക, f.i. അവരെക്കൊണ്ടു മണ്ണു മാന്തിച്ചെടുത്തു jud. had the corpse exhumed.

മാന്ത്രികൻ māndriyaǹ S. (മന്ത്ര). A sorcerer മാ'നാകുന്ന യോഗി, മാ'കശ്രേഷ്ഠൻ Mud.

മാന്ദ്യം māndyam S. (മന്ദ്). 1. Sluggishness, torpor ബുദ്ധിമാ. 2. esp. = അഗ്നിമാ. indigestion, Tdbh. മാന്തം a childre

മാന്തസന്നി fits from indigesti

മാന്നി mānni 1. = മാന്ദി (മന്ദ). A upper apsis of a planet's orbi ഉച്ച PR. 2. B. = മാണി 2.

മാന്യം mānyam S. (മാനിക്ക). honor or regard — മാന്യൻ res M. C. lands nearly or altogeth tax സൎവ്വമാ.

മാന്യമാനിതം S. 1. honoring Bhr. 2. high honor Vı.— ത്തരം വിചാരിച്ചു? VetC.

മാപാപം mābābam (മാ II.). A a disgrace! Oh pity! Vı.

മാപാപി a great sinner CG.

മാപ്പിള്ള māpiḷḷa (മാ II.). 1. groom, son-in-law Vı. പൊന്ന 2. hon. title given to the col West, prh. at first only to tatives നസ്രാണി —, ജൂത — Christian, Jew, Muhammedan. കോഴി prov. (= ഉമ്മ). എന്റെ ന്ത്രവൻ TR. my husband's heir, or Umma. f. മാപ്പിളച്ചി.

മാപ്പു Ar. mu'āf & **മാഫ്** Par കററത്തിന്നു മാഫ് കൊടുക്കേണ്ടു രാജാവ് മാ. ചോദിച്ചു, കാൎയ്യം is condoned. നില്പുള്ള ഉറുപ്പ്യ TR. remitted, acquitted.

മാഫ് സാക്ഷി an approver.

മാമകം māmayam S. My. മാ'മ the selfish.

മാമൻ T. M. Te. (S. മാമകൻ fr. brother അമ്മാമൻ (father-in

മാമയൻ māmayaǹ (മാ II.). Th er (= മായൻ), മാമയപ്പെരുമ്മാൾ

മാമരം 1. a great tree. 2. (മാ III.).

മാമറയോൻ 1. a great Brah

മാമല Himālaya — മാ. മകൾ Si Anj. Pārvati. [jab

മാമാങ്കം & — ഖം = മഹാമഖം

മഹാമഹോത്സവം a great festival, any
show or play പള്ളിയുർ മ. കാണ്മാൻ
) TP. അവിടെ മ. ഒന്നും ഇല്ല vu.
മ).

R. hon. a great Ṛshi.

ma'mūl, Established custom ജാതി
മ. പ്രകാരം തീൎക്കുന്നു TR.

ാ,—സ്സ Syr. **ma'amōdīthā,** Bapt-
ങ്ങുക, മുക്കുക V1. 2.

nby No.=മാണ്പ്പ്, മാണി 2. The
he end of the plantain bunch; tassel
ppendage of ornaments ചങ്ങല—,
a carved ornament depending from
l (പോതിക) of wooden pillars in
manors. = വാഴമാണി.

ണ്ണൻ a kind of plantain.

S. (√ മയി in മയിൽ, മയക്ക). 1. In-
juggling, miraculous power, sorcery
ഗ്ഗാൻ AR. മായക്കളിയോ കളിക്കുന്നു
കാണ്ടു രാക്ഷസി മറഞ്ഞു; ബഹുമായ
യാഗിച്ചു KR. 2. illusion, unreality
orld, personified as Brahma's wife
മായത്താൽ (cunning) മാനുഷനാ
ധവൻ CG. ആത്മാനിൎമ്മലൻ എന്നാ
തനാദിയായ മായാതൻമലവിരഹിത
പീടുന്നു Chintar. മായാസങ്കടം മനുഷ്യ
ൽ ഒക്കില്ലായു AR. (see ആവരണം
ക്ഷേപം).

: Drav. 1. dimness മാ. കളഞ്ഞു ഞാൻ
വീയുക vīyuγa (= വീചു, വീജ). 1. To fan വിഭീഷണൻ ചാമരം വീയിനാൻ & ചാമരം നാരിമാർ വീശു KR. ആലവട്ടം കൊണ്ടവനെ വീയിനാൾ Bhg. തളൎച്ച വീയിത്തുടങ്ങി in a swoon. ചാലവേ വീതീട്ടവിൻ VCh. 2. to brandish, swing, wield തീക്കൊള്ളികൊണ്ടു വട്ടം വീയുന്നു Bhg. കൈകളെ വീശുമക്കാലും CG. വീതിയ കൈ jud. swung hand. കണ്ണുകൾ ചെന്നു കവിൾത്തടത്തിലടിച്ചു വീയുന്നു CG. to flap (an elephant); to shoot arrows V1. 3. the wind to blow പവനൻ വീയിനൻ RC. വങ്കാററു വീശു, മന്ദമായി വീശു സുന്ദരനായ തെന്നൽ CG. മാരുതൻ മന്ദമായി വീയിനാൻ, വീയിടുന്നു Bhg. പരുഷമായി വീ. Bhr. = വീശുക 2. 4. to throw nets വലവീശോൻ prov. മീൻ വീശു പിടിച്ചു No. — VN. വീയൽ.

വീയാളു? a fire-fan V2.

CV. വീയിക്ക to cause to fan etc. ബാലമാരെ കൊണ്ടു വീയിച്ചു AR 6. വ്യജനം വീയിപ്പിച്ചു ChS.

വീരം vīram S. (വൃ, L. vir). 1. Strong, brave. 2. പൊന്നാരിവീ. = പൊന്നാംതകര; also = പീരം. 3. വീരൻ (വയ:) a hero, warrior; officer KU. ഉണ്ടാൻ അതിവീരന്മാർ Mud.; also a boaster; N. pr. m., so വീരാണ്ടി Palg.

വീരകടിയാൻ T. So. holding the office of village trumpeter.

വീരകേരളൻ title of the 3rd Cochin Rāja.

വീരചങ്ങല a bracelet in form of chain-work,

granted by kings (a വിരുതു), വീരശൃംഖല വലത്തേ കൈക്കും കാല്ക്കും ഇടിപ്പൂട്ടും ചെയ്യു KU.; any golden bracelet; handcuffs, (iron.)

വീരടിയാർ V1. a chief of slaves.

വീരണം S. Andropogon muric., രാമച്ചം.

വീരത S. bravery, valour വീരരായുള്ളോർ തൻ വീ. CG.; also വീരത്വം. [വിരുതു).

വീരത്തണ്ട an ornament worn on the arm (a

വീരപാനം S. refreshment during battle.

വീരഭദ്രൻ S. a son or form of Siva, a Paradēvata; also വീരബാഹു Sk.

വീരമദ്ദളം a war-drum. വീ. അടിപ്പിച്ചു KU. triumphed.

വീരമാനി (3) fancying himself a hero, വീ'നി ജ്ജൻ Bhg. a rogue of cavalier.

വീരമാൎത്താണ്ഡൻ an eminent hero.

വീരമുദ്രിക a ring on the middle toe.

വീരരായൻ 1. one of the Vi̊jayanagara Rāyars. 2. his coin ഉറുപ്പിക ഒന്നിന്നു മൂന്നര വീ. പണം TR. 1797. പുതിയ വീ'ം പൊൻ, വീരരായരവൻ MR. a gold-fanam.

വീരവാദം,—ദു a bet or vow before or in battle, challenge വീ. കൂറുക, വീ. പറഞ്ഞു Bhr. defied (in answer to a vow പ്രതിജ്ഞ). വീ'ങ്ങൾ ചൊല്ലിനാർ KR. boasted what they would do.—വീ'ക്കാരൻ a boaster.

വീരവാദ്യം war-music, വീ. അടിക്ക.

വീരവാളി T. M. damask, best silk stuff, (V1. വീ'ഴി, also വീരസൂരൻ?), gen. വീ. പ്പട്ടു ചുട്ടു എണ്ണയിൽ കടിക്ക a. med. vu. വീരാളി ഉടുക്ക KU. വീരാളിക്കൊത്തൊരു ചേല Onap.

വീരവൃക്ഷം the marking-nut tree ചേർ.

വീരശൂരൻ a very brave man.

വീരസാഹസം, see വീൎയ്യസാഹസം.

വീരഹത്യ killing heroes വീ. ദോഷം പോക്കി KU.

വീരാടം N.pr. one of the 7 Konkaṇas between കാരാടം & മാരാടം.

വീരാണം T. So. a kind of tambourine V1.

വീരാണി a kind of screw No.

വീരാസനം a throne, വീ'സ്ഥൻ B..

വീരാളി (see വീരവാളി) varieg
പ്പായി a coloured mat, Palg.
വീരോക്തികൾ Bhg. proud word
വീരോചിതപൃരി Bhr. = വീൎയ്യസ.

വീർ vīr T. M. The roar of elep
of pigs. വീരിടുക to squeak, be
വീരുരുവാദ്യം V1. a kind of dru

വീൎക്കുക vīrkuγa M. (fr. വീങ്ങുക
വയറു a. med. — fig. മതിയുംകെട്ട
to be inflated, arrogant. 2. to
ദീൎഘമായി വീൎത്തു AR. (= നെടുവീ
ഴയും തീൎത്തു നിന്നു ഒന്നു വീൎത്താ
വീൎപ്പു CG. breath drawn. അങ്ങനെ
വീൎത്തീടിനാൻ Bhr. respired.
ത്തും തളൎന്നും പണിപ്പെട്ടും SiPu. p
a burthen. നിടിലശ്വാസവും
ത്തു KR.

വീൎപ്പു 1. breath വീ. കളക, കഴി
അയക്ക to breathe out. ഒന്നു
വീ. കൾ ദീൎഘങ്ങളായുന്നു, നീള
sigh = നെടുവീൎപ്പു 578. വീ.
to take breath. വീ. കൾ പാ
(of the wounded). കണ്ഠമടങ്ങ
പോകാഞ്ഞു Bhg. could not b
പ്രതാപേന വീൎപ്പടെച്ചു PT. വീ.
ആശു മരിച്ചാർ Mud. suffocated;
കാറവും വീൎപ്പുമില്ല prov. not a br
ring. 2. a moment, 6 വീ. = 1
CS. ഗണിതം ൧൦ വീൎപ്പു Bhg.
swelling V1.

വീൎപ്പിക്ക 1. CV. to cause to swell
2. to take breath V1.

വീൎയ്യം vīryam S. (വീര). 1. Fortitu
വീ. ഉണ്ടു കാൎയ്യം ഉണ്ടു prov. (said
cessful). ഭൂപതി തന്നുടെ വീൎയ്യങ്ങൾ
തികേണം Mud.; also high feelin
വീ. പറക to brag. വീൎയ്യഹാനം V
In Cpds. അത്ഭുതവീൎയ്യൻ CG. etc.
power ഔഷധവീ. Sah. വിഷവീ.
ൎയ്യമേറിടുന്നൊരു ചൂൎണ്ണം Mud.
രിയം ഇളു TP. (of 2 kinds ഉഷ്ണ—
exciting & allaying). വീ'ങ്ങൾ

at sells well? 3. semen virile = ബീ
ജസ്സ f. i. ഐശം വീ. Siva's. വീൎയ്യശോ
. വീ'ത്തിൽ ഇരിയാഥം സുതസംഭവ
റല്ലൂ Bhr.
) = 1. 2. വീ. പറക to boast.
ാക്രമം heroic prowess.
ലക്ഷൻ Bhr. a hero വീൎയ്യപ്രംസാം ശയാ
ിളു AR.
ർ, വീൎയ്യശാലി KR. brave.
ഭനം (3) restraining the emission of
ı.
ൎഗ്ഗം the heaven of heroes പൂക Bhr.
ിക്ക Brhmd.; the paradise of Mpl.
rs വീരസ്വൎഗ്ഗം.
! T. M. Te. (വിറു & വീൎയ്യം). 1. Stiff-
ndeur, dignity പിള്ളരേക്കൂടക്കളിച്ചാൽ
o prov. വീ. കാട്ടുക to act the grandee.
ീ. കാട്ടേണ്ട vu. = പൊങ്ങച്ചം. വീരോ
ത്ര്യപോതങ്ങൾ Bhr. noble infants. വീ
ജ്ഞസർ AR. disdainful. 2. valour,
ീറകമേറുമാറു, വീറേറും വില്ലാളിമാർ,
ക്കയവൻ RC. — met. വീ. കാണിക്ക
raise up goods, പിടിപ്പിക്ക to ask an
at price. ചരക്കെക്ക വളരേ വീറുണ്ടു
eat demand (& the supply scanty).
ിന്നു വീറായിപ്പോയി grew notorious,

'. M. 1. to be grand. 2. B. to be
l up, inflated (വീക്ക).
bill ന. വീൽ എഴുതി TR.
: മീശ q. v. — f. i. മേൽ വീശ ഇല്ലാതേ
ചെയ്യിപ്പൂതാക Anach. Whiskers. വീ
ിട്ടു Bhg. (as വാനപ്രസ്ഥൻ). 2. T.
/iss (= 40 Palam or 8 lbs. 1 oz. $55\frac{3}{35}$
rdupois or 3 lbs. 9. oz. Troy), 8 = 1
f 25 lbs.
śam T. M. (C. Tu. — സ). 1. = വീതം
ചകവക്ക വീയം കൊടുത്തു Pay. paid
rs. 2. $\frac{1}{16}$ gold-fanam or a rice-corn's
f gold (= നെന്മണിത്തൂക്കം CS., ൹ വീ
ı CS.). പണം ൲൵൹ വീശം ൭ TR. ഒരു
ിലും കൊടുക്കാതേ, ൹ വീ. പോലും നി

ളിക്കയില്ല TR. പണത്താൽ അര വീ. തന്നില്ല TP. വീശവും കൂടാതേ ചെല്ലുന്നു CG. (al. മീശം ൹ = പണമിട ൹); also $\frac{1}{16}$ inch; വീ. പടി $\frac{1}{16}$, കാലേവീശം അരവീശം ഉറുപ്പിക = $5\frac{1}{2}$ As., കാൽവീശം ഉ. $\frac{1}{4}$ As. Palg.

വീശക്കണക്ക fractions.

വീശുക vīšuγa T. M. വീചു, C. Tu. ബീസു, S. വീജ = വീയുക (വിശ). 1. To fan ചാമരം എടുത്തു പതുക്കേ വീശി KR. താലവൃന്തം ആമോ യ വീശി ശ്രമം തീൎത്താൽ CC. 2. to blow കാ റ്റു ഉറന്നു വീശുന്നു Palg. = ശക്തിയോടേ. മന്ദ വായുക്കളും വീശുന്നു ശീതളം SiPu. പവനൻ അ വൻ മെയ്യിൽ പതുക്കേ വീശി KR. 3. = വീയു ക 4. to throw a net വീശിന വലെക്ക prov.; also മീൻ വീശി caught fish. തീക്ക വീശുക No. lighting a fire (നെരിപ്പോട്ടിൽ) in a boat to attract fish which is put out before the net is thrown. — met. f. i. പന്തൽ to spread, i. e. erect. ചുറെച്ച വീ. 374. 4. to emit a scent or rays.

CV. **വീശിക്ക** To get oneself fanned ചാ മരം ഇരുപാടും വീ'ച്ചു KR. ആലവട്ടവും വെൺ ചാമരവും വീ'പ്പൂതും ചെയ്തു KU. ദുഷ്ടബ്രാഹ്മ ണനെ തടവിൽ വെപ്പിച്ചു ശവത്തിന്റെ കേ ശംകൊണ്ടു വീ'ച്ചു രാജ്യത്തിന്നു വെളിയിൽ ക ളയേണം VyM.

വീശുകോൽ Vı. a gimlet to bore eyes into needles; a fishing-hook.

വീശുവല a casting net = വീച്ചു —.

വീശേറി a fan = വിശരി (loc.).

വീളി B. Vile — വീളിത്വം villany (വീഴ്, വീൺ).

വീളുക vīḷuγa & മീ — q. v. (vīl Te. back). 1. v. n. To return വീണ്ടു നിജഗൃഹേ ചെന്നു Bhg. വീണ്ടനർ പിന്നേയും RC. പുലിവായിൽ നിന്നു വീണ്ടു പോയ ഏണം escaped. തുമ്പി കയ്യിന്നു വീണ്ടു CG. 2. v. a. to get back സീ തയെ വീണ്ടു KR. വേദങ്ങൾ വീണ്ടു MP. recovered. ഉത്തമനാകും സുതനെ വസുദേവൻ വീ ണ്ടാൻ CC. took back. മാതുലാസ്യം ഇതുകൊ ണ്ടു വീണ്ടാൽ Bhr. to redeem. പിഴയാളിയെ വീ'വാൻ PP. to release. 3. to avenge കൊ ന്നു വീള്വാൻ Bhg. ഇതു വീളാതെ ഇരുന്നാൽ;

also പക വീ., പകലുണ്ടായ പരിഭവം വീ. to take a nightly revenge for the defeat of the day. വീളാതവണ്ണം പരിഭവം വന്നു Bhr.

വീണ്ടു, വീണ്ടും again. വീ. ചവെക്ക to ruminate. വീ. വരവു return. വീ. വിചാരം reconsideration. വീണ്ടിങ്ങു വന്നു CG.

വീണ്ടുകൊൾ്ക 1. to recover രാജ്യം വീ'ണ്ടാൻ Nal. (as വീ. കൊടുക്ക to restore). ബദ്ധരെ വീ'ണ്ടു Bhr. freed, delivered, Mud. എന്നു കഴിവവനെ വീ'ണ്ടീടുവാൻ UR. (from prison). വീ'ള്ളേണമേ എന്നെ ഇപ്പോൾ CG. (from a forced marriage). 2. to avenge ചന്ദ്രഗുപ്തനെക്കൊന്ന പരിഭവം വീ'ള്വാൻ Mud.

വീണ്ടുവിടുക to ransom; to reprieve.

വീണ്ടെടുക്ക to rescue, redeem.

VN. വീൾ്ച്ച return, ransom; പോരാളു വീ. Vı. revenge (=വീട്ടുക).

വീഴുക vīḻuγa T. M. (C. bīḷu, Tu. būru, Te. biddu, √ വിഴ). 1. To fall വീണുപോക, കൊടുക്ക; നിലത്തു, ഒരു വീഴ്ച വീണു etc.; ആന കുഴികുഴിച്ചിട്ടു വീണു കിട്ടിയതു jud. നരി കൂട്ടിൽ വീണു to be passed as urine എരിഞ്ഞു ചുട്ടു വീഴുന്ന മൂത്രപ്രമേഹം ഇളെക്കും a. med. എന്നാൽ ചെറുനീർ വീഴും MM.; to be born പൊറങ്ങ വീ'മ്പോൾ CG.; to alight മരത്തിന്മേൽ ചെന്നു വീണു (a bird). പുഴകടന്നക്കരേ വീ., പാമയത്തിൽ തുള്ളി വീ. TP. jumped. വീണു നമസ്കരിച്ചു, ശോകിച്ചു വീണുതാണ്ടാൾ Bhg. throw herself down; imp. കരുനാട്ടി 210 വീ.= കറുക്ക. 2. to fall in battle ഏറിയ ആൾ ഇരുപുറവും വീണു Ti. were destroyed, lost. പ്രേതം 743; കാണങ്ങൾ വീണങ്ങു പോയോരേ പോലെയായി CG. who lost property. 3. to fall off. വീഴ വീഴച്ചെയ്യു made to fall off one by one; to diminish നാഡി വീണു=ധാതുക്ഷയം; to be hindered, neglected കണ്ടം ഒഴിവായി വീണിട്ടുണ്ടു jud. തരിശു വീ.

വീഴക്ഷരം a letter fallen out (opp. അധികാക്ഷരം VyM.), or that might be left out. വീ. പറക superfluous talk.

CV. വീഴിക്ക to cause to fall, തേങ്ങയെ വീ'ച്ചു (a squirrel).

വീഴില്ലം (shame to the house) e
വീ. പറക.

വീഴ്കാടു So. deficiency, loss;
for elephants.

VN. I. വീഴ്ച 1. fall. 2. rui
failure, എഴുത്തിന്റെ mista
ന്റെ വീഴ്ച depreciation. 3.
ആചാരത്തിന്ന താഴ്ച്ചയും വീ
KU. disuse & abuse.

CV. I. വീഴ്ക്ക=വിഴുക്ക to put o
ച്ചിമാർ വീഴ്ത്ത ളകിൽ വാരി C
വീഴ്ത്തുള്ള ക്രൂരകൾ CG. — വീ
താക്ക II.

VN. II. വീഴ്പ cloth worn, filthy
menstruous) വീ. കൾ വാതാ
മാർ വീ. ക്രൂ കവന്നു VeY.; a

CV. II. വീഴ്ത്തുക 1. to cause to f
വീ'ന്ന ദുർന്നിമിത്തങ്ങൾ CG. ome
& ruin. പാത്രത്തിൽ വെള്ളം
ക്ക vu. എണ്ണ വീത്തി KU. pou
വീത്തും പുടവ TP. first clot
2. to make water (with or wit
VN. III. വീഴ്ത്തൽ).

CV. III. കണ്ണനെ പന്നി തട്ടിട്ടു വീ

CV. IV. ഒരു പ്രമാണിയെ അടിച്ചു

വൃങ്ങു B., see പൃങ്ങു.

വൃകം vṛγam S. (G. lykos). A wo
മള്ള്യ പട്ടുകിടക്കും ഹരിണി ക
വൃകോദരൻ Bhīma, Bhr.

വൃക്ഷം vṛkšam S. (√ വ്രശ്) A
ഗ്രം Mud. (top). Tdbh. വൃക്കം ke
ക്ക=വിറങ്ങലിക്ക to become stiff.
വൃക്ഷകം V2. = തൈമരം, dimin.
വൃക്ഷാന്ധകാരത്തിൽ KR. in the
ക്ഷാവലി = മരക്കൂട്ടം.

വൃജനം S. Crooked. — വൃജിനം S.

വൃണം, see വ്രണം vu.

വൃതം vṛδam S. 1. (part. pass. of വ
രാത്രിഞ്ചരവൃതമായ വനം KR. (
തം filled). 2.=വ്രതം vu.
ള വ്രതത്തെ അതൽ ചെയ്തു KR.
മോചിതവ്യ. Nal 1. my vow (or

വൃതി S. 1. selection = വരം. 2. a hedge.

വൃത്തം vṛttam S. (part., pass.; L. verto). 1. Turned, past, പൂൎവ്വവൃ. Bhg. done. 2. round, Tdbh. വട്ടം; കോണസംഖ്യ ആവോളം ഉണ്ടാക്കിയാൽ വൃത്തപ്രായമായി Gan. a square, assimilated to a circle. വൃ. ഒത്തുള്ള ഗളം PrC. a fine round neck; also = പപ്പടം. 3. conduct, behaviour വൃ'ത്തെ രാജനീതിയിലാക്കി, വൃ'ത്തെ കൊണ്ടു കുലം രക്ഷിക്ക Bhr. കുലാംഗനമാൎക്കു വൃ'മത്രെ മറവായതു KR. their mere manner serves as veil. പാൎത്ഥിവവൃ. പരവശമാം Sah. doings of kings. ഭുജംഗപ്രയാസത്തിന്ന് ഒക്കുന്ന വൃ. ഉപേക്ഷിക്കയില്ല ChVr. his crooked ways. സത്യമായുള്ള വൃ. മറെച്ചു Nal. the real case. 4. verse, metre ചതുൎദ്ദശവൃ. ChVr.; വൃത്തഭേദം.

വൃത്തവാൻ S. well behaved, neat നല്ലവൃ. Bhr. (സദ്വൃത്തൻ, ദുൎവൃത്തൻ, സുവൃത്തൻ). — വൃത്തഹീനൻ ill behaved Bhr., a bore.

വൃത്താകാരം S. (2) round.

വൃത്താന്തം S. (1. 3) = വാൎത്ത occurrence, circumstance, detail കഥാവൃ. ഒക്കവെ കേട്ടു Nal. വൃ. ഒക്കയും നന്നായറിഞ്ഞു Bhg. tale, report, tidings. ലോകവൃ'ജ്ഞൻ എന്നു തോന്നും Nal. an experienced traveller.

വൃത്തി S. 1. Occupation, action, work രാ[illegible]ഗി എന്ന വൃത്തി Vednt. സകലജീവാത്മാക്ക[illegible]ം നിത്യവൃ. കളായി വിധിച്ചിട്ടുള്ളവ നാലു [illegible]ക്കി, സുഷുപ്തി, മൈഥുനം, വിഹാരം) Chintar. [illegible]ന്നവൃ. കൾ Bhg. the workings of സാത്വി[illegible]രാജസതാമസം (= ശാന്തഘോരമൂഢ എന്നി[illegible]ന്നും KeiN.). അരികളുടെ വൃ. കൾക്ക് ഒത്ത[illegible]ാലെ ഫലം വരും ChVr. കലമാകാ വൃ. പോ[illegible] Bhr. her manner? (or 2. 3.). 2. livelihood, [illegible]intenance നിത്യ—, ദിവസ—, കഷ്ടവൃത്ത്യാ[illegible]ിവൎത്തിച്ചു Bhg. led a poor life. പുരാവൃ. [illegible] highest Brahmanical situation, തന്ത്രവൃ. a [illegible]er office, പട്ടവൃ. of Sanyāsis KU. — നിലവൃ. [illegible]ernment income, രാജവൃ. land given in [illegible]ard of service KU. വൃ. കല്പിക്ക to appoint [illegible]aintenance. വൃ. കഴിക്ക to live. 3. neat-[illegible] 4. gloss, explanation.

വൃത്തികെട്ടവൻ (1) immoral; (3) a sloven. — വൃത്തികേടു uncleanliness.

വൃത്തിക്കാരൻ (4) a commentator.

വൃത്തിസാധനം (3) means of subsistence.

വൃത്തിവിഹീനൻ Bhr. destitute.

വൃത്രൻ S. N.pr. A demon. വൃത്രഹാ Indra, so വൃത്രാരിപുരം പുക്ക AR. etc.

വൃഥാ vṛthā S. (വൃ pleasing oneself, or വെറുതേ?). In vain, useless വൈവിശ്വാസം വൃ. ഭവിച്ചീടുമോ Nal. അസ്ത്രത്തെ വൃ. വാക്കി KR. made it nugatory, harmless. ഖേദം വൃ. VetC. ഇത്രനാളും വൃ. ജീവിച്ചിരിക്ക Nal.

വൃഥാഫലം useless. വൃ. ജീവിതം, തപസ്സു Bhr. വൃ. അശേഷം ChVr. അസ്ത്രസമൂഹവും വൃ. Bhr. രാജ്യം എന്തിന്നു വൃ. SiPu.

വൃഥാഭാവം levity വൃ. തീൎന്നു കാരണത്തിങ്കൽ ലയിക്ക Bhr. — ദുൎഗ്ഗതി ഉണ്ടാം വൃഥാമൈഥുനത്തിന്നു Bhr. — വൃഥാലാപം vain talk.

വൃഥാവൽ to no purpose, ചെന്നു വൃ'ലേ കൊണ്ടു വന്നു KR6. — vu. വൃഥാൽ f.i. വൃഥാൽ ഒരു ദോഷം അകപ്പെട്ടും MR. undeservedly.

വൃദ്ധം vṛddham S. (part. pass. of വൃധ്). 1. Full-grown. വൃ'മാം തപോബലം Brhmd. = great. 2. old, വൃദ്ധൻ m. an old man; കരഞ്ഞു നടക്കുന്ന വൃദ്ധയെ കണ്ടു f. — വൃദ്ധാൾ VyM. an old person.

വൃദ്ധത S. old age വൃദ്ധതാദശയിങ്കൽ VCh. = വാൎദ്ധക്യം. — വൃദ്ധശ്രവസ്സു who lived to hear much, or widely renowned; Indra, Nal.

വൃദ്ധസമൂഹം, — സംഘം an assembly of elders.

വൃദ്ധി S. 1. increase ബലാബലവൃ. ക്ഷയങ്ങളെ പരീക്ഷിക്ക KR. 2. prosperity. ഒരു നാളും വൃ. ആകയില്ല Arb. will not prosper. 3. profit, interest (വട്ടി Tdbh.) സഹസ്രാധികം വൃ. Nal. 4. enlargement of scrotum, rupture, വൃ. ക്കു ലിംഗത്തിന്റെ താഴെ നൊന്തു വീങ്ങും a. med. hernia. വൃ. വീങ്ങുക V1. വൃ. രോഗം Nid. of 7 kinds, also hydrocele.

വൃദ്ധിമാൻ wealthy, prosperous.

വൃന്തം vṛndam S. The stalk of a leaf or fruit, ഞെട്ടു.

വൃന്ദം vṛnďam S. (വിരുന്തു?). 1. A company അമരവൃ. Nal.; a herd ഗൃപവശവൃന്ദേശചരന്മാർ AR.; a heap. 2. a number = 100,000 മഹാശംഖം; മഹാവൃന്ദം = 100,000 വൃ. KR.

വൃന്ദാരം S. eminent. വൃന്ദാരകൻ S. God. ഭൂമിവൃന്ദാരകേന്ദ്രൻ VilvP. Mud. a Brahman.

വൃശ്ചികം vṛšǒiyam S. (പ്രപ്ര). A scorpion; the sign Scorpio, 8th month (Nov.) വൃശ്ചികാദികളിൽ അഞ്ചിലും വത്തിക്കുന്നാൾ രാത്രിയിൽ ഏറും പകൽ കുറയുമത്രെ തന്നേ Bhg.

വൃഷം vṛšam S. (Ved. man, husband; വക്ഷ to sprinkle, impregnate). A bull വൃഷാരൂഢനായി AR. Siva Sk. വൃഷമലം ഭക്ഷിച്ചു Bhr.

വൃഷണം S. testicles. വൃ. വീങ്ങി Nid. also in females Nid 43. (ovary?). വൃ. എടുത്തു കളക to castrate.

വൃഷഭം S. a bull; Taurus, the month ഇടവം Tdbh. 103, വൃഷഭാദികളാകും അഞ്ചിലും വത്തിക്കുന്നാൾ ഏറീട്ടും പകൽ Bhg. — In Cpds. excellent, pre-eminent f. i. സകലഖലകുലവൃഷഭ Mud. (Voc.)

വൃഷലൻ S. A common man, Sūdra.

വൃഷലി, — ളി Anach. a Sūdra female, maidservant of Brahmans തൻെറ വൃഷളികളെ അയച്ചു Arb. — വൃഷലീപതി a Kēraḷa Brahman, as intimate with Sūdra women. — വൃഷലീസുതൻ Mud.

വൃഷ്ടി vṛšṭi S. Rain വൃ. ചൊരിയുന്നു PT. വൃ. ഉണ്ടാകയില്ല Sah. കുസുമവൃ. തലയിൽ ഏററു Bhr. വൃഷ്ടിധാരാസംഖ്യയോളം നല്കി Bhg. rainlike. വൃ. മാസങ്ങൾ നാലും സുഖമായ്വസിക്ക Bhr. അതിവൃ. യും വൃ. യില്ലായ്മയും Nal.

വൃഷ്ണി S. (male) A ram; N. pr. a descendant of Yadu, Bhg. വൃഷ്ണിവംശം AR.

വൃഷ്യം S. Aphrodisiac, stimulating, provocative, as remedies വൃ. (അഷ്ടാൻ 19), അവൃ. GP.

വൃഹൽ vṛhal S. (= ബൃഹത്തു). Great കീർത്തിലക്ഷ്മികൾ വൃഹദേചമനയായി കലഹിച്ചു KU.

വെ, വെം, വേ T. M. Te. (Tu. bey, C. bisi). To be hot.

വെം also = വെൺ & വെറു (in Cpds.).

വെകിട Palg. heat = I. വെക്ക 1.

വെകുളി veγuḷi T. aM. Excite
ളി; വെകളിക്ക & വേളി കൂട്ടക

I. **വെക്ക vekka** T. M. Tu. 1. H
വെള്ളത്തിന്നു —, ചെറുവെ. V2.
lukewarm. വെക്കക്കഞ്ഞിക്കും (
നും അരുഞ്ഞരുകേ No. prov. —
വെ. പിടിപ്പിക്ക to warm han
2. No. = വെയിൽ കൂടിയ മഴ
the sun after a shower. = വെ
വെക്കം 1. (heat? or വേഗം S.)
ly, soon വെക്കമോടെ CC., വെ
വെ. നടന്നു Mud. തക്കമല്ല
2. = വെട്കം T. shame. വെ
to be ashamed.

വെക്കാനം Palg. No. = വെക്ക
വെക്കുക, ക്കി to heat, make w

II. **വെക്ക vekka** (T. vei, Te. vē
maipu). 1. To put [വേച്ചാൻ
(= ആകേ) തീ ചുററുമെ Bhr 9.],
(കാളം 246); to build. 2. to pl
ങ്ങളെ KU. വാഴയും തയ്യും MR.
അവൾ വെച്ചതു തിന്നും TP.
വെപ്പാൻ വിദഗ്ധൻ Nal. വെ
ണ്ടി അരിയില്ല No. I have not
ക്കുന്ന ഇടം hearth, kitchen; to
keep, retain പെൺ a concubine.
പ്രകാരം വെച്ചു രക്ഷിപ്പാൻ TR.
5. to leave കാരണവൻ ധനം
6. to deposit ഭവാങ്കൽ രണ്ടും വെ
ന്നും); to pawn പറമ്പു കടത്തി
അവകാശത്തിന്നു വെച്ചതൊ MR.
humbly കിഴി, കാഴ്ച etc. 8. t
a law, determine എന്നു വെച്ചു
to put a case, suppose, declar
എന്നു വെ. യല്ലോ ഉള്ളു TR. 9.
വെച്ചു ഞാൻ അധികാരം അ
I have laid down. എന്നെ വെച്ചു
cerned about me. ഒരു കൊല്ലം
by one year, deferring. വിരെ
a. med. (വി. നില്ലും v. n.) to st
വെച്ചു Nal. on a holiday. 10.
വെട്ടിവെ. etc.; also as v. n. & i

dark. മരം (2, 791) വെച്ചു it
ke. നെയി വെ. to get fat; ബ
ind) gets stronger = എട്ടുക; to
11. aux.V. to finish an action,
be undone, പറഞ്ഞു വെക്ക MR.
ന TP. be sure to tell. അമൎത്തു
down decisively. ആക്കി വെക്ക
ıd. ആറാക്കി വെ. to bring about.
ഹം ചെയ്യേപ്പു, രക്ഷിച്ചേപ്പു KU.
ഭപാനു PT. I have just invited.—
ിക്കല്ലേക്കിൻ TP. don't cut down,
ായന്മാരെ കയററി വെക്കല്ല don't
up. — also with v. n. ഖിന്നനാ
പ്പനാണ്ണെങ്കിലും Anj. കോപിച്ചേ
ഠ വന്നേക്കും So. will certainly
ous.

(3) gruel.

is over for ever വെ. എന്നാകുന്നു.
f. i. വഴിക്ക വെ. ല്ല not on the way.
4) to keep a woman ഊരാളിച്ചി
TP. — വെച്ചിരിക്കുന്നാൾ = ഭോഗ
വറേ ജാതിയിൽ ഒരു പെണ്ണിനെ
കൊണ്ടിരിക്കുന്നു TR.).

No. to present an elephant to
see വെപ്പിക്ക, VN. വെച്ചിരുത്തം.

oc. among, in നന്ദനന്മാരിൽ വെ.
ന വാഴിച്ചു Bhg. വീട്ടിൽ വെ. ക
എന്നു വെ. 159. — (8) considering,
.

(7) to receive presents or tribute
ക്ക വെ'ണ്ടാലും KU.

(6. 7) to deliver, return to; (3)
r one etc.

, വെച്ചേച്ചാളുക (4) to retain ഭോഷ
കളെ രാജ്യത്തിങ്കൽ വെ'ണ്ടിരിക്ക
TR. to suffer to dwell, etc.; (8)
ne etc.

(1. 8) to allude slightly V2.

feast, entertain.

വച്ചു, വെക്ക (5) to leave, to re-
നെ ഈ നാട്ടിൽ വെ'ച്ചാൽ KU.;
ാന്ത്യം വെ. CC. to deposit; (9) to abandon. പോരിൽ അരികളെ വെ'ച്ചു പോവു Bhr. let them fight alone. വെ. മോഹം RS. to give up. ധികാരം വെ. Bhg. to leave off. നുക്ക് വെ. ഇല്ല jud. = ശേഷിപ്പിക്കയില്ല നിന്റെ ഉസ്സാമത്ത്യം വെ. vu. I don't mind thy blustering. തീക്കട്ട എറുമ്പു അരിച്ചാൽ കരിക്കട്ട വെച്ചേക്കുമോ prov. (or 5).

VN. **വെപ്പു** 1. Placing, deposit, treasure ഉൾപ്പെട്ട വെ. ം ചെപ്പും doc. 2. planting ര ണ്ടാമത്തേ വെപ്പിൽ പോയതിന്നു പകരം വെച്ചു MR. 3. situation ആറുവെ. 89., കരവെ. 208. 4. a layer ഒരു വെ. ചുമർ MR. a day's work. 5. law, rule എന്നു വെച്ചു വെ. Anach. 6. cooking വെ. കഴിക്ക, see വെമ്പു; വെപ്പിന്റെ കൌശലം ഇല്ല Sil. വെപ്പിന്നധിപതി മാരുതി Bhg. എന്റെ വെ. ം ഊണും തിടപ്പള്ളിയിൽ ആണ് MR. 7. a mortgage, esp. ഒററി doc. മേൽവെ., വെപ്പവകാശം, വെപ്പോലയും കരണവും മുറിയും VyM. 8. concubinage, വെ. മാൎഗ്ഗം (812).

വെപ്പൻ (6) a cook, & വെപ്പുകാരൻ.

വെപ്പാട്ടി (8) a concubine.

വെപ്പുകാടി (6) sour gruel.

വെപ്പുപുര (6) a kitchen-house.

വെപ്പുപൊടി calcined powder.

വെപ്പുവള്ളം a built boat, large boat.

വെപ്പുവെള്ളം decoction.

CV. **വെപ്പിക്ക** f. i. (1) ഉയരത്തു വസ്തിച്ചു (sic) Mud 1. തിരുമുമ്പിൽ വെപ്പിത്താൻ RC 120. മക്കളു കപ്പൽ വെ. KU. = തീൎപ്പിക്ക TP. — (3) രാമനെക്കൊണ്ടു കഷായം വെ'ച്ചു jud. — (7) ഭഗോളിക്ക തോട്ടിയും വെ'ച്ചാനയെ ഇരുത്തിച്ചു കൊള്ളും SG. (a vow). വിളക്ക വെ'ച്ചീടിൽ VilvP.; esp. to demand back a lease ജന്മക്കാരൻ വെ'പ്പാൻ ചെന്നാലും കാണക്കാരൻ വെച്ചു കൊടുപ്പാൻ ചെന്നാലും KU. — (10) ഊക്ക വെ'ച്ചു കൊണ്ടു ഞാൻ KumK. I made thee strong again.

വെക്കച്ചും എന്നൊരു മൎമ്മം കണങ്കാല്ക്കു കീഴേ MM.

വെങ്ക — mostly from വെങ്കെ, — f. i. വെങ്കടം N. pr. Višnu temple at Tripati വെങ്കടേശ്വര സ്വാമി KeiN.; വെങ്കടാചലം എത്തി Sid D. — (വെങ്കടാചലം N. pr. m. Palg.).

വെങ്കലം T., (—ൺ—) So. bell-metal = വെള്ളോട്ട 2½ tin or zink, 10 copper; വെങ്കലനിറം Trav.; വെ'പ്പാത്രം VyM.

വെങ്കല്ലു T. M. quartz, alabaster.

വെങ്കായം T. M. (വെ) onion, Allium cepa. വെള്ളവെ. garlic, ംരംര — 119.

വെങ്കാറു B. a white cloud; so വെങ്കീരി, വെങ്കട etc.

വെങ്ങനാടു N. pr. The 16th province. — വെ'നാട്ടുനമ്പിടി, 1000 നായർ KU. president at Brahmanical sacrifices (വെങ്ങനാട്ടിൽ യാഗാധികാരിയാം നമ്പിടിയെക്കണ്ടു AK.). വെ'ടിക്കു സഭാമദ്ധ്യത്തിൽ ബ്രഹ്മാസനം കൊടുത്തിരിക്കേണം Anach.; also വെങ്ങനാട്ടുനമ്പിടി വെള്ളത്തോട്ട വണങ്ങുകയില്ല prov. (vu. the Kollankōḍu Rāja, with Mālikāna; formerly assisting at the coronation of Tāmūri).

വെങ്ങുക veṅṅuγa 1. (C. benki, fire വെ). To grow hot Vi. 2. B. to approach, appear before.

വെങ്ങാനം No., (— ക്കാ — Palg.) transient sunshine. — വെ'മാക to warm in the sun.

വെച്ചിങ്ങ = മെ — A very young cocoa-nut പഴുത്ത തേങ്ങാ മുതൽ വെ. ാന്തമോടത്രേ VyM. (fr. വെളിച്ചിങ്ങ).

വെഞ്ചനം Vi. = **വ്യഞ്ജനം.**

വെഞ്ചമരി etc., see **വെൺച—.**

വെഞ്ചേരി Stillingia Indica, Rh. (ചേർ 3).

വെടി veḍi T. M. Tu. (Te. to separate = വിട്ട, വിൾ). 1. Explosion, cracking, report of a gun വെ. കേട്ടു, also = ഇടി a thunder-bolt. 2. a shot, shooting. വെ. കാണിക്ക TR. to threaten to fire. വെ. യും പടയും ഉണ്ടായി, ഇടഞ്ഞു a fight. മൂന്നാൾക്ക വെ. ഉണ്ടു were shot. വെച്ച വെ. ഒന്നും കൊണ്ടില്ല TP. didn't hit. വെ. അവന്റെ കൊണ്ടു, ആ വെടിക്ക മരിച്ചു; തമ്പുരാന്റെ ആളുകളും ശിപ്പായ്കളുമായി വെ. കഴിഞ്ഞു, വെ. കഴിഞ്ഞു പോരുന്ന വഴിക്കു TR. during the engagement. തലശ്ശേരി കോട്ടെക്കു വെ. ഏററു besieged. അന്നു വലിയ വെ. യും കൈവെ. യും മര്യാദയാകുന്നു TR. (at festivals). തോക്കിന്നു വെ. പൊട്ടീട്ടും ഇല്ല, വെ. പിഴെക്ക to miss fire. അണി —, എല്ലു — 170, സാ

രസ്സ് — a volley. വെടിക്കോട്ട=

3. a gun വലിയ വെ. പ്പുള്ളി artillery. Trav. 4. idle talk (lies) വെ. പറക; വെടിക്കാരൻ.

വെടിക്കമ്പം a rocket വെ. കൊ (to Hanumān's tail).

വെടിക്കയറു a quick-match =

വെടിക്കാർ (2) musketeers, കോ റ്റത്തി TR. gunners; sportsm

വെടിക്കിടാവു an armor-bearer

വെടിക്കുഴൽ the barrel of a gu

വെടിക്കെട്ടു fire-works.

വെടിത്തുള (3) a touch-hole, അ

വെടിപ്പുഴുതു a hole made by a

വെടിപ്പാടു distance of a shot വെ. ദൂരം ഉണ്ടു jud.

വെടിപ്പുര a powder-magazine.

വെടിമരുന്നു powder.

വെടിയുണ്ട a ball.

വെടിപ്പൊട്ടി a cracker.

വെടിയുപ്പു saltpetre.

വെടിവെക്ക 1. to shoot അവനെ TR. മൂന്നു കറി വെടിയും വെ 2. coitus (obsc.)

വെടിക്ക veḍikka T. M. 1. To e crack. താളിപ്പാളി ശബ്ദത്തോടെ വെ to burst. 2. (T. വിടിയുക, to weather to clear up മഴ വെ. Vi. ണിവെടിച്ചു Palg. has become dr ലിഞ്ഞു.

വെടിപ്പു (Te. C. beḍagu beauty, വെൾ?) cleanness, neatness, ക്ഷ correct. വെടിപ്പായി സമ്മ fully, freely. വെ. തെളിഞ്ഞു proved. വെടിപ്പിൽ ചോദിച്ചു mined closely. കടലാസ്സിൽ ത്തീർത്തു, കണക്കിൻറെ വെ. തീർ it out. എല്ലാം വെടിപ്പായി all entirely gone. കണക്കും കാര്യ വെടിപ്പാക to clear, settle.

വെടിപ്പൊരുൾ Vi. clear explanati

വെടിയുക veḍiyuγa (T. വി—,

open, separate. 2. v. a. to
പടിഞ്ഞാർ കാലൻ, വെടിവവർ
ഷണംവെ. to abstain from food.
വെടികെ Bhr. altogether. എ
മ്മ CG. അരചനെക്കൊതിച്ചു
ഞ്ഞാൽ prov. rejecting, often
വെ വെടിഞ്ഞു പോകുന്നു Mud.
ത വെടിഞ്ഞു പോയാർ CC.=
നയിൽനിന്നു വരേണ്ടതു വെച്ചു
ക്കൊണ്ടുകൊണ്ടു TR. to give up
തി വെടിഞ്ഞു Mud. without.

1. forsaking, deserting.
ന്ത്രു ഭക്ഷിച്ചാലും വെ. ഇല്ല=
enough, No.
പട്ട haste) a spindle റ്റലിള
f weavers; വലിയ വെ. a

Te. Heat; M. security of
t = വെട്ടം; വെ. കൊണ്ടുവാ!
lg. No.
arness V1.; വെ'വായി public-
road day-light, notorious.—
. = വേട്ടാളൻ.
light (= വെളിച്ചം) വെ. വീ
. വെ'ത്തു വന്നു came to
വട്ടം No. So. [വേട്ട—.
pr. a deity of mountaineers,
ൻ, വെട്ടത്തുകോയിൽ, വെട്ട
pr. a dynasty of Brahmans
), derived from Chēramān's
, now extinct; Tānnūr Rāja
ത്തുനാട്ടു 7 Kāďam, 5000 Nāyars.
കാട്ടത്തയക്ക KU. വെട്ടത്തു
'R.

ll.). 1. A tree of worthless
V1. a sweet-smelling root.
ൻ, ഉള്ളവൻ an incorrigible
രിവെ. Olea dioica, പേ—
2. B. worthless (deserv-
?). വെട്ടിപ്പണി, —വേല or
av. Palg. = ഉപകാരം ഇല്ലാ

വെട്ടിത്താളി 1. leaves of prec. 1., used to remove the oil after bathing. 2. B. a plant.

വെട്ടു veṭṭu T. M. (Te. വേട്ട & Te. C. Tu. peṭṭu fr. വെട്ട, വെടി). 1. A blow, stroke, cut വെട്ടിന്നൊത്തു Bhr. ന. വെ. കൊട്ടത്തു (with sword on shield). വെ. കൊണ്ടവൻ TR. വെട്ടും കുത്തും പലിശക്ക prov. തമ്മിൽ വെട്ടും മുറിയുമായി TR. came to sharp blows. മണ്ണു വെ. (No. I. കൊത്തു) ഏല്ക്കുന്നില്ല Palg. So. the ground does not yield to the hoe. 2. a wound; sunstroke, stitch. 3. felling trees, digging, engraving. [Rh.

വെട്ടടക്ക unboiled areca-nut; also Sentia Ind.

വെട്ടൻ a vicious, goring buffalo.

വെട്ടരിവാൾ a small hoe, sickle.

വെട്ടവാളൻ B. = വേട്ടാളൻ a wasp.

വെട്ടിൽ (& വി—) a grasshopper വെട്ടക്കിളി MC. (T. വെട്ടുക്കിളി) = തുള്ളൻ.

വെട്ടുകത്തി a chopper, bill = കൊട്ടുവാൾ V1.

വെട്ടുകൽ cut stones വെ. കൊത്തുക, വെ. പണിക്കാർ മഴ (taxed) MR.

വെട്ടുകാണം compensation to the tenant for clearing & levelling land; lease on favorable terms on condition of clearing waste lands.

വെട്ടുകാർ (3) Palg. wood-cutters. = മഴക്കാർ No.

വെട്ടുകോട്ട & വെട്ടിയകോട്ട the famous Trav. lines from Cranganor to the Ghats, attempted by Tippu 1789, taken 1790. Ti.

വെട്ടുപണി So. Palg. = വെട്ടുവേല Aśāris' work.

വെട്ടുപന a palmyra from which leaves are cut.

വെട്ടുപാട a wound, scar. [ണി.

വെട്ടുവഴി a road. — വെട്ടുവേല Palg. = മഴപ

വെട്ടുക 1. To cut with a sword, axe. തീയനെ വെട്ടിക്കൊന്നു കളഞ്ഞു TR.; to cut off തല വെട്ടിയറുത്തിട്ടു VetC. തലവെട്ടിക്കളഞ്ഞു; to cut down വാഴകുല (= കൊത്തുക), തെങ്ങും കഴുങ്ങും വെട്ടി നിരത്തി TR. (= മുറിക്ക) hewed. വൃക്ഷത്തെ വെട്ടിക്കരെച്ചു Bhr.; clearing വെട്ടിച്ചുട്ടു വിതെച്ചിട്ടു വിളയും നെല്ലു opp. വെട്ടിയിട്ടു ചവിട്ടീട്ടു മുളെക്കുന്ന നെല്ലു GP. 2. lightning (= വെടി) ഇടി വെട്ടും വണ്ണം AR. ഇടി വെ'പോലേ ചൊന്നാൻ Mud. 3. to dig, engrave

സ്ഥലം പുതുതായി വെട്ടിക്കിമെച്ചു MR. പാത വെ. to cut a road. വെട്ടിയടെക്ക, മൂടുക to inter B. 4. to fight പടവെ. etc. കബന്ധിനം വെട്ടിപ്പിടിച്ചു SiPu. വെട്ടി വെന്നീടുവാൻ സാമൎത്ഥ്യമോ VCh. വെട്ടി അടക്കിക്കൊൾ്ക, വെട്ടി അടക്കം KU. വെട്ടിക്കയക്ക to grow angry in fencing. 5. to gore, of bison & വെട്ടാൻ വരുന്ന പോത്തോടു വേദം ഓതിയാൽ കാൎയ്യമോ prov. (see വെട്ടൻ).

CV. വെട്ടിക്ക (1) ഓല, മരം വെ'ച്ചു MR. had it cut down. — (3) തട്ടിൽ പേർ വെ'ച്ചു TR. had engraved.

വെട്ടിയാട്ടു, — ക Palg. taking devils (ഭൂതം, പിശാചു), supposed to be the cause of cholera & small-pox, to the limits of a village, & after having brought them sacrifices & thrown മഞ്ഞച്ചോറു, driving them away with shouts beyond the boundaries (superst.).

വെട്ടേ (വെട്ട q. v.) openly, plainly, candidly. — അവന്റെ അരികേ വെട്ടേ വന്നാൽ അവൻ കിടന്നേടത്തു എഴുനീല്ക്കുന്നില്ല No. vu. (ഗുരുതപക്കേടിനാൽ). [see വെങ്ക—.

വെൺ veṇ T. M. C. (= വെൾ) White, bright;

വെങ്കുട്ടക്കോട്ടു N. pr. in Chēranāḍu, a ക്രുവാഴ്ച of Tāmūtiri (കിഴക്കേ കോലോത്തെ രാണി).

വെങ്കണ RC. a glittering arrow.

വെങ്കതലി a plant. — വെങ്കനലി a tree B.

വെങ്കനകം glittering gold വെ. മേനിയുള്ള മാൻ RC. [ങ്കന്നു.

വെങ്കന്നു Palg. the bovine genus, opp. കരി

വെങ്കളി lime, whitewash — വെ. മാടം an up-stair house, balcony = സൌധം.

വെങ്കാമരം B. a certain tree.

വെങ്കായൽ B. a large lake.

വെങ്കാരം, വെള്ളിക്കാരം borax, a. med.

വെങ്കുട = വെണ്കൊററക്കുട. [ക —.

വെങ്കുന്നി, വെങ്കുമുദം, വെങ്കുറുന്തോട്ടി, see

വെണ്കൊററക്കുട a large white parasol, royal ensign AR. Mud., esp. of Cochi Rāja KU. Vi.

വെൺചമരി brush or whisk of a yak-tail വെ. മാൻ the yak, Bos grunniens. വെൺചാമരം & — രം വീശിക്ക a royal ensign KR.

വെണ്ട M. C. Te. Tu. (മെൈ?) 1.
lentus, വെണ്ടക്ക its fruit.
tied on a dog's neck B.

വെണ്ടകം a forest tree. — വെ
bone (T. വെണ്ട hollow, C. Te
plant for floats & tinder).

വെണ്ടേക്ക Lagerstrœmia, see

വെണ്ണ T. C. M. (നെയി, Te.
വെ. കട്ടുണ്ടവൻ Anj. വെ.
tract it. 2. whiteness, bu
നെയി butter, വെ. കല്ലു
നീററിൽ കിടക്കുന്ന പട്ടി SiP

വെണ്ണാരക്കൽ a. med. mineral,
by കണിശൻ.

വെണ്ണി = വെന്നി; hence വെ.
playing at bowls വെ. വെട്ടു
ട്ടുക; കയറു കൊട്ടു നാരങ്ങ
രടി 240.).

വെണ്ണിലം sandy ground, waste
വെണ്ണീറു embers, ashes esp. of
ചാരം Vi. വെ. ഇട്ടു തേച്ച
വെ'ററിൽ കിടന്ന പട്ടി prov.
ക്ക (superst.). — വെ. ആക്കിട
burnt. ജഗത്തെല്ലാം വെ. ആക്കി
വെണ്ണീററൻകന്നൻ No. (Palg.
a very inferior plantain ki

വെണ്ണെഞ്ചു B. the breast of ani

വെണ്ണെല്ലു old bones (വെണ്ടെല്ലു
of white rice (comp. വെന്നു

വെൺതഴ Bhr. a white fan.

വെൺതിങ്കൾ RC. CG. the full

വെൺതുലാത്തു Vi. deficiency in

വെൺനിറമായി KR. became wh

വെൺപട്ടു white or fine silk CG.

വെൺനിലാവു the full moon and
അഞ്ചുന്ന പുഞ്ചിരി CC. വെ.
വെ. ഉണ്ടുണ്ടു ചകോരങ്ങൾ CG

വെൺപറമ്പു 1. = വെമ്പ— an
2. = വാഴ വെച്ച പറമ്പു in pr
മുട്ടിയാൽ അമ്പലം വെ.

വെൺപാടം an open corn-field.

വെൺപാട്ടം (or വെറും—) sim
fields or gardens, B.

. Whiteness. നാരിമാൎക്കു വെ. കണ്ണ
ite clothes, in winter. വെ. തിര
വെ. തിരണ്ടു നടന്നാർ CG. beauti-
ightness, cleanliness, smoothness.
to burnish, വെ. ഉണ്ടിരിക്ക to be
1. വണ്ടിന്റെ നിറത്തിലും വെ.
നാരു വണ്ടാർ പൂവേണി Nal. ത്തു
ടും ആനനം, വെ. യോടു പറവാൻ
. state fairly. വെ. യിൽ nicely.
ണ്ടുള്ളോർ എന്നു ഞായം CG. as be-
ight, sincere. നന്മയും വെ. യും
v. all joy left me. — വെണ്മകേടി
യാൽ CG. such unfairness, un-
[ക not carved.
ain, simple work — വെണ്മട്ടായ്തീരു
ണി No. Palg. common, rough,
etc. work(-manship) = താണ.
e moon ഇളവെ. Anj. വെ. മുഖി
വെ. മൌലിയാൽ Nal.
a chunamed wall വെ. കോട്ടക്കിട
റന്നായുറപ്പിച്ചു Mud.
വെള്ളിമല Kailāsa.
right axe, = പരശു KU.; fig. സം
ശത്തെ ഭക്തിജ്ഞാനവെ. കൊണ്ടു
ഛദിച്ചു കളയും Bhg 11.
n arched roof, vault, a terraced
se. Nal.; flat-roofed = വെഞ്ചളിമാ
unāḍu & Palg.
. Venus = വെള്ളി.
veδumbuγa T. M. (വെ). To be
ed; fade.
(വെതുപ്പിക്ക B.) to make warm.
gentle heat; Palg. = ഇളഞ്ചൂടു.
1. v. a. to warm വെണ്ണയും നെ
ട്ടി വെതുപ്പിധാരയിടുക MM. 2. B.
= വെതുമ്പുക.
warmly, gently ചോരവെളിച്ചു വെ
ായും MM., വെതുവെതുപ്പെന്നു Palg.
ൻപോയില്ല.—വെ. യാക the touch
boil.
ettal V1. Occupation (746. ബദ്ധ
വൈന്നു to labour).

വെന്ത part. of വേവുക.

വെന്തയം T. M. Fenugreek, = ഉലുവ Arb. Palg.

വെന്തല B. (T. വെണ്ടല). A skull (വെൺ). so വെന്തേക്ക = വെണ്ടേക്ക.

വെന്ത്ര RC. = ബന്ധു.

വെന്തൃക്കോയിലപ്പൻ N. pr. Siva of Taḷiparambu, the patron of Kōlattiri (വെൺ, പെരും?) KU.

വെന്നപാലൻ N. pr. (വെല്ലുക). A class of lower Sūdras in കടത്തുവനാടു.

വെന്നി venni (T. വെൻറി fr. വെല്ലുക) = വെററി 1. aM. Victory വെ. മിക്ക മന്നവൻ, എല്ലാരോടും വെ. വിളങ്ങും ലങ്കവേന്തൻ RC. തോല്വിയും വെ. യും കണ്ടതില്ലിങ്ങനേ UR. 2. a condiment, curry with buttermilk, also വെണ്ണിയിൽ ആശ ഏറി Anj. 3. see വെണ്ണി.

വെന്നിപ്പറ a drum of triumph വെ. യും അടിപ്പിച്ചു, വെന്നിപ്പെരിമ്പറ കൊട്ടിച്ചു മേളിച്ചു AR. proclaimed a victory, triumphed solemnly. [(വെന്നിതാര?).

വെന്നതാരാ (sic) the shout: Victoria! V1.

വെന്നിലം (വെൺ, വെം, or വെറു). Quite sterile ground.

വെന്നീർ vennīr T. M. C. Te. (വെ). 1. Hot water വെ'രിൽ സേവിക്ക a. med. 2. B. pure water (വെറു & വെൺ).

വെന്നെല്ലു (വെം = വെൺ). CrP. A kind of paddy (see വെണ്ണെല്ലു).

വെപ്പു veppu 1. VN. of വെക്ക q. v. 2. T. Tu. heat (വെ). വെപ്പു വെക്ക to burn tiles, make med. preparations. 3. പുതുവെപ്പു N. pr. Veippu, Veipin near Cochi, a deposit formed in 1341; an era called by this name D. Fra Paol.—വെപ്പിയൂടെ കൊച്ചിയഴികടന്നു KU. id.

വെമ്പൽ T. M. 1. heat വളരെ വെ. ഏട്ടക്കുന്നു; also = പൊരിയൽ 716., ചുടാന്തരം 377.; വെ'ല്ലൂർ N. pr. a place. 2. shrivelled fruit V1. 3. B. flurry, hurry.

വെമ്പു = prec. 1. in വെ. നീർ No. vu. perspiration (വെമ്പീർ contr.).

വെമ്പുക 1. to be very hot V2. 2. to be burnt, shrivel V1. 3. to be in a hurry, flurried. B.

വെമ്മ T. (loc.) heat; = വേണ്മ (f.i. in വെമ്മട്ടു).

വെയിക്ക veyikka No., **വൈക്ക** V1. (C. Te. to burn=consume). To eat rice വെയിച്ചു കൊൾ, ചോറു വെയിക്കാൻ TR. കഞ്ഞിയും ചോറും വെ. ാതെ MR. വെയിച്ചേടം അടിക്ക prov. അത്തായംചോറു വെ., അന്നു കളിച്ചും വെയിച്ചും കൂടി TP. വെയ്യാതിരുന്നു മരിക്ക നല്ലു Anj.

CV. കഞ്ഞാനെച്ചോറു വെയിപ്പിക്കുന്നു TP.

വെയിൽ veyil T. M. (C. bisil, വെ). 1. Sunshine. മറുവെ. reflection of the sun. വെയിലത്തു നില്പിച്ചു in the sun (slight torture). വെ. തണുക്കാൻ വേണ്ടിത്താമസിച്ചു TR. വെ. ത്തുമുറുക്കം power of the sun. വെയിലോടേ പോരുക TP. to come in the heat of the day. വെ. കൊൾക, ഏല്ക്ക, കായുക to bask, expose oneself to. രണ്ടു വെ. കൊണ്ടു 2 days'. വെ. ഒപ്പം കൊണ്ടാൽ മതി prov. ചുട്ട വെയ്യത്തു കിടന്നുഴല്ക SiPu. ഇള — (morning), പോക്ക — (evening), അററ = കൊടു —, മുരം വെയിൽ (in Kumbha & Mina), വെ. ക്കേടു drought. 2. the sun വെ. മൂക്ക, ഏറിക്ക the sun to be hot, sunrise (Palg. വെ. ത്തറിക്ക No. Cal.), also വെയ്യിൽ RC.

വെയ്യിലോൻ, വെയ്യോൻ T. M. the sun (see വൈയവൻ) RC.

വെരുകു T. So. & **വിരുകു** V1. (T. & C. bekku, cat fr. bikku, Tu. Te. C. to scratch with nails). A civet-cat = മെരുക 856, kinds: പൂവെ. yielding പുഴുക & കരുവെ. Palg.; also = നായ്പ്പിള്ള Tantr.

വെരുകടി T. a M. as much as can be taken by three fingers, med. measure V1.

വെരുളുക T. V2. To be frightened, confused, furious = മെ —.

വെറി veṟi T. Te. C. So. (വിറ?) Intoxication, fury. വെ. മൂക്കുമ്പോൾ തെറി മൂക്കും prov.; വെ. ആക്ക (loc.) to spoil an entertainment by niggardliness.

വെറിയൻ drunk, furious V1. (= വെരുൾ).

വെറു veṟu T. M. Te. (C. Tu. ബറു, Te. bari, vaṭṭi). Asunder, void of, empty, bare.

വെറുക്ക T. M. (Te. to keep at a distance). 1. To avoid, abstain from; ചോറോടു to loathe. 2. to hate ഉടപ്പിറന്നവരോടു വെറു
renounce ലോകത്തോടു (& — ത്തി
ject കെട്ടിയവളെ TR., അവളെ വ
ന്നുകൊണ്ടു വെറുത്തു ഞാൻ
കേൾ KR. to deny.

VN. വെറുപ്പു aversion, dislike, a

CV. വെറുപ്പിക്ക to cause anger.
MC. birds to bristle; to ca
or reject പുത്രമോഹത്തെ വെ'

വെറുങ്കടലാസ്സ് blank paper.

വെറുങ്കഥ a fable.

വെറുങ്കാവി a float of nets. No.

വെറുങ്കാൽ barefoot.

വെറുങ്കൈ: ജനങ്ങൾ വെ. ആയ്യു
having neither money nor arm
ടിത്തം wrestling.

വെറുങ്കൊഴ, see വെറുമ്പാട്ടം (l. കെ

വെറുഞ്ചോടിൽ കയറി V1. an empt

വെറുഞ്ചോറു mere rice, without c

വെറുതേ (also വെറുങ്ങനെ No., വെ
1. for nothing വെ. ജന്തുക്കളെ
Brhmd. uselessly, for mere
idly. വെറുതാവിലേ കൊന്നു TP.=
2. only, gratis, freely, peac
rather ചുമ്മ).

വെറുനിലം bare ground, വെ'ത്തു കി

വെറുന്തല a leafless tree.

വെറുന്നീതി legalism; exacting, he

വെറുമ emptiness. വെ. കാട്ടുക

വെറുമുഖം കാണിക്ക = വെറുപ്പു.

വെറും ഭൂമി uncultivated land.

വെറുംഭോഷ്കു a downright lie.

വെറുംവയററിൽ സേവിക്ക empty st
ഉ. വെറുമ്പെട്ടി TR. empty. — ഒ
കൊത്തിക്കിളെക്ക treeless = വെ
വെറുമ്പാത്രം etc.

വെറുമ്പാട്ടം renting the simple p
grounds (for 3 years gen.) again
sum that leaves little after p
taxes; വെ'ട്ടച്ചീട്ടു & വെ'ട്ടാചീട്ടു
a lease for which the tenant
advance. വെ'ട്ടവകാശത്തിൽ
കഴിക്കാനാണെങ്കിൽ കൊടുത്തു MR.

ററം the free side of a jungle. വെ. നി
ാവർ; വെ. കളളു a kind of hunting.
പാക്കി B. a beggar.
മനിയിൽ on the naked body.
ു෧റ So. separately, severally.
'ort. verruma, A gimlet (വരമ, ബ്യ
ı. കൊഞ്ഞു തുളെക്ക.
ൗതിട്ടുക (No.) To smoothen a wall
s chunamed. (വെറുമത്തു the polishing

) vet'tan So. (വെറു, T. വെററാൾ).
e, poor. വെ. കട്ടി an entire orphan.
ത്തരം poverty.
ററില T. M. "The mere leaf", Port.
, betel വെ. ടക്ക തിന്നുന്നു, വെ. അടക്ക
വാങ്ങി jud. വെ. തന്നിട്ടു ഇണങ്ങുക
orm a friendship, make peace. വെ.
› പറഞ്ഞു jud. to sit & talk. എന്നു
നിശ്ചയിച്ചു വെ. പാക്കം കൊടുത്തു
confirm an agreement by gift of betel.
ിപ്പുകക്ക entire disrupture of a family
property & ceremonies. [Kinds: plant-
y, against trees നാടൻ —, നാട്ടു — or
ടി — (is മുരുമുരുപ്പു, esp. ramping on
ിലാനാറി വെററില ramping on പി
ഒ കൊടി 3, 302, ഞാലിക്കൊടി — 412;
against bamboo poles മുളക്കൊടി —.
›wn esp. in Konnu (കൊങ്ങൻ —; a
ൂര —), Payar-mala & -nāḍu (ഇരിങ്ങ
Kōṭayam (പുറാട്ടര — 680), Wayanāḍu
ടൻ വെററില) etc.; see bel. — Betel-
prefer So. വെണ്മണി വെ., ആറുമുള
മാവേലിക്കരച്ചുണ്ണാമ്പു, യാഴ്പ്പാണം പുക
ı. നന്നമ്പറ വെററില, തുളുനാടൻ (No.
ാട്ടു) അടക്ക, അറപ്പുഴച്ചുണ്ണാമ്പു, യാഴ്പ്പാ
›. ഇടപ്പാള) പുകയില (demanded at
ള) — they eschew: വെററിലയുടെ മൂ
ളു (vu. മൂക്കരുളു), അടക്കയുടെ തരങ്ങ
vu. തരങ്ങരുളു), പുകയിലയുടെ പൊടി
ന്ദുറേറരുളു prov.].

ംക്കെട്ടു 1. a bundle of betel (gen. 100).
'radescantia.

വെററിലക്കൊടി Piper betel വെ. ഇട്ടവരു വിരുന്നു പൊയ്ക്കൂടാ No. prov. (നനെക്കേണം), വെ. ഇട്ടു MR. planted the vine. — കൊല്ലത്തേ വെ. 1. a fine sort of betel. 2. Barleria prionitis. Rh. — തുളസിവെ. a superior betel-vine = നന്നമ്പറ 530; see ab.

വെററിലച്ചെറുക്കൻ V2. a page.

വെററിലപ്പെട്ടി തുറന്നു വെച്ചു jud.

വെററില നാക്ക the tip of a betel-leaf put on the right temple or on the top of the head to chain Laxmi to one's person (superst.).

വെററിലപ്പൊട്ടി (പൃക്കച്ചു 689) a betel-pouch.

വെററിലപ്പാമ്പു, — മൂഖൻ, — തേൾ a venomous insect, often found between betel-leaves.

വെററി vet'ti T. aM. (വെല്ലുക). Victory. വെ. കൊള്ളുതിന്നി എന്നു വെന്നി വിളയിന്ന കമ്പകരണൻ I shall conquer, said the victorious K., നമ്മോട് ഒഴിവുതെനി മററെല്ലാം വെ. RC.

വെലി veli, Tdbh. of ബലി Sacrifice, വെ. കളക. വെലിക്കൽ an altar before temples, considered as Kšētrapālaka തേവർ ഇരിക്കേ വെ'ല്ലിനെ തൊഴേണ്ട prov.

വെല്ലം vellam 5. Juice of sugar-cane (ഗുളം), molasses; coarse sugar വെളുത്ത വെ'വും പൊടിച്ചു Mud. (best kind).

വെല്ലുക velluya T. M. (Te. to exceed, spread = വെളി). 1. To overcome അവനെ വെന്നീടുക, മിക്കകൾ വെന്നവെന്നു VilvP. എന്നെ വെല്ലുവോരില്ല CG. — fig. to surpass നീലത്തെ വെന്ന നിറം Bhr. ചില്ലികൾ കാമന്റെ വില്ലെ വെല്ലുവാൻ വല്ലും VCh. (& വെല്പാൻ) to rival. 2. to kill നൂററിനെ വെന്നിളു CS. slew.

VN. വെല്ലൽ, വെന്നി, വെററി q. v. [V1.

വെല്ലുവിളി challenge to fight; shout of victory

വെല്ലൂത്തി V1. Port. veludo, Velvet വില്ലൂസ്സ്.

വെവ്വേറേ vevvērē (വെറു). Separately, severally. വെ. വെക്ക apart. കളിയും ചിരിയും മപ്പുറം കഞ്ഞിയും ചോറും വെ. prov. വെ. വന്നു വന്നെല്ലാം Anj. successively.

വെവ്വേററുവഴി in different ways, variously.

വെശ Vi., see വിശ.

വെളുഞ്ഞീർ, വെളുഞ്ഞിനീർ = മുളഞ്ഞിൽ Viscous juice as of a jack-fruit. No.

വെളുപ്പ്, see വിളു —.

വെളൂാൽ No. vu. വിളയൽ = കൈപ്പിടിക്കതിർ A handful of ears 2 — 4 = 1 കററ No., 1 ചുരുട്ടു Palg. (Et. വളയൽ).

വെളി veḷi T. M. (Tu. boḷir fr. വെൾ; Te. vela fr. വെല്ലുക, വെലി). 1. Light, clearness = ഒളി f.i. ചിലേടത്തു വെളിയുണ്ടാകാശേ, ചിലേടം കാർമുകിൽ കൊണ്ടു മൂടി KR. 2. open field; notoriety ഗ്രന്ഥസംസാരം നാട്ടിൽ ഒക്കവേ വെ. യായാൽ PT. if it be published. 3. outside വെ. യിൽ പോക to go out, ease nature. രാജ്യത്തിന്നു വെ. യിൽ കളക VyM. to banish. രാജാവിനെ കോട്ടയിൽ വെളിയിൽ ഇറക്കിപ്പിടിക്ക Arb. to get him out of. വെളിയിലാക്ക to put out, release. അറിഞ്ഞ മോഷം വെളിയിൽ പറയാതേ VyM. to reveal. 4. Caladium nymphæiflorum, a wild yam, edible വെളിയും തല എട്ടുക്കം, വെളീലപ്പുറത്തു വീണ വെള്ളം പോലേ prov. കള്ളവെ. = മേത്തോന്നി.

വെളിന്താളി (4) the stem of Caladium.

വെളിപ്പാടു (1. 2) an open field; manifestation, revelation.

വെളിപ്പെടുക (1) to come to light. ഞാൻ വെ’ട്ടില്ല I did not show myself. നീ എൻ മുന്നൽ വെ’ന്നിതു RC. you appear.

CV. വെ’ത്തുക. to lay open.

വെളിമ്പറമ്പു, വെളിമ്പ്രദേശം (2) & വെളിയം B. an open place.

വെളിയത്തു = പള്ളിച്ചാൻ Coch. D.

വെളിയൻ what is outside — വെ. കല്ലു N. pr. the sacrifice-rock off Kōṭakal TR. അന്നേരം നീ ഇല്ല വെ’ല്ലിന്റെ ചോട്ടിൽ No. vu. you were not in the world then. — വെളിയങ്കോട്ടു N. pr. So. of Ponnāni — വെ. പയറു Pay. — മേസപ്പത്തിൽ വെ’ന്മാടം ചുട്ടു TR.

വെളിയാണിക്കര a borer Vi.

വെളിയേ (2. 3) = വെളിയിൽ. [window Vi.

വെളിവാതിൽ a door with a window; a

വെളിച്ചം veḷiččam T. M. (വെളി). 1. Light

വെ. ആക to dawn; also = വിള
കത്തിക്ക. 2. publicity വെ’
came to light. മോഷ്ടിച്ച ദ്രവ്യ
തേ TR. അവൻ വെ’ത്തു വന്നില്ല
come forth. ചെമ്മേ വെ’ത്തു
thyself. ഞാൻ വെ’ത്തിടാഞ്ഞി
reveal. വേദത്തിൻപൊരുൾ വെ
clearly, openly. വെ’മാക്ക to pu
ത്തിടുക = വെളിപ്പെടുത്തുക.

വെളിച്ചപ്പാടു oracle pronounce
or medium of the God. വെ
പ്പന ആയതു TR. the oracl
വളനാട്ടമ്മയുടെ വെ. ഉണ്ടാ
വെളിച്ചപ്പാടന്മാർ, — ടി a
one possessed by Kāḷi.

വെളിച്ചപ്പെടുക 1. to show on
വെ’ട്ടാൻ CG. Gods to appe
വതമാർ ദിനത പൂണ്ടു വെ’ട്ടാ
വേശവാനായി വെ’ട്ടാൻ CG.
one’s heart, speak out എല്ലു
വെ’ട്ടു prov.

CV. വെ’ടുത്തുക to cause to app

വെളിച്ചിമരം a wood or tree shi

വെളിച്ചിൽ, — ച്ചിങ്ങ a quite you
just coming out (വെച്ചിങ്ങ,

വെളിച്ചെണ്ണ lamp-oil = തേങ്ങെണ്ണ
റും അരേര ഉറപ്പിക കണ്ടു
വെച്ചെടുപ്പിച്ചു TR. (an arbitr

വെളിർ veḷir So. A crane MC. (

വെളിൽ veḷil T. aM. = വെളി, f.i
ടുത്തു RC 75.

വെളിവു veḷivu M. = വെളിച്ചം,
വിളക്കിന്റെ വെ. തിണ്ണമേൽ വ
അന്ധന്മാക്കു വെ. കൊടുത്തു PP.
ക്കു വെ. ഇല്ല prov. പരന്ന വെ’വ
കാണാം Bhg. മഴക്കൂടി മാരിത്തും
ത്തു No. = മയൽ; മുഖവെ. a fair
മറെഞ്ഞു വെ’വിൽ വന്നു doc.
പുല്ലു തിന്നു കാട്ടു വെളിവാക്കി PT.
മാത്ഥം വെ’വാക്കിച്ചൊല്ലുൻ, വെ
ചൊല്ലുന്നു KR. I declare openly
ബോധിക്കും MR. plainly. 3. R.
sibility — വെ. കെട്ടു delirious, dr

വെളുക്ക veḷukka T. M. Te. (C. biḷ, Tu. boḷ). 1. To dawn, വെ'ക്കുമ്പോൾ (വെളുമ്പം,— പ്പം കാലം vu.). നേരം വെ'ത്താറെ MR. വെളുക്കേ early V2.; നിലാവെ. the moon to rise. 2. to grow white, be white ഭംഗിയില്ലല്ലോ വെ'ത്തുള്ളവൎക്ക Bhg. രോമങ്ങൾ വെ. = നരെക്ക VilvP. നാട്ടുരാജാവിൻ കീൎത്തിയാൽ വെ. (as by snow). 3. to be washed, clean, bright വസ്ത്രം വെ'ക്കേ അലക്ക, വെളുത്തലക്കുന്ന രജകൻ KR. കിണ്ടി വെ. തേച്ചു TP. മംഗല്യം തേച്ചു വെ. കെട്ടി Onap. വെളുക്കുമേ വിളങ്ങും CC. (of metals).

വെളുത്തപക്ഷം the bright fortnight.

വെളുത്തവാവു the full moon.

വെളുത്തീയം = വെള്ളീയം; വെളുത്തുപ്പു etc.

വെളുത്തേടം (3) the washing turf വെ'ത്താവൻ, —ടൻ the washerman for Brahmans & temples വെ'ടന്റെ അറ തുറന്നതു പോലെ prov. (looking white); വെ'ടത്തി f. V1.

വെളുന്നനേ whitish വെ. മുഴെക്ക Nid.

VN. വെളുപ്പു 1. whiteness, brightness. ഏററം വെ'ള്ള വെള്ളവസ്ത്രം കൊണ്ടു തററുടുക്ക SiPu. (meritorious). 2. dawn. 3. sickly paleness; leprosy വെ. വ്യാധി.

CV. വെളുപ്പിക്ക 1. to whiten, brighten ദിക്കുകൾ വെ'ക്കും കീൎത്തിധാവള്യം PT. വിശദനിജകീൎത്തി കൊണ്ടു വെ'ച്ചു Brhmd. പുഞ്ചിരികൊണ്ടു നെഞ്ചകത്തെ വെ'ക്കുന്നോൻ CG. 2. to wash clothes V1., polish steel; to clean rice perfectly = അരി വെളുക്കക്കുത്തുക.

വെളുപ്പിക്കുന്നവൻ 1. No. (rare) a washerman. So. 2. Palg. a barber in gen.

വെളുമ്പൻ m., — മ്പി f. a white, fair person.

വെളുവെള very white വെ. വിളങ്ങി SiPu. പൊടി വെ. അണിഞ്ഞുകൊണ്ടു Nal. വെ. മിന്നുക.

freq. V. മുഖവും മേലും വെളുവെളുത്തു വരുന്ന വ്യാധി a. med. വിശദം കീൎത്ത്യാ വെ'ത്തു ചമഞ്ഞു CC.

VN. വെളുവെളുപ്പു, വെളുവെളിവു SiPu. (see ശശിധരൻ).

വെളുതി veḷuði (loc. fr. വെളി) = വിളിമ്പു q.v. = Margin, vu. വെളുമ്പു.

വെൾക്ക veḷka T. aM. (& വെക്കം q.v.). To pale, to be ashamed, afraid വെൾക്കുന്ന പാൎത്ഥ RC 81.

വെള്ള veḷḷa T. M. (വെൾ). 1. White color. വെ. കയറുക to dawn, the moon to rise. വെ. കീറിക്കൊണ്ടു ഇരിക്ക, വരിക the morning to dawn. — വെ. ഇടുക, തേക്ക, പൂശുക to whitewash. — Color of cattle നായ് — 544, ഓട്ടു കറുത്ത —, ചങ്ക —, പാൽ —, അരക്കൻ —, ചെന്താമര —. 2. white & clean cloth. വെ. കെട്ടുക to dress like a demon. വെ. യും കരിമ്പടവും വിരിക്ക KU. (in a procession, feast). വെ. വീശുക to show a flag of truce. വെ. വസ്ത്രം. 3. the outside of timber, sap-wood, opp. കാതൽ; what is soft, weak, useless മാംസം വെ. യും മേദസ്സും VCh. 4. the whites വെ. വാച്ചു; also semen. 5. the dried kernel of a cocoa-nut etc. 6. uncolored truth വെ. യിൽ പറഞ്ഞു നിൎമ്മല വാക്ക Bhr. (= വെണ്മ). 7. N. pr. m., വെ. ക്കോരൻ of Cherumars; വെള്ളച്ചി f.

വെള്ളക്കടലാസ്സു 1. blank paper. 2. unstamped paper.

വെള്ളക്കരു the white of an egg.

വെള്ളക്കല്ലു = വെങ്കല്ലു.

വെള്ളക്കള്ളൻ a disguised thief.

വെള്ളക്കാരൻ 1. a European; euph. arrack വെ'നും ശിവായും (toddy). 2. see വെള്ളം.

വെള്ളക്കാൽവീശുക to begin to dawn.

വെള്ളക്കുതിര a heavenly horse, VilvP.

വെള്ളക്കൊടി (2) a flag of truce.

വെള്ളടക്ക (unboiled) dried areca = കൊട്ടടക്ക, opp. വെട്ടു —, കളിയടക്ക.

വെള്ളച്ചാഴി Weṭṭ. a small insect (ചാഴി) which feeds on the milk of corn-ears, preventing them from filling (ചന്നല).

വെള്ളപ്പട്ടു white silk or linen നിലാവാകുന്ന വെ. മൂടി വിളങ്ങുന്ന രാത്രി KR.

വെള്ളമാനം (1) Palg. (വാനം), വെ'ത്തിൽ V2. about dawn = വെളുക്കേ.

വെള്ളം veḷḷam 1. Water (വെൾ or = T. Te. Tu. rising water, inundation, see വെള്ളുക). വെ'വും തണ്ണീരും prov. വെ. കെട്ടിനില്ക്ക, നിൎത്തുക to dam, വെ'ത്തോടൊപ്പം നില്ക്കുക to

sink in water as far as its surface, as ripe fruits. വെള്ളോട്ടുപട No. Er̀. the last step in a well resting on the നെല്ലിപ്പടി 580, gen. under water. വെ'ത്തിൽ എഴുത്തു prov. വെ. കണക്കേ പരന്ന പെരുമ്പട AR. like a flood or sea. Kinds: ഉപ്പു—, ഉവർ—, ഇറ—, ഇല—, കൊട്ടു—, ചോല—, മഴ—, പുഴവെ. etc. 2. fluid വെ. കളക horses, bullocks to emit semen without coitus. 3. a very high number (Te. vēlu 1000). ഇരിപത്തൊന്നു വെ. പടയുമായി Bhr. സേനകൾ ലക്ഷവെ. Sk. നിയുതവെ. etc. സഹസ്രവെ. സേനാവീരർ Sk. = Billion. 4. B. the 20th lunar asterism.

വെള്ളക്കാരൻ a water-man, fisher.

വെള്ളക്കാററു rain-wind = മഴക്കാററു. Palg.

വെള്ളക്കാൽ a spring at the bottom of a well.

വെള്ളക്കിണ്ടി a drinking pot.

വെള്ളക്കുറവു shallowness. — വെ'റച്ചലും മേലി ലുണ്ടായ്വരും Sah. drought.

വെള്ളക്കേടു irregular supply of water. വെ. കൊണ്ടു വിള നഷ്ടം വന്നുപോയി MR. inundation.

വെള്ളച്ചോറു rice kept for breakfast; see വെള്ളപ്പൻനാടു.

വെള്ളത്തൎക്കം VyM. quarrel about irrigation.

വെള്ളപ്പാട്ടിരിക്കാർ (പാടു) as Palg. people call themselves, see വെള്ളച്ചോറു, — ാസ്സ.

വെള്ളപ്പോള a bubble; a parasitical plant.

വെള്ളപ്രളയം Bhg 12. a deluge.

വെള്ളംകുടി 1. drinking water. 2. a drinking party, provisions for a journey.

വെള്ളം കുടിക്ക 1. to eat rice (euph.) കുടിക്കുന്ന വെ'ത്തിനു മുടക്കമില്ല I have to eat. കുടിക്കുന്ന വെള്ളത്തിൽ ഉണ്ടവർ ഉറക്കുന്നുറക്കത്തും ഉണ്ടവർ TP. I think of them when eating or sleeping. Imp. വെ'ച്ചിരിക്ക or ചെല്ലുക rain-water penetrating fruits. 2. വെ'ച്ചു മരിച്ചു Bhg. were drowned.

വെള്ളംകൊടുക്ക to water (trees etc.).

വെള്ളമ്പച്ച Lycopodium cernuum, Rh.

വെള്ളൻ **vellaǹ** (വെൾ). A true, honest, pure man കള്ളൻ എങ്കിലും വെ. എങ്കിലും ഓരാൺ പി

റന്നവനെല്ലോ prov. വെള്ളരെ
യിൽ RS.

വെള്ളപ്പൻനാടു the district of
Tenmalapuram, where all t
had some possessions KU. A
ശ്ശേരി). വെ'ട്ടിൽ വെള്ളച്ചോറ
വെള്ളപ്പാട്ടിരി — , വെള്ളപ്പ
രാൻ or രാജ the Palghat R

വെള്ളരി 1. clean rice (ഉണങ്ങ
ത്തളികയിൽ വെ. കിട്ടും Au
രമേന്നു വെ. CG. in heaven.
യ വെ. CG. fig. 2. a cucum
sativus. കാട്ടു — Cuc. colocy
GP 70., മുള്ളൻ — Rh. (= കക്ക
കറുക്കൻ കയറിതു പോലെ pro
ഴത്തിൻ കരുവും കടലും MM.
— ക്കാട്ടു Wett. (garden).

വെള്ളാടു T. M. a goat വെ'ട്ടിൻ
വെള്ളാട്ടി T. M. a slave-girl. ബി
MR. a concubine, maid-ser
wife V1.

വെള്ളാട്ടു a solemn dance. വെ.
feast of Bhagavati at Kodungal
bham (against small-pox).

വെള്ളാന a white elephant വെ.
TP. (Cochi Rāja). വെള്ളിക്കൂ
ഓരെട്ടും വെ. ഗളം തന്നിൽ
(a vow).

വെള്ളാണ്മ, (T. — ണ്മ) 1. agricultu
ണിജം; Palg. esp. വയൽകൃഷി.
വെ. ക്രൂരു KU.

വെള്ളാണ്മക്കാർ (1) Palg. = കൃഷി

വെള്ളാരൻകല്ലു quartz, white spar

വെള്ളാവി T. M. steam for bleachi

വെള്ളാളർ T. M. Tamil̤ Sūdras
ചോഴിയ വെ., പാണ്ടി വെ.
Kēral̤a; ഄ നാട്ടിൽ വെ. ഇട
ന്നു വഴി വെ. KU. the 2nd class

വെള്ളി **vel̤l̤i** T. M. C. (Tu. bolli,
1. Silver, ഒരു വെ. വടിക്കാരൻ TR.
silver stick; also a silver coin (
Rs. $\frac{1}{5}$). 2. Venus; Friday =

the eye ഇരുളകൊണ്ടു പൂവും
പോം MM.
make, cobra de manilha V2.
ക്കണ്ടൻ).
lver wire; so വെ. കസവു,—
ിട്ടു etc.
ax = പൊൻകാരം.
satellites വെ. വീരന്മാർ TP.
MM. [Palams).
teel yard (to weigh up to 120
ൻ an attendant with a silver-

mall crane വെ. കൽ മേലേ
(S. വലാക).
കുടം a silver pot.
ālaya KR.
riday, when women & cows
ey.
Mussænda frondosa, with
ളിലയിലകളും a. med. (ചൊ

ഉലവു?) = ചുണ്ണാമ്പുവള്ളി.
1. Tin. 2. pewter, also വെ

opulifolia.
Port. carapaõ V2. [KU.
r. a baron with 3000 Nāyars
riting on palm-leaves with-
വെ. വായിച്ചാൽ ഉള്ളെഴുത്തു
പോകം prov. 2. purblind-
ightedness on account of age
indistinct). 3. വെ. കാൽ
ween the wall-plate & beam
. No. So. the board to fill up
ween മണ്ണുലക & മീത്തലേ ക
tive door; No. also a board
; the wall beneath wooden

ളച്ചി N. pr. f.
tal, white copper വെ'ള്ളുകിണ്ടി
ിപ്രസാദത്തിനു നന്നു GP 72.
lank palm-leaf. 2. an un-

stamped palm-leaf വെ. യിൽ എഴുതിയ കാണംധാരം MR. അട്ടിപ്പേറു വെ. ംധാരം jud. ഉത്തമം വെ. കോപ്പു VyM.

വെള്ളോവരം So. a creeper from the fibres of which bow-strings are made (പെരുങ്കുരമ്പ Sanseviera?, മൂൎവ്വ S.).

വെഴത്തൻകാവു, — കോട്ട Palg. vu. A snake-grove = വിഷത്താൻ.

വെഴ് = വെൾ, f. i. വെഴ്മയോടെ നടക്ക Properly = വെണ്മ. — വെഴ്ളിൻ = വെള്ളി 2., V1.

വേകട vēγaḍa (C. Tu. bēgaḍa tinsel). A mode of music.

വേകടൻ T. M. a jeweller, youth.

വേക vēγa T. M. (C. Tu. bēyu fr. വെ) & **വേകുക, വേവുക** 1. v. n. To burn വേവുന്ന പുര prov. പുരം വേകും നേരം, വേകാളുള്ളവർ Bhr. നെഞ്ഞു വെന്തില്ല (in burning the corpse of a wicked person). വീടു വെന്തു പോയി vu. അറ വെന്തവിഞ്ഞു RC. burnt wholly. 2. to seethe, boil തൈലം വേവേണം for the oil. കൽ വെന്തില്ല (with the rice). 3. to be hot, grow heated, spoil. നെൽകണ്ടു തടിച്ചാൽ തമ്മിൽ തൊട്ടു തിങ്ങി വെന്തു പോകാതെ ഇരിക്കേണ്ടതിന്നു ഇരിഞ്ഞു കളയുന്നു No. 4. the heart to burn, boil സന്തതി ഇല്ലാഞ്ഞു വെന്തു വെന്തു CG. വെന്തു വെന്തഴന്ന ചിന്ത, വേകും മനസ്സോടെ കണ്ണുനീർ വാൎത്തു Bhr. from grief. വേമനെ പൈതങ്ങൾ വേകുന്നു CG. അകം വെന്തു വെന്തു Mud. revenge; വേംവഴി hastily (വേഗം).

VN. വേവു 1. combustion. 2. boiling ഇല വേവു വെച്ചു a. med. 3. heat വേവുററ കാവിലും CG. suffocation. വേവെടുക്കുന്നു sultry, spontaneous ignition. (വെറും) പറമ്പിന്നു ഒരു വേവു കഴിയാൻ ഉണ്ടു No. (പുല്ലു മഴ പെയ്യില്ല) = തണുക്കേണം. വേ. മാറി the lusts of youth. ചോൎന്ന കോൎന്ന വെവോടെൻ ഉള്ളം ഉള്ളമാറു RC. inward heat, grief, rage. ഇന്നും ഉൾത്തളത്തിൽ വേ. പാരം CG. 4. dry rot. വേവുപടി a board to prevent the decay of beams. [കരം) V1.

വേകരം, വേവുരം aM. passion, rage (T. വേ

വേവലാധി, വേവിലാതി anxiety, flurry. വേ.യായിരിക്ക to be in much ado, tremble from perplexity.

CV. വേവിക്ക 1. v. a. to boil, seethe, cook മുമ്മക കൂട്ടി വേ'ച്ചാൽ GP. 2. v. n. freq. to boil inwardly. വേ'ച്ചാൾ* ഒരു തരുണി CC. was consumed by grief. വൈരം കൊണ്ടു വേ. V2. *(print: സേവിച്ചാൾ).

വേക്കലം N. pr. Becal വേ'ത്തുകോട്ട ന. ദിവസത്തിലിടേ പോകയും ചെയ്യും TR. ബേക്കലം താലൂക്ക് jud.

വേക്കുക, ച്ചു vēkkuγa 1. So. To hobble, stagger, reel (വേവു 3). 2. No. to separate rice from its husk (Te. വേയു to throw, വിഴു, വീഴു).

വേഗം vēġam S. (വിജ് trepidation, & വേക T. M. C.). 1. Speed, haste. വേഗമുള്ളവൻ an express. വേ. ഒപ്പാഞ്ഞുകൊണ്ടു Bhg. bearers walking unequally. 2. impetuosity, passion എനിക്കുള്ള ശോകവേഗങ്ങൾ എല്ലാം KR. 3. adv. quickly, also S. cases വേഗേന നടക്കുമ്പോൾ jud., വേഗാൽ Bhg., വരുവൻ വേഗേ തിരിച്ചയോദ്ധ്യയിൽ KR. = വേഗത്തിൽ; (vu. വെക്കം).

വേഗത quickness, nimbleness.

വേഗവാൻ, വേഗി S. swift; a courier.

വേങ്ങ vēṅṅa T. M. 1. Pterocarpus marsupium or santalinus പൊന്നിറമായ പൂക്കൾ നിറഞ്ഞ വേ. KR. (or Avicennia, Terminalia tomentosa, S. അസനം a good black-wood, Buch. used for weather-boards, venetians, etc. Kinds: കരു — KR 4., ചെറുവേ. യോടു കൂടി കഷായം a. med. വേങ്ങക്കാതൽ med. വേങ്ങാക്കറ gum kino (fr. പ്ലാശു?). 2. a royal tiger വേ. പ്പുലി B. or വേങ്ങാപ്പുള്ളിയൻ.

വേങ്ങൻ N. pr. m.

വേടൻ vēḍaǹ T. M. C. Tu. (വേടു T. Te. to seek, chase = വേട്ട; also C. ബേഡു the top of a mountain). 1. A hunter, fowler, rude aboriginal caste വേ. വല ഉൾപ്പെട്ടു KeiN. വേ. വഴി = കരൽ നോക്കുക in huntg. വേ. പാട്ടു a ceremony in July. കാടകംപുക്കു വേടത്തരുണിമാരോടു വസിക്ക Nal. In KR. = ഉ

ഹൻ, നിഷാദൻ, കാട്ടാളൻ. 2.=

predial slaves for cutting timber,

ing fences, watching crops W.—

ചെറുവേ., കരിവേ.; fem. വേട

വേടയുദ്ധം N. pr. a poem about h

വേടി f., ധരിക്ക നീ വേടീരൂപം

വേടു vēḍu T. So. 1. Cloth for cove

for filtering V1. 2. No. = വിട്ടു

growing from a branch വേടുക

പോൽ PT. (of പേരാൽ). ആലില

യ പോലേ prov.

വേടുക So. = മേടുക No. To ham

വേട്ട vēṭṭa T. C. Te. M. (Tu. bō

Hunting, chase വേട്ടെക്കു പോയാ

വേ. Bhr. വേ. കോല്ലുക, ആട്ടുക t

ട്ടേക്കു വന്നുള്ള കാട്ടാളർ CG. വേ

show one's game.

വേട്ടക്കാരൻ a hunter; പക്ഷിവേ.

വേട്ടവിളി hunter's shout of victo

വേട്ടാളൻ (hunter?) a wasp, horn

വൻ), said to catch insects, im

& hum about their ears till t

its shape വേ. പോററിയ പു

prov. വേ'രം കീടജാലങ്ങളെ

ട്ടും കണക്കനേ, ആകയാൽ ഒ

എനിക്കഹോ Bhg 11. — Also

യൻ, f. i. ഒരു പ്രാണി വേ'നെ

വേ'നായി മുടിയുന്നു Adw 8. V2.

V1.), see വെട്ടുവാളൻ, വെട്ടാ

വേട്ടേക്കരുമകൻ, വേട്ടെക്കൊരു

ക്കരുമകൻ AK., വേട്ടക്കാരൻ

a hunting deity, chiefly in Kur

honored at Calicut for granting

over the Portuguese KU. വേട്ട

വസ്ഥം N. pr. a temple at Nile

റയിൽ വേട്ടക്കരുതൻ തെയ്യം

വെട്ടക്കരിയൻ.

വേട്ടി vēṭṭi T. (S. വേഷ്ടി) The clo

Hindus = തോർത്ത്.

വേട്ടുവൻ vēṭṭuvaǹ T. M. 1.=

caste of predial slaves, salt-ma

ം വേ'ർ പോററിയ നായി prov.; വേ'
S. = മകം, the 10th constellation.

vēṇam (fr. വേണ്ടും q. v.) def. V.
t, ought, is desired. With Inf. പറയാശ്ശു
hr. — Often contr. ചെയ്യേണം, even
തകൾ പോണം ChVr. must go. രക്ഷി
ണമേ Bhr.; (not in prayer അരുൾ
വേ. കൃപാനിധേ SiPu.). hon. എഴു
ു. TP. ഞാൻ & എനിക്ക പോകേണം
, I want to go. അവൎക്ക മണ്ടേണം CG.
nt to run (but ought not). Many ellipses
ക, ചെയ്ക etc.) ഈ കാൎയ്യത്തിന്ന് ഏതു
ം വേ. TR. നല്ലവൻ വേണം VCh. നീ
ൎയ്യം വേണം Bhr. ഇന്നു നീ ഒന്നു വേ.
ചതവാനുള്ള ഹേതുവെന്തെന്നു വേണമെ
U. (ചൊല്ല —). Often with both Ad-
s: തന്നിട്ടു വേ. കൊടുപ്പാൻ TR. I must
in order to give. രണ്ടുംകൊണ്ടു വേ.
ലടിപ്പാൻ ChVr. കളിച്ചിട്ടു വേ. ഉണ്മാൻ,
കാച്ചി വേണം കുടിപ്പാൻ a. med. നി
ു. കേൾപ്പാൻ Bhg. stand to hear! Also
ther Advl. പലതുമാകിലോ ചെററു നി
ൃ വേ. എനിക്ക Bhr. (viz. ere I act). തി
ുനേ വേ. കാൎയ്യസ്ഥനാക്കി വെക്കുവാൻ
- With Dat. for 2d. Advl. രഹസ്യമായി
ം പറവതിന്നു Mud. സമ്മതികേടിന്നു വീ
ുക്ക വേ. CG.

ടു **Vēṇāḍu** T. M. (വേൺ T. = വേൾ
or from വെൺ white?). N. pr. 17th
സംവഹിക്ക S. to convey; B. to knead the limbs തിരുമ്മുക, (see സംവാഹം).

സംവാദം S. (വദ്). 1. oral communication. 2. assent, സം. ഉണ്ടു they are content. ബുദ്ധിസം. Vl. acquiescence.

സംവാസം S. dwelling together.

സംവാഹം,—നം S. carrying; rubbing the person. സം'നത്തിന്നു ഭാവിച്ചു ബാഹുകൻ Nal.

സംവിൽ S. (വിദ്) contract, promise, signal. സംവില്ലേഖ്യം VyM. a covenant. സം. സമ്രൂപൻ Bhr. Kr̥šṇa.

സംവീക്ഷണം S. search.

സംവീതം S. surrounded.

സംവൃതം S. covered.

സംവേഗം S. flurry, haste. Bhg.

സംവേശിക്ക S. (വിശ്). to enter, go to rest. — (part. സംവിഷ്ടം).

സംവ്യാനം S. covering, garment.

സംശപിക്ക S. to swear to one another. — സംശപ്തകന്മാർ Bhr 7. warriors devoting themselves to death = ചാവറക്കാർ.

സംശയം S. 1. (ശീ) Doubt. പ്രാണസം. വരും Nal. danger. സംശയനിവൃത്തിക്കായി to clear up, solve doubts. സം. തീൎക്ക Bhg. പുത്രനേ കാണുമോ സം'മേ Genov. അതിന്നില്ലൊരു സം. Mud. = സന്ദേഹം. 2. suspicion ഒരുത്തനെ സം. ഉണ്ടായാൽ VyM. if one be suspected. അരങ്ങടുകളെ സം. ഉള്ളവർ KU. suspected of breach of caste. സം. ഭാവിക്ക Genov. അവരെ മേൽ എനിക്കു സം. ഇല്ല; സം. പറയുന്ന ആളുകൾ MR. suspected.

സംശയാലു S. dubious.

denV. സംശയിക്ക 1. to doubt. 2. to hesitate ഉത്തരം പറയും സം'ച്ചു പറക VyM. കൊടുക്കുന്നതിന്നു സം'ച്ചു Arb. whether he ought to give.

(സം): സംശിതം S. (ശോ) completed.

സംശുദ്ധി S. purification കീൎത്തി സം. [illegible] Nal. = simpl.

സംശ്രയം S. = ആശ്രയം refuge, protection.

സംശ്രവം S. (ശ്രു) promise, assent Vl.

സംശ്രിതം S. = ആശ്രിതം supported, connected വിലപാളിസംശ്രിതയായുള്ള സല്ലകി VilP.

സംശ്ലേഷം S. = ആശ്ലേഷം embrace.

സംസക്തം S. connected with, = simpl.

സംസത്തു S. (sad) a court, assembly; സംസദി Loc. Bhg.

സംസരണം S. going unobstructedly, a highway; series of births or generations Vl.

സംസൎഗ്ഗം S. (സൃജ്). Contact ഭൂസം. KR (by a fall); intercourse, intimacy പുരുഷസം. ഉണ്ടിവല്ലു Bhg. നായന്മാരെ സ്ത്രീകളെ അന്യജാതികളിലുള്ളവർ സം. ചെയ്താൽ [illegible] ത്വം TR.

സംസൎഗ്ഗദോഷം evil contracted by intercourse (opp. സഹജം), infection.

സംസാരം S. (സർ). 1. Moving about, world, life in the world സംസാരചക്രത്തിൽ ഉഴന്നുഴന്നു GnP. സംസാരസമുദ്രം the succession of births & deaths. സം'സാഗരത്തിൽ വലയുന്നു, സം'തോയാകരത്തോടേക്കു വേണമേ Bhg. സംസാരാൎണ്ണവം AR. സംസാരാഭിമാനങ്ങൾ Bhg. common ideas about God & self (opp. സം'ത്തിന്റെ പരമാൎത്ഥചിന്ത), transmigration അത്ര നാളേക്കും ആത്മാവിന്നു സം. എന്നും AR. ആത്മാവു ദേഹത്തിൽ [illegible] ബന്ധാൽ സം. Bhg 11. 2. worldly concerns, wife, family സം'ത്തോടിരിക്ക; സംസാരപരിതപ്തമാനസന്മാർ AR. 3. talk ചിലർ സം. തുടങ്ങിനാർ Bhr. ഗുഹ്യസം. PT. communication of secrets. ഇങ്ങനെയുള്ള സം. അരുതു TR. don't speak to me thus.

സംസാരി 1. a worldling [illegible] നീ സം ഞാൻ AR. 2. a speaker കംസാരി സം ആയി ChVr. a go-between, mediator.

denV. സംസാരിക്ക to speak, converse, [illegible] സന്ധിക്ക സം'പ്പാനില്ലൊരു നേരം PT. [illegible] നിക്കവേണ്ടി സം'ക്കണമോ V2. a [illegible]

an. അത്രനാളേക്ക കമ്പഞ്ഞിയിൽ സം'
ഷ്ലൂണം TR. till then amuse the
with negociations.

സിക്തം S. (സിച്) sprinkled സം'
KR. തിലജസംസിക്തവസ്ത്രം AR.
oil.

ി S. perfection; natural state.

S. course, = സംസാരം AR., trans-
ion.

S. (സൃജ്) united, composed. — സം'
-residence of brothers etc. after
n of property; partnership. — സം
a co-parcener സം. കളിൽ ഒരുത്തൻ
പോയാൽ VyM.

നം S. waiting on, മഹേശസം. SiPu.

്രിക്ക S. (കർ). 1. (L. conficere),
p, complete അതിൻഫലം സം'ക്കേ
. പാപം സം. to atone. 2. to con-
rn a corpse with ceremonies തമിഴ
ായതും ഇല്ല KU. സോദരനെ സം'ച്ചു
ത്രാഗ്നിയിൽ KR. — ഒരു പള്ളിയെ
തിച്ചു to dedicate or consecrate a
ുപ്പന്മാരെ സം. to install elders etc.

ിച്ച നൃപന്മാർ സം'പ്പിക്ക നീ Bhr.

ാരം S. 1. Completing. സം. വരുത്തു
accomplish fully. ബുദ്ധി സം'ത്തി
g. to cultivate his mind. 2. deco-
bellishment. 3. power of memory
ാലം സംസ്കരിച്ചനന്തരം വേറേ ചെ
ചയ്യു Gan. keep in mind, dispose of.
ation, initiation, chiefly: ശവസം.
ത്രസം. Brahman's funeral. സംസ്കാ
വേലിയന്മാരെക്കൊണ്ടു ചെയ്യിപ്പിച്ചു

. സംസ്കൃതം 1. finished, decorated.
്യായാളി സം'നായി Bhg. perfect,
ം'മായ അന്നം Bhr. well cooked.
rit ലക്ഷ്മണൻ അവനോടു സം'മായി
KR. asked in S.; സം'ത്തിങ്കലരി
വാഴുന്നവൻ Bhg.

സ്തരം S. (സ്തർ) a bed, couch. സംസ്തര

വടി Rh. Barringtonia rubra. ചെറിയസം. a Barringt. or Stravadium.

സംസ്തവം S. (സ്തു) 1. praising in chorus, also സംസ്താവം. 2. acquaintance.

സംസ്ത്യായം S. an assemblage, vicinity.

സംസ്ഥം S. (സ്ഥാ) 1. Associated with ദുഃഖം സുഖമദ്ധ്യസം. ആയും വരും AR. pain even has its pleasure. 2. being ഇംഗാരകസം'മാം കരം Bhg. hands joined to hold water.

സംസ്ഥ situation, condition.

സംസ്ഥാനം S. 1. Aggregation, station, position സൃഷ്ടികൾക്കാധാരമാം ലോകസം'ങ്ങൾ Bhg 1. series of worlds. 2. place, residence രാമലക്ഷ്മണന്മാർ തൻഗേഹസംസ്ഥാനത്രപല ക്ഷണങ്ങൾ ചൊൽ KR. 3. mod. (also സമസ്ഥാനം) country, empire കോഴിക്കോട്ടു സം. KU. ബൊംബായി സം. the Government of Bombay. മേൽസം. or ബങ്കാളസം., വലിയ സം. TR. the Government of India.

സംസ്ഥാനപതി TR. a sovereign.

സംസ്ഥാപനം S. establishing. Bhg.

സംസ്ഥിതം S. (p. p.) placed in, fixed കമണ്ഡലു സം'ജലം AR. = ഉള്ള.

സംസ്ഥിതി S. staying together, abode.

(സം): സംസ്പർശം S. contact, നിന്നുടെ പാണി സംസ്പർശനം Nal. touch. [VetC.

സംസ്പൃഹ S. longing സം. മോനങ്ങൾ ചെയ്തു

സംഹതം S. (ഹൻ) combined, compact (a smell VCh.).

സംഹതി S. assemblage. സുരസം. AR.

സംഹനനം S. destroying; compactness. (body ChS.).

സംഹരിക്ക S. 1. To destroy ശത്രുക്കളെ Bhr., കായങ്ങളെ Nal.; അമ്പിനെ പഴുതേ സം. യില്ല KR. to spend. 2. to contract, repress കോപവും ശാപവും സം'ക്കേണമേ Nal.

സംഹർത്താ, സംഹാരി S. a destroyer.

സംഹാരം S. destruction സൃഷ്ടിസ്ഥിതിസം'ങ്ങൾ Bhg.

സംഹിതം S. (p. p. of ധാ; in Cpds.) accompanied, endowed.

സംഹിത S. arrangement of a text (of Vēda

നാലു മൂലസം. കളെ പഠിച്ചു Bhg.); a code ധർമ്മസം. കളും ഉപദേശം ചെയ്തു Bhg.

സംഹ്രുതി S. (ഹ്വാ) clamour, shout.

സംഹൃതം S. (ഹർ) restrained; destroyed.

സര, see **സരസ്സു**.

സരം saram S. (സർ, L. salis). 1. Going. 2. a pond. 3. in Cpds. a necklace. = കൊവ. 4. So. N. pr. of മഠം or കച്ചേരി.

സരണം S. going; = അതിസാരം Nid. motion.

സരണി S. a road, straight line സ. കൾ നടപ്പാറായി KR.

സരപ്പളി (3) in സ്വർണ്ണസ. മാല I. Mos. 41, 42. = ഹാരം a gold-chain (of several rows?) round the neck.

സരഭസം S. (സ). Quickly, angrily സ. എഴുന്നെള്ളുക; അതിസ. ചൊന്നതു Bhr.

സരയു S., N. pr. A river of Ayōdhya സരയൂസുരനദീസംഗമം KR.

സരസം S. 1. = സരസ്സു. 2. (സ) tasty, juicy, relish ചൊല്ലിൽ സ. Bhr. സരസകഥ പറഞ്ഞു KR. attractive. സ'വാക്ക vu. = തേൻമൊഴി; ഇച്ഛയാ സ. ഭുജിച്ചു ChVr. adv. 3. a jest, ചരതം V1.

സരസൻ 1. witty, entertaining, facetious സരസിക ഭാവിക്കിൽ നാഥന്മാർ സ'ന്മാരത്രെ ChVr. boobies. 2. not fastidious, indulgent. സ'ന്മാർക്കറിയാം Mud. (opp. നീരസൻ).

denV. സരസിപ്പാൻ വന്നു Arb. to dally, caress.

സരസ്സു S. (G. élos) a pond, lake കുഴിച്ചുണ്ടു സരസ്സും ഉണ്ടാക്കി Brhmd. സരസിജം KR. സരസീരുഹം lotus, സ'ഹനയന VetC. lotus-eyed, f.

സരസ്വതി (f. of സരസ്വാൻ juicy) N. pr. a river; the Goddess of speech കന്നിമാസം വന്നു- സ. പൂജയും ആയുധം വെച്ച പൂജയും തുടങ്ങുക TR. നിന്റെ സ. കേട്ടില്ല TP. thy speech, declamation of verses.

സരളം S. 1. straight, upright, candid. 2. Pinus longifolia, & its resin (ചരളം).

denV. എൻമതിയെ സരളീകരിക്കേണം KR. make honest.

സരളി T. M. (C. സരള) the notes of the gamut, sung up & down. സ. കൂട്ടുക to calumniate.

സരാഗം T. C. Tu. M. (സ). easy, unobstructed കുടിയാന്മാരെ കയ്യിൽനിന്നു നികിതി സ'ാ യിട്ടു വരേണ്ടതിന്നു TR.; ചരാഗമായ്. vu.

സരി sari 5. = ശരി q. v., സുരതരുവോടു സമ വിതരണേ KR. equals in liberality.

സരിൽ S. (സര) A river സരിത്തുകൾ KU. — സ. പതി the ocean; സരിദധിപനുപരി AR. over the sea.

സരു = വാൾപിടി, (see ശരു).

സരോജം S. (സരസ്സ്) Lotus, also സരോരുഹം. സരോവരം a lake. Bhg.

സർക്കലർ E. circular സ. കല്പന MR.

സർക്കാർ P. sarkār (സർ = ശിരസ്സ്). Government, ബഹുമാനപ്പെട്ട സ'രിൽനിന്നു പ്രസാദിച്ചു തന്നു TR. The H. C. gave.

സർക്കീട്ട് E. circuit സ. വിധി MR.; also സർക്കിട്ട് കച്ചേരി etc.

സർഗ്ഗം sargam S. (സൃജ്). 1. Letting go; a chapter സ'ങ്ങൾ അറുനൂറായിട്ട് KR. in Rāmāyaṇa. 2. creation ജഗൽസർഗ്ഗാദി ചരിത്രം Bhg. സർഗ്ഗസ്ഥിതിവിനാശങ്ങൾ AR.

സർജ്ജനം S. abandoning; creating.

denV. സർജ്ജിക്ക to void.

സർദ്ദാർ P. sardār, A chieftain, general സർക്കാൻ എന്ന സ.; സ. ഖാൻ തലശ്ശേരിക്കോട്ട വെടി ഏററു TR. (1779). ഡിപ്പുടിമാരും പടയുംകൊണ്ടു സർദ്ദാർ വന്നാൽ TR.

സർപ്പം sarpam S. (G. érpō, L. serpo). Creeping; a serpent, snake, esp. Cobra (bad omen). — സർപ്പക്കല്ലു an idol, lodge of snakes. സർപ്പസത്രം Bhr. a sacrifice. — സർപ്പക്കാവു serpents' grove where സർപ്പത്തുള്ളൽ is performed, or സ. പാട്ടു sung. — സർപ്പബാധയകറ്റ [illegible] PR.

സർപ്പണം S. gliding, creeping.

സർപ്പിസ്സ് S. ghee. കത്തുന്ന തീയിലെ [illegible] ണം പോലെ Nal. a drop of ghee.

സർവ്വം sarvam S. (L. salvus, G. ólos). Whole, entire, all. സർവ്വവും കുമ്പഞ്ഞി എന്നു വിചാരിച്ചു വരുന്നു TR. the H. C. is all to me, vu. — സർവ്വരും VetC. Ti. V1. Naer. — pl. [illegible] തിന്നാഗ്രഹം സർവ്വർക്കും ഉണ്ടു VetC. — സർവ്വനാശം etc.

സൎവ്വകാരണൻ S. God, Bhg. VedD.

സൎവ്വകാൎയ്യത്തിന്നും ഉടയതായി വന്നു TR. entrusted with the whole administration.

സൎവ്വഗൻ S. all-pervading ജീവൻ സ. AR.; പ്രത്യക്ഷം സൎവ്വഗത്വാൽ Anj. omnipresence.

സൎവ്വജ്ഞൻ S. omniscient VetC. — സ'പീഠംഏറുക KU. (as ശങ്കരാചാൎയ്യർ). — സ'ത്വം Bhr.

സൎവ്വതഃ S. from every part. സൎവ്വതോഭദ്രം good in every respect, as a temple.

സൎവ്വത്ര S. everywhere സ. കൃഷ്ണനെക്കണ്ടു Bhg.

സൎവ്വഥാ S. in all ways സ. സൃജിച്ചു Bhg.

സൎവ്വദാ S. always സ. അപേക്ഷിക്കുന്നു TR.

സൎവ്വദുഷ്ടൻ S. the most wicked of all PP., so സൎവ്വദുൎവ്വൃത്തൻ Bhg.

സൎവ്വദൃൿ S. all-seeing, Bhg.

സൎവ്വബലം S. the whole force or army ടീപ്പു സ'ത്തോടും പാളയം ൪ ദിക്കിന്നു വിളിപ്പിച്ചു കെട്ടുന്നു TR.

സൎവ്വഭക്ഷകൻ S. all-devouring, fire.

സൎവ്വഭൂതാംശം S. microcosmus നൃപൻ സ'മല്ലൊ Bhg.

സൎവ്വമയം S. universal, general.

സൎവ്വമാന്യം land exempt from taxes, free tenure, as ദേവസ്വം. [ദേവി Bhg.

സൎവ്വംസഹ S. all-enduring; the earth. സ.ാ

സൎവ്വരസം S. salt.

സൎവ്വൎത്തുഗുണഗണപൂൎണ്ണം rich in productions of all seasons, സ. ഉദ്യാനം Bhg.

സൎവ്വവല്ലഭൻ S. omnipotent, Bhg.

സൎവ്വവത്സലൻ vu. God pitying all His creatures.

സൎവ്വവേദിത്വഃ SiPu. learned in all sciences.

സൎവ്വവ്യാപി, — ത്വം S. omnipresence.

സൎവ്വശഃ S. universally.

സൎവ്വസാക്ഷി S. God, all-seeing.

സൎവ്വസ്വം S. the whole property. അഹങ്കാര സ. Nal. the whole royal dress. മമ സ. തന്നേൻ നിനക്കു AR. all that is mine. സ. എടുക്ക, സൎവ്വസ്വാഹരണം വരെ അൎത്ഥദണ്ഡം VyM. confiscation. സ'ഹാനി വരിക Mud. to lose every thing. സ'ങ്ങൾ തരികില്ലാ KR. അദ്വൈതസ'മാം കൈവല്യനവനീതം KeiN. perfect treasure of Vēdantism.

സൎവ്വാംഗം S. (തറുവാ —) the whole body. സൎവ്വാംഗസുന്ദരി Nasr. all over. ശരീരം സ. വീൎത്തു MR.

സൎവ്വാണി S. (n. pl.; all things) a fee given to common Brahmans at a feast സ· യും (1 fanam) പ്രതിഗ്രഹവും (2 fan. to some) vu. (Tdbh. സൎവ്വായണി).

സൎവ്വാത്മനാ with all (my) heart; at all events സ. ഞാൻ ചെയ്യും vu.

സൎവ്വാധികാരം S. the office of prime-minister വെച്ചപ്പോൾ സ. ചാണക്യൻ Mud.; also shortened സൎവ്വാധി സ്വാമിനാഥൻ TR. the Vezir Sv. N.; സൎവ്വാധികാരികൻ VyM.

സൎവ്വാധികാൎയ്യം id., സ'ക്കാരൻ a minister (4 in Calicut KU.). സ'ക്കാരെ ബോധിപ്പിക്ക TR. TrP. hon. pl. the prime-minister. താമൂതിരി ഇളമക്കൂറും സൎവ്വാധികാൎയ്യം ശാമിനാഥനുമായിട്ടു കണ്ടു നിരൂപിച്ചു TR. (office=holder of it).

സൎവ്വാദ്ധ്യക്ഷൻ S. a general superintendent.

സൎവ്വാന്തൎയ്യാമി S.=സൎവ്വവ്യാപി Bhg.

സൎവ്വാന്നീനൻ S. eating all sorts of food.

സൎവ്വാൎത്ഥസിദ്ധി S. obtaining every wish, king Nanda സ. യെ വന്ദിച്ചു Mud.

സൎവ്വേശൻ S. (ഈശൻ) universal Lord, Siva.

സൎവ്വേശ്വരൻ id., സ. ആയൊരു കൃഷ്ണൻ Bhg.; T. Palg. God, സ'മതം, — ക്കാരൻ Rom. Cath.

സൎവ്വൈകനാഥൻ S. (ഏകം) the one God of all, so സൎവ്വൈകഭക്തി Nasr. [Bhg.

സൎവ്വോപകാരൻ S. (ഉപ) doing good to all

സൎവ്വോപരിസ്ഥിതൻ S. (ഉപരി) being above all, God. Bhg.

സൎവ്വോപാധി S. using all forms, containing all conditions, God. AR.

സൎഷപം S. Mustard. Sinapis = കടു.

സറാത്ത് Ar. ṣirāṭ, The road & bridge to paradise Ti. [ന്റെ കയ്യിൽ TR.

സറാപ്പ് Ar. ṣarāf, A shroff, banker സരാപ്പി

സറാമ്പി, see സ്രാമ്പി.

സല Ar. ṣalah, Addition, total ൧൨൦ — ൪ സലക്ക പട്ടിക ഉണ്ടാക്കി list of a sum of 120 Rs. 4 As.; സ. ഇടുക, കെട്ടുക to add up, render complete ൧൪॥ ഉറുപ്പികയോളം ഉള്ളതായും പി

ടിച്ചുപറി MR. എത്ര തൃപ്തികയുടെ സ., സ. കെട്ടി അന്ന്യായം കൊടുക്ക vu.

സലക്ഷണം S. (സ). Nicely, easily. നികിതി സ. വാങ്ങി, പിരിഞ്ഞു TR.=സരാശം.

സലജ്ജനായി AR. ashamed.

സലവാത്തു Ar. ṣalavāt, Prayers സ.ം ഓതി Mpl.

സലാപം Pearl-fishery, see ശിലാപം.

സലാം Ar. salām, Peace, greeting, thanks. ഒടുക്കത്തെ സ. ചൊല്ലിപ്പിരിയും Mpl. അവനോടു സ. ചെയ്തു vu.; (Syr. ശ്ലാമ്മാ PP.).

സലിലം salilam S. (സര). Water, of which the human body contains 10 അഞ്ഞാഴി VCh. കണ്ണിന്നൊഴുകും അതിസന്തോഷസ. CC. tears. മെസ. (8,782).

സലീലം S. (സ). Playfully CC.

സൽ in സൽകഥ etc., see സത്തു.

സല്ലാപം S. (=സംലാപം) conversation.

denV. സല്ലാപിക്ക to converse.

സൽസഭ good society, as സത്സംഗം Bhg. (സൽസംഗി opp. ദുസ്സംഗി) good company.

സൽസേവ്യൻ S. to be served by the virtuous; സ'നായ പുത്രൻ UR. served by the good. സൽസേവിതൻ AR. also God.

സൽസ്വരൂപൻ S. consisting of reality, Bhg. =സന്മയൻ.

സവനം savanam S. (സു). 1. Bringing forth. 2. bathing before a sacrifice പ്രാതസ്സവനപൂൎവ്വകൎമ്മങ്ങൾ, മാദ്ധ്യന്ദിനസവനകൎമ്മം, സായമാംസ. KR.

സവം progeny, sacrifice.

സവർ Ar. patience, see സബർ.

സവൎണ്ണം S. (സ). Of like colour or caste കാമിനി അസവൎണ്ണയുമരുതു Bhr.

സവൎണ്ണനം reducing fractions to the same denomination. Gan.

സവാരി P. savārī, Riding, കുതിരസ. Arb. a ride. ആ വഴിക്ക പോയി സവാരി ചെയ്തു TR. സ. ക്ക പോയി vu. rode out, drove out.

സവിതാ saviđā S. (സു). The sun സ.വിൻ കിരണങ്ങൾ KeiN.

സവിധം S. (സ). Near സ'ത്തിൽ ഉ രാജസ. പ്രവേശിച്ചു VetC. came t

സവിസ്തരം S. (സ). Detailed സ'മാ ച്ചു Bhg.

സവിസ്മയം S. with surprise സ.

സവേശം near.

സവ്യക്തമായി SiPu. distinctly etc.

സവ്യം savyam S. (L. scævus). Th

സവ്യാപസവ്യഭേദം Bhr.

സവ്യസാചി drawing the bow wit hand, Arjuna. സവ്യസാചിപ്രി Bhr.

സവ്യേഷ്ഠാവു a charioteer.

സവ്രീളം S. (സ). Modestly.

സതൃഷൻ thirsty.

സസ്പൃഹം VetC. longingly.

സസ്യം sasyam S. Corn; grass (perh Tdbh. തൈ 487). — സസ്യാദികൾ general. വെള്ളരി മുതലായ ത'ൾ തീ ഉണ്ടാക്കി MR. planted vegetables.

I. **സഹ** saha S. (സഹിക്ക). Endur earth. സൎവ്വസഹൻ very patient.

II. **സഹ** S. (സ+ധാ). With, along ടയുമാസ്സുരന്നങ്ങു സഹ KR. പുത്രന പോവാൻ Genov.

സഹകാരി S. co-operating; സ'ത്വ

സഹഗമനം S. accompanying, even as Sati. [മമ ധരണിപതികളുടെ Mud. shall I (Rāxasa) kill my that my lords have fallen in ba വൻ പോമ്പോൾ എൻ ജീവനം ന ച്ചീടും KR. —

സഹചരൻ a companion. — രമണിവ ക്ക KR. — സഹചാരി an associat

സഹജം S. 1. born together. സഹജ VetC. സ'ൻ a full brother. 2. i ഞങ്ങൾ ഇങ്ങനെ സ'ങ്ങളായി K acquired).

സഹദേവൻ S., N.pr. the youngest prince.=സഹദേവവാക്യം Sah. a p ascribed to him.

സഹധൎമ്മം S. marriage, എന്മകൾ ന സ. ചെയ്യുന്നൊന്നു KR.

സഹനം **sahanam** S. Enduring; സ'ൻ patient.
സഹനനം (സ) war KR.

(**സഹ** II.) സഹഭോജനം S. a banquet, V2.
സഹയാനം ചെയ്തു to accompany.
സഹയോഗക്ഷമമായിട്ടു TR. at your convenience.
സഹവാസം S. living together (VyM. = സംസൃഷ്ടത്വം); associating.
സഹശപഥം ചെയ്തു Bhr 7. = സംശപ്തകർ.
സഹസാഹൻ Brhmd 72. companion of Parašu Rāma.

സഹസ്സ **sahas** S. (G. 'ischys) Power.—Instr. സഹസാ rashly. സ. കൊല്ലിച്ചു at once. ക്ഷയം സ. നമുക്കു വരും VetC.

സഹസ്രം S. 1000.—സഹസ്രകിരണൻ the sun. Bhg.—സ'നാമം of Višṇu, Siva, Bhr 13.—സ'പത്രം lotus (സ'പത്രോത്ഭവൻ AR. Brahma). സ'ഭോജനം feeding 1000 Brahmans.—സഹസ്രാക്ഷൻ, സഹസ്രനേത്രൻ AR. 1000-eyed, Indra.—സഹസ്രാധികം വൃദ്ധി Nal. 1000 times more.—സഹസ്രാധിപൻ a colonel.

സഹായൻ **sahāyan** S. (സഹ, ഇ). A companion, സ്വാഹാസ. the husband of Svāha, Agni. Nal.

സഹായം 1. Help, esp. personal ഭാരതയുദ്ധത്തിങ്കൽ പാണ്ഡവന്മാരുടെ സ'മായ്നിന്ന കൃഷ്ണൻ Bhg. = തുണ ally. ദുഃഖത്തിൽ ഒക്കയും സ'മായുള്ളവൾ KR. (Sīta). 2. aid, favour അന്ധകാരത്തിൻ സഹായേന തെററി PT. കാൎയ്യത്തിന്നു വേണ്ടുന്ന സ'ങ്ങൾ ചെയ്തു TR. 3. cheapness വില സ. ഉണ്ടായിട്ടു VyM. സ'ത്തിൽവാങ്ങുക.

സഹായക്കാരൻ a helper. കാൎയ്യത്തിലേക്കു സ'ർ MR. abettors. സ'ക്കാർ, സ'ക്കാരന്മാർ.
സഹായത, — ത്വം S. companionship, help.
സഹായവാൻ S. having a friend.
സഹായി a helper, assistant. ഉള്ളിൽ സ. നിന്ന ആളുകൾ MR. favorers.
denV. സഹായിക്ക to aid, favour, back. കൊല്വാൻ അച്ചൻ സ'ക്കും Nal. സ്വാമിക്കു സ'ക്കും PT.

സഹിക്ക **sahikka** S. (G. 'ischō). To bear, endure ദാഹവും ഉറക്കവും സ. Bhg.; (തിതിക്ഷ 452.); സഹിയശീലം Bhr. she has a trying temper. അവൾക്കു വിശപ്പു് ഒട്ടും സഹിച്ചുകൂടായ്കയാൽ Nal. കേട്ടു സഹിയാതെ ചൊല്ലിനാൻ Mud. സന്തോഷം സഹിയാഞ്ഞു PT. could not control, കോപത്തെ സഹിയാഞ്ഞു കടിച്ചു Bhg. (= പൊറാഞ്ഞു) to brook; also impers. = പൊറുക്ക, f. i. ഇത്തരം കേട്ടെനിക്ക് ഒട്ടും സഹിക്കുന്നില്ല; ഭൂമിക്കും സഹിയാ KR. സുഖത്തെ സഹിയാത്തവർ Arb. envious. 2. to forgive അപരാധം സ'ക്കേണം SiPu. CC. = ക്ഷമിക്ക; സഹിച്ചുകൊള്ളേണമേ VetC. pardon.

സഹിതം S. (സഹ II.). Accompanied by, with കുഡുംബസ. ഉപജീവനം കഴിച്ചു വരുന്നു MR. കുഡുംബസ'മായി പാൎത്തുവരുന്ന വീടു jud. ഠരം മാസപ്പടിയാൽ കഞ്ഞികുട്ടിസ. കഴിവാൻ ഒരു വഴിയായി vu. അന്യായക്കാരൻെറ സ'മായി തീൎച്ച കല്പിച്ചു MR. decided unfairly in his favour. മുതൽ സ. അയക്ക along with.—അനുജസഹിതനായിരിക്കുന്നു KR.; f. സഹിത Bhg.

സഹിഷ്ണു S. (സഹിക്ക). Patient.—സഹിഷ്ണുത patience. Bhg.

സഹോദരൻ S. (സഹ II.). A brother of whole blood; a brother KR., also സഹോദരം (endearingly)—സഹോദരി S. a sister.—met. a fellow-believer. സഹോദരസഹോദരികൾ.

സഹ്യം **sahyam** S. (സഹിക്ക). 1. Bearable സ'മല്ലാതെ കണ്ണേറ വമൂന്നിതു Bhg. = അസഹ്യം. 2. powerful.
സഹ്യാചലം, സഹ്യൻ the western Ghauts, boundary of Kērala, Bhg. (also സഹ്യാദ്രി).

സാ **sā** S. She (f. of സ).

സാകം **sāγam** S. Together, with. മയാസാ. Brhmd. with me. സേനയാസാ. പുറപ്പെട്ടു Bhg. ബന്ധുഭിസ്സാ. VetC.

സാകല്യം **sāγalyam** S. Totality, ഉറപ്പികസാ'മായിട്ടു കൊടുത്തു TR.

സാകുലം S. (സ). In anguish സാ. മരിക്ക Bhr.

സാകേതം S. Ayōdhya; സാ'മന്നവൻ Nal 4.

സാക്ഷ **sākša** So. A bar, bolt; and താക്ഷാ V1., fr. താക്കഴ q. v.

സാക്ഷാൽ **sākšāl** S. (സ, അക്ഷം). Eye to eye, manifestly, truly. അവൻെറ സാ. അനന്തരവൻ TR. the acknowledged heir. സാ. ഉ

ള്ള സ്വരൂപം Arb. the real form. സാ'ല്യള്ളൊരു പരബ്രഹ്മമാം പരമാത്മാ സാക്ഷിയായുള്ള ബിംബം AR.—സാക്ഷാൽക്കരിക്ക to appear.—സാക്ഷാൽക്കാരം manifestation.

സാക്ഷി S. 1. Witnessing, eye-witness അവിടെ അന്നേരം N. സാ. ഉണ്ടു; അതിന്നു N. സാ R. സാം സാ. TR. പന്തിഭോജനവും സാ. യും KU. the king's right to see Brahmans at their meals. സാ. കൂടസ്ഥൻ ആത്മാവു Anj. God. 2. one who gives testimony നമ്പിടിയെ സാ. നില്പാൻ അപേക്ഷിച്ചു TR. അവർ സാ. നില്ക്കരുതു, അവരെ സാ. നിറുത്തുക കഷ്ടമത്രേ VyM. ഭൃത്യന്മാർ സാ. ക്കു പോര Genov. സാ. വെക്ക to call one to witness. 3. evidence, testimony സാ. ക്കു വന്നു, സാ. പറക, കേൾക്ക, തെളിയുക to be proved by evidence. കള്ളസ്സാ., തപ്പു സാ. VyM. പൊളിക്ക സാ. നില്ലാതെ CatR. 4. forfeit of 10 (to 20) pct. on money advanced when the mortgagee wishes to give up the land he holds, before his term expires W.

സാക്ഷികം S. id. (in Cpds.) പഞ്ചസാ. Bhr. the body with the 5 senses.

denV. സാക്ഷിക്ക to give witness V1. എന്നു സാ'ച്ചു and സാക്ഷിപ്പിച്ചു PP. witnessed, declared. നീ പറയുന്നതിനെന്തു സദൃശനെ സാ'ക്കുന്നു Genov.

സാക്ഷിക്കാണം a fee paid to witnesses on the execution of title-deeds.

സാക്ഷിക്കാരൻ (=2) a witness VyM. രണ്ടു സാ'ക്കാർ TR.

abstr.N. സാക്ഷിത്വം S. testimony, evidence തെളിവിന്നു മുഖ്യമായ സാ. MR. സാ. പോരാ PP. ശാസ്ത്രികളുടെ സാ. കൊണ്ടു ഉറപ്പിക്ക V2. by quotations

സാക്ഷിപ്പെടുക to witness. നിന്തിരുവടികൂടി സാ'ട്ടു രക്ഷിച്ചുകൊൾക KU. deign to be present. — സ. പ്പെടുത്തുക to attest. jud.

സാക്ഷിഭോജനം (1) dining with kings B. (the king with 2-3 Brahmans. Trav.).

സാക്ഷിമരണം martyrdom (Christ.).

സാക്ഷിവിസ്താരം trial, ചില വ്യവഹാരങ്ങൾ സാ'ത്തിന്നു സമയമായി jud.

സാക്ഷിസൂചി = സാക്ഷിക്കാരൻ.

സാക്ഷീഭവിക്ക to be witness ലോകനാ കസാ'ഭവതി വിട്ടു Anj. — part. സാക്ഷീ തൻ who became a witness. Bhg.

സാക്ഷ്യം S. testimony, സാ. ചൊല്ലിക്കേണ രാജാവു VyM.

സാഗരം **sāġaram** S. The sea (as work king Sagara. Bhg.), സപ്തസാ'ങ്ങൾ കലക്കി fig. സൈന്യസാ. കണ്ടു KR. ദുഃഖസാ. ശാസ്ത്രസാ'മായ ശങ്കരാചാര്യർ Si Pu.

സാംകേത്യം S. (സങ്കേത). Freeness from fanation സാ. ചെന്ന പുലസ്ത്യാശ്രമം പുക്ക Bh

സാംഖ്യം **sāṅkhyam** S. (സംഖ്യ). 1. Nume cal, rational. 2. the Sāṅkhya system സാ ഖ്യയോഗാചാര്യൻ Bhg. സാംഖ്യശാസ്ത്ര കൾ AR. ഭേദപ്രധാനമാം സാംഖ്യപക്ഷ Si Pu.

സാംഖ്യവാൻ a Saṅkhya philosopher, സാം വതാം ധൎമ്മം ഇപ്രകാരം VetC. (to give away).

സാംഗം **sāṅgam** S. (സ). With the member വേദങ്ങൾ നാലും സാ'മായ്പഠിച്ചു KR. complet സാ. പട or സാ. പെരുമ്പട വാങ്ങിച്ചു Bhg യാഗം ചെയ്തു സാംഗദക്ഷിണയായി KR.

സാംഗോപാംഗൻ Bhg. Vishṇu as containing all appendixes & complements of the Véda

സാചി **sāji** S. Crookedly.

സാചീകൃതം turned aside, distorted.

സാചിവ്യം S. Mud. = സചിവത്വം.

സാട്ട **sāṭṭa** Mahr. C. (sānta = സമ്മത). Buy-ing wholesale അരിയുടെ സാട്ടക്കച്ച എള്ളാട്ട കൊണ്ടു വരാൻ പോയി jud. (Sa Canara shop-keepers).

സാൺ Ar. saḥn, A dish. Mpl.

സാത്വികം **sātviyam** S. (സത്വ). Of the quality, substantial, good. ബുദ്ധിയും ഐ കൃപവും ശൌര്യം എന്നിവ സാത്വികങ്ങളാം VCh. — സാത്വികൻ Bhg.

സാദം **sādam** S. (സദ്). Weariness സാ കം, ഗതസാദം adv. Bhr.

സാദരം S. (ദര). Respectfully.

സാദി **sādi** S. (സദ്). A charioteer സാ. ഹയത്തിനും തേരിനും സാരഥി Sah. (rider?).

സാദിൽവാർ, മുതലായ വകകൾ jud. Items of Catchēri expense, ink etc. (P.......).

സാദൃശ്യം **sādṛšyam** S. (സദൃശ). Likeness, resemblance, example. സാദൃശ്യവാൎത്ത V1. a proverb.

സാധകം **sādhaγam** S. Accomplishing അൎത്ഥമല്ലോ ഭുവി സൎവ്വാൎത്ഥസാ. KR. ഒരുത്തൻ അനുഭവപ്രമാണത്തെയും അന്യൻ ലേഖ്യാദിപ്രമാണത്തെയും സാ'മായിട്ടു പറഞ്ഞാൽ VyM. plea. — സാധകൻ an effector. Bhg.; also തവ കാൎയ്യസാധകകരൻ Mud 8. (print), see foll. 1.

സാധനം S. 1. Accomplishing മുക്തിസാ. Bhg. കാൎയ്യസാധനകരൻ Mud. a Vezir. 2. means for effecting, materials, tools, instrument. കറിസാ., ഭക്ഷണസാ. (=പദാൎത്ഥം). ദേവകൾ പൂജെക്കു സാ. പുഷ്പം CG. സാധനശൂന്യം (see അകൌശലം).—മോക്ഷസാ'ങ്ങളിൽ (നാലു സാധനം: ചരിത്രം, ക്രിയാ, യോഗം, ജ്ഞാനം Chintar.) മുമ്പിതിന്നു Bhr. the best help to bliss. — സാധനചതുഷ്ടയം KeiN. (=നിത്യാനിത്യവിവേകം, ഭോഗവിരാഗം, ശമാദിഷൾക്കം, മോക്ഷേച്ഛ). 3. article, thing, property. 4. a document, deed എഴുതി അയച്ച സാ., ചില സാ'ങ്ങൾ ഉണ്ടാക്കിച്ചു TR.

സാധൎമ്മ്യം S. = സധൎമ്മത.

സാധാരണം **sādhāraṇam** S. (സ). Common, general, applicable to many. സാ'മായി എല്ലാവരും ചെയ്തു വരുന്നു vu. അവനെ ഒഴിച്ചന്യസാ. അല്ല Nal. he only can do this. ലംബങ്ങൾ രണ്ടിന്നും സാ'മായിരിക്കുന്ന ഭൂമി Gan. the common base. ഈ നാട്ടിലുള്ള സാ'നടപ്പിന്നു ശരി MR. universal practice.

സാധാരണ (mod.) general rule കൊടുക്കുന്നതു സാ. യായിരിക്കുന്നു; അതിലേക്ക് ഒക്കയും സാ. യും പ്രയത്നവും ഇവന്റേതാകുന്നു MR. the scheme and its execution. സാ. യായി ഉപയോഗിക്ക to use generally.

സാധാരണ്യം S. common right or interest.

സാധിക്ക **sādhikka** S. 1. v. a. To accomplish, achieve; gain an object കാൎയ്യം മറിപ്പവൻ മുക്തി സാ'ക്കുന്നു SitVij. ആദിത്യൻ ഓരാണ്ടുള്ള ഗതിയെ മാസംകൊണ്ടു സാ'ക്കുന്നിതു ചന്ദ്രൻ Bhg. മാനുഷജനങ്ങൾക്കു മോക്ഷത്തെ സാ. ാവു Bhg. 2. to prove എന്നു സാ'ച്ചു; also to bury a corpse V1. 3. v. n. to be brought about, succeed ആരംഭിച്ചതു സൎവ്വം സാ'ക്കും അവൎക്കു SiPu. രണ്ടും സാധിക്കും നിനക്കു KR. you will have your wishes. വിദ്യയും ആയുധങ്ങളും അവൎക്കു സാധിച്ചു Bhr. mastered. സാധിച്ചു പോന്നില്ല കാൎയ്യം Bhg. ഇപ്പോൾ കെട്ടിച്ചു തരുവാൻ സാ. യില്ല, മുതൽ ബോധിപ്പിപ്പാൻ സാ'ക്കും TR. can. നമ്മാൽ സാ'ക്കുന്ന പ്രയത്നം TR. as much as I can do.

സാധിതം S. (part. pass.) realized, സാ'മായി നിന്റെ കാൎയ്യം KR.

CV. സാധിപ്പിക്ക to obtain the accomplishment. എല്ലാമേ സാ'പ്പേൻ AR. I shall effect it (for thee). എൻമനോരഥം സാ. DM. to grant, execute.

സാധു **sādhu** S. (സാധ്). 1. Perfect പക്ഷം ഇതു സാധുതരം ChVr. the best advice, also സാധീയാൻ Comp., സാധിഷ്ഠം Superl.; Voc. സാധോ CC.; സാ. ക്കളാകുന്നതു സമചിത്തന്മാരല്ലോ AR., f. സാധ്വി. 2. meek, gentle സാ. ശീലൻ; (mod.) humble, poor സാധുവായിട്ടുള്ള ജനങ്ങൾ, സാ. ക്കളായിരിക്കുന്ന കുടിയാന്മാർ TR. peaceable subjects. 3. valid, legal അതു സാ. വാസ്സരികയില്ല TR. (a document). അതു വരെ ലേലം സാ. വാകയില്ല jud. 4. = സാധനം 3. property സാ. സൂക്ഷിപ്പാൻ ആളായില്ല, സാ. മുടിക്ക So.

സാധുത S. goodness സാ. ഗുണങ്ങൾ Nal.

abstr. N. സാധുത്വം S. 1. id., honesty. സാ. ഭാവിച്ചു MR. feigned innocence. 2. അവന്റെ സാ. വിചാരിച്ചാൽ humble station, poverty.

സാധുരക്ഷ protecting the peaceable. സാ. ക്ക് അധികം ഗുണം MR. better fitting a just government.

സാദ്ധ്യം **sādhyam** S. (part. fut. pass. of സാധ്). 1. Achievable, practicable ഞങ്ങളാൽ സാ. അല്ലാത്തതു KU. സാദ്ധ്യരോഗം curable.

2. the thing to be proved. കോടതിയിൽ ബോധിപ്പിക്കേണ്ടുന്നസാ, MR. the object. സാ'ന്റെ തലയിൽ ഇട്ടു, സാദ്ധ്യനാമം എഴുതി Tantr. (of the person you have in view). 3. effect, efficacy. സാ'മായിട്ടു പറഞ്ഞു V2. pressingly.

സാദ്ധ്യർ S. a class of demi-gods സിദ്ധരും സാ'രും AR.

സാദ്ധ്യസിദ്ധി S. completion; establishing what was to be proved.

സാദ്ധ്വസം **sādhvasam** S. (സ, ധ്വംസ്). Fear സാ'ന്മാരായി Bhr. സസാ. Brhmd.

സാദ്ധ്വി S. (f. of സാധു). A virtuous woman ഉത്തമയായുള്ള സാദ്ധ്വീജനം KR. സാദ്ധ്വീകമാരൻ SiPu. (opp. a bastard).

സാനന്ദം S. (സ). Joyfully.

സാനു **sānu** S. A top, table-land ഗിരിസാ. KR. =മുകൾപരപ്പു.

സാനുകൂലം S. (സ, അനു). Favorably. Bhg.

സാനുതാപം KR. grieving after.

സാനുമോദം KR. rejoicingly.

സാനുരാഗോദയം with awaking passion.

സാന്ത്വം **sāntvam** S. (better ശാ—). Soothing, conciliating. സാ'മത്രേ ഗുണം KR. try to conciliate. ഉത്തരം സാ'പൂർവ്വം ഉരത്താൻ, സാ'വിശേഷം ലാളിച്ചു പറവാൻ KR. to comfort. സാ'വചനങ്ങൾ Bhg.

സാന്ത്വനം S. (id.) bland, kind, soothing words സാ. ചെയ്യുണത്തിക്ക VetC. സാ. കൊണ്ടു തണുപ്പിക്ക KR. സാ. കൊണ്ടു കോപം തീൎത്തു CG. സാ. ചെയ്തു മെല്ലേ ചൊല്ലി Nal. ദുഃഖം തീൎപ്പാൻ സാ'വചനം Bhr. സാ'പൂർവ്വം പറഞ്ഞു AR. (=സാമവാക്ക).

സാന്ദ്രം **sāndram** S. (G. a'dros). Thick, thronged, close സാ'സ്മിതം, സാ'മാം പദവികൾ Nal. സാ'സരോരുഹം CG. സാ'നുരാഗം SiPu. soft. സാ'സ്ഥലം Sk. pleasing.

സാന്ധ്യം കഴിക്ക KR. = സന്ധ്യാകൎമ്മം.

സാന്നിദ്ധ്യം **sānnidhyam** S. (സന്നിധി). Presence; exhibition of power ദേവസാ. place & power of a God's manifestation. തൽസാ. കൊണ്ടു അവസ്പൃഷ്ടമാം AR. ചിത്തസാ. കൊണ്ടുത്തമന്മാരായിട്ടും (opp. ദേഹസാ.) SidD. influence.

പള്ളിക്ക വളരെ സാ. ഉണ്ടു, സാ'മുള്ള പ (Rom.C. Mpl.), അമ്പലം, ദേവൻ (cures a said to be effected etc.); opp. സാ. കുറവു- സാ'മുള്ള പേർ famous, (prestige), സാ. ഇ താക്ക to render of no repute. (mod.)

സാപത്ന്യം **sābatnyam** S. (സപത്നി). Plur ity of wives മോക്ഷമോ സാ'ത്തെ പോലെ റൊന്നും ഇല്ല Mud. സാപത്ന്യാഭിലാഷ AR. സാ. തോന്നിച്ചവൾ Bhr. who had r commended herself for a second wife.

സാപ്പാട്ടു, see ശാപ്പാട്ടു T. (സാപ്പിടുക to eat

സാഫല്യം **sāphalyam** S. (സഫല). Effica fruitfulness ഇന്നു തപസ്സിന്നു സാ. വന്നു & മാസ്സുന്നു മനോരഥം AR. യാഗം ദുറവും സ യി KR. കാമസാ. വരുത്തുക SiPu. enjoym നേത്രസാഫല്യഹീനൻ UmV. bereft of the of his eyes. അതു വരുത്താൻ സാ. വരുന്നു MR.

സാഫ് Ar. ṣāf, Clean, candid; cured.

സാബൂൻ Ar. ṣābūn, Soap.

സാമം **sāmam** S. (ശമ). 1. Conciliation, one the 4 expedients (ഉപായം 136.). സാമ കൊണ്ടു തെളിഞ്ഞു Sah. സാമപൂർവ്വം പ AR. = സാന്ത്വം. 2. the 3rd Vēda മറ്റുനി എല്ലാം നാന്മുകനോടൊത്തു സാമത്തിൻ തെ ചെയ്യുാർ CG. 3. (സ, ആമം) സാമ യിസരിക്ക Nid. undigested evacuation, നിരാമം.

സാമവേദി S. skilled in സാമവേദം.

സാമശേഷം S. the 3 last expedients, സാ' ന്നാമല്ല Sah. (see foll.).

സാമാദികൾ (1) VyM. = സാമദാനഭേദ ങ്ങൾ; also സാമാദ്യുപായങ്ങൾ Bhg.

സാമോപായികന്മാർ PT. who try conci ation. — vu. സാമോപായക്കാർ = വാക്ക പറഞ്ഞു വശീകരിക്കുന്നവർ

സാമഗ്രി **sāmagri** T. M. C. (സാമഗ്ര്യ S. tireness, implements). All ingredients of a all materials for building etc. V1.

സാമന്തൻ **sāmandah** S. (സമന്ത). 1. The chief of a district, a governor ശത്രുസാ' ണം VCh. നില്ക്കുന്ന സാ'വീരന്മാർ UR (=

മാത്യർ). നാനാദിഗന്തസാമന്തലോകങ്ങളും Nal. സാമന്താദ്യപഞ്ചകം Bhg. 2. the son of a Brahman from a Kśatriya mother, വ്യ വഴി സാ'ർ KU. the dynasties of Calicut, Kōlatiri, etc.

സാമൎത്ഥ്യം S.=സമൎത്ഥത Power, skill. വാൿ [സാ. eloquence.

സാമാജികൻ S. (സമാജം). A member of an assembly; T.C. vakeel, ambassador. Tdbh. സാമാധികന്മാർ ഒക്ക നിരൂപിച്ചു, നമ്പ്യാരേയും ശേഷം സാമാധികന്മാരെയും വിചാരത്തിൽ TR.

സാമാൻ & **സാമാനം** P. sāmān. Apparatus, materials, baggage, things പീടികയിൽ സാ. വാങ്ങുക jud. അടിയന്തരത്തിനു കൂട്ടിയ സാ'ങ്ങൾ MR. (=കോപ്പു). വേണ്ടുന്ന സാ'ങ്ങൾ supplies. പടെക്ക വേണ്ടുന്ന സാ. ഒക്കയും TR. അരങ്ങേററിനു വേണ്ടുന്ന സാമാനം ഒരുക്കി TP.

സാമാന്യം S. (=സമാനം). 1. Common. സാ'ഗണിതങ്ങൾ Gan. elementary rules (opp. astron.). സാ'നായൊരു വൈരി CG. an enemy to both parties. സാ'മുള്ള current. 2. ordinary സാ'നല്ലിവർ AR. സാ'നായ കപിയല്ലിവർ KR. ഏവം പ്രവൃത്തിസാ. എന്നോതുകിൽ Sah. if you call it mean. 3. upon the whole in: സാ. നല്ലതു, വേണ്ടില്ല vu. pretty good=ഏകദേശം.

സാമാന്യക്കാരൻ vu. (2) a common man.

സാമാന്യേന Instr. commonly, generally. ഇതു പ്രകാരം സാ. എല്ലാ അംശങ്ങളിലും നടന്നു വരുന്നു MR. universal custom.

സാമി sāmi 1. S. (L. semi). Half. 2. Tdbh.= സ്വാമി.

സാമീപ്യം S.=സമീപത Nearness. ശിവസാ. SiPu. a measure of bliss (opp. സാരൂപ്യം, സാലോക്യം, സായുജ്യം). [q. v.

സാമുഖ്യം S. (സമുഖം). Presence & സാമ്മുഖ്യം

സാമുദ്രം S. (സമുദ്ര) Marine; a spot on the body.

സാമുദ്രികം or സാ'വിദ്യ chiromancy, physiognomy, fortune-telling by bodily marks.

സാമൂരി V1. (സാമുദ്രി?), also സാമൂതിരിപ്പാട്ടിൽനിന്നു വളരെ കാലമായി നടത്തി വരുന്നു jud.=താമൂരി q. v.

സാമോദം S. (സ). Joyfully സാ. പറഞ്ഞു Sk.

സാമ്പരായം S. Future. — സാ'യികം warlike.

സാമ്പ്രതം sāmbraδam S.=സമ്പ്രതി Now; in this case VetC.

സാമ്പ്രാണി sāmbrāṇi T. M. C. (& താ —). Benzoin, esp. മലാക്ക സാ. Styrax b. പറങ്കിസാ. Olibanum, for തൈലം, ധൂപം etc.

സാമ്മുഖ്യം S.=സമ്മുഖത, f. i. സാ. എത്തുക to meet V2.

സാമ്യം sāmyam S. 1. Equality=സമഭാവം, equilibrium, indifference. 2. a parable, സാരസാ'ങ്ങൾകൊണ്ടു ഭത്സിച്ചു KR. with irony. 3. like സാ'മില്ലജന്മാക്കു മററൊന്നും ഇല്ല Bhr.

സാമ്രാജ്യം S. (സമ്രാൾ). Imperial rule സാ. വന്നു VetC.; fig. അങ്ങനേയുള്ളൊരു സാരസാ'വും തുംഗാഭിലാഷം ലഭിച്ചാർ ഇരിവരും Nal. saw all their wishes crowned.

സാംസാരികം S. (സംസാരം). Worldly.

സായം sāyam S. (end, √സോ). Evening സരയൂതന്നിൽ സാ. സന്ധ്യയും ചെയ്തു KR.

സായങ്കാലം id., സായന്തനം vespertine. സായാന്തരങ്ങളിൽ ഒരു ശ്ലോകം ഓതുവാൻ Nal.

സായാഹ്നം 6 Nāḻiya after അപരാഹ്ണം.

സായകം S. An arrow സായകപങ്ക്തികൾ AR.

സായിത്തു Ar. shāhid, A witness TR.=ശാഹിതു.

സായുജ്യം S. Identification ലഭിച്ചു സാ. Bhr. അച്യുതനോടു സാ. പ്രാപിച്ചു AR. a mōkšam. സാ'മുക്തി പുനൎജ്ജന്മഹീനമാം മുക്തി Chintar. (see സാമീപ്യം).

സായ്പ് Ar. ṣāḥib, A lord, gentleman, also സാഹെബവർ TR.

സാരം sāram S. (സര; L. sal, serum). 1. Juice, sap, cream. 2. essence, substantial, best സാ. അറിയുന്നവൻ സൎവ്വജ്ഞൻ prov.; സാരൻ an excellent, wise, real man (in Cpds. ക്ഷമാസാരൻ Brhmd. ready to pardon, സാരധൎമ്മിഷ്ഠർ Nal. really righteous). എന്നുള്ള സാ. പഠിപ്പിച്ചു Bhg. idea, principle. സാരമായ കാൎയ്യത്തിൽ പരസ്പരവിരോധം പറഞ്ഞു MR. on an important point. സാരകഥകൾ ഉരചെയ്തു ChVr. & സാരമായൊരു കഥ VetC. ദിവ്യസാരങ്ങൾ PP. mysteries. സാരസംഗ്രഹണം ചെയ്തു to extract, compile. സാരംഗം S. variegated; a deer PT 2.

സാരജ്ഞൻ S. wise, സാ. അല്ല ഭവാൻ Bhr.

സാരത S.=സാരം. 2. സാ. ചേരും ഗിരികൾ Bhr. chief mountains.

abstr. N. സാരത്വം excellency, സാ. ഉള്ളൊരു കാകൻ PT 2.

സാരബുദ്ധി acuteness, wit.

സാരമാക to mind particularly. വൃത്താന്തം സാ'ാതെ VetC. made nothing of it.

സാരവാൻ VetC. (substantial) clever, ingenuous.

സാരസ്മൃതി gratitude, പശുപാലികൾക്ക സാ. യില്ല VetC.

സാരഹീനൻ a blockhead, bore.

സാരാംശം the essential part; pith.

സാരോപകാരം a great benefit. സാ. അറിഞ്ഞു കൂടാ VetC. is not grateful.

സാരോപദേശം important teaching or advice.

സാരണ S. (സർ purging). Trianthema monogyna. — സാരണി Paederia foetida.

സാരഥി S. (സ, രഥ). A charioteer Bhr. — സാരത്ഥ്യം വഹിക്ക to drive. സാരത്ഥ്യവേലയും ആചരിച്ചാൻ CG. കൃതസാരത്ഥ്യയായൊരു നീ KR. (to a woman), fig. സാ. യായ ബുദ്ധി Bhg. — also സാരഥിത്വം അതിവിസ്മയം Nal.

സാരമേയം S. (സരമ a bitch). A dog PT.

സാരസം S (സരസ്സ്). 1. Belonging to a pond; a lotus സാരസാക്ഷി VetC. (fem.); സാരസോത്ഭവൻ Bhg. Brahma, സാരസാസനലോകം പ്രാപിച്ചു AR.=ബ്രഹ്മലോകം. 2. a crane, Ardea sibirica.;=വെള്ളാരക്കൊഴി No. loc.

സാരസ്യം S. (സരസം). 1. Sweetness, pleasantness സ്ഥലത്തിന്റെ സാ. Arb. സാ'വാക്യങ്ങൾ Bhg.; സാ'ഭാഷിണി f. sweetly conversing. സാ. ഇല്ല ഇന്നാരിക്ക് ഒട്ടും CG. 2. lascivious intercourse നിന്നോടു സാ. ആടുകിൽ VetC. അവനോടു സാ. ആടി PT.

സാരസ്സുവെടി vu. A volley, see ശാരിശി.

സാരി **sāri** Te. C. Tu. (fr. ചാർ). Time, turn; a man at chess B.— ഇടസാരി So.= ഇടച്ചാരുക.

സാരൂപ്യം S. (സരൂപ). Assimilation to God, a bliss (see സാമീപ്യം).

സാൎത്ഥം **sārtham** S. (സ). A troop, caravan.

സാൎത്ഥവാഹൻ Nal. its leader. — her Tdbh. ശാഖയും എത്തവും കൂട്ടി TR. (se

സാൎദ്രം S. (സ). Moist.

സാൎദ്ധം S. together.

സാൎപ്പശിരസ്സ S. (സൎപ്പം). The drago a certain inauspicious time (astrol.).

സാൎവ്വത്രികം S. (സൎവ്വത്ര). Belongin places. Bhg.

സാൎവ്വഭൌമൻ S. Universal mona നാം സഗരൻ KR. — സാ'മത്വം അ ച്ചാൽ വന്നുകൂടാ Bhr. സാ'ത്വം ഉണ്ടാ universal monarchy.

സാൎവ്വവേദ്യൻ S. Conversant with

സാലം **sālam** S. (ശാല). 1 A wall സാല പരിഖ KR. 2. സാലവൃക്ഷം Shorea KR.=മരാമരം.

സാലഗ്രാമം S. a kind of ammonite f the river ഗണ്ഡകി, emblem of Vis സാളഗ്രാമം ശിവലിംഗം പൂജിക്ക TR. സാളഗ്രാമോപലങ്ങൾ കൊണ്ടു യ ചക്രനദി Bhg.

സാലാമിസ്രി Ar. **tha'lab-misri**, S Misr or Egypt, Orchis mascula.

സാലോക്യം S. (സലോക). Dwelling God, a bliss (see സാമീപ്യം).

സാലു, see ശാ—, A shawl. ശീലത്ത പ്രസിദ്ധിയുള്ള സാ. MC. തലയിൽ സാല്വം TR.

സാല്വം S. (better ശാ—) N.pr. A countr

സാവകാശം S. (സ). Leisurely; oppor സാവജ്ഞം (ജ്ഞാ) Bhr. disdainfully.

സാവധാനം S. (സ). 1. Circumspect പുറപ്പെട്ടു Nal., gen. സാ'ത്തോടു കേൾ KR. മെയ്യിനെ കാത്തുകൊണ്ടു സാ'ത്തോ നം Mud. wary. 2. attention സാ'ത്തോ കേൾക്ക. 3. quiet നമ്മുടെ ശരീരം സാ ടെ പാർക്കേണ്ടതാകുന്നു TR. for ...'s sak quiet. രാജ്യത്തു സാ. ആകയില്ല, നാട്ടി മായി നില്ലു, ധർമ്മം ഉണ്ടാകിരിക്കേണ്ടതായി ക്കി TR. peace.—adj. സാവധാനൻ delib

സാവധാനത S. id., സാ. വേണം ഞ്ഞൊപ്പുരം PT. be on your guard.—

;ാത PT. unwary. സേവകജനത്തിൻറ
പത്തെ കളവാനായി സാ'ത്വം തന്നേ ട്ര
ന്നാം മഹാത്മനാം VilvP. care. [ly.
ധാരണാം (കണ്ടു നിന്നാർ KR.) attentive-

നം **sāvanam** S. (സു). A month of 30
യുഗതിഥിയും യുഗസാവനവും Gan.

ശേഷത S. (സ). Leaving a remainder
ട ഭാഗ്യങ്ങൾക്ക സാ. ചെറുമില്ല Nal.

ത്രി S. (സവിതാ). The verse Gāyatri.

ശം S. (സ). Absorbed സാ. ചിന്തിച്ചു

ൻ longing PT.

ംഗം and സാഷ്ടാംഗനമസ്കാരം prostra-
n with 8 members. [fice.

ചാര്യം ചെയ്തു KR. To assist at a sacri-

ത്ത് Ar. sā'at, Hour, Mpl.

സം **sāhasam** S. (സഹസ്സ്). 1. Vio-
, rashness. പ്രഥമസാ. misdemeanour, മ
, ഉത്തമസാ., പിടിച്ചുപറി മുതലായ സാ.
felony, heinous crime. നീ കാട്ടിപ്പോന്ന
ത്രയും സാ. PT. offence. ഭൃത്യസാ. ത്യജി
നം Nal. സാ. വേണ്ട no force to be used!
ിതൻ പൈതലേ നിന്നുടെ സാ. CG.
ks. 2. resoluteness സാ. നിമിത്തം പ്ര
ിച്ചു Arb. കാണേണം എന്നുള്ള സാ. ഉണ്ടു
CG. ardour. സാ. എന്നതൽ ചെയ്തു വി
ദും Bhg. bravo! [borious.
ാസക്കാരൻ violent, hasty, resolute, la-
ാസകാരികൾ Mud. rash persons.

. N. സാഹസത്വം rashness, ഒന്നിന്നും സാ.
ന്നല്ല Sk.

ാസപ്പെടുക to exert oneself, try & ven-
re all പലവിധം സാ'ട്ടം Bhg. (in battle).

ാസി violent, rash സാ. കൾ സാക്ഷിക
ളു VyM.

സ്രം S. (സഹസ്ര). A body of 1000.

ായ്യം S (സഹായം). Assistance ഞങ്ങൾ
സാ. ചെയ്യാം KR. സാ. ഒക്കയും ചെയ്യുന്ന
ഞാൻ Bhg.

ിത്യം S. (സഹിത). 1. Society. സാഹിത്യ
ിക്കിന്നായിക്യം CG. it's time for hearing.
2. joining words in rhythm & metre, സംഗീത
സാഹിത്യസാദൃശ്യകാദിയും Nal.

സാളു loo. = താളം, f.i. സാളുവരുമ്പോൾ prov.

സാളുഗ്രാമം, see under **സാല**.

സിംഹം **simham** S. (East African: simba).
1. Lion, Tdbh. ചിങ്ങം 360., സിങ്ങത്താൻ Vı.
നാമശാലിയാം സിംഹത്താൻ PT., f. സിംഹി,
സിംഹിക Sk. 2. royal, pre-eminent.

സിംഹനാദം a lion's roar, war-cry.

സിംഹപ്പല്ലു a tusk, long tooth Vı.

സിംഹമുഖം N. pr. a കോട്ടപ്പടി of Kōlatiri.

സിംഹയാന f. riding on a lion (Durga); സിം
ഹ ശാമി, സിംഹസ്കന്ധൻ KR. id. m.

സിംഹളം (ചിങ്ങളം, 360. Pāli സീഹളം, T.
ഒരംഴം 121). Ceylon സിംഹളർ, സിങ്കളർ
the Singalese.

സിംഹാസനം a throne ദിവ്യസി. പുക്ക Bhr.
സി'സ്ഥൻ KR. സി'ാരോഹണകാലം TrP.

സികത **siγaδa** S. Sand; സികതിലം = മണപ്പുറം.

സിക്ക P. **sikkah** A coin. സിക്കഉറുപ്പിക a
current Rupee.

സിക്തം **siktam** S. (p. p. of സിച്). Sprinkled
നൈകൊണ്ടു സി'മായുള്ളൊരു തീ CG.

സിക്ഥം S. wax.

സിതം **siδam** S. White.

സിത white sugar സി. ചേൎത്തു (with പഞ്ച
സാര) Nid. എല്ലാ സിതകളും GP. ഫലമധു
സിതാദിയും Mud. (to a parrot).

സിതശൂകം S. barley.

സിദ്ധം **siddham** S. (part. pass. of സിധ് =
സാധ്) 1. Achieved, effected കേൾക്കനോക്ക
ദൃക്കി സി. Bhg. അപ്പ്രകാരം തന്നെ സി. ആ
ക്കി PT. സൃഷ്ടല്ലാഭതന്ത്രം സി. സമസ്തം PT.
ends herewith. 2. determined സൎവ്വശാസ്ത്ര
ത്തിലും സി. SiPu. എന്നു ശാസ്ത്രസി. PP. deci-
sion. സി. വരുത്തുക to prove. 3. approved.
എന്നു സി. it is acknowledged. നീചത്വം മമ
ജാതിക്കുണ്ടു എന്നു സി'മല്ലോ Mud. ചൊല്ലി
യാൽ സി'മല്ലായ്കയല്ലീ എന്നു സംശയിച്ചു Bhr.
ഏതുമേ സി'മല്ലാഞ്ഞു Bhr. credited, believed.

സിദ്ധക്ഷേത്രം (S) a celebrated temple. Brhmd.

സിദ്ധദീപിക (1) N.pr. a Vedantical treatise SidD.

സിദ്ധൻ (1) accomplished, perfected, one having attained his purposes. കൊടുത്തു സി'നായാൻ KR. happy. സി'നല്ലാത്ത ബാലൻ എന്തുതാൻ പിഴക്കിലും അമ്മ ക്ഷമിക്കും KR. a minor, not responsible — (2) firm, inspired, V1. — (3) deified being or demigod; (see സാദ്ധ്യൻ).

സിദ്ധയോഗി AR. an accomplished ascetic.

സിദ്ധരൂപം (1. 2) a Sanscrit grammar.

സിദ്ധാന്തം 1. Established truth, system വേദാന്തസി. എല്ലാം അറിഞ്ഞവൻ Nal.; സൂൎയ്യസി. a solar system, laid down in Bhāskara's സിദ്ധാന്തശിരോമണി; a whole plan തന്നുടെ സി. എല്ലാം അരുൾചെയ്തു AR. aim. ഇതിന്റെ സി. പറയുന്നു (huntg.) explain. ചില സി. പിടിച്ചു ഏററങ്ങൾ ചെയ്യുന്നു, ഓരോരോ സി'ത്തിന്നു ആയുധക്കാരെ പിടിച്ചുകെട്ടി TR. on different pretexts, with some ulterior views. 2. firm conviction, persistency. സി. വിടാത്ത headstrong V2. സി'ത്തോടേ മുട്ടിച്ചു TR. insisted on. 3. (mod.) deep grudge അവർ തമ്പുരാനുമായി സി'മായി Ti. അധികാരിയും N. നും തമ്മിൽ സി. ഉണ്ടു, ഞാനുമായുള്ള സി. നിമിത്തം MR. spite against me. സി'ങ്ങൾ പറക TR. insinuations, calumnies.—vu. ചിത്താന്തം &—ാന്തരം.

സിദ്ധാന്തി 1. an astronomer. 2. positive, firmly resolved. 3. obstinate, bearing grudge V2.

denV. **സിദ്ധാന്തിക്ക** 1. to be determined, urgent. 2. to grudge, hate. അവൻ രാജാവുമായി സി'ച്ചു ഇടഞ്ഞു പോയി Ti. quarrelled, vu.

സിദ്ധാൎത്ഥം successful.

സിദ്ധി 1. Accomplishment ഐഹികപാരത്രികസി. ഉണ്ടാം VilvP. തന്നുടെ സി. കാലം വരുമ്പോളും GnP. bliss, death. സി. പ്പെട്ടു Mud., സി. കൂടി Arb. died. സി. പൂകിക്ക PT. to kill. കാൎയ്യസി. prosperity, success. രണത്തിൽ സി. ഉണ്ടെന്നരുളു കൂടാ KR. victory. 2. obtaining. വിശ്വാസസിദ്ധയേ AR. in order to be believed. സി. ത്രയം KR. the thr
fections. തങ്ങളെ പോന്നു വന്ന യോഗ
കൾ Bhg.= അഷ്ടൈശ്വൎയ്യങ്ങൾ; അഷ്ട
കൾ of Yōgis, but 8 are chief. Bhg. (
മഹിമ, ലഘിമ, ഗരിമ, ഉണപ്രാകാമ്യ
ശിത്വം, വശിത്വം, പ്രാപ്തി). 3.=സി
2 conviction സഹായത്തസി. സചിവാ
യെന്നും നായകന്മാരെന്നുമുയോയത്ത
ന്നും PT 3. (Mud 5. സഹായസി.) ആ

denV. **സിദ്ധിക്ക** = സാധിക്ക 1. v. a.
complish, കാമ്യാൎത്ഥങ്ങളെ സൎവ്വത്തം
ന്നു Bhg. to obtain. ഭൂപാലനെ സ
മോക്ഷത്തെ സി. Bhr. to gain; to
find in math. = വരുത്തുക. 2. v.
obtained, to result കേൾക്കുന്നവൎക്ക
സി'ക്കും Nal. അവനു നരകം സി'
സ്ഥലം എനിക്ക സി'ച്ചു MR. അവനു
സി'ക്കും VyM. he will gain the sui
ത്തിന്നു ബലം സി. the plea gains st
ഈ അപേക്ഷ വ്യവഹാരത്താൽ സി'
MR. is fulfilled.

CV. **സിദ്ധിപ്പിക്ക** to make to obtain. ദ
സി'ച്ചു KR. granted.

സിദ്ധൌഷധം (3) an approved medic
ഖദമറും സി'ങ്ങൾ KR. സി. കൊണ്ടു
AR. സി. പ്രയോഗിക്ക Nid. = മൈ
രുന്നു.

സിധ്മം sidhmam S. Scab, leprosy.

സിനീവാലി S. The real day of new

സിന്ദൂരം sindūram 1. Red lead, ver
ചീനസി. minium. 2. any mineral p
ation; സിന്ദൂരിക്ക to make such. —
പ്പൊടി powder for painting the forehe
സി. വിഷമിശ്രമായികൊണ്ടു വന്നു Med.

സിന്ധു sindhu S. (സ്യന്ദ?). 1. The
Sindh, സി. വാരം a Sindh horse.
ocean, ജ്ഞാനമയസിന്ധു fig. 3. a ri
വിസ്തൃതയായ സി. KR. [ക്ഷീ

സിന്ധുരം S. an elephant സിന്ധുരവ

സിപ്പായി, സിപാഹി, see ശി—.

സിബന്തി P. sih-bandi, A militia man,
സി. കണക്ക TR.

സിര **sira** S. A tubular vessel, artery, nerve, tendon സന്ധിസിരാരോഗം Nid. ൭൦ ൨൦൦ ഉള്ള സിരയാൽ അംഗം എങ്ങും ബദ്ധനായി VCh. navel-string.

സിർക്ക P. **sirkā** & ചുറുക്ക vu. 374, Vinegar.

സിലീന്ധ്രം & **സിളീ—**, see ശിലീന്ധ്രം. A mushroom.

സിലുവ Syr. **ṣlībo**, A cross. കൊടിയും സി.യും എടുക്ക Nasr. (for processions).

സിസൃക്ഷ S. (des. of സൃജ്). Desire to create.

സിഹ്ലം S. Incense, കുന്തുരുക്കം.

സീത **sīδa** S. 1. A furrow ചാൽ. 2. N.pr. Sīta KR. സീതാവിജയം N.pr. a poem SitVij.

സീത്യം S. ploughed; corn.

സീൽക്കാരം = ശ്രീൽകാരം shivering.

സീമ **sīma** & **സീമാവു** (S. സീമൻ fr. സിവ് to sew). 1. Limit, border. സീമാലേഖ്യം VyM. a document about the boundaries. സീമയറ്റുള്ള രാജ്യം പാലിച്ചു KR. സീമയില്ലാത്ത സുഖം vu. സീമാവിഹീനമാം സൌന്ദൎയ്യം Nal. unbounded. സീമയില്ലാത്തവൻ immoderate, immodest. 2. margin = അരുക, f.i. പൎയ്യങ്കസീമനി ഇരുന്നു Mud. near his bed. 3. land സൎക്കാർ സീമയിൽ അതിക്രമംകാണിക്കുന്നു TR. Company's territory, (see ശീമ).

സീമന്തം S. 1. parting the hair on the head. പൂമരങ്ങൾക്കു നീ സീ. KR. a crown or first of trees. 2. a ceremony in the 4th month of the first pregnancy KU. സീമന്തപുംസവനാദി ക്രിയകൾ AR., therefore: ഏറക്കാലമായി മുതിൎന്നുപെട്ടു പോയിരിക്കുന്ന ഒരു സീമന്തപുത്രൻ ജീവനോടു കൂടി വന്നു — — പൊറാമാതാവിനു അറിവു കൂട്ടിയാൽ (epist.) = കടിഞ്ഞൂൽ the first-born.

സീമന്തിനി S. a fine woman സീമന്തിനിമാരണി Nal.

സീയോതി (loc.). Young ferns used as ornaments (ശ്രീ?, C. സീ fresh, sweet?).

സീരം **sīram** S. A plough സീത സീരാഗ്രലഗ്നയായി Bhg. സീ. കൊണ്ടുന്നി വലിച്ചു തുടങ്ങി മാത്തിരത്തെ CG. said of Balarāma, called സീരപാണി, or സീരി.

സീവനം S. (സിവ്). Sewing = സ്യൂതി.

സീവിൽ E. **civil** സീ. വ്യവഹാരം, സീ. വ്യവഹരിക്ക MR. സീ. കോടതി vu.

സീസം **sīsam** S. Lead, നാഗം 119.; vu. സീ. പിടിച്ചവൻ, സീസക്കാരൻ a blockhead.

സു **su** S. (G. 'ey, fr. വസു). Well, good; very (opp. ദുർ).

സുകരം S. easy, practicable.

സുകൎമ്മാവു S. one doing സുകൎമ്മം, (= സൽകൎമ്മം).

സുകമാരൻ S. a nice youngster, Mud., സു—രി f.

സുകൃതം S. 1. A good action സു. ചെയ്തു മേല്പെട്ടു പോയവർ GnP. 2. merit ജനിച്ചന്നു തുടങ്ങി ഉണ്ടായ സു. നശിക്കും VyM. സു. കെട്ടുങ്ങി AR. 3. luck ഇന്നു സു. നശിച്ചിതു മാമകം AR. (the result of പുണ്യം). സു. ഉണ്ടാകാതെ രോഗാദ്യലോസരങ്ങൾ വരും vu. അവരുടെ സു. എളുതല്ല Nal. he is very fortunate. 4. it is advisable പട ഏററു കൊൾക സു. ChVr. = നല്ലു.

സുകൃതി S. 1. = സുകൃതം. 2. = സുകൃതൻ virtuous & fortunate; fem. സുകൃതിനി CC. a happy woman, "doing well".

സുകേശി S. fine-haired; f. — നി.

സുഖം S. 1. Happiness, പുത്രരുണ്ടാകുമ്പോഴുള്ളൊരു സു. പോലെ Bhg. (the highest joy). 2. pleasure മനസ്സിനു വളരെ സു. ആകയും ചെയ്തു TR. was very gratifying. അതു സു. ഏറും Bhr. is more pleasant. 3. health, ease, comfort സുഖമല്ലീ ചൊല്ലിൻ Bhr. വായും കയ്യും സു. വരുത്തി TP. washed after meal. സുഖമായിരിക്ക to be well. 4. adv. happily, at ease വാഴ്ക സു. ഭവാൻ KR., also സുഖേന; ഞായം സൊകം പറഞ്ഞു TP.

സുഖകരം S. affording pleasure.

സുഖകഷ്ടങ്ങൾ = ഗുണദോഷം news നമ്മുടെ സു. എഴുതി, ഇവിടത്തെ സു. TR.

സുഖക്കേടു unhappiness, uneasiness, illness, trouble.

സുഖഗതി a happy exit.

സുഖതരം S. (Comp.) most pleasantly സു. രമിക്കാം VetC.

സുഖദം S. giving pleasure. സു. നമ്മുടെ കാൎയ്യം CrArj. prospers.

സുഖദുഃഖം S. pleasure and pain.

സുഖഭോഗം enjoying pleasure or comfort. സുഖഭോഗി m.

സുഖമയം S. full of happiness.

സുഖമെ adv. (4) happily സു. വസിക്ക Bhr. സു. ഇരിക്കുന്നു TR. comfortably.

സുഖവിരോധം interruption of ease. നാട്ടിൽ സു. TR. breach of peace.

സുഖവൃത്തി state of ease.

സുഖശരീരി of good constitution, അവൾ സു.

സുഖസന്തോഷാതിശയങ്ങൾക്ക് എഴുതി TR. about your health (hon.).

സുഖസ്വരൂപം S. full of pleasure. [SiPu.

സുഖാപഹം S. fatal to comfort, സംഗമം സു.

സുഖി S. happy, easy. സ്ത്രീ—, ഭോജന—, നിദ്രാസുഖി VetC. delighting in women etc.

denV. സുഖിക്ക to be well, happy; to enjoy one's self.

CV. ഇരുത്തി സുഖിപ്പിച്ചു PT. യമൻ സജ്ജനാലയേ സുഖിപ്പിക്കുന്നു UR.

സുഖിയൻ 1. happy, ശ്രീമാൻ സുഖിയൻ prov. =സുഖി, സുഖിതൻ. 2. a sweetmeat.

സുഖേന Instr. (=4.), സു. ഇരുത്തി Bhg. comfortably.

സുഖോദയം S. causing pleasure. Bhg.

(സു): സുഗതവാക്യം a proverb.

സുഗതി S. 1. good progress. മതിസു. VetC. cleverness. 2. nicely walking f. സു. യുടെ വചനം VetC.

സുഗന്ധം S. fragrance; fragrant (also സുഗന്ധി, —ന്ധിതം). സുഗന്ധവർഗ്ഗം spices.

സുഗമം S. accessible, easy.

സുഗാത്രം of fine form.

സുഗോത്രം of good race.

സുഗ്രഹൻ, f.i. ഭൂപാലന്മാർ ഒട്ടും സു'ഗ്രാഹരല്ല PT 1. not easily dealt with or fathomed.

സുഗ്രീവൻ S. with a fine neck, N. pr.

സുചരിത്ര f. well behaved; സു. ം a fine history, Bhg.

സുചേലം S. silk cloth. ChS.

സുജനം S. good, virtuous. തവ സുജനത CC. thy nobility.

സുതൻ **suδaǹ** S. (p.p. of സു). Born; a son.

സുത a daughter; esp. in horoscopes രാമൻ സു. മന്നൻ etc. — സുതി, f. സുതിനി having child.

(സു): സുതരാം S. better, adv. easily.

സുത്രാമൻ S. (ത്രാ) Indra, സു'മാദികൾ Al the Gods.

സുദതി S. having fine teeth f. VetC. (KR. Sīta

സുദന്താദി Rh. Melilotus Ind. (?)

സുദർശനം S. good looking; clearness സു' വന്നു പേടിച്ചു മണ്ടി ഇരിട്ടുദശകം SG.

സുദാമൻ S. a cloud.

സുദിനം S. a fine day.

സുദുർല്ലഭം S. almost unattainable, most rare

സുദുഷ്കരം S. most difficult KR.

സുധ S. 1. nectar. സുധാകരൻ, സുധാംശു the moon. 2. a mortar KR.

സുധർമ്മ S. the council of the Gods സു. യിൽ വാഴുന്ന മർത്ത്യര മൃത്യുഭയാദികൾ ഇല്ല Bhg.

സുധീ S. intelligent, a teacher.

സുനിശ്ചിതം S. most certainly.

സുനിദ്ര sound sleep.

സുനീതി good manners.

സുന്ദരം S. handsome ചാരുസു'നായ ചന്ദ്രൻ Nal. സുന്ദരസുന്ദരമുഖം KR.; സുന്ദരി f. also സുന്ദരാംഗി.

സുന്നത്ത് Ar. **sunnat**, Observance, tradition; circumcision. സു. കല്യാണം.

സുന്നാമക്കി Ar. sunā (from Mecca), Cassia senna.

സുന്നി Ar. sunnī, an orthodox Muhammedan സുൽത്താന്റെ ഒന്നിച്ചു നല്ല സു. യായ [illegible] മാനന്മാർ Ti.

(സു): സുപാത്രം S. a fit or worthy person.

സുപുത്രൻ S. a good son.

സുപ് **sup** S. abbreviation of സുബന്തം chapter of noun. സുപ്തിങന്താദി സൂത്രങ്ങൾ Bhr 1. rules about Nouns & Verbs (gramm.)

സുപ്തം **suptam** S. (part. pass. of സ്വപ്- Slept, sleeping സു'നായുള്ള CG. സുപ്തജനാവബോധൻ AR. the sun. സു. ചെയ്കു Sk. slept.

സുപ്തി S. sleep സു. തുടങ്ങിനാൻ ChVr. slept. അവനു സു. ഭവിക്ക KR. may he sleep or die! സുപ്ത്യ[illegible] സുപ്ത[illegible] Bhr.

(**സു**): സുപ്രകാശം S. intense light, കനത്ത സു. പോൽ അഖിലവും നിറഞ്ഞ ജ്ഞാനം SidD.

സുപ്രതീകൻ of fine face സു'ന്മാരായ ഭൃത്യർ VCh., ശിഥിലമായ്വരും സു'ൻ എങ്കിലും VCh. N. pr. the elephant of the NE. quarter.

സുപ്രധാനൻ most influential. അപ്രധാനൻ സു'നായ്വരും, സു'ത്വം PT1.

സുപ്രയുക്തം well managed.

സുപ്രലാപം elegant conversation, eloquence.

സുപ്രസന്നൻ most gracious സേവിക്കുന്നവൎക്കു സു'നാം ദേവൻ SiPu. സുപ്രസന്നാത്മാ ഗമിച്ചു Nal. highly pleased. വിപ്രരെ ഭുജിപ്പിച്ചു സുപ്രസാദം വരുത്തി SiPu.

സുപ്രാപ്യം easily obtained.

സുബേദാർ P. ṣūbah-dār "Holding a province"; a governor, captain കാവൽ ഇരിക്കുന്ന സു. TR.

സുബൈ Ar. ṣubaḥ, Dawn; the morning prayer, സു. ക്കു = രാവിലേ.

(**സു**) സുബോധം S. perfect consciousness, soberness, clear head സു'വും കൎമ്മവശാൽ ത്യജിച്ചിതോ Nal. സു. കെട്ടു delirious.

സുബ്രഹ്മണ്യൻ S. the God of war, hence N. pr. സുബ്ബരായൻ, സുബ്ബു, ശുപ്പു, (ചുപ്രൻ, തുപ്രൻ Palg. vu.) etc. — സുബ്രഹ്മണ്യപുരി the famous hill-temple KM.

സുഭഗം S. fortunate, amiable. സുഭഗ a beloved wife. — എന്നോളം സുഭഗത ഇല്ല മറെറാരുത്തിക്കു CC. happiness.

സുഭദ്രം S. propitious.

സുഭാഷിതം S. well spoken. ഇത്ഥം അഗസ്ത്യ സു. കേട്ടു SitVij. advice. ചൊല്ലുവൻ നല്ല സു. വിവേകരത്നം ViR. doctrine. യോഗീശ്വരന്മാർ തങ്ങളിൽ സു'ങ്ങളെ പിശകുന്നു KU. നിന്നോടുരേക്കാ വല്ല സു. KR. can one speak with thee?. — a witty word V2.

സുഭിക്ഷം S. plenty, comfort. സുഭിക്ഷമാം ദേശം AR. cheap, rich.

സുഭ്രു S. having fine brows CG.

സുമം S. a flower (സു = സവനം), കുസുമം.

സുമംഗലം S. most auspicious.

സുമതി S. 1. kindness. 2. well disposed സു. കൾ ഇണങ്ങും കുമതികൾ പിണങ്ങും ChVr.

സുമദ്ധ്യമ S. having a fine waist. f. Nal.

സുമനം handsome; സുമനസ്സുകൾ Gods (angels PP.)

സുമാനുഷൻ S. a noble man. Nal.

സുമാറു P. šumār, Calculation, estimate; about, average സു. ൧൦൦൦ ഉറുപ്പിക, സുമാറായിട്ട് ഒരു കണക്ക് എഴുതി TR. & സു. കണക്കു vu. 'a rough guess = കണ്മതിപ്പു. [Nal.

(**സു**) സുമിതി S. exact knowledge സുമിത്യാദി

സുമിത്ര S. a wife of Daśaratha, Laxmaṇa's mother AR.

സുമുഖൻ S. handsome, pleasant സു'നായി നടക്ക opp. കപിതൻ KR. — f. സുമുഖി. — രക്തപ്രസാദമുള്ള സുമുഖത VetC. a face lighted up.

സുമുഹൂൎത്തം S. auspicious time. Bhg.

സുമൃഷ്ടം S. exquisitely സു'മായി ഭുജിച്ചു, സു'മായന്നം കൊടുത്തു KR.

സുംഭൻ, see ശുംഭൻ CG.

സുയോധനൻ Bhr. the original name of Duryōdhana.

സുര sura S. (സ്വർ, G. selas). Spirituous liquor, wine സുരാപാനം.

സുരൻ heavenly, God. സുരകുലം, — ഗണം Gods. സുരലോകം വാണിരിപ്പാറാകുവൻ KR. kill. — സുരപതി, സുരേശൻ Indra. — സുരേശത്വം the rule over the Gods, desired by ascetics etc. Nal. — സുരേശലോകം CC. heaven. സുരാസുരന്മാരാലും കൊല്ലപ്പെടാ Tantr. — സുരവാഹിനി the milky way AR. സു'നീപതി Siva. etc.

(**സു**) സുരംഗം, see സുരുംഗ.

സുരതം S. playful; copulation ഭൂഷണങ്ങളാൽ ചമെച്ചിരിക്കുന്ന സുരതമന്ദിരം KR. വനേ സു. ചെയ്തിക്ക Bhg. സുരതരസമാടി VetC.

സുരഭി S. 1. fragrant; a perfume; fragrancy അഗരുചന്ദനാദി സു. കാഷ്ഠങ്ങൾ ചിത ചമെച്ചു KR. 2. charming സു. ഉര ചെയ്യുമാൾ Bhg. (N. pr. a cow) — സുരഭിതം perfumed.

സുരസം S. well flavoured.

സുരാപാനം S. (സുര). Drinking spirits. Bhr. സുരാലയം = സുരലോകം; സുരാരി = അസുരൻ.

സുരംഗ S. (Gr. syringe, if not തുരക്ക). A mine താഴത്തു സു. യും തീൎത്തു Mud., ചുരങ്കം V1.

സുരൂപൻ & **പി** S. (സു). Handsome; f. സുരൂപി & —പിണി Bhg.

സുരേശൻ S., see സുര.

സുൎമ്മ P. surma, Collyrium കണ്മഷി.

സുലഭം S. (സു). Easy to be got, feasible.

സുലളിതം charming. — സുലക്ഷണം comely.

സുലോചനം S. spectacles.

സുൽത്താൻ Ar. sulṭān, King സു. പക്കീറായാലും prov.

സുവ (?   ) The capstan of a ship.

(**സു**): സുവദന S. f. handsome. ChVr. (Voc. സു'നേ).

സുവൎണ്ണം S. of good caste or colour, gold സു'ൎണ്ണയി AR.

സുവഹം S. patient; easy to be borne.

സുവാൎത്ത S. good news പറയുന്ന സു. കൾ Genov.

സുവിനീതം S. well trained, very modest.

സുവിശേഷം S. the Gospel V1.; സു'കൻ an Evangelist.

സുവ്രതൻ S. strictly virtuous. f. സുവ്രതകൾ Bhr.; also സുവ്രതികൾ m. pl. keeping vows.

സുശാസിതം well governed; സുശാസ്യം governable.

സുശീലൻ S. good-natured, തന്റെ സുശീലയാകുന്ന ഹോമധേനുവെ വിളിച്ചു KU.

സുശ്ലിഷ്ടം S. well connected, as a plan പ്രയോഗം Mud.

സുശ്രീമാൻ S. glorious, beautiful. Brhmd.

സുഷമം S. All equal; അളകസുഷമ AR., തനുസുഷമത Nal. beauty.

സുഷിരം S. (ശുഷ്) The hole of a snake, ant, etc. PT.; മന്തസു. a. med.

സുഷീമം S. (ശീ). Cold, pleasant.

സുഷുപ്തൻ S. (സ്വപ്) fast asleep. സുഷുപ്തി, —പ്ത്യവസ്ഥ profound sleep, insensibility KeiN. സുഷുപ്തിയിങ്കലെ ദേഹത്തിന്നു കാരണദേഹം എന്നു പേർ AdwS.

സുഷുമ്നാ S. an artery. സു. നാഡികൾ V1. the veins, arteries.

സുഷ്ഠു S. (സ്ഥാ) excellent, very well അവാദസു. വാഴ്വുള്ളതിരിക്കയില്ല KR. — സുഷ്ഠു excellence. സൌഖ്യസു. അവൎക്കു Vet.

സുസന്നദ്ധൻ S. quite ready സു'ന്നദ്ധരായ പ യാളികൾ KR.

സുസഹം easily borne.

സുസേവിതൻ well served.

സുസ്ഥം S. healthy, happy. — സുസ്ഥത weal.

സുസ്ഥലം a good place ഈ സ്ഥലം നിങ്ങൾക്കിരിപ്പാൻ സു. KR. [ചിന്തം KR

സുസ്ഥിതം S. settled, അവകൾ സു.

സുസ്ഥിരം S. lasting ഹരിപദം സു. AR.

സുസ്വപ്നം S. a good dream.

സുഹിതം S. fit, proper, satisfied.

സുഹൃൽ S. friend, സുഹൃത്തോടു ചേൎന്നു PT1. സുഹൃദകല Mud 7. സുഹൃദ്വരൻ Mud 8. pl. സുഹൃത്തുകൾ; സുഹൃൽഭേദം separation of friends. സുഹൃല്ലാഭം PT. gaining friends (2nd Tantra).

സുഹൃദയൻ S. good-hearted.

സൂകരം sūγaram S. (L. sus). A hog, pig കാഷ്ടം തിന്നാൽ സൂ. prov.

സൂകരാഖ്യം = ½ വെള്ളിപ്പണം (loc.). കട്ടി ട്ടത്ത തല പൊട്ടി വന്നാൽ എണ്ണിക്കൊട്ട കഴി ഒന്നിന്നു സൂ. (Chir.).

സൂക്തി S. (സു). Kind or fine speech സൂ. ഭാഷണം ചെയ്തു പോയി SiPu. took farewell സൂ. വാക്യങ്ങൾകൊണ്ടു സ്തുതിക്ക Bhg. സൂ. സ്ഥങ്ങൾ Nal. — സൂക്തം S. id. Bhr.

